ദേവരാഗം

Devaraagam Author : Devan | www.thundukadhakal.com

എന്റെ പ്രിയതമയെ ഞാൻ നേരിൽ കണ്ടിട്ട് ഇന്നേയ്ക്ക് 8 മാസം കഴിയുന്നു....

നാട്ടിലേയ്ക്കുള്ള ട്രെയിനിൽ പുറത്തെ കാഴചകൾ കണ്ടിരിക്കുന്നതിനിടയിൽ ഞാൻ ചിന്തകളിൽ മുഴുകി... ഈ യാത്ര ആവശ്യമുണ്ടായിട്ടല്ല... പക്ഷെ മഴ കാത്തിരിക്കുന്ന വേഴാമ്പലിനെ പോലെ അവൾ എനിക്ക് വേണ്ടി കാത്തിരിക്കുന്നു... പോയെ തീരൂ..

ദേവേട്ടാ... ദേവേട്ടൻ എന്താ ഇങ്ങനെ.. എന്റെ ഫ്രണ്ട്സിന്റെ ഒക്കെ ലവേർസ് അവരെ സിനിമയ്ക്ക് കൊണ്ടുപോകും, കറങ്ങാൻ കൊണ്ടുപോകും, ഇഷ്ടമുള്ളതൊക്കെ വാങ്ങിക്കൊടുക്കും, എപ്പോഴും വിളിക്കുകേം മെസ്സേജ് അയക്കുകേം ഒക്കെ ചെയ്യും.. ദേവേട്ടനോ... ഞാൻ അങ്ങോട്ട് മിസ് അടിച്ചാലല്ലാതെ വിളിക്കില്ല, മെസ്സേജ് അയച്ചാൽ റിപ്ലൈ ഇല്ല... ഈ ദേവേട്ടന് എന്നോട് ഒരു സ്നേഹവുമില്ല... ഞാൻ പിണക്കാ... ഈ ഉത്സവതിനെങ്കിലും ദേവേട്ടൻ വന്നില്ലേ ഇനി ദേവേട്ടൻ ഈ ആദിയെ മറന്നേരെ...

ചൊവ്വാഴ്ച വിളിച്ചപ്പോൾ ആദി പറഞ്ഞതാണ് ഇത്രയും.. ഇന്ന് വെള്ളി... നാളെയും മറ്റന്നാളും ആണ് അവളുടെ വീടിന് അടുത്തുള്ള അമ്പലത്തിൽ ഉത്സവം...

ആദി...., ആരതി എന്നതിനെ ചുരുക്കി അവളെ എല്ലാവരും അങ്ങനാ വിളിക്കുന്നത്... എന്റെ അമ്മാവനെ മോളാണ് അവൾ... അതായത് എന്റെ അമ്മയുടെ മൂത്ത ആങ്ങളയായ അച്യുതൻ എന്ന അച്ചുമാമയുടെ മോൾ.... എന്റെ മുറപ്പെണ്ണ്... എന്റെ ജീവന്റെ പാതി....

ഞാൻ ദേവൻ മുഴുവൻ പേര് ദേവൻ രാജശേഖരൻ..., വള്ളുവനാടിന്റെ വടക്ക് കിഴക്ക് പ്രതാപിയായ ശ്രീമംഗലം തറവാട്ടിലെ സന്താനം... ശ്രീമംഗലത്തെ രാജശേഖരന്റെയും ദേവയാനിയുടെയും 4 മക്കളിൽ മൂത്തവൻ... ഇപ്പോൾ കോഴിക്കോട്ടുള്ള പ്രമുഖ എന്ജിനീയറിംഗ് കോളേജിൽ മൂന്നാം വർഷം ബി ടെക് കമ്പ്യൂട്ടർ സയൻസിന് പഠിക്കുന്നു..

ഞാൻ ആദിയെ കാണാൻ പോകാതിരുന്നതിനും കഴിഞ്ഞ 8 മാസത്തോളം നാട്ടിൽ വരാതിരുന്നതും, അവൾ പറയും പോലെ അവളോട് സ്നേഹമില്ലാതിരുന്നിട്ട് ആയിരുന്നില്ല... എന്റെ നാടും ശ്രീമംഗലം എന്ന എന്റെ വീടും ഒക്കെ നിറഞ്ഞു നിൽകുന്ന മോനൂട്ടനെക്കുറിച്ചുള്ള ഓർമ്മകളിൽ നിന്നുമുള്ള ഒളിച്ചോട്ടമായിരുന്നു എന്റെ ഈ അജ്ഞാതവാസം...

10 മാസങ്ങൾക്ക് മുന്പ് ആണ് ശ്രീമംഗലത്തിന്റെ സന്തോഷങ്ങളുടെ താക്കോലായിരുന്ന ഞങ്ങളുടെ മോനൂട്ടനെ ദൈവം തിരിച്ചെടുത്തത്... മൂന്ന് മക്കൾക്ക് ശേഷം പ്രസവം നിറുത്തിയ അമ്മ ദൈവനിശ്ചയം പോലെ 6 വർഷങ്ങൾക്ക് ശേഷം വീണ്ടും ഗർഭം ധരിച്ചപ്പോൾ എല്ലാവർക്കും അത്ഭുതമായിരുന്നു... പിന്നെ 9 മാസത്തെ കാത്തിരിപ്പിനൊടുവിൽ ശ്രീമംഗലത്തെ സന്തോഷത്തിൽ ആറാടിച്ചുകൊണ്ട് അവൻ പിറന്നു.. ഞങ്ങളുടെ മൊനൂട്ടൻ, "ഗൗതം രാജശേഖർ".. അവനെ ഏറ്റവും ഇഷ്ടമായിരുന്നത് എന്റെ അനിയത്തി മുത്ത് എന്ന് ഞങ്ങൾ വിളിക്കുന്ന ദിവ്യയ്ക്കായിരുന്നു, അവൾക്ക് താഴെ പിന്നെ ദീപു എന്ന ദീപക്കും. എന്നെക്കാൾ 12 വയസ്സിനു ഇളയവനായി പിറന്ന മോനൂട്ടൻ എനിക്കെന്റെ സ്വന്തം മോൻ തന്നെയായിരുന്നു.

എന്റെ അമ്മയേക്കാൾ മോനൂട്ടനെ നോക്കിയിരുന്നത് ചെറിയച്ചന്റെ ഭാര്യ മീന ചെറിയമ്മയും മുത്തും ഞാനും ആയിരുന്നു... ഞങ്ങൾ അവനെ നിലത്ത് വയ്ക്കാതെയാണ് വളർത്തിയത് .. പക്ഷെ എട്ടാം വയസ്സിൽ അവൻ ഞങ്ങളെ വിട്ടു പിരിഞ്ഞു... സ്കൂളിൽ നിന്നും സൈക്കിളിൽ വരികയായിരുന്ന മോനൂട്ടനെ എതിർദിശയിൽ നിയന്ത്രണം വിട്ടു വന്ന കാർ ഇടിച്ചു തെറിപ്പിക്കുകയായിരുന്നു...

മരണത്തിന്റെ അറുപത്തി ഒന്നാം നാൾ അവന്റെ ആത്മാവിനു വേണ്ടി നടന്ന പൂജയും കഴിഞ്ഞു കോളേജിൽ പോയ ഞാൻ പിന്നെ ഇന്നാണ് തിരിച്ചു വരുന്നത്...കോളേജിൽ എത്തി പഠനത്തിന്റെ തിരക്കുകളിൽ മുഴുകുമ്പോഴും പക്ഷെ മോനൂട്ടന്റെ ചിരിക്കുന്ന മുഖം മാത്രമായിരുന്നു മനസ്സിൽ... അവൻ നഷ്ടപ്പെട്ടു എന്ന് മനസ്സിനെ വിശ്വസിപ്പിക്കാൻ കഴിയാതെ വന്നപ്പോഴാണ് നാട്ടിലേയ്ക്ക് കുറച്ചു കാലത്തേക്കെങ്കിലും പോകണ്ട എന്ന് തീരുമാനിച്ചത്... അവൻ ഇപ്പോഴും വീട്ടിലുണ്ട് എന്ന് വിശ്വസിക്കാനായിരുന്നു എനിക്കിഷ്ടം... എന്റെ വിഷമം നന്നായി അറിയാമായിരുന്ന വീട്ടുകാരാരും ഫോൺ വിളിക്കുമ്പോൾ അവന്റെ കാര്യം പറഞ്ഞു എന്നെ വിഷമിപ്പിക്കാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുമായിരുന്നു...

അതിനിടയിൽ ആദി വിളിക്കുമ്പോഴൊക്കെ എന്തെങ്കിലും പറഞ്ഞ് ഞാൻ ഒഴിഞ്ഞുമാറി... ഒന്നാം വർഷം ഡിഗ്രിയ്ക്ക് പഠിക്കുന്ന അവൾ കോളേജിലെ ഫ്രണ്ട്സിന്റെ കാര്യമൊക്കെ രാത്രികളിൽ ഫോൺ വിളിക്കുമ്പോൾ പറയുമായിരുന്നു.. വായാടിയായ അവൾ പറയുന്നത് ഞാൻ കേട്ടിരിക്കും, ഇടയ്ക്ക് മൂളും എന്നതല്ലാതെ പഴയത് പോലെ അവളോട് റൊമാന്റിക്കാവാനും, അവളെ കൊഞ്ചിക്കാനുമൊന്നും എനിക്ക് പറ്റുന്നുണ്ടായിരുന്നില്ല. ആദ്യമാദ്യമൊക്കെ എന്റെ വിഷമം മനസ്സിലാക്കി അവൾ എന്നെ ആശ്വസിപ്പിക്കുമായിരുന്നു.... പിന്നെപ്പിന്നെ എന്റെ മനോഭാവം ഞങ്ങൾക്കിടയിൽ പിണക്കങ്ങൾക്ക് കാരണമായി...

ഇതിനിടയിൽ അവളുടെ സീനിയറായ വരുൺ എന്ന പയ്യനുമായുള്ള അവളുടെ ഫ്രണ്ട്ഷിപ്പ് അവൻ മുതലെടുക്കുന്നുണ്ടോയെന്ന് എനിക്ക്

തോന്നിത്തുടങ്ങിയിരുന്നു... ആദിയുടെ ക്ലാസ്മേറ്റും അടുത്ത കൂട്ടുകാരിയുമായ ഗീതുവിന്റെ കാമുകനായിരുന്നു വരുൺ.. കോളേജിലെത്തിയാൽ ആദി ഇപ്പോഴും ഗീതുവിനൊപ്പമാണ് അങ്ങനെയാണ് വരുണും ആദിയും തമ്മിൽ പരിചയമാകുന്നത് ...

അവൻ സംസാരിക്കുന്നതെല്ലാം വള്ളിപുള്ളി തെറ്റാതെ ആദി എന്നോട് പറയാറുണ്ടായിരുന്നു... അതുകൊണ്ട് തന്നെ അവൻ ചില രാത്രികളിലൊക്കെ അവളെ വിളിച്ച് സംസാരിക്കുന്ന കാര്യങ്ങൾ ഒരു ഫ്രണ്ടിന്റെ ഭാഷയല്ല എന്ന് ഞാൻ മനസ്സിലാക്കിയിരുന്നു..

ഒരിക്കൽ ഫോണിലൂടെ അവളുടെ മുലയുടെ സൈസ് ചോദിച്ച അവനോട് ആദി പിണങ്ങി.. എന്നാൽ പിറ്റേന്ന് കോളേജിൽ വച്ച് താൻ വെള്ളമടിച്ചിരുന്നപ്പോൾ അറിയാതെ പറഞ്ഞതാണ് ക്ഷമിക്കണം എന്ന് അവൻ പറഞ്ഞപ്പോൾ അവൾ പിന്നെയും അവനോട് കമ്പനിയായി...

എന്നാൽ പിന്നയും ഇതവൻ ആവർത്തിച്ചപ്പോൾ ആദി അതൊക്കെ എന്ജോയ് ചെയ്യാൻ തുടങ്ങി... ഇക്കാര്യം ഞാൻ ചോദ്യം ചെയ്തപ്പോൾ എനിക്ക് എന്റെ ആദിയെ സംശയമാണ് എന്നും പറഞ്ഞു അവൾ എന്നോട് രണ്ട് ദിവസം മിണ്ടാതെ നടന്നു... ഏതാണ്ട് മൂന്ന് മാസം മുൻപായിരുന്നു ഈ സംഭവം. അതിനു ശേഷം അവൾ പിന്നെയും ഇങ്ങോട്ട് മിണ്ടിക്കൊണ്ട് വന്നു... എന്നാൽ രാത്രിയിൽ കിടന്നതിനു ശേഷം അവൾ എന്നെ ഫോണിൽ വിളിക്കുമ്പോഴൊക്കെ സംസാരത്തിൽ സെക്സും കടന്നു വരാൻ തുടങ്ങി...

മോനൂട്ടൻ മരിച്ചതിനു ശേഷം ഞാൻ അവളോട് അങ്ങനെ ഒന്നും സംസാരിക്കാറില്ലായിരുന്നു... എന്നാൽ വരുൺ ഗീതുവിനോട് ഫോണിൽ സെക്സോക്കെ സംസാരിക്കുന്നത് ഗീതു ആദിയോട് പറയാറുണ്ടായിരുന്നു.. ഫോൺ സെക്സ് ചെയ്ത് അവർ സുഖിക്കുന്നതും, ക്ലാസ് കട്ട് ചെയ്ത് കറങ്ങാൻ പോയപ്പോൾ വരുൺ ഗീതുവിനെ കളിച്ചതുമൊക്കെ ഗീതു പറഞ്ഞ കാര്യം ആദി എന്നോടും പറയുമായിരുന്നു.. അവളുടെ സംസാരത്തിൽ നിന്നും പലപ്പോഴും വരുണിനോടുള്ള അവളുടെ ആരാധന ഞാൻ മനസ്സിലാക്കിയിരുന്നു.. പക്ഷെ കുട്ടിക്കാലം മുതൽ എനിക്കറിയാവുന്ന, എന്നെ ഇങ്ങോട്ട് പ്രപ്പോസ് ചെയ്ത എന്റെ ആദി എന്നെ ചതിക്കില്ല എന്ന് എനിക്കറിയാമായിരുന്നു... തന്നെയുമല്ല എന്നെക്കൊണ്ട് അവളെ വിവാഹം കഴിപ്പിക്കണമെന്ന് അമ്മയും അമ്മാവനും ആഗ്രഹിച്ചിരുന്നു.. അത് മനസ്സില്ലാക്കിയാണ് ആദി എന്നെ പ്രപ്പോസ് ചെയ്തതും.

ഇങ്ങനെയൊക്കെ ആണെങ്കിലും അവൾ പ്രതീക്ഷിച്ച രീതിയിൽ ഞാൻ പ്രതികരിക്കാതിരുന്നതിനു അവൾ എന്നോട് പലപ്പോഴും പിണങ്ങി..

കോളേജിന്റ അടുത്തു ചെറിയച്ചന്റെ ഒരു ഫ്രണ്ടിന്റെ വീട്ടിൽ പേയിംഗ് ഗെസ്റ്റായിട്ടാണ് ഞാൻ താമസിച്ചിരുന്നത്. മോനൂട്ടൻ മരിച്ച ശേഷം കുറച്ചു

ദിവസത്തേയ്ക്ക് ഞാൻ ആകെ മൂഡിയായിരുന്നു എങ്കിലും പിന്നെപ്പിന്നെ കോളേജിൽ ഞാൻ പഴയത് പോലെ പെരുമാറാൻ തുടങ്ങിയിരുന്നു.. എന്നാൽ തിരിച്ച് റൂമിൽ വന്നു കഴിയുമ്പോൾ വീണ്ടും മോനൂട്ടന്റെ ഓർമ്മകൾ എന്നെ വേദനിപ്പിക്കാൻ തുടങ്ങുമായിരുന്നു... അതുകൊണ്ടാണ് രാത്രിയിൽ എന്നെ വിളിക്കുകയും മെസ്സേജ് അയക്കുകയും ചെയ്തിരുന്ന ആദിയെ എനിക്ക് മനസ്സ് തുറന്നു സ്നേഹിക്കാൻ കഴിയാതെ പോയിരുന്നത്..

ആദി എന്നോട് പിണങ്ങിയിരുന്ന ഒരു ദിവസം കോളേജിൽ ചെന്നിട്ടും എനിക്ക് ഒരു ഉഷാറില്ലായിരുന്നു.. ഇത് മനസ്സിലാക്കിയ എന്റെ ഫ്രണ്ട് നന്ദു എന്നോട് കാര്യം തിരക്കിയപ്പോൾ ഞാനവനോട് ഉണ്ടായ കാര്യങ്ങളൊക്കെ പറഞ്ഞു.

ദേവാ.. മോനൂട്ടൻ നിനക്ക് ആരായിരുന്നു എന്നത് എനിക്ക് മനസ്സിലാകും... പക്ഷെ അവനെ ഓർത്ത് നീ ഇങ്ങനെ വിഷമിച്ചിരുന്നാൽ.. അതിന്റെ പേരിൽ നീയും ആദിയും തമ്മിൽ പിണങ്ങിയാൽ... മോനൂട്ടന്റെ ആത്മാവിനു അത് സഹിക്കുവോടാ... അത്കൊണ്ട് നീ അതൊക്കെ മറന്ന് ഒന്നുഷാറാവളിയാ.. നീ വന്നെ നമുക്ക് ഉച്ചകഴിഞ്ഞു ക്ലാസ്സിൽ കേറണ്ടാ ഒരു സിനിമയ്ക്ക് പോകാം.. അപ്പോഴേക്കും നീയോന്ന് ഉഷാറാവും .. അതും പറഞ്ഞു നന്ദു എന്നെ നിർബന്ധിച്ച് പുറത്ത്കൊണ്ടുപോയി...

അവനോടു അത്രയും സംസാരിച്ച് കഴിഞ്ഞപ്പോൾത്തന്നെ മനസ്സിന് നല്ല ആശ്വാസം തോന്നി. അതുകൊണ്ട് തന്നെ അന്ന് ആദി വിളിച്ചപ്പോൾ ഞങ്ങൾ കുറെ നേരം സംസാരിച്ചു... ഇപ്പോ ഞാൻ അവളുടെ പഴയ ദേവേട്ടനായി എന്നും പറഞ്ഞു എനിക്ക് ഫോണിൽക്കൂടി കുറെ ഉമ്മയും തന്നിട്ടാണ് അവൾ കിടന്നത്... പക്ഷേ എത്രയൊക്കെ ശ്രമിച്ചിട്ടും എനിക്ക് പഴയത് പോലെയാവാൻ കഴിയുന്നില്ല എന്നത് ഒരു പ്രശ്നം തന്നെയായിരുന്നു... എന്നാൽ ഞാനത് പുറത്ത് കാണിച്ചില്ല... അങ്ങനെ സമാധാനമായിട്ട് പോകുമ്പോഴായിരുന്നു കഴിഞ്ഞ ആഴ്ച്ച കോളേജിൽ പോയ ആദിക്ക് വഴിക്ക് വച്ച് വരുൺ ലിഫ്റ്റ് കൊടുത്ത കാര്യം പറഞ്ഞു ഞാനും ആദിയും തമ്മിൽ പിണങ്ങുന്നത്...

അവളുടെ ഫ്രാണ്ട്സിനെപ്പോലും എനിക്ക് സംശയമാണെന്നും പറഞ്ഞു അവൾ കരഞ്ഞപ്പോൾ എനിക്കാണെങ്കിൽ ആകെ വട്ടായി... കുറച്ചു ദിവസം അവൾ വിളിച്ചിട്ട് ഞാൻ ഫോൺ എടുത്തില്ല... അങ്ങനെയിരിക്കുമ്പോൾ ചൊവ്വാഴ്ച്ച വൈകിട്ടു എനിക്ക് പരിചയമില്ലാത്ത ഒരു നമ്പരിൽ നിന്ന് കോൾ വരുന്നത്.. ആരാണെന്ന് അറിയാൻ ഞാൻ കോൾ എടുത്തപ്പോൾ ആദി ആയിരുന്നു... അവൾ എന്നോട് സോറി പറഞ്ഞു കുറേ കരഞ്ഞു.. അവളുടെ കരച്ചിൽ കേട്ടപ്പോൾ എനിക്ക് സഹിച്ചില്ല... ഞാനവളെ സമാധാനിപ്പിച്ചു.. അപ്പോഴാണ് ഉത്സവത്തിന് ചെല്ലാൻ അവള് പറയുന്നത്...

വീട്ടിലേയ്ക്ക് ഞാൻ ചെല്ലാത്തത്തിൽ അമ്മയും മുത്തും ഒക്കെ വിളിച്ച് പരാതി പറയുന്നുണ്ടായിരുന്നു... എല്ലാവരെയും കാണാൻ എനിക്കും കൊതിയായി തുടങ്ങിയിരുന്നു.. അങ്ങനെയാണ് ഈ യാത്ര...

ട്രെയിനിൽ ഹെഡ്സെറ്റ് വച്ച് പാട്ടും കേട്ടിരുന്ന ഞാൻ ചെറുതായി ഒന്ന് മയങ്ങി... എന്റെ സ്റ്റേഷൻ എത്താറായപ്പോഴാണ് ഞാൻ കണ്ണ് തുറന്നത്.. ഒന്ന് മൂത്രിയ്ക്കാൻ പോയി വന്നപ്പോഴേയ്ക്കും സ്റ്റേഷൻ എത്തി.. വരുന്ന കാര്യം ഞാൻ വീട്ടിൽ പറഞ്ഞിരുന്നില്ല... എന്തിന് ആദിയോട് പോലും പറഞ്ഞില്ല... എല്ലാവർക്കും ഒരു സർപ്രൈസ് ആകട്ടെ എന്ന് കരുതി... അതുകൊണ്ട് സ്റ്റേഷനിൽ നിന്ന് ബസ്സിനു വേണം വീട്ടിലേയ്ക്ക് പോകാൻ...

സ്റ്റേഷനിൽ നിന്നിറങ്ങി ഞാൻ പതുക്കെ ബസ്സ്റ്റാന്റിലെയ്ക്ക് നടന്നു. നാട്ടിലേയ്ക്ക് മുക്കാൽ മണിക്കൂർ ബസ് യാത്രയുണ്ട്.. നാളെ രണ്ടാം ശനിയായത്കൊണ്ട് ബസ്സിലൊക്കെ നല്ല തിരക്കുണ്ടായിരുന്നു. ബസ്സിറങ്ങിയാലും വീട്ടിലേയ്ക്ക് പത്ത് മിനിറ്റ് നടക്കാനുള്ള ദൂരമുണ്ട്... കവലയിൽ ഓട്ടോ കിടപ്പുണ്ടായിരുന്നു എങ്കിലും ഞാൻ നടക്കാൻ തീരുമാനിച്ചു.. നാട്ടിൽ വന്നിട്ട് കുറച്ചായില്ലേ.. എന്റെ നാടിന്റെ മണവും നിറവും ആസ്വദിച്ചുള്ള സായാഹ്ന സവാരി ഒരു പ്രത്യേക സുഖമാണ്.. ശീപോതിക്കാവിന്റെ അടുത്തൂടെ പാടം കടന്നു പോയാൽ വേഗം വീട്ടിലെത്താം... കാവിനടുത്തെത്തിയപ്പോൾ ഒരു നിമിഷം ഞാൻ കണ്ണടച്ച് പ്രാർഥിച്ചു...

ദേവീ കാത്തു രക്ഷിക്കണേ.....

ആലിലകൾ ഇളക്കി വന്ന മാരുതൻ കാവിലെ കൽവിളക്കിന്റെ നെയ്ത്തിരി ഗന്ധവും പേറി എന്നെ തഴുകി കടന്നു പോയി.. അതിന്റെ കുളിർമ്മയിൽ ലയിച്ച് കുറച്ച് നേരം കൂടി ഞാനവിടെ നിന്നു..

കാവിനടുത്ത് നിന്ന് നോക്കിയാൽ തന്നെ ശ്രീമംഗലം കാണാം... ഒന്നര ഏക്കറിൽ രണ്ടു നിലകളിലായി നിറഞ്ഞു നിൽക്കുന്ന ശ്രീമംഗലം ബംഗ്ലാവ്... സത്യത്തിൽ ശ്രീമംഗലം എന്ന ഞങ്ങളുടെ പഴയ തറവാട് ഇവിടെ നിന്നും ഒന്നര കിലോമീറ്റർ കിഴക്ക്മാറിയാണ്.. പഴയ നാലുകെട്ട്.. അവിടെ ഇപ്പോൾ അച്ഛന്റെ ഏറ്റവും ഇളയ അനിയൻ സേതുമാധവൻ ചെറിയച്ചനും കുടുംബവുമാണ് താമസം.. ഇപ്പോൾ പക്ഷെ ശ്രീമംഗലം എന്ന് അറിയപ്പെടുന്നത് ഞങ്ങളുടെ വീടാണു..

കാവിന്റെ അതിലെ വരുമ്പോൾ വീടിന്റെ പുറക് വശത്താണ് എത്തുക.. ആ ഭാഗത്ത് പാടത്ത് നിന്നും നടകേറി വരുമ്പോൾ ഒരു ചെറിയ ഗെയിറ്റ് ഉണ്ട്... ഗെയിറ്റിന്റെ അടുത്ത് ചെടികൾക്ക് വെള്ളം നനച്ചുകൊണ്ട് ഭാസി അണ്ണൻ നിൽപ്പുണ്ടായിരുന്നു. പുള്ളി വീട്ടിലെ കാര്യസ്ഥൻ കം ഡ്രൈവർ ആണ്.. അച്ഛന്റെ വിശ്വസ്തൻ.... പുള്ളിയെക്കണ്ടപ്പോൾ ഒരു നടയടി ഞാൻ പ്രതീക്ഷിച്ചു...

എന്താ ദേവാ വീട്ടിലേക്ക് വരണന്ന ചിന്തയോന്നുമില്ലേ.. ചെന്നപാടെ പുള്ളി എന്നെ വാരി... ഇതിലും ഭേദം നടയടിയാരുന്നു.. ഞാൻ ചെന്ന് പുള്ളിയെ കെട്ടിപ്പിടിച്ചു..

മേത്ത് മുഴുവൻ വിയർപ്പടാ.. നീ വിട്ടേ..

സാരമില്ല.. ഇപ്പോതന്നെ ഇതൊക്കെ മാറി എനിക്ക് കുളിക്കാനുള്ളതാ.. എത്ര നാളായി എന്റെ ഭാസി അണ്ണാ കണ്ടിട്ട്... അതുംപറഞ്ഞു ഞാൻ പുള്ളിയെ പതുക്കെ ഒന്ന്പൊക്കിയെടുത്ത് താഴെനിർത്തി...

ഹോ.. എന്റെ എല്ലോടിച്ചല്ലോടാ നീ.. അതും പറഞ്ഞു പുള്ളിക്കാരൻ തല്ലാൻ കൈ ഒങ്ങി വന്നപ്പോഴേക്കും ഞാൻ ഓടി..

അകത്തോട്ട് ചെല്ല് അമ്മ നിന്നെ കൊന്നോളും... പുള്ളി പുറകിൽ നിന്നും വിളിച്ചു പറഞ്ഞു..

സമയം ആറു കഴിഞ്ഞു... അമ്മയും ചെറിയമ്മയും പിള്ളേരും എല്ലാം വന്നു കാണും എന്ന് എനിക്കറിയാമായിരുന്നു...

അമ്മ ടൌണിലെ ആർട്ട്സ് ആൻഡ് സയൻസ് കോളേജിൽ ഫിസിക്സ് വിഭാഗം എച്ച്.ഓ.ഡി.യാണ്.. ചെറിയമ്മ അതെ കോളേജിലെ പി.ആർ.ഓ.യും ശ്രീമംഗലം ഗ്രൂപ്പിന് ഷെയറുള്ള കോളേജാണ് അത്... എന്റെ അനിയത്തി ദിവ്യ അമ്മയുടെ കോളേജിൽ നിന്നും ഒരു കിലോമീറ്റർ അപ്പുറത്തുള്ള സ്കൂളിൽ പ്ലസ്ടുവിന് പഠിക്കുന്നു.. അതെ സ്കൂളിൽ തന്നെയാണ് എന്റെ അനിയൻ ദീപുവും, ചെറിയച്ഛന്റെ മക്കളും പഠിക്കുന്നത്.. ദീപു ഒൻപതിലും... ചെറിയച്ഛന്റെ മൂത്ത മകൾ സംഗീത പ്ലസ് വണ്ണിലും, അവളുടെ ഇളയ കുട്ടികൾ സച്ചിനും ശ്രാവണും ഏഴിലും.. അവർ ഇരട്ടകളാണ്..

ഞാൻ മുൻവശത്ത് കൂടിയാണ് അകത്ത് കയറിയത് .. ശബ്ദമുണ്ടാക്കാതെ ബാഗ് ഹാളിലെ സോഫയിൽ വച്ചിട്ട് അടുക്കളയിലേയ്ക്ക് ചെന്നപ്പോൾ അമ്മ ചപ്പാത്തി ചൂടാക്കിക്കൊണ്ട് ഇരിക്കുകയായിരുന്നു.. ഒരു പച്ച സാരിയാണ് വേഷം.. അഴിച്ചിട്ട മുടിയിൽ നനവ് കാണാം.. കുളികഴിഞ്ഞ് നിക്കുകയാണ് എന്ന് വ്യക്തം.. ചെറിയമ്മയെ അവിടെ കണ്ടില്ല.. ഞാൻ പതുക്കെ അമ്മയുടെ പുറകിലൂടെ ചെന്ന് പതുക്കെ കെട്ടിപ്പിടിച്ചു..

ആ വന്നോ അമ്മേടെ ദേവൂട്ടൻ... അമ്മ ഞെട്ടും എന്ന് വിചാരിച്ച ഞാൻ മണ്ടനായി..

എങ്ങനെ മനസ്സിലായി ഞാനാന്ന്...

എടാ പൊട്ടാ.. നീയല്ലാതെ വേറെ ആരാ എന്നെ ഇങ്ങനെ പരസ്യമായി കെട്ടിപ്പിടിക്കാറുള്ളത്...

ഓ.. അങ്ങനെ... ഞാൻ അമ്മയുടെ വലത് തോളിൽ മുഖമമർത്തി പറഞ്ഞു... ആറടിയ്ക്ക് അടുത്ത് പൊക്കമുള്ള എന്റെ കഴുത്തിനു താഴെയേ അമ്മയ്ക്ക് പോക്കമുള്ളൂ. അതുകൊണ്ട്.. നടു വളച്ചാണ് ഞാൻ നിന്നിരുന്നത്...

നിനക്ക് എന്നെ കാണണം എന്ന് ഇപ്പോഴല്ലേ തോന്നിയുള്ളൂ... നീ എന്നോട് സ്നേഹം കൂടാൻ വരണ്ട.. അമ്മ പതുക്കെ വിതുമ്പിക്കൊണ്ടാണ് അങ്ങനെ പറഞ്ഞത്.. 8 മാസത്തോളം മകനെ കാണാതിരുന്ന അമ്മയുടെ പരിദേവനം..

അറിയാതെ എന്റെയും കണ്ണ് നിറഞ്ഞു... ഞാൻ അമ്മയുടെ കവിളിൽ പതുക്കെ ഉമ്മവച്ചു.. അത് മതി എന്റെ പാവം അമ്മയുടെ മനസ്സ് നിറയാൻ... കോളേജിലും വീട്ടിലും ഒക്കെ പിള്ളേരെ പേടിപ്പിച്ചു നിറുത്തുന്ന അമ്മ പക്ഷെ എന്റെ മുൻപിൽ മാത്രം സ്നേഹ സാഗരമാണ്.. എന്നെ അത്രയ്ക്കിഷടമാണ് അമ്മയ്ക്ക്..

തൂക്കു ചന്തിയ്ക്ക് നല്ല ഒരടി കിട്ടിയപ്പോൾ ഞാൻ ഞെട്ടിപ്പോയി.. തിരിഞ്ഞു നോക്കിയപ്പോൾ ചെറിയമ്മയാണ്.. നീ എവിടെ ആയിരുന്നെടാ ഇത്രേം കാലം .. തിരിഞ്ഞു നിന്ന എന്റെ കൈയ്ക്ക് ഒരടികൂടി തന്നിട്ടാണ് ചെറിയമ്മ ചോദിച്ചത്...

അതിനു ഞാനിങ്ങ് വന്നില്ലേ എന്റെ ചുന്ദരീ... ഞാൻ ചെറിയമ്മയുടെ നീണ്ട മൂക്കിൽ പിടിച്ച് ആട്ടിയിട്ട് ചോദിച്ചു...

പോടാ ചെക്കാ.. ഇവിടെ ഉള്ളൊരു എന്തോരം തീ തിന്നെന്ന് നിനക്ക് അറിയാൻ പാടില്ല.. അത് പറയുമ്പോൾ ചെറിയമ്മയുടെ കണ്ണിലും നനവ് പടർന്നു..

പോട്ടന്നേ... ഞാൻ ചെറിയമ്മയെ കെട്ടിപ്പിടിച്ച് കവിളിൽ എന്റെ കവിൾ അമർത്തിക്കൊണ്ട് പറഞ്ഞപ്പോൾ അമ്മ എന്നെ പുറകിൽ നിന്നും പുണർന്ന് എന്റെ പുറത്ത് മുഖം ചേർത്തു ... ആ രണ്ട് അമ്മമാർക്കിടയിൽ ഞാൻ സാൻവിച്ചായി...

മോനൂട്ടൻ പോയേന് നീയും കൂടെ ഇങ്ങോട്ട് വരാതിരുന്നാ ഞങ്ങക്കാരാടാ ഉള്ളേ... അമ്മ പതുക്കെ വിതുമ്പി...

ഈ സ്നേഹം കളഞ്ഞിട്ട് വല്ല നാട്ടിലും പോയിക്കിടക്കുന്ന എനിക്ക് എന്നോട് തന്നെ ദേഷ്യം തോന്നിപ്പോയി...

മോൻ പോയി കുളിച്ച് ഈ മുഷിഞ്ഞതൊക്കെ മാറിയിട്ട് വാ ഞാൻ ചായ എടുക്കാം.. കുറച്ചു സമയം അങ്ങനെ നിന്നിട്ട് ചെറിയമ്മ എന്റെ പിടിവിടുവിച്ച്കൊണ്ട് പറഞ്ഞു... അമ്മ ആപ്പോഴും എന്നെ ചുറ്റിപ്പിടിച്ച് നിൽക്കുവാരുന്നു.. ഇനി ഞാൻ അമ്മയെ വിട്ട് പോകാതിരിക്കാൻ എന്നപോലെ.. പിന്നെ അമ്മയും പതുക്കെ എന്നെ വിട്ടു പിന്നെ എന്നെ തിരിച്ചു നിർത്തി എന്റെ മുഖം പിടിച്ചു നെറ്റിയിൽ ചുമ്പിച്ച് വിട്ടിട്ട് പതുക്കെ സാരിത്തലപ്പ് കൊണ്ട് കണ്ണ് തുടച്ചു..

മോൻ ചെല്ല് ആ പിള്ളേര് നിന്നെ കാണാതെ ആകെ വിഷമിച്ച് ഇരിക്കുകയാ.. നീ അവരെ ഒന്ന് സമാധാനിപ്പിക്ക്..

ശരിയമ്മേ..

അതും പറഞ്ഞു ഞാൻ ഹാളിലേയ്ക്ക് ബാഗെടുക്കനായി നടക്കുമ്പോ ചെറിയമ്മ പുറകിൽ നിന്ന് വിളിച്ചു പറഞ്ഞു..

ഡാ.. കുളിക്കുമ്പോ ആ താടീം കുടി വടിച്ചേരേ...

പാവം.. ഞാൻ കെട്ടിപ്പിടിച്ചപ്പോ താടി കുത്തിക്കൊണ്ട് കാണും.. ബാഗെടുത്ത് ഞാൻ മുകളിലേയ്ക്ക് ചെല്ലുമ്പോൾ കുട്ടികളെല്ലാം മുകളിലെ സ്റ്റഡി റൂമിലിരുന്ന പഠിക്കുകയായിരുന്നു.. ഫെബ്രുവരി മാസമല്ലേ പരീക്ഷയൊക്കെ തുടങ്ങാറായിക്കാണും... എന്റെ കാൽപ്പെരുമാറ്റം കേട്ട് തിരിഞ്ഞു നോക്കിയ മുത്താണ് എന്നെ ആദ്യം കണ്ടത്..

ദേവേട്ടാ.....

കരഞ്ഞു വിളിച്ചുകൊണ്ട് ഓടി വന്നു അവൾ എന്റെ നെഞ്ചിലേയ്ക്ക് വീണു... പുറകെവന്ന മാളുവും അങ്ങനെ തന്നെ (മാളു എന്നത് സംഗീതയുടെ വിളിപ്പേരാണ്) രണ്ടും എന്റെ നെഞ്ചിൽ ഒട്ടി നിന്ന് കരഞ്ഞപ്പോൾ ദീപുവും സച്ചിയും ശ്രീക്കുട്ടനും എന്റെ ചുറ്റും വന്നു എന്നെ പുണർന്നു.. അഞ്ച് കൂടപ്പിറപ്പുകളെ എങ്ങനെ ആശ്വസിപ്പിക്കണം എന്നറിയാതെ ഞാൻ കുഴങ്ങി... എന്നാൽ എന്റെ കണ്ണ് നിറയുന്നത് എത്ര ശ്രമിച്ചിട്ടും എനിക്ക് നിയന്ത്രിക്കാൻ കഴിഞ്ഞില്ല.. ഞാൻ അവരുടെ വല്യേട്ടനല്ലേ... ഞാൻ കരയാൻ പാടുണ്ടോ.. അതുകൊണ്ട് ഞാൻ പതുക്കെ കണ്ണ് തുടച്ചു.. കുറച്ച് നേരത്തെ തേങ്ങൽ ഒന്നടങ്ങിയപ്പോൾ ഓരോരുത്തരായി പതുക്കെ എന്നെ വിട്ടു.. പിന്നെ പരാതി പറച്ചിലായി.. ഞാൻ അവർക്കായി കൊണ്ടുവന്ന ചോക്ലെട്സ് എല്ലാവർക്കും കൊടുത്ത് ഓരോ ഉമ്മയും കൊടുത്ത്, പതുക്കെ അവരെ പഠിക്കാൻ വിട്ടിട്ട് ഞാൻ എന്റെ മുറിയിലേയ്ക്ക് പോന്നു..

എന്റെ പുറകെ മുത്തും വന്നു.. ഞാൻ കുളിക്കാൻ കയറിയപ്പോൾ എനിക്കിടാൻ ഉള്ള ട്രാക്ക് പാന്റും ബനിയനും എടുത്ത് കട്ടിലിൽ വച്ചിട്ടാണ് അവൾ പിന്നെ പഠിക്കാൻ പോയത്..

എട്ടുമണിക്ക് അച്ഛനും ചെറിയച്ഛനും വന്നു... അവരുടെ വീതം വഴക്കും കിട്ടി.. പോരാത്തതിനു അച്ഛന്റെ വക അന്ത്യ ശാസനം..

ഇനി ചുരുങ്ങിയത് മാസത്തിൽ ഒരിക്കലെങ്കിലും ഇങ്ങു വന്നേക്കണം നീയ്...

എല്ലാവർക്കും ഒപ്പം ഇരുന്നു അത്താഴവും കഴിച്ച് വർത്തമാനം പറച്ചിലും ഒക്കെ കഴിഞ്ഞു ഞാൻ എന്റെ മുറിയിൽ വന്നു കിടന്നു... കട്ടിലിന്റെ അടുത്ത് ഇട്ടിട്ടുള്ള വലിയ ദിവാൻകോട്ടിൽ ചാരിക്കിടന്നു മയങ്ങിത്തുടങ്ങിയ എന്റെ തലമുടിയിൽ ആരോ തലോടുന്ന പോലെ തോന്നി കണ്ണ് തുറന്നപ്പോൾ ചെറിയമ്മയാണ്... എന്റെ

അടുത്തിരുന്ന് മുടിയിഴകളിൽ തലോടിക്കൊണ്ട് ചെറിയമ്മ ചോദിച്ചു.. നീയെന്താ താടി വടിക്കാതിരുന്നത്...

ചുമ്മാ ഇപ്പൊ ഇതൊക്കെ ഒരു സ്റ്റൈൽ അല്ലെ..

പിന്നെ സ്റ്റൈൽ... എന്നാലും നാന്നായിട്ടുണ്ട്.. പക്ഷെ ഇത്രേം വേണ്ട ഒന്ന് ട്രിം ചെയ്ത് ഒതുക്കി വക്കണം കേട്ടോ..

അതുപോട്ടെ.., മോനൂട്ടനെ ഓർത്തുള്ള വിഷമ കൊണ്ടാ നീ ഇത്രേം ദിവസം വരാതിരുന്നത് എന്നൊക്കെ എല്ലാവർക്കുമറിയാം... പക്ഷെ മോനൂട്ടൻ പോയത്തിന്റെ വിഷമത്തിൽ ഇരിക്കുമ്പോ നീ കൂടെ ഇവിടെ ഇല്ലാതിരുന്നാലോ ദേവാ....

ഇനി നീ അങ്ങനെയൊന്നും ചെയ്യരുത്... നീ പോയേപ്പിന്നെ പിള്ളേർക്കൊന്നും ഒരു ഉഷാറുമില്ല... ഇന്നാ എല്ലാം ഒന്ന് ചിരിച്ച് കണ്ടത്...

എനിക്കറിയാം ചെറിയമ്മേ പിന്നെ ഞാൻ വന്നാലും ഇന്നത്തെപ്പോലെ എല്ലാരുടെം സങ്കടം പറച്ചിൽ എന്റെ അടുത്താവും.... അതൊക്കെ ഓർത്താ ഞാൻ വരാതിരുന്നത്... ഇനി ഞാൻ എല്ലാ ആഴ്ചയും വന്നോളാം..

മോനൂട്ടൻ ഞാൻ വളർത്തിയ കൊച്ചാ എന്റെ സങ്കടം ഞാനാരോട് പറയും.. എനിക്കൊരു ധൈര്യം നീയല്ലേ.. ആ നീയും ഇങ്ങനെ തോടങ്ങിയാലോ..... അത് പറയുമ്പോ ചെറിയമ്മയുടെ തൊണ്ടയിടറി...

ഞാൻ ഒരു നനഞ്ഞ ചിരി ചിരിച്ചു.

ഇനി മോൻ കിടന്നോ... അതും പറഞ്ഞു എന്റെ നെറ്റിയിൽ ഒരു ഉമ്മയും തന്നിട്ട് ചെറിയമ്മ പോകാൻ എഴുന്നേറ്റു.. വാതിലിന്റെ അടുത്തെത്തിയപ്പോ ഞാൻ പറഞ്ഞു..

ചെറിയമ്മേ ഞാൻ നാളെ അച്ചുമാമേടെ അടുത്ത് വരെ പോകും അവടെ ഉത്സവമല്ലേ..

ശരി ഡാ... ഞാൻ ചേച്ചിയോട് പറഞ്ഞേക്കാം... അതും പറഞ്ഞു ചെറിയമ്മ പോയി...

ഞാൻ കട്ടിലിൽ കയറിക്കിടന്നു ... ആദിയെ ഒന്നു വിളിച്ചാലോ...വന്നകാര്യം അവളോട് പറഞ്ഞിട്ടില്ല..

അല്ലെങ്കിൽ വേണ്ട... അവക്കൊരു സർപ്രൈസ് ആയിക്കോട്ടെ... ഞാൻ എന്റെ പെണ്ണിനെ ഓർത്ത് കിടന്നുറങ്ങി...

രാവിലെ 6 മണിക്ക് ഞാനുണർന്നു...

ഓടാൻ പോകുന്ന ശീലമുള്ളത് കൊണ്ട് ഷൂവും കെട്ടി ഞാൻ ഓടാൻ ഇറങ്ങി..

ക്ലാസ് ഇല്ലാത്ത ദിവസമായതുകൊണ്ട് പിള്ളേർ ഒന്നും എഴുന്നേറ്റിട്ടില്ല.. അല്ലെങ്കിൽ അഞ്ചരയ്ക്ക് തന്നെ അമ്മ എല്ലാവരേം എഴുന്നെൽപ്പിക്കും..

താഴെ ചെന്നപ്പോൾ അമ്മയും ചെറിയമ്മയും അടുക്കളയിലുണ്ട്... അവിടെ ഒന്ന് എത്തിനോക്കി ഹാജർ വച്ചിട്ട് ഞാൻ പുറത്തേയ്ക്കിറങ്ങി.. പുറത്ത് മുറ്റം അടിച്ചുകൊണ്ട് ലക്ഷ്മി ചേച്ചി നിൽപ്പുണ്ടായിരുന്നു.. പുറം പണികൾക്ക് വരുന്നതാണ് പുള്ളിക്കാരി... ഉച്ചവരെ പണിയെടുത്തിട്ട് അവർ പോകും ബാക്കിയൊക്കെ ഭാസി അണ്ണനും അമ്മമാരും ഒക്കെയാണ് ചെയ്യാറുള്ളത്...

ലക്ഷ്മി ചേച്ചിക്ക് ഒരു ചിരി സമ്മാനിച്ച് ഞാൻ ഓടാൻ പോയി...

കാവും കടന്നു പറയിക്കുന്നിനടുത്തുള്ള പള്ളിയുടെ അടുത്തു വരെ പോയിട്ട് ഞാൻ തിരിച്ചു പോന്നു.. അത്രയും ദൂരം തന്നെ 6 കിലോമീറ്റർ ഉണ്ട്.. തിരിച്ചെത്തിയപ്പോഴേക്കും 7 കഴിഞ്ഞിരുന്നു.. 9 മണിയോടെ അച്ഛനും ചെറിയച്ഛനും പോയി.. അട്ടപ്പാടിയിൽ കൂപ്പ് വർക്ക് നടക്കുന്നത് കൊണ്ട് അങ്ങോടട്ടൊന്ന് പോയിട്ടേ വരൂ എന്ന് എന്നോടും പറഞ്ഞിട്ടാണ് രണ്ടാളും പോയത്... പോകുന്നതിനു മുന്പ് അമ്മവീട്ടിൽ പോകാൻ ഞാൻ അനുവാദം വാങ്ങുകയും ചെയ്തു...

ഞാൻ ഉച്ചയ്ക്ക് ഊണും കഴിഞ്ഞു പോകാൻ ഇറങ്ങി..

എറണാകുളം ജില്ലയിൽ, എറണാകുളം- കോട്ടയം റൂട്ടിലാണ് അമ്മയുടെ നാട്.. വീട്ടിൽ നിന്നും രണ്ടര മണിക്കൂർ യാത്രയുണ്ട് അങ്ങോട്ട്.. അത്യാവശ്യം ഇടാനുള്ള ഡ്രെസ്സൊക്കെ ഒരു ബാക്ക്പാക്കിലാക്കി എടുത്ത് ഞാൻ എന്റെ ബുള്ളറ്റിൽ യാത്രതിരിച്ചു... പിള്ളേർക്ക് എന്റെ കൂടെ ഉത്സവം കൂടാൻ വരണം എന്ന് ആഗ്രഹമുണ്ടായിരുന്നു.. പക്ഷെ പരീക്ഷക്കാലമായത്കൊണ്ട് അമ്മ വിട്ടില്ല..

അത് ഒരു കണക്കിന് നന്നായി.. ഇല്ലെങ്കിൽ അമ്മവീട്ടിലെ പിള്ളേരും കൂടിയാകുമ്പോ എനിക്ക് ആദിയോട് സ്വസ്ഥമായി ഒന്ന് മിണ്ടാൻ കൂടി പറ്റില്ലായിരുന്നു...

അമ്പലത്തിന്റെ പുറകുവശത്തായിട്ട് ഒരു അഞ്ഞൂറ് മീറ്റർ മാറി പാടത്തിന്റെ കരയിലാണ് ആദിയുടെ വീട്... പാടത്തിന്റെ നേരെ ദർശനമായിട്ടിരിക്കുന്ന രണ്ട് നില വീട്. അമ്പലപ്പറമ്പിൽ ചെന്നാൽ കുളത്തിന്റെ വശത്തുകൂടി അവളുടെ വീട്ടിലേയ്ക്ക് പോകാം പക്ഷെ അതിലെ നടവഴി മാത്രമേ ഉള്ളൂ.. വണ്ടി പോകണമെങ്കിൽ അമ്പലത്തിലേയ്ക്ക് എത്തുന്നതിന് അര കിലോമീറ്റർ മുന്പ് വച്ച് ഇടത്തോട്ട് തിരിഞ്ഞു പോകുന്ന വഴിയ്ക്ക് പോകണം... നേരത്തെ അവളുടെ വീട്ടിലേയ്ക്ക് അമ്പലത്തിന്റെ അടുത്തുകൂടി ഉള്ള നടവഴി മാത്രമേ ഉണ്ടായിരുന്നുള്ളൂ... പിന്നീട് വീട് പുതുക്കി പണിതപ്പോൾ അമ്മാവൻ ഇപ്പോഴത്തെ വഴി വാങ്ങിയതാണു.. അതുകൊണ്ട് മുറ്റം വരെ ഇപ്പോൾ വണ്ടി ചെല്ലും...

ഞാൻ നേരെ അമ്പലപ്പറമ്പിലേയ്ക്ക് ചെന്നു... അവിടെ ആളും ബഹളവും, കൊടി തോരണങ്ങളും, കച്ചവടക്കാരുമോക്കെയായി ആകെ ബഹളമയം... നാളെയാണ് പ്രധാന ഉത്സവം.. വണ്ടിയിൽ നിന്നും ഇറങ്ങാതെ തന്നെ മൊത്തത്തിൽ ഒന്ന് നോക്കിയിട്ട് ഞാൻ നേരെ അമ്മയുടെ തറവാട്ടിലേയ്ക്ക് പോയി.. തൽക്കാലം ആദിയുടെ വീട്ടിലേയ്ക്ക് പോകുന്നില്ല എന്ന് വച്ചു... വൈകുന്നേരം ഉത്സവം കൂടാൻ വരുമ്പോൾ സർപ്രൈസായി അവൾ എന്നെ കണ്ടാൽ മതി എന്നെനിക്ക് തോന്നി... അമ്പലത്തിൽ നിന്നും ഒരു കിലോമീറ്റർ അകലെയാണ് അമ്മയുടെ തറവാട് അവിടെ അനിമാമനും കുടുംബവുമാണ് താമസിക്കുന്നത് ..

അനിമാമൻ അമ്മയുടെ ഇളയ ആങ്ങളയാണ്.. അവർ മൊത്തം 5 മക്കളാണ് മൂത്തയാളാണ് അച്ചുമാമ ആദിയുടെ അച്ഛൻ, രണ്ടാമത് അമ്മ ... പിന്നെ അശോകൻ മാമൻ... അത് കഴിഞ്ഞ് അനിമാമൻ.. പിന്നെ വസുന്ധര ചിറ്റ... അശോകൻ മാമനും തറവാടിന്റെ അടുത്തു തന്നെയാണ് താമസിക്കുന്നത്.. ചിറ്റയെ കെട്ടിച്ചിരിക്കുന്നത് മലപ്പുറം കോട്ടയ്ക്കലിലേയ്ക്കാണ്..

ഞാൻ ചെല്ലുമ്പോൾ സമയം 5 കഴിഞ്ഞിരുന്നു... തറവാട്ടിൽ അനിമാമന്റെ ഭാര്യ സുമതി അമ്മായി മാത്രമേ ഉണ്ടായിരുന്നുള്ളൂ... അവർക്ക് രണ്ടു ആൺകുട്ടികളാണ് അശ്വിനും, അരവിന്ദും.. മാമനും പിള്ളേരും ഒക്കെ

അമ്പലപ്പറമ്പിൽ ആയിരുന്നു... ഞാൻ വരുമ്പോൾ സ്ഥിരം ഉപയോഗിക്കാറുള്ളത് മുത്തച്ഛന്റെ മുറി ആണ് ..

മുത്തച്ഛൻ ഇപ്പോൾ അച്ചുമാമയുടെ വീട്ടിലാണ് താമസം... പുള്ളിക്ക് ഒരു സ്ട്രോക്ക് വന്നതിനു ശേഷം താമസം അങ്ങോട്ട് മാറ്റിയതാണ്.... മിക്കപ്പോഴും കിടപ്പായിരിക്കും.. പരസഹായമില്ലാതെ എഴുന്നേൽക്കാൻ ആവില്ല.. ആൺ മക്കളിൽ സാമ്പത്തികമായി ഉയർന്നു നിൽക്കുന്നത് അച്ചുമാമയാത്കൊണ്ട് അവിടെ നിന്നാണ് ചികിത്സ ഒക്കെ.

അമ്മായിയുടെ കൈയ്യിൽ നിന്നും ഒരു ചായയും വാങ്ങിക്കുടിച്ചിട്ട് ഞാൻ ഒന്ന് കുളിച്ചു... ഇടാൻ കൊണ്ട് വന്ന ഡ്രെസ്സിൽ നിന്ന് ഒരു പച്ച ഫുൾസ്ലീവ് ഷർട്ടും പച്ചക്കരയൻ മുണ്ടും എടുത്തുടുത്തു.. ഷർട്ടിന്റെ കൈ മുട്ടുവരെ മടക്കി വച്ചു.. അടിയിൽ ബോക്സറും ഇട്ടു.. മുണ്ടഴിഞ്ഞു പോയാലും നാണം കെടരുതല്ലോ.. എന്നിട്ട് നിലക്കണ്ണാടിയിൽ ഞാൻ നോക്കി എല്ലാം ഒക്കെ അല്ലെ എന്ന് ഉറപ്പുവരുത്തി..

വെളുത്ത ശരീരമാണ് എന്റെ.. ഗ്ലാമറുള്ള അച്ഛനമ്മമാർക്ക് ജനിച്ചതായത്കൊണ്ട് അത്യാവശ്യം ഗ്ലാമറൊക്കെ ഉണ്ട്.. നല്ല രോമവളർച്ചയുള്ള ഉറച്ച ശരീരമാണ്.. അത് പിന്നെ മത്തൻ കുത്തിയാൽ കുമ്പളം മുളക്കില്ലല്ലോ.. അച്ഛന്റെ ശരീരം മൊത്തം രോമമാണ്.. ഞങ്ങള് പുള്ളിയെ കളിയാക്കി കരടി എന്നാണു വിളിക്കുന്നത്.. എന്നാൽ എന്റെത് അച്ഛന്റെ പോലെ ചുരുണ്ട രോമങ്ങൾ അല്ലായിരുന്നു.. ചീകി വച്ചപോലെയാണ് രോമാങ്ങളൊക്കെ.. കാലിലും കൈയിലും നെഞ്ചിലും വയറിലും ഒക്കെ അങ്ങനെതന്നെ... രാവിലെ ചെറിയമ്മയുടെ നിർദ്ദേശ പ്രകാരം താടി ട്രിം ചെയ്ത് ഭംഗിയാക്കിയിരുന്നു.. മൊത്തത്തിൽ കൊള്ളാം..

ഞാൻ അമ്പലത്തിൽ പോകാൻ ഇറങ്ങി... അമ്മായിയോട് പോരുന്നുണ്ടോ എന്നു ചോദിച്ചെങ്കിലും താലം എടുക്കുന്നുള്ളത്കൊണ്ട് അശോകൻമാമന്റെ ഭാര്യ വിനീത അമ്മായിയോടൊപ്പം വന്നോളാം എന്ന് പറഞ്ഞത്കൊണ്ട് ഞാൻ തനിച്ച് അമ്പലത്തിലേയ്ക്ക് പോന്നു..

ബുള്ളറ്റ് ആൽത്തറയ്ക്ക് അടുത്ത് ഒതുക്കി വച്ചിട്ട് ഞാൻ അമ്പലത്തിലേയ്ക്ക് ചെന്നപോഴെയ്ക്കും ദീപാരാധന തുടങ്ങിയിരുന്നു... സമയം ആറര കഴിഞ്ഞു..

അമ്പലത്തിൽ കയറി തൊഴുതിട്ട് ഞാൻ പുറത്തിറങ്ങി ആദിയെ അവിടെയൊക്കെ നോക്കിയെങ്കിലും കണ്ടില്ല.. ഇനി ചിലപ്പോൾ അവളും താലം എടുക്കുന്നുണ്ടാകും.. അങ്ങനെയാണെങ്കിൽ അവളുടെ വീടിന്റെ ഭാഗത്തു നിന്നുള്ള താലപ്പോലിക്കൊപ്പമാകും അവൾ വരുക എന്ന് എനിക്ക് തോന്നി.. എന്നാലും അവളുടെ വീട്ടിലേയ്ക്ക് ഞാൻ പോയില്ല.. വരുമ്പോൾ കാണാം എന്ന് വിചാരിച്ചു നിന്നു. അങ്ങനെ കറങ്ങി നടന്നു ആനകളെകെട്ടിയിരിക്കുന്ന ഭാഗത്ത് വന്നു വായിൽനോക്കി നിക്കുമ്പോഴാണ് പുറകിൽ നിന്നും ആരോ തോണ്ടുന്നത്..

തിരിഞ്ഞു നോക്കിയപ്പോൾ മീനാക്ഷിയാണ്.. മീനാക്ഷി എന്റെ അടുത്ത കൂട്ടുകാരിയാണ്.. കൂട്ടെന്നു പറഞ്ഞാൽ അഞ്ചാം ക്ലാസ്സുവരെ അവൾക്കൊപ്പം ഇവിടത്തെ സ്കൂളിലാണ് ഞാൻ പഠിച്ചത്..

പാലക്കാട്ടുകാരൻ ദേവനെങ്ങനാ ഈ നാട്ടിൽ അഞ്ചാം ക്ലാസ്സുവരെ പഠിച്ചതെന്നല്ലേ.. പറയാം...

ഞാൻ ജനിക്കുന്ന സമയത്ത് അച്ഛനും സഹോദരങ്ങളും എല്ലാം ശ്രീമംഗലം എന്ന ഞങ്ങളുടെ തറവാട്ടു വീട്ടിലായിരുന്നു താമസിച്ചിരുന്നത്.. അവർ മൊത്തം 7 മക്കളായിരുന്നു.. 5 ആണും 2 പെണ്ണും.. കൂട്ടത്തിൽ പഠിത്തത്തിൽ പുറകോട്ടു നിന്നിരുന്നത് അച്ഛനും സോമൻ ചെറിയച്ഛനും ആയിരുന്നതിനാൽ ശ്രീമംഗലത്തെ ബിസ്സിനസ്സുകൾ മുഴുവൻ നോക്കി നടത്തുന്നതിനു മുത്തച്ഛന്റെ സഹായികൾ അച്ഛനും ചെറിയച്ഛനും ആയിരുന്നു.. അച്ഛന്റെ ചേട്ടൻ ശങ്കരരാജനും, സോമശേഖരൻ ചെറിയച്ചന്റെ താഴെയുള്ള രണ്ടു പെങ്ങന്മാരുമടക്കം മറ്റ് നാല് പേരും പഠിക്കാൻ മിടുക്കരായിരുന്നത്കൊണ്ട് അവർക്കൊക്കെ നല്ല ജോലിയൊക്കെ കിട്ടി.. വല്യച്ഛൻ പോലീസിലാണ് ഇപ്പോൾ സി.ഐ.. മറ്റുള്ളവരെല്ലാം ബാങ്കിലും ഒക്കെയായി നല്ല നിലയിലായിരുന്നു....

മുത്തശ്ശി അച്ഛന്റെയൊക്കെ ചെറുപ്പത്തിലെ മരിച്ചതാണ്.. എനിക്ക് നാല് വയസ്സുള്ളപ്പോൾ മുത്തച്ഛനും മരിച്ചു.. ഹാർട്ട് അറ്റാക്കായിരുന്നു...

സ്വത്തിന്റെ കാര്യത്തിൽ മുത്തച്ഛൻ തീരുമാനം ഒന്നും എടുത്തിരുന്നില്ല... അതുകൊണ്ട് മുത്തച്ഛന്റെ മരണശേഷവും ശ്രീമംഗലത്തെ സ്ഥാപനങ്ങളും ബിസ്സിനസ്സുമെല്ലാം നോക്കി നടത്തിയിരുന്ന അച്ഛനും ചെറിയച്ഛനുമായി മറ്റ്

സഹോദരങ്ങൾ അവരുടെ വീതം ചോദിച്ച് തർക്കത്തിലായി... അത് പിന്നെ കേസ്സാക്കെ ആയപ്പോൾ മക്കളെ ഈ പ്രശ്നങ്ങളൊന്നും ബാധിക്കരുത് എന്നും പറഞ്ഞു എന്നെ അമ്മവീട്ടിൽ നിർത്തി പഠിപ്പിക്കാൻ തീരുമാനിച്ചതുകൊണ്ട് അഞ്ചാം ക്ലാസ് വരെ ഞാൻ പഠിച്ചത് ഇവിടത്തെ സ്കൂളിലായിരുന്നു.. അങ്ങനെയാണ് ഞാനും മീനാക്ഷിയും തമ്മിലുള്ള പരിചയം... തന്നെയുമല്ല മീനാക്ഷിയുടെ അച്ഛൻ മാധവൻ ചേട്ടൻ എന്റെ അച്ഛന്റെ അടുത്ത കൂട്ടുകാരനുമായിരുന്നു..

..ദേവാ.. നീ വരുന്ന കാര്യമൊന്നും ആരും പറഞ്ഞുപോലും കേട്ടില്ലല്ലോ.. നിന്നെ ഞാൻ ഇത്തവണ ഉത്സവത്തിന് പ്രതീക്ഷിച്ചതേ ഇല്ലായിരുന്നു..

..വരണമെന്ന് ഞാനും കരുതിയതല്ല മീനൂ.. പിന്നെ ആദിയെക്കാണാനുള്ള കൊതികൊണ്ട് വന്നതാ ഞാൻ..

ഞങ്ങളങ്ങനെ ഓരോ വിശേഷങ്ങൾ പറയുമ്പോൾ ഞാൻ അവളെത്തന്നെ ശ്രദ്ദിക്കുകയായിരുന്നു... കസവ് ഡിസൈൻ ചെയ്ത സെറ്റുസാരിയും ചുവന്ന ബ്ലൌസും ആയിരുന്നു അവളുടെ വേഷം... ആ വേഷത്തിൽ അവൾ നല്ല സുന്ദരിയായിരിക്കുന്നു...

..ആദിയെക്കാണാൻ വന്നിട്ട് നീ കണ്ടോ അവളെ..

..ഇല്ലടീ.. ഞാൻ അവളുടെ വീട്ടിലേയ്ക്ക് പോയില്ല... ഇവിടെ വച്ച് കാണാല്ലോ എന്ന് കരുതി.. അല്ല വാവയെന്തിയെ....? (വാവ എന്നത് മീനുവിന്റെ അനിയത്തി മാനസിയുടെ വിളിപ്പേരാണ്)..

...ഞങ്ങള് താലം എടുക്കുന്നൊണ്ട്.... അവളതുകാരണം താലം പിടിച്ച് വീടിന്റെ മുൻപിൽ നിക്കുവാ.. നീ ബൈക്കിൽ ഇങ്ങോട്ട് പോരുന്ന കണ്ടപ്പോഴാ നീ വന്ന കാര്യം ഞങ്ങളറിഞ്ഞത്... എന്റെ താലംകൂടി അവളെ നോക്കാൻ ഏൽപ്പിച്ചിട്ട് ഞാൻ നിന്റെ പുറകെ ഇങ്ങോട്ട് പോന്നു...

..അത് നന്നായി ഞാൻ ആരും കമ്പനിക്കില്ലാതെ പോസ്റ്റായി നിക്കുവാരുന്നു..

..ആ.. ദേവാ നിന്നോട് ഒരു കാര്യം പറയാനാ ഞാൻ വന്നത്...

..എന്താടീ....

..നമുക്ക് കുറച്ച് മാറി നിന്ന് സംസാരിക്കാം... നീ വാ.. അതും പറഞ്ഞ് അവൾ മുൻപിൽ നടന്നു... അവളുടെ മുഖഭാവത്തിൽ നിന്ന് എന്തോ സീരിയസ് കാര്യാമാണ് എന്ന് എനിക്ക് തോന്നി...

ആൽത്തറയ്ക്ക് അടുത്ത് എന്റെ വണ്ടി വച്ചിരിക്കുന്ന ഭാഗത്ത് വലിയ തിരക്കില്ലായിരുന്നു.. അവിടെ എത്തിയപ്പോൾ ഞാൻ നിന്നു...

..മീനൂ നമുക്ക് ഇവിടെ നിന്ന് സംസാരിക്കാം... എന്താ നിനക്ക് പറയാനുള്ളത്... ഞാനത് പറഞ്ഞപ്പോൾ ഒന്ന് നിശ്വസിച്ചിട്ട് അവൾ പറഞ്ഞു...

..ദേവാ... എനിക്ക് ആദിയുടെ കാര്യമാ പറയാനുള്ളത്...

ഞാൻ എന്താ എന്ന അർദ്ധത്തിൽ അവളെ നോക്കി നിന്നപ്പോൾ അവൾ തുടർന്നു...

..ദേവാ... നീ കരുതുന്ന പോലെയല്ല കാര്യങ്ങൾ.. കുറച്ച് കാലമായി ആദിയുടെ പോക്കത്ര ശരിയല്ല...

..നീ എന്താ മീനൂ ഉദ്ദേശിക്കുന്നത്.....

..എടാ അത്... അവളൊന്നു നിർത്തിയിട്ട് പറഞ്ഞു.

..കോളേജിൽ അവളുടെ കൂടെപ്പടിക്കുന്ന ഗീതുവിനെ നിനക്ക് അറിയാമോ...?

..അറിയാം...

..അവൾക്ക് ഒരു ലൈൻ ഉണ്ട്.., അവരുടെ സീനയറാ... ഒരു വരുൺ...!

..ങ്ങ് ഹാ.. എനിക്കറിയാം.... ആദി പറഞ്ഞിട്ടുണ്ട്..

..അവനിപ്പോ ആദിയുടെ പുറകേ നടപ്പാ.. അവളാണെങ്കിലോ അതിനു നന്നായി വളം വച്ചു കൊടുക്കുന്നുമുണ്ട്....

..മീനൂ നീ ചുറ്റിവളയ്ക്കാതെ കാര്യം പറ.... എനിക്ക് ദേഷ്യം വന്ന് തുടങ്ങിയിരുന്നു.

...ദേവാ.... ആദിയും വാവയും ഒരുമിച്ചാണ് കോളേജിൽ പോകുന്നതെന്ന് നിനക്കറിയാവല്ലോ...

..ഹാ അറിയാം...(ആദിയും മാനസിയും ഒരേ പ്രായമാണ് ഒരേ കോളേജിലാണ് രണ്ടാളും പഠിക്കുന്നത്...വേറെ വേറെ കോഴ്സാണ് എന്ന് മാത്രം)

അവൾ തുടർന്നു.

..എന്റെ കോളേജ് അവരുടെതിനേക്കാൾ കുറച്ചു കൂടി അടുത്തായത്കൊണ്ട് ഞാനാണ് എന്നും നേരത്തെ വരാറുള്ളത്...

...കഴിഞ്ഞ ആഴ്ച്ച ഞാൻ വൈകിട്ട് ബസ്സിൽ വരുമ്പോൾ ആദി വട്ടക്കുളം സ്റ്റോപ്പിൽ നിന്ന് അതെ ബസ്സിൽ കയറി.. വാവ കൂടെ ഉണ്ടായിരുന്നില്ല... വട്ടക്കുളത്ത് നിന്ന് നമ്മടെ കവല വരെ മിനിമം ടിക്കറ്റ് അല്ലെ ഉള്ളൂ... അവളെന്താ അവടെ നിന്ന് കേറിയത് എന്നെനിക്ക് മനസ്സിലായില്ല... കവലയിൽ ആദിയുടെ അച്ഛൻ നിപ്പുണ്ടായിരുന്നു... അത്കൊണ്ട് എനിക്കവളോട് ചോദിക്കാനും പറ്റിയില്ല...

വാവ എന്നും വരാറുള്ള നേരത്താണ് വന്നത്... ഞാൻ അവളോട് ഈ കാര്യം ചോദിച്ചപ്പോൾ ആദ്യം അവളൊന്നും പറഞ്ഞില്ല... പിന്നെ ഞാൻ നിർബന്ധിച്ചപ്പോൾ അവള് കാര്യം പറഞ്ഞു.. ആദി വരുണിന്റെ ബൈക്കിലാണ് വട്ടക്കുളം വരെ വന്നത്.. കവല വരെ അവന്റെ ഒപ്പം വന്നാൽ ആരെങ്കിലും കാണുമെന്നു പേടിച്ചാണ് അവൾ വട്ടക്കുളത്ത് ഇറങ്ങിയത്... അവൻ

പലപ്പോഴായി ആദിയെ ഇങ്ങനെ കൊണ്ടുവന്നു വിടാരുണ്ടെന്നും വാവ പറഞ്ഞു... അവര് തമ്മിൽ അടുപ്പത്തിലാണ് എന്നാ അവള് പറഞ്ഞത്...

പലപ്പോഴായി എന്റെ മനസ്സിൽ ഉരുണ്ടു കൂടിയിരുന്ന കാർമേഖങ്ങൾ അത്രയും മീനുവിന്റെ മുഖത്ത് നിന്നും പെയ്തിറങ്ങിയപ്പോൾ മരവിച്ച അവസ്ഥയായിരുന്നു എന്റെത്... ആദിയുമായുള്ള എല്ലാ പ്രശ്നങ്ങൾക്കും പറഞ്ഞു തീർക്കണം എന്ന് കരുതി വന്നിട്ട് ഞാൻ പ്രതീക്ഷിച്ചിതിനപ്പുറം കാര്യങ്ങൾ പോയിരിക്കുന്നു.. പക്ഷെ അപ്പോഴും എന്റെ സംശയങ്ങൾ ബാക്കിയായിരുന്നു...

കാരണം ഞാനും ആദിയും തമ്മിലുള്ള സ്നേഹം പ്രണയമായി വളരുന്ന കാലത്ത് മീനുവിനും എന്നോട് ഒരു ഇഷ്ടമുള്ളത് ഞാൻ മനസ്സിലാക്കിയിരുന്നു.. അതുകൊണ്ട് ഇപ്പോൾ ഒരു ചാൻസ് കിട്ടിയത് അവൾ ഉപയോഗിക്കുകയാണോ എന്ന് എനിക്കു തോന്നി... അവൾ പറഞ്ഞ കാര്യങ്ങൾ വിശ്വസിക്കാൻ എനിക്കപ്പോഴും കഴിയുന്നുണ്ടായിരുന്നില്ല...

എന്റെ മുഖഭാവം ശ്രദ്ധിച്ചിട്ട് അവൾ പിന്നെയും പറഞ്ഞു...

...ദേവാ.. നിനക്ക് ഇത് വിശ്വസിക്കാൻ ബുദ്ധിമുട്ടാണെന്ന് എനിക്കറിയാം... കാരണം നീ അത്രയദ്ധികം ആദിയെ സ്നേഹിക്കുന്നുണ്ട്... പക്ഷെ ഞാൻ പറഞ്ഞത് സത്യമാണ്.. നീ വാവയോട് ചോദിച്ചു നോക്ക്...

കുറച്ച് നേരത്തേയ്ക്ക് ഞാൻ ഒന്നും പറഞ്ഞില്ല.. മനസ്സ് അത്രയ്ക്ക് കലുഷിതമായിരുന്നു.. എന്തായാലും വാവയോടും കൂടി ചോദിക്കാൻ ഞാൻ തീരുമാനിച്ചു... ഞാൻ മീനുവിനോപ്പം അവളുടെ വീട്ടിലേയ്ക്ക് നടന്നു... റോഡിൽ നിന്ന് അൽപ്പം മുകളിയ്ക്ക് കയറിയാണ് മീനുവിന്റെ വീട്.. ഞങ്ങൾ ചെല്ലുമ്പോൾ മാനസി താലവും പിടിച്ച് റോഡിലിറങ്ങി നിൽപ്പുണ്ടായിരുന്നു... കസവ് ദാവണിയാണ് അവളുടെ വേഷം.... മീനുവിനുള്ള താലം തിരി കത്തിച്ച് അടുത്തുള്ള കലുങ്കിൽ വച്ചിട്ടുണ്ടായിരുന്നു...

എന്നെക്കണ്ട് മാനസി ചിരിച്ചു.. ചെന്നപാടെ മീനുവിനെന്തെങ്കിലും പറയാൻ അവസരം കൊടുക്കാതെ ഞാൻ വാവയെ മാറ്റി നിർത്തി അവളോട് മീനു പറഞ്ഞ

കാര്യത്തെപറ്റി ചോദിച്ചു... എന്റെ ചോദ്യം കേട്ട് ആദ്യം വാവ ഒന്ന് പരുങ്ങി.. പറയാൻ അവൾക്ക് മടിയുള്ളത്പോലെ.. പിന്നെ അവൾ പറഞ്ഞു തുടങ്ങി..

...ദേവേട്ടാ... കുഞ്ഞേച്ചി പറഞ്ഞതൊക്കെ ഉള്ളത് തന്നാ.. ആദിയും വരുണും ആയിട്ടുള്ള ഈ ബന്ധം തുടങ്ങിയിട്ട് ഇപ്പൊ ഒന്നുരണ്ട് മാസമായി... ഗീതുവിനു ഞങ്ങടെ കോളേജിൽ തന്നെ പി.ജിയ്ക്ക് പഠിക്കുന്ന ഒരു ചേട്ടനുമായി ചെറിയ ചുറ്റിക്കളികളൊക്കെ ഉണ്ടായി... അതറിഞ്ഞപ്പോ മുതൽ ഈ വരുൺ സെന്റി അടിച്ച് നടക്കുവാരുന്നു.. ആ സമയത്ത് മനസ്സിന്റെ വിഷമം മറക്കാനാണ് എന്നും പറഞ്ഞു ആദിയെ വരുൺ എന്നും രാത്രിയിലൊക്കെ വിളിക്കുമായിരുന്നു... ആദി അവൻ പറയുന്നതൊക്കെ കേട്ട് അവനെ സമാധാനിപ്പിക്കുകേം ചെയ്യും.. അങ്ങനെ വിളിക്കുന്ന സമയത്ത് ദേവേട്ടന് ആദിയോട് ഇപ്പോൾ പഴയ സ്നേഹമൊന്നുമില്ല എന്ന് അവൾ ഒരിക്കൽ അവനോടു പറഞ്ഞു.. അതിന്റെ പിറ്റേന്ന് വരുൺ ആദിയെ ഇഷ്ടമാണെന്ന് അവളോട് പറഞ്ഞു... രണ്ടു ദിവസം കഴിഞ്ഞപ്പോൾ ആദി അവന്റെ ഇഷടം സമ്മതിച്ചുകൊടുത്തു...

...പക്ഷെ അപ്പോഴൊന്നും എനിക്ക് ഇതറിയില്ലായിരുന്നു... ഒരു ദിവസം രാവിലെ ഞങ്ങൾ കോളേജിന്റെ സ്റ്റോപ്പിൽ ബസ്സിറങ്ങിയപ്പോൾ വരുൺ ബൈക്കുമായി അവിടെ കാത്ത് നിൽപ്പുണ്ടായിരുന്നു... ആദിയോട് അവൻ ബൈക്കിൽ കേറാൻ പറഞ്ഞപ്പോൾ അവൾ കേറിപ്പോയി.. ഞാൻ തനിച്ചാണ് കോളേജു വരെ നടന്നു പോയത്.. അന്ന് വൈകിട്ട് അവൻ അവളെ ബൈക്കിൽ വട്ടക്കുളം വരെ കൊണ്ടുവന്നു വിട്ടു... ഞാൻ ഇക്കാര്യം അവളോട് ചോദിച്ചപ്പോളാണ് അവര് തമ്മിലുള്ള ബന്ധത്തിന്റെ കാര്യം അവള് എന്നോട് പറയുന്നത്... ഇപ്പൊ മിക്ക ദിവസവും വരുൺ ആദിയെ കൊണ്ടുവന്നു വിടും...

വാവ പറഞ്ഞതൊക്കെ ഇടിവെട്ടിയവനെപ്പോലെയാണ് ഞാൻ കേട്ട് നിന്നത്... ഞാൻ പോലും അറിയാതെ എന്റെ കണ്ണുകൾ നിറഞ്ഞു... അവൾ പിന്നീട് പറഞ്ഞതൊന്നും ഞാൻ കേട്ടില്ല... അത് മനസ്സിലാക്കി വാവ എന്റെ തോളിൽ പിടിച്ച് കുലുക്കിയിട്ട് പറഞ്ഞു..

...ദേവേട്ടാ ഞാനിത് പറഞ്ഞ കാര്യം ആദി അറിയരുത്.. ദേവേട്ടനോട് ഒരിക്കലും പറയരുതെന്നാ അവള് പറഞ്ഞേക്കുന്നത്...

...ങ്ങും... ശരിയെന്ന അർത്ഥത്തിൽ ഞാൻ ഒന്ന് മൂളി.

ഞാൻ പതുക്കെ തിരിഞ്ഞു നടന്നു... മീനു അപ്പോൾ പുറകിൽ നിന്ന് എന്തൊക്കെയോ പറയുന്നുണ്ടായിരുന്നു... പക്ഷ ഞാനതൊന്നും കേട്ടില്ല... പതുക്കെ നടന്ന് ഞാൻ ആൽത്തറയിൽ എന്റെ വണ്ടിക്കടുത്തായി ഇരുന്നു...

എന്തൊക്കെയാണ് എന്റെ ജീവിതത്തിൽ നടക്കുന്നത്... സ്നേഹിച്ച് ലാളിച്ച് കൊതിതീരുന്നതിനു മുൻപേ മോനൂട്ടൻ പോയി... ഇച്ചായീ എന്നും വിളിച്ച് എന്റെ കൈയ്യിൽ തൂങ്ങാറുള്ള അവന്റെ ചിരിക്കുന്ന മുഖം ഓർമ്മകൾ മാത്രമായി അവശേഷിപ്പിച്ച് അവൻ പോയിട്ട് ഒരു വർഷത്തോളമാകുന്നു... അവന്റെ ഓർമ്മകൾ നൽകുന്ന വേദനകൾക്കിടയിൽ താൽക്കാലികമായ ആശ്വാസത്തിനെങ്കിലും ഒരു തലയിണയിൽ എന്നപോലെ എനിക്ക് മുഖം ഒളിപ്പിക്കാൻ കഴിഞ്ഞിരുന്നത് എന്റെ പെണ്ണിന്റെ പ്രണയത്തിലായിരുന്നു.... വളകിലുങ്ങുന്ന പോലുള്ള അവളുടെ ചിരിയിലും.., ദേവേട്ടാ എന്ന വിളിയിലെ പാലൊഴുകുന്ന സ്നേഹത്തിലുമൊക്കെയാണ് ഞാൻ എന്റെ ദുഃഖങ്ങൾ മറന്നിരുന്നത്... ആ അവൾ ഇന്ന് മറ്റൊരുത്തന് വേണ്ടി ആ സ്നേഹം പകുത്തെടുക്കുമ്പോൾ എന്ത് ചെയ്യണം എന്നറിയാതെ ഞാനിരുന്നു... ഒരു തരം മരവിപ്പ്..

ഞാൻ പതുക്കെ എഴുന്നേറ്റു.. എന്തായാലും ഇന്ന് എനിക്ക് ആദിയെ കണ്ടേ തീരൂ.... സത്യങ്ങൾ അവളിൽ നിന്ന് തന്നെ അറിയണം.. ഒരുപക്ഷെ അവൾക്ക് പറയാനുള്ളത് മറ്റൊന്നാണ് എങ്കിലോ...?????

ചിന്തിച്ചിരുന്ന് സമയം പോയതറിഞ്ഞില്ല അമ്പലത്തിന്റെ നാല് കരകളിൽ നിന്നുമുള്ള താലപ്പൊലികളും വന്നുകഴിഞ്ഞു... നാല് കരക്കാരുടെയും മേളക്കാർ കൊടിമരച്ചുവട്ടിൽ സംഗമിച്ച് മത്സരിക്കുന്ന കാഴ്ച്ച കാണാൻ ആളുകൾ മേളക്കാർക്ക് ചുറ്റും നിരന്ന് കഴിഞ്ഞു..

ഞാൻ ആ തിരക്കുകളിൽ നിന്നും ഒഴിഞ്ഞു ഊട്ടുപുരയുടെ ഭാഗത്തേയ്ക്ക് നടന്നു... അതിന്റെ വലത് വശത്താണ് അമ്പലക്കുളം... ഒന്ന് മുഖം കഴുകണം.. ഊട്ടുപുരയും കുളവും അമ്പലത്തിന്റെ പുറകിൽ ആയതിനാൽ ആ ഭാഗത്തൊന്നും ഈ സമയം ആരും ഉണ്ടാവില്ല...

ചുറ്റംബലത്തിന്റെ തിരക്കൊഴിഞ്ഞ ഭാഗത്തുകൂടി കുളത്തിനടുത്തെയ്ക്ക് പോകാൻ നടക്കുമ്പോൾ നേദ്യപ്പുരയുടെ പുറത്തേയ്ക്കുള്ള വാതിലിനടുത്ത് ആദി നിൽക്കുന്നു... കൂടെ അശോകൻ അമ്മാവന്റെ മകൾ അശ്വതിയും ഉണ്ട്... മൊബൈലിൽ നോക്കി നിൽക്കുന്ന ആദി എന്നെ കണ്ടില്ല... അശ്വതി എനിക്ക് പുറം തിരിഞ്ഞു നിൽക്കുന്നത്കൊണ്ട് അവളും എന്നെ കണ്ടില്ല... ഞാൻ അവർക്കെന്നെ കാണാൻ പറ്റുന്ന ദൂരത്തിൽ വിളക്കുകാലിന്റെ ചുവട്ടിൽ അവരെത്തന്നെ നോക്കി നിന്നു... എപ്പോഴെങ്കിലും എന്നെ കാണുമ്പോളുള്ള ആദിയുടെ മുഖഭാവം കാണാനാണ് ഞാൻ അവളുടെ അടുത്തേയ്ക്ക് പോകാതെ അവിടെ നിന്നത്.

വിളക്ക് കാലിൽ ചാരി.. മുണ്ടിന്റെ മടക്കിക്കുത്തൊക്കെ അഴിച്ച് നേരെയിട്ട്... കൈകൾ രണ്ടും കെട്ടി നിന്നുകൊണ്ട് ഞാൻ ആദിയെ ശ്രദ്ധിച്ചു...

സെറ്റ് സാരിയാണ് അവളുടെ വേഷം.. കസവിന്റെ നൂലുകൊണ്ട് വർക്ക് ചെയ്ത സാരിക്ക് ചേരുന്ന ആകാശനീലകളർ ചതുരക്കഴുത്തുള്ള ബ്ളൌസും ധരിച്ച അവളുടെ കഴുത്തിലെ നെക്കലേസ് അവൾ അനങ്ങുന്നതിനനുസരിച്ച് ചുറ്റമ്പലം അലങ്കരിച്ച ചെരാതിന്റെ വെളിച്ചത്തിൽ തിളങ്ങുന്നുണ്ടായിരുന്നു... രണ്ടുകൈകളിലും ബ്ലൌസിന്റെ കളറിനു ചേരുന്ന നിറത്തിലുള്ള വളകൾ.. ഇടംകൈയിൽ വലിയ ഒരു മോതിരവും കാണാം.. അഞ്ചരയടിക്ക് താഴെ മാത്രം പൊക്കമുള്ള അവൾക്ക് നല്ല ഒതുങ്ങിയ ശരീരമാണ്... എല്ലാ അഴകളവുകളും ഒത്ത പെണ്ണ്.. പ്രായത്തിന്റെ വലിപ്പം മാത്രമുള്ള മുലകളാണെങ്കിലും അതിനും കൂടി നല്ല വിരിഞ്ഞ നിതംബമാണ്... നടക്കുമ്പോൾ പരസ്പ്പരം ഉരഞ്ഞു കളിക്കുന്ന ആ പന്തുകളുടെ അന്നനട കാണാൻതന്നെ നല്ല ചന്തമാണ്... നല്ല മുഖശ്രീയുള്ള അവളുടെ അൽപ്പം താഴേക്ക് മലർന്ന ചുണ്ടിൽ നിന്ന് തേൻഇറ്റുവീഴും എന്ന് തോന്നും... ഇവളെക്കണ്ടാൽ ആരാ ഒന്ന് പ്രേമിക്കാത്തത്..

ഇടക്കെപ്പോഴോ അശ്വതിയോടു സംസാരിക്കാൻ മൊബൈലിൽ നിന്ന് കണ്ണെടുത്ത് മുഖം ഉയർത്തിയ അവൾ എന്നെ കണ്ടു... എന്നെക്കണ്ട അവളുടെ കണ്ണുകൾ വിടർന്നു... "'ദേവേട്ടൻ'"" അതവളുടെ ചുണ്ടുകൾ മന്ത്രിച്ചത് ഞാൻ ശ്രദ്ധിച്ചു...

എന്നാൽ അടുത്ത നിമിഷം ആ സന്തോഷം മാറി ആ മുഖത്ത് പരിഭ്രമം നിഴലിക്കുന്നത് ഞാൻ കണ്ടു... പെട്ടന്ന് തന്നെ മൊബൈൽ ഓഫ് ചെയ്ത്... മുഖത്ത് ഒരു ചിരി വരുത്തിക്കൊണ്ട് അവൾ എന്റെ അടുത്തേയ്ക്ക് വന്നു.., പുറകെ അശ്വതിയും...

...ദേവേട്ടൻ എപ്പോഴാ വന്നേ... അടുത്ത് വന്ന് എന്റെ കൈകൾ കവർന്നുകൊണ്ട് അവൾ ചോദിച്ചു.. പക്ഷെ ചോദ്യത്തിനിടയ്ലും അവളുടെ കണ്ണിലെ പരിഭ്രമം ഞാൻ ശ്രദ്ധിക്കാതിരുന്നില്ല...

...ഞാൻ വന്നിട്ട് കുറെ നേരമായി... കുറച്ചു സമയമായി ഞാൻ ഇവിടെ വന്നു നിൽക്കുന്നു.. ഉള്ളിൽ തിങ്ങിനുരയുന്ന വികാരങ്ങളെ പണിപ്പെട്ട് അടക്കി ഞാൻ ശാന്തമായിത്തന്നെ അവളോട് സംസാരിച്ചു.

..നീ ആ മൊബൈലിൽ നിന്ന് കണ്ണെടുത്തിട്ട് വേണ്ടേ എന്നെ കാണാൻ.. അവളുടെ മഷിയെഴുതിയ കണ്ണുകളിൽ നോക്കിക്കൊണ്ട് ഞാൻ പറഞ്ഞപ്പോൾ എന്തോ കള്ളത്തരം പിടിക്കപ്പെട്ടതുപോലെ അവളുടെ മുഖം മാറുന്നത് ഞാൻ ശ്രദ്ധിച്ചു..

അത്.. ദേവേട്ടാ.... ഞാൻ..... ചുമ്മാ....

''അച്ചൂട്ടീ.'' 'ഞങ്ങൾ ഒന്ന് നടന്നിട്ട് വരാം.... നീ ഇവിടെ നിന്നോ... അശ്വതിയോടായി ഞാനത് പറഞ്ഞപ്പോൾ... ഒന്ന് മൂളിയിട്ട് നടക്കട്ടെ എന്നെ അർദ്ധത്തിൽ തലകുലുക്കി ഞങ്ങളെ നോക്കി ചിരിച്ചിട്ട് അശ്വതി മേളം നടക്കുന്നിടത്തെയ്ക്ക് പോയി... ഞാൻ ആദിയുടെ കൈപിടിച്ച് പതുക്കെ നടന്നു..

''ഇതെങ്ങോട്ടാ ദേവേട്ടാ...'''

''നീ വാ പെണ്ണെ... എന്റെ കൂടെ വരാൻ നിനക്കെന്താ പേടിയാണോ...?

ഞാൻ അവളെയും കൂട്ടി കുളത്തിന്റെ അടുത്തേയ്ക്ക് നടന്നു.

കുളത്തിനു ചുറ്റും മതിലുണ്ട്... ആണുങ്ങൾക്കും പെണ്ണുങ്ങൾക്കും പ്രത്യേകം കടവുകളാണ്... ഇടയ്ക്ക് രണ്ടാൾ പൊക്കത്തിൽ ഭിത്തിയുണ്ട്... പക്ഷെ രണ്ടു ഭാഗത്തെയ്ക്കുമായി പുരത്തുന്നിന്ന് നടുക്ക് ഒറ്റ വാതിലാണ് ഉള്ളത്... ഞങ്ങളെ ആരും കാണുന്നില്ല എന്ന് ഉറപ്പ് വരുത്തിയിട്ട് ഞാൻ ആദിയെയുംകൊണ്ട് പെണ്ണുങ്ങളുടെ കടവിലെ മറപ്പുരയിലേക്ക് കയറി. അവിടെ വെളിച്ചം കുറവായതുകൊണ്ട് ഞങ്ങൾ അവിടെ നിന്നാൽ ആരും

കാണില്ലെന്ന് എനിക്കുറപ്പായിരുന്നു. എന്നാൽ അരണ്ടവെളിച്ചത്തിൽ ഞങ്ങൾക്ക് പരസ്പ്പരം കാണാൻ കഴിയുമായിരുന്നു..

...എന്താ ദേവേട്ടാ എന്തിനാ ഇങ്ങോ...

പറഞ്ഞു മുഴുവിക്കാൻ വിടാതെ അവളുടെ പൂമേനി ഇറുക്കെ പുണർന്നുകൊണ്ട് ഞാൻ അവളുടെ തേൻചുണ്ടുകൾ നുകരന്നു. ആദ്യത്തെ അന്ധാളിപ്പ് മാറിയപ്പോൾ അവൾ ഉപ്പൂറ്റിയിൽ ഉയർന്ന് നിന്ന് എന്നെ തിരികെ പുണർന്നുകൊണ്ട് എന്റെ ചുണ്ടുകൾ വലിച്ച് ഈമ്പാൻ തുടങ്ങി...

ഒരു വർഷത്തോളം കാണാതിരുന്നതിന്റെ പരിഭവം മുഴുവൻ തീർക്കുന്ന വാശിയോടെ പരസ്പ്പരം ഞങ്ങൾ മത്സരിച്ച് ചുംബിക്കുമ്പോൾ അവളുടെ കൈകൾ എന്റെ കഴുത്തിൽ ചുറ്റി താഴേക്ക് വലിച്ചു..

എന്റെ നെഞ്ചിനോപ്പം മാത്രം പൊക്കം ഉള്ള അവൾക്ക് ഉപ്പൂറ്റിയിൽ ഏന്തി നിന്ന് കാലു വേദനിച്ചു തുടങ്ങിയെന്ന് എനിക്ക് മനസ്സിലായി.. ഞാൻ പതുക്കെ തല കുനിച്ച് അവൾക്ക് ചുംബിക്കാൻ പാകത്തിന് നിന്ന് കൊടുത്തുകൊണ്ട് അവളുടെ സാരിയുടെ വിടവിലൂടെ എന്റെ വലത്തെ കൈ ആ അണിവയറിൽ തഴുകിക്കയറ്റി.... ഇടതു കൈ അവളുടെ വിരിഞ്ഞ നിതംബത്തിന്റെ അടിയിലൂടെ തഴുകി ആ മാംസളതയിൽ പൂണ്ടു കയറുമ്പോൾ അവളുടെ ശ്വാസഗതി വേഗത്തിലായി...

നീണ്ട ചുംബനത്തിനൊടുവിൽ പതുക്കെ ചുണ്ടുകൾ അകന്നപ്പോൾ ആദ്യത്തെ പരിഭ്രമം ഒക്കെ മാറി അവളുടെ മുഖം ചുവന്നു തുടുത്തിരുന്നു.... ദാഹാർത്തയായി എന്റെ കണ്ണുകളിലേയ്ക്ക് നോക്കി നിന്ന അവളെ ഞാൻ എന്റെ രണ്ടുകൈകളും അവളുടെ വീണക്കുടങ്ങൾക്ക് അടിയിലൂടെ ചുറ്റി പൊക്കിയെടുത്ത് അവളുടെ മുഖം എന്റെ മുഖത്തിനു നേരെ വരാൻ പാകത്തിന് ഉയർത്തി നിർത്തി.. എന്താ ഈ കാണിക്കുന്നത് എന്ന അർദ്ധത്തിൽ വാ പൊളിച്ചിട്ട് പിന്നെ ചിരിച്ചുകൊണ്ട് അവൾ എന്റെ ഇടതു കണ്ണിൽ അവളുടെ വലത് കണ്ണ് ചേർത്ത് പിടിച്ച് എന്നെ പുണർന്നു നിന്ന് നെടുവീർപ്പിട്ടു... അവൾ ഒന്ന് റിലാക്സായ പോലെ തോന്നി..

അവളുടെ മൂക്കിൻതുമ്പിൽ എന്റെ മൂക്കിന്റെ തുംബുകൊണ്ട് ഉരുമ്മി ആ കണ്ണുകളിലേയ്ക്ക് നോക്കിയപ്പോൾ അവൾ അധരപുടം താഴേക്കാക്കി ആ പാൽപ്പല്ലുകൾ എന്നെ കാണിച്ചു... ഞാൻ വീണ്ടും കൊതിയോടെ ആ പവിഴച്ചുണ്ടുകൾ ചപ്പി വലിച്ചപ്പോൾ അവൾ എനിക്ക് ഊമ്പൻ പാകത്തിന് നാക്ക് എന്റെ വായിലേയ്ക്ക് തിരുകിത്തന്നു...

...എന്താ ഇത്രയും നാളും എന്നെ കാണാൻ വരാതിരുന്നത്.. ഞാൻ എത്ര കൊതിച്ചൂന്നറിയോ...

ചുംബനം വിടുവിച്ച് കൈകൾ രണ്ടും എന്റെ നെഞ്ചിൽ താങ്ങി കിതച്ചുകൊണ്ട് അവൾ പരിഭവിച്ചു. ഞാൻ ചിരിച്ചു...

...ചിരിച്ചോ എന്ത് പറഞ്ഞാലും ഈ ആളെ മയക്കണ ചിരി ചിരിച്ചാ മതീല്ലോ.... എന്റെ കവിളിൽ വേദനിക്കാതെ നുള്ളിക്കൊണ്ട് വീണ്ടും പരിഭവം..

എനിക്കെന്ത് പറയണം എന്ന് അറിയില്ലായിരുന്നു.. കുറച്ചു മുന്പ് മീനുവും വാവയും പറഞ്ഞ കാര്യങ്ങൾ ഇപ്പോഴും മനസ്സിൽക്കിടന്നു തിങ്ങുന്നു.. ആദിയുടെ പെരുമാറ്റത്തിലും ഒരു കള്ളലക്ഷണം ഞാൻ വായിച്ചറിഞ്ഞതാണ്.. എന്നാലും എന്റെ നെഞ്ചിൽ ചേർന്ന് നിൽക്കുന്ന ഈ ചക്കരപ്പെണ്ണ് എന്നെ ചതിക്കുമെന്ന് വിശ്വസിക്കാൻ എനിക്കപ്പോഴും പറ്റുന്നുണ്ടായിരുന്നില്ല.. ഉള്ളിലുള്ളത് ചോദിച്ച് അവളെ വേദനിപ്പിക്കാനും പറ്റുന്നില്ല... എന്തായാലും രണ്ട് ദിവസം ഇവിടെ നിൽക്കണം... അറിഞ്ഞ കാര്യങ്ങളുടെ സത്യാവസ്ഥ മനസ്സിലാക്കിയിട്ട് മതി ഇനി ബാക്കി...

..നിന്നെ കാണാൻ എനിക്ക് കൊതിയില്ല എന്നാണോ പെണ്ണേ....? നിനക്കറിയാത്തതല്ലല്ലോ ഒന്നും... ഉള്ളിലുള്ളത് പുറത്ത് കാണിക്കാതെ ഞാൻ പറഞ്ഞു

...ഇന്ന് രാത്രി എന്തായാലും എന്റെ പൊന്നിനെ എനിക്ക് വേണം... ദേവേട്ടന്റെ പൊന്ന് എന്തെങ്കിലും കാരണം പറഞ്ഞു തറവാട്ടിലേയ്ക്ക് വാ.. നമുക്ക് അവിടെ കൂടാന്നെ....!

ഞാനത് പറഞ്ഞപ്പോൾ അവൾ ഒന്ന് ഞെട്ടി. അത് പുറത്ത് കാണിക്കാതെ അവൾ പറഞ്ഞു..

...ഹേയ് അത് വേണ്ട.. ഞാൻ നാളെ പകൽ തറവാട്ടിലേയ്ക്ക് വരാം... അവിടെ ഉള്ളവരൊക്കെ രാവിലെ മുതൽ അമ്പലത്തിലായിരിക്കും... അത് മതീന്നേ... ചുണ്ട് കൊട്ടി കൊഞ്ചിക്കൊണ്ട് അവൾ പറഞ്ഞു...

ഈ സംസാരത്തിനിടയിലെല്ലാം ഞാൻ അവളെ പൊക്കി നിർത്തിയിരിക്കുകയായിരുന്നു.. കൈ കഴച്ചപ്പോൾ ഞാൻ അവളെ താഴെ നിർത്തി.

...ഓകെ... നിന്റെ ഇഷ്ടം അങ്ങനാണേൽ അങ്ങനെ...

..നാളെ എന്റെ കള്ളകണ്ണന്റെ എല്ലാ ആഗ്രഹവും ഈ ആദി തീർത്ത് തരാട്ടോ.. അവൾ സന്തോഷംകൊണ്ട് എന്റെ കഴുത്തിൽ ചുറ്റിപ്പിടിച്ച് കവിളിൽ ചുണ്ടമർത്തി പറഞ്ഞു..

... ദേ.. സമയം കൊറേ ആയി നമ്മൾ ഇങ്ങോട്ട് പോന്നിട്ട്... അച്ചൂനു സംശയം തോന്നും.. വാ നമ്മക്ക് പോകാം...

അവൾ അതും പറഞ്ഞു എന്റെ കൈയിൽ പിടിച്ച് പതുക്കെ പുറത്തേയ്ക്ക് നടന്നു.... വാതിലനുടുത്തെത്തി ചുറ്റും നോക്കി ആരും ഞങ്ങളെ കണ്ടിട്ടില്ല എന്ന് ഉറപ്പ് വരുത്തിയിട്ട് ഞങ്ങൾ വീണ്ടും അമ്പലത്തിന്റെ പുറകിലൂടെതന്നെ നേദ്യപുരയുടെ ഭാഗത്തേയ്ക്ക് ചെന്നു... മത്സരമേളം കഴിഞ്ഞു ആളുകൾ ഭക്ഷണം കഴിക്കാൻ പിരിഞ്ഞു തുടങ്ങി.. അമ്പലത്തിന്റെ ഇടത്ത് ഭാഗത്ത് കുറച്ച് മാറി ശാന്തിമഠത്തിന്റെ അടുത്ത് പന്തലിലാണ് ഭക്ഷണം കൊടുക്കുന്നത്... ഞങ്ങൾ മറ്റ് കസിൻസിനോപ്പം ഭക്ഷണം കഴിച്ചു... കഴിച്ചുകഴിഞ്ഞു പന്തലിനു പുറത്തേയ്ക്ക് ഇറങ്ങുമ്പോൾ മീനുവിനെയും വാവയേയും കണ്ടു.. പിന്നെ അവരും ഞങ്ങൾക്കൊപ്പം കൂടി...

പിന്നെ എല്ലാവർക്കും ഞാൻ ഐസ്ക്രീമോക്കെ വാങ്ങിക്കൊടുത്തു... അതും കഴിച്ചുകൊണ്ട് ഞങ്ങൾ കച്ചവടക്കാർക്കിടയിലൊക്കെ കറങ്ങി നടന്നു..

ആദിക്കൊപ്പം കുറച്ച് സമയം അങ്ങനെയൊക്കെ നടന്നപ്പോൾ തന്നെ മനസ്സിന് നല്ലൊരു കുളിർമ്മ തോന്നിത്തുടങ്ങിയിരുന്നു..

ഇതിനിടയിൽ മീനു പലപ്പോഴും എന്നെ കണ്ണുകൊണ്ട് ആംഗ്യം കാണിക്കുന്നുണ്ടായിരുന്നു.. ഞാൻ ആദിയോട് അവൾ പറഞ്ഞ കാര്യം സംസാരിച്ചോ എന്ന് അവൾക്ക് അറിയണം.. ഞാൻ പിന്നെപ്പറയാം എന്ന് തിരിച്ച് ആംഗ്യം കാണിച്ചു..

ഇതിനിടയിൽ ആദിയും അച്ചുവും എല്ലാം എന്നെക്കൊണ്ട് പല സാധനങ്ങളും വാങ്ങിപ്പിക്കുന്ന തിരക്കിലായിരുന്നു... പ്ലസ്ടുവിൽ പഠിക്കുന്ന അശ്വതിയും എന്റെ മുറപ്പെണ്ണ് ആണെങ്കിലും ഞാൻ ആദിയുടെത് മാത്രമാണ് എന്ന അർദ്ധത്തിൽ എന്റെ കൈത്തണ്ടയിൽ ചുറ്റിപ്പിടിച്ചാണ് ആദി നടന്നിരുന്നത്...

പിന്നീട് നടപ്പോക്കെ മതിയാക്കി ഞങ്ങൾ ആൽത്തറയ്ക്ക് അപ്പുറം ഉള്ള സ്റ്റേജിനു മുന്നിലേയ്ക്ക് നടന്നു.. അവിടെ നാട്ടിൽത്തന്നെയുള്ള കുട്ടികളുടെ നൃത്തവും മറ്റും നടക്കുന്നുണ്ടായിരുന്നു..

ഞങ്ങളെല്ലാം ചെന്നപ്പോഴേക്കും സ്റ്റേജിനു മുൻപിൽ കസേരകളിലെല്ലാം ആളുകൾ നിറഞ്ഞിരുന്നു.. പുറകിൽ ഒഴിഞ്ഞു കിടന്നിരുന്ന ഒന്ന് രണ്ട് കസേരകളിൽ അശ്വതിയും മറ്റും ഇരുന്നപ്പോൾ ഞാനും ആദിയും മീനുവും അവരുടെ പുറകിലായി സംസാരിച്ചുകൊണ്ട് നിന്നു..

അമ്മാവന്മാരൊക്കെ അമ്പലക്കമ്മറ്റി ഭാരവാഹികൾ ഒക്കെ ആയത്കൊണ്ട് അവരൊക്കെ നല്ല തിരക്കിലായിരുന്നു... അമ്മായിമാരോക്കെ ഭക്ഷണം വിളമ്പുന്നതിന്റെ ഭാഗത്തായിരുന്നു.. കുറച്ച് കഴിഞ്ഞപ്പോൾ ആദി അവളുടെ ഒരു കൂട്ടുകാരിയെക്കണ്ട് അവളോട് സംസാരിക്കാനായി ഞങ്ങൾ നിന്നിരുന്നതിന്റെ എതിർഭാഗത്തേയ്ക്ക് പോയി... എനിക്ക് നോക്കിയാൽ കാണാവുന്ന ദൂരത്ത് നിന്നാണ് അവൾ സംസാരിച്ചുകൊണ്ടിരുന്നത്...

അങ്ങനെ അവൾ അവിടെ നിൽക്കുന്ന സമയം ഇടയ്ക്ക് അവൾ മൊബൈൽ ഇടയ്ക്ക് നോക്കുന്നുണ്ടായിരുന്നു... എന്റെ ഒപ്പം നടന്നപ്പോഴോന്നും അവൾ മൊബൈൽ നോക്കുന്നില്ലായിരുന്നു എന്നത് ഞാൻ ശ്രദ്ദിച്ചിരുന്നു...

ആ സമയം ആദിയുടെ അമ്മ വന്ന് അവളോട് എന്തോ പറഞ്ഞു.. ഇപ്പോൾ വരാം എന്ന് എന്റെ നേരെ നോക്കി കൈകൊണ്ട് ആംഗ്യം കാണിച്ചിട്ട് അവൾ അമ്മായിയോടൊപ്പം പോയി..

ഇതിനിടയ്ക്ക് മീനുവിനും ഇരിക്കാൻ കസേരകിട്ടി.. അതുകൊണ്ട് ഞാൻ പതുക്കെ ചെറിയമ്മാവന്റെ മകൻ അശ്വിനും കൂട്ടുകാരും നിന്നിരുന്ന ഭാഗത്തേയ്ക്ക് മാറി നിന്ന് സ്റ്റേജിലെ പരിപാടികൾ കാണാൻ തുടങ്ങി..

കുറച്ച് സമയം കഴിഞ്ഞിട്ടും ആദിയെ കാണാതിരുന്നപ്പോൾ ഒന്ന് ചെന്ന് നോക്കാൻ ഞാൻ തീരുമാനിച്ചു.... ഞാൻ ഇപ്പൊ വരാം എന്ന് അശ്വിനോടു പറഞ്ഞിട്ട് പതുക്കെ ആദി പോയ ശാന്തിമഠത്തിന്റെ ഭാഗത്തേയ്ക്ക് ചെന്നു... പക്ഷെ അവിടെയൊന്നും ആദി ഉണ്ടായിരുന്നില്ല.. അമ്മായി അപ്പോഴും ഭക്ഷണം വിളംബിക്കൊടുക്കാൻ നിൽക്കുന്നുണ്ടായിരുന്നു... ഞാൻ അമ്മായിയോട് ആദിയെക്കുറിച്ച് ചോദിച്ചപ്പോൾ അവൾ അപ്പോൾത്തന്നെ സ്റ്റേജിന്റെ ഭാഗത്തേയ്ക്ക് വന്നല്ലോ എന്ന മറുപടിയാണ് കിട്ടിയത്.. എന്റെ ഉള്ളിൽ എന്തോ ഒരു ശങ്കതോന്നിത്തുടങ്ങി... ഞാൻ വീണ്ടും സ്റ്റേജിന്റെ ഭാഗത്ത് പോയി നോക്കിയെങ്കിലും അവിടെയൊന്നും ആദി ഉണ്ടായിരുന്നില്ല... ഞാൻ അങ്ങനെ നടക്കുമ്പോൾ ഇനി അവൾ വീട്ടിലേയ്ക്ക് എങ്ങാനും പോയി കാണുമോ എന്ന് എനിക്ക് തോന്നി.. പിന്നെ താമസിക്കാതെ ഞാൻ പതുക്കെ കുളത്തിന്റെ അടുത്തുകൂടിയുള്ള നടവഴിയിലൂടെ അവളുടെ വീട്ടിലേയ്ക്ക് പോകാനായി നടന്നു...

കുളത്തിനടുത്ത് വന്നപ്പോൾ അടക്കിപ്പിടിച്ചുള്ള ഒരു ചിരി കേട്ട് ഞാൻ നടത്തം നിർത്തി ശ്രദ്ധിച്ചു.. അപ്പോൾ വീണ്ടും അതെ ശബ്ദം ഒപ്പം കൊലുസ് കിലുങ്ങുന്ന ശബ്ദവും... മറപ്പുരയിൽ നിന്നുമാണ് എന്ന് എനിക്ക് മനസ്സിലായി... ആളുകളൊക്കെ സ്റ്റേജിന്റെയും ശാന്തിമഠത്തിന്റെയുമൊക്കെ ഭാഗത്തായത്കൊണ്ട് ഈ ഭാഗം വിജനമായിരുന്നു.. വെളിച്ചവും കുറവാണ്... ഞാൻ പെണ്ണുങ്ങളുടെ മറപ്പുരയുടെ ഭാഗത്ത് പുറത്ത് നിന്നുകൊണ്ട് ഭിത്തിയോട് ചേർന്ന് നിന്ന് ചെവിയോർത്തു.. സ്റ്റേജിൽ നടക്കുന്ന പരിപാടികളുടെ ശബ്ദം ഉള്ളത്കൊണ്ട് ശരിക്കും കേൾക്കാൻ കഴിയുന്നുണ്ടായിരുന്നില്ല... എന്നാലും അകത്ത് രണ്ടു പേരുണ്ട് എന്നും ഒരാണും പെണ്ണും ആണെന്നും എനിക്ക് മനസ്സിലായി...

നമുക്കെന്ത് കാര്യം എന്ന് ചിന്തിച്ച് ഞാൻ നടക്കാൻ തുനിഞ്ഞു.. എങ്കിലും എന്തോ ഒരുൾപ്രേരണയാൽ ഞാൻ അവിടെത്തന്നെ നിന്നു... ആ ഭാഗത്ത് ഇരുട്ടാണെങ്കിലും എന്റെ വെള്ളമുണ്ട് ആയത്കൊണ്ട് ആരെങ്കിലും കണ്ടാലോ എന്ന് തോന്നിയപ്പോൾ ഞാൻ പതുക്കെ അകത്തേയ്ക്ക് കയറി ആണുങ്ങളുടെ കടവിന്റെ ഭാഗത്തേയ്ക്ക് കയറി നിന്നു...അപ്പോൾ പുറത്ത് നിന്നുള്ള ശബ്ദകോലാഹലങ്ങൾ അത്ര കേൾക്കുന്നില്ലായിരുന്നു... അതുകൊണ്ട് അകത്ത് നിൽക്കുന്നവരുടെ ശബ്ദം കുറച്ചുകൂടി വ്യക്തമായി എനിക്ക് കേൾക്കാൻ പറ്റുന്നുണ്ടായിരുന്നു..

അവർ പരസ്പ്പരം ചുംബിക്കുകയും ചപ്പുകയും ഒക്കെ ചെയ്യുന്ന ശബ്ദം എനിക്ക് കേൾക്കാമായിരുന്നു... ഇടയ്ക്ക് മുളക് കടിച്ചത് പോലെയുള്ള സീൽക്കാരങ്ങളും, ഉച്ചത്തിൽ ശ്വാസോച്ഛ്വാസം ചെയ്യുന്നതും ഒക്കെ വ്യക്തമായിത്തന്നെ ഞാൻ കേട്ടൂ..

...അവനോട് ഉത്സവത്തിന് വരാൻ പറയണ്ട വല്ല കാര്യവുമുണ്ടായിരുന്നോ നിനക്ക്... ഇടയ്ക്ക് ആൺ ശബ്ദം അങ്ങനെ പറഞ്ഞു... പക്ഷെ അതിനു പെണ്ണിന്റെ മറുപടി കേട്ട് ഞാൻ സ്തബ്ദനായി നിന്ന് പോയി...

"...ഞങ്ങൾ തമ്മിൽ കണ്ടിട്ട് എത്ര നാളായി എന്ന് നിനക്കറിയോ... എത്രയായാലും ദേവേട്ടനെ കാണാൻ എനിക്ക് കൊതിയുണ്ടായിരുന്നു.. അതുകൊണ്ടാ വരാൻ പറഞ്ഞത്... ...പക്ഷെ ദേവേട്ടൻ പിന്നെ ഒന്നും പറയാതിരുന്നത്കൊണ്ട് ഞാൻ കരുതിയത് വരില്ലെന്നു തന്നെയാ... അതുകൊണ്ടല്ലേ നീ വരാം എന്ന് പറഞ്ഞപ്പോൾ ഞാൻ സമ്മതിച്ചത്..."

അകത്ത് കാമുകന്റെ കരപരിലാളനകളിൽ പുളയുന്ന ആ പെണ്ണ് എന്റെ ആദിയാണ് എന്നറിഞ്ഞ നിമിഷം കാൽക്കീഴിലെ ഭൂമി പിളരുന്നത് പോലെയാണ് എനിക്ക് തോന്നിയത്. മീനുവും വാവയും പറഞ്ഞ കാര്യങ്ങൾ കേട്ടപ്പോഴോ.., ആദിയിൽ നിന്ന് സംശകരമായ പെരുമാറ്റം ഉണ്ടായപ്പോൾ പോലും.., അവളെ സംശയിച്ചതിനു എന്നെ സ്വയം ശപിച്ച എനിക്ക് താങ്ങാവുന്നതിനു അപ്പുറമായിരുന്നു അവിടെ സംഭവിക്കുന്നതെല്ലാം.

എന്റെ ആ അവസ്ഥയിലും അവരുടെ സുഖസീൽക്കാരങ്ങൽക്കിടയിൽ കേൾക്കുന്ന സംഭാഷണം ഞാൻ ശ്രദ്ദിച്ചു.

"...അപ്പൊ നിന്റെ ദേവേട്ടൻ ഉള്ളതുകൊണ്ട് ഇന്നിനിയൊന്നും നടക്കില്ലല്ലേ....?"

"... കൊതിയൻ.. ഇത്രയും ഞാൻ നിന്ന് തന്നില്ലേ....? അതുപോരേടാ മുത്തെ നിനക്ക്...?"

"..എടി കള്ളിപൂറിമോളെ... ഇത്രയും ദൂരം ഞാൻ വണ്ടിയുമോടിച്ച് വന്നിട്ട് ഇത്രയും കൊണ്ട് മതിയാക്കാനോ... നടക്കില്ല മോളെ... നീ എന്തകിലും ഒരു വഴി കണ്ടുപിടിക്ക് നമുക്ക് ഈ രാത്രി മുഴുവൻ അടിച്ചു പോളിക്കാടീ ചക്കരെ.. "

വീണ്ടും ചുംബിക്കുന്നതിന്റെയും മറ്റും സീൽക്കാരങ്ങൽക്കൊപ്പം അവരുടെ വസ്ത്രങ്ങൾ ഉലയുന്നതിന്റെയും, കൊലുസുകളും, കൈവളകളും കിലുങ്ങുന്നതിന്റെയും ശബ്ദം ഞാൻ കേട്ടു.

ഞാൻ ഓർക്കുകയായിരുന്നു.., കുഞ്ഞിലേ മുതൽ അമ്മവീട്ടിൽ വന്നാൽ എന്റെ കൂട്ട് ആദി ആയിരുന്നു. എല്ലാം തുറന്ന് സംസാരിച്ചിരുന്ന എന്റെ ഏറ്റവും അടുത്ത കൂട്ടുകാരി.

മൂന്ന് വർഷങ്ങൾക്ക് മുന്പ് ഇതേ അമ്പലക്കുളത്തിന്റെ പടവുകളിൽ ഇരുന്ന് കളികൾ പറയുമ്പോൾ ഇടയ്ക്ക് എന്നെ ഞെട്ടിച്ചുകൊണ്ട് എന്നോടുള്ള ഇഷ്ടം പറഞ്ഞവൾ.. തിരിച്ച് ഞാനും അവളെ ഇഷ്ടപ്പെടുന്നു എന്നറിഞ്ഞപ്പോൾ സന്തോഷംകൊണ്ട് എന്നെ കെട്ടിപ്പിടിച്ച് കരഞ്ഞ എന്റെ പെണ്ണ്...

വീട്ടുകാരുടെ കണ്ണുവെട്ടിച്ച് ആദ്യമായി ഞാനൊന്ന് അവളുടെ തേൻചുണ്ടുകളിൽ മുത്തമിട്ടതിനു എന്നോട് രണ്ടു ദിവസം പിണങ്ങി നടന്നവൾ... അങ്ങനെയുള്ള എന്റെ ആദിയാണ് ഇന്ന് ഒരു ചുമരിനപ്പുറം മറ്റൊരു ആണിന്റെ പരിലാളനകളിൽ മതിമറന്നു സുഖിക്കുന്നത് എന്ന തിരിച്ചറിവ് എന്റെ ഹൃദയം പിളർക്കുന്നതായിരുന്നു.

കുറച്ച് മുന്പ് എന്റെ നെഞ്ചിൽ ചാരി, ആലിംഗനത്തിൽ അമർന്ന്, എന്നോട് കൊക്കുരുമ്മി നിന്ന് പരിഭവം പറഞ്ഞ ആദി ഇപ്പോൾ അതെ സ്ഥലംതന്നെ രഹസ്യകാമുകനുമായുള്ള സംഗമത്തിന് തിരഞ്ഞെടുത്തത് ഓർത്തപ്പോൾ എന്റെ ഉള്ളം ചുട്ടുനീറുകയായിരുന്നു..

രണ്ടിനേം കൊല്ലാനുള്ള ദേഷ്യം തോന്നിയ നിമിഷം സ്വയം നിയന്ത്രിച്ച് ഞാൻ ശബ്ദമുണ്ടാക്കാതെ പുറത്തേക്കിറങ്ങി... അവർ പുറത്തേയ്ക്ക് വരുമ്പോൾ കാണാവുന്ന ദൂരത്ത് പൊള്ളുന്ന മനസ്സുമായി ഞാൻ നിന്നു... എന്നെ ചതിച്ചവൾ ഇനി ജീവനോടെ വേണ്ട എന്ന് ഞാൻ തീരുമാനിച്ചിരുന്നു... ഭാരംതൂങ്ങിയ മനസ്സുമായി ഇഴഞ്ഞു നീങ്ങുന്ന നിമിഷങ്ങൾ എണ്ണിക്കൊണ്ട് ഞാൻ നിൽക്കുമ്പോൾ എന്റെ ചിന്തകളെ ഭംഗിച്ചുകൊണ്ട് എന്റെ ഷർട്ടിന്റെ പോക്കറ്റിൽ കിടന്ന മൊബൈൽ മിന്നി..

കുളക്കടവിലെ ഞരക്കങ്ങൾ കേട്ട് അങ്ങോട്ടുപോയി നോക്കാൻ തീരുമാനിച്ച നിമിഷം ഞാനെന്റെ മൊബൈൽ സൈലന്റ് ആക്കിയിരുന്നു..

മൊബൈലെടുത്ത് നോക്കിയപ്പോൾ വീട്ടിൽ നിന്നാണ്.. കോൾ അറ്റൻഡ് ചെയ്തപ്പോൾ അങ്ങേ തലയ്ക്കൽ അമ്മയായിരുന്നു..

"... ദേവൂട്ടൻ എവിടെയാടാ..." അമ്മയുടെ സ്നേഹം നിറഞ്ഞ വിളി എന്റെ മനസ്സിനെ തെല്ലൊന്നു ശാന്തമാക്കി.

"..ഞാൻ ഉത്സവപറമ്പിലാ അമ്മേ ...."

"...എന്ത് പറ്റിയെടാ അമ്മേടെ മുത്തിന്റെ ശബ്ദമെന്താ വല്ലാതിരിക്കുന്നത്.."

എത്ര ദൂരത്താണെങ്കിലും മക്കളുടെ മാറ്റങ്ങൾ ശബ്ദംകൊണ്ട് പോലും തിരിച്ചറിയാൻ അമ്മാമാർക്കുള്ള കഴിവ് അപാരം തന്നെയാണ്.

"...ഒന്നൂല്ല അമ്മെ... അമ്മയ്ക്ക് തോന്നിയതാവും...!"

"...അമ്മേടെ കുട്ടൻ അത്താഴം കഴിച്ചോടാ...?"

"...ഉം.. കഴിച്ചു... അമ്പലത്തിൽ അത്താഴ സദ്യ ഉണ്ടായിരുന്നു..."

".. അവടെ എല്ലാർക്കും സുഖല്ലേടാ.... "

".. ഉം.. എല്ലാരും സുഖായിരിക്കുന്നു.. അമ്മേ ഇവിടെ സ്റ്റേജിൽ പരിപാടികൾ നടക്കുന്ന ശബ്ദം കാരണം എനിക്ക് ശരിക്ക് കേൾക്കുന്നില്ല.. ഞാൻ പിന്നെ വിളിക്കാട്ടോ..."

"...ഉം ശരി വാവേ... ഞാൻ നാളെ വിളിക്കാം..."

അതും പറഞ്ഞു അമ്മ ഫോൺ വച്ചു. അമ്മയോട് സംസാരിച്ചപ്പോൾ മനസ്സിലെ ചൂടൽപ്പം കുറഞ്ഞു...

വികാരം വിവേകത്തിനു വഴിമാറിത്തുടങ്ങിയപ്പോൾ ആദിയെയും കാമുകനെയും കൊല്ലാനുള്ള ദേഷ്യവുമായി നിന്നിരുന്ന ഞാൻ എന്റെ അമ്മയെപ്പറ്റി ചിന്തിച്ചു. ഒരു നിമിഷത്തെ വികാരം കൊണ്ട് ഞാൻ എടുത്തുചാടി എന്തെങ്കിലും ചെയ്താൽ ഇന്നത്തെ അവസ്ഥയിൽ അതെന്റെ വീട്ടിലുള്ളവരെ എത്രത്തോളം വിഷമിപ്പിക്കും എന്ന ചിന്ത എന്റെ ദേഷ്യം ശമിപ്പിച്ചു.

എല്ലാം അവസാനിച്ചു എന്ന് തീരുമാനിച്ച് ഞാൻ അവിടെ നിന്നും പതുക്കെ നടന്നു.

പിന്നെ തോന്നി അവളുടെ കാമുകനെ ഒന്ന് കാണണം എന്ന്. ആ സമയം ഏതൊരു കാമുകനും തോന്നുന്ന വിചാരം .."തന്നേക്കാൾ എന്ത് പ്രത്യേകതയാണ് അവനുള്ളത്.." എന്നറിയാനുള്ള ആകാംഷ..!

അവർ പുറത്തിറങ്ങിയാൽ എന്നെ കാണാൻ കഴിയാത്തവിധം ഞാൻ ഊട്ടുപുരയ്ക്ക് അടുത്തുള്ള വലിയ പൂപ്പരുത്തിയ്ക്കു പിന്നിൽ മറഞ്ഞു നിന്നു. സ്നേഹിക്കുന്ന പെണ്ണ് കാമുകനൊപ്പം കൈയെത്തുന്ന ദൂരത്ത് നിന്ന് കാമകേളികൾ ആടുന്നത് അറിഞ്ഞിട്ടും പ്രതികരിക്കാനാവാത്ത എന്റെ അവസ്ഥ ഓർത്ത് എനിക്ക് എന്നോട് തന്നെ പുച്ഛം തോന്നി.

അഞ്ച് മിനിറ്റ് കൂടിക്കഴിഞ്ഞപ്പോൾ അവർ പുറത്തേയ്ക്ക് ഇറങ്ങി വന്നു. കാമുകന്റെ കരവിരുതുകൾ മറ്റുള്ളവർ അറിയാതിരിയ്ക്കാൻ സാരിയൊക്കെ

നേരെയാക്കി കുളത്തിൽ നിന്നും മുഖവും കഴുകി ഇറങ്ങി വരുന്ന ആദിയെ കണ്ടപ്പോൾ എനിക്ക് പരിചയമില്ലാത്ത ആരോ ആണ് അതെന്ന് തോന്നി.., അത്രയ്ക്ക് എന്റെ ആദി മാറിപ്പോയിരിക്കുന്നു.

അവളുടെ പുറക ഇറങ്ങി വന്ന അവളുടെ കാമുകനെ ഊട്ടുപുരയ്ക്ക് മുൻപിലെ ലൈറ്റിന്റെ വെളിച്ചത്തിൽ ഞാൻ കണ്ടു. അഞ്ചരയടിക്ക് മുകളിൽ പൊക്കമുള്ള വെളുത്ത് സുമുഖനായ പയ്യൻ.., ക്ലീൻ ഷേവ് ചെയ്ത മുഖം..., മെലിഞ്ഞ ശരീരം..., പക്ഷെ അതിനേക്കാളോക്കെ എന്നെ അത്ഭുതപ്പെടുത്തിയത് അവന്റെ വേഷമായിരുന്നു.. ആദി ഇട്ടിരിക്കുന്ന സാരി ബ്ലൗസിന്റെ അതെ ആകാശനീല കളർ ഷർട്ടും അതിനു മാച് ചെയ്യുന്ന കരയുള്ള വെള്ളമുണ്ടും..., അതിൽ നിന്ന് തന്നെ അവർ തമ്മിലുള്ള ബന്ധം എത്രത്തോളമുണ്ട് എന്ന് ഞാൻ മനസ്സിലാക്കുകയായിരുന്നു..

അമ്പലത്തിന്റെ പുറകിൽ നിഴൽമറ തീരുന്ന ഭാഗത്തെത്തിയപ്പോൾ അവൻ അവളെ ഒന്നുകൂടി വട്ടം പിടിച്ച് ചുംബിച്ചു.. അത് രസിച്ച് നിന്നിട്ട് പതുക്കെ ശാസിക്കുന്നപോലെ അവന്റെ ഇടതു കൈത്തണ്ടയിൽ അവൾ തല്ലി. പിന്നെ അവനെ ഉന്തിത്തള്ളി മാറ്റി അവനെ ആദ്യം പോകാൻ അനുവദിച്ചിട്ട് അൽപ്പസമയം ആ നിഴൽ മറയിൽ തന്നെ നിന്നിട്ട് ചുറ്റും നോക്കി ആരുമില്ല എന്ന് ഉറപ്പ് വരുത്തി അവളും പോയി...

ഇതിനെല്ലാം മൂകസാക്ഷിയായി നിന്ന എന്റെ ഉള്ളിൽ തീ ആളുകയായിരുന്നു..

ഞാൻ പതുക്കെ കുളക്കടവിലേയ്ക്ക് ചെന്നു... നന്നായി ഒന്ന് മുഖം കഴുകിയിട്ട് ഞാനും പതുക്കെ സ്റ്റേജിന്റെ ഭാഗത്തേയ്ക്ക് നടന്നു... ഞാൻ വരുന്നത് കണ്ട ആദി വേഗം എന്റെ അടുത്തേയ്ക്ക് വന്നു...

"...ദേവേട്ടൻ എവിടെ ആയിരുന്നു...? ഞാൻ എവിടെയെല്ലാം നോക്കി.."

ഉള്ളിലെ ദേഷ്യം അടക്കാൻ പാടുപെട്ടുകൊണ്ട് ഞാൻ മറുപടി പറഞ്ഞു..

"...എനിക്കൊരു കോൾ വന്നു.. ഇവിടെ ഈ ശബ്ദത്തിനിടയ്ക്ക് ഒന്നും കേൾക്കാൻ പറ്റാത്തത്കൊണ്ട് ഞാൻ കുറച്ച് മാറി നിന്ന് സംസാരിക്കുകയായിരുന്നു... "

അങ്ങനെ ഞാൻ പറഞ്ഞെങ്കിലും ഇത്തരം അവസ്ഥകളിൽ അഭിനയിച്ച് ഫലിപ്പിക്കാൻ ഞാൻ അത്ര മിടുക്കനായിരുന്നില്ല., അതുകൊണ്ട് തന്നെ എന്റെ ഭാവമാറ്റം അവൾ കണ്ടു പിടിച്ചു.

"...അതിനു ദേവേട്ടന്റെ മുഖമൊക്കെ എന്താ വല്ലാതെ ഇരിക്കുന്നത്.... ആരാ വിളിച്ചേ...?"

എന്റെ കവിളിൽ തഴുകിക്കൊണ്ട് അവളങ്ങനെ ചോദിച്ചപ്പോൾ എനിക്കവളുടെ കൈ തട്ടി മാറ്റണം എന്നുണ്ടായിരുന്നു. പക്ഷെ ഞാനത് ചെയ്തില്ല.

"...ഹേയ് ഒന്നുമില്ല... നിനക്ക് തോന്നിയതാവും... പിന്നെ ചെറിയ തലവേദനയുണ്ട്... "

"... ഈ തണുപ്പിന്റെ ആവും... നമുക്ക് ഒരു ചായ കുടിച്ചാലോ... ചെല്ലമ്മയുടെ കടയിൽ നിന്ന് കടുപ്പത്തിൽ ഒരു കട്ടൻ അടിക്കുംപോഴേക്കും തലവേദനയൊക്കെ പൊക്കോളും..ദേവേട്ടൻ വാ..."

കുലടയായ കാമുകിയുടെ റോൾ അവൾ അഭിനയിച്ചു തകർക്കുമ്പോൾ എനിക്കവളോട് പുച്ഛം തോന്നി.

"...വേണ്ട ആദി.. ഞാൻ തറവാട്ടിലേയ്ക്ക് പോകുവാ... ഗാനമേള കാണാൻ ഞാൻ നിക്കുന്നില്ല... "

"...അത് ശരിയാ ഒന്ന് നന്നായി ഉറങ്ങിക്കഴിഞ്ഞാൽ തലവേദനയൊക്കെ പൊക്കോളും... ദേവേട്ടൻ ചെല്ല്.. "

പിന്നെ പതുക്കെ എന്നോട് ചേർന്ന് നിന്ന് അവളെന്റെ ചെവിൽ പറഞ്ഞു.

"...നാളെ രാവിലെ ഞാൻ തറവാട്ടിലേയ്ക്ക് വന്നേക്കാം എന്റെ ചക്കരക്കുട്ടൻ ഇപ്പൊ ചെല്ല്... "

ഞാൻ അവളെ അത്ഭുതത്തോടെ നോക്കി നിന്നുപോയി.. ഒരേ സമയം ഒന്നിലധികം കാമുകന്മാരുടെ വിശ്വസ്ത കാമുകി ചമയുവാൻ ഇവൾക്കെങ്ങനെ കഴിയുന്നു എന്നോർത്തിട്ട്..

മുഖത്ത് ഒരു ചിരി വരുത്തി ഞാൻ പതുക്കെ തിരിഞ്ഞു നടന്നു... ഈ സമയം പുറകിൽ അവളുടെ ആശ്വാസത്തോടെയുള്ള നെടുവീർപ്പ് ഞാൻ കേട്ടു...

ഭ്രാന്തെടുന്ന മനസ്സുമായി ഞാൻ എന്റെ ബുള്ളറ്റിൽ കയറി പായുകയായിരുന്നു. മാണിക്യന്റെ വീടായിരുന്നു എന്റെ ലക്ഷ്യം.

“കൊല്ലൻ മാണിക്യൻ”

പിന്നെ അകത്തു കിടക്കുന്ന വിസ്കിയുടെ ചൂടുള്ള ലഹരിയുടെ അകമ്പടിയോടെ ഞാൻ ഉറങ്ങി... ഇടയ്ക്കെപ്പോഴോ റ്റീഷർട്ടിൽ ആരോ പിടിച്ചുവലിക്കുന്നത് പോലെ തോന്നി കണ്ണ് തുറന്നു നോക്കിയപ്പോൾ ഒരു കുഞ്ഞുവാവയാണ്... ഓമനത്തമുള്ള ഒരാൺകുഞ്ഞ്...

എന്റെ ഇടത്ത് വശത്തിരുന്ന് ഉറങ്ങുന്ന അവന്റെ അമ്മയുടെ കൈയിൽ ഇരുന്നുക്കൊണ്ട് എന്റെ ബനിയനിൽ പിടിച്ചു വലിച്ചു കളിക്കുകയാണ് അവൻ... അവർ കയറിയതും എന്റെ അടുത്ത് വന്നിരുന്നതും ഒന്നും ഞാനറിഞ്ഞിരുന്നില്ല.. ടൈമർ വച്ചിരുന്നതുകൊണ്ട് ഐപോഡിലെ പാട്ട് എപ്പോഴോ നിന്നിരുന്നു..

എന്റെ ഉറക്കം പോയി.. സമയം നോക്കിയപ്പോൾ പന്ത്രണ്ടര ആയിരുന്നു... ഞാൻ വിൻഡോ കർട്ടൻ നീക്കി പുറത്തെ കാഴ്ചകൾ കണ്ടുകൊണ്ടിരുന്നു...

ആ കുഞ്ഞ് ഇടയ്ക്ക് വീണ്ടും എന്റെ ഡ്രസ്സിൽ പിടിച്ചു വലിച്ചു.. ഞാൻ നോക്കിയപ്പോൾ അവൻ പാൽപ്പല്ലുകൾ കാട്ടി മനോഹരമായി ചിരിച്ചു.. കഷ്ടി ഒരു വയസ്സ് പ്രായം കാണും അവന്... മുഖം എന്റെ എതിർവശത്തേയ്ക്ക് ചരിച്ചുവച്ച് അവന്റെ അമ്മ സുഖമായി ഉറങ്ങുന്നു.. കരിനീല കളറിൽ ഇടയ്ക്കിടയ്ക്ക് നേരിയ വെളുത്ത വരകളുള്ള ഒരു ഫ്രണ്ട് ഓപ്പൺ കുർത്തിയും, ബ്ലാക്ക് ജീൻസുമാണ് ആ പെണ്ണിന്റെ വേഷം... തണുക്കാതിരിക്കാൻ ഒരു വൂളൻ ഷാൾ കൊണ്ട് പുതച്ചിട്ടുണ്ട്... കുഞ്ഞിനേയും ഷാളിൽ പൊതിഞ്ഞു പിടിച്ചാണ് അവൾ ഉറങ്ങാൻ തുടങ്ങിയത് എന്നു തോന്നി...

പക്ഷെ ഇടയ്ക്ക് ഉണർന്ന കുഞ്ഞ് പിടിച്ചു വലിച്ച് ഷാൾ അവളുടെ മാറിൽ നിന്നും മാറിയാണ് കിടക്കുന്നത്... മുലകുടിക്കുന്ന കുട്ടി ഉള്ളത് കൊണ്ട് പാൽ നിറഞ്ഞ അവളുടെ വലിയ മുലകൾ ബസ്സിന്റെ താളത്തിനനുസരിച്ച് തുള്ളിത്തുളുംബുന്ന കാഴ്ച്ച ചെറുതായി എന്നെ കമ്പി അടിപ്പിച്ചു...

എന്തായാലും ഉറക്കം പോയി... എന്നാൽ കുറച്ച് നേരം ആ പെണ്ണിന്റെ സീൻ പിടിക്കാം എന്ന് കരുതി ഞാൻ അവളുടെ ഉറക്കം നോക്കിക്കൊണ്ട് ഇരുന്നു.. ദീർഘദൂര യാത്രകളിൽ ഇതൊക്കെ അല്ലെ ഒരു രസം...

കുഞ്ഞുണർന്നതൊന്നും അവന്റെ അമ്മ അറിഞ്ഞിട്ടില്ല... അവളുടെ മുലകൾക്കിടയിൽ തലവച്ച് കിടക്കുന്ന കുഞ്ഞിനെ ലാളിക്കാൻ എന്നപോലെ പതുക്കെ അവന്റെ തലയിൽ തലോടിയപ്പോൾ എന്റെ വിരലുകൾ ഡ്രസ്സിനു മുകളിലൂടെ അവളുടെ മുലയിൽ ഉരസ്സി... ഇടയ്ക്ക് കുഞ്ഞിന്റെ കൈകൾ അവളുടെ മുലയിലും മുഖത്തുമെല്ലാം ഓടി നടക്കുന്നുണ്ടായിരുന്നതുകൊണ്ട് അവളിൽ നിന്നും പ്രതികരണമൊന്നും ഉണ്ടായില്ല... കിട്ടിയ ചാൻസ് ഞാനും വെറുതെ കളഞ്ഞില്ല... അവൾക്ക് നേരെ ചരിഞ്ഞിരുന്ന് ഞാൻ പതുക്കെ അവളുടെ മുലയിൽ ഉടുപ്പിനു മുകളിലൂടെ തഴുകി... മുറുക്കെ പിടിക്കാൻ കൈതരിച്ചെങ്കിലും ഞാനത് ചെയ്തില്ല... എങ്ങാനും അവൾ ഉണർന്നാലോ...??

പക്ഷെ കുറച്ചു കഴിഞ്ഞപ്പോൾ അറിയാതെ എന്റെ വിരൽ ഉടുപ്പിനു വെളിയിൽ കാണുന്ന അവളുടെ മുലവിടവിൽ ചെറുതായി അമർന്നു.. അങ്ങനെ ചെയ്യണം എന്ന് ഞാൻ കരുതിയതല്ല.. പക്ഷെ പറ്റിപ്പോയി.. നേരിട്ടുള്ള ആദ്യത്തെ സ്പർശനത്തിൽ അവളുണർന്നു... ഞാൻ പെട്ടന്ന് കൈ വലിച്ച് വിൻഡോയ്ക്ക് നേരെ മുഖം തിരിച്ചു കണ്ണടച്ചിരുന്നു..

എന്റെ കൈത്തണ്ടയിൽ ആ കുഞ്ഞിക്കൈകൾ പതുക്കെ തല്ലിയപ്പോൾ ആണ് ഞാൻ കണ്ണ് തുറന്നത്...

"...സോറി..." എന്റെ ഉറക്കം ശല്യപ്പെടുത്തിയതിനു അവൾ എന്നോട് ക്ഷമ പറഞ്ഞുകൊണ്ട് കുഞ്ഞിന്റെ കൈ പിടിച്ചു വലിച്ചു.. ഞാൻ അപ്പോഴാണ് അവളുടെ മുഖം ശ്രദ്ധിക്കുന്നത് വട്ടമുഖത്തിൽ ആരെയും ആകർഷിക്കുന്ന മലർന്ന ചുണ്ടുകളുള്ള സുന്ദരിപ്പെണ്ണ്... കുർത്തിയുടെ ഫുൾ സ്ലീവിൽ ഒതുങ്ങുന്ന അവളുടെ കൊഴുത്ത കൈ ഉയർത്തി മുഖത്തേയ്ക്ക് വീണു കിടന്ന അളകങ്ങൾ ഒതുക്കിക്കൊണ്ട് അവൾ എന്റെ നേരെ നോക്കി മഹോഹരമായി ഒന്ന് ചിരിച്ചു.. ഞാൻ തിരിച്ചും

മുലയിൽ ഞാൻ കൈവച്ചത് അവളറിഞ്ഞു കാണും എന്ന ആശങ്ക ഉണ്ടായിരുന്നതുകൊണ്ട് ഞാൻ പിന്നെ അവളുടെ നേരെ നോക്കാൻ പോയില്ല..

".... അമ്മേടെ ചക്കര ഉറങ്ങിക്കോ... നമ്മളേ നാളെ രാവിലേ നാട്ടിലെത്തൂള്ളൂട്ടോ... വാവ ചാച്ചിക്കോ..." ഓ പെണ്ണ് മലയാളിയാണ്.. അവൾ കുഞ്ഞിനെ ഉറക്കാൻ പഠിച്ചപണി പതിനെട്ടും നോക്കിയിട്ടും അവനുറങ്ങിയില്ല... തന്നെയുമല്ല കരച്ചിലും തുടങ്ങി...

കുഞ്ഞിന്റെ കരച്ചിൽ കേട്ട് അടുത്ത സീറ്റിലിരുന്ന ചിലരൊക്കെ ഉണർന്ന്.., ഉറക്കം തടസ്സപ്പെടുതിയത്തിനു അവളെ ഈർഷ്യയോടെ നോക്കി.. അവളുടെ പെടാപ്പാട് കണ്ടിട്ട് ഇടയ്ക്ക് ഞാനൊന്ന് അവളുടെ മുഖത്തേയ്ക്ക് നോക്കി... അവൾ എന്റെ നേരെ നോക്കി വിഷമിച്ച് ഒന്ന് ചിരിച്ചു..

അവൾ ഒറ്റയ്ക്കാണെന്ന് തോന്നുന്നു.. ഇല്ലെങ്കിൽ അവളീ പാട് പെടുന്നതുകണ്ട് കൂടെയുള്ള ആരെങ്കിലും സഹായത്തിനു എത്തേണ്ട സമയം കഴിഞ്ഞു....

"... കുഞ്ഞിനു വിശന്നിട്ടായിരിക്കും കരയുന്നത്..." എന്റെ സംസാരം കേട്ട് അവളുടെ കണ്ണുകൾ വിടർന്നു..

"... സാറ് മലയാളിയാണല്ലേ.... എന്ത് ചെയ്യാനാ... ബസ്സിൽ കയറുന്നതിനു മുന്പ് ഞാൻ ഫീഡ് ചെയ്തിട്ട് ഇവനെ ഉറക്കിയതായിരുന്നു... ഇപ്പൊ ഇനി എന്ത് ചെയ്യും..."

"... അതിനെന്താ ഒന്നുകൂടി ഫീഡ് ചെയ്യണം..." ഞാൻ ഒന്നും ആലോചിക്കാതെ വളരെ കൂളായി അങ്ങനെ പറഞ്ഞപ്പോൾ അവൾ ദയനീയ ഭാവത്തിൽ എന്നെ നോക്കി... ആ നോട്ടത്തിന്റെ അർദ്ധം എനിക്കപ്പോൾ തന്നെ മനസ്സിലായി.. ഞാൻ അടുത്തിരിക്കുമ്പോൾ അവൾക്ക് കുഞ്ഞിനു മുലകൊടുക്കാൻ മടി...

"...ഓ സോറി... ഒരു കാര്യം ചെയ്യൂ... ഞാൻ മാറിത്തരാം ഇയാള് ഈ വിൻഡോ സൈഡിലേക്കിരുന്നോ.." അത് കേൾക്കാൻ കാത്തിരുന്നപോലെ അവൾ കുഞ്ഞിനേയും എടുത്ത് എനിക്ക് വഴി ഒഴിഞ്ഞു നിന്നു... ഞാൻ എഴുന്നേറ്റ് മാറിയപ്പോൾ അവൾ വിൻഡോ സൈഡിൽ ഇരുന്നു.. എന്നിട്ടും കുഞ്ഞിനു മുലകൊടുക്കാതെ അവൾ മടിച്ചു നിന്നു... അവൾക്ക് ബട്ടൺ അഴിച്ച് മുല പുറത്തെടുക്കണമായിരുന്നു ... ഞാൻ അവൾക്ക് പുറം തിരിഞ്ഞു നിന്നു...

"... സാറ് ഇരുന്നോ..." അവൾ ശബ്ദം താഴ്ത്തി പറഞ്ഞപ്പോൾ ഞാൻ അവൾക്കടുത്ത് ഇരുന്നു... അവൾ ഷാൾ കൊണ്ട് കുഞ്ഞിനെ മറച്ചു പിടിച്ചുകൊണ്ട് അവനെ മുലയൂട്ടി... പതുക്കെ കുഞ്ഞിന്റെ തുടയിൽ തട്ടിയുറക്കി... ഞാൻ അവളുടെ നേരെ നോക്കാൻ പോയില്ല...

"... സാറ് നാട്ടിലേയ്ക്കാണോ...???" അവൾ പതുക്കെ ചോദിച്ചു.. ഞാൻ തലകുലുക്കി..

".... ഞാൻ ദേവൻ... ഇയാളെ കണ്ടപ്പോൾ ഒരു മലയാളിച്ചായ തോന്നിയിരുന്നു... ഒറ്റയ്ക്കേ ഉള്ളോ...??" അവൾ സംസാരിച്ചു തുടങ്ങിയപ്പോൾ എന്റെ ചമ്മലോക്കെ മ,മാറിയിരുന്നു.. പിന്നെ അവളെ പരിചയപ്പെടാൻ കിട്ടിയ ചാൻസല്ലേ..

"...എന്റെ പേര് സുപർണ്ണ... ഹസ്ബന്റിനു അത്യാവശ്യമായി ഡൽഹിക്ക് പോകണ്ടി വന്നു... പിന്നെ നാട്ടിൽ പോകണ്ട അത്യാവശ്യമുള്ളതുകൊണ്ട് ഞാൻ ഒറ്റയ്ക്ക് പോന്നു.."

"... ഓ... ഒറ്റയ്ക്കൊക്കെ കുഞ്ഞിനേയുംകൊണ്ട് യാത്ര ചെയ്യുമ്പോൾ ഒരു ഫീഡിംഗ് ബോട്ടിൽ കരുതായിരുന്നില്ലേ..."

"... ഞാൻ ആദ്യായിട്ടാ ഏട്ടനില്ലാതെ.. വെപ്രാളം കൊണ്ട് മറന്നുപോയി... എന്തായാലും ഒരു മലയാളിയുടെ അടുത്ത് സീറ്റ് കിട്ടിയത് ഭാഗ്യായി.. എനിക്കീ തെലുങ്കും കന്നടയും ഒന്നുമറിയില്ല..." അവളതു പറഞ്ഞപ്പോൾ ഞാൻ ചിരിച്ചു... പിന്നെ ഓരോന്ന് സംസാരിച്ച് ഞങ്ങൾക്കിടയിലെ അപരിചിതത്വം മാറി...

ഇതിനിടയിൽ കുഞ്ഞുറങ്ങിയിരുന്നു.. അവൾക്ക് ഡ്രസ്സ് നേരെയിടാൻ വേണ്ടി ഞാൻ തിരിഞ്ഞിരുന്നു...

അഞ്ചരയടി കഷ്ടി മാത്രം പൊക്കമുള്ള അവൾക്ക് കാലിനു നീളം കുറവായതുകൊണ്ട് കുഞ്ഞിനെ മടിയിൽ പിടിക്കുമ്പോൾ അവൻ ഉറക്കത്തിൽ വീണു പോകുമോ എന്നുള്ള പേടിയുണ്ടായിരുന്നു അവൾക്ക്... ഞാൻ എന്റെ ബാഗിൽ നിന്നും ഒരു കനം കുറഞ്ഞ തലയിണ എടുത്തു കൊടുത്തു... സാധാരണ യാത്രകളിൽ ഞാൻ അത് കൈയിൽ കരുതാറുള്ളതാണ്...

ആ തലയിണ മുട്ടിനു മുകളിൽ മുൻസീറ്റിനോട് ചേർത്ത് കുറുകെ വച്ച് മടിയിൽ കുഞ്ഞിനെക്കിടത്തിയപ്പോൾ അവളുടെ ടെൻഷൻ മാറി.. ഇതിനിടയിൽ പല തവണ ഞങ്ങളുടെ തോളുകളും തുടകളും തമ്മിലുരഞ്ഞു... പക്ഷെ അവൾക്ക് എന്റെ അടുത്തിരിക്കുന്നതിൽ ഒരു സുരക്ഷിതത്വം ഫീൽ ചെയ്യുന്നപോലെ തോന്നി..

ഞങ്ങൾ കുറെ സമയം സംസാരിച്ചിരുന്നു... അവളുടെ പ്രേമവിവാഹമായിരുന്നു എന്നും.. ഹസ്ബന്റിന്റെ പേര് ജിതേഷ് എന്നാണെന്നും... കല്യാണത്തിനു രണ്ടു വീട്ടുകാർക്കും എതിർപ്പായിരുന്നതുകൊണ്ട് പ്രസവ സമയത്ത് പോലും ബന്ധുക്കളാരും കൂടെ ഉണ്ടായില്ല എന്നും ഒക്കെ അവൾ പറഞ്ഞു... എനിക്കെന്തോ അവളോട് ഒരടുപ്പം തോന്നി.. അപ്പോഴും എന്റെ കണ്ണുകൾ ബസ്സിലെ അരണ്ട വെളിച്ചത്തിൽ അവളുടെ കൊഴുത്ത ദേഹത്ത് മേയുന്നുണ്ടായിരുന്നു...

പക്ഷെ എന്നെ കണ്ടപ്പോൾ അവൾക്ക് അവളുടെ മൂത്ത ജേഷ്ടനെയാണ് ഓർമ്മ വന്നത് എന്ന് പറഞ്ഞപ്പോൾ അതുവരെ അവളെ തെറ്റായ കണ്ണുകൊണ്ട് കണ്ടതിൽ എനിക്ക് കുറ്റബോധം തോന്നി... ഞാൻ എന്ത് സാഡിസ്റ്റാണ് അല്ലേ..

കൈക്കുഞ്ഞുമായി ഒറ്റയ്ക്ക് യാത്ര ചെയ്യുന്ന പെണ്ണിനെപ്പോലും കാമക്കണ്ണോടെ കാണുന്നവൻ.. പിന്നീട് ഉറങ്ങിപ്പോയ അവൾ എന്റെ തോളിൽ ചാഞ്ഞിരുന്ന് ഉറങ്ങിയപോൾ പോലും അവളെ ചേർത്തുപിടിച്ചു എന്നല്ലാതെ ഞാൻ അവളുടെ മാസളതയുടെ സുഖമറിയാൻ ശ്രമിച്ചില്ല...

നേരംവെളുത്തതിനു ശേഷമാണ് ഞാൻ നാട്ടിലെത്തിയത്... ബസ്റ്റാന്റിൽ മാണിക്യൻ അവന്റെ പുതിയ ബ്ലാക്ക് ജീപ്പ് കോമ്പസ്സിൽ എന്നെയും കാത്ത് നിൽപ്പുണ്ടായിരുന്നു.... സുപർണ്ണയ്ക്ക് തിരുവല്ല വരെ പോകണമായിരുന്നു.... ഞാൻ ഇറങ്ങുമ്പോൾ "...നാട്ടിലെത്തിയിട്ട് വിളിക്കാം ദേവേട്ടാ..." എന്നും പറഞ്ഞു അവൾ എന്റെ നമ്പർ വാങ്ങി... അവളുടെ മടിയിലിരുന്ന സുധിക്കുട്ടന് ഒരുമ്മയും കൊടുത്തിട്ട് ഞാൻ അവരെ യാത്രയാക്കി.. പിന്നെ മാണിക്യനൊപ്പം വീട്ടിലേയ്ക്ക് യാത്ര തുടങ്ങി..

ആദിയുമായി തെറ്റിയതിനു ശേഷം അമ്മയുടെ നാട്ടിലേയ്ക്ക് ഞാൻ അധികം തവണയൊന്നും പോയിരുന്നില്ല... ആദി ഇടയ്ക്കിടെ മാണിക്യന്റെ വീട്ടിൽ ചെല്ലാറുണ്ടായിരുന്നു എങ്കിലും അവരുടെ തണുപ്പൻ പ്രതികരണം കാരണം പിന്നെ അവളും അങ്ങോട്ട് പോകാതായി... സ്വന്തക്കാരെന്നു പറഞ്ഞു കയറിച്ചെല്ലാൻ ആകെയുണ്ടായിരുന്ന ഞങ്ങൾ രണ്ടും പോലും ചെല്ലാതായതോടെ മാണിക്യനും പഞ്ചമിയും മല്ലിമോളും ആകെ സങ്കടത്തിലായിരുന്നു...

എനിക്ക് ഏറ്റവും പ്രിയപ്പെട്ട അവരെ അങ്ങനെ ഒറ്റപ്പെടുത്താൻ കഴിയാത്തതുകൊണ്ട് പഠനം കഴിഞ്ഞ് ഞാൻ ശ്രീമംഗലത്തെ ബിസ്സിനസ്സുകളിൽ ഭാഗഭാക്കായി തുടങ്ങിയപ്പോൾ മാണിക്യനെയും കുടുംബത്തേയും ഞാൻ എന്റെ നാട്ടിലേയ്ക്ക് കൊണ്ടുപോന്നു... എന്റെ വീട്ടിൽ നിന്നും ഇരുന്നൂറു മീറ്റർ മാറിയുള്ള ഞങ്ങളുടെ തന്നെ പറമ്പിൽ അവർക്ക് ഒരു ഇരുനില വീട് വച്ചുകൊടുത്ത് അവർ എപ്പോഴും എന്റെ കൈയെത്തും ദൂരത്ത് ഉണ്ടാകും എന്ന് ഞാൻ ഉറപ്പു വരുത്തി...

പിന്നീട് ആദിയുടെ നാട്ടിലെ മാണിക്യന്റെ സ്ഥലവും മറ്റും വിറ്റ് കിട്ടിയ പണംകൊണ്ട് അവൻ മാരുതിസുസുക്കിയുടെ ഒരു എജൻസിയെടുത്ത് ഞങ്ങളുടെ അടുത്തുള്ള ടൌണിൽ മാരുതിയുടെ പ്രീമിയം കാറുകളുടെ ഒരു ഷോറൂം തുടങ്ങി... ഒപ്പം യൂസ്ഡ് കാറുകളുടെ ഒരു ഷോറൂമും, സർവ്വീസ് സെന്ററും.. അങ്ങനെ ഒരു കൊച്ചു മുതലാളിയായി അവൻ... മല്ലിമോൾക്ക് ഇപ്പോൾ പന്ത്രണ്ട്

വയസ്സായി.. ഒപ്പം അവൾക്ക് കൂട്ടിന് ഒരു കുഞ്ഞനിയൻ കൂടി ഉണ്ടായി... “മിഥുൻ".....

മാണിക്യന്റെ കാറിൽ ശ്രീമംഗലത്തെയ്ക്ക് വരുമ്പോൾ ഞാൻ ഓർത്തു...

എന്റെ ജീവിതം തന്നെ മാറ്റിമറിച്ച ആ ഉത്സവദിനം കൊഴിഞ്ഞിട്ട് ഇപ്പോൾ ഏഴു വർഷങ്ങൾ കടന്നു പോയിരിക്കുന്നു...

ഋതുക്കൾ ഋതുഭേദങ്ങളായി കൊഴിഞ്ഞു... വസന്തങ്ങളും ശിശിരങ്ങളും ശ്രീമംഗലത്തെ തേടി ഒരുപാട് തവണ വന്നു... ശ്രീമംഗലം എന്ന ശ്രീത്വം വിളങ്ങുന്ന സുന്ദരിപ്പെണ്ണിനെ കാണാനും അവളെ ലാളനകളിൽ പുളകംകൊള്ളിക്കാനും ഓണവും വിഷുവുമെല്ലാം കാമുകന്മാരായി മത്സരിച്ചു...

പകലുകളിൽ വേനലാകുന്ന മുറച്ചെറുക്കൻ ഉണർത്തിവിടുന്ന അവളിലെ പെണ്ണിന്റെ കത്തുന്ന കാമനകളെ രാത്രികളിലെ അന്ത്യയാമങ്ങളിൽ ഒളിസേവയ്ക്കെത്തുന്ന കാലവർഷമാകുന്ന കള്ളക്കാമുകൻ അവളിൽ പേമാരിയായി പെയ്തിറങ്ങി തളർത്തി ഉറക്കി.. വസന്തവും ശിശിരവുമെല്ലാം അവൾക്ക് പ്രേമലേഖനങ്ങൾ എഴുതി...

കാലം കടന്നു പോകുമ്പോൾ അവൾ കാഴ്ച്ചക്കാരുടെ കണ്ണുകൾക്ക് അമൃതധാരയായി നിറയൌവ്വനമായി തളിർത്തു വിടർന്നു... അവളുടെ താരുണ്യമേനിക്ക് അഴകായി ദിവ്യയും സംഗീതയും അവളുടെ പൊൻകുചഭാരങ്ങൾപോലെ നവതാരുണ്യ യുവതികളായി ശ്രീമംഗലത്തിന്റെ അഭിമാനങ്ങളായി വളർന്നു...

ശ്രീമംഗലം ഇപ്പോൾ വലിയൊരു ആഘോഷത്തിന് തയ്യാറെടുക്കുകയാണ്...

മുത്തിന്റെ കല്യാണം...

അവൾക്കിപ്പോൾ ഇരുപത്തഞ്ച് വയസ്സായി.. ഒപ്പം അവളിപ്പോൾ ഡോക്ടർ ദിവ്യ രാജശേഖരനാണ്.. ഒരാഴ്ച കഴിഞ്ഞു വരുന്ന ഞായറാഴ്ച്ചയാണ് കല്യാണം.... ആ

കല്യാണത്തിന്റെ പ്രത്യേകത എന്താണെന്നു വച്ചാൽ അതേ പന്തലിൽ വച്ചു തന്നെ മറ്റ് നാല് കല്യാണങ്ങൾ കൂടി നടക്കും... ഒന്ന് എന്റെ വല്യച്ഛന്റെ മകൻ അർജുൻ എന്ന അജുവിന്റെയും.. ഒപ്പം ഞങ്ങളുടെ നാട്ടിലെ ദരിദ്രകുടുംബങ്ങളിൽ നിന്നുള്ള മൂന്ന് പെൺകുട്ടികളുടെയും...

മുത്ത് കല്യാണം കഴിക്കുന്നത് മെഡിക്കൽ കോളേജിൽ അവളുടെ സീനിയറായിരുന്ന ഡോ. സഞ്ജീവ് സച്ചിദാനന്ദിനെയാണ്.. രണ്ടും തമ്മിൽ മുടിഞ്ഞ പ്രേമമായിരുന്നു.. അവൻ നല്ല പയ്യനായതുകൊണ്ട് വീട്ടുകാർ തമ്മിൽ ആലോചിച്ച് അതങ്ങുറപ്പിച്ചു... അജുവിന്റെയും പ്രേമവിവാഹമാണ്... ആദിയുടെ നാട്ടുകാരിയും സർവ്വോപരി അവളുടെ സഹപാഠിയും ഒക്കെ ആയ അനുപമയാണ് അവന്റെ വധു...

ശ്രീമംഗലം ഒരു വലിയ ബിസ്സിനസ്സ് ഗ്രൂപ്പായി വളർന്നതിനു ശേഷം ഞങ്ങളുടെ തറവാട്ടിലെ പെൺകുട്ടികളുടെ വിവാഹത്തിനൊപ്പം ഈ നാട്ടിലെ പാവപ്പെട്ട വീട്ടിലെ പെൺകുട്ടികൾക്കും വിവാഹം നടത്തുന്നത് ഞങ്ങളുടെ ഒരു രീതിയായിരുന്നു.. ചിലവൊക്കെ ശ്രീമംഗലം വക... അതുപോലെതന്നെ ഞങ്ങളുടെ പെൺകുട്ടിയ്ക്ക് എടുക്കുന്ന അത്രയും തന്നെ സ്വർണ്ണവും, വസ്ത്രങ്ങളും മറ്റുള്ള പെൺകുട്ടികൾക്കും എടുക്കും.. അങ്ങനെ ഒരർത്ഥത്തിൽ വിവാഹം നടത്തുന്നതിനായി ആ പെൺകുട്ടികളെ ശ്രീമംഗലത്തെയ്ക്ക് ദത്തെടുക്കുന്ന പോലയാണ്.. അങ്ങനെ വരുമ്പോൾ സ്ത്രീധനത്തിന്റെ പേരിൽ വിവാഹം നടക്കാതിരിക്കുന്ന ആ പെൺകുട്ടികളെ നല്ല കുടുംബങ്ങളിലേയ്ക്ക് കല്യാണം കഴിച്ചയക്കാൻ സാധിക്കും.. ഒപ്പം അവരുടെ വീട്ടുകാരുടെ അനുഗ്രഹം കൂടി ഞങ്ങളുടെ കുട്ടികൾക്ക് കിട്ടുകയും ചെയ്യും...

എങ്ങനൊണ്ട്...?? ഇത് ശ്രീമംഗലത്തിന്റെ പരസ്യത്തിനു വേണ്ടി ചെയ്യുന്നതൊന്നും അല്ലാട്ടോ.. വെറും മനുഷ്യത്വം...!!! അത്തരത്തിൽ നടക്കുന്ന നാലാമത്തെ സമൂഹ വിവാഹമാണ് നടക്കാൻ പോകുന്നത്..

എന്നാൽ ഇത്തവണത്തെ ഈ സമൂഹവിവാഹത്തിന്റെ മറ്റൊരു പ്രത്യേകത എന്താണെന്ന് വച്ചാൽ ഈ കല്യാണത്തിന്റെ മുഴുവൻ ഉത്തരവാദിത്വവും അച്ഛനും ചെറിയച്ഛനും കൂടി ഈയുള്ളവന്റെ തലയിലാണ് ഏൽപ്പിച്ചിരിക്കുന്നത് എന്നതാണ്.. അതാവുമ്പോ അവർക്ക് രണ്ടു പേർക്കും കൂട്ടുംകൂടി കള്ളുംകുടിച്ച് നടന്നാൽ മതി... ഏത്...??? എല്ലാവർക്കും സന്തോഷമായില്ലേ...??? ഇവിടെ ഓരോ ആളുകൾ ഒരു കല്യാണം

നടത്തുമ്പോഴേക്കും തന്നെ എണ്ണത്തോണിയിൽ കിടത്തണ്ട അവസ്ഥ വരാറുണ്ട് അപ്പോഴാണ് അഞ്ച് കല്യാണം... മിക്കവാറും ഇത് കഴിയുമ്പോഴേക്കും എന്നെ തെക്കോട്ടെടുക്കും...

വീട്ടിൽ എന്നെ കൊണ്ട് വന്നു വിട്ടശേഷം മാണിക്യൻ അവന്റെ വീട്ടിലേയ്ക്ക് പോയി... പഞ്ചമി പിന്നെ മിക്കവാറും സമയങ്ങളിൽ ഞങ്ങളുടെ വീട്ടിൽ തന്നെയാണ്... അടുക്കളപ്പണിയും സൊറപറച്ചിലും ഒക്കെയായി അവളാണ് ഇപ്പൊ വീട്ടിലെ പെണ്ണുങ്ങളുടെ ആഘോഷകമ്മിറ്റി പ്രസിഡന്റ്...

ഞാൻ എല്ലാവരെയും ഒന്ന് മുഖം കാണിച്ചിട്ട് എന്റെ മുറിയിലേയ്ക്ക് പോയി.. പുറകെ എനിക്കുള്ള ചായയുമായി മുത്ത് വന്നു.. മുറിയിൽ കയറിയ ഉടൻ എന്റെ തൂക്കു ചന്തിക്ക് ഒരടി കിട്ടി...

"... എന്റെ കല്യാണമായിട്ട് പുന്നാരഏട്ടന് ഇപ്പോഴാ വരാൻ സമയം കിട്ടിയതല്ലേ..." അടികൊണ്ട വേദനയിൽ തിരിഞ്ഞു നിന്ന എന്റെ ചെവിയിൽ കിഴുക്കിക്കൊണ്ടാണ് മുത്ത് അവളുടെ ദേഷ്യം തീർത്തത്.

"...അത് പിന്നെ ഏട്ടൻ ഒരു അത്യാവശ്യ കാര്യത്തിന് പോയതെല്ലെടീ പൊന്നേ..." ഞാനവളുടെ തലയിൽ തഴുകിക്കൊണ്ട് പറഞ്ഞു..

"...ഉം... ഉം... അധികം സുഖിപ്പിക്കണ്ട... മോൻ വേഗം കുളിച്ച് റെഡിയാവ്... എനിക്ക് ചില ഫ്രണ്ട്സിനെ ഒക്കെ കല്യാണം വിളിക്കാൻ പോണം... ഇന്ന് മുതലുള്ള എല്ലാ ഉത്തരവാദിത്വവും ഈ പൊട്ടത്തലേലാ... കേട്ടോ..?? അതുകൊണ്ട് എന്റെ കൂടെ മരിയാദയ്ക്ക് വന്നോണം.." എന്റെ കവിളിൽ പിച്ചിക്കൊണ്ട് അത്രയും പറഞ്ഞ് എനിക്കിടാനുള്ള ഡ്രസ്സ് എടുത്ത് തന്നിട്ട് അവൾ പോയി... അവൾ തന്ന ചായ കുടിച്ചിട്ട് കുളിക്കാൻ കയറുമ്പോൾ ഞാൻ മുത്തിനെക്കുറിച്ച് ഓർത്തു..

അഞ്ചാം ക്ലാസ് വരെ അമ്മവീട്ടിൽ നിന്നു പഠിച്ച ഞാൻ വല്ലപ്പോഴും അവധിക്കാലങ്ങളിൽ മാത്രമാണ് എന്റെ വീട്ടുകാരെ കണ്ടിരുന്നത്.. അന്നൊക്കെ എന്നെ കാണുമ്പോൾ മുതൽ എന്റെ കൈയിൽ നിന്നും പിടിവിടാതെ മുത്ത് എന്റെ ഒപ്പമുണ്ടാകുമായിരുന്നു... ഉണ്ണുന്നതും ഉറങ്ങുന്നതും പോലും എന്റെ

കൂടെയാണ്.. അവധി കഴിഞ്ഞ് പോകുമ്പോൾ എന്നെപ്പിരിയാൻ അവൾക്ക് വല്യ സങ്കടമായിരുന്നു...

ആറാം ക്ലാസ് മുതൽ ഞാൻ ശ്രീമംഗലത്തേയ്ക്ക് വന്നു.. അന്ന് മുതൽ എന്റെ എല്ലാ കാര്യങ്ങളും നോക്കിയിരുന്നതും തീരുമാനിക്കുന്നതും മുത്താണ്.. എന്നേക്കാൾ രണ്ടു വയസ്സിനു ഇളയതാണ് എങ്കിലും പലപ്പോഴും അവൾക്ക് എന്റെ ചേച്ചിയാണെന്നാ വിചാരം.. അതുകൊണ്ട് ഞാനവളെ കളിയാക്കി ചേച്ചിപ്പെണ്ണ് എന്നാ വിളിക്കാറുള്ളത്...

എനിക്ക് രാവിലെ ഓടാൻ പോകുന്ന ശീലമുണ്ടായത് പോലും അവള് കാരണമാണ്... രാവിലെ അഞ്ച് മണിക്ക് അവൾ എഴുന്നേൽക്കും പിന്നെ ഒരു കട്ടനുമായി വന്ന് എന്നെ വിളിച്ചുണർത്തി ഓടാൻ പറഞ്ഞു വിടും.. എനിക്കുള്ള ഭക്ഷണം മുതൽ ഞാൻ എന്ത് പഠിക്കണം എന്ന് വരെ പലപ്പോഴും അവളാണ് തീരുമാനിച്ചിരുന്നത്... എന്തിനധികം അവൾ എടുത്ത് തന്നിട്ടുള്ളതല്ലാതെ ഞാൻ ഇന്നേ വരെ സ്വന്തം ഇഷ്ടത്തിനു ഒരു ഷഡി പോലും വാങ്ങിയിട്ടില്ല... അല്ലാതെ വാങ്ങിയാൽ എനിക്ക് തന്നെ തൃപ്തി വരാറില്ല എന്നതാണ് സത്യം...

പലപ്പോഴും അവളുടെ സ്നേഹം കണ്ടിട്ട് അവളാണ് എന്നെ പ്രസവിച്ചത് എന്നും പറഞ്ഞു ചെറിയമ്മയും അമ്മയും അവളെ കളിയാക്കാറുണ്ട്... അപ്പോഴെല്ലാം അവൾ ചിണുങ്ങിക്കൊണ്ട് എന്നോട് വന്നു പരാതി പറയും... എന്നോട് ഇങ്ങനെ സ്നേഹക്കൂടുതൽ ഉണ്ടെങ്കിലും വീട്ടിലെ മറ്റുള്ളവരോടും അവളിങ്ങനെ ഒക്കെ തന്നെയാണ്... അവളെക്കാൾ ഇളയത് ആയതുകൊണ്ട് കുട്ടികളോടും മുത്ത് അധികാരത്തോട് കൂടി മാത്രമേ പെരുമാറാറുള്ളൂ... എന്തിനു ജഗജില്ലിയായ അച്ഛനെപ്പോലും പലപ്പോഴും അവള് ചൂണ്ടുവിരലിൽ നിർത്തും.. അതാണ് മുത്ത്...

ഞങ്ങൾ തമ്മിൽ ഒന്നും ഒളിക്കാതെ എല്ലാം തുറന്നു സംസാരിക്കാറുണ്ടായിരുന്നു...

അന്ന് അമ്മവീട്ടിൽ ഉത്സവം കൂടാൻ പോയപ്പോഴുണ്ടായ ആ സംഭവങ്ങൾക്ക് ശേഷം വീട്ടിലെത്തിയ ഞാൻ മുത്തിന് അധികം മുഖം കൊടുക്കാതെ നടക്കാൻ ശ്രമിച്ചു.. എന്റെ ചെറിയ ഭാവവ്യത്യാസം പോലും അവൾ തിരിച്ചറിയും എന്നെനിക്കറിയാമായിരുന്നു.. എന്നാൽ രാത്രി കിടക്കാൻ ഞാൻ മുറിയിൽ കയറിയപ്പോൾ അവൾ ഒപ്പം വന്ന് എന്തു പറ്റിയെന്നു ചോദിച്ചു....

ഒന്നുമില്ല എന്നും പറഞ്ഞ് ഒഴിഞ്ഞുമാറാൻ നോക്കിയെങ്കിലും അവളുടെ നിർബന്ധത്തിനു വഴങ്ങി ഉണ്ടായതെല്ലാം അവസാനം അവളോട് പറയേണ്ടി വന്നു... പക്ഷെ മാണിക്യനും പഞ്ചമിയും ഒത്ത് നടന്നതൊന്നും പറഞ്ഞില്ല... ഞാൻ പറഞ്ഞത് മുഴുവൻ കേട്ട് അവൾ തരിച്ചിരുന്നുപോയി...

മുത്ത് ഇംഗ്ലീഷ് മീഡിയത്തിൽ പഠിച്ചിരുന്നതുകൊണ്ട് ഒരേ ക്ലാസ്സിലായിരുന്നില്ലെങ്കിലും ആദിയും മുത്തും ഒരേ പ്രായമായിരുന്നു... നാത്തൂനേ എന്ന് വിളിച്ച് ആദിയെ എന്റെ ഭാര്യയായി അംഗീകരിച്ചു കഴിഞ്ഞിരുന്ന മുത്തിന് വിശ്വസിക്കാൻ കഴിയാത്ത കാര്യങ്ങളാണ് ഞാൻ പറഞ്ഞത്... അതുകൊണ്ട് തന്നെ എനിക്കുണ്ടായതിനേക്കാൾ ദേഷ്യം മുത്തിന് ആദിയോട് തോന്നി...

"..ഇനി എന്റെ ഏട്ടന്റെ ജീവിതത്തിൽ അവൾ വേണ്ടാ.." എന്ന് മുത്ത് തീർത്ത് പറഞ്ഞു. തൽക്കാലം ആരും ഒന്നും അറിയണ്ട എന്ന് ഞങ്ങൾ തീരുമാനിച്ചു... മുത്തിന്റെ വാക്കുകളിൽ ഞാൻ അൽപ്പം ആശ്വാസം കണ്ടെത്തി...,

എങ്കിലും ആദിയുമായി പിരിഞ്ഞതിനു ശേഷം "അവളു പോയാൽ എനിക്ക് പുല്ലാ അവളൊരു ഭൂലോക വെടിയായിരുന്നു.."

എന്ന തേപ്പ് കിട്ടിയ എല്ലാ കാമുകന്മാരുടെയും സ്ഥിരം ന്യായീകരണവുമായി നടന്ന ഞാൻ പതുക്കെ പതുക്കെ പ്രണയ നൈരാശ്യത്തിന്റെ പടുകുഴിയിലേയ്ക്ക് എടുത്തെറിയപ്പെട്ടു... അവളുമൊത്തുണ്ടായിരുന്ന പ്രണയനാളുകളുടെ ഓർമ്മ എന്നെ വല്ലാത്ത ഒരു മാനസികാവസ്ഥയിൽ എത്തിച്ചിരുന്നു..

മുന്പ് മോനൂട്ടനെക്കുറിച്ചുള്ള ഓർമ്മകളായിരുന്നു എന്റെ ഉറക്കം കെടുത്തിയിരുന്നതെങ്കിൽ പിന്നീട് ആദിയും അതിനു കാരണമായി... പക്ഷെ എന്ജിനീയറിംഗ് ഫൈനൽ ഇയറായിരുന്ന ഞാൻ ആദിയുടെ ഓർമ്മകളുടെ പേരിൽ ഉഴപ്പുന്നത് മനസ്സിലാക്കിയ മുത്ത് എപ്പോഴും എന്നെ പഠിക്കാൻ നിർബന്ധിക്കാൻ തുടങ്ങി...

എനിക്ക് ഒറ്റപ്പെടൽ അനുഭവപ്പെടാതിരിക്കാൻ എപ്പോഴും അവളെന്നെ ഫോണിൽ വിളിച്ച് അന്വേഷിക്കുമായിരുന്നു.. ഓരോ ദിവസവും കോളേജിൽ പഠിപ്പിക്കുന്ന പാഠങ്ങൾ ഞാൻ പഠിക്കുന്നുണ്ടെന്നും...., ഓരോ ക്ലാസ്സും, പരീക്ഷകളും ഒക്കെ

ഞാൻ കൃത്യമായി അറ്റൻഡ് ചെയ്യുന്നുണ്ട് എന്നും അവൾ ഉറപ്പ് വരുത്തിയിരുന്നു... അങ്ങനെ അവളുടെ പരിശ്രമംകൊണ്ട് മാത്രം ഞാൻ വല്യ തെറ്റില്ലാതെ എഞ്ചിനീയറിംഗ് പാസ്സായി...

കോഴ്സ് കഴിഞ്ഞു വീട്ടിൽ വന്നിരുന്ന എന്നെ അവൾ നിർബന്ധിച്ച് നാട്ടിലെ യുവജനക്ലബ്ബിൽ അംഗത്വമെടുപ്പിച്ചു.., അതിന്റെ പ്രവർത്തങ്ങൾക്കും മറ്റുമായി വിട്ടു... ഒപ്പം ശ്രീമംഗലം ട്രാവൽസിന്റെ കണക്കുകൾ നോക്കുന്ന ചുമതലയും അച്ഛനോട് പറഞ്ഞ് എന്നെ ഏൽപ്പിച്ചു തന്നു... അങ്ങനെ ഞാൻ എപ്പോഴും ബിസിയായിരിക്കാൻ അവൾ ശ്രദ്ധിച്ചതിന്റെ ഫലമായി എനിക്ക് കുറച്ച്കൂടി സാമൂഹ്യബോധം ഒക്കെ വരികയും ഞാൻ എന്റെ പഴയ സന്തോഷം വീണ്ടെടുക്കുകയും ചെയ്തു..

അങ്ങനെ കാര്യങ്ങളൊക്കെ നല്ല രീതിയിൽ മുന്നോട്ട് പോകുന്ന സമയത്ത് ഒരു ദിവസം...

പകൽ ട്രാവൽസിലെ ജോലികളും വൈകുന്നേരത്തെ ക്ലബിലെ പരിപാടികളും ഒക്കെ കഴിഞ്ഞതിന്റെ ക്ഷീണത്തിൽ ഒരു കുളിയും കഴിഞ്ഞ് ഒന്ന് മയങ്ങാം എന്ന് കരുതി കട്ടിലിൽ കിടന്ന എന്റെ അടുത്ത് മുത്ത് വന്നിരുന്നു.. ഒരുപാട് നേരം പല വിശേഷങ്ങളും പറഞ്ഞിരുന്നതിന്റെ അവസാനം എന്റെ കൈയിൽ അവളൊരു പുസ്തകം വച്ചു തന്നു... ക്യാറ്റ് എക്സാമിന് തയ്യാറെടുക്കുന്നതിനുള്ള ഒരു ഗൈഡ്... പിന്നെ ഒരു ഡയലോഗും...

"...ഏട്ടാ... നമ്മുടെ അച്ഛനും ചെറിയച്ഛനും ഒക്കെ പഴയ പത്താം ക്ലാസ്സും ഗുസ്തിയും കഴിഞ്ഞാ ഈ ബിസ്സിനസ്സെന്നും പറഞ്ഞു നടക്കുന്നത്.... അവരുടെ അധ്വാനംകൊണ്ട് നമ്മുടെ ശ്രീമംഗലം ഗ്രൂപ്പ് ഇത്രയൊക്കെ വളർന്നു... ഇപ്പോൾ നമ്മുടെ ബിസ്സിനസ്സ് കേരളത്തിനു വെളിയിലേയ്ക്കും വ്യാപിപ്പിക്കാനുള്ള ശ്രമം അവരു നടത്തുന്നുണ്ട്... പക്ഷെ അവരുടെ വിദ്യാഭ്യാസം വെച്ച് പുറത്തു നിന്നും ബിസ്സിനസ്സുകൾ വരുമ്പോൾ അതൊക്കെ കൈകാര്യം ചെയ്യാൻ അവർക്ക് ബുദ്ധിമുട്ടാവും... അതുകൊണ്ട് ഏട്ടൻ എം.ബി.എ ചെയ്യണം... എന്നിട്ട് നമ്മുടെ ബിസ്സിനസ്സിൽ അച്ഛനെയും ചെറിയച്ഛനെയും സഹായിക്കണം... ഏട്ടന് പറ്റും... എനിക്ക് നല്ല ഉറപ്പുണ്ട്.."

അവളു പറഞ്ഞാൽ പിന്നെ അതിന് അപ്പീലില്ല.. ഞാൻ അനുസരിച്ചു... പിന്നീട് എം.ബി.എ ചെയ്യാനുള്ള തയ്യാറെടുപ്പുകളിലേയ്ക്ക് ഞാൻ തിരിഞ്ഞു..

അപ്പോഴേക്കും മെഡിസിനു പഠിക്കാൻ അവൾ കോട്ടയത്തേയ്ക്ക് പോയി... എങ്കിലും എന്റെ എല്ലാ കാര്യങ്ങളും മാളുവിനെ അവൾ പറഞ്ഞ് ഏൽപ്പിച്ചിരുന്നു... പിന്നെ മുത്തിന് വേണ്ടി എന്റെ കാര്യങ്ങൾ നോക്കുന്നത് മാളുവിന്റെ ചുമതലയായി... അങ്ങനെ എം.ബി.എ പഠിക്കാൻ ഞാൻ ഹൈദ്രാബാദിലേയ്ക്ക് വണ്ടി കേറി...

ഇന്ന് ഞാൻ ശ്രീമംഗലം കൺസ്ട്രക്ഷൻസിന്റെ ഡയറക്ടറാണ്... ഒപ്പം ശ്രീമംഗലത്തെ മറ്റു ബിസ്സിനസ്സുകളുടെ മേൽനോട്ടവും എനിക്കുണ്ട്... കേരളത്തിനു പുറത്ത് നിന്നുള്ള ഞങ്ങളുടെ ആദ്യത്തെ കൺസ്ട്രക്ഷൻ പ്രോജക്ടിന്റെ പ്രാരംഭ ജോലികളുടെ ഭാഗമായി ഞാൻ കഴിഞ്ഞ രണ്ട് മാസം ഹൈദ്രാബാദിൽ ആയിരുന്നു...

കുളി കഴിഞ്ഞിറങ്ങി ഞാൻ ഡ്രസ്സ് ചെയ്ത് താഴെ ഹാളിലേയ്ക്ക് ചെല്ലുമ്പോൾ മുത്ത് എന്നെ കാത്ത് അക്ഷമയായി ഇരുപ്പുണ്ടായിരുന്നു...

"... എന്താ ഏട്ടാ ഇത്... പെണ്ണുങ്ങളെക്കാൾ താമസമാണല്ലോ ഏട്ടന്..... വേഗം വന്നേ.. ഒരുപാട് സ്ഥലങ്ങളിൽ പോകാനുള്ളതാ..." എന്റെ കോളർ പിടിച്ച് ഒന്ന് നേരെയാക്കി ഷർട്ടിലെ ചുളിവു നിവർത്തിയിട്ട് അവൾ എന്റെ കൈപിടിച്ചു പുറത്തേയ്ക്ക് നടന്നു... അവളുടെ ഈ പെരുമാറ്റം കണ്ടു ചിരിച്ചുകൊണ്ട് ചെറിയമ്മ നിൽക്കുന്നുണ്ടായിരുന്നു.. പുള്ളിക്കാരിയെ ഒന്ന് കണ്ണിറുക്കി കാണിച്ച് ഞാൻ മുത്തിനോപ്പം നടന്നു...

പുറത്തേയ്ക്ക് ചെന്ന് സാധാരണ ഞാൻ പുറത്തുപോകുമ്പോൾ ഉപയോഗിക്കാറുള്ള മുത്തിന്റെ ബി.എം.ഡബ്ലിയുന്റെ അടുത്തേയ്ക്ക് നടന്നപ്പോൾ അവൾ പുറകിൽ നിന്നും വന്ന് എന്റെ കണ്ണുപൊത്തി...

"... എന്താടീ ചേച്ചിപ്പെണ്ണേ എന്തായിത്..."

"... ഒക്കെ പറയാം മോൻ പതുക്കെ നടക്ക്...." ഞാൻ ഒന്നും മനസ്സിലാകാതെ നിന്നപ്പോൾ അവൾ എന്നെ തിരിച്ചു നിർത്തി മുന്നോട്ട് തള്ളി..

"... ഇനി കണ്ണുതുറക്ക്...." എന്റെ കണ്ണുകളിൽ നിന്നും കൈമാറ്റി അവൾ പറഞ്ഞപ്പോൾ ഞാൻ കണ്ണുതുറന്നു നോക്കി... മുന്നിൽ തിളങ്ങിക്കിടക്കുന്ന പുതിയ ഓഡി ...

".... ഹാ.... ഇതെപ്പോ വാങ്ങി..."

"....ഏട്ടനല്ലേ പറഞ്ഞത് ഇനി നാട്ടിലുണ്ടാവും പുതിയകാറ് വാങ്ങണം എന്നൊക്കെ... അതുകൊണ്ട് ഞാനിതങ്ങ് വാങ്ങി..... പിന്നെ സ്വന്തം അധ്വാനം കൊണ്ട് കാറ് വാങ്ങണം... കൂടിയ കാറൊന്നും വേണ്ടാ... അതൊക്കെ മെയിൻന്റെൻ ചെയ്യാൻ വല്യ ചെലവാ.... എന്നൊന്നും പറഞ്ഞ് പ്രശ്നമുണ്ടാക്കരുത്... ഏട്ടന്റെ സാലറി അക്കൌണ്ടിലെ കാശ് അതിൽ തന്നെ കിടന്നോട്ടെ... എങ്ങനുണ്ട് വണ്ടി....???

"...പിന്നെ അടിപൊളി... താങ്ക്യൂ...." അതും പറഞ്ഞ് ഞാനവളെ കെട്ടിപ്പിടിച്ചു...

"...അല്ലാ.?? ...അപ്പൊ നിന്റെ കാറോ... സാധാരണ അതല്ലേ ഞാൻ ഉപയോഗിക്കാറ്....???അവളിൽ നിന്നും അകന്ന് മാറി ഞാൻ ചോദിച്ചു..

".... അത് കല്യാണം കഴിയുമ്പോൾ ഞാൻ കൊണ്ടുപോകും പൊട്ടാ... അപ്പൊ പിന്നെ ഏട്ടന് കാറ് വേണ്ടേ...???" കളിയാക്കിയാണ് അവളത് പറഞ്ഞതെങ്കിലും പറയുമ്പോൾ അവളുടെ കണ്ണ് നിറഞ്ഞിരുന്നു... അത് മറയ്ക്കാൻ അവൾ എന്റെ നെഞ്ചിലേയ്ക്ക് ചാഞ്ഞു... അവളെ പിരിയുന്ന കാര്യമോർത്തപ്പോൾ എന്റെയും കണ്ണ് നിറഞ്ഞു...

"...ഞാൻ പോയാലും എന്റെ ഏട്ടന് ഒരു കുറവും വരാൻ പാടില്ല... അങ്ങനെ ഉണ്ടായാ ഏട്ടൻ എന്നെ ഓർത്ത് സങ്കടപ്പെടുന്നത് എനിക്ക് സഹിക്കാൻ പറ്റില്ല..." ചേച്ചിപ്പെണ്ണ് പെട്ടന്ന് എന്റെ കുഞ്ഞനിയത്തിയായി...

"... വാ വണ്ടിയെടുക്ക്... നമുക്ക് പോവാം..." കണ്ണ് തുടച്ച് അവൾ ഡോർ തുറന്ന് എന്നെ ഡ്രൈവിംഗ് സീറ്റിൽ പിടിച്ചിരുത്തി...

അവളുടെ സെലക്ഷൻ അടിപൊളി.. എന്റെ ഫെവറൈറ്റ് കളർ ബ്ലാക്ക്..ബ്രാൻഡ് ന്യൂ ഓഡി എ6 ...

കാറോടിത്തുടങ്ങി കുറച്ചു നേരത്തേയ്ക്ക് അവൾ പുറത്തേയ്ക്ക് നോക്കിയിരുന്നു... ഒരാഴ്ച്ച കൂടി കഴിഞ്ഞാൽ അവൾ മറ്റൊരു വീട്ടിലേയ്ക്ക് പോകുമെന്നും പിന്നെ പഴയ പോലെ എനിക്ക് അവളുടെ സ്നേഹം കിട്ടില്ല എന്നുമുള്ള തിരിച്ചറിവ് എനിക്കും സഹിക്കാൻ കഴിയുന്നതായിരുന്നില്ല...

".... ഏട്ടാ... എനിക്ക് കല്യാണം കഴിച്ചു പോകുന്നത് ഓർക്കുമ്പോൾ വല്യ സങ്കടാ... എനിക്ക് ഏട്ടനെ പിരിഞ്ഞിരിക്കാൻ പറ്റില്ല... ആഴ്ച്ചയിലൊരിക്കലെങ്കിലും എന്നെ കാണാൻ ഏട്ടൻ വരണോട്ടോ...." എന്റെ ഇടത്ത് കൈയിൽ ചുറ്റിപ്പിടിച്ച് തോളിൽ മുഖം ചേർത്തുകൊണ്ട് അവൾ പറയുമ്പോൾ... വാക്കുകളിലെ സങ്കടം എനിക്ക് വായിക്കാമായിരുന്നു..

"...എന്റെ മുത്ത് അതിനു ദൂരേക്കൊന്നും പോണില്ലല്ലോ... ഒരു മണിക്കൂർ യാത്ര ചെയ്താൽ സഞ്ജുന്റെ വീട്ടിലെത്തൂല്ലേ... കാണാൻ തോന്നുമ്പോഴൊക്കെ ഞാൻ ഓടി വരൂല്ലേ മോളൂ... ഏട്ടന്റെ മുത്ത് കണ്ണ് തുടയ്ക്ക്.." ഞാൻ അവളെ ആശ്വസിപ്പിച്ചു... പിന്നെ വേറെ പല കാര്യങ്ങളും സംസാരിച്ചു വന്നപ്പോൾ അവള് ഉഷാറായി..

ഞങ്ങൾ നേരെ പോയത് അവളുടെ ചില കൂട്ടുകാരികളുടെ വീടുകളിലേയ്ക്കായിരുന്നു... അവിടെ ഒക്കെ കല്യാണം വിളിച്ചു കഴിഞ്ഞ് ഉച്ചയ്ക്ക് ഊണും കഴിച്ച്... അവൾ എന്നെ ടൌണിലെ ഒരു മെൻസ് വെയർ ഷോപ്പിൽ കൊണ്ട് പോയി എനിക്ക് കല്യാണത്തിന് ഇടാനുള്ള ഡ്രസ്സൊക്കെ എടുത്ത് തന്നു.. പിന്നെ കുറെ ടീ ഷർട്ടുകൾ, ട്രാക് പാന്റുകൾ, ഇന്നർ വെയറുകൾ, എന്ന് തുടങ്ങി എനിക്ക് ഒരു രണ്ടു കൊല്ലത്തേയ്ക്ക് ഇടാനുള്ള ഡ്രസ്സ് അവൾ വാങ്ങിത്തന്നു.... എന്നിട്ട് ഒരു ഡയലോഗും..

"... എന്റെ കല്യാണം കഴിഞ്ഞാൽ എത്രയും പെട്ടന്ന് എട്ടന് ഞാനൊരു പെണ്ണിനെ തപ്പിപ്പിടിച്ചു തരും... ഞാൻ നോക്കുന്നത് പോലെ എന്റെ ഏട്ടന്റെ കാര്യങ്ങൾ

നോക്കും എന്ന് എനിക്ക് തോന്നുന്ന ഒരു പെണ്ണിനെ... അതുവരെ ഈ ഡ്രസ്സൊക്കെ കൊണ്ട് അഡ്ജസ്റ്റ് ചെയ്തോണം... പിന്നെ പുതിയത് വെല്ലോം വേണന്നു തോന്നിയാ എന്നെ വിളിച്ചു പറഞ്ഞാൽ മതി ഞാൻ വാങ്ങിക്കൊണ്ട് തന്നോളം.. കേട്ടല്ലോ...???

".... ആയിക്കോട്ടെ മുതലാളീ..." ഞാൻ വാക്കെയ്യും പൊത്തി നിന്ന് സമ്മതിച്ചു.. പിന്നെ ബാക്കിയുള്ള അവളുടെ കൂട്ടുകാരികളുടെ വീടുകളിലും പോയി വിളി കഴിഞ്ഞ് ഞങ്ങൾ വീട്ടിൽ തിരിച്ചെത്തിയപ്പോൾ രാത്രി എട്ടുമണി കഴിഞ്ഞിരുന്നു...

അന്ന് രാത്രി അത്താഴം കഴിഞ്ഞു കിടക്കാൻ വേണ്ടി ഞാൻ മുറിയിൽ ചെന്നപ്പോൾ.. നമ്മുടെ വാനരപ്പട മുഴുവൻ എന്റെ മുറിയിലുണ്ട്... ഇന്ന് അവരെല്ലാം എന്റെ ഒപ്പമാണ് ഉറങ്ങുന്നതെന്നും.. വല്യേച്ചിയുടെ (മുത്തിനെ അവരെല്ലാം അങ്ങനാണ് വിളിക്കുന്നത്.., മാളുവിനെ കുഞ്ഞേച്ചി എന്നും) കല്യാണം കഴിഞ്ഞാൽ പിന്നെ എല്ലാവർക്കും ഒരുമിച്ചു കൂടാൻ പറ്റില്ല എന്നും പറഞ്ഞു അവര് നേരത്തെ തന്നെ എന്റെ കട്ടിലിൽ സ്ഥാനം പിടിച്ചിരുന്നു....

തമാശകളും കളിയും ബഹളവുമൊക്കെയായി ഞങ്ങൾ ആറുപേരും രാത്രി പകലാക്കി... പിന്നെ മുത്തിനെയും മാളുവിനെയും നടുക്ക് കിടത്തി ഞങ്ങൾ എല്ലാവരും എന്റെ കിംഗ് സൈസ് ഫാമിലികോട്ട് കട്ടിലിൽ കെട്ടിപ്പിടിച്ചു കിടന്നുറങ്ങി... കൂട്ടത്തിൽ ഏറ്റവും ഇളയകുട്ടികളായ സച്ചിക്കും ശ്രീക്കുട്ടനും പോലും പതിനെട്ടു വയസ്സ് തികഞ്ഞിട്ടും ഒരുമിച്ചു കൂടിയാൽ ഞങ്ങളെല്ലാവരും ചെറിയ കുട്ടികളെ പോലെയാണ്..

രാവിലെ പതിവ് പോലെ ഓടാൻ പോയിട്ട് തിരിച്ചു ഞാൻ വരുമ്പോഴേക്കും എല്ലാവരും അവരവരുടെ മുറികളിലേയ്ക്ക് പോയിരുന്നു.. വരുമ്പോൾ ഹാളിൽ ആരെയും കണ്ടില്ല.. അടുക്കളയിൽ നിന്നും പെണ്ണുങ്ങളുടെ സംസാരം കേൾക്കാം... പഞ്ചമിയുടെ ഒച്ചയാണ് എല്ലാത്തിനും മേലെ... ഞാൻ ചിരിച്ചുകൊണ്ട് എന്റെ മുറിയിലേയ്ക്ക് പോയി..

ഇന്ന് ഞാൻ സാധരണ വരുന്നതിനേക്കാൾ നേരത്തെ ആയിരുന്നു.. തന്നെയുമല്ല ഇന്നലെ രാത്രി വൈകിക്കിടന്നതുകൊണ്ട് എനിക്ക് ഉറക്കം വിട്ടുമാറിയിട്ടുണ്ടായിരുന്നില്ല.... കുറച്ചു നേരം കൂടി കിടക്കാം എന്ന് കരുതി ഞാൻ കട്ടിലിൽ കിടന്നു...

ഇടയ്ക്ക് എന്റെ കൂടെ ആരോ കിടക്കുന്നുള്ളത് പോലെ തോന്നി ഞാൻ ഉണർന്നു.. അടുത്ത് കിടക്കുന്നയാൾ എന്റെ വലത്ത് കൈത്തണ്ടയിൽ തലവച്ചാണ് കിടക്കുന്നത്.. പിള്ളേര് ആരെങ്കിലും ആവും എന്നറിയാവുന്നത് കൊണ്ട് ഒന്ന് കൂടി ചേർത്ത് പിടിച്ച് ഞാൻ കിടന്നു...

പലപ്പോഴും ഞാൻ വീട്ടിൽ ഉള്ളപ്പോഴൊക്കെ രാവിലെ പിള്ളേരൊക്കെ എന്റെ കൂടെ വന്നു കിടക്കാറുണ്ട്.. കൂടുതൽ എന്റെ അടുത്ത് വന്നു കിടക്കാറുള്ളത് ദീപുമോനാണ്.. അവൻ കാല് എന്റെ ദേഹത്തേയ്ക്ക് എടുത്ത് വച്ച് എന്നെ കെട്ടിപ്പിടിച്ചാണ് കിടക്കാറുള്ളത്...

തലയിൽ തലോടിയപ്പോൾ മുടിയുടെ നീളംകൊണ്ട് മുത്താണെന്ന് മനസ്സിലായി... ഇനി അധികം ദിവസം എന്റെ ഒപ്പം കിടക്കാൻ പറ്റില്ലല്ലോ അതോർത്ത് വന്നു കിടന്നതാവും... പാവം എന്റെ മുത്ത്... അമ്മയുടെ തനിപ്പകർപ്പാണ് അവൾ... എന്നോടുള്ള സ്നേഹത്തിന്റെ കാര്യത്തിൽ പലപ്പോഴും അമ്മയേക്കാൾ മേലെയാണെന്ന് മാത്രം....

എന്റെ കഴുത്തിന്റെ വലത് വശത്ത് മുഖം പൂഴത്തി എന്നെ കെട്ടിപ്പിടിച്ചാണ് അവൾ കിടക്കുന്നത്.. അവളുടെ മുടിയിൽ നിന്നും ഏതോ വിലകൂടിയ ഹെയർ സ്പ്രേയുടെ മനം വരുന്നുണ്ട്.... അവൾ ഒച്ചയില്ലാതെ കരയുകയാണ്.. അവളുടെ കണ്ണുനീർ ഒഴുകി എന്റെ കഴുത്തിന്റെ വശത്തുകൂടി കിടക്കയിൽ വീഴുന്നുണ്ടായിരുന്നു..

ഞാൻ തലയിൽ അരുമയായി തലോടിയപ്പോൾ അവൾ എന്റെ നെഞ്ചിലേയ്ക്ക് കയറിക്കിടന്ന് മാറിലെ മാംസഗോളങ്ങൾ എന്റെ നെഞ്ചിൽ അമർത്തി... കാലുകൾ അകത്തി മലർന്നു കിടക്കുന്ന എന്റെ വലത്തെ തുടയിൽ അവളുടെ അരക്കെട്ടമർന്നു... അവളുടെ മുഖം എന്റെ മുഖത്തേയ്ക്ക് അടുത്തു വന്നു.... ജനലുകളിൽ കർട്ടനിട്ടു മറച്ചിട്ടുള്ള മുറിയിൽ ലൈറ്റ് ഇട്ടിട്ടില്ലാത്തതുകൊണ്ട് അവളുടെ മുഖത്തിന്റെ ഭാഗത്ത് നിഴലാണ്... പതുക്കെ എന്റെ ചുണ്ടിൽ അവളുടെ റോസാദളങ്ങൾ പോലുള്ള അധരങ്ങൾ മുദ്രചാർത്തി ....

ഞാൻ തലയിൽ അരുമയായി തലോടിയപ്പോൾ അവൾ എന്റെ നെഞ്ചിലേയ്ക്ക് കയറിക്കിടന്ന് മാറിലെ മാംസഗോളങ്ങൾ എന്റെ നെഞ്ചിൽ അമർത്തി... കാലുകൾ

അകത്തി മലർന്നു കിടക്കുന്ന എന്റെ വലത്തെ തുടയിൽ അവളുടെ അരക്കെട്ടമർന്നു... അവളുടെ മുഖം എന്റെ മുഖത്തേയ്ക്ക് അടുത്തു വന്നു.... ജനലുകളിൽ കർട്ടനിട്ടു മറച്ചിട്ടുള്ള മുറിയിൽ ലൈറ്റ് ഇട്ടിട്ടില്ലാത്തതുകൊണ്ട് അവളുടെ മുഖത്തിന്റെ ഭാഗത്ത് നിഴലാണ്... പതുക്കെ എന്റെ ചുണ്ടിൽ അവളുടെ റോസാദളങ്ങൾ പോലുള്ള അധരങ്ങൾ മുദ്രചാർത്തി ....

ആ നിമിഷം എന്നെ പുണർന്നു കിടക്കുന്ന പെണ്ണ് മുത്തോ മാളുവോ അല്ല എന്നെനിക്ക് മനസ്സിലായി.. കാരണം വയസ്സറിയിച്ച ശേഷവും അവരു രണ്ടാളും എന്റെ ഒപ്പം വന്നു കിടക്കാറുണ്ടെങ്കിലും അവർ ശരീരം അധികം ദേഹത്ത് അമർത്താതെ എന്റെ നെഞ്ചിലോ കൈത്തണ്ടയിലോ തലവച്ച് കിടക്കുകമാത്രമേ ചെയ്യാറുള്ളൂ... എന്റെ അടുത്ത് അവർ സുരക്ഷിതരാണെങ്കിലും പെണ്ണുങ്ങൾക്ക് സാധാരണയുള്ള നാണംകൊണ്ട് അൽപ്പം ഒതുക്കം പാലിക്കാറുണ്ട്...

എന്റെ ദേഹത്ത് കിടന്ന പെണ്ണിനെ തള്ളിമാറ്റി ഞാൻ എഴുന്നേറ്റ് ലൈറ്റിട്ടു... അതാരാണെന്നു മനസ്സിലായ നിമിഷം എന്റെ രക്തം തിളച്ചു..

“ആദി...” വർഷങ്ങളായി ഞാൻ മറക്കാൻ ശ്രമിക്കുന്ന അവളുടെ മുഖം കണ്ട നിമിഷം മുഖമടച്ച് ഒരെണ്ണം കൊടുക്കാനാണ് എനിക്ക് തോന്നിയത്.. പക്ഷെ ഞാൻ ദേഷ്യം അടക്കി ചോദിച്ചു...

“...നീയെന്താ ഇവിടെ...???”

“....മുത്തിന്റെ കല്യാണമല്ലേ...???”

“... അത് അടുത്ത ആഴ്ചയല്ലേ... നീ ഇന്നെന്താ ഇവിടെയെന്നാ ചോദിച്ചത്..??” പല്ല് കടിച്ചുകൊണ്ടാണ് ഞാൻ ചോദിച്ചത്.

“....ഞാൻ ഒരാഴ്ച്ച മുന്നേ ഇങ്ങു പോന്നു.. പിന്നെ ദേവേട്ടൻ വന്നിട്ടുണ്ടെന്ന് ഇന്നലെയാ ഞാനറിഞ്ഞത് അതുകൊണ്ട് വെളുപ്പിനെ തന്നെ പോന്നു...” വളരെ കൂളായി ലാസ്യ ഭാവത്തോടെ അവളതു പറഞ്ഞപ്പോൾ അത്രയും നേരം അടക്കി നിർത്തിയിരുന്ന എന്റെ കടിഞ്ഞാൺ പൊട്ടി...

"....ഈ വീട്ടിൽ വന്നാലും നിന്നോട് എന്റെ മുറിയിൽ കയറരുത് എന്ന് ഞാൻ പറഞ്ഞിട്ടുള്ളതല്ലേ....??" അലറുന്ന പോലെയാണ് ഞാൻ ചോദിച്ചത്..

"... ദേവട്ടാ.. അത്... ഞാൻ... ദേവേട്ടന് ഒരു സർപ്രൈസ് തരാൻ...." എന്റെ ഭാവം കണ്ട് വിരണ്ടുപോയ അവൾ മുക്കി മൂളി പറഞ്ഞൊപ്പിച്ചു...

"... ആരതീ..... നീ തന്ന ഒരു സർപ്രൈസ് തന്നെ മറക്കാൻ എനിക്ക് ഇനിയും പറ്റിയിട്ടില്ല... നീ പുറത്ത് പോ..."

"...ആരതിയോ...?? ദേവേട്ടൻ എന്നെ അങ്ങനെയല്ലല്ലോ വിളിക്കാറുണ്ടായിരുന്നത്.... ഞാൻ ദേവേട്ടന്റെ ആദിയല്ലേ...?? പ്ലീസ് ദേവേട്ടാ എന്നോടിനിയെങ്കിലും ക്ഷമിച്ചു കൂടെ..???." കണ്ണ് നിറച്ച് ദയനീയ ഭാവത്തിൽ എന്നെ നോക്കിക്കൊണ്ടാണ് അവൾ പറഞ്ഞത് എങ്കിലും അതൊന്നും എന്റെ മനസ്സിലെ തീ കെടുത്താൻ പോന്നതായിരുന്നില്ല...

"... ഇറങ്ങി പോടീ... ഇനി നീ ഇവിടെ നിന്നാൽ എനിക്ക് നിന്നെ കൊല്ലേണ്ടി വരും.." വാതിലിനു നേരെ കൈ ചൂണ്ടികൊണ്ട് ഞാൻ അലറി.... ദേഷ്യം കൊണ്ട് എന്നെ വിറക്കുന്നുണ്ടായിരുന്നു..

"...ദേവേട്ടാ....!!!!" അരുതാത്തത് കേട്ടപോലെ അവൾ വിളിച്ചു..

".....നിന്നെ വലിച്ചു പുറത്തിറക്കാൻ എനിക്കറിയാം... പക്ഷേ നിന്റെ ശരീരത്ത് തൊടാൻ എനിക്കറയ്ക്കും... ഇനി ഞാൻ പറയില്ല.... പോ... ഇറങ്ങി പോകാൻ...." വീണ്ടും ഞാൻ അലറി..

അവൾ കരഞ്ഞുകൊണ്ട് ഇറങ്ങിപ്പോയി..

എന്റെ തലയ്ക്ക് തീ പിടിച്ചത് പോലെ തോന്നി... ധമനികളിൽ രക്തം കുതിച്ചൊഴുകുന്നു... പ്രഷർ കേറി തലപൊട്ടിപ്പോകും എന്ന് തോന്നിയപ്പോൾ ബാത്രൂമിൽ കയറി ഞാൻ ഷവറിനു കീഴിൽ നിന്നു... എത്ര നേരം അങ്ങനെ നിന്നു

എന്നറിയില്ല... തലയൊന്നു തണുത്തു എന്ന് തോന്നിയപ്പോൾ വിശാലമായ ആ തണുത്ത നിലത്ത് ഞാൻ നീണ്ടു നിവർന്ന് കിടന്നു..

"...മോനെ ദേവാ..." ലക്ഷ്മി ചേച്ചിയുടെ ശബ്ദമാണ് എന്നെ ഉണർത്തിയത്.

"....ദാ വരുന്നു ചേച്ചീ..." ഞാൻ പെട്ടന്ന് ഡ്രസ്സഴിച്ച് കുളിച്ചു എന്നു വരുത്തി ട്രാക്ക്പാന്റ് മാത്രം ഇട്ടുകൊണ്ട് പുറത്തേയ്ക്കിറങ്ങി..

ബാത്രൂമിന്റെ വാതിൽ തുറക്കുമ്പോൾ മുന്നിൽ ലക്ഷ്മി ചേച്ചി..

"... എന്താ ദേവൂട്ടാ ഇത്... ഒന്ന് കുളിക്കാൻ ഇത്രയും നേരോ... അളക്കാനുള്ള തുണി എടുക്കാൻ ഞാൻ ആദ്യം വന്നപ്പോൾ നീ ബാത്രൂമിലാരുന്നു... ഇപ്പോ ഇരുപത് മിനിട്ട് കഴിഞ്ഞു... ഇപ്പൊ വന്നു നോക്കിയപ്പോഴും നീ ഇറങ്ങീട്ടില്ല... അകത്ത് കുളി തന്നെ ആരുന്നോ പണി...??" ചേച്ചിയുടെ കളിയാക്കൽ ആസ്വദിക്കാനുള്ള മൂടിലായിരുന്നില്ല ഞാൻ.. ചേച്ചി എന്നെ കടന്ന് മുഷിഞ്ഞ തുണികൾ എടുക്കാൻ ബാത്രൂമിലേയ്ക്ക് കയറി.. കട്ടിലിനടുത്തുള്ള ദിവാൻകോട്ടിൽ എനിക്കിടാനുള്ള ഡ്രസ്സ് മുത്ത് എടുത്ത് വച്ചിരുന്നു.. ഞാൻ ഡ്രസ്സ് മാറുമ്പോൾ ലക്ഷ്മി ചേച്ചി തുണികൾ എടുത്ത്കൊണ്ട് വന്നു..

".... എല്ലാരും എന്ത്യേ...." ആദിയോട് ഞാൻ ഉച്ചത്തിൽ സംസാരിക്കുന്നത് കേട്ടിട്ടും വേറെയാരും എന്റെ മുറിയിലേയ്ക്ക് വരാതിരുന്നതുകൊണ്ട് ഞാൻ ചോദിച്ചു..

".... അവരൊക്കെ അമ്പലത്തിൽ പോയതായിരുന്നു... ഇപ്പോ താഴെ വന്നിട്ടുണ്ട്..."

"...ഓ... ശരി..."

".... സമയം ഒരുപാടായി... വേഗം റെഡിയായി വാ... മോന്റെ അച്ഛൻ താഴെ കാത്ത് നിൽപ്പുണ്ട്..." അതും പറഞ്ഞ് ചേച്ചി പോയി.. ഒരു വെള്ള ഫുൾസ്ലീവ് ഷർട്ടും ബ്രൌൺ പാന്റും ആയിരുന്നു മുത്ത് എടുത്ത് വച്ചിരുന്നത്... ഞാൻ അതെടുത്തിട്ട് വേഗം റെഡിയായി താഴേക്ക് ചെല്ലുമ്പോൾ അച്ഛൻ ഹാളിലെ സോഫയിൽ

ചായകുടിച്ചുകൊണ്ടിരുന്നു പത്രം വായിക്കുന്നു... എങ്ങോട്ടോ പോകാൻ ഒരുങ്ങിയാണ് ഇരിക്കുന്നത്.

"…. ആ…. ദേവാ… നീ ചായകുടിച്ചോ….???" എന്നെ കണ്ടതും പത്രം മടക്കി എഴുന്നേറ്റുകൊണ്ട് അച്ഛൻ ചോദിച്ചു..

"…ഇല്ലച്ഛാ… "

"….ങ്ഹാ… നീ വേഗം കഴിച്ചിട്ടു വാ എനിക്ക് ചില കാര്യങ്ങൾ നിന്നെ പറഞ്ഞ് എൽപ്പിക്കുവാനുണ്ട്…"

"…. ഞാൻ ദാ വരുന്നു…"

വേഗം ബ്രേക്ഫാസ്റ്റ് കഴിച്ച് ഞാൻ ചെല്ലുമ്പോൾ അച്ഛൻ വീടിനു മുന്നിലെ പുൽത്തകിടിയിലെ ചാരുബഞ്ചിൽ ഇരിക്കുകയായിരുന്നു..

"… ആ ദേവാ… വാ ഇരിക്ക്…" ഞാൻ അച്ഛന്റെ അടുത്തിരുന്നു…

"…. മോനൂ… കല്യാണത്തിന് ഇനി ഒരാഴ്ചയേ ഉള്ളൂ… ഒരുക്കങ്ങളൊക്കെ എവിടെ വരെ ആയെന്നു നീ നോക്കിയോ…"

"… ങ്ഹാ.. അച്ഛാ… ഏർപ്പാടുകൾ എല്ലാം ചെയ്തിട്ടുണ്ട്… പിന്നെ കല്യാണം നമ്മടെ കൺവെൻഷൻ സെന്ററിൽ വച്ചായതുകൊണ്ട് അവിടത്തെ കാര്യങ്ങളിൽ വല്യ ടെൻഷനൊന്നുമില്ല… ഇനി ഗെസ്റ്റുകൾ വന്നു തുടങ്ങുമ്പോൾ മുതലുള്ള കാര്യങ്ങൾ ശ്രദ്ധിച്ചാൽ മതിയാകും…"

"…ഉം… ഇതുവരെ ചെയ്തകാര്യങ്ങളും ഇനി ചെയ്യേണ്ട കാര്യങ്ങളുടെയും ഒരു ലിസ്റ്റ് ഞാൻ മാണിക്യനെ ഏൽപ്പിച്ചിട്ടുണ്ട്… നീ അത് നോക്കിയിട്ട് എന്തെങ്കിലും വിട്ടു പോയിട്ടുണ്ടെങ്കിൽ അത് കണ്ടറിഞ്ഞു ചെയ്തോളണം…."

"...ഞാൻ നോക്കിക്കോളാം അച്ഛാ..."

"...അത് പറഞ്ഞപ്പളാ... മാണിക്യൻ.... അവൻ കൊള്ളാം... കാര്യം അവര് നമ്മടെ അയൽവക്കത്ത് താമസം തുടങ്ങിയ ശേഷം മിക്കവാറും ഇവിടെത്തന്നെ കാണാറുണ്ടെങ്കിലും... അവനെക്കൊണ്ട് ഒരാവശ്യം വന്നത് ഇപ്പോഴാ... മിടുക്കനാ അവൻ... ഞാനും സോമുവും ഓരോ തിരക്കിൽ ആയിപ്പോയെങ്കിലും ഇവിടെ അവനുണ്ടായിരുന്നതുകൊണ്ട് ഒരുക്കങ്ങളൊക്കെ ഇതുവരെ നന്നായി നടന്നിട്ടുണ്ട്..."

"....അതുപോലെ തന്നെ പഞ്ചമിയും മിടുക്കിയാ... കല്യാണത്തിന്റെ സ്വർണ്ണവും ഡ്രസ്സും എടുക്കാൻ നമ്മുടെ വീട്ടുകാരും മറ്റ് പെൺകുട്ടികളുടെ ആളുകളും നാല് ദിവസമായിട്ടാ പോയത്... അപ്പോഴൊക്കെ പഞ്ചമിയും മാളുവും മീനയും (ചെറിയമ്മ) കൂടി എല്ലാം കണ്ടറിഞ്ഞു ചെയ്തു... അതുകൊണ്ട് എനിക്കും സോമുവിനും ദേവയ്ക്കും (എന്റെ അമ്മ) വല്യ പണിയൊന്നും ഉണ്ടായില്ല... ചുമ്മാ കൂടെ നിന്ന് കൊടുത്താ മതിയാരുന്നു.."

"... നല്ല സ്നേഹമുള്ളവനാ അവൻ.. അതല്ലേ ഞാൻ അവരെ ഇങ്ങോട്ട് കൊണ്ടുവന്നത്... അവർക്ക് ബന്ധുക്കളായിട്ടും വേറെ ആരും ഇല്ല... അതുകൊണ്ട് നമ്മളെയൊക്കെ ജീവനാ..." ഞാൻ പറഞ്ഞു.

"... അതെനിക്ക് മനസ്സിലായി... എല്ലാത്തിനും അവര് ഉള്ളതുകൊണ്ട് നമുക്ക് ടെൻഷൻ കുറഞ്ഞു.. എന്നാലും എല്ലായിടത്തും നിന്റെ ഒരു കണ്ണുണ്ടാവണം...." അച്ഛൻ ഓർമ്മിപ്പിച്ചു.

"...അതൊക്കെ ഞാൻ നോക്കിക്കോളാം..."

"...ദേവാ... ഇത് കുറച്ചു പണമാണ്... ഒരുക്കങ്ങളുടെ കാര്യത്തിൽ ഒരു കുറവും ഉണ്ടാവരുത്... തികഞ്ഞില്ലെങ്കിൽ പറഞ്ഞാൽ മതി..." അച്ഛൻ ഒരു പൊതി എന്നെ ഏൽപ്പിച്ചുകൊണ്ട് പറഞ്ഞു. അപ്പോഴേക്കും സോമൻ ചെറിയച്ഛനും വന്നു.

"... എന്നാ ഞങ്ങള് ചെല്ലട്ടെ..." അവര് രണ്ടു പേരും അച്ഛന്റെ ജാഗ്വറിൽ കയറി... ഭാസി അണ്ണനാണ് കാർ ഓടിക്കുന്നത്..

"...മോനെ ദേവാ.. ഒരു കാര്യം മറന്നു പോയി..." കാറിൽ കയറിയിരുന്ന് ഗ്ലാസ് താഴ്ത്തിയിട്ട് അച്ഛൻ പറഞ്ഞു.

"...അജു എന്നാ വരുന്നതെന്ന് പറഞ്ഞോ..??"

"...അവൻ ബുധനാഴ്ച എത്തുമെന്നാ പറഞ്ഞത്.. എന്താ അച്ഛാ..."

"...അവനെ എയർപോർട്ടിൽ നിന്നും പിക് ചെയ്യാൻ നമ്മൾ പോകണ്ട കാര്യമില്ലല്ലോ...??"

"...ഇല്ലച്ചാ... അരുൺ ഉണ്ടല്ലോ അവിടെ..." (അരുൺ അജുവിന്റെ അനിയനാണ്).

"...ഉം... അന്ന് തന്നെയാണ് നമ്മുടെ ചില പാർട്ട്നേഴ്സും വരുന്നത്... ഞാൻ പറഞ്ഞിരുന്നല്ലോ... അവരെ നീ കരിപ്പൂര് നിന്നും പിക് ചെയ്ത് എസ്റ്റേറ്റിൽ എത്തിക്കണം... അവരെ ഒന്ന് സെറ്റിൽ ചെയ്യിച്ചു കഴിഞ്ഞാൽ അവിടത്തെ ബാക്കി കാര്യങ്ങളൊക്കെ നമ്മുടെ വാച്ചർ വാസു നോക്കിക്കോളും.. പക്ഷെ അവര് വരുന്നതിനു മുന്പ് നമ്മുടെ പണിക്കാരി പെണ്ണുങ്ങളെ അവിടന്ന് മാറ്റിയേക്കണം... ഗസ്റ്റുകൾ തിരിച്ചു പോകുന്നത് വരെ അവർക്ക് ലീവ് കൊടുത്തേരെ... ഇല്ലേൽ പിന്നെ അതിലേതെങ്കിലും ഒരെണ്ണത്തിനെ വേണമെന്ന് പറഞ്ഞാൽ ആകെ പണിയാവും... അവരൊക്കെ ആദിവാസി പെണ്ണുങ്ങളാ... തന്നെയുമല്ല നമ്മളെ വിശ്വസിച്ചാ അവരെ കുടികളിൽ നിന്നും എസ്റ്റേറ്റിൽ പണിക്കു വിടുന്നത് തന്നെ... അറിയാല്ലോ നിനക്ക്..."

"... ഞാൻ നോക്കിക്കോളാം അച്ഛാ... അച്ഛനീക്കാര്യം പറഞ്ഞപ്പോൾ തന്നെ ഞാൻ ആദ്യം ചിന്തിച്ചത് അവരുടെ കാര്യമാ..."

"...ഉം.. എല്ലാം നീ നോക്കീം കണ്ടും ചെയ്തോളണം... ഓ.കെ...??? എന്നാൽ ഞങ്ങൾ പോയിട്ട് വരാം..." അത്രയും കാര്യങ്ങൾ എന്നെ പറഞ്ഞേൽപ്പിച്ചിട്ടു അവര് പോയി.. കോയമ്പത്തൂരിലെ മില്ലിൽ അപ്രതീക്ഷിതമായി ഉണ്ടായ ചില തൊഴിൽത്തർക്കങ്ങൾ തീർക്കാനാണ് കല്യാണത്തിന്റെ തിരക്കിനിടയിലും അവർ പോയത്..

അവരുടെ വണ്ടി ഗെയിറ്റ് കടന്നു പോകുന്നത് നോക്കി ഞാൻ നിന്നു... പിന്നെ അകത്തേയ്ക്ക് പോകാനായി ഞാൻ തിരിഞ്ഞപ്പോൾ മുത്ത് വരുന്നതു കണ്ടു... അമ്പലത്തിൽ നിന്നുള്ള പ്രസാദം ഇലച്ചീന്തിൽ രണ്ടു കൈകൊണ്ടും കൂട്ടിപ്പിടിച്ച് വരുന്ന അവളെ ഞാൻ നോക്കി നിന്നുപോയി... സെറ്റുസാരിയുടുത്ത് പതുക്കെ ചുവടുവച്ച് വരുന്ന അവൾ വിണ്ണിൽ നിന്നും വന്ന ഒരു ദേവതയെപ്പോലെ തോന്നിച്ചു...

"...ഹലോ മാഷേ..." ശിലപോലെ നിൽക്കുന്ന എന്റെ മുന്നിൽ വന്ന് എന്നെ തോണ്ടിക്കൊണ്ട് മുത്ത് വിളിച്ചപ്പോഴാണ് ഞാൻ യാഥാർധ്യത്തിലേയ്ക്ക് വന്നത്... ഞാൻ ഒരു ചമ്മിയ ചിരി ചിരിച്ചു..

"... സുന്ദരിയായിട്ടുണ്ടല്ലോ...??" എന്റെ നെറ്റിയിൽ പ്രസാദം തൊടുവിക്കുന്ന അവളുടെ ചെവിയിൽ ഞാൻ കിന്നാരം പറഞ്ഞു..

"...അയ്യോടാ എന്റെ ഏട്ടന് ഇപ്പോഴാണോ അത് തോന്നിയത്... പൊട്ടൻ..." അതും പറഞ്ഞ് അവളെന്റെ കൈയിൽ പിച്ചി... ഞാൻ വേദനയെടുത്ത് കൈ തിരുമ്മി

അകത്തേയ്ക്ക് കയറി അച്ഛൻ തന്നപൊതിയിൽ നിന്നും ആവശ്യത്തിനുള്ള കുറച്ചു പണം മാത്രമെടുത്ത് ഞാൻ പുറത്തേയ്ക്ക് പോകാൻ കാറിനടുത്തേയ്ക്ക് വന്നതും മുത്ത് വിളിച്ചു..

"...ഏട്ടൻ വന്നേ ഒരു കാര്യം പറയാനുണ്ട്..." അവൾ എന്റെ കൈ പിടിച്ചു വലിച്ചുകൊണ്ട് നടന്നു.. മുകളിൽ ബാൽക്കണിയിൽ എത്തിയപ്പോളാണ് അവൾ നിന്നത്... ബാൽക്കണിയിൽ നിന്നും നോക്കുമ്പോൾ പാടത്തിനക്കരെ കാണുന്ന കാവിന്റെ നേരെ നോക്കി മുത്ത് ഒരു നിമിഷം വലതുകൈ നെഞ്ചിൽ ചേർത്തു നിന്നു..

"...ആദി ഇവിടെ വന്നിരുന്നല്ലേ....??" അവൾ ഗൗരവത്തോടെ ചോദിച്ചു... ഞാൻ അതെയെന്നു തലയാട്ടി സമ്മതിച്ചുകൊണ്ട് ഉണ്ടായ സംഭവം പറഞ്ഞു. എന്റെ സംസാരം കേട്ട് നിൽക്കുന്ന മുത്തിന്റെ മുഖം ദേഷ്യംകൊണ്ട് ചുമക്കുന്നത് ഞാൻ കണ്ടു... ഞാൻ പറഞ്ഞു നിർത്തിയപ്പോൾ ബാൽക്കണിയുടെ കൈവരിയിൽ കൈകൾ കുത്തി ദൂരേയ്ക്ക് നോക്കി നിന്ന അവൾ ഒരു ദീർഘനിശ്വാസം വിട്ടു...

അപ്പോഴേക്കും ആദ്യത്തെ ദേഷ്യഭാവം മാറി ഡോക്ടർ ദിവ്യയുടെ സ്വതസിദ്ധമായ ലാളിത്യം തിരിച്ചെത്തിയിരുന്നു..

"... ഏട്ടാ... ഏട്ടന്റെ മനസ്സിൽ ഇപ്പോഴും അവളോട് സ്നേഹമുണ്ടോ..??"

"... ഇല്ല..." എനിക്കത് പറയാൻ രണ്ടാമതൊന്നു ആലോചിക്കേണ്ട കാര്യമില്ലായിരുന്നു..

"...അന്നത്തെ സംഭവങ്ങൾക്ക് ശേഷം ആദിയുടെ ഒരു കാര്യവും ഞാൻ സംസാരിക്കുന്നത് ഏട്ടന് ഇഷ്ടമല്ലായിരുന്നല്ലോ...??? പക്ഷേ ഏട്ടൻ അറിയേണ്ട ചില കാര്യങ്ങളുണ്ട്... എന്റെ മുഖത്തെ ആകാംഷ ശ്രദ്ധിച്ചുകൊണ്ട് അവൾ തുടർന്നു..."

" ...ഏട്ടാ... അവളന്ന് അവസാനമായി ഏട്ടനോട് പറഞ്ഞ കാര്യങ്ങളൊക്കെ എന്റെ മനസ്സിലുണ്ടായിരുന്നതുകൊണ്ട് അവൾ എന്തൊക്കെയായിരിക്കും ഇനി ചെയ്യുക എന്നറിയാൻ ഞാൻ ശ്രമിച്ചിരുന്നു... അതിനു വേണ്ടി ഞാൻ മീനുചേച്ചിയെയും വാവയേയും ഇടയ്ക്ക് വിളിച്ച് കാര്യങ്ങൾ അന്വേഷിച്ചുകൊണ്ടാണിരുന്നത്.... ഏട്ടന്റെ മനസ്സ് ശരിയല്ലാ എന്ന് തോന്നിയതുകൊണ്ട് ഞാൻ ഒന്നും പറഞ്ഞില്ല എന്നേയുള്ളൂ..."

മുത്ത് എന്റെ കാര്യത്തിൽ എത്രത്തോളം ശ്രദ്ധാലുവാണ് എന്ന് ഞാനോർത്തു.

"...ഏട്ടന്റെ മുൻപിൽ പാവം നിരാശാ കാമുകിയായി അഭിനയിക്കുന്ന ആദി പക്ഷെ വീട്ടിലെ മറ്റുള്ളവരുടെ മുൻപിൽ അങ്ങനെയല്ല... എല്ലാവരോടും വലിയ സ്നേഹമാണ്... എന്നാൽ എന്നോടും പഴയ അടുപ്പമില്ല.. ഞാൻ ഏട്ടന്റെ മനസാക്ഷി സൂക്ഷിപ്പുകാരിയാണെന്ന് അവൾക്കറിയാല്ലോ...?? ...അവളെ സൂക്ഷിക്കണം ഏട്ടാ... ആ സംഭവത്തിനു ശേഷം അമ്മയേയും ചെറിയമ്മയേയും സ്വാധീനിക്കാനാണ് അവൾ ഇതുവരെ ശ്രമിച്ചിട്ടുള്ളത്... അതിനുവേണ്ടി മാത്രം ഇടയ്ക്കൊക്കെ ഇവിടെ വരും.. അതുപോലെ ഏട്ടനുമായുള്ള പ്രശ്നങ്ങൾ മറ്റുള്ളവർ അറിയാതിരിക്കാനും അവൾ നന്നായി ശ്രദ്ധിച്ചിട്ടുണ്ട്.. അജുവേട്ടന്റെ നിശ്ചയത്തിനു എല്ലാവരും ഒരുമിച്ചു കൂടിയപ്പോൾ നിങ്ങൾ തമ്മിലുള്ള കല്യാണക്കാര്യമായിരുന്നു പ്രധാന ചർച്ച... അമ്മയും ചെറിയമ്മയും ഒക്കെ ആദിയെ മരുമകളായി ഇപ്പോഴേ അംഗീകരിച്ചപോലെയായിരുന്നു സംസാരം...

എന്റെ കല്യാണം കഴിഞ്ഞാൽ പിന്നെ അവര് ഈ കാര്യം ആലോചിക്കും.. അത് ഏട്ടന്റെ മനസ്സിലുണ്ടാവണം... ഏട്ടന്റെ ഇഷ്ടം നോക്കാതെ ആരും ആദിയുമായുള്ള കല്യാണത്തിനു ഏട്ടനെ നിർബന്ധിക്കില്ല എന്നതാണ് ഏട്ടന്റെ വിശ്വാസം... പക്ഷെ ഈ രീതിയിലാണ് കാര്യങ്ങൾ പോകുന്നതെങ്കിൽ....??? അവൾ അർദ്ധോക്തിയിൽ നിർത്തി..

മുത്ത് പറഞ്ഞ കാര്യങ്ങൾ എനെ അസ്വസ്ഥനാക്കി... മറക്കാൻ ശ്രമിക്കുന്ന ഭൂതകാലം എന്നിലേക്ക് അലയടിച്ചെത്തുന്നപോലെ.. പക്ഷെ ഇപ്പോൾ മുത്തിന്റെ ആശങ്ക അകറ്റിയേ മതിയാകൂ..

"...തൽക്കാലം ഇങ്ങനെതന്നെ പോട്ടേ മോളൂ... നമ്മളായിട്ട് ഒന്നും ചെയ്യാൻ പോവണ്ട.... അവളുമായിട്ടുള്ള കല്യാണക്കാര്യം നമ്മുടെ വീട്ടുകാരൊക്കെ ആലോചിക്കുമ്പോ നമുക്ക് എന്തെങ്കിലും ചെയ്യാം... .ഇപ്പൊ അതൊന്നും എന്റെ മനസ്സിലില്ല... ഒരു സമൂഹ വിവാഹത്തിന്റെ മുഴുവൻ ചുമതല എന്റെ തലയിൽ ഇരിക്കുവല്ലേ...?? പിന്നെ അതിനേക്കാളൊക്കെ ഇത് എന്റെ മുത്തിന്റെ കല്യാണമല്ലെടീ ചക്കരേ... ഒരു കുറവും അതിലുണ്ടാവാൻ പാടില്ലാ എന്ന് എനിക്ക് നിർബന്ധമുണ്ട്... അതുകൊണ്ട് ഞാൻ പോട്ടേ ഒരുപാട് കാര്യങ്ങൾ ചെയ്തു തീർക്കാനുള്ളതാ..". മുത്തിന്റെ കവിളിൽ പതുക്കെ തലോടിക്കൊണ്ട് അത്രയും പറഞ്ഞു ഞാൻ പോകാനായി എഴുന്നേറ്റു..

"... അതാണ്... ഏട്ടൻ പറഞ്ഞതാ അതിന്റെ പോയിന്റ്... ഈ ചേച്ചി വെറുതെ ആവശ്യമില്ലാത്തതൊക്കെ ആലോചിച്ച് ടെൻഷൻ അടിക്കുന്നതാ ഏട്ടാ..." പെട്ടന്ന് അങ്ങോട്ട് കയറി വന്ന ദീപുവിന്റെ കമന്റായിരുന്നു അത്.. ഒരു സ്ലീവ്ലെസ് ലൂസ് ബനിയനും ട്രാക്ക് പാന്റുമാണ് അവന്റെ വേഷം... തൊടിയിൽ നിന്നു കിട്ടിയ ഒരു പേരയ്ക്കയും തിന്നുകൊണ്ടാണ് ആശാന്റെ വരവ്...

"..ങ്ങ് ഹാ.. നീ ഇവിടുണ്ടാരുന്നോ... ??? ഒളിഞ്ഞു നിന്ന് എല്ലാം കേക്കുവാരുന്നല്ലെടാ പഹയാ...??" ഞാൻ ചോദിച്ചു...

"...ഓ.. ഒളിച്ചു നിക്കുവൊന്നും അല്ലാരുന്നു... ഞാൻ ചുമ്മാ ഏട്ടനെ അന്വേഷിച്ചു നടന്നപ്പോൾ നിങ്ങളിവിടെ കൂലംകഷമായ ചർച്ച... ആദിച്ചേച്ചിയുടെ കാര്യമാണെന്ന് കേട്ടപ്പോ ഞാനൊന്ന് ശ്രദ്ധിച്ചു അത്രേ ഒള്ളു.." അവൻ കൂസലില്ലാതെ പറഞ്ഞു..

ഇവന് കാര്യങ്ങളൊക്കെ അറിയാമോ എന്ന് ഞാൻ മുത്തിനോട് കണ്ണ് കാണിച്ചു.. അവൾ അറിയാം എന്നു തിരിച്ചും.

"...ഉം.. നിങ്ങളിനി കഥകളി കളിക്കുവൊന്നും വേണ്ട... പിന്നെ ഏട്ടാ... ഈ ആദിച്ചേച്ചിയുടെ കാര്യം അത്ര വല്യ പ്രശ്നമാണോ..??"

"...മനസ്സിലായില്ല..." ഞാൻ വളരെ ഗൌരവത്തിൽ ചോദിച്ചു.. അവൻ പക്ഷെ അതെ കൂസലെന്യേ പറഞ്ഞു...

"....എന്റെ ഏട്ടാ... ഏട്ടൻ എടുക്കുന്ന തീരുമാനങ്ങൾക്ക് ഈ ശ്രീമംഗലത്ത് അതിന്റേതായ വിലയുണ്ട്.. കാരണം ഏട്ടൻ ഈ വീട്ടിലെ മൂത്തമകനാ... ഏട്ടൻ നമ്മുടെ ബിസ്സിനസ് നോക്കി നടത്താൻ തുടങ്ങിയ ശേഷം ശ്രീമംഗലം ഗ്രൂപ്പിനുണ്ടായ വളർച്ചയെപ്പറ്റി നമ്മുടെ അച്ഛൻ പോലും പലപ്പോഴും ആശ്ചര്യത്തോടെ പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്.. അങ്ങിനെയുള്ളപ്പോൾ ഏട്ടന്റെ കല്യാണക്കാര്യത്തിൽ ഏട്ടന്റെ അഭിപ്രായം ചോദിക്കാതെ ആരും തീരുമാനം ഒന്നും എടുക്കില്ല... പിന്നെ ആദിചേച്ചി നമ്മടെ വല്യമ്മാവന്റെ മോളായതുകൊണ്ട് ആ ബന്ധം നടന്നാൽ നല്ലതാണ് എന്ന് അമ്മയ്ക്കും ചെറിയമ്മയ്ക്കും ഒക്കെ തോന്നിക്കാണും... അത്രയേ ഉള്ളൂ.. അല്ലാതെ ഇതിനൊക്കെ ഇങ്ങനെ ടെൻഷൻ അടിക്കണ്ട വല്ല കാര്യോം ഒണ്ടോ...???

അവൻ വലിയ തത്ത്വജ്ഞാനിയെപ്പോലെ പറയുന്നത് കേട്ട് ഞാനും മുത്തും അന്തം വിട്ടിരിക്കുകയായിരുന്നു.. അവൻ ഇതിനിടയിൽ പേരയ്ക്ക ഒന്നുകൂടി കടിച്ചുകൊണ്ട് തുടർന്നു..

"...എല്ലാം ശരിയാവും ഏട്ടാ... ഇപ്പൊ ഏട്ടൻ ഇതൊന്നും ആലോചിക്കാതെ കല്യാണത്തിനുള്ള ഒരുക്കങ്ങൾ നോക്ക്..."

എന്റെ മനസ്സിന് നല്ല സന്തോഷം തോന്നി.. എന്തോ മനസ്സിൽ ഉരുണ്ടു കൂടിയ കാർമേഘങ്ങൾ എല്ലാം പെയ്തൊഴിഞ്ഞ ഒരു ഫീൽ. ഞാൻ അവരോട് പറഞ്ഞിട്ട് പോകാനായിറങ്ങി. അവർ വാതിൽക്കൽ വരെ വന്ന് എന്നെ യാത്രയാക്കി..

സമയം പതിനൊന്നു മണിയായിരുന്നു.. കാറിൽ ഞാൻ മാണിക്യന്റെ വീട്ടിലേയ്ക്ക് ചെല്ലുമ്പോൾ മുറ്റത്ത് മാണിക്യന്റെ കാറിനൊപ്പം ഒരു ചുവന്ന സ്വിഫ്റ്റ് കൂടി കിടപ്പുണ്ടായിരുന്നു... ആരാകും അതെന്നു ചിന്തിച്ചു ഞാൻ അകത്തേയ്ക്ക് ചെല്ലുമ്പോൾ ആദി മിഥുൻകുട്ടനെ മടിയിലിരുത്തി കളിപ്പിച്ചുകൊണ്ട് ഹാളിലിരിക്കുന്നു... വീട്ടിൽ നിന്നും അവൾ നേരെ ഇങ്ങോട്ടാണ് വന്നത്... മുറ്റത്തു കിടക്കുന്നത് അപ്പോൾ ഇവളുടെ കാറാണല്ലേ..??

"...ങ്ഹാ നീ ഇങ്ങോട്ടാണോ പോന്നത്...??" എന്നെക്കണ്ട് എഴുന്നേറ്റ അവളോട് ഞാൻ ചോദിച്ചു. അവളൊന്നും പറയാതെ മുഖം കുനിച്ചു നിന്നു. അപ്പോഴേക്കും എന്റെ ശബ്ദം കേട്ട് മാണിക്യനും പഞ്ചമിയും വന്നു.

"... മാണിക്യാ... അച്ഛൻ നിന്റെ കൈയിൽ ഒരു ലിസ്റ്റ് എൽപ്പിച്ചിട്ടില്ലേ അതെടുത്ത് താ..."

മാണിക്യൻ ഹാളിൽത്തന്നെയുള്ള ഷെൽഫിൽ നിന്നും ഉരു ചെറിയ ഡയറി എടുത്തു തന്നു. തിരക്കുണ്ടായിരുന്നതുകൊണ്ട് ഞാൻ പോകാനിറങ്ങി.

"...ദേവേട്ടാ... എനിക്കൊരു കാര്യം സംസാരിക്കാനുണ്ട്..." കുഞ്ഞിനെ പഞ്ചമിയുടെ കൈയിൽ കൊടുത്തിട്ട് ആദി എന്റെ പുറകെ വന്നു.

"... ആദീ.. എനിക്കൽപ്പം തിരക്കുണ്ട്... നീ ഇന്ന് പോവില്ലല്ലോ...?? നമുക്ക് വൈകിട്ട് സംസാരിക്കാം..." ഞാൻ വളരെ ശാന്തനായി പറഞ്ഞു.

"...ദേവേട്ടാ... ഞാൻ വീട്ടിലേയ്ക്ക് വരുന്നില്ല... ഇവിടെയുണ്ടാകും...??

ഞാനൊന്ന് മൂളിയിട്ട് കാറിൽ കയറി പുറത്തേയ്ക്കിറങ്ങി... എനിക്കന്ന് തിരക്ക് പിടിച്ച ദിവസമായിരുന്നു... വീടും കല്യാണം നടക്കുന്ന ഹാളുമൊക്കെ അലങ്കരിക്കുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യുന്നതിനും വ്യാഴാഴ്ച്ച മുതൽ വന്നു തുടങ്ങുന്ന വിരുന്നുകാർക്കുള്ള ഭക്ഷണം പാകം ചെയ്യുന്നതിന് പാചകക്കാരെ ഏർപ്പാട് ചെയ്യുന്നതിനും ഒക്കെയായി ഉച്ചവരെ ഞാൻ ഓടി നടക്കുകയായിരുന്നു..

ഉച്ച കഴിഞ്ഞ് ഞാൻ അട്ടപ്പാടിയിലുള്ള എസ്റ്റേറ്റിലേയ്ക്ക് തിരിച്ചു.. പോക്കുന്ന വഴി എന്റെ സുഹൃത്തായ ഗൈനക്കോളജിസ്റ്റ് ഡോ.ഡയാനയെ ഞാൻ മണ്ണാർക്കാടുള്ള അവളുടെ ഹോസ്പിറ്റലിൽ നിന്നും കൂടെകൂട്ടിയിരുന്നു... അട്ടപ്പാടി, കാവുണ്ടിക്കല്ലിൽ നിന്നും ഏഴു കിലോമീറ്റർ യാത്ര ചെയ്യണം ബംഗ്ലാവിലെത്താൻ.. ഇഞ്ചിയും കരിമ്പും ബാർളിയുമൊക്കെ വിളഞ്ഞു കിടക്കുന്ന പാടശേഖരങ്ങൾക്കിടയിലെ ചെമ്മൺപാതയിലൂടെ യാത്രചെയ്ത് എത്തുന്നത് കാറ്റാടിമരങ്ങൾ തണൽ വിരിക്കുന്ന എസ്റ്റേറ്റിന്റെ വഴിയിലാണ്...

എസ്റ്റേറ്റിൽ ഞങ്ങളെത്തുമ്പോൾ നാല് മണിയായിരുന്നു.. വരുമെന്ന് ഞാൻ അറിയിച്ചിരുന്നതിനാൽ വാച്ചർ വാസുച്ചേട്ടൻ പോർച്ചിൽ തന്നെ നിൽപ്പുണ്ടായിരുന്നു...

"...അവരൊക്കെ എത്തിയോ...??" കാറിൽ നിന്നും ഇറങ്ങിയ എന്റെ മുന്നിൽ വാക്കെയ്യും പൊത്തി നിൽക്കുന്ന വാസുച്ചേട്ടനെ ചേർത്തുപിടിച്ചുകൊണ്ട് ഞാൻ ചോദിച്ചു.. എനിക്കൊപ്പം ഡയാനയും ഇറങ്ങി.

"...എത്തി സാർ... മുകളിലുണ്ട്.. ചായ കുടിക്കുന്നു.." മുഖത്തെ സൺഗ്ലാസ് മാറ്റിക്കൊണ്ട് ബംഗ്ലാവിന്റെ ഭംഗി ആസ്വദിക്കുന്ന ഡയാനയെ ആകെ ഒന്നുഴിഞ്ഞു നോക്കി വാസുച്ചേട്ടൻ മറുപടി പറഞ്ഞു.

"... എങ്ങനെയുണ്ട് ഡോക്ടറെ... കൊള്ളാമോ നമ്മടെ ഏദൻതോട്ടം...??"

"...ഉം... മനോഹരം.." മഞ്ഞുകാറ്റ് ഇക്കിളിയിട്ട നഗ്നമായ വയറിന്റെ ഭാഗത്തേയ്ക്ക് സാരി വലിച്ചിട്ടുകൊണ്ട് ഡയാന അത്ഭുതംകൂറി.

അകത്തേയ്ക്ക് കയറുമ്പോൾ ഹാളിലെ സോഫയിലിരുന്ന ദീപുവിന്റെ കൂട്ടുകാർ ഞങ്ങളെക്കണ്ടതും എഴുന്നേറ്റു..

"... ഡോക്ടറെ.. പരിശോധിക്കാനുള്ള ആളുകൾ മുകളിലുണ്ട്... താൻ തുടങ്ങിക്കോ... തീരാറാവുമ്പോഴേക്കും ഞാൻ വന്നേക്കാം.. ഹാളിൽ നിന്ന ചെക്കന്മാരുടെ കണ്ണുകൾ ഡയാനയുടെ അഴകൊത്ത മേനി കൊത്തി വലിക്കുന്നത് കണ്ടപ്പോൾ ഞാൻ പറഞ്ഞു.. സ്റ്റെയർ കയറിപ്പോകുന്ന അവളുടെ നിതംബചലനം

ആസ്വദിച്ചുകൊണ്ട് ദീപുവിന്റെ കൂട്ടുകാർ വെള്ളമിറക്കുന്ന കണ്ടപ്പോൾ എനിക്ക് ചിരി വന്നു.

"...ശിവാ.." ഞാൻ വിളിക്കുന്ന കേട്ട് കറുത്ത് മെലിഞ്ഞ ശിവാൾ ഓടി വന്നു... കഷ്ടിച്ച് ഇരുപത് വയസ്സ് മാത്രം പ്രായമേ അവൾക്കുള്ളൂ... പക്ഷെ പ്രായത്തിന്റെതായ യാതൊരു അവയവ വലിപ്പവുമില്ലാത്ത ഒരു പട്ടിണിക്കോലം... അട്ടപ്പാടിയിലെ ആദിവാസി ഊരുകളിലെ അവസ്ഥ ഇവളെക്കണ്ടാൽ തന്നെ മനസ്സിലാകും..

"...വണ്ടിയിൽ ഡോക്ടറുടെ ബാഗുണ്ട് നീ അത് എടുത്തുകൊണ്ട് ചെല്ല്... പിന്നെ ബാഗ് കൊടുത്തിട്ട് അവിടെ നിക്കണ്ട ഇങ്ങു പോന്നേക്കണം.." ഞാൻ പറഞ്ഞതിന് തലയാട്ടി ശിവാൾ കാറിനടുത്തെയ്ക്ക് ഓടി.

"...നിങ്ങൾ ഇരിക്ക്...." ഞാൻ ചെക്കന്മാരോടായി പറഞ്ഞു... അവർ സോഫകളിൽ ഇരുന്നു.

"...നിങ്ങളിലാരാ സ്റ്റെബിൻ..."

"....ഞാനാ ദേവേട്ടാ...." കൂട്ടത്തിൽ വെളുത്ത് പൊക്കമുള്ള സുന്ദരാനായ പയ്യൻ അൽപ്പം മുന്നോട്ടാഞ്ഞുകൊണ്ട് പറഞ്ഞു...

"...ഉം..."

..നിങ്ങൾക്ക് ഇഷ്ടംപോലെ തിന്നാനുള്ള പലതരം വിഭവങ്ങൾ മുകളിൽ ഒരുങ്ങിയിരിപ്പുണ്ട്... എന്ന് കരുതി ആക്രാന്തമോന്നും വേണ്ട... ദീപു എല്ലാം പറഞ്ഞിട്ടുണ്ടാവൂല്ലോ... കല്യാണം പ്രമാണിച്ച് വരുന്ന ഞങ്ങളുടെ ചില ഹൈപ്രൊഫൈൽ ഗെസ്റ്റ്കളെ സൽക്കരിക്കാൻ ഏർപ്പാട് ചെയ്തതാണ് ഈ ഫൈവ് സ്റ്റാർ മൊതലുകളെ... ഇന്ന് വരുമെന്ന് പറഞ്ഞിരുന്ന ഗെസ്റ്റുകൾ ബുധാനാഴ്ച മാത്രമേ എത്തൂ എന്ന് അറിഞ്ഞപ്പോൾ ദീപു പറഞ്ഞതുകൊണ്ട് മാത്രമാണ് ഞാൻ നിങ്ങൾക്ക് ഇങ്ങനെ ഒരു ചാൻസ് തരുന്നത്..." അത് പറഞ്ഞപ്പോൾ ഗ്രഹണിപ്പിള്ളേർ ചക്കകൂട്ടാൻ കണ്ടത് പോലുള്ള സന്തോഷം അവന്മാരുടെ മുഖത്തുണ്ടായിരുന്നു.. അത് കണ്ട് ചിരിച്ചുകൊണ്ട് ഞാൻ പറഞ്ഞു..

"...എന്ന് കരുതി അവർക്കിഷ്ടമില്ലാത്തതൊന്നും ചെയ്യാൻ നിങ്ങൾ അവരെ നിർബന്ധിക്കരുത്... പിന്നെ ചൊവ്വാഴ്ച വൈകുന്നേരം എല്ലാരും പോക്കൊളണം.. അതുവരെ ആരും പുറത്ത് പോകരുത്.. ആ പെണ്ണുങ്ങളെ പുറത്ത് കൊണ്ടുപോവുകയും ചെയ്യരുത്.. നിങ്ങൾക്കുള്ള ഫുഡും ഡ്രിംഗ്സും ഇവടെ ഏർപ്പാട് ചെയ്തിട്ടുണ്ട്.. പിന്നെ ഒരു പ്രധാന കാര്യം ഇവിടെ അടുക്കളയിലും പുറംപണിക്കുമൊക്കെയായി വരുന്ന ചില ആദിവാസി പെൺകുട്ടികളുണ്ട്... അതിലേതെങ്കിലും ഒരെണ്ണത്തിനോട് നീയൊക്കെ മര്യാദകേട് കാണിച്ചാൽ പിന്നെ ഇവടന്നു ആരും ജീവനോടെ പോവില്ല.." അത്രയും നേരം ചിരിച്ചുകൊണ്ട് സംസാരിച്ചിരുന്ന എന്റെ മുഖഭാവം മാറിയപ്പോൾ അവന്മാർ വിരണ്ടു.. എനിക്കും അത് തന്നെയാണ് വേണ്ടിയിരുന്നത്.. പിള്ളേർ ആക്രാന്തം കാണിച്ച് അവസാനം പ്രശ്നമാകരുതല്ലോ...

ഞാൻ സ്റ്റെബിനെ മാറ്റി നിർത്തി ആവശ്യമുള്ള നിർദ്ദേശങ്ങളൊക്കെ കൊടുത്തിട്ട് മുകളിലേയ്ക്ക് ചെന്നു.. മുകളിലെ ഹാളിൽ പതിനൊന്നു സുന്ദരികൾ ഇരിപ്പുണ്ട്.. എല്ലാം ഒന്നിനൊന്നു മെച്ചം.. എന്നെ കണ്ട് എല്ലാവരും പുഞ്ചിരിച്ചു.. ഞാൻ അവർക്കും ഒരു പുഞ്ചിരി സമ്മാനിച്ച് ഡയാന ഇരുന്ന മുറിയിലേയ്ക്ക് ചെന്നു...

അവിടെ പൂർണ്ണ നഗ്നയായി കട്ടിലിൽ കിടക്കുന്ന മദാലസസുന്ദരിയെക്കണ്ട് എന്റെ പാന്റിനുള്ളിൽ ആണത്തം ഒന്ന് പിടഞ്ഞു.. നല്ല കൊഴുത്ത പെണ്ണ്... നെഞ്ചിൽ താഴികക്കുടങ്ങൾ പോലെ ഉയർന്നു നില്ക്കുന്ന മുലകൾ എന്റെ നേരെ നോക്കി ഒന്ന് പിഴിഞ്ഞ് അവൾ ഇരു കൈകളാലും ഞെട്ടുകളിൽ തിരുമ്മിക്കൊണ്ടിരുന്നു... അവളുടെ കവച്ചുവച്ച കാലുകൾക്കിടയിൽ നിന്ന് പൂറിനകം പരിശോധിക്കുകയാണ് ഡയാന... ഞാൻ അവളുടെ അടുത്ത് ചെന്ന് കട്ടിലിൽ കിടന്ന ഫയൽ എടുത്ത് മറിച്ചു നോക്കി.. എന്റെ സാമീപ്യം അറിഞ്ഞ ഡയാന തലയുർത്തി ഒന്നു പുഞ്ചിരിച്ചിട്ട് അവളുടെ പണി തുടർന്നു..

ഗ്ലൌസിട്ട ഡയാനയുടെ വിരലുകൾ പൂറിതളുകളിൽ അമരുന്ന സുഖം ആസ്വദിച്ച് ഒരു കൈകൊണ്ട് മുലയിൽ തെരുപ്പിടിപ്പിച്ച് മറുകൈ വായിലിട്ട് ഊമ്പുന്ന ആ സുന്ദരിയുടെ പേര് ഞാൻ ഫയലിൽ നോക്കി.. "മാർലീന ജിസ്".. ഇന്ത്യൻ വംശജയായ ചെക്കോസ്ലോവാക്യക്കാരി.. ഇരുപത്താറ് വയസ്സ് പ്രായം ... എന്റെ കുണ്ണ ഇതിനോടകം മൂത്ത് മുഴുത്തിരുന്നു..

"...ഇവരിത്തിംഗ് ഓ.കെ..." ഡയാന പരിശോധന മതിയാക്കിക്കൊണ്ട് പറഞ്ഞു..

"...മെഡിക്കൽ ഡോക്യുമെന്റ്സ് ഞാൻ നോക്കി... എന്നാലും നീ പറഞ്ഞപോലെ സ്കിൻ പ്രോബ്ലംസ് വല്ലതും ഉണ്ടോ എന്നറിയാനാ ഞാൻ ചെക്കപ് ചെയ്തത്... സീംസ് വെൽ...!!"

"... എല്ലാവരുടേം കഴിഞ്ഞില്ലേ...??" ഞാൻ പുഞ്ചിരിച്ചുകൊണ്ട് ചോദിച്ചു.

" ....യാ..."

"...എന്നാ നമുക്ക് പോയേക്കാം..."

"...ഓ.കെ..." ഞങ്ങൾ പോകാനായി തിരിഞ്ഞു..

"... ഹേയ് ഹാൻഡ്സം... ആർ യു ദ ഫസ്റ്റ് മാൻ...???" കട്ടിലിൽ കിടക്കുന്ന മാടകത്തിടംബിന്റെ ചോദ്യം കേട്ട് ഞാനും ഡയാനയും പരസ്പ്പരം നോക്കി... ഡയാനയുടെ മുഖത്ത് ഒരു കള്ളച്ചിരി വിരിഞ്ഞു..

".... നോ... ഐ ആം ജസ്റ്റ് ദ ഹോസ്റ്റ്...." ഞാൻ കട്ടിലിനടുത്തെയ്ക്ക് നീങ്ങി നിന്നുകൊണ്ട് പറഞ്ഞു..

"...ഓ.. സൊ സാഡ്..." അവൾ കിടക്കയിൽ കുത്തിഅകത്തി വച്ചിരിക്കുന്ന കാലിനിടയിൽ വിടർന്നു നിൽക്കുന്ന മാംസപുഷ്പത്തിൽ വിരലിട്ടുകൊണ്ട് നിരാശഭാവിച്ചു.

"...ഡോണ്ട് വറി ബേബി... യുവർ യങ്ങ് പാർട്ട്നേഴ്സ് ആർ ഈഗർലി വെയിറ്റിംഗ് ഫോർ യു... ദേ വിൽ ജോയിൻ സൂൺ..." ഞാൻ അവൾക്ക് നേരെ ഒരു ഫ്ലയിംഗ് കിസ് എറിഞ്ഞിട്ടു പുറത്തേയ്ക്ക് നടന്നു.

അവിടെ നിന്നും ഇറങ്ങുമ്പോൾ സമയം ഏഴ് കഴിഞ്ഞിരുന്നു..

"... ഹോ.. എന്നാ ഫിഗറാ ആ പെണ്ണ് അല്ലേടാ..??" മാർലീനയുടെ മാദകമേനി ഉണർത്തിവിട്ട വികാരങ്ങളിൽ നിന്നും മുക്തി നേടാതെ ഡ്രൈവിങ്ങിൽ മാത്രം ശ്രദ്ധിച്ചിരുന്ന എന്നെ ഒന്ന് തോണ്ടിയിട്ട് ഡയാന പറഞ്ഞു..

"...നീയിത് ആരുടെ കാര്യമാ പറയുന്നേ...??"

"... അയ്യോടാ ഒന്നുമറിയാത്ത ഇള്ളപുള്ള... നീ നോക്കി നിന്ന് വെള്ളമിറക്കിയില്ലേ ആ മദാമ്മ അവള് തന്നെ..." ഡയാന എന്റെ കവിളിൽ വിരൽകുത്തി.

"...ഓ.. അവളോ... പിന്നെ.. എന്നാ മൊതലാ.."

"...ങഹും.. തിരിച്ചു പോരാൻ വേറെ വണ്ടി അന്വേഷിക്കേണ്ടി വരൂന്നാ ഞാൻ വിചാരിച്ചേ..."

"....അതെന്നാടീ..."

"... പിന്നെ അവളുടെ ദേഹം കണ്ടിട്ട് പെണ്ണായ എനിക്ക് പോലും കൊതിതോന്നിപ്പോയി.. പിന്നെ നിന്റെ കാര്യം പറയണോ... അതുകണ്ടിട്ട് നീ ഇന്ന് പോരുന്നില്ലെന്നാ ഞാൻ കരുതിയേ..."

"...അങ്ങനെ... എനിക്ക് ഫയങ്കര കണ്ട്രോൾ അല്ലെടീ പെണ്ണേ..??"

"... എന്തായാലും ആ ചെക്കന്മാരുടെ ഭാഗ്യം... അവന്മാർ അവളുമാരുടെ പരിപ്പെടുക്കും...??" ഡയാനയിൽ നിന്ന് ഒരു നിശ്വാസം ഉയർന്നു..

ഞാൻ ചിരിച്ചു.. അവളുമാര് അവന്മാരുടെ പരിപ്പെടുക്കാതിരുന്നാ മതിയെന്നു ഞാൻ മനസ്സിൽ പറഞ്ഞു..

ചുരത്തിൽ മഞ്ഞിറങ്ങി തുടങ്ങിയിരുന്നു... പുറകോട്ട് ചാഞ്ഞിരുന്ന് ഡയാന പതുക്കെ മയങ്ങി... എസ്റ്റേറ്റിൽ കണ്ട മാദകസുന്ദരികളുടെ സൌന്ദര്യം എന്നിലും

ചലനങ്ങൾ ഉണ്ടാക്കിയിരുന്നു എങ്കിലും ഏഴു വർഷമായി തുടരുന്ന തപസ്സ് അവസാനിപ്പിക്കാൻ എനിക്ക് തോന്നിയില്ല... ഇടയ്ക്കിടെ ചില സ്പർശന സുഖങ്ങൾക്കപ്പുറം സ്ത്രീസുഖം ഞാൻ പിന്നീട് അറിഞ്ഞിട്ടില്ല എന്നതാണ് സത്യം...

ചുരമിറങ്ങുന്നതിനാൽ അധികം വേഗതയിലല്ലാതെ കാർ മുന്നോട്ട് പോകുമ്പോൾ കണ്ട്രോൾ പാഡിലെ ഹോൾഡറിൽ ഇരുന്ന എന്റെ ഫോൺ മിന്നി... ആദിയുടെ ചിരിക്കുന്ന മുഖം ഡിസ്പ്ലേയിൽ തെളിഞ്ഞു.. കഴിഞ്ഞ കുറെ വർഷങ്ങളായി ഒരിക്കലും ഞാൻ അവളുടെ കോൾ അറ്റന്റ് ചെയ്യാറില്ലെങ്കിലും എന്നും കിടക്കുന്നതിനു മുന്പ് അവൾ വിളിക്കും... അതൊരു പതിവായപ്പോൾ പണ്ടെന്നോ അവൾ എന്റേത് മാത്രമായിരുന്ന കാലത്ത് എടുത്ത ഫോട്ടോ ഞാൻ കോണ്ടാക്റ്റ് ഇമേജ് ആക്കിയതാണ്..

അവളെന്നോട് ചെയ്ത ചതി ഒരിക്കലും മറക്കാതിരിക്കാൻ... പതിവുപോലെ കോൾ കട്ടായ പുറകെ മെസ്സേജ് വന്നു...

പക്ഷെ ഇത്തവണ ഗുഡ് നൈറ്റിനു പകരം മറ്റൊരു മെസ്സേജായിരുന്നു...

"..എത്ര വൈകിയാലും എന്നെ കാണാൻ വരണം ഞാൻ കാത്തിരിക്കും.."

ഡയാനയുടെ വീട്ടിൽ നിന്നും തിരിക്കുമ്പോൾ എട്ടര കഴിഞ്ഞിരുന്നു... അവളുടെ ഭർത്താവ് ജോണിച്ചായൻ റിയലെസ്റ്റേറ്റ് ബിസ്സിനസ്സിൽ ഞങ്ങളുടെ പാർട്ണറാണ് ... വളരെ നാളുകൾക്ക് ശേഷം കണ്ടതിന്റെ സന്തോഷത്തിൽ സംസാരിച്ചിരുന്ന് സമയം പോയതറിഞ്ഞില്ല... സംസാരിച്ചു തുടങ്ങിയാൽ സൂര്യനുകീഴിലുള്ള എന്തിനെക്കുറിച്ചും വാചാലാകുന്ന ജോണിച്ചായന്റെ സംസാരം നമ്മളിൽ ഒട്ടും മടുപ്പ് തോന്നിപ്പിക്കില്ല അത്ര രസകരമാണ്..

കാർ പറയിക്കുന്നിന്റെ അടുത്ത് എത്തിയപ്പോൾ മാത്രമാണ് ആദിയുടെ മെസ്സേജിന്റെ കാര്യം ഞാൻ ഓർത്തത്... വർഷങ്ങൾക്ക് ശേഷം ഞാൻ വായിക്കുന്ന അവളുടെ ആദ്യത്തെ സന്ദേശം... തിരിച്ചുവന്നിട്ട് കാണാം എന്ന് അവൾക്ക് വാക്ക് കൊടുത്തതാണ്... ആ ധൈര്യത്തിലാവണം എനിക്കവൾ മെസ്സേജ് അയച്ചത്.. പക്ഷേ അവളെ അഭിമുഖീകരിക്കാൻ ഒരു മടി.. തിരിച്ചറിയാനാകാത്ത എന്തോ ഒന്ന് എന്നെ പുറകോട്ടു വലിക്കുന്നു... ഒരു തീരുമാനം എടുക്കാൻ കഴിയാതെ വരുന്നു...

കാറ് കുന്നിന്റെ മുകളിലേയ്ക്ക് ഓടിച്ചു കയറ്റി... വാട്ടർ അതോറിറ്റിയുടെ കൂറ്റൻ ടാങ്ക് ഈ പറയിക്കുന്നിന്റെ മുകളിലാണ്... ടാങ്കിന്റെ അടുത്തേക്കുള്ള വഴി തീരുന്നിടത്ത് ഞാൻ കാർ നിർത്തിയിറങ്ങി... കാറിന്റെ വിശാലമായ ബോണറ്റിൽ കയറി വിൻഡ്ഷീല്ഡിൽ ചാരിക്കിടന്നു...

പറയിക്കുന്നിൽ ആൾത്താമസം ഇല്ല ചുറ്റും തേക്കിൻതോട്ടമാണ്... അതുകൊണ്ട് ഏകാന്തമായ സ്ഥലം... മനസ്സൊന്നു തണുപ്പിക്കാൻ ഇത്രയും നല്ല സ്ഥലം ഈ നാട്ടിൽ വേറെയില്ല... പൌർണ്ണമി നിലാവിൽ മന്ദമാരുതന്റെ കുളിരേറ്റ് കിടക്കുമ്പോൾ ഇവിടം സ്വർഗ്ഗമാണ്...

ഈ കുന്ന് കാണുമ്പോൾ ഓർമ്മവരുന്ന ചിലരുണ്ട്..

ഒരാൾ എന്റെ അച്ഛമ്മയാണ്... കുഞ്ഞിലേ അച്ഛമ്മ മടിയിലിരുത്തി പറഞ്ഞു തരാറുള്ള കഥയിലെ, കഷണ്ടിൽ കൊമ്പ് മുളച്ച വൃദ്ധനെയാണ്.... ആ വൃദ്ധന്റെ കഷണ്ടിത്തലപോലെയാണ് പറയിക്കുന്ന്... മുക്കാൽ ഭാഗത്തോളം തേക്ക് വളർന്നു നിൽക്കുന്ന കുന്നിന്റെ മുകൾഭാഗം മൊട്ടയാണ്.. അതിൽ കോൺക്രീറ്റ് കാലുകളിൽ നിൽക്കുന്ന വാട്ടർടാങ്ക് കൂടിയാകുമ്പോൾ വൃദ്ധന്റെ കഷണ്ടിത്തലയിൽ മുളച്ച കൊമ്പ് പോലെ തോന്നും...

"... നീ അവളുടെ ഫെയ്സ്ബുക് പേജൊന്നു എടുത്ത് നോക്കിയേ.. അതിൽ അവളുടെ ഒരു സ്റ്റുഡന്റ് ഇട്ടിരിക്കുന്ന ഒരു പോസ്റ്റ് ഉണ്ട്... പെരുമാൾമുരുകന്റെ കീഴാളൻ എന്ന നോവലിന് ആദി എഴുതിയ ഒരു നിരൂപണം.. അതിന്റെ സാഹിത്യഭംഗിയെ പ്രശംസിച്ചാണ് ആ കുട്ടി അത് പോസ്റ്റ് ചെയ്തേക്കുന്നത്... നീ അതൊന്നു വായിച്ചു നോക്ക്.. എന്നിട്ട് പറ അവക്ക് വിവരം ഉണ്ടോ ഇല്ലയോ എന്ന്..." മുത്ത് ഫെയ്സ്ബുക്കിൽ ഞാൻ പറഞ്ഞ പോസ്റ്റ് വായിച്ചു നോക്കി അന്തം വിട്ടിരുന്നു.

"...എന്നാലും ഇവളാളൊരു സംഭവാണല്ലോ...?? ഞാൻ ഇത്രയൊന്നും വിചാരിച്ചില്ല..."

"..അതാ ഞാൻ പറഞ്ഞത് ആദി പഴയ ആദിയല്ല എന്ന്..."

"...അപ്പഴും അവളെന്തിനാ ആ ക്യാമറ വച്ചത്.. ഇത്രയ്ക്ക് ബുദ്ധിയുണ്ടേ എട്ടനത് കണ്ടാ പ്രശ്നാവൂന്ന് അവൾക്ക് ഊഹിച്ചു കൂടെ..."

"...മോളൂ.. നീ ഒന്നാലോചിച്ചു നോക്കിയേ... ഞങ്ങൾ തമ്മിലുള്ള ഒരു പ്രൈവറ്റ് വീഡിയോ അവളെടുത്താൽത്തന്നെ അവൾക്ക് അതാരെയൊക്കെ കാണിക്കാൻ പറ്റും... കൂടിവന്നാ നമ്മളീ നാല് പേരെ കാണിക്കാം.. കാരണം സംഭവങ്ങളൊക്കെ അറിയാവുന്നത് നമ്മക്ക് ആണല്ലോ... അല്ലാതെ നമ്മടെയോ അവളുടെയോ

വീട്ടുകാരെ ഇത് കാണിച്ചാൽ അവളുടെ നിലവാരം എന്താകും...??" ഞാൻ പറഞ്ഞത് ശരിയാണെന്ന അർദ്ധത്തിൽ മുത്ത് തലയാട്ടി... പഞ്ചമി കൂലംകഷമായ ആലോചനയിലാണ്.. മാണിക്യൻ മാത്രം ഇതൊന്നും ശ്രദ്ദിക്കാതെ ഡ്രൈവ് ചെയ്തുകൊണ്ടിരുന്നു..

"..അപ്പൊ അവൾക്ക് വേണ്ടിയിരുന്നത് ഒരു വീഡിയോ അല്ല.."

"...പിന്നെ..." മുത്തും പഞ്ചമിയും ഒരേ ശബ്ദത്തിൽ ചോദിച്ചു.

"...ഇന്നലെ രാവിലെ എന്റെ മുറിയിൽ വന്നപ്പോഴുള്ള എന്റെ പ്രതികരണം വച്ച്, ഞാൻ ഇനിയൊരിക്കലും അവലെ പഴയപോലെ സ്നേഹിക്കില്ല എന്ന് അവൾ മനസ്സിലാക്കിക്കാണും.. പക്ഷെ അവള് പിന്മാറാൻ തയ്യാറല്ലായിരുന്നു... അതിനു എന്നോട് സംസാരിച്ച് എന്നെ കൺവിൻസ് ചെയ്യിക്കാൻ ഒരു സിറ്റ്വേഷൻ ക്രിയേറ്റ് ചെയ്യാനാണ് അവളാ ക്യാമറ വച്ചതെങ്കിലോ... അതിൽ ഒരുപരിധിവരെ അവള് വിജയിക്കുകേം ചെയ്തില്ലേ..??"

"...എങ്ങനെ...??"

"...ഇന്നലെ രാവിലെ അവളെ തൊടാൻ അറയ്ക്കും എന്ന് പറഞ്ഞ എന്നെക്കൊണ്ട് ഇന്നലെ രാത്രി മുഴുവൻ അവൾക്കൊപ്പം അവളുടെ ഭർത്താവിനെപ്പോലെ കഴിയിച്ചത് ആ ക്യാമറയല്ലേ... അല്ലായിരുന്നെങ്കിൽ പഴയ കാര്യങ്ങൾ വീണ്ടും വീണ്ടും അവള് പറയാൻ ശ്രമിക്കുമ്പോ അത് കേൾക്കാൻ ഒരു പക്ഷെ ഞാൻ തയ്യാറാവില്ലായിരുന്നല്ലോ..."

"...അപ്പോൾ അവള് ഏട്ടനെ വീണ്ടും ചതിക്കുകയല്ലേ ചെയ്തത്...??"

"...ഏയ്.. ഇതിൽ ചതിയൊന്നുമില്ല... ചെയ്ത തെറ്റിനെ ഓർത്ത് അവൾക്ക് നല്ല പശ്ചാത്താപമുണ്ട്.. എനിക്കൊപ്പം ജീവിച്ച്, എന്നെ സ്നേഹിച്ച് ആ തെറ്റിന് പരിഹാരം കാണണം എന്നവൾ ആഗ്രഹിക്കുന്നുമുണ്ട്... അതിന് എല്ലാം എന്നോട് തുറന്നു പറയാൻ ഒരവസരത്തിനു വേണ്ടിയാവും അവളിങ്ങനെ ഒക്കെ ചെയ്തത്..."

"... അതെങ്ങനെ ഉറപ്പിച്ചു പറയാൻ പറ്റും ദേവാ.. ചിലപ്പോ ഇതും അവളുടെ കെണി ആണെങ്കിലോ..." പഞ്ചമിയുടെ ന്യായമായ സംശയം.

"...അല്ല അക്കാ... ഏട്ടൻ പറയുന്നതിലും കാര്യമുണ്ട്.. നമ്മൾ ആദിയെ ഒരു ശത്രുവായി കാണുന്നകൊണ്ടാ നമുക്ക് ഇങ്ങനെ തോന്നുന്നേ.. നമ്മടെ പഴയ ആദി ആളൊരു പാവമല്ലാരുന്നോ... അവൾക്ക് ഏട്ടനെ ഒരുപാട് ഇഷ്ടമായിരുന്നു... പക്ഷേ ആദി പറഞ്ഞത് മുഴുവനും സത്യമൊന്നുമല്ല.. അവൾക്ക് വരുണുമായി വെറും ഫ്രണ്ട്ഷിപ്പ് മാത്രമല്ല ഉണ്ടായിരുന്നതെന്ന് ഉറപ്പാണ്.. ഒരുപക്ഷേ തെറ്റ് ചെയ്യുമ്പോഴും അതിന്റെ വലിപ്പത്തെക്കുറിച്ച് അവൾക്ക് വലിയ ധാരണ ഉണ്ടായിക്കാണില്ല... എല്ലാം കൈവിട്ടു പോയിക്കഴിഞ്ഞപ്പോഴായിരിക്കും അവൾക്ക് ബോധം വച്ചത്..."

"...അതെ..." ഞാൻ മുത്തിനെ പിൻതാങ്ങി.

"...എന്തായാലും ഏട്ടൻ പറഞ്ഞപോലെ ആ സംഭവത്തിനു ശേഷം ആദി കുറച്ച് സീരിയസ്സായി..."

"...ഇനിയെന്താ ദേവാ നിന്റെ തീരുമാനം... അവളെ കല്യാണം കഴിക്കാനാണോ..??"

"...ഹേയ്... അത് ശരിയാവുമെന്ന് തോന്നുന്നില്ല പഞ്ചമീ... അവളെത്ര നന്നായീന്ന് പറഞ്ഞാലും അന്നത്തെ സംഭവങ്ങൾ എന്റെ ഉള്ളിൽ എന്നും ഒരു കരടായി കിടക്കും.. ഞങ്ങൾക്ക് ഒരിക്കലും സമാധാനമുള്ള ഒരു ജീവിതം ഉണ്ടാവില്ല... കെട്ടിയ പെണ്ണിനെ സംശയിക്കുന്നതിനേക്കാൾ വല്യ ഒരു സമാധാനക്കേട് വേറെ എന്തുണ്ടാവാനാ..."

"...വളരെ ശരിയാ ദേവാ... എന്നാൽ ആദിയെ പിണക്കുന്നതും ബുദ്ധിയല്ല.."

"...ഉം... എന്തെങ്കിലും വഴി തെളിയും..." ഞാൻ ആശ്വസിക്കാൻ ശ്രമിച്ചു.

"...ദേവാ... മറ്റുള്ളവരുടെ വിഷമം കാണുമ്പോൾ മനസ്സലിയുന്ന സ്വഭാവമാ നിനക്ക്... അതാ ഇന്നലെ ആദിയുടെ കണ്ണുനിറഞ്ഞപ്പോൾ നിന്റെ മനസ്സലിഞ്ഞത്...

പക്ഷേ നീ പേടിക്കണ്ട... നിന്റെ ആ നല്ലമനസ്സിന് ഇപ്പോഴത്തെ ഈ പ്രശ്നങ്ങൾക്കൊക്കെ ഉടൻ പരിഹാരം ഉണ്ടാവുമെന്ന് എന്റെ മനസ്സ് പറയുന്നു... എല്ലാം ശരിയാവും അല്ലേടീ ചുന്നരീ..." മുത്തിനെ വശത്ത് നിന്നും കെട്ടിപ്പിടിച്ചു ആട്ടിക്കൊണ്ടാണ് പഞ്ചമി സംസാരിച്ചത്.. പിന്നെ എനിക്ക് പറ്റിയ ഒരു പെണ്ണിനെ കണ്ടു പിടിക്കുന്ന കാര്യമായി മുത്തും പഞ്ചമിയും തമ്മിലുള്ള സംസാരം.. അത് തീരുമാനമാകുന്നതിനു മുൻപേ വീടെത്തി.

പിറ്റേന്ന് ബുധനാഴ്ച ഞങ്ങളുടെ പാർട്ട്നേഴ്സ് എല്ലാവരും വന്നു... ഞാനും മാണിക്യനും കൂടി അവരെ കരിപ്പൂരിൽ നിന്നും പിക് ചെയ്ത് അട്ടപ്പാടിയിലെ എസ്റ്റേറ്റിൽ എത്തിച്ചു... അവിടത്തെ കാര്യങ്ങൾ നോക്കാനായി വാസുചേട്ടൻ മാത്രം പോരാ എന്ന് തോന്നിയതുകൊണ്ട് മാണിക്യനെ അവിടെ നിർത്തിയിട്ടാണു ഞാൻ പോന്നത്..

വരുന്ന വഴി അജു നെടുമ്പാശ്ശേരിയിൽ എത്തിയ വിവരം പറഞ്ഞു അവൻ വിളിച്ചു.. ഉച്ചയോടുകൂടി അവൻ എത്തിയെന്നും യാത്രയൊക്കെ സുഖമായിരുന്നെന്നും പറഞ്ഞപ്പോൾ ഞാൻ നാളെ അങ്ങോട്ട് വരുന്നുണ്ട് അവിടെ വച്ചു കാണാം എന്നും പറഞ്ഞ് ഫോൺ വച്ചു..

അവനോടു സംസാരിച്ചു കഴിഞ്ഞപ്പോൾ ഞാൻ അവന്റെ കാര്യം ചുമ്മാ ഓർത്തു... മുത്തച്ഛന്റെ മരണശേഷം തറവാട്ടിൽ നിന്നും ഭാഗവും മേടിച്ചു വല്യച്ഛനും കുടുംബവും തറവാട്ടിൽ നിന്നും താമസം മാറ്റിയിരുന്നു... മാലിനി മേമ്മയുടെ (അജുവിന്റെ അമ്മ) നാട് എന്റെ അമ്മയുടെ നാട്ടിൽ നിന്നും മുപ്പത് കിലോമീറ്റർ മാത്രം അപ്പുറത്തായിരുന്നു... ആദി പഠിച്ചിരുന്ന കോളേജ് ആ റൂട്ടിലായിരുന്നു ..

തറവാട്ടിൽ നിന്നും വീതം കിട്ടിയ കാശുകൊണ്ട് അവിടെ കുറച്ചു സ്ഥലം വാങ്ങി വീടൊക്കെ വച്ച് താമസിച്ചെങ്കിലും വല്യച്ഛൻ ആളൊരു ധൂർത്തനായിരുന്നു.. അതുകൊണ്ടെന്തായി കൈയിൽ ഉണ്ടായിരുന്നതും, വീതം കിട്ടിയതും എല്ലാം തിന്നും കുടിച്ചും തീർത്തു... അവസാനം കുടിച്ചു കുടിച്ചു കരളുപഴുത്ത് നാൽപ്പത്തിഅഞ്ചാം വയസ്സിൽ ഇഹലോകവാസം വെടിഞ്ഞു... സർക്കിൾ ഇൻസ്പെക്ടർ ആയിരുന്ന പുള്ളി സ്ഥിരമായി ജോലിക്കു വരാതെ ആയതോടെ ഡിപ്പാർട്ട്മെന്റിൽ നിന്നും നിർബന്ധിച്ച് വി.ആർ.എസ്. എടുപ്പിച്ചിരുന്നകൊണ്ട് മരണശേഷം ആശ്രിതനിയമനം പോലും അജുവിനോ അവന്റെ അമ്മയ്ക്കോ കിട്ടിയില്ല.

അതുകൊണ്ട് അജുവിനു വല്യച്ഛന്റെ കാര്യം പറയുന്നത് തന്നെ ദേഷ്യമായിരുന്നു... വല്യച്ഛന്റെ മരണശേഷം ആകെ അവശേഷിച്ചത് അവർ താമസിച്ചിരുന്ന വീടും ഇരുപത് സെന്റ് സ്ഥലവും മാത്രമാണ്... അതിന്റെ സങ്കടം അജുവിന് എന്നും ഉണ്ടായിരുന്നു... തറവാട്ടിൽ ഞാനടക്കമുള്ള മറ്റു കുട്ടികളുടെ ജീവിതത്തിലെ സൌഭാഗ്യങ്ങളെക്കുറിച്ച് എന്നും അസൂയയോടെ പറയാറുണ്ടായിരുന്നു അവൻ.. പ്രായത്തിൽ എന്നേക്കാൾ ആറുമാസത്തിനു അവൻ മൂത്തതാണ് എങ്കിലും ശ്രീമംഗലത്തെ വല്യേട്ടൻ പദവി കിട്ടിയിരുന്നത് എന്നും എനിക്കായിരുന്നു.. അതിന്റെ അസൂയ വേറെയും... അതുകൊണ്ട് എന്നോട് വളരെ ഫോർമലായുള്ള അടുപ്പം മാത്രമേ അവൻ കാണിച്ചിരുന്നുള്ളൂ...

പക്ഷെ അതുകൊണ്ട് ഗുണമുണ്ടായത് അവനു തന്നെയായിരുന്നു... എല്ലാം നേടണമെന്നും, തനിക്കും ശ്രീമംഗലത്തെ മറ്റുകുട്ടികൾക്ക് ഉള്ളപോലെയുള്ള ജീവിതം കിട്ടണമെന്നുമുള്ള വാശിക്ക് പഠിച്ചതുകൊണ്ട് അവനിപ്പോൾ എം.ടെക് കഴിഞ്ഞ് ഗൾഫിൽ ഒരു പ്രമുഖ കാർനിർമ്മാണകമ്പനിയിൽ മെക്കാനിക്കൽ എൻജിനീയറായി ജോലി ചെയ്യുകയാണ്... ഇപ്പോൾ രണ്ടു വർഷം കഴിഞ്ഞു അവനു ജോലി കിട്ടിയിട്ട്..

കൂടാതെ ഇടയ്ക്ക് നാട്ടിൽ വന്നപ്പോൾ അവൻ പ്രേമിച്ചു വളച്ചെടുത്തതാണ് ആദിയുടെ കൂട്ടുകാരിയായ അനുപമയെ... പേരുപോലെ തന്നെ അനുപമ സൌന്ദര്യമാണ് അവൾക്ക്... ഞാൻ അവളെ ഫോട്ടോയിൽ മാത്രമേ കണ്ടിട്ടുള്ളൂ... കാരണം അജുവിന്റെ നിശ്ചയം നടക്കുന്ന സമയത്ത് ബിസ്സിനസ്സിന്റെ തിരക്കുകളുമായി ഞാൻ ഹൈദ്രാബാദിൽ ആയിരുന്നു..

എന്റെ ജീവിതം കണ്ട് എന്നും അസൂയപൂണ്ടിരുന്ന അവനെ ഞാനിപ്പോൾ അസൂയയോടെയാണ് കാണുന്നത്... ആഗ്രഹിച്ച ജോലിയുംകിട്ടി പ്രേമിച്ച പെണ്ണിനെ തന്നെ കെട്ടാനും പോകുന്ന അവനൊക്കെ ഭാഗ്യവാനല്ലേ...??

ഇവിടെ ബാക്കിയുള്ളോൻ ഒരു പ്രേമമുണ്ടായിരുന്നതും പൊളിഞ്ഞ്... ആകെ വട്ടായിട്ടാണ് നടപ്പ്... ഇതുവരെ എന്നാ വേറെ ഒരുത്തിയെ കണ്ടെത്താനും പറ്റിയില്ല... എന്നെ ഇങ്ങോട്ട് പ്രേമിച്ചിരുന്ന മീനുവിനെ വേറെ ആൺപിള്ളേർ കെട്ടിക്കൊണ്ടുപോയി.

ഈ അജുവിനോടു എനിക്ക് അസൂയ തോന്നാൻ വേറെയും ഒരു കാരണമുണ്ട്... അവന് മുന്പ് വേറൊരു ലൈനുണ്ടായിരുന്നു... എന്റെ അമ്മയുടെ ഒരകന്ന ബന്ധത്തിൽപ്പെട്ട കസിൻ തുളസി ആന്റിയുടെ മകൾ താര... ഹൈസ്ക്കൂളിൽ പഠിച്ചിരുന്ന കാലം മുതൽ മോഡലിംഗ് തലയ്ക്കു പിടിച്ചു നടന്നകൊണ്ട് എപ്പോഴും ഇറുകിയ ഡ്രസ്സൊക്കെ ഇട്ടു നടക്കുന്ന താര ഞങ്ങൾ ആൺപിള്ളേരുടെ ഒരു വീക്നെസ് ആയിരുന്നു... കൌമാരത്തിൽതന്നെ നല്ല ഉരുണ്ടു കൊഴുത്ത മുലയും കുണ്ടിയും ഒക്കെയുണ്ടായിരുന്ന അവളെ കാണുന്ന ആരും മുഖത്തു നിന്നും കണ്ണെടുക്കില്ല... അത്ര ഭംഗിയാണ് അവളുടെ മുഖം... സ്വമേധയാ ഉള്ള ഭംഗി കൂടാതെ എപ്പോഴും മേയ്ക്കപ്പ് ഇട്ടു നടക്കുന്ന അവളൊരു അപ്സരസുന്ദരി ആയിരുന്നു... പണ്ടൊക്കെ അവളെ ഓർത്ത് വിട്ട വാണങ്ങൾക്ക് കണക്കില്ല.

ആ താരയെ കളിയ്ക്കാൻ ഭാഗ്യം കിട്ടിയ അജുവിനോട് പിന്നെ അസൂയ തോന്നതിരിക്കുവോ... പക്ഷെ അജുവും അവളും തമ്മിലുള്ള ബന്ധം അധികകാലം നീണ്ടു നിന്നില്ല... മോഡലിങ്ങുമായി നടക്കുന്ന അവളെക്കുറിച്ചു ചില അപഖ്യാതികളൊക്കെ ഇടയ്ക്ക് കേട്ടിരുന്നു... അവളെ കളിച്ചു കൊതി മാറിയപ്പോൾ ആ പേരും പറഞ്ഞ് അജു അവളെ വിട്ടു... എന്നിട്ടാണ് ഗൾഫിൽ പോയതൊക്കെ.. അതിനിടയ്ക്കാണ് നാട്ടിൽ വന്നപ്പോൾ അടുത്തവളെ വളച്ചു കെട്ടാൻ പോകുന്നത്... നാറി... എനിക്കവനോട് ആരാധന തോന്നിപ്പോയി..

എനിക്കാണെങ്കിൽ ഒരു നല്ലപിള്ള ഇമേജുള്ളതുകൊണ്ട് അവനെപ്പോലെ ഒന്നും ആവാനും പറ്റിയില്ല... പിന്നെ ഒരുത്തി മനസ്സിൽ കേറിപറ്റിയിട്ടു ഇപ്പോഴും ഒഴിഞ്ഞു പോവാതെ ഒരു ബാധയായി തുടരുകയാണല്ലോ... ഹാ എന്റെ വിധി...

കല്യാണത്തിന്റെ ഒരുക്കങ്ങളൊക്കെ ഏതാണ്ട് പൂർത്തിയായിരുന്നു.. എല്ലാം ഓക്കെയാണ് എന്ന് ഒരിക്കൽക്കൂടി ഉറപ്പ് വരുത്തിയിട്ടാണ് ഞാൻ അന്ന് കിടന്നത്... കഴിഞ്ഞ മൂന്നു ദിവസവും ആദി എന്നോട് നല്ല കമ്പനി ആയിരുന്നു... സംസാരിക്കാനുള്ള ചമ്മൽ മാറിയതോടെ അവൾ കൂടുതൽ സ്വാതന്ത്ര്യം എടുക്കാൻ തുടങ്ങി.. എന്നാലും ഞാനും കട്ടയ്ക്ക് നിന്ന് കൊടുത്തു... അവളുടുത്ത കൊസറാകൊള്ളി ഒപ്പിക്കാതിരിക്കാൻ അത് അത്യാവശ്യവും ആണല്ലോ... ശവം..!!

"...എന്നാലും രവീ നിന്റെ മോൾടെ കല്യാണമായെന്നു എനിക്കിപ്പഴും വിശ്വസിക്കാൻ പറ്റുന്നില്ല... അവളീ കൈയിൽ തൂങ്ങി നടന്നതൊക്കെ ഇന്നലെ

കഴിഞ്ഞപോലെയാ എനിക്ക്... ഹാ കാലം പോയ പോക്കേ.. പിള്ളെരൊക്കെ വലുതായി..."

"....എന്റെ ഡേവീ നീയീ കാശ് കാശേന്നും പറഞ്ഞു അന്യനാട്ടിൽ തന്നെ നിന്നാ അങ്ങനൊക്കെയാ... അതിർത്തീന്നു വന്നപ്പളെങ്കിലും നീ നാട്ടീക്കാണൂന്നു വിചാരിച്ചിട്ട് ആറു മാസം പോലും ആവണേനു മുന്നേ നീ ഗൾഫീ പോയില്ലേ...??

ഇടയ്ക്ക് ശ്രീമംഗലം എന്ന പേര് പറയുന്ന കേട്ടപ്പോഴാണ് ഞാനാ മദ്ധ്യവയസ്ക്കരെ ശ്രദ്ധിച്ചത്. ഞാനപ്പോൾ അത്യാവശ്യത്തിനു കുറച്ച് കാശെടുക്കാൻ ബാങ്കിൽ നിൽക്കുകയായിരുന്നു..

അജുവിനെ കാണാൻ അവന്റെ വീട്ടിൽപോയി തിരിച്ചു വരുന്നവഴി ഞാൻ അമ്മയുടെ തറവാട്ടിൽ ഒന്ന് കയറിയിരുന്നു. അമ്മാവന്മാരൊക്കെ വെള്ളിയാഴ്ച്ച വൈകുന്നേരം എത്തുമെന്ന് പറഞ്ഞിരുന്നെങ്കിലും നാട്ടിൽവരെ വന്നിട്ട് തറവാട്ടിൽ കയറാതെ പോകുന്നത് മോശമല്ലേ എന്ന് കരുതിയാണ് ഞാൻ ചെന്നത്.. കല്യാണത്തിന്റെ ഒരുക്കങ്ങളെക്കുറിച്ചു പറഞ്ഞിരുന്നപ്പോഴാണ് ഈ നാട്ടിൽ നിന്നും കല്യാണത്തിൽ പങ്കെടുക്കേണ്ടുന്ന അമ്മയുടെ ചില ബന്ധുക്കൾക്കും വേണ്ടപ്പെട്ട നാട്ടുകാർക്കും വാരാനുള്ള വണ്ടി ഏർപ്പാടാക്കിയിട്ടില്ല എന്ന് ചെറിയമ്മാവാൻ പറയുന്നത്.

അവിടെ നിന്നും തിരിച്ചു വരുന്നവഴി വട്ടക്കുളത്തുള്ള ഒരു ട്രാവൽസിന്റെ വീഡിയോകോച്ച് എയർബസ്സ് ബുക്ക് ചെയ്യാൻ ചെന്നപ്പോൾ കുറച്ചു പണം അവർ അഡ്വാൻസ് ചോദിച്ചു.. ബന്ധുവീടുകളിലെ സന്ദർശനം മാത്രം ഉദ്ദേശിച്ചു വന്ന എന്റെ കൈയിൽ അവർ ആവശ്യപ്പെട്ട പണം ഉണ്ടായിരുന്നില്ല... എ.ടി.എമ്മിൽ നിന്നും എടുക്കാമെന്നു കരുതി കവലയിൽ വന്നപ്പോൾ അത് പ്രവർത്തനരഹിതം... അങ്ങനെയാണ് ഞാൻ ബാങ്കിലെ കൌണ്ടറിൽ നിന്നും നേരിട്ട് കാർഡ് സ്വൈപ്പ് ചെയ്ത് ക്യാഷ് എടുക്കാമെന്ന് കരുതി ബാങ്കിലെത്തിയത്.. ചെറിയ ബ്രാഞ്ചായതുകൊണ്ട് അവിടെ ആകെ രണ്ടു കൌണ്ടറുകളെ ഉണ്ടായിരുന്നുള്ളൂ... അതിന്റെ ചെറിയ തിരക്കും ഉണ്ടായിരുന്നു.. അങ്ങനെ ക്യൂ നിൽക്കുന്ന സമയത്താണ് ഞാൻ ആ മദ്ധ്യവയസ്കരുടെ സംഭാഷണം ശ്രദ്ധിച്ചത്..

ഒരാൾ നല്ല ഉയരമുള്ള ആളായിരുന്നു.. ഫുൾസ്ലീവ് ഷർട്ടും പാന്റുമാണ് വേഷം.. അയാളുടെ കഷണ്ടിത്തലയിൽ ആഷ് കളർ ആർമി ബെരറ്റ്ക്യാപ് വെച്ചിട്ടുണ്ട്..

ഇൻസർട്ട് ചെയ്ത ഷർട്ടിൽ പൊതിഞ്ഞ് വച്ചിരിക്കുന്ന ചെറിയ കുടവയറുമായി പാന്റിന്റെ പോക്കറ്റിൽ ഇടത്തെ കൈ തിരുകി നിന്നുകൊണ്ടുള്ള അയാളുടെ സംസാരത്തിൽ നിന്നും ഒരു എക്സ്സർവ്വീസ് മാനാണെന്ന് കാണുന്ന ആർക്കും മനസ്സിലാകും..

മറ്റേയാൾക്ക് അഞ്ചരയടിക്ക് മുകളിൽ പൊക്കം കാണും.. മുണ്ടും നീല ഖദർ ഷർട്ടുമാണ് വേഷം.. ഷർട്ടിന്റെ സ്ലീവ് മുട്ട് വരെ മടക്കി വച്ചിട്ടുണ്ട്.. കൈയിൽ ഒരു ചെറിയ ക്യാഷ്ബാഗ്.. നന്നായി അധ്വാനിക്കുന്ന ആളാണെന്നു ശരീരപ്രകൃതിയിൽ നിന്നും മനസ്സിലാവും.. നല്ല ഉറച്ച ശരീരം.. അവരുടെ സംസാരത്തിൽ നിന്നും അജു വിവാഹം കഴിക്കാനിരിക്കുന്ന അനുപമയുടെ അച്ഛൻ രവീന്ദ്രൻ അങ്കിളാണ് അതെന്നു എനിക്ക് മനസ്സിലായി..

ഡേവി എന്ന് രവിയങ്കിൾ വിളിച്ച പട്ടാളക്കാരനെന്നു തോന്നിച്ച ആൾ ഒരുപാട് സംസാരിക്കുന്നുണ്ടെങ്കിലും രവിയങ്കിൾ അതിനൊക്കെ ചുരുക്കം വാക്കുകളിൽ മറുപടി ഒതുക്കുകയാണ് ചെയ്തത്.. കൈയിലിരുന്ന ബാഗിൽ തെരുപ്പിടുപ്പിച്ചുകൊണ്ട് സംസാരിച്ചിരുന്ന അദ്ദേഹത്തിന്റെ പെരുമാറ്റത്തിൽ പുള്ളിക്ക് എന്തോ ധൃതി ഉള്ളത് പോലെ തോന്നി... ക്യാഷ് കൌണ്ടറിൽ ടോക്കൺ നമ്പർ വിളിച്ചപ്പോൾ പട്ടാളക്കാരൻ പണം വാങ്ങാനായി പോയി.. ഈ സമയം രവിയങ്കിൾ അടുത്തുള്ള എയർപോർട്ട് സെറ്റിയിൽ ഇരുന്നു.. ക്യൂവിൽ എനിക്ക് മുൻപിൽ പിന്നെ ഒരാൾ കൂടിയേ ഉണ്ടായിരുന്നുള്ളൂ.. അടുത്തതായി ഞാൻ പണം വാങ്ങുമ്പോഴേക്കും പട്ടാളക്കാരൻ പോയിരുന്നു.

പണം വാങ്ങി ഞാൻ പതുക്കെ രവിയങ്കിളിന്റെ അടുത്ത് ചെന്ന് പരിചയപ്പെട്ടു.. ഞങ്ങൾ ആദ്യമായിട്ട് കാണുകയായിരുന്നെങ്കിലും എന്റെ പേര് പറഞ്ഞപ്പോഴേക്കും പുള്ളിക്ക് മനസ്സിലായി... പക്ഷേ എന്നോട് സംസാരിക്കുമ്പോഴും പുള്ളിയുടെ നോട്ടം പലപ്പോഴും ക്യാഷ് കൌണ്ടറിനു മുൻപിലെ ടോക്കൺ നമ്പരിലേക്കായിരുന്നു.. ബാങ്കിലെ എസിയുടെ കുളിർമ്മയിലും അദ്ദേഹത്തെ വിയർക്കുന്നുണ്ടായിരുന്നു..

"..എന്താ അങ്കിൾ ഒരു ടെൻഷൻപോലെ... എന്തെങ്കിലും പ്രശ്നമുണ്ടോ..??"

"..ഹേയ്.. എന്ത് പ്രശ്നം...?? ഒന്നുമില്ല..."

"...പിന്നെയെന്താ അങ്കിളിനെ വിയർക്കുന്നത്...???"

"..ഓ അതോ.. അതെന്റെ ശരീരപ്രകൃതിയാ... പിന്നെ പോയിട്ട് അൽപ്പം ധൃതി ഉണ്ടായിരുന്നു.. ഈ ക്യാഷ് കിട്ടിയിട്ട് ഒരത്യാവശ്യം ഉണ്ടേ.. അത് വൈകുന്നതിന്റെ ടെൻഷനാ..." അദ്ദേഹം ചിരിക്കാൻ ശ്രമിച്ചു..

"...ഓകെ.. എന്നാ ഞാൻ ഇറങ്ങട്ടെ അങ്കിളേ... എനിക്കും പോയിട്ടൽപ്പം കാര്യമുണ്ട്.. ഇനി കല്യാണത്തിനു കാണാം.."

"..ഓ.. ശരി മോനെ.."

ബാങ്കിൽ നിന്നും ഇറങ്ങിയെങ്കിലും എനിക്ക് പോകാൻ തോന്നിയില്ല.. ഓഡി സർവ്വീസിന് കൊടുത്തിരുന്നതുകൊണ്ട് ദീപുവിന്റെ മഹിന്ദ്ര താറിലായിരുന്നു ഞാൻ വന്നത്.. ഞാൻ രവിയങ്കിൾ ബാങ്കിൽ നിന്നും ഇറങ്ങി വരുന്നത് കാണാൻ പറ്റുന്ന ദൂരത്തിൽ വണ്ടി പാർക്ക് ചെയ്ത് കാത്തിരുന്നു.. രവിയങ്കിൾ എന്തോ ഒളിക്കുന്ന പോലെ തോന്നിയിരുന്നു... കല്യാണത്തെ ഏതെങ്കിലും രീതിയിൽ ബാധിക്കുന്ന പ്രശ്നമാണോ എന്നറിയണമല്ലോ... ഈ കല്യാണത്തിന്റെ മുഴുവൻ ചുമതലക്കാരൻ എന്ന നിലയിൽ അതെന്റെ കടമയല്ലേ....??

ഒരു പതിനഞ്ചു മിനിട്ട് കൂടിക്കഴിഞ്ഞാണ് എന്റെ കാത്തിരുപ്പിനു വിരാമമിട്ടുകൊണ്ട് അങ്കിൾ ബാങ്കിൽ നിന്നും ഇറങ്ങി വന്നത്... ക്യാഷ്ബാഗ് നെഞ്ചോട് ചേർത്ത് പിടിച്ചുകൊണ്ട് വന്ന അദ്ദേഹം ബാങ്കിന് മുന്നിൽ വച്ചിരുന്ന ഒരു വെള്ള ആക്ടീവയിൽ കയറാനായി വന്നു. ആക്ട്ടീവയുടെ സീറ്റ്പൊക്കി ബാഗ് അതിൽ വക്കുന്നതിനിടയിൽ ചുറ്റും നോക്കിയിട്ട് അദ്ദേഹം കണ്ണ് തുടയ്ക്കുന്നത് കണ്ടപ്പോൾ സാരമായ എന്തോ പ്രശ്നമുണ്ടെന്നു എനിക്ക് തോന്നി.. ഞാൻ വേഗം വണ്ടിയിൽ നിന്നും ഇറങ്ങി അങ്കിളിന്റെ അടുത്തേയ്ക്ക് ചെന്നു..

"...അങ്കിൾ ഒന്ന് നിന്നേ.." എന്നെ കണ്ടതും അദ്ദേഹം ഒന്ന് പതറിയതുപോലെ തോന്നി.

".. ങ്ങ്ഹാ... ദേവാ.. മോൻ പോയില്ലേ...??"

"... അങ്കിൾ എനിക്ക് അങ്കിളിനോട് അൽപ്പം സംസാരിക്കാനുണ്ട്... തിരക്കില്ലെങ്കിൽ നമുക്ക് ആ റെസ്റ്റോറന്റിലെയ്ക്ക് ഇരിക്കാം.. ഇരുന്ന് സംസാരിക്കാം.."

"...എന്താ മോനെ... എനിക്ക് അൽപ്പം തിരക്കുണ്ടായിരുന്നു..."

"..ഒരു അഞ്ചു മിനിറ്റ്.. അങ്കിൾ വാ..." എന്റെ നിർബന്ധത്തിനു വഴങ്ങി പുള്ളി വന്നു.. എത്ര വലിയ പ്രശ്നമാണെങ്കിലും വെറും മിനിട്ടുകളുടെ മാത്രം പരിചയമുള്ള എന്നോട് അങ്കിൾ അത് പറയില്ലെന്ന് എനിക്ക് തോന്നി.. പക്ഷേ ഒരു ചായയൊക്കെ കുടിച്ച് ഒന്ന് റിലാക്സ് ആയാൽ ഒരുപക്ഷേ പറഞ്ഞാലോ... അതാണ് ഞാൻ റെസ്റ്റോറന്റിലിരുന്നു സംസാരിക്കാം എന്ന് പറഞ്ഞത്.

റെസ്റ്റോറന്റിൽ ചായ കുടിച്ചു കൊണ്ടിരുന്നപ്പോൾ ഞാൻ പുള്ളിയോട് കാര്യങ്ങൾ തിരക്കി .. ആദ്യമൊക്കെ ഒന്നുമില്ല എന്ന് പറഞ്ഞ് പുള്ളി ഒഴിഞ്ഞു മാറിക്കൊണ്ടിരുന്നു.

"...അങ്കിൾ... ഞാൻ പറഞ്ഞല്ലോ... ഈ കല്യാണം ഭംഗിയായി നടത്തേണ്ട ഉത്തരവാദിത്തം എനിക്കാണ്... അങ്കിളിനു എന്തോ ടെൻഷനുണ്ടെന്നു ഈ മുഖത്ത് നിന്ന് എനിക്ക് വായിക്കാം... എന്താണെങ്കിലും തുറന്നു പറഞ്ഞോ... എന്നെ അങ്കിളിന്റെ മോന്റെ സ്ഥാനത്ത് കണ്ടാൽ മതി.. എന്തായാലും നമ്മളൊക്കെ ഒരു ഫാമിലി ആവാൻ പോകുന്നവരല്ലേ...??" ടേബിളിന്റെ എതിർവശത്തിരുന്ന അങ്കിളിന്റെ കൈയിൽ പിടിച്ചു കൊണ്ടാണ് ഞാനത് പറഞ്ഞത്.. കുറച്ചു നേരത്തേയ്ക്ക് പുള്ളിക്കാരൻ ഒന്നും മിണ്ടിയില്ല.. പിന്നെ പതുക്കെ പറയാൻ തുടങ്ങി.

"...മോനേ... എന്റെ അനുമോൾടെ കല്യാണത്തിനുള്ള ചിലവിനായി ഞാൻ എന്റെ ഭാര്യയുടെ പേരിലുള്ള കുറച്ചു സ്ഥലം വിൽക്കാൻ ഇട്ടിരുന്നു... അത് എട്ടു മാസം മുന്പ് കച്ചവടമായതായിരുന്നു... കരാര് പ്രകാരം ആറുമാസത്തെ കാലാവധി പറഞ്ഞിരുന്നു.. കാലാവധി തീരാറായപ്പോ അവർക്ക് ക്യാഷ് ശരിയായില്ല എന്നും പറഞ്ഞ് ആ കച്ചവടം ഒഴിഞ്ഞു.. പിന്നെ പലരും വന്നെങ്കിലും വിലകൊണ്ട് ഒക്കാതിരുന്നകൊണ്ട് ഒന്നും നടന്നില്ല.. അപ്പോഴാ അജുമോന്റെ ഈ ആലോചന വന്നത്.. സ്ഥലം വിൽപ്പന സമയത്ത് നടക്കില്ല എന്ന് തോന്നിയപ്പോ ഞാൻ പണത്തിനു വേണ്ടി ഇവിടത്തെ സഹകരണബാങ്കിൽ ഞങ്ങളുടെ ഇപ്പോൾ താമസിക്കുന്ന സ്ഥലം ഈട് വച്ച് ഒരു ലോണിനു അപേക്ഷിച്ചിരുന്നു.. അത്

പാസ്സായി ഇന്നലെ ചെക്ക് വാങ്ങാൻ എന്നോട് ചെല്ലാൻ പറഞ്ഞിരുന്നതാ... കല്യാണത്തിന്റെ തിരക്ക് കൊണ്ട് ഞാൻ ഇന്നാ ചെന്നത്... ചെന്നപ്പോ അവര് പറയാ ചെക്കായിട്ടില്ല, മാനേജർ ലീവാണ്, അടുത്ത ബുധാനാഴ്ച്ചയേ അയാള് വരൂ, അയാള് വന്നു ചെക്ക് ഒപ്പിട്ടാലല്ലാതെ ക്യാഷ് തരാൻ പറ്റില്ല എന്നൊക്കെ... ആ ക്യാഷ് കിട്ടിയിട്ട് വേണം വാങ്ങി വച്ചിരിക്കുന്ന സ്വർണ്ണം ജുവല്ലറിയിൽ പോയി എടുക്കാൻ.. എന്റെ കൈയിലാണെങ്കിൽ വേറെ കാശുമില്ല... എന്ത് ചെയ്യണം എന്നറിയില്ല മോനേ... എന്റെ മോളുടെ കല്യാണം മുടങ്ങിയാ പിന്നെ ഞങ്ങള് മരിച്ചാ മതി... തികട്ടി വന്ന വിഷമം ഉള്ളിലൊതുക്കി അദ്ദേഹം കണ്ണീർ തുടച്ചു.. ഞാൻ ഒരു നിമിഷം ഉത്തരമില്ലാതെ ഇരുന്നുപോയി.

"..അപ്പോ അങ്കിള് ഈ ബാങ്കിൽ വന്നതെന്തിനാ..??"

"...ഇവിടെ ഇളയ മോൾക്ക് വേണ്ടി ഞാൻ അൻപതിനായിരം രൂപ ഫിക്സഡ് ഇട്ടിരുന്നു അതെടുക്കാൻ വന്നതാ... ഉള്ളതായല്ലോ.. ബാക്കി ഉണ്ടാക്കിയാ മതീല്ലോന്ന് ഓർത്തു.."

"... അങ്കിൾ വാ നമുക്ക് ആ സഹകരണ ബാങ്കിൽ ഒന്ന് കൂടി പോയി നോക്കാം..."

"...ഇനി പോയാലും കാര്യമുണ്ടെന്നു തോന്നുന്നില്ല മോനേ..."

"...എന്നാലും ഒന്നുകൂടി പോയി നോക്കാം അങ്കിൾ എന്തെങ്കിലും വഴി കണ്ടാലോ...??" എന്റെ നിർബന്ധത്തിനു വഴങ്ങി അദ്ദേഹം എന്റെ കൂടെ വന്നു.. അവിടന്ന് നടക്കാനുള്ള ദൂരമേ ആ ബാങ്കിലേയ്ക്ക് ഉണ്ടായിരുന്നുള്ളൂ.. അവിടെ ചെന്ന് മാനേജറുടെ ചാർജുള്ള ആളെ കണ്ട് സംസാരിച്ചെങ്കിലും ഫലമുണ്ടായില്ല.. മാനേജറുടെ അമ്മ മരിച്ചിട്ട് അദ്ദേഹം ലീവിലാണെന്നും, തമിഴ്നാട്ടിലെ തഞ്ചാവൂരാണ് അദ്ധേഹത്തിന്റെ സ്വദേശമെന്നും മനസ്സിലായി എന്നത് മാത്രം ഫലം..

അവിടന്ന് ഇറങ്ങി നിരാശയോടെ നിൽക്കുന്ന രവിയങ്കിളിനെ എങ്ങനെ ആശ്വസിപ്പിക്കണമെന്ന് എനിക്കറിയില്ലായിരുന്നു..

"..അങ്കിൾ ഇനി സ്വർണ്ണം മാത്രമേ വാങ്ങാനുള്ളോ...??"

"...അതേ മോനെ... മുപ്പത് പവനാ... ഏതാണ്ട് ഏഴര ലക്ഷം രൂപ വരും... എന്താ ചെയ്യാന്ന് എനിക്കൊരു രൂപോമില്ല.."

"...എന്തായാലും നമുക്ക് ആ ജുവല്ലറിയിലും കൂടിയൊന്നു പോയി നോക്കാം.. എന്താ..?

"...പണം കൊടുക്കാതെ അവര് സ്വർണ്ണം തരില്ലല്ലോ മോനേ.. പിന്നെ അവിടെ പോയി നോക്കിയാലും എന്താ പ്രയോജനം.."

"... എന്തായാലും ലോൺ പാസ്സായതല്ലേ... നമുക്ക് അവരോടു കാര്യം പറഞ്ഞിട്ട് ഒരു ചെക്ക് കൊടുത്ത് നോക്കാം.. അടുത്ത ബുധനാഴ്ച്ച അക്കൌണ്ടിൽ ക്യാഷ് വരുവല്ലോ... അപ്പോൾ മാത്രം ചെക്ക് പ്രൊഡ്യൂസ് ചെയ്താ മതിയെന്ന് അവരോടു പറഞ്ഞു നോക്കാം..."

"..ഉം... എന്തായാലും പോയി നോക്കാം വേറെ വഴിയില്ലല്ലോ.." ജുവല്ലറി ഒരു കിലോമീറ്റർ മാറിയായിരുന്നു.. എന്റെ ജീപ്പിൽ ഞങ്ങൾ അവിടെയ്ക്ക് പോയി.

"..അയ്യോ സാറേ... നിങ്ങള് പറഞ്ഞതൊക്കെ എനിക്ക് മനസ്സിലായി.. പക്ഷേ പണം അടയ്ക്കാതെ സ്വർണ്ണം തരാൻ പറ്റില്ല..."

"...എടോ താൻ ഈ ജുവല്ലറിയുടെ മാനേജറല്ലേ... താൻ വിചാരിച്ചാൽ ഇദ്ദേഹത്തെ സഹായിക്കാൻ പറ്റില്ലേ... നിങ്ങൾ രണ്ടുപേരും ഈ നാട്ടുകാരുമാണ്.. ഇങ്ങനെ ഒരു അവസ്ഥയായത് കൊണ്ടല്ലേ ഞങ്ങൾ പണം പിന്നീട് തരാം എന്ന് പറയുന്നത്.."

"...സാറേ രവിച്ചേട്ടനെ എനിക്കറിയാം.. പക്ഷേ മുതലാളി സമ്മതിക്കില്ല.. പിന്നെ ഈ മാനേജർ എന്നൊക്കെ പേര് മാത്രമേ ഉള്ളു... ഞാനിവിടത്തെ വെറും ജീവനക്കാരനാ.. നാളെ മുതൽ മുതലാളി ജോലിക്ക് വരണ്ടാ എന്ന് പറഞ്ഞാൽ ജീവിക്കാൻ ഞാൻ വേറെ വഴി നോക്കേണ്ടി വരും... അതുകൊണ്ട് നിങ്ങളൊന്നും വിചാരിക്കരുത്... പണം അടച്ചാൽ ഉടൻ സ്വർണ്ണം തരാം.." മാനേജർ അയാളുടെ നിസ്സഹായാവസ്ഥ പറഞ്ഞു.

"..ശരി.. എങ്കിൽ ഒരു കാര്യം ചെയ്യൂ... നിങ്ങൾ ബില്ലെടുത്തോ പണം ഞാൻ അടച്ചോളാം... എന്റെ അക്കൌണ്ടിൽ ആവശ്യത്തിനുള്ള ക്യാഷ് ഉണ്ട്.. പക്ഷേ ഞാനാണ് പണം അടച്ചത് എന്ന കാര്യം നാലാമത് ഒരാൾ അറിയില്ല എന്ന് നിങ്ങൾ എനിക്ക് വാക്ക് തരണം..."

"...മോനേ.. അത് വേണ്ടാ.. അത് ശരിയാവില്ല... കാശ് ഞാൻ എങ്ങനെയെങ്കിലും ഉണ്ടാക്കി നാളെ വന്നു സ്വർണ്ണം വാങ്ങിക്കോളാം..." അഭിമാനിയായ രവിയങ്കിളിന് എന്റെ കൈയിൽ നിന്നും കാശ് വാങ്ങാനുള്ള മടികൊണ്ട് ഓരോ ന്യായം പറഞ്ഞുകൊണ്ടിരുന്നു.

"...അങ്കിൾ നാളെ ആയാലും ആരുടെയെങ്കിലും കൈയിൽ നിന്നും കടം വാങ്ങണം.. അതിപ്പോ എന്റെ കൈയിൽ നിന്നായാൽ എന്താ കുഴപ്പം... അജുവോ എന്റെ വീട്ടുകാരോ അറിയും എന്ന് കരുതിയാണെങ്കിൽ അങ്കിൾ പേടിക്കണ്ട... ഞാനായിട്ട് പറയില്ല..."

"...എന്നാലും മോനേ..." അങ്കിളിനു പിന്നെയും മടി.

"...സാരമില്ല രവിയേട്ടാ... ഈ സാറ് കാശ് തരാന്ന് പറഞ്ഞല്ലോ... ലോൺ പാസ്സാവുമ്പോ സാറിന്റെ കാശ് കൊടുത്താൽ മതി... ഇത് വേറെ ആരും അറിയാതെ ഞാൻ നോക്കിക്കോളാം... പോരേ..??" മാനേജരും എന്നെ സപ്പോർട്ട് ചെയ്തു. അവസാനം അരമനസ്സോടെ അങ്കിൾ സമ്മതിച്ചു.. പിന്നെ എല്ലാം പെട്ടന്ന് നടന്നു.. വാങ്ങി വച്ചിരുന്ന സ്വർണ്ണം ഓരോന്നും തൂക്കം ശരിയാണെന്ന് നോക്കി ബില്ല് ചെയ്തു വന്നപ്പോഴേക്കും എന്റെ കാർഡ് ഉപയോഗിച്ച് ഞാൻ പണമടച്ചു.

തിരിച്ചു എന്റെ വണ്ടിയിലിരിക്കുമ്പോ അങ്കിൾ എന്നോട് ഒരുപാട് നന്ദി പറഞ്ഞു.. പക്ഷേ യഥാർഥത്തിൽ നന്ദി ദൈവത്തിനുള്ളതാണ്.. കാരണം ഞാൻ അപ്പോൾ അങ്കിളിനെ കണ്ടില്ലായിരുന്നെങ്കിൽ ശ്രീമംഗലത്തിനും കൂടി ഉണ്ടാവുമായിരുന്ന ഒരു നാണക്കേടിൽ നിന്നാണ് ഇപ്പോൾ രക്ഷപെട്ടിരിക്കുന്നത്.. തിരിച്ച് അങ്കിളിനെ പുള്ളിയുടെ വണ്ടിയിരുന്ന ബാങ്കിന് മുന്നിൽ ഇറക്കി വിടുമ്പോൾ ഞാൻ ഒരു ഒന്നര ലക്ഷം രൂപയുടെ ചെക്ക് കൂടി അദ്ദേഹത്തെ ഏൽപ്പിച്ചു... കാരണം കല്യാണത്തിനു വേറയും ചിലവുകൾ ഉണ്ടാവുമല്ലോ... ഇത്തവണ പക്ഷെ എതിർപ്പൊന്നും പറയാതെ അങ്കിൾ ആ ചെക്ക് വാങ്ങി.. യാത്ര

പറയുമ്പോൾ അങ്കിളിന്റെ കണ്ണ് നിറഞ്ഞിരുന്നു... ഒരു വലിയ പ്രശ്നം തീർപ്പാക്കിയതിന്റെ ചാരിതാർത്ഥ്യവുമായാണ് ഞാൻ തിരിച്ചു പോന്നത്..

ഞാൻ വീട്ടിലെത്തുമ്പോൾ അകലെ നിന്നേ കാണാമായിരുന്നു വൈദ്യുത ദീപാലങ്കാരങ്ങളിൽ കുളിച്ച് പൊന്നിൻപ്രഭയിൽ മിന്നിനിൽക്കുന്ന ശ്രീമംഗലം.

പിറ്റേന്ന് വെള്ളിയാഴ്ച്ച..

അമ്മയുടെ അനിയത്തി വസുന്ധരചിറ്റയും ദാസൻ ചിറ്റപ്പനും പിള്ളേരും രാവിലെ തന്നെ എത്തി... പിന്നെ ബന്ധുക്കൾ ഓരോരുത്തരായി എത്തിത്തുടങ്ങി... അച്ഛനും ചെറിയച്ഛനും പാർട്ട്നേഴ്സിനെ സൽക്കരിക്കാനായി രാവിലെ തന്നെ അട്ടപ്പാടിക്ക് പോയി.. അതോടെ ബന്ധുക്കളെ സ്വീകരിക്കുന്നതും കൂടി എന്റെ ചുമതലയായി... മുത്ത് കല്യാണപ്പെണ്ണായി ഒരുങ്ങി ഇരിക്കുന്നത് കൊണ്ട് എന്നെ സഹായിക്കുന്നതിന് ആദിയും മാളുവും കൂടി.. ആദി എന്റെ കൂടെ ചിലവിടാൻ കിട്ടുന്ന ഒരു ചാൻസും മിസ്സ് ചെയ്യാതെ എന്നെ മുട്ടിയുരുമ്മി എപ്പോഴും എന്റെ ഒപ്പമുണ്ടായിരുന്നു... പഴയതൊക്കെ മറന്ന് എനിക്കും അവളോട് ഒരു ചായ്വ് തോന്നിത്തുടങ്ങിയതുകൊണ്ടാവണം അവൾ കൂടുതൽ സുന്ദരിയായതായി എനിക്ക് തോന്നിയത്... അതുകൊണ്ട് അവളുടെ പെരുമാറ്റം ഞാനും എന്ജോയ് ചെയ്യാൻ തുടങ്ങി..

അല്ലെങ്കിലും അതങ്ങനെയാണ് എത്രയൊക്കെ അവോയ്ഡ് ചെയ്യാൻ ശ്രമിച്ചാലും ആദിയെ കാണുമ്പോൾ എനിക്ക് കെട്ടിപ്പിടിച്ചു ഒരു ഉമ്മ കൊടുക്കാൻ തോന്നും... അവളോട് എനിക്കങ്ങനെ ഒരു അട്രാക്ഷനാണ്... പിന്നെ തോന്നും ഏയ് ശരിയാവില്ല കണ്ട്രോൾ പണ്ണ്ഡാ അംബീ എന്ന്..

അങ്ങനെ കുറച്ചു സമയം വന്ന ബന്ധുക്കളുമായി ഞാനും മാളുവും ആദിയും കൂടി വിശേഷങ്ങൾ പറഞ്ഞിരിക്കുമ്പോൾ ഞങ്ങളെ അന്വേഷിച്ചു വന്ന മുത്ത് കാണുന്നത് എന്തോ തമാശ പറഞ്ഞതിന് എന്റെ തോളിൽ തലചായ്ച്ചിരുന്നു ചിരിക്കുന്ന ആദിയെയാണ്... അവൾക്ക് കലിപ്പിളകാൻ വേറെ വല്ലതും വേണോ..?? വന്നപാടെ എന്നെ ദഹിപ്പിച്ചൊന്നു നോക്കിയിട്ട് അവൾ ആദിയെ വിളിച്ചു കൊണ്ട് പോയി.. ഈ സമയമൊക്കെ അടുക്കളയിൽ പഞ്ചമിയുടെ നേതൃത്വത്തിൽ പാചകവും വാചകവും പൊടിപൊടിക്കുന്നുണ്ടായിരുന്നു...

ഉച്ചയൂണ് കഴിഞ്ഞ് ഞാനും ദീപുവും സച്ചിയും കൂടി മുത്തിന്റെ കൂടെ കല്യാണം കഴിക്കുന്ന പെൺകുട്ടികളുടെ വീടുകളിൽ പോയി അവരെ ശ്രീമംഗലത്തേയ്ക്ക് കൂട്ടിക്കൊണ്ടു വന്നു.. ഇന്ന് മുതൽ കല്യാണം വരെ അവരും ശ്രീമംഗലത്തെ കുട്ടികളാണ്.. അവർക്കൊപ്പം സഹായികളായി ഓരോ കൂട്ടുകാരികളും പിന്നെ ബന്ധത്തിൽപ്പെട്ട ഒരോ മുതിർന്ന സ്ത്രീകളും ഉണ്ടായിരുന്നു... അവരുടെ കൂടെവന്ന മറ്റുള്ളവർക്കുള്ള താമസം ശ്രീമംഗലത്തെ ഔട്ട്ഹൌസിൽ ഏർപ്പാട് ചെയ്തിരുന്നു... അവരുകൂടി വന്നതോടെ ശ്രീമംഗലത്ത് ഉത്സവ പ്രതീതിയായി.. ആട്ടവും പാട്ടും മേളവും ഒക്കെ ആകെ ബഹളമയം.

വൈകുന്നേരത്തോടെ അനുപമയും അവളുടെ അനിയത്തി അഞ്ചനയും മാനസിയും (വാവ) അവരുടെ രണ്ടു കൂട്ടുകാരികളും കൂടി വന്നു.. പക്ഷേ ഈ സമയം ഞാൻ വീട്ടിലുണ്ടായിരുന്നില്ല... അതുകൊണ്ട് ഞാൻ അവരെ പിറ്റേന്നാണ് കണ്ടത്.. മീനാക്ഷി ഗർഭിണി ആയിരുന്നതിനാൽ അവളും സതീഷും അച്ഛനും അമ്മയും ഒക്കെ കല്യാണത്തിന്റെ അന്ന് രാവിലെയേ എത്തൂ എന്ന് നേരത്തെ പറഞ്ഞിരുന്നു.. അതുപോലെ അമ്മാവന്മാരും അവരുടെ കുടുംബവും ഒക്കെ എത്തി..

എല്ലാവർക്കും വീട്ടിൽ താമസിക്കാൻ സൗകര്യം കുറവായിരുന്നതിനാൽ അടുത്ത ബന്ധുക്കളിൽ ചിലരൊഴിച്ച് ബാക്കി എല്ലാവർക്കും കല്യാണം നടക്കുന്ന ശ്രീമംഗലം കൺവെൻഷൻ സെന്ററിലാണ് താമസം ഒരുക്കിയിരുന്നത്... ശനിയാഴ്ച്ച വൈകുന്നേരം വിപുലമായ ബാച്ചിലർ പാർട്ടിയും അവിടെത്തന്നെയാണ് ഏർപ്പാട് ചെയ്തിരുന്നത്.

വരുന്ന ബന്ധുക്കളെ റെയിൽവേ സ്റ്റേഷനിൽ നിന്നും ബസ്റ്റാന്റിൽ നിന്നും ഒക്കെ പിക് ചെയ്ത് കൺവെൻഷൻ സെന്ററിൽ എത്തിക്കാനും അവിടത്തെ ഒരുക്കങ്ങൾ ഒക്കെ നോക്കാനുമായി നടന്നിരുന്നതുകൊണ്ട് രാത്രി രണ്ടു മണിക്കാണ് ഞാനും ദീപുവും വീട്ടിലെത്തിയത്.. മുറ്റം നിറയെ വന്ന ബന്ധുക്കളുടെ കാറുകളായിരുന്നു... പിറ്റേന്ന് രണ്ടാം ശനി ആയതിനാലും കല്യാണത്തിന്റെ ചടങ്ങുകൾ പലതും നാളെ മുതൽ തുടങ്ങും എന്നതിനാലും എല്ലാവരും ഇന്നേ എത്തി... മറ്റു മുറികളിലൊക്കെ ആളുകൾ നിറഞ്ഞിരുന്നതിനാൽ സച്ചിയും ശ്രീക്കുട്ടനും എന്റെ മുറിയിലാണ് കിടന്നിരുന്നത്.. വന്നപാടെ ഡ്രസ്സുമാറി ഞാനും ദീപുവും അവർക്കൊപ്പം കിടന്നു.. പകല് മുഴുവൻ ഓടി നടന്നതിന്റെ ക്ഷീണത്തിൽ കിടന്നപാടെ ഞാൻ ഉറങ്ങിപ്പോയി...

"...ദേവേട്ടാ എണീക്ക് അമ്പലത്തിൽ പോണ്ടേ... എന്തൊരൊറക്കാ ഇത്...??" എന്റെ തലമുടിയിൽ പതുക്കെ തലോടിക്കൊണ്ട് ആദി വിളിക്കുമ്പോഴാണ് ഞാൻ ഉണർന്നത്.. കണ്ണു തുറക്കുമ്പോൾ കണ്ടത് എന്റെ അടുത്തിരുക്കുന്ന ആദിയുടെ പൊന്നിന്റെ നിറമുള്ള ആലിലവയറാണ്.. കാരണം കട്ടിലിന്റെ ഓരം ചേർന്ന് കിടന്നിരുന്ന എന്റെ തലയ്ക്കടുത്ത് വലതു വശത്ത് അവൾ ഇരുന്നപ്പോൾ അവളുടുത്തിരുന്ന സെറ്റ് സാരിക്കും ബ്ലൌസിനും ഇടയിലുള്ള വയറിന്റെ ഭാഗം കൃത്യമായി എന്റെ മുഖത്തിന്റെ അടുത്തായിരുന്നു... രാവിലെ നല്ല ഉഗ്രൻ കണി..

ഞാൻ പതുക്കെ മുഖം ഉയർത്തി ക്ലോക്കിലേയ്ക്ക് നോക്കി.. സമയം ഏഴാകാൻ പത്ത് മിനിറ്റ്..

"...ഇച്ചിരെ നേരം കൂടി കിടക്കട്ടേടീ... നീ പൊക്കോ... ഇന്നലെ രാത്രി ഒരുപാട് വൈകിയാ വന്നു കിടന്നേ..."

"..അയ്യടാ അങ്ങനെയിപ്പം മോൻ സുഖിക്കണ്ട... എണീക്ക്..." അവളെന്റെ കൈയിൽ പിടിച്ചു വലിച്ചു.. കൂടുതൽ അവൾ വലിക്കുന്നതിന് മുൻപ് കുഞ്ഞോളങ്ങൾ നിറഞ്ഞ അരുവിയിൽ ചുഴി വിരിഞ്ഞത് പോലുള്ള അവളുടെ വയറിൽ ഞാനമർത്തി ചുംബിച്ചു.

"...ല്സ്സ്..." ആദിയിൽ നിന്നൊരു സീൽക്കാരമുയർന്നു... ഒന്നുകൂടി ആ മാംസളതയിൽ ഉമ്മവച്ചിട്ട് ഞാൻ അവളുടെ ഉരുണ്ടു കൊഴുത്ത തുടയിലേയ്ക്ക് തലയെടുത്തുവച്ച് വയറിൽ ചുറ്റിപ്പിടിച്ചു കിടന്നു... അവളുടെ നീളൻ വിരലുകൾ എന്റെ മുടിയിഴകളിൽ തഴുകുന്ന സുഖത്തിൽ ഞാൻ മയങ്ങി.. ചൂടുള്ള ഒരു തുള്ളി എന്റെ കവിളിൽ പതിഞ്ഞപ്പോഴാണ് പിന്നെ ഞാൻ കണ്ണ് തുറന്നത്..

"...രാവിലെ സൂര്യൻ ഉദിച്ചു നിൽക്കുന്നത് കണ്ടതാണല്ലോ ഇത്ര പെട്ടന്ന് കാർമേഘംമൂടി മഴ ചാറാൻ തുടങ്ങിയോ..?" രാവിലെ തന്നെ എന്റെ സ്നേഹസമ്മാനം കിട്ടിയതിന്റെ ആനന്ദത്തിൽ നിറഞ്ഞു തുളുമ്പി നിൽക്കുന്ന അവളുടെ കണ്ണുകളിലേയ്ക്ക് നോക്കിക്കൊണ്ട് ഞാനത് പറഞ്ഞപ്പോൾ എന്റെ കളിയാക്കൽ കേട്ട് അവൾക്ക് ചിരി വന്നു... അതിന്റെ മറുപടിയായി എന്റെ കവിളിൽ പതിഞ്ഞ അവളുടെ കണ്ണുനീർ മുത്തിയെടുത്തിട്ട് അവിടെ നല്ലൊരു കടി വച്ചുതന്നു അവൾ.. പിന്നെയെന്റെ തല രണ്ടുകൈകൊണ്ടും പൊക്കിയെടുത്ത് അരുണാഭമായ കവിളിൽ ചേർത്ത് വച്ച് അവൾ നെടുവീർപ്പിട്ടു.

ഇനിയും ഇതേ കിടപ്പ് തുടർന്നാൽ ഞാൻ ഇവളെ സ്നേഹിച്ചു പോവും... ഞാൻ അവളെ വിട്ട് എഴുന്നേറ്റ് ബാത്രൂമിലേയ്ക്ക് പോയി.. അമ്പലത്തിൽ പോകേണ്ടതിനാൽ നന്നായി കുളിച്ചു... കുളിയും തേവാരവും ഒക്കെ കഴിഞ്ഞ് ഞാൻ പുറത്തിറങ്ങി വരുമ്പോഴും ആദി എന്റെ കട്ടിലിൽ ഇരിപ്പുണ്ടായിരുന്നു... എന്നെ കണ്ടതും നിറഞ്ഞ കണ്ണുകൾ തുടച്ചുകൊണ്ട് അവൾ വേഗം മുഖത്ത് ഒരു ചിരി വരുത്താൻ ശ്രമിച്ച് ഒരു ഷർട്ടും മുണ്ടും എനിക്ക് നേരെ നീട്ടി.. കടുംപച്ച നിറമുള്ള ഷർട്ടും അതേ കരയുള്ള മുണ്ടും.. അവളിട്ടിരിക്കുന്ന ബ്ലൌസിന്റെ അതേ നിറം..

"..നിന്റെ മുഖമെന്താ വല്ലാതിരിക്കുന്നത്... എന്നെ കാണുമ്പോളെല്ലാം കരഞ്ഞോളാമെന്ന് നിനക്ക് നേർച്ച എന്തെങ്കിലും ഉണ്ടോ..??" എന്റെ ചോദ്യത്തിന് മറുപടിയായി അവൾ അത്രയും നേരം പുറകിൽ പിടിച്ചിരുന്ന എന്റെ ഡയറി ഞാൻ കാൺകെ കട്ടിലിലേയ്ക്കിട്ടിട്ടു ബാത്രൂമിലേയ്ക്ക് കയറി.. ഡയറി ഞാൻ തുറന്നു നോക്കിയപ്പോൾ പല പേജുകളിലും അവളുടെ കണ്ണുനീർ വീണപാടുണ്ടായിരുന്നു..

അവൾ തിരിച്ചിറങ്ങി വരുമ്പോഴേക്കും ഞാൻ ഡ്രസ്സ് ചെയ്ത് കഴിഞ്ഞിരുന്നു... എന്നെ കണ്ടപ്പോൾ വീണ്ടും നിറയാൻ തുടങ്ങിയ മിഴികൾ ഞാൻ കാണാതിരിക്കാൻ മുഖം തിരിച്ച് പോകാനൊരുങ്ങിയ അവളെ കൈയിൽ പിടിച്ച് വലിച്ച് ഞാൻ നെഞ്ചോട് ചേർത്തു..

"..നിന്റെ മനസ്സ് എനിക്ക് കാണാം ആദീ... നിന്നെ കല്യാണം കഴിച്ചാൽ എന്നെങ്കിലും നിന്നെ വേദനിപ്പിക്കേണ്ടി വരും എന്ന് കരുതുന്നത് കൊണ്ട് മാത്രമാ ഇപ്പോഴും ഞാൻ ഒഴിഞ്ഞു മാറുന്നത്..."

"...ദേവേട്ടാ... ഞാൻ...!! പൊറുക്കണം എന്ന് പറയാൻ മാത്രമേ എനിക്ക് പറ്റൂ... ഞാൻ തെറ്റ് ചെയ്തവളാണ്... അർഹത ഇല്ല എന്നറിഞ്ഞുകൊണ്ട് തന്നെയാ ഇപ്പോഴും ഞാൻ ദേവേട്ടന്റെ മുൻപിൽ നിക്കുന്നത്.. പക്ഷേ ജീവിക്കുന്നെങ്കിൽ ഞാൻ ഈ നെഞ്ചിലെ ചൂട് പറ്റി ഇതുപോലെ ജീവിക്കും... അല്ലെങ്കിൽ ദേവേട്ടന് വേണ്ടാത്ത ഈ ജീവിതം എനിക്കും വേണ്ട... എന്റെ പിടി വിടുവിച്ചു പോകാനൊരുങ്ങിയ അവളെ ഞാൻ വീണ്ടും പിടിച്ചു നിർത്തി.. പിന്നെ അവളെ വലിച്ചു ഡ്രസ്സിംഗ് ടേബിളിനു മുന്നിൽ കൊണ്ട് പോയി നിർത്തി.., ബാത്ത്

ടവലെടുത്ത് അവളുടെ മുഖം തുടച്ചു.. പിന്നെ വലിപ്പിൽ നിന്നും കൺമഷി എടുത്ത് അവളുടെ കണ്ണെഴുതി..

"...കള്ള കരച്ചിലാണെങ്കിലും ഇനി ഈ കണ്ണ് നിറഞ്ഞ് കാണരുത്... നിന്റെ ഈ മഷി എഴുതിയ കണ്ണുകളാ നിന്നെ കൂടുതൽ സുന്ദരിയാക്കുന്നത്..."

"...എന്നെ ഇഷ്ടമല്ലെങ്കിൽ പിന്നെ എന്തിനാ ഇങ്ങനൊക്കെ ചെയ്യുന്നേ..."

"...ഇഷ്ടം ഉണ്ടായിട്ടൊന്നും അല്ല.. പിന്നെ നീ എന്റെ മുറപ്പെണ്ണല്ലേ.. നിന്റെ കണ്ണെഴുതി തരണ്ടത് എന്റെ കടമയല്ലേ..."

"...പിന്നേ ഒരു മുറച്ചെറുക്കൻ വന്നേക്കുന്നു.. ഇയാൾക്കെന്നെ ജീവനാന്ന് എനിക്കറിയാം.. ഈ മസിലു പിടുത്തം വിട്ട് അതങ്ങ് സമ്മതിച്ചു തന്നാ എന്താ കുഴപ്പം..."

"...ആ പൂതി നിന്റെ മനസ്സിൽ വച്ചാ മതി... നിന്നോട് വഴക്ക് കൂടുന്നതിലും ഭേദം ഇത് പോലെ കളിച്ചും ചിരിച്ചും നടക്കുന്നതല്ലേ എന്ന് കരുതിയിട്ടാ.. അല്ലേലേ നിന്നെ ഞാൻ എന്റെ മുറീൽ പോലും കേറാൻ സമ്മതിക്കൂല്ലാരുന്നു..."

"...അല്ലാതെ ഞാനിങ്ങനെ വിടാതെ പിടിച്ചേക്കുന്നകൊണ്ടല്ലല്ലേ.. എന്റെ മാഷേ ഈ മനസ്സ് എനിക്കറിഞ്ഞുകൂടെ..." അവളെന്റെ മീശയിൽ പിടിച്ചു തിരിച്ചു.. എനിക്ക് നന്നായി വേദനിച്ചു... ഞാൻ ഒച്ചയെടുത്തപ്പോ അബദ്ധം പറ്റിയപോലെ അവളെന്റെ മുഖത്തേയ്ക്ക് നോക്കി വിരൽ കടിച്ചു... എനിക്ക് പക്ഷേ ദേഷ്യത്തിന് പകരം ചിരിയാണ് വന്നത്... എന്റെ മുഖത്ത് ആ ചിരി വിരിയുന്ന കണ്ടപ്പോൾ അവൾ ചിരിച്ചുകൊണ്ട് ഓടി..

"...നിക്കടി അവടെ..." ഞാൻ അവളുടെ പുറകെ ഓടി... കുറേ നാളുകൾക്ക് ശേഷം പഴയ കൌമാരക്കാരനാവുന്നതിന്റെ ഒരു ത്രില്ലിൽ ആ നിമിഷങ്ങൾ എനിക്ക് വളരെ രസകരമായി തോന്നി.. എനിക്ക് പിടി തരാതെ ഓടിയ ആദി മുറിയിലെ കൌച്ചിന്റെ അപ്പുറത്ത് പോയി നിന്നു... ഞാൻ ഇപ്പുറത്തും.. കൌച്ചിനു മുകളിലൂടെ ഞാൻ അവളെ പിടിക്കാൻ ആഞ്ഞതും അവളൊഴിഞ്ഞുമാറി എന്റെ നേരെ തള്ളവിരൽ ആട്ടിക്കാണിച്ചു കളിയാക്കി... കൌച്ചിൽ നിന്നും ഞാൻ

എഴുന്നേൽക്കുന്നത് കണ്ടപ്പോൾ അവൾ സാരിയുടെ തുമ്പ് എളിയിൽ എടുത്ത് കുത്തി ഓടാൻ തയ്യാറായി നിന്നു... ഞാനും മുണ്ട് മടക്കിക്കുത്തി അവളെ പിടിക്കാൻ ഓടി.. അവൾ വാതിലിനടുത്തേയ്ക്ക് ഓടിയതും ഞാൻ ഓടിച്ചെന്ന് വാതിലടച്ച് കുറ്റിയിട്ടു...

"...ഇനി നീ എങ്ങോട്ടാ ഓടണെന്നു കാണാല്ലോ..."

"...എന്നെ പിടിക്കാൻ കിട്ടൂല്ലടാ കള്ളത്തെമ്മാടീ..."

അവൾ പിന്നെയും ഓടി.. ഞാൻ പുറകെയും... ഇത്തവണ അവൾ കട്ടിലിനു മുകളിലൂടെ കയറി ഓടിച്ചെന്നു വാതിൽ തുറക്കാൻ നോക്കിയതും ഞാൻ പാഞ്ഞു ചെന്ന് അവളെ പുറകിൽ നിന്നും വട്ടം പിടിച്ചുയർത്തി... അവൾ ചുമ്മാ കിടന്നു കുതറി... ഞാനും അവളും കൂടി അലച്ചുകെട്ടി കൌച്ചിലേയ്ക്ക് വീണു... ഞാൻ അടിയിലും അവളെന്റെ മടിയിലും..

അവളുടെ കുലുങ്ങിത്തെറിച്ചുള്ള ഓട്ടവും ഇടയ്ക്ക് തിരിഞ്ഞു നോക്കി കൊഞ്ഞനം കുത്തുമ്പോൾ മുഖത്ത് വിരിയുന്ന കുസൃതിയും ഒക്കെ കണ്ട് ഞാനാകെ കമ്പി അടിച്ചിരിക്കുവാരുന്നു... അവളെന്റെ നെറ്റിയിൽ നെറ്റി മുട്ടിച്ചിരുന്നു കിതച്ചു... ഞാനും കിതച്ചു..

"...നിന്നെ എനിക്ക് പിടികിട്ടൂല്ലാന്ന് വിചാരിച്ചോടീ കഴപ്പിപ്പാറൂ..."

"...പോടാ മണ്ടാ... ദേവേട്ടന് പിടി തരാനല്ലേ ഞാൻ ഓടിയത്... മണ്ടൻ... അയ്യേ... ചമ്മിപ്പോയെ..." അവളെന്നെ കളിയാക്കി.

"... അത്രയ്ക്കായോടീ നീ.." എന്റെ തുടയ്ക്ക് പുറത്തേയ്ക്ക് തള്ളി നിന്ന അവളുടെ വലത്തെ ചന്തിയിൽ ഞാൻ ആഞ്ഞടിച്ചു..

ഹാ...!!!! അടികൊണ്ട ആദിയുടെ കണ്ണിൽ കാമം കത്തി... അവളുടെ ശ്വാസഗതി ഉയർന്നു... എന്റെ കണ്ണിലും അവളാ കാമത്തിന്റെ തീ കണ്ടു കാണണം...

അവളെന്റെ ചുണ്ടുകൾ വാശിക്ക് ചപ്പി വലിച്ചു... നാവുകൾ നാഗങ്ങളെപ്പോലെ ഇണചേർന്നു.

"...ദേവേട്ടാ..." അവളുടെ ശബ്ദം ചിലമ്പിച്ചിരുന്നു... ചുംബനമേറ്റ് ഞങ്ങളുടെ മുഖം ചുവന്നു... ചുണ്ടുകൾ തമ്മിലുരഞ്ഞു തീ പാറി..

"...ദേവേട്ടാ... മതി.. അമ്പലത്തിൽ പോണ്ടേ... എല്ലാരും പോയി... ഇനി നമ്മള് മാത്രേ ഉള്ളൂ..."

ഞാൻ ക്ലോക്കിലെയ്ക്ക് പാളി നോക്കി.. സമയം ഏഴേമുക്കാൽ..

"..ഒൻപത് മണിക്കാടീ കന്യാവന്ദനം... സമയമുണ്ട്... തന്നെയുമല്ല ഇന്നത്തെ ചടങ്ങുകൾ കന്യകർക്കുള്ളതാ.. നമ്മള് രണ്ടും ആ ഗണത്തിൽ പെടൂല്ലല്ലോ... അപ്പോ നമ്മള് പതുക്കെ ചെന്നാൽ മതി..." ഞാൻ വീണ്ടും അവളുടെ കഴുത്തിൽ ചുംബിച്ചു കയറി..

"..വേണ്ട ദേവേട്ടാ... ഡ്രസ്സൊക്കെ അഴുക്കാവും..." എന്റെ മുഖം കഴുത്തിലേയ്ക്ക് അമർത്തിക്കൊണ്ട് അവൾ പുലമ്പി.. ഈ സമയം എന്റെ കൈ സാരിക്കിടയിലൂടെ അവളുടെ അണിവയറിൽ പുളകങ്ങൾ വിരിയിക്കുകയായിരുന്നു... എന്റെ കുട്ടൻ അവളുടെ വീണക്കുടങ്ങൾക്ക് അടിയിൽ ഞെരിഞ്ഞമർന്നു വേദനിച്ചു തുടങ്ങി.

"... മതി ദേവേട്ടാ... അവരൊക്കെ നമ്മളെ തിരക്കും.. പോവാന്നേ..." അത് പറയുമ്പോഴും ആദിയുടെ വിരലുകൾ എന്റെ മുടിയിഴകളിൽ തലോടി എന്നെ പ്രോത്സാഹിപ്പിക്കുകയായിരുന്നു.

"...എങ്ങോട്ട് പോവാന്ന്... ദേ കാലത്തേ തന്നെ നിന്റെ ഈ നെയ്യലുവാ പോലത്തെ വയറാ നീ എന്നെ കണി കാണിച്ചത്.. അന്നേരം മുതല് താഴെ ഒരുത്തൻ കിടന്ന് കയറു പൊട്ടിക്കുന്നതാ... ഇനി എന്ത് പറഞ്ഞാലും അവനെ താത്തിയിട്ട് നീ പോയാ മതി..."

"...അയ്യോ വേണ്ടാന്നേ... ദേ എട്ടു മണിയായി ദേവട്ടാ.. അവനെ ഉറക്കാൻ നിന്നാ സമയം പോവൂട്ടോ..."

"...അല്ലാതെ നിന്നെ ഞാൻ വിടില്ലെടീ കാന്താരീ..."

"...ശ്ശോ ഈ ദേവേട്ടൻ...!!!" അവളെന്റെ മടിയിൽ നിന്നും ഇറങ്ങി അടുത്തിരുന്ന് എന്റെ മുണ്ട് വകഞ്ഞു മാറ്റി ബോക്സറിനുള്ളിൽ നിന്നും കുട്ടനെ പുറത്തെടുത്തു... ശുദ്ധവായു കിട്ടിയതിന്റെ ആഘോഷത്തിൽ ഉയർന്നു ചാടിയ അവനെ അവൾ വായിലാക്കാൻ കുനിഞ്ഞതും ഞാൻ അവളുടെ മുഖം പിടിച്ചുയർത്തി ആ പവിഴചുണ്ടുകൾ വീണ്ടും ചുംബിച്ചെടുത്തു.

"...ഈ വായല്ല താഴത്തെ വായകൊണ്ട് അവനെ ഊമ്പിയാ മതി..."

"..ദേവട്ടാ കളിക്കല്ലേ... സമയമില്ലാന്നേ... ഞാൻ വേഗം അവനെ വായിലെടുത്ത് വരുത്തിത്തരാം..."

"...ദേ പെണ്ണേ.. സുഖിക്കുന്നെങ്കിൽ നമ്മൾ ഒരുമിച്ച്... ഇല്ലേ അവനങ്ങനെ തന്നെ നിന്നോട്ടേ..."

"...എന്റെ പൊന്നല്ലേ... ഞാൻ വേഗം ചെയ്ത് തരാം... ഇല്ലേ എന്റെ സാരീം ദേവേട്ടന്റെ മുണ്ടും ഒക്കെ ഒടഞ്ഞു പോവും..." അവളുടെ തളിർവിരലുകളിൽ പൂർവ്വാധികം ശക്തിയോടെ വെട്ടിവിറച്ചു നിൽക്കുന്ന കുട്ടനെ പതുക്കെ ഉഴിഞ്ഞുകൊണ്ട് അവൾ കെഞ്ചി..

"...സാരീം മുണ്ടും ഒക്കെ നമക്ക് അഴിച്ചു കളയാം... പിന്നെ ഞാൻ തന്നെ നിനക്ക് ഉടുപ്പിച്ചു തന്നാൽ പോരെ..." അതും പറഞ്ഞ് ഞാനവളുടെ തോളിൽ ബ്ലൌസ്ചേർത്ത് സാരി കുത്തിയിരുന്ന പിന്നഴിച്ച് മാറിൽ നിന്നും സാരി മാറ്റി... കരിംപച്ചക്കളർ ബ്ലൌസിന് പുറത്തെയ്ക്ക് തള്ളി നിന്നിരുന്ന മാംസളതയിൽ നക്കിത്തുവർത്തി...

സമയം പോകുന്നു എന്ന ബോധത്തിൽ എന്റെ മുഖം ബലമായി പിടിച്ചു മാറ്റിയിട്ട് ആദി എഴുന്നേറ്റ് സാരി അഴിച്ച് മാറ്റി വച്ചു.. ഞാനെന്റെ മുണ്ടും അഴിച്ചു മാറ്റി ബോക്സർ മുട്ട് വരെ താത്തി വച്ച് അവളുടെ വയറിൽ മുഖമർത്തി.. എന്റെ നാവ് പൊക്കിളിൽ ചൂഴ്ന്നു കയറുന്ന സുഖത്തിൽ ഒരു നിമിഷം ലയിച്ച് നിന്നിട്ട് ആദി വേഗം എന്റെ അടുത്തിരുന്ന് എന്റെ കുട്ടനെ വായിലാക്കി.. അവളുടെ നാവ് എന്റെ അരക്കെട്ടിൽ വൈദ്യുതി പായിച്ചു.. വദനസുരതത്തിന്റെ മാസ്മരികതയിൽ ഞാൻ അരക്കെട്ടുയർത്തി പോയി.. തൊലി പുറകോട്ട് ഉരിഞ്ഞ് അവന്റെ ഒറ്റക്കണ്ണിൽ നിന്നും ഒലിച്ചിറങ്ങിയ പ്രീകം മുഴുവൻ നക്കിയെടുത്ത് ആദി അവനെ തുപ്പലിൽ കുളിപ്പിച്ച് നിർത്തി..

പിന്നെ പച്ചക്കളർ പാവാട അരവരെ പൊക്കി പാന്റി ഒരു വശത്തേയ്ക്ക് വകഞ്ഞു വച്ചിട്ട് എന്റെ വായ്ക്കടുത്ത് വലത്തെ കൈ കുംബിളാക്കി കാണിച്ച് തുപ്പാൻ പറഞ്ഞു.. ഞാൻ നല്ലോണം ഒന്ന് തുപ്പി.. ആ തുപ്പൽ അവൾ പൂറിൽ തേച്ചു പിടിപ്പിച്ച് വിരലിട്ട് മയപ്പെടുത്തിയിട്ട് പതുക്കെ എന്റെ കുട്ടനെ അവളുടെ കീറലിൽ ഒന്നുരച്ച് അവനിലേയ്ക്ക് അമരാൻ തുടങ്ങിയതും... വാതിലിൽ മുട്ട് കേട്ടതും ഒരുമിച്ചായിരുന്നു.

"...ദേവട്ടാ... ഇതെന്തെടുക്കുവാ അമ്പലത്തിൽ പോണ്ടേ..??" മാളുവാണ്.. അവൾക്ക് മറുപടി പറയാനായി ആദി വായതുറക്കാൻ പോയതും ഞാനവളുടെ വായ പൊത്തി.. ആ മണുക്കൂസിനു ബോധമില്ലാതെ വല്ലോം വിളിച്ചു പറഞ്ഞാൽ ആകെ നാറും.

".. ഞാൻ ദേ വരുന്നു മോളെ... നീ പൊക്കോ ഞാൻ കുളിക്കാൻ പോണേ ഉള്ളൂ..."

"... ഇതെന്താ ഇത്രേം വൈകിയേ...??"

"... എഴുന്നേൽക്കാൻ വൈകി മോളൂ... ഞാൻ വേഗം റെഡിയായി വന്നേക്കാം..."

"...ദേ എല്ലാരും അമ്പലത്തിൽ പോയി... ഞാൻ ഏട്ടനെ കാണാണ്ട് അന്വേഷിച്ചു വന്നതാ വേഗം വരൂട്ടോ...??"

"...ങ്ങ് ഹാ വേഗം വന്നേക്കാം... മോള് പൊക്കോ..."

"...ആ ശരി ഏട്ടാ.." അവള് പോയി എന്ന് കണ്ടപ്പോൾ ഞാനൊരു ദീർഘ നിശ്വാസം വിട്ട് ആദിയെ കണ്ണുരുട്ടി പേടിപ്പിച്ചു.

"...പിന്നെ ഏട്ടാ ആദിചേച്ചിയെ കണ്ടാരുന്നോ..." പിന്നെയും മാളുവിന്റെ ശബ്ദം.

"...ഇല്ല മോളെ... അവള് അമ്പലത്തിൽ പോയിക്കാണും.."

"...ങ്ഹ് ഹാ... ശരി.. ഞാൻ പോവാ...വേഗം വാട്ടോ... അവിടെ ചടങ്ങ് തുടങ്ങാറായി..."

"...ആ വേഗം വന്നേക്കാം..." ആദി ശബ്ദമില്ലാതെ ചിരിച്ചു.. പിന്നെ അങ്ങനെതന്നെവേണം എന്നാ അർദ്ധത്തിൽ എന്റെ നേരെ ചൂണ്ടു വിരലാട്ടി ചിരിച്ചു... ഞാൻ ജനലിന്റെ അടുത്ത് പോയി നോക്കി... മാളു പുറകുവശത്തെ ഗെയിറ്റ് കടന്ന് പാടം വഴി അമ്പലത്തിലേയ്ക്ക് പോകുന്ന കണ്ടു..

"...ഹോ... അവള് പോയി.. ഇങ്ങോട്ട് വാടീ പെണ്ണേ..." ആദിയെ കെട്ടിപ്പിടിച്ച് ഞാൻ കൌച്ചിലേയ്ക്ക് മറിഞ്ഞു.

"...ഞാൻ പറഞ്ഞതല്ലേ നേരം വൈകി അവരൊക്കെ നമ്മളെ അന്വേഷിക്കൂന്ന്... ഇപ്പൊ എന്തായി..."

"...എന്താവാൻ.. ഇനി ഇപ്പൊ ആരും അന്വേഷിച്ചു വരില്ലലോ... സമാധാനമായിട്ട് നമക്ക് സ്നേഹിക്കാടീ..."

"...ന്നാ വേഗം... ഇനി ആരേലും അന്വേഷിച്ചു വന്നേനു മുമ്പ് അങ്ങ് ചെല്ലണം.."

അവൾ പാവാട പൊക്കി പാന്റി ഊരി മാറ്റിയിട്ട് എന്റെ കുട്ടനിലേയ്ക്ക് അമർന്നു.. അവൻ കയറി ഒന്ന് സെറ്റാവാൻ കുറച്ചുനേരം കണ്ണടച്ച് അവനെ അകത്ത് വച്ചിരുന്നിട്ട് അവൾ പതുക്കെ അടിക്കാൻ തുടങ്ങി... ഈ സമയം ഞാൻ അവളുടെ ബ്ലൌസിന്റെ ഹുക്കുകളെടുത്ത് വിടർത്തി വച്ച ശേഷം

പുറകിലേയ്ക്ക് കൈയിട്ട് ബ്രായും അഴിച്ച് മുലകൾക്ക് മുകളിൽ പൊക്കി വച്ചു.. അവളെന്റെ മുഖം പിടിച്ച് മാറിലമർത്തി... അവളുടെ ഓരോ അടിക്കും തുള്ളിക്കളിക്കുന്ന ആ മുലക്കുടങ്ങളെ ഞാൻ മാറി മാറി ചപ്പിക്കുടിച്ചു... ഞെരിച്ചുടച്ചു... ആ നാളികേരപ്പാതികളിൽ എന്റെ വിരൽപ്പാടുകൾ തിണർത്തു കിടന്നു..

അവളെന്റെ ഷർട്ടിന്റെ ബട്ടണുകൾ അഴിച്ച് വിടർത്തി മാറിലെ രോമങ്ങളിൽ മുഖമിട്ടുരച്ചു... കല്ലിച്ചു നിന്ന എന്റെ നെഞ്ചിലെ ഞെട്ടുകളിൽ ഉമ്മവച്ചു... പിന്നെ എന്റെ തോളുകളിൽ പിടിച്ച് അരക്കെട്ടുയർത്തി പൊതിച്ചുകൊണ്ടിരുന്നു.. ഞാൻ അവളുടെ കഴുത്തിന്റെ പുറകിൽ പിടിച്ച് മുഖം അടുപ്പിച്ച് അധരങ്ങൾ നുകർന്നു.. ചുംബനം വിട്ടിട്ടും മൂക്കുകൾ മുട്ടിച്ച് പരസ്പ്പരം കണ്ണുകളിൽ നോക്കി ഞങ്ങൾ സുഖത്തിന്റെ പടവുകൾ കയറി.

മനോഹരിയായ പെണ്ണിന്റെ മഷി പടർന്ന നീൾമിഴികൾ ക്ലോസപ്പിൽ കണ്ടുകൊണ്ട് അവളെ ഭോഗിക്കുന്നതിന്റെ സുഖം ...ഹോ അതനുഭവിച്ചുതന്നെ അറിയണം... ആദിയെ പിരിഞ്ഞു കഴിഞ്ഞ ഈ വർഷങ്ങത്രയും അവളെക്കുറിച്ച് മനസ്സിലേയ്ക്ക് ഓടിയെത്തുന്ന ആദ്യത്തെ ഓർമ്മ ആ പീലിക്കറുപ്പായിരുന്നു..

"...ദേവട്ടാ എനിക്ക് വരാൻ പോവാ... ഹാഹ്ഹാ..സ്..." അവൾക്കൊപ്പം വരുത്താനായി ഞാൻ അവളുടെ നിതംബഗോളങ്ങളിൽ താങ്ങി ഉയർത്തി അടിയിൽ നിന്നും അടിച്ചു കൊടുത്തു... ശ്വാസവേഗം ഭോഗതാളത്തിനു ഇലത്താളം വായിച്ചു... ഒപ്പം രതിമൂർച്ച വരുത്താൻ മനസ്സുകൊണ്ട് തീരുമാനിച്ചിരുന്നതിനാലാവാം അവളുടെ കാമഞരമ്പുകൾ പൊട്ടിയ പുറകേ എനിക്കും വന്നു.. എന്റെ കുട്ടൻ അവൾക്കുള്ളിലെ തീ അണയ്ക്കുമ്പോൾ സുഖം സഹിക്ക വയ്യാതെ ആദി മുള്ളിപ്പോയി.

"...അയ്യേ... നീ എന്നെ മുള്ളിത്തോൽപ്പിക്കാൻ നോക്കുവാണോഡീ പെണ്ണേ.."

"...പോ ദേവേട്ടാ..."

"..എന്നാലും എന്റെ കഴപ്പിപ്പാറൂ... ഞാൻ ഈ സകിർട്ടിംഗ് ഒക്കെ ചില കുത്ത് വീഡിയോകളിലോക്കെയേ കണ്ടിട്ടുണ്ടാരുന്നുള്ളൂ... ഇപ്പൊ ലൈവായി കാണാൻ പറ്റി..."

"...ദേ എനിക്ക് ദേഷ്യം വരൂട്ടോ..." അവളെന്റെ നെഞ്ചിൽ പതുക്കെ കൈചുരുട്ടി ഇടിച്ചു..

ഞാൻ അവളുടെ കുസൃതി വിരിഞ്ഞ കണ്ണുകളിൽ മുത്തി ആ പീലിക്കണ്ണിലെ അഞ്ജനക്കുറുപ്പ് പടർത്തി... അവളെന്റെ നെറ്റിയിൽ അരുമയായി ചുംബിച്ച് പതുക്കെ എഴുന്നേറ്റു.. നിലത്തു കിടന്ന പാന്റി എടുത്ത് അവളിടാൻ തുടങ്ങിയപ്പോൾ ഞാൻ അവളുടെ പുറകിൽ ചേർന്ന് നിന്ന് പാവാടയും, ബ്ലൌസും, ബ്രായും ഊരി മാറ്റി..

"...ഇനിയെന്താ... നമുക്ക് പോവാം ദേവട്ടാ...." ഞാൻ അവളുടെ കണ്ണുകളിൽ നോക്കി പുഞ്ചിരിച്ചു... പിന്നെ എന്റെ ഷർട്ടും അഴിച്ചുമാറ്റി അവളെ വാരിയെടുത്ത് ബാത്രൂമിലേയ്ക്ക് കൊണ്ട് പോയി..

"...ഇങ്ങനെ ഈ നെഞ്ചിൽ ചേർന്ന് നിൽക്കുമ്പോൾ ഞാനനുഭവിക്കുന്ന ആനന്ദം എത്രത്തോളമാണെന്ന് ദേവേട്ടന് അറിയോ..." പരസ്പ്പരം കുളിപ്പിച്ച് തോർത്തിയിട്ടു ബാത്രൂമിലെ നിലക്കണ്ണാടിയിൽ നോക്കി അവളുടെ പുറകിൽ ചേർന്ന് നിന്ന് കണ്ണെഴുതിക്കൊടുക്കുമ്പോൾ കൈകൾ പൊക്കി എന്റെ കഴുത്തിൽ പിടിച്ചുകൊണ്ട് ആദി പറഞ്ഞു.. ഞാൻ അവളെ തിരിച്ചു നിർത്തി കുളിക്കുമ്പോൾ നനയാതിരിക്കാൻ മുകളിയ്ക്ക് കെട്ടിവച്ചിരുന്ന കൂന്തൽ അഴിക്കുമ്പോൾ അവൾ എന്റെ പാദങ്ങളിൽ ചവിട്ടിക്കയറി എന്റെ കഴുത്തിൽ ചുറ്റിപ്പിടിച്ചു.. ഞാൻ അവളുടെ ഇടുപ്പിൽ പിടിച്ചുകൊണ്ട് അവളുടെ ഭാരംകൂടി എന്റെ കാലുകളിൽ താങ്ങി കൊച്ചുകുട്ടികളെ നടക്കാൻ പഠിപ്പിക്കുന്നപോലെ മുന്നോട്ട് നടന്ന് മുറിയിലെത്തി അവളെ ആദ്യം ഡ്രസ്സ് ചെയ്യിച്ചു..

"...ഇങ്ങനെ നമുക്ക് എന്നും ജീവിക്കാൻ സാധിക്കില്ലേ ദേവട്ടാ..." എന്റെ ഷർട്ടിന്റെ ബട്ടണുകൾ ഇട്ടുതരുന്നതിനിടയിൽ അവൾ വീണ്ടും ചോദിച്ചു..

"...ആദീ... പരസ്പ്പരം സ്നേഹിച്ചു പിരിഞ്ഞ ഏതൊരു കാമുകനും കാമുകിയും ആഗ്രഹിക്കും എല്ലാം മറന്ന് ഒരിക്കൽ മാത്രമെങ്കിലും ഒന്നാവാൻ കഴിഞ്ഞെങ്കിലെന്ന്... ആ കാര്യത്തിൽ നമ്മള് ഭാഗ്യം ചെയ്തവരല്ലേ... നിന്നോടൊപ്പമുള്ള ഈ നിമിഷങ്ങളത്രയും ഞാൻ ആസ്വദിക്കുവാ..."

"...ഞാനും... ഒരിക്കലും ഇതൊക്കെ തിരിച്ചു കിട്ടുമെന്ന് ഞാനും കരുതിയതല്ല..."

"...ഇപ്പോഴും നിന്നോട് ക്ഷമിക്കാൻ കഴിഞ്ഞിട്ടുണ്ട് എന്നെനിക്കറിയില്ല... പക്ഷേ ഈ നിമിഷം അതൊന്നും എന്റെ മനസ്സിലില്ല... നീ ഇനി പഴയതൊന്നും എന്നെ ഓർമ്മിപ്പിക്കാതിരുന്നാ മതി..."

"...ഇല്ല..." അവളെന്റെ കവിളിൽ ചുംബിച്ചു..

ഒരുപാട് നാളുകൾക്ക് ശേഷം പിരിമുറുക്കങ്ങളില്ലാതെ കൈകൾ കോർത്ത് പിടിച്ചു ഞങ്ങൾ അമ്പലത്തിലേയ്ക്ക് നടന്നു..

ആൽത്തറയ്ക്ക് അടുത്തെത്തിയപ്പോൾ കൈകൾ വിട്ട് ഞങ്ങൾ അകന്നു നടന്നു... അതിനിടയ്ക്ക് വിശേഷങ്ങൾ അറിയാനായി അച്ഛൻ എന്റെ ഫോണിലേയ്ക്ക് വിളിച്ചതുകൊണ്ട് ആദിയോട് അകത്തേയ്ക്ക് പൊക്കോളാൻ പറഞ്ഞിട്ട് ഞാൻ ഫോണെടുത്ത് സംസാരിച്ചു.. അച്ഛനും ചെറിയച്ഛനും എസ്റ്റേറ്റിൽ നിന്നും വന്നിട്ടുണ്ടായിരുന്നില്ല.. അവർ ഗസ്റ്റുകൾക്കൊപ്പം ഉച്ച കഴിഞ്ഞേ വരൂ..

ഫോൺവിളി കഴിഞ്ഞ് ഞാൻ നടകൾ കയറി വലിയ നടപ്പന്തലിലേയ്ക്ക് ചെല്ലുമ്പോൾ അമ്പലത്തിൽ നേദ്യം നടക്കുന്നതിനാൽ എല്ലാവരും ചുറ്റമ്പലത്തിന് പുറത്ത് നിൽക്കുന്നുണ്ടായിരുന്നു...

കല്യാണത്തിനു മുൻപ് മണവാട്ടികൾ ദേവിയെ വന്ദിക്കുന്ന ഒരു ചടങ്ങാണ് കന്യാവന്ദനം.. അതിന് പെൺകുട്ടികളും അവരുടെ ബന്ധുക്കളും മാത്രമേ പങ്കെടുക്കാറുള്ളൂ... അതുകൊണ്ട് മണവാളന്മാരും അവരുടെ ബന്ധുക്കളും വന്നിരുന്നില്ല.. ഏതാണ്ട് ഇരുന്നൂറ്റിഅൻപതിൽ കുറയാത്ത എണ്ണം ആളുകളുണ്ടെന്ന് എനിക്ക് തോന്നി.. ഇരുവശത്തുമായി നിൽക്കുന്ന ആളുകൾ... അവർക്ക് നടുവിൽ തോഴിമാരായ മറ്റു പെൺകുട്ടികൾക്കൊപ്പം മണവാട്ടിമാർ അഞ്ചു പേരും നിൽക്കുന്നു.. പുറം തിരിഞ്ഞാണ് അവർ നിൽക്കുന്നതെങ്കിലും നടുക്ക് നിൽക്കുന്നത് മുത്താണെന്ന് എനിക്ക് ഒറ്റ നോട്ടത്തിൽ മനസ്സിലായി.. അഞ്ച് പേരും ഒരേ പോലുള്ള സെറ്റ് സാരികളാണ് ഉടുത്തിരുന്നത്..

"...ദേ.. ദേവേട്ടൻ വന്നു..." സച്ചി വിളിച്ച് പറഞ്ഞപ്പോൾ എല്ലാവരുടെയും കണ്ണുകൾ എന്റെ നേർക്കായി... മണവാട്ടികളടക്കം ഒരുപാട് സുന്ദരികൾ എന്നെ നോക്കുമ്പോഴും പക്ഷേ എന്റെ കണ്ണുകൾ പതിഞ്ഞത് മേഘപാളികൾക്കിടയിൽ നിലാവുദിച്ചപോലെ നിന്നിരുന്ന ഒരു ദേവതയിലാണ്... എന്റെ നോട്ടം കണ്ടിട്ടാവണം അവൾ മുന്നോട്ട് നോക്കി എതിരെ നിന്ന പെണ്ണിനോട് എന്തോ പറഞ്ഞു.. അപ്പോൾ എന്റെ കണ്ണുകളിലേയ്ക്ക് കൂടുതൽ അമൃതം പകർന്നുകൊണ്ട് അത്രയും നേരം ആ സുന്ദരിയെ മറഞ്ഞ് നിന്നിരുന്ന അവളുടെ തന്നെ പ്രതിരൂപംപോലെ മറ്റൊരു ദേവത എന്റെ മുൻപിൽ പ്രത്യക്ഷപ്പെട്ടു.

ആ നിമിഷം ഞാനേതോ മായാലോകത്ത് എത്തിയപോലെ തോന്നി.

"...ദേവീ പെണ്ണുങ്ങളിൽ ഇത്രയും സുന്ദരികൾ ഉണ്ടാവുവോ.??"

എന്റെ നോട്ടം കണ്ട് ആ അപ്സരസുന്ദരികളിൽ ഞാൻ ആദ്യം കണ്ടവളുടെ മുഖത്ത് നാണവും മറ്റവളുടെ മുഖത്ത് അത്ഭുതവും നിറയുന്നത് ഞാൻ കണ്ടു... നേദ്യം കഴിഞ്ഞതിന്റെ അറിയിപ്പായി മണിയൊച്ച കേട്ടപ്പോളാണ് ഞാൻ ഭൂമിയിൽ തിരിച്ചെത്തിയത്... ആ സുന്ദരികളിൽ നിന്നും കണ്ണ് പിൻവലിച്ചുകൊണ്ട് ഞാൻ മുത്തിന്റെ അടുത്തേയ്ക്ക് ചെന്നു.

"...ഇപ്പോഴാണോ വരുന്നത്..." മുത്തെന്റെ ചെവിയിൽ പതുക്കെ ചോദിച്ചുകൊണ്ട് എന്റെ കൈത്തണ്ടയിൽ പിച്ചി.

"..ങ്ഹാ... ഏട്ടാ ഇതാണ് അനുപമ.." പിച്ചുകൊണ്ട ഭാഗം തടവിക്കൊണ്ട് നിന്ന എന്നെ അവൾ ആ സുന്ദരികളിൽ ആദ്യത്തവളെ പരിചയപ്പെടുത്തി.

ദേവമേ ഇതാണോ അജു കെട്ടാൻ പോണ പെണ്ണ്... ആ നാറിയുടെ ഭാഗ്യം... ഞാൻ മനസ്സിൽ പറഞ്ഞു... അപ്പോൾ മാത്രമാണ് അവളും മണവാട്ടി വേഷത്തിലാണ് നിൽക്കുന്നത് എന്ന് ഞാൻ ശ്രദ്ധിച്ചത്.. മുന്പ് ആജുവിന്റെ നിശ്ചയത്തിനെടുത്ത ഫോട്ടോയിൽ ഞാൻ അനുപമയെ കണ്ടിട്ടുണ്ടെങ്കിലും എന്റെ കുടുംബക്കാരെല്ലാം കൂടി നിൽക്കുന്ന ഫോട്ടോ വൈഡ് ആങ്കിളിൽ എടുത്തിരുന്നതായിരുന്നകൊണ്ട് അന്ന് അവൾക്കിത്രയും സൌന്ദര്യം തോന്നിച്ചില്ല.. ഞാനവൾക്ക് ഒരു പുഞ്ചിരി സമ്മാനിച്ചു..

"...ഇത് അനുവിന്റെ അനിയത്തി അഞ്ജന..." അനുപമയുടെ അടുത്ത് നിന്ന മറ്റേ സുന്ദരിയെ ചൂണ്ടി മുത്ത് പറഞ്ഞു.. അതെനിക്ക് തോന്നിയിരുന്നു കാരണം അവർ തമ്മിൽ കാഴ്ച്ചയിൽ സമാനതകൾ ഉണ്ടായിരുന്നു.

"...ഹായ്... ദേവേട്ടനെ ഫോട്ടോയിൽ ഞാൻ കണ്ടിട്ടുണ്ട്..." അഞ്ജന എനിക്ക് നേരെ കൈനീട്ടി... ഞാനാ മൃദുലമായ കൈകൾ തൊടാൻ കിട്ടിയ ചാൻസ് മിസ് ചെയ്യാതെ ഹസ്തദാനം ചെയ്തു.

"...നിങ്ങൾ എപ്പഴാ എത്തിയത്...??" അഞ്ജനയുടെ കൈയിൽ നിന്നും വിടാതെതന്നെ ഞാൻ ചോദിച്ചു.

"...ഇന്നലെ വൈകുന്നേരം... ഞങ്ങള് വന്നപ്പം ദേവേട്ടൻ പുറത്ത് പോയിരിക്കുകയായിരുന്നു... വരുമ്പോ കാണാമെന്നു കരുതി ഞങ്ങൾ കാത്തിരുന്നതാ.. പിന്നെ നിങ്ങൾ വന്നപ്പോ ഒരുപാട് വൈകിയില്ലേ..??" ഞാനവളുടെ കൈയിൽ പിടിച്ചിരിക്കുന്നത് ഒരു പ്രശ്നമേ അല്ലാത്ത രീതിയിൽ അവൾ സംസാരിച്ചു.

"...ദേവേട്ടാ ഞാനും ഉണ്ട്ട്ടോ..." പുറകിൽ നിന്നും വാവ എന്നെ തോണ്ടിയപ്പോളാണ് ഞാൻ അഞ്ജനയുടെ കൈവിട്ടത്... ഈ സമയമെല്ലാം അനുപമ എന്റെ സംസാരം ശ്രദ്ധിക്കുന്നുണ്ടായിരുന്നു എങ്കിലും അവളൊന്നും സംസാരിച്ചില്ല.. ഇടയ്ക്ക് അവളെ നോക്കിയപ്പോളൊക്കെ ഞങ്ങളുടെ കണ്ണുകൾ തമ്മിലിടഞ്ഞു..

"...നീ വന്ന കാര്യമൊക്കെ ഞാനറിഞ്ഞാരുന്നടീ കാന്താരീ.. മാധവേട്ടനോക്കെ നാളെയേ വരൂ അല്ലേ..." ഞാൻ വാവയെ ഒരു വശത്ത് നിന്നും ഒന്ന് ചുറ്റിപ്പിടിച്ചു കുലുക്കികൊണ്ട് പറഞ്ഞു..

"...ഉം.. കുഞ്ഞേച്ചിക്ക് യാത്രചെയ്യാൻ ബുദ്ധിമുട്ടുള്ളകൊണ്ടാ... ഇവിടെ വന്നാലും ചേച്ചിക്ക് ഒന്നിലും കൂടാൻ പറ്റില്ലല്ലോ... അതോണ്ടാ അവര് നാളെ വരാന്നു വച്ചത്.."

"...സാരമില്ല വാവേ...നീ വന്നല്ലോ... അവർക്ക് കൂടിയുള്ള ഫുഡ് നീ കഴിച്ചാ മതി..."

"...അയ്യോ..." അവളുടെ മുഖഭാവം കണ്ട് ഞങ്ങളെല്ലാവരും ചിരിച്ചു.

അങ്ങനെ സംസാരിച്ചു നിൽക്കുമ്പോൾ ചടങ്ങ് തുടങ്ങാനായി അകത്തേയ്ക്ക് വിളിച്ചു.. മണവാട്ടികളും അത്യാവശ്യം ബന്ധുക്കളും മാത്രം അമ്പലത്തിന്റെ അകത്തേയ്ക്ക് കയറി... ഒപ്പം ഞാനും... പെണ്ണുങ്ങൾക്ക് പ്രാധാന്യമുള്ള ചടങ്ങുകളായതിനാൽ ഞാനുൾപ്പടെ വിരളിലെണ്ണാവുന്ന ഏണ്ണം ആണുങ്ങൾ മാത്രമേ അമ്പലത്തിനകത്തുണ്ടായിരുന്നുള്ളൂ... ഞാൻ മാലകെട്ടുന്ന വാരസ്യാരുടെ അടുത്ത് പോയിരുന്നു..

കന്യാവന്ദനവും ദേവീസ്തുതിപാടലും വലംവയ്ക്കലും ഒക്കെ മുറയ്ക്ക് നടക്കുന്നതിനിടയിൽ ഞാൻ അനുപമയേയും അഞ്ജനയേയും ശ്രദ്ധിക്കുകയായിരുന്നു.. രണ്ടുപേർക്കും അഞ്ചരയടിപൊക്കം കാണും... എന്നാൽ അഞ്ചനയെ അപേക്ഷിച്ച് അനുപമയ്ക്ക് അല്പം വണ്ണമുണ്ടായിരുന്നതിനാൽ അകന്നു നിൽക്കുമ്പോൾ അഞ്ചനയ്ക്ക് പൊക്കം കൂടുതൽ തോന്നിക്കും.. ഏതാണ്ട് ഒരേ മുഖച്ചായയാണ് എങ്കിലും സൂക്ഷിച്ചു നോക്കിയാൽ വ്യത്യാസങ്ങൾ ഉണ്ടായിരുന്നു.. രണ്ടു പേർക്കും വലിയ നീളൻ കണ്ണുകളും മഞ്ഞുതുള്ളി ഇറ്റുവീഴാൻ നിൽക്കുന്ന പോലുള്ള മൂക്കും ഒക്കെ ആണെങ്കിലും അധരങ്ങളിൽ വ്യത്യാസമുണ്ട്..

അനുപമയ്ക്ക് ഇരുചുണ്ടുകളും ഏതാണ്ട് ഒരേ വലിപ്പമുള്ളവയായിരുന്നെങ്കിൽ അഞ്ചനയുടെ മേൽചുണ്ടിന് കീഴ്ച്ചുണ്ടിനേക്കാൾ വീതി കുറവായിരുന്നു... അനുപമ സംസാരിക്കുമ്പോൾ പല്ലുകൾ ഒട്ടും കാണില്ലായിരുന്നു.. എന്നാൽ ചിരിക്കുമ്പോൾ മേൽ നിരയിലെ പല്ലുകൾ നിരന്നു കാണാം... അഞ്ജന സംസാരിക്കുമ്പോഴും മേൽ നിരപ്പല്ലുകൾ കാണാമായിരുന്നു... അഞ്ചനയെ അപേക്ഷിച് അനുപമയ്ക്ക് നല്ല കൊഴുത്ത ദേഹമായിരുന്നു... ഇടയ്ക്ക് എന്റെ മുൻപിലൂടെ അവൾ വലം വച്ചു പോയപ്പോൾ സാരിക്കിടയിലൂടെ ആ മുലകളുടെ വലിപ്പം ഞാൻ ശരിക്കും കണ്ടു.. അതുപോലെതന്നെ ചെമ്പുകുടം കമിഴ്ത്തിയത് പോലുള്ള വലിയ നിതംബവും..

അഞ്ചനയ്ക്ക് എല്ലാം പാകത്തിന് മാത്രമേ ഉണ്ടായിരുന്നുള്ളൂ... എന്നാൽ ശരീരവലിപ്പത്തിന് ഒട്ടും ചേരാത്ത വലിയ കുണ്ടികാളായിരുന്നു അവൾക്കും... നടക്കുമ്പോൾ അവ താളത്തിനു കുലുങ്ങുന്നത് നല്ല കാഴ്ച്ചയാണ്.. പക്ഷേ ഒട്ടും ദുർമേദസ്സില്ലാതെ വടിവൊത്ത ആകാരം..

എന്നാൽ ഇതിനേക്കാളൊക്കെ ഞാൻ ശ്രദ്ധിച്ചത് അവരുടെ മുഖഭാവമായിരുന്നു... ശരീരത്തിന്റെ വലിപ്പത്തിന് ചേരാത്ത ചെറിയ മുഖമായിരുന്നു അനുപമയ്ക്ക്.. അതുപോലെ ചിരിക്കുമ്പോൾ വശങ്ങളിൽ അൽപ്പം മുകളിലേയ്ക്ക് വളഞ്ഞുള്ള കടവായും ഒക്കെ അവൾക്ക് ഒരു കൊച്ചുകുഞ്ഞിന്റെ ലാളിത്യം സമ്മാനിച്ചിരുന്നു എങ്കിൽ പ്രായത്തിന്റെ പക്വത തോന്നുന്ന മുഖമായിരുന്നു അഞ്ജനയ്ക്ക്.. പക്ഷേ ചിരിക്കുമ്പോൾ അവൾക്കാണ് കൂടുതൽ സൗന്ദര്യമെന്നു തോന്നി.. അതോ അനുപമ അജുവിന്റെ പെണ്ണാണ് എന്ന തിരിച്ചറിവുകൊണ്ട് അഞ്ജനയെ കൂടുതൽ ശ്രദ്ധിച്ചതിനാൽ എനിക്ക് തോന്നിയതാണോ..

ഞാനിങ്ങനെ ആ രണ്ടു സുന്ദരികളെയും അങ്കോപാങ്കം ഊറ്റിക്കുടിച്ചുകൊണ്ട് ഇരിക്കുമ്പോൾ പഞ്ചമി മിഥുൻകുട്ടനേയും എടുത്തുകൊണ്ട് എന്റെ അടുത്ത് വന്നു... ഞാൻ അവളുടെ കൈയിൽ നിന്നും കുഞ്ഞിനെ വാങ്ങി മടിയിൽ ഇരുത്തി..

"..ദേവാ... അജുവിന്റെ പെണ്ണ് സുന്ദരിയാ അല്ലേ.."

"...ഉം ..അവളുടെ അനിയത്തിയും കൊള്ളാം..."

"...ഉം.. ഉം... നീ അവളെ നോക്കി വെള്ളമിറക്കുന്നത് ഞാൻ കണ്ടു... നല്ല കുട്ടിയാ നിനക്ക് ചേരും.. നമുക്ക് ആലോചിച്ചാലോ..."

"....ഞാനിത് നിന്നോട് അങ്ങോട്ട് പറയാൻ വരുവാരുന്നു... നീ മുത്തിനോട് സംസാരിക്ക്..."

"...എടാ മണ്ടാ... ഞങ്ങളിത് ഇന്നലെയേ സംസാരിച്ചു... അവളിന്ന് നിനക്ക് അവരെ പരിചയപ്പെടുത്തിയത് പോലും ആ ഉദ്ദേശം വച്ചാ... പിന്നെ അഞ്ജനയുടെ സംസാരം കേട്ടിട്ട് നിന്നോടും താൽപ്പര്യം ഉള്ളപോലെയാ എനിക്ക് തോന്നിയത്..." അവളുടെ വാക്കുകൾ എന്റെ ഉള്ളിൽ തേന്മഴ പെയ്യിച്ചു..

"...എന്താ രണ്ടും കൂടി ഒരു ഗൂഡാലോചന..." ഞാനും പഞ്ചമിയും സംസാരിക്കുന്നത് ശ്രദ്ധിച്ചുകൊണ്ട് ആദി അടുത്തേയ്ക്ക് വന്നു.

"...ഹേയ് ഒന്നുമില്ലാടീ.." അതും പറഞ്ഞ് പഞ്ചമി മാണിക്യന്റെ അടുത്തേയ്ക്ക് പോയി.

"..എന്താ ദേവേട്ടാ നിങ്ങള് സംസാരിച്ചോണ്ടിരുന്നേ..."

"...അതോ... നിനക്ക് ഒരു പുതിയ ശത്രു ഉണ്ടായ കാര്യം പറഞ്ഞതാ..."

"..ങ്ങ്ഹേ... അതാരാ...??"

"...അഞ്ജന...!! അനുപമയുടെ അനിയത്തി..."

"...ഒന്ന് പോ ദേവേട്ടാ... ഞാൻ അവളെ കുഞ്ഞുനാളിലേ അറിയുന്നതല്ലേ... അവളൊരു പാവാ... എനിക്കെന്റെ സ്വന്തം അനിയത്തിയെപ്പോലാ അവള്... പിന്നെങ്ങനാ അവളെന്റെ ശത്രു ആവുന്നേ...??"

"...എനിക്ക് വേണ്ടി അവളെ കല്യാണം ആലോചിച്ചാലോ...??"

"...കൊല്ലും ഞാൻ രണ്ടിനേം..." കണ്ണുരുട്ടി അവളെന്റെ കഴുത്തിൽ വേണ്ടനിപ്പിക്കാതെ കുത്തിപ്പിടിച്ചു... ഞാൻ ശ്വാസം കിട്ടാത്തപോലെ അഭിനയിച്ചു.. അവളുടെ പ്രവർത്തി കണ്ട് എന്റെ മടിയിൽ ഇരുന്ന മിഥുൻകുട്ടൻ അവളുടെ കൈയിൽ അവന്റെ കുഞ്ഞിക്കൈകൊണ്ട് തല്ലി... എന്നോടുള്ള അവന്റെ സ്നേഹം കണ്ട് ഞങ്ങൾ രണ്ടും ചിരിച്ചു.. ഞാനും ആദിയും കുഞ്ഞിനേയും എടുത്ത് പുറത്തേയ്ക്ക് നടന്ന് ആൽത്തറയിൽ പോയിരുന്നു സംസാരിച്ചുകൊണ്ടിരുന്നു..

കുറച്ചു കഴിഞ്ഞ് ചടങ്ങുകൾ എല്ലാം തീർത്ത് എല്ലാവരും പുറത്തേയ്ക്ക് ഇറങ്ങി... മണവാട്ടിമാരെല്ലാവരും കൂടി ആൽത്തറയ്ക്കടുത്തെയ്ക്ക് വന്നു.. ഞങ്ങൾ സംസാരിച്ചിരുന്നു... ഓരോരുത്തരും മിഥുൻകുട്ടനെ മാറിമാറി എടുത്ത് കളിപ്പിച്ചു... കുറേ സുന്ദരികളുടെ നടുക്ക് നിൽക്കുന്ന എന്നെ നോക്കുന്ന അവിടെക്കൂടിയ മറ്റ് ആണുങ്ങളുടെ കണ്ണിൽ അസൂയ ഞാൻ കണ്ടു... അത് കണ്ടപ്പോൾ ചെറിയ ഒരഹങ്കാരം എനിക്ക് തോന്നാതിരുന്നില്ല...

പെട്ടന്നാണ് ഞാൻ മറ്റൊരു കാഴ്ച്ച കണ്ടത്... അമ്പലത്തിൽ നിന്നും വടിയും കുത്തിപ്പിടിച്ച് പുറത്തേയ്ക്ക് വന്ന പട്ടമ്മാൾ തലകറങ്ങി വീഴുന്നു.. ആരോരുമില്ലാത്ത പ്രായം ചെന്ന ഒരു അമ്മൂമ്മയാണ് പട്ടമ്മാൾ.. വർഷങ്ങൾക്ക് മുന്പ് എവിടന്നോ ഇവിടെ എത്തിപ്പെട്ടതാണ് അവർ... രാവിലെ അമ്പലക്കുളത്തിൽ കുളിച്ച് ശുദ്ധിയായി അവർ ശ്രീകോവിലിനു മുൻപിലെ കെട്ടിൽ ഇരുന്ന് ദേവീ സ്തുതികൾ പാടും...

നേദ്യം കഴിയുമ്പോൾ ബാക്കിവരുന്നത് തിരുമേനി അവർക്ക് കൊടുക്കും അതാണ് അവരുടെ പ്രാതൽ... ഉച്ചഭക്ഷണവും, അത്താഴവും ശ്രീമംഗലത്ത് നിന്നാണ്.. അത്താഴം കഴിഞ്ഞ് വീണ്ടും അമ്പലത്തിലെ നേദ്യപ്പുരയ്ക്ക് അടുത്ത് കിടന്നുറങ്ങും... എല്ലാ വിശേഷദിവസങ്ങളിലും ശ്രീമംഗലത്ത് നിന്നും അവർക്ക് സെറ്റ്മുണ്ടും നേര്യതും മറ്റ് വസ്ത്രങ്ങളും കൊടുക്കാറുണ്ട്... ഇന്നും അതിലൊന്നാണ് അവരുടെ വേഷം..

പട്ടമ്മാൾ കുഴഞ്ഞു വീഴുന്നത് കണ്ട് ഞാൻ ഓടിച്ചെന്ന് അവരെ എടുത്തു.... അവർ വിയർത്ത് കുളിച്ചിരുന്നു... ശരീരത്തിനു ഒട്ടും ചൂടില്ല.. വേഗം മുത്ത് ഓടിവന്നു.. അവരുടെ പൾസ് നോക്കി..

"...ഏട്ടാ... ബി.പി. ലോ ആയതാ വേഗം ഹോസ്പിറ്റലിൽ എത്തിക്കണം..."

"...മാണിക്യാ....!!!" എന്റെ ഉറക്കെയുള്ള വിളികേട്ട് അമ്പലമുറ്റം നിശബ്ദമായി.. മാണിക്യൻ ഓടിവന്നു..

"..മാണിക്യാ... പട്ടമ്മാളെ ആശുപത്രിയിൽ എത്തിക്കണം..." മാണിക്യൻ പുറത്തേയ്ക്ക് ഓടി.. അവന്റെ പുറകേ ഞാൻ പട്ടമ്മാളെ താങ്ങി എടുത്ത് പുറത്തേയ്ക്ക് ഓടുകയായിരുന്നു... ഓരോ നിമിഷവും വിലപ്പെട്ടതാണ്... ഞാൻ നടയിറങ്ങി ചെല്ലുമ്പോൾ മണവാട്ടിമാർ ആരോ വന്ന ഒരു ഇന്നോവയിൽ മാണിക്യൻ റെഡിയായി നിൽപ്പുണ്ടായിരുന്നു... അടുത്ത് നിന്ന ഒരാൾ ഡോർ തുറന്നു തന്നു... എന്റെ പുറകേ വന്ന പഞ്ചമി സീറ്റിലേയ്ക്ക് കയറി ഇരുന്നു.. ഞാൻ പട്ടമ്മാളെ അവളുടെ മടിയിലേയ്ക്ക് കിടത്തി ഞാനും ഒപ്പം കയറി... ഡോർ അടഞ്ഞതും മാണിക്യന്റെ കാൽ ആക്സിലറേറ്ററിൽ അമർന്നു.. ഇന്നോവ കുതിച്ചു പാഞ്ഞു...

കൃത്യസമയത്ത് ആശുപത്രിയിൽ എത്തിക്കാൻ കഴിഞ്ഞതിനാൽ പട്ടമ്മാളെ രക്ഷിക്കാൻ കഴിഞ്ഞു... പക്ഷേ അവർക്ക് ബോധം തെളിയുന്നത് വരെ ഞങ്ങൾക്ക് അവിടെ നിൽക്കേണ്ടി വന്നു... ഡ്രിപ്പ് തീർന്ന് അവരെ മാണിക്യന്റെ വീട്ടിൽ എത്തിക്കുമ്പോഴേക്കും ഉച്ചകഴിഞ്ഞിരുന്നു...

ഞാൻ വേഗം വീട്ടിലെത്തി ഡ്രസ്സ് മാറി കൺവെൻഷൻ സെന്ററിലേയ്ക്ക് പോയി... അവിടെ അജുവും സഞ്ജുവും ഉൾപ്പടെയുള്ള മണവാളന്മാരും അവരുടെ ബന്ധുക്കളും എത്തിയിട്ടുണ്ടായിരുന്നു... ഒപ്പം അച്ഛനും ചെറിയച്ഛനും പാർട്ട്നേഴ്സും എല്ലാവരും ഉണ്ട്... പിന്നീട് മൈലാഞ്ചി ഇടലും..., ഇടയ്ക്ക് വെള്ളമടിയും ഒക്കെയായി ഉത്സവമേളമായി... ആഘോഷങ്ങൾക്ക് കൊഴുപ്പ് പകരാൻ ഡി.ജെ പാർട്ടിയും ഒരുക്കിയിരുന്നു... ശ്രീമംഗലത്തെ കുട്ടികളേക്കാൾ എല്ലാവരും പ്രാധാന്യം നൽകിയത് മറ്റ് മൂന്ന് പെൺകുട്ടികൾക്കും അവരുടെയും ചെക്കന്മാരുടെയും വീട്ടുകാർക്കും ബന്ധുക്കൾക്കും ഒക്കെ ആയിരുന്നു...

ഒരിക്കലും സ്വപ്നം പോലും കാണാൻ പറ്റാത്ത തരത്തിൽ ആദംബരമായി അവരുടെ വിവാഹം ന്നടക്കുന്നതിന്റെ സന്തോഷം ആ പെൺകുട്ടികളുടെയും അവരുടെ വീട്ടുകാരുടെയും മുഖത്ത് ഉണ്ടായിരുന്നു... ഓരോ കപ്പിൾസിനും പ്രത്യേകം മണ്ഡപംപോലെ സെറ്റ് ചെയ്തിരുന്നു... അവിടെ ചെന്ന് അവരെ പരിചയപ്പെടലും.. സെൽഫി എടുക്കലുമായി ആളുകൾ മത്സരിക്കുന്നു...

ഇതിനിടയിൽ അഞ്ജനയുമായി അടുക്കാൻ ഞാൻ ശ്രമിച്ചുകൊണ്ടിരുന്നു... പക്ഷേ അവളെപ്പോഴും അനുപമയുടെ ഒപ്പമായിരുന്നു... ഞാൻ പിന്നെ ആദിയും വാവയും ഒക്കെയായി പഞ്ചാരയടിച്ചു നടന്നു... ഇതിനിടയിൽ എനിക്ക് വരുന്ന ഫോൺകോളുകൾ എന്റെ പല അവസരങ്ങളും നഷ്ടപ്പെടുത്തി..

രാത്രി പത്തുമണിക്കാണ് പാർട്ടി തീർന്നത്... പാർട്ടി കഴിഞ്ഞ് എല്ലാവരും ഉറങ്ങാനായി പോയെങ്കിലും എനിക്ക് ചെയ്ത് തീർക്കാൻ പിന്നെയും ജോലികൾ ബാക്കി ആയിരുന്നു... പിറ്റേന്നത്തെയ്ക്കുള്ള ഫുഡ് ഏർപ്പാട് ചെയ്തിരുന്നവരെ വരെ ഒന്ന് കൂടി വിളിച്ച് എല്ലാം മുടക്കം കൂടാതെ നടക്കും എന്ന് ഉറപ്പ് വരുത്തിയിട്ട് ഞാൻ ശ്രീമംഗലത്ത് തിരിച്ചെത്തുമ്പോൾ ഒരുമണി കഴിഞ്ഞിരുന്നു..

എന്റെ മുറിയിൽ ചെന്നപ്പോൾ അജുവും അരുണും അടക്കം ആൺപിള്ളേർ എല്ലാം അവിടെകിടന്ന് ഉറങ്ങുന്നു... അവസാനം എനിക്ക് കിടക്കാൻ ഇടം കിട്ടില്ല എന്ന് മനസിലായപ്പോൾ ഞാൻ മാറാനുള്ള ഡ്രസ്സും എടുത്ത് മാണിക്യന്റെ വീട്ടിലേയ്ക്ക് പോയി... അവിടെ കിടന്ന് ഉറങ്ങി..

പിറ്റേന്ന് ഞായറാഴ്ച്ച... ശ്രീമംഗലത്തിന്റെ അഭിമാനദിനം... എന്റെ മുത്തിന്റെ കല്യാണദിവസം...

വെളുപ്പിന് നാല് മണിക്ക് ഞാൻ ഉണർന്നു.. കുളിയും ബാക്കി കാര്യങ്ങളും കഴിഞ്ഞ് മാണിക്യൻ തന്ന കട്ടനും അടിച്ച് ഞാൻ ശ്രീമംഗലത്തെയ്ക്ക് ചെന്നു.. പഞ്ചമി എനിക്കു മുന്നേ എത്തിയിട്ടുണ്ടായിരുന്നു... ഞാൻ ഡ്രസ്സ്മാറി താഴെചെന്നപ്പോഴേക്കും ബ്യൂട്ടിപാർളറിൽ പോകാനായി മുത്തും ആദിയും മാളുവും ഉൾപ്പടെയുള്ള പെൺപടകൾ റെഡിയായി നിൽക്കുന്നു... രണ്ടു കാറുകളിലായി ഞാനും മാണിക്യനും അവരെ പാർളറിലേയ്ക് കൊണ്ടുപോയി... പിന്നെ മുല്ലപ്പൂ എടുത്തുകൊണ്ടു വരാനായി ഞാൻ പോയി..

എട്ടു മണിക്ക് മുൻപായി മണവാട്ടിമാരും പരിവാരങ്ങളും റെഡിയായി...

ദക്ഷിണ വാങ്ങാനുള്ള ചടങ്ങുകൾ നടക്കുന്നതിനിടയിൽ വീട്ടിലെ കാര്യങ്ങൾ നോക്കിക്കോണമെന്നും ഒൻപതുമണി ആകുമ്പോഴേക്കും എല്ലാവരും കൺവെൻഷൻ സെന്ററിലേയ്ക്ക് എത്തണമെന്നും അച്ഛനും ചെറിയച്ഛനും നിർദ്ദേശം നൽകിയിട്ട് ഞാനും മാണിക്യനും കൺവെൻഷൻ സെന്ററിലേയ്ക്ക് പോയി... കല്യാണം നടക്കുന്നത് കൺവെൻഷൻ സെന്ററിന് അടുത്തുള്ള കൃഷ്ണന്റെ അമ്പലത്തിൽ വച്ചാണ്.. വീടിനടുത്തുള്ള ദേവീക്ഷേത്രത്തിൽ സ്ഥലപരിമിതി ഉള്ളതിനാലും അമ്പലത്തിൽ നിന്നും കൺവെൻഷൻ സെന്ററിലേയ്ക്കുള്ള ദൂരവും കണക്കിലെടുത്താണ് കെട്ട് അങ്ങോട്ട് മാറ്റിയത്... സമൂഹവിവാഹമായതിനാൽ ഏറ്റവും ദൈർഘ്യമുള്ള മുഹൂർത്തം ഉള്ള ഇന്നത്തെ ദിവസം തന്നെ തിരഞ്ഞെടുക്കുകയായിരുന്നു... രാവിലെ പത്തേകാൽ മുതൽ പത്രണ്ടര വരെയാണ് മുഹൂർത്തം...

ഞാനും മാണിക്യനും ഉൾപ്പടെയുള്ള ആണുങ്ങളെല്ലാം ഗോൾഡൻ കളർ കുർത്തയും മുണ്ടും ആയിരുന്നു വേഷം..

ഞാനും മാണിക്യനും കല്യാണം കെട്ടാൻ പോകുന്നില്ല എന്ന് തീരുമാനിച്ചിരുന്നു.. കാരണം കെട്ടുകഴിഞ്ഞ് വരുമ്പോൾ മുതലുള്ള ബാക്കി ചടങ്ങുകൾക്കായി കൺവെൻഷൻ സെന്ററിലെ വിശാലമായ ഹാളിൽ ഒരുക്കങ്ങൾ നടത്താനും വരുന്ന വിരുന്നുകാരെ സ്വീകരിക്കാനുമായി ഞങ്ങൾ അവിടെ വേണമായിരുന്നു... ഈ ഹാളിനും ആളുകൾക്ക് താമസ സൗകര്യം ഒരുക്കിയിരുന്ന മുറികളുള്ള ബ്ലോക്കിനും ഇടയിൽ വിശാലമായ പാർക്കിംഗ് ഗ്രൗണ്ടാണ്... ഇടയ്ക്ക് മരങ്ങൾ വെച്ചു പിടിപ്പിച്ച് വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനുള്ള തണൽ ഒരുക്കിയിത്തുള്ള പാർക്കിംഗ് ഗ്രൗണ്ട്... അതിനപ്പുറം ഒരു ഓപ്പൺ സ്റ്റേജും...

ഏതാണ്ട് ഒൻപതരമണിയായിക്കാണും.. സച്ചി എന്നെ അന്വേഷിച്ച് ഓടിക്കിതച്ചു വന്നു...

"..ഏട്ടാ... ഏട്ടന്റെ ഫോൺ എന്ത്യേ...??"

"...എന്താടാ..." ഞാൻ കുർത്തയുടെ പോക്കറ്റിൽ നിന്നും ഫോൺ എടുത്ത് നോക്കി... അത് ഫ്ലൈറ്റ് മോഡിൽ കിടക്കുന്നു..

"...ഓ... കൈതട്ടി അറിയാതെ ഫ്ലൈറ്റ് മോഡ് ഓണയതാ... നീ വിളിച്ചാരുന്നല്ലേ...??"

"..വിളിച്ചോന്നോ എത്ര നേരമായി ഏട്ടനെ ഫോണിൽ ട്രൈ ചെയ്യുന്നു... വല്യച്ഛൻ ഏട്ടനെ വിളിച്ചോണ്ട് ചെല്ലാൻ പറഞ്ഞു..."

"....എന്തിനാടാ.. കല്യാണം കെട്ടാൻ ഞാൻ വരുന്നില്ലാ എന്ന് അച്ഛനോട് പറഞ്ഞതാണല്ലോ..."

"....ഏട്ടാ അത്... ഒരു പ്രശ്നമുണ്ട്... അവിടെ എല്ലാരും ഏട്ടനെ അന്വേഷിക്കുന്നു..."

"...എന്ത് പ്രശ്നം.... എല്ലാരും എവിടെയാ...??"

"...എല്ലാരും മണവാട്ടിമാരുടെ ഗ്രീൻറൂമിനടുത്ത ഹാളിലുണ്ട്... ഏട്ടൻ വേഗം വാ.... ഞാൻ പോവാണേ..." അതും പറഞ്ഞ് സച്ചി ഓടിപ്പോയി.

മാണിക്യനോട് ഇപ്പൊ വരാമെന്ന് പറഞ്ഞിട്ട് തുടികൊട്ടുന്ന ഹൃദയവുമായി ഞാൻ സച്ചിയുടെ പുറകേ പാഞ്ഞു..

എന്റെ ഹൃദയമിടിപ്പിന്റെ താളം എനിക്ക് തന്നെ കേൾക്കാമായിരുന്നു... അത്രയധികം ടെൻഷനടിച്ചാണ് ഞാൻ ഹോട്ടലിന്റെ ഭാഗത്തേയ്ക്ക് ഓടിയത്.. കാലിനു വേഗത പോരാ എന്ന് തോന്നിയ നിമിഷങ്ങൾ...

"...എന്തായിരിക്കും പ്രശ്നം..."

റിസപ്ഷന്റെ അടുത്ത് ചിലർ സംസാരിച്ചുകൊണ്ട് നിൽക്കുന്നുണ്ടായിരുന്നു... അവരെ കടന്നു പോകുമ്പോൾ ആ മുഖങ്ങളിൽ കണ്ട ആശങ്കാഭാവം എന്റെ ടെൻഷൻ കൂട്ടുകയാണ് ചെയ്തത്.. നാലാം നിലയിലാണ് മണവാട്ടിമാരുടെ ഗ്രീൻറൂം... ലിഫ്റ്റിൽ കയറി ബട്ടൻ അമർത്തുമ്പോൾ പുറത്ത് നിൽക്കുന്നവർ ഇടയ്ക്ക് എന്റെ നേരെ നോക്കി എന്തൊക്കെയോ സംസാരിക്കുന്നു... പെട്ടന്ന് സച്ചി പുറത്ത് നിന്നും വിളിച്ചു... അടയാൻ പോയ ലിഫ്റ്റിൽ നിന്നും പുറത്തിറങ്ങി ഞാൻ അവന്റെ അടുത്തേയ്ക്ക് ചെന്നു..

"..എന്താടാ സച്ചീ.. എന്താ പ്രശനം..??"

"... ഏട്ടാ അജുവേട്ടനെ കാണാനില്ല...??"

"...ങ്ങ്ഹേ... അവനിതെവിടെപ്പോയി...?? കേട്ടത് വിശ്വസിക്കാൻ കഴിയാതെ ഞാൻ ചോദിച്ചു.

"...അറിയില്ല ഏട്ടാ..."

"...അവനെവിടെപ്പോവാനാടാ.. ഇവിടെവിടേലും കാണും... നീ എല്ലാടത്തും നോക്കിയോ..??"

"...ഉം... ഏട്ടൻ ഇവിടെങ്ങും ഇല്ല..."

"...ഇവിടില്ലെങ്കിൽ ശ്രീമംഗലത്തോ, അല്ലെങ്കിൽ സജീവൻ കൊച്ചച്ഛന്റെ വീട്ടിലോ കാണും... അവിടല്ലാരുന്നോ അവനും വീട്ടുകാർക്കും താമസവും മറ്റും ഏർപ്പാട് ചെയ്തിരുന്നേ...?? അല്ലെങ്കിൽ ഇനി അമ്പലത്തിലേയ്ക്ക് പോയിക്കാണും... അല്ലാതെ കല്യാണം നടക്കാനിരിക്കുമ്പോ അവൻ എവിടെപ്പോവാനാ... വാ നമുക്ക് നോക്കാം..." അതും പറഞ്ഞ് പോകാനായി തിരിഞ്ഞ എന്റെ കൈയിൽ പിടിച്ചു സച്ചി തടഞ്ഞു..

"...ഏട്ടൻ പറഞ്ഞ എല്ലായിടത്തും ഞങ്ങൾ തിരഞ്ഞതാ... അജുവേട്ടൻ എവിടേം ഇല്ല.."

"...ഇതെപ്പോഴാ അവനെ കാണാനില്ലാന്ന് അറിഞ്ഞത്...???"

"...കുറച്ച് നേരം ആയി... രാവിലെ എഴുന്നേറ്റ് അജുവേട്ടൻ സജീവൻ കൊച്ചച്ചന്റെ വീട്ടിലേയ്ക്ക് പോയിരുന്നു... കുറച്ചു മുൻപ് മേമ്മയും ബാക്കി എല്ലാരും അവിടന്ന് വന്നപ്പോ അവരുടെ കൂടെ അജുവേട്ടൻ ഇല്ല... മേമ്മ പറയുന്നത് രാവിലെ വീട്ടിൽ നിന്ന് കൊച്ചച്ചന്റെ വീട്ടിൽ ചെന്ന അജുവേട്ടൻ അവരോടൊക്കെ എട്ടര കഴിയുമ്പോഴേക്കും റെഡിയായി ഇങ്ങോട്ട് വന്നേക്കാനും.. ഏട്ടൻ ഇവിടെ ഒരുങ്ങി നിന്നോളാമെന്നും പറഞ്ഞ് സാഗറിന്റെ(സജീവൻ കൊച്ചച്ചന്റെ മകൻ) ബൈക്കും എടുത്ത് പോന്നായിരുന്നെന്നാ..."

"..എന്നിട്ട് അവൻ ഇങ്ങോട്ട് വന്നില്ലേ...??"

"..അറിയില്ല... ഇവിടെ മൊത്തം ഞങ്ങള് നോക്കി... അജുവേട്ടൻ ഇവിടെങ്ങും ഇല്ല..." ഞങ്ങൾ സംസാരിച്ചുകൊണ്ട് നിൽക്കുമ്പോൾ റിസപ്ഷന്റെ അടുത്തുള്ള മുറിയിൽ നിന്നും ഒരു ബഹളം കേട്ടു... അത് ക്ലീനിംഗ് സ്റ്റാഫിനുള്ള റെസ്റ്റ് റൂമായിരുന്നു.. ഞങ്ങൾ അങ്ങോട്ട് ചെല്ലുമ്പോൾ ദീപു ഒരു ക്ലീനിംഗ് ബോയിയുടെ കഴുത്തിൽ കുത്തിപ്പിടിച്ച് അവനോടു കയർത്തു സംസാരിക്കുന്നു... ആജാനുബാഹുവായ ദീപുവിനു മുൻപിൽ ആ നരുന്ത് പയ്യൻ ആകെ പേടിച്ചു വിരണ്ട് നിൽക്കുവാണ്... ഞാൻ വേഗം ചെന്ന് അവനെ പിടിച്ചു മാറ്റി.

"...എന്താ ദീപൂ ഇത്... എന്തിനാ നീ ഈ പയ്യനെ തല്ലുന്നേ...??" എനിക്കൊപ്പം സച്ചി ഉണ്ടായിരുന്നതുകൊണ്ട് ഞാൻ കാര്യങ്ങൾ അറിഞ്ഞു എന്ന് ദീപുവിനു മനസ്സിലായി..

"...ഏട്ടാ അജുവേട്ടൻ ഇവിടന്നു പോകുന്നത് ഈ നാറി കണ്ടതാ എന്നിട്ട് ഇപ്പോഴാ ഇവൻ വാ തുറന്നു പറയുന്നത്... ഇവൻ പറഞ്ഞത് വച്ച് അജുവേട്ടൻ പോയിട്ട് ഇപ്പോ രണ്ട് മണിക്കൂർ കഴിഞ്ഞു... നേരത്തെ അറിഞ്ഞിരുന്നെങ്കിൽ നമ്മക്ക് അന്വേഷിക്കാൻ എളുപ്പമാവില്ലാരുന്നോ..."

"...ഹാ അതിനു ഇവനെ തല്ലിയിട്ട് എന്താ കാര്യം... ഒരുപക്ഷേ ഇവന് ആളെ മനസ്സിലായിക്കാണില്ലായിരിക്കും..." ദീപുവിന്റെ തല്ലു പേടിച്ച് എന്റെ പുറകിൽ പതുങ്ങി നിന്നിരുന്ന ആ പയ്യന്റെ നേരെ തിരിഞ്ഞ് ഞാൻ കാര്യങ്ങൾ ചോദിച്ചു.

"...സാർ... എന്നെ ഒന്നും ചെയ്യരുത്... അത് അജുസാറാണെന്ന് എനിക്കറിയില്ലായിരുന്നു... ഞാൻ ആദ്യമായിട്ടാ ആ സാറിനെ കാണുന്നത്..."

"...ഇന്നലെ നീ ഡ്യൂട്ടിയ്ക്ക് ഉണ്ടായിരുന്നതല്ലേ... അപ്പോ ഇവിടെ നടന്ന ഫങ്ഷനിടയിൽ മണവാളന്മാരെ കണ്ടതല്ലാരുന്നോ...??"

"...ഇല്ല സാർ... അഞ്ച് ദിവസത്തെ നൈറ്റ് ഡ്യൂട്ടി കഴിഞ്ഞ് എനിക്കിന്നലെ ഓഫായിരുന്നു... ഇന്ന് രാവിലെയാ ഞാൻ ഡ്യൂട്ടിയ്ക്ക് വന്നത്..."

"...ഇവൻ അജു പോകുന്ന കണ്ടുവെന്നു നീ എങ്ങനാ അറിഞ്ഞത്...??" ഞാൻ ദീപുവിനോടായി ചോദിച്ചു.

"...അജുവേട്ടൻ ഇങ്ങോട്ട് പോന്നിരുന്നു എന്ന് മേമ്മ പറഞ്ഞപ്പോൾ ഞങ്ങൾ ഇവിടത്തെ സ്റ്റാഫിനെ എല്ലാവരേയും ഏട്ടന്റെ ഫോട്ടോ കാണിച്ച് അവർ ഏട്ടനെ കണ്ടായിരുന്നോ എന്ന് അന്വേഷിച്ചു.. അന്നേരമാ ഇവൻ കണ്ട കാര്യം പറഞ്ഞത്..."

"...നീ എന്താ കണ്ടത്..." ഞാൻ ആ പയ്യന്റെ തോളിൽ കൈവച്ചു മയത്തിൽ ചോദിച്ചു. അവനെ അപ്പോഴും വിറയ്ക്കുന്നുണ്ടായിരുന്നു.

"...അത് സാർ... ഞാൻ രാവിലെ വരുമ്പോൾ അജുസാറ് ഒരു ബൈക്കിൽ വരുന്ന കണ്ടായിരുന്നു.. എനിക്ക് രാവിലെ മൂന്നാം നിലയിലായിരുന്നു ഡ്യൂട്ടി... ഞാൻ

അങ്ങോട്ട് പോകുമ്പോൾ ആ സാറ് മണവാളന്മാർക്ക് ഒരുങ്ങാനുള്ള റൂമുകളിൽ ഒന്നിലേയ്ക്ക് കേറിപ്പോവുന്ന കണ്ടു... പിന്നെ എന്നെ ഏൽപ്പിച്ചിരുന്ന റൂം ക്ലീൻ ചെയ്ത് താക്കോൽ റിസപ്ഷനിൽ ഏൽപ്പിക്കാൻ വരുമ്പോൾ ആ സാറ് ലിഫ്റ്റിൽ നിന്നും ഇറങ്ങി പുറത്തേയ്ക്ക് പോക്കുന്നതും കണ്ടു...”

“... അവൻ ബൈക്കിലാണോ പുറത്ത് പോയത്...??”

“...അല്ല നടന്നാ...”

“...അപ്പൊ സമയം എന്തായിക്കാണും..??”

“...ഒരു ഏഴു മണി...” അവൻ ആലോചിച്ച് പറഞ്ഞു.. ഞാൻ അൽപ്പസമയം ആ പയ്യൻ പറഞ്ഞ കാര്യങ്ങൾ കൂട്ടിക്കിഴിച്ചു നോക്കി. അവൻ പറഞ്ഞത് ശരിയാണെന്ന് സെക്ര്യൂരിറ്റി ക്യാമറ വിഷ്വൽസ് പരിശോധിച്ചപ്പോൾ മനസ്സിലായി... അജു രാവിലെ ആറരയോടെ വന്ന് ബൈക്ക് പാർക്കിങ്ങിൽ വച്ചിട്ട് റൂമിൽ കയറുന്നതും.. വേഷം മാറി റൂമിൽ നിന്നും ഇറങ്ങി വരുന്നതും.. ഗെയിറ്റ് കടന്ന് പുറത്തേക്ക് പോകുന്നതും കൃത്യമായി ക്യാമറയിൽ പതിഞ്ഞിട്ടുണ്ടായിരുന്നു... അവന്റെ കൈയിൽ ഒരു മീഡിയം സൈസ് ബാക്ക്പാക്ക് ഉണ്ടായിരുന്നു..

“...നീ അവന്റെ മൊബൈലിൽ ട്രൈ ചെയ്താരുന്നോ..??”

“...ഉം... സ്വിച്ച് ഓഫ്... എന്താ ഏട്ടാ ഇതിന്റെ ഒക്കെ അർത്ഥം...??” ദീപുവിന്റെ മുഖത്തു കണ്ട ആശങ്ക തന്നെയായിരുന്നു എനിക്കും.. എങ്കിലും ചില കാര്യങ്ങൾ എനിക്ക് മനസ്സിലായിത്തുടങ്ങിയിരുന്നു..

“...അറിയില്ലടാ... പക്ഷേ ഒന്നുറപ്പ്... അവൻ സ്വമേധയാ പോയിരിക്കുന്നതാ... ശ്ശെ... എന്നാലും കല്യാണം നടക്കാനിരിക്കുമ്പോ അവനിതെങ്ങോട്ടാ പോയത്...” എനിക്ക് തലപെരുക്കുന്ന പോലെ തോന്നി..

“...ഡാ... അവന്റെ ബാഗിൽ എന്താണെന്ന് വല്ല ഊഹവും ഉണ്ടോ..??”

"...ഏട്ടന്റെ സംശയം എനിക്ക് മനസ്സിലായി... ഒന്നും മോഷണം പോയിട്ടൊന്നും ഇല്ല... നമ്മളറിയാത്ത വേറെ എന്തൊക്കെയോ കാര്യങ്ങളുണ്ട് ഏട്ടാ..??"

"...ഉം...."

"....ഏട്ടാ അച്ഛനൊക്കെ നാലാം നിലയിലുണ്ട് നമുക്ക് അങ്ങോട്ട് പോവാം..." ദീപു പറഞ്ഞത് ശരിയാണെന്ന് എനിക്ക് തോന്നി അച്ഛൻ അന്വേഷിക്കുന്നു എന്ന് സച്ചി വന്ന് പറഞ്ഞിട്ട് ഇപ്പോൾ പത്തിരുപത് മിനിട്ട് കഴിഞ്ഞു... നാലാം നിലയിൽ പെണ്ണുങ്ങളുടെ ഗ്രീന്റ്റൂമുകൾക്ക് അടുത്തുള്ള ഹാളിലേയ്ക്ക് ഞങ്ങൾ നടന്നു..

ലിഫ്റ്റിറങ്ങി റൂമുകൾക്കും ഹാളിനുമിടയിലുള്ള ഇടനാഴിയിലൂടെ നടന്ന് ഞങ്ങൾ ചെല്ലുമ്പോൾ പുറത്ത് നിന്നേ വലിയ ബഹളം കേൾക്കാം..

ഹാളിൽ അനുപമയുടെ അച്ഛൻ രവിയങ്കിൾ മാലിനി മേമ്മയോട് തർക്കിച്ചുകൊണ്ടിരിക്കുന്നു.. പോര് കോഴിയെപ്പോലെ മേമ്മയുടെ നേരെ ഓങ്ങിക്കൊണ്ട് നിൽക്കുന്ന രവിയങ്കിളിനെ മീനുവിന്റെ അച്ഛൻ മാധവേട്ടൻ പുറകിൽ നിന്നും പിടിച്ചു നിർത്തിയിട്ടുണ്ട്... എന്നാലും രവിയങ്കിൾ പിടിവിടുവിക്കാൻ ശ്രമിച്ചുകൊണ്ട് ഉച്ചത്തിൽ സംസാരിക്കുന്നു..

"...നിന്റെ മോൻ എവിടാന്നു പറയെടീ മാലിനീ... എന്റെ മോൾടെ ജീവിതം നശിപ്പിക്കാൻ നോക്കിയാൽ അവന്റെ അവസാനം എന്റെ കൈകൊണ്ടായിരിക്കും.. നീ മറക്കണ്ട... ങ്ഹാ... അവക്കറിയില്ല പോലും... ഇവളറിയാതെ അവൻ എങ്ങോട്ട് പോവാനാ... എല്ലാരും കൂടെ ഞങ്ങളെ പൊട്ടൻ കളിപ്പിക്കാൻ നോക്കിയാൽ ഈ രവി ആരാന്ന് നീയൊക്കെ അറിയും... പറയടീ എവിടെ നിന്റെ മോൻ.. ??"

രവിയങ്കിളിനൊപ്പം പുള്ളിയുടെ ചില ബന്ധുക്കളും അജുവിന്റെ അമ്മാവൻ ഉൾപ്പടെയുള്ള ബന്ധുക്കളുമായി തർക്കിക്കുന്നു... അച്ഛനും ചെറിയച്ഛന്മാരും അവരെ അനുനയിപ്പിക്കാൻ കഷ്ടപ്പെടുന്നു... കലിയിളകിയ അനുപമയുടെ ബന്ധുക്കൾ മേമ്മയെ ഒന്നും ചെയ്യാതിരിക്കാൻ അമ്മയും ചെറിയമ്മയും കൂടി മേമ്മയെ വട്ടം പിടിച്ചിട്ടുണ്ടായിരുന്നു... രണ്ട് ചേരി തിരിഞ്ഞ് യുദ്ധസമാനമായ അന്തരീക്ഷമായിരുന്നു ആ ഹാളിൽ..

രംഗം വഷളാവുന്നു എന്ന് തോന്നിയപ്പോൾ ഞാനും ദീപുവും സച്ചിയും ശ്രീക്കുട്ടനും കൂടി അവരെ ഓരോരുത്തരെയായി പിടിച്ചു മാറ്റി..

"...നിർത്ത്... നിരത്താനാ പറഞ്ഞത്... ഒരാളെ കാണാനില്ലാന്നു പറഞ്ഞ് ഇങ്ങനെ പരസ്പരം പോർ വിളിക്കാതെ അവനെന്താ സംഭവിച്ചത് എന്ന് അന്വേഷിക്ക്..." എന്റെ ശബ്ദം ആ ഹാളിൽ മുഴങ്ങി... എനിക്കിത്ര വലിയ ഒച്ചയുണ്ടെന്നത് എനിക്ക് തന്നെ അത്ഭുതമായിരുന്നു... ഒരു നിമിഷം എല്ലാം നിശബ്ദം.

"...ദേവാ നീ പറ... നീയല്ലേ ഈ കല്യാണത്തിന്റെ മൊത്തം കാര്യക്കാരൻ... അജു എവടെ..??" ഒരു നിമിഷം പകച്ചു നിന്ന രവിയങ്കിൾ എന്റെ കോളറിൽ കുത്തിപ്പിടിച്ചുകൊണ്ട് എന്നോട് കയർത്തു... ഇതുകണ്ട് ദേഷ്യം കയറിയ ദീപു മുന്നോട്ട് ആഞ്ഞതും ഞാനവനെ കൈയെടുത്തു വിലക്കി..

"...അങ്കിളേ അവൻ എവിടാന്നു നമുക്ക് അന്വേഷിക്കാം... അതിനു ഇവിടെക്കിടന്നു ബഹളം വച്ചിട്ട് കാര്യമില്ല..." ഞാൻ രവിയങ്കിളിന്റെ തോളിൽ പിടിച്ചുകൊണ്ട് അദ്ദേഹത്തെ സമാധാനിപ്പിക്കാൻ ശ്രമിച്ചു..

"...എവിടെ ചെന്ന് അന്വേഷിക്കാനാ ദേവാ... അവൻ ചതിച്ചതാ... ഇല്ലെങ്കിൽ ആരോടും പറയാതെ അവൻ പോകണ്ട കാര്യമില്ലാരുന്നല്ലോ... എന്റെ മോള്... അയ്യോ... അവളെ ഞാൻ എന്ത് പറഞ്ഞു സമാധാനിപ്പിക്കും..." ആദ്യത്തെ ദേഷ്യമടങ്ങിയപ്പോൾ രവിയങ്കിൾ എന്റെ നെഞ്ചിലേയ്ക്ക് ചാഞ്ഞ് വാവിട്ടുകരഞ്ഞു...

മകളുടെ വിവാഹം മുടങ്ങുമെന്ന ഘട്ടത്തിൽ നിൽക്കുന്ന ഒരച്ഛന്റെ വേദന മുഴുവൻ അദ്ദേഹത്തിന്റെ വാക്കുകളിൽ ഉണ്ടായിരുന്നു.. ഞാൻ അദ്ദേഹത്തെ പിടിച്ച് അടുത്തു കണ്ട കസേരയിൽ ഇരുത്തി.. അപ്പോഴേക്കും മാധവേട്ടൻ രവിയങ്കിളിന്റെ അടുത്തിരുന്ന് അദ്ദേഹത്തെ സമാധാനിപ്പിക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു.. രവിയങ്കിൾ തലയ്ക്ക് കൈകൊടുത്തിരുന്ന് മാധവേട്ടനോട് പതം പറഞ്ഞു കരയുന്നു... രവിയങ്കിളിന്റെ അവസ്ഥ കണ്ട് അവിടെ കൂടിയിരുന്ന സ്ത്രീകൾ പലരും കണ്ണുനീർ തുടയ്ക്കുന്നത് കണ്ടു... അദ്ദേഹത്തെ തല്ലാൻ നിന്ന ദീപുവിന്റെ മുഖത്ത് പോലും സഹതാപം നിഴലിച്ചിരുന്നു...

"...എന്താ മേമ്മേ ഇത്... അജുവിന് എന്താ പറ്റിയേ.. കല്യാണം നിർത്തിയിട്ട് പോകാൻ മാത്രം എന്ത് അത്യാവശ്യമാ അവനുണ്ടായത്..." ചെറിയമ്മയുടെ തോളിൽ ചാഞ്ഞു നിന്ന് കരയുന്ന മേമ്മയുടെ അടുത്ത് ചെന്ന് ഞാൻ തിരക്കി..

"...എനിക്കറിയില്ല ദേവാ...!! എനിക്കൊന്നും അറിയില്ലാടാ.... അവൻ... അവൻ..." കരഞ്ഞു കരഞ്ഞ് ഉമിനീർ വറ്റിയപോലെ മേമ്മ വാക്കുകൾ കിട്ടാതെ കുഴഞ്ഞു... അത് മനസ്സിലാക്കിയ ചെറിയമ്മ അടുത്തു നിന്ന അമ്മയോട് വെള്ളമെടുക്കാൻ ആഗ്യം കാണിച്ചതും ചെറിയമ്മയുടെ തോളിൽ പിടിച്ചിരുന്ന കൈകൾ തളർന്ന് മേമ്മ വീണതും ഒപ്പം കഴിഞ്ഞു... ഞാനും ദീപുവും കൂടി മേമ്മയെ താങ്ങിയെടുത്ത് അടുത്തുള്ള മുറികളിലൊന്നിൽ കൊണ്ടുപോയി കിടത്തി... മുഖത്ത് വെള്ളം തളിച്ചപ്പോൾ മേമ്മ കണ്ണു തുറന്നു.. അമ്മയേയും ചെറിയമ്മയേയും മേമ്മയുടെ അടുത്തിരുത്തി ഞാൻ പുറത്തേയ്ക്കിറങ്ങി.

സമയം പോകുന്നു... അച്ഛനടക്കമുള്ളവർ ഒരു തീരുമാനം എടുക്കാൻ കഴിയാതെ വിഷമിച്ചു നിൽക്കുകയാണ്... ഞാൻ വാച്ചിൽ നോക്കി.. പത്ത് മണിയായിരിക്കുന്നു... മുഹൂർത്തം തുടങ്ങാൻ പതിനഞ്ചു മിനിട്ടു മാത്രം.

"...ദേവാ... ഇനി എന്താ ചെയ്യാ... ഈ പതിനൊന്നാം മണിക്കൂറിൽ ഇങ്ങനെയൊക്കെ...??" അച്ഛന്റെ വാക്കുകൾക്കൊപ്പം ആ ഹാളിൽ കൂടി നിന്ന എല്ലാവരും പ്രതീക്ഷയോടെ എന്റെ നേരെ നോക്കി.. ഇനിയും മടിച്ചു നിൽക്കുന്നതിൽ അർദ്ധമില്ല..

"..അച്ഛാ... ഇന്നിവിടെ അഞ്ച് കല്യാണങ്ങൾ നടക്കേണ്ടതാണ്... അജുവിനെ കാണാനില്ല എന്ന പേരിൽ മറ്റ് കല്യാണങ്ങൾ കൂടി മുടങ്ങാൻ പാടില്ല... അച്ഛനും അമ്മയും ഒക്കെ അമ്പലത്തിലേയ്ക്ക് ചെല്ല്... മറ്റ് കല്യാണങ്ങൾ നടക്കട്ടെ..."

"...മോനെ അപ്പോ അനുപമ..." ചെറിയച്ഛന്റെ ന്യായമായ സംശയം..

"...മുഹൂർത്തം പന്ത്രണ്ടര വരെയുണ്ട്... മുത്തും സഞ്ജുവും ഉൾപ്പടെ എല്ലാവരും നമ്മള് ചെല്ലുന്നതും കാത്ത് അമ്പലത്തിൽ നിൽക്കുകയായിരിക്കും... ഇപ്പോ മുതൽ തുടങ്ങിയാലേ മുഹൂർത്തം തീരുന്നതിനു മുന്പ് എല്ലാ കല്യാണങ്ങളും നടത്താൻ പറ്റൂ... ആ സമയം കൊണ്ട് ഞങ്ങൾ അജുവിനെ ഒന്നന്വേഷിക്കട്ടെ... അവനെന്തുകൊണ്ടാ മാറി നിൽക്കുന്നതെന്ന് എങ്കിലും അറിയാൻ പറ്റിയേക്കും...

നിങ്ങൾ ചെല്ല്...!! എല്ലാം തീരുമാനിച്ചപോലെ നടക്കട്ടേ... പിന്നെ ചെറിയച്ഛനും ചെറിയമ്മയും ഇവിടെ വേണം... തൽക്കാലം ഈ കാര്യങ്ങളൊന്നും പുറത്ത് ആരും അറിയണ്ടാ... അജുവിനെ കണ്ടെത്താൻ കഴിഞ്ഞാൽ ഈ കല്യാണത്തിൽ നിന്ന് ഒഴിവാകാൻ അവനുള്ള കാരണം.!! അതെന്തായാലും പരിഹരിച്ച് ഈ കല്യാണം നമ്മൾ നടത്തും.. ഇല്ലെങ്കിൽ അപ്പോൾ വേണ്ടത് എന്താന്നു വച്ചാൽ ചെയ്യാം...”

എന്റെ വാക്കുകൾ അവിടെ നിന്നവർക്ക് അൽപ്പം ആശ്വാസം പകർന്നു എന്ന് തോന്നി.. പക്ഷെ അപ്പോഴും രവിയങ്കിളിന്റെ ബന്ധുക്കളിൽ ചിലരുടെ മുഖത്ത് ചോദ്യങ്ങളും ദേഷ്യഭാവവും ബാക്കി ആയിരുന്നു.

“..സച്ചീ...!! ആന്റണി സഖാവിനെ വിളിച്ച് പുള്ളിയ്ക്ക് അജുവിന്റെ ഫോട്ടോ അയച്ച് കൊടുക്ക്... എന്നിട്ട് ക്ലബ്ബിലെ പിള്ളേരേം കൂട്ടി തേടാൻ പറ...” കേട്ടയുടൻ സച്ചി ഫോൺ ചെയ്തുകൊണ്ട് പുറത്തേയ്ക്ക് പോയി..

ഈ സമയം മീനുവിന്റെ ഭർത്താവ് സതീഷും, മാധവേട്ടനും ഫോണെടുത്ത് പലരേയും വിളിക്കാൻ തുടങ്ങി... പാർട്ടിക്കാരെയാണെന്ന് തോന്നി... അവരാകുമ്പോ കേരളം മൊത്തം ആളെവിട്ടു തിരയാൻ പറ്റുമല്ലോ..??

“...ദീപൂ...!! നീ നിന്റെ ഫ്രണ്ട്സിനേം കൂട്ടി റെയിൽവേ സ്റ്റേഷനിലേയ്ക്ക് പൊക്കോ... അവിടെ മൊത്തം അരിച്ചുപെറുക്കണം.... പിന്നെ അവിടെ ചെന്നിട്ട് പോർട്ടർ രാമേട്ടനെ കാണണം... എന്നിട്ട് അവിടത്തെ സി.സി.റ്റി.വി. വിഷ്വൽസും നോക്കണം.. അവൻ അവിടെ വന്നോന്നു അറിയണം...” ദീപു മുണ്ടും മടക്കിക്കുത്തി പോകാനായിറങ്ങി..

“..ഡാ... പിന്നെ എന്തെങ്കിലും വിവരം കിട്ടിയാലും ഇല്ലെങ്കിലും പന്ത്രണ്ടു മണിക്ക് മുൻപ് തിരിച്ചെത്തണം...” തലയാട്ടി സമ്മതം മൂളി അവൻ പുറത്തേയ്ക്ക് കുതിച്ചു..

“..ആരൊക്കെ എവിടെയൊക്കെ തിരഞ്ഞു പോയാലും പന്ത്രണ്ടു മണിക്ക് മുൻപ് ഇവിടെ എത്തണം..” അവിടെ കൂടി നിന്നവരോടായി അത്രയും പറഞ്ഞിട്ട് ഞാൻ ചെറിയച്ഛനെ മാറ്റി നിർത്തി സംസാരിച്ചു..

"...ചെറിയച്ഛാ... കാരണം എന്തായാലും അജു സ്വമേധയാ പോയിരിക്കുന്നതാണ്... അതുകൊണ്ട് അവനെ കണ്ടത്താൻ കഴിഞ്ഞാലും ഈ കല്യാണം നടക്കുമെന്ന് ഒറപ്പില്ല... അതുകൊണ്ട് അനുപമയുടെ ബന്ധത്തിലോ, നമ്മുടെ ബന്ധത്തിലോ, പരിചയത്തിലോ ഉള്ള മറ്റേതെങ്കിലും പയ്യന്റെ കാര്യം ഒന്ന് ആലോചിക്കണം..."

"...ഞാനിത് ആലോചിച്ചതാ ദേവാ... എന്റെ അറിവിൽ അവളുടെ മുറച്ചെറുക്കന്മാര് രണ്ടു പേരുണ്ട്.. രവിച്ചേട്ടന് ഈ രക്തബന്ധത്തിൽ നിന്നുള്ള കല്യാണത്തോട് താൽപ്പര്യം ഇല്ലാതിരുന്നകൊണ്ടാ... ഇല്ലെങ്കിൽ അവരത് ആലോചിച്ചേനെ... ഞാനൊന്ന് സംസാരിച്ചു നോക്കട്ടെ... ഇനി അവരല്ലെങ്കിൽ മറ്റാരെങ്കിലും... രവിച്ചേട്ടനെ കൊണ്ട് താങ്ങാൻ പറ്റാത്ത സ്ത്രീധനം വെല്ലോം അവര് ചോദിച്ചാലും നമുക്കത് കൊടുക്കാം... ഇതിപ്പോ നമ്മടെ അഭിമാനത്തിന്റെ പ്രശ്നാ..."

"...ശരി ചെറിയച്ഛാ... ഞാനും ഇറങ്ങുവാ... എന്റേതായ രീതിയിലും ഒന്നന്വേഷിക്കട്ടെ..." ഞങ്ങൾ സംസാരിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ മാണിക്യൻ അങ്ങോട്ട് വന്നു... അവനോടു ചുരുക്കി ഞാൻ കാര്യം പറഞ്ഞു... ഈ സമയമെല്ലാം ഏഷണിക്കാരായ ചില ബന്ധുക്കൾ പലയിടത്തും മാറി നിന്ന് പിറുപിറുക്കുന്നുണ്ടായിരുന്നു... ഞങ്ങൾ പുറത്തേയ്ക്കിറങ്ങുമ്പോൾ തന്നെ അവരിത് നാട് മൊത്തം ഫ്ലാഷാക്കുമെന്നു എനിക്ക് തോന്നി.. അതുകൊണ്ട് മാണിക്യനേയും കൂട്ടി പോകാനായി ഇറങ്ങിയ ഞാൻ തിരിഞ്ഞു നിന്ന് എല്ലാവരും കേൾക്കേ ശ്രീക്കുട്ടനോടായി പറഞ്ഞു..

"...ശ്രീക്കുട്ടാ... ഇവിടെ നടന്നതൊന്നും നമ്മുടെ ആളുകളല്ലാതെ പുറത്താരും അറിയരുത്... പ്രത്യേകിച്ച് കെട്ടിന് അമ്പലത്തിൽ പോയിരിക്കുന്നവർ... അജുവിനെ തേടുമ്പോഴും ആരോടും അധികം വിശദീകരിക്കാൻ നിക്കണ്ട... ഇവിടത്തെ സ്റ്റാഫിനോടും പറഞ്ഞേക്ക്... എതവന്റെ എങ്കിലും വായിൽ നിന്ന് ഇത് ലീക്കായാ.. അവൻ നാളത്തെ സൂര്യോദയം കാണില്ല... പറഞ്ഞേരെ എല്ലാത്തിനോടും..." ഒരു നാട് മുഴുവൻ പങ്കെടുക്കുന്ന ഈ കല്യാണത്തിനിടയ്ക്ക് ഇത്തരം ഒരു കാര്യം മറച്ചു വക്കുന്നത് പ്രായോഗികമല്ല എന്നറിയാമെങ്കിലും... ഏഷണിക്കാരെക്കൊണ്ടുള്ള അനാവശ്യപ്രശ്നങ്ങൾ ഒഴിവാക്കാൻ അങ്ങനെയൊരു ഭീഷണി അപ്പോൾ അത്യാവശ്യമായിരുന്നു..

മാണിക്യനും ഞാനും പുറത്തെയ്ക്കിറങ്ങുമ്പോൾ അജുവിന്റെ അനിയൻ അരുണും സാഗറുംകൂടി പുറത്തു നിന്നും വന്നു..

"...ദേവേട്ടാ... അജുവേട്ടന്റെ വിവരമൊന്നും ഇതുവരെ കിട്ടിയില്ല... പോകാൻ സാധ്യതയുള്ള സ്ഥലത്തൊക്കെ ഞങ്ങൾ അന്വേഷിച്ചു..." സാഗറത് പറയുമ്പോൾ എന്റെ മുഖത്തു നോക്കാൻ ധൈര്യമില്ലാത്തപോലെ അരുൺ താഴേക്ക് നോക്കി നിൽക്കുകയായിരുന്നു..

"...നീ അമ്പലത്തിലേയ്ക്ക് പൊക്കോ.. ഞങ്ങളൊന്ന് അന്വേഷിച്ചിട്ടു വരാം.. അരുണേ നീയും വാ..." ഞാൻ അരുണിന്റെ തോളിൽ കൈയിട്ട് പുറത്തേയ്ക്കിറങ്ങിയപ്പോഴേക്കും മാണിക്യൻ എന്റെ കാറുമായി വന്നു.. കാറ് മുന്നോട്ട് പോകുമ്പോൾ ആദി ഞങ്ങളുടെ പുറകേ ഓടി വരുന്നത് റിയർവ്യൂമിററിലൂടെ കണ്ടെങ്കിലും തൽക്കാലം അവളോട് സംസാരിച്ചു കളയാൻ സമയമില്ലാത്തതിനാൽ ഞങ്ങൾ കാറ് നിർത്തിയില്ല..

"..അരുണേ.. എന്താ നിന്റെ ചേട്ടന് പറ്റിയത്.. ?? കാർ കുറച്ചു മുന്നോട്ട് പോയിട്ടും ബാക്ക്സീറ്റിൽ ഒന്നും മിണ്ടാതെ ഇരിക്കുകയായിരുന്നു അരുൺ.

"..എനിക്കറിയില്ല ഏട്ടാ... ഇനി എന്ത് ചെയ്യും... എനിക്കറിയില്ല... ചോദിക്കുന്നവരോടൊക്കെ സമാധാനം പറഞ്ഞു ഞാൻ മടുത്തു..."

"..പിന്നെ നിങ്ങൾ എവിടാ അവനെത്തേടി പോയത്...??"

"...അമ്മയേം അമ്മാവന്മാരേം ഒക്കെ എല്ലാരും കുറ്റപ്പെടുത്തുന്നത് കണ്ട് സഹിക്കാൻ പറ്റാതെയാ ഞാൻ സാഗറിനേം കൂട്ടി പുറത്ത് പോയത്... എവിടെ ചെന്ന് അന്വേഷിക്കണം എന്ന് പോലും എനിക്കറിയില്ല.." അവന്റെ വാക്കുകളിൽ നിസ്സഹായാവസ്ഥ നിഴലിച്ചിരുന്നു.

"...അവൻ സ്നേഹിച്ചിരുന്ന പെണ്ണല്ലേ അനുപമ.. പിന്നെ ഇങ്ങനെ ചെയ്യാൻ മാത്രമുള്ള എന്ത് പ്രശ്നമാ അവനുള്ളത്...??"

"...അജുവേട്ടന്റെ സ്വഭാവം എട്ടനറിയാല്ലോ... അച്ഛൻ മരിച്ചേ പിന്നെ ഏട്ടന്റെ എല്ലാ കാര്യങ്ങളും സ്വയം തീരുമാനങ്ങളാണ്... എല്ലാരോടും വാശി അല്ലാരുന്നോ.. പിന്നെ എനിക്കും അമ്മയ്ക്കും ഇന്നുവരെ ഒരു കുറവും വരുത്തിയിട്ടില്ല ഏട്ടൻ...

അതുകൊണ്ട് ഞങ്ങൾ ഒന്നും ചോദിക്കാറുമില്ല... ഈ കല്യാണം പോലും ഏട്ടൻ എല്ലാം തീരുമാനിച്ചു കഴിഞ്ഞാ ഞങ്ങളോട് പറയുന്നത്... എന്തിനേറെ.. ഗൾഫിൽ ജോലി കിട്ടിയ കാര്യവും പോണേന്റെ രണ്ട് ദിവസം മുന്നാ ഞാനറിയുന്നത്... അങ്ങനെയുള്ളപ്പോ ഞങ്ങളോട് എന്തെങ്കിലും പറയുമെന്ന് എട്ടന് തോന്നണുണ്ടോ..??. അവൻ പറഞ്ഞ കാര്യങ്ങളൊക്കെ എനിക്കറിയാവുന്നതാണ്.. അതുകൊണ്ട് ഞാൻ അവനോടു കൂടുതൽ ഒന്നും ചോദിച്ചില്ല..

"..മാണിക്യാ എല്ലാ ഭാഗത്തും ആളുകൾ അന്വേഷിച്ചു പോയിട്ടുണ്ട്... പക്ഷേ അജു ഇവിടന്ന് പോയിട്ട് ഇപ്പൊ മൂന്നു മണിക്കൂർ ആയി.. ചുരുങ്ങിയത് രണ്ടു ജില്ലകളെങ്കിലും കടന്നു പോകാനുള്ള സമയമായി... അതുകൊണ്ട് നമ്മളീ "O" വട്ടത്തിൽ അന്വേഷിച്ചാലും അവനെക്കുറിച്ച് എന്തെങ്കിലും വിവരം കിട്ടുമെന്ന് എനിക്ക് തോന്നുന്നില്ല..."

"...പിന്നെ ഇനി എന്ത് ചെയ്യും ദേവാ... അവനെ അന്വേഷിക്കണ്ട എന്നാണോ നീ പറയുന്നത്..??"

"... അതല്ല... നമ്മളും കൂടി മാറിനിന്നാ കല്യാണത്തിന്റെ ബാക്കി കാര്യങ്ങളൊക്കെ അവതാളത്തിലാവും... നമുക്ക് തിരിച്ചു പോവാം... ഇപ്പൊ അജുവിനെ അന്വേഷിച്ചു പോയെക്കുന്നവർക്ക് എന്തെങ്കിലും വിവരം കിട്ടുമോന്ന് നോക്കാം... ഇല്ലെങ്കിൽ അപ്പോ എന്താന്നു വച്ചാൽ ചെയ്യാം.." എല്ലാ ഒരുക്കങ്ങളും പൂർത്തിയായി കല്യാണം നടക്കാനിരിക്കെ അജുവിനെ കാണാനില്ല എന്നറിഞ്ഞപ്പോൾ... ഒരു പരിഹാരം ഉണ്ടാവണം എന്ന് കരുതി ഇറങ്ങി പുറപ്പെട്ടാതാണ് എങ്കിലും ഇപ്പോ ഈ പ്രശ്നങ്ങളുടെ പുറകെ പോയാൽ ഇത്രയും നാൾ കഷ്ടപ്പെട്ടതൊക്കെ വെറുതെയാവും... അതുകൊണ്ട് കല്യാണം നടക്കുന്ന സ്ഥലത്ത് ഞാൻ ഉണ്ടാവേണ്ടത് അത്യാവശ്യമാണ് എന്ന് തോന്നി.. എല്ലാ കാര്യങ്ങളും ഏർപ്പാടാക്കിയിരിക്കുന്നത് ഞാനാണല്ലോ.

"...ങ്ഹും..." ഞാൻ പറഞ്ഞത് ശരിവെക്കുന്ന രീതിയിൽ ഒന്ന് ഇരുത്തി മൂളിയിട്ട് മാണിക്യൻ വണ്ടി സൈഡ് ഒതുക്കി... പിന്നെ എന്തോ ആലോചിക്കുന്നപോലെ കുറച്ച് സമയം ഇരുന്നു..

"...ദേവാ... നമുക്ക് പോലീസിൽ ഒരു പരാതി കൊടുത്താലോ... സൈബർ സെല്ലിന്റെ സഹായം കിട്ടിയാ ചിലപ്പോ എന്തെങ്കിലും വിവരം കിട്ടിയാലോ..??"

"..അയ്യോ... അത് വേണ്ട ദേവേട്ടാ... പോലീസൊക്കെ അറിഞ്ഞാ പിന്നെ ഇതാകെ പ്രശ്നമാകും... എത്രയായാലും നമ്മടെ അജുവേട്ടനല്ലേ..." അരുണിന് പേടി.

"...മോനേ.. ഇവിടത്തെ സി.ഐ.യെ എനിക്ക് പരിചയമുണ്ട്... ആളൊരു ചൂടനാ.. എന്നാലും പ്രശ്നക്കാരനല്ല... നമുക്കൊന്ന് പോയി നോക്കാം..." മാണിക്യൻ അരുണിനെ വിശ്വസിപ്പിക്കാൻ ശ്രമിച്ചു.. അവൻ പറഞ്ഞത് ശരിയാണെന്ന് എനിക്കും തോന്നി..

"...അത് ശരിയാ അരുണേ... നമുക്ക് പരാതിയായിട്ടൊന്നും കൊടുക്കണ്ട.. ഒന്ന് പോയി സംസാരിച്ചു നോക്കാം... നീ വണ്ടി എടുക്ക് മാണിക്യാ..."

വലിയ തിരക്കൊന്നും ഇല്ലാത്ത സമയത്താണ് ഞങ്ങൾ സ്റ്റേഷനിൽ ചെന്നത്.. അതുകൊണ്ട് ചെന്നയുടനെ സി.ഐയെ കാണാൻ അനുവാദം കിട്ടി..

സർക്കിൾ ഇൻസ്പെക്ടർ ഹമീം അഹമ്മദ്..

വെളുത്ത് നല്ല ഉയരമുള്ള അധികം തടിയില്ലാത്ത സുമുഖനായ ഓഫീസർ.. ഒരു പോലീസ് ഓഫീസർക്ക് ചേർന്ന ഉറപ്പുള്ള ശരീരം...

"...ആ... മാണിക്യനോ.. എന്താടോ ഈ വഴിക്ക്...??" ഞങ്ങൾ അകത്തേയ്ക്ക് കയറിയതും കൈയിലിരുന്ന ഫയൽ മേശപ്പുറത്ത് വച്ചുകൊണ്ട് സി.ഐ. മാണിക്യന് ഹസ്തദാനം ചെയ്തു..

"...ഈ വഴിക്കിറങ്ങേണ്ട ഒരാവശ്യം ഇപ്പോഴാ ഉണ്ടായത് സാറേ...!! പിന്നെ ഇത് ദേവൻ...!! ശ്രീമംഗലത്തെ...!!"

"...ഓ.. ദേവൻ രാജശേഖരൻ... ഉം.. കാണുന്നത് ആദ്യമായിട്ടാണെങ്കിലും... കേട്ടിട്ടുണ്ട്... കല്യാണം ആയതുകൊണ്ടായിരിക്കും എല്ലാവരും ഒരേ വേഷത്തിൽ അല്ലേ..??" എന്നെ ആകെയൊന്ന് ഉഴിഞ്ഞുനോക്കി.. എനിക്ക് ഹസ്തദാനം തന്ന് സീറ്റിലേയ്ക്കിരുന്നുകൊണ്ട് അദ്ദേഹം ചോദിച്ചു.

"...അതെ സാർ..." ഞങ്ങൾ വന്ന കാര്യം വിശദമായി പറഞ്ഞു. എല്ലാം കേട്ടിരുന്ന ശേഷം റിവോൾവിംഗ് ചെയറിൽ പുറകോട്ട് ചാഞ്ഞിരുന്ന് അൽപ്പ സമയം അദ്ദേഹം ആലോചനയിലാണ്ടു.

"..അപ്പോ...!! ഈ അർജുൻ സ്വമേധയാ പോയിരിക്കുന്നതാണ്... അവിടന്ന് എന്തെങ്കിലും കാണാതാവുകയോ മറ്റോ ഉണ്ടായോ... നിങ്ങൾ അന്വേഷിച്ചായിരുന്നോ..??"

"...ഇല്ല... സാർ.. മോഷണശ്രമം ഒന്നുമല്ല... മറ്റെന്തോ കാര്യമാണ്..??"

"..ഉം... എന്തായാലും നിങ്ങൾ പൊക്കോ.. ഞാൻ അന്വേഷിക്കാം... അർജുന്റെ അറിയാവുന്ന എല്ലാ ഫോൺ നമ്പരും, അയാളുടെ ബാങ്ക് അക്കൌണ്ട് നമ്പർ, ഒരു ഫോട്ടോ ഇത്രയും റൈറ്ററെ ഏൽപ്പിച്ചേരെ.. ഒപ്പം ദേവന്റെ നമ്പരും..."

"... താങ്ക്യൂ സാർ..."

"...മിസ്റ്റർ ദേവൻ...!! ഇത്തരം ഒരു കേസ്സ് പരാതിപോലും വാങ്ങാതെ അൺഒഫീഷ്യലായി അന്വേഷിക്കാമെന്നു ഞാൻ സമ്മതിച്ചത് മാണിക്യനോടുള്ള പരിചയം കൊണ്ടോ, നിങ്ങൾ വന്ന് ഇത്രയും പറഞ്ഞതുകൊണ്ടോ അല്ല..." പോകാനായി എഴുന്നേറ്റ ഞങ്ങളോട് അദ്ദേഹം അങ്ങനെ പറഞ്ഞപ്പോൾ എന്താണെന്ന് അറിയാനുള്ള ആകാംഷയോടെ ഞങ്ങൾ ശ്രദ്ധിച്ചു.

"...നിങ്ങളുടെ വീട്ടിലെ പെൺകുട്ടിയ്ക്കൊപ്പം പാവപ്പെട്ട മൂന്നു പെൺകുട്ടികളുടെ കൂടി വിവാഹം നടത്താൻ നിങ്ങൾ കാണിച്ച ആ വലിയ മനസ്സുകൊണ്ടാണ്... അതിനു പിന്നിലെ ബിസ്സിനസ്സ് തന്ത്രം എന്തായിരുന്നാലും നിങ്ങൾ ചെയ്യുന്നത് ഒരു മഹത്തായ കാര്യമാ... അപ്പോൾ ആ വിവാഹം നല്ല രീതിയിൽ നടക്കാൻ സഹായിക്കുക എന്നത് ഒരു പോലീസ് ഓഫീസർ എന്ന നിലയിൽ എന്റെ കടമയാണ്... അതുകൊണ്ട് മാത്രം...!! ഈ പരിഗണന എല്ലായ്പ്പോഴും കിട്ടില്ല എന്നർത്ഥം..." കാർക്കശ്യത്തോടെ അദ്ദേഹം പറഞ്ഞു നിർത്തുമ്പോൾ എനിക്കയാളോട് തോന്നിയ മതിപ്പ് കൂടി.. ഒപ്പം സമൂഹവിവാഹം എന്ന ഈ ആശയം കൊണ്ടുവന്ന എന്റെ അച്ഛനോടും ചെറിയച്ഛനോടും മനസ്സാലെ ഞാൻ നന്ദി പറഞ്ഞു.

അവിടെ നിന്നും ഇറങ്ങുമ്പോൾ അജുവിനെ കണ്ടെത്താൻ കഴിയും എന്ന് എനിക്ക് നല്ല പ്രതീക്ഷയുണ്ടായിരുന്നു... മാണിക്യന്റെയും അരുണിന്റെയും മുഖത്തും സംസാരത്തിലും ആ സന്തോഷം ഉണ്ടായിരുന്നു.. എന്നാലും തിരിച്ചു പോകുന്നവഴി ഞാൻ ദീപുവിനെയും സച്ചിയെയും വിളിച്ച് അന്വേഷിച്ചു.. അതുവരെ അജുവിനെക്കുറിച്ചു ഒരു വിവരവും കിട്ടിയില്ല എന്ന മറുപടിയാണ് അവർക്കും പറയാനുണ്ടായിരുന്നത്..

ഞങ്ങൾ തിരികെ എത്തുമ്പോൾ മുത്തിന്റെ ഉൾപ്പടെയുള്ള നാല് കല്യാണങ്ങളും ഭംഗിയായി നടന്നു എന്നറിയാൻ കഴിഞ്ഞു... അപ്പോഴും അനുപമയുടെ കാര്യത്തിലുള്ള അനിശ്ചിതത്വം തുടരുകയാണ്.. അതുകൊണ്ട് ആ കല്യാണം കൂടി കാണാൻ വേണ്ടി അമ്പലത്തിൽ എല്ലാവരും കാത്തിരിക്കുന്നു.. ഇടയ്ക്ക് ഞാൻ വിളിച്ചപ്പോഴെല്ലാം ചെറിയച്ഛൻ അത് സൂചിപ്പിക്കുകയും ചെയ്തു..

കൺവെൻഷൻ സെന്ററിൽ ഞങ്ങൾ എത്തുമ്പോൾ പതിനൊന്നേമുക്കാലായിരുന്നു... അജുവിനെ അന്വേഷിച്ചു പോയവരാരും തിരികെ എത്തിയിട്ടില്ല..

"...അവർ തമ്മിലുള്ള വിവാഹം നമ്മൾ നേരത്തേ പറഞ്ഞു വച്ചിരിക്കുന്നതല്ലേ അളിയാ... പിന്നെങ്ങനാ ഇതിപ്പോ നടത്തുന്നേ...??" അച്ചുമാമയുടെ ഈ വാക്കുകളാണ് ഹാളിലെത്തിയെ ഞങ്ങളെ വരവേറ്റത്..

ആ മിനി ഹാൾ നിറയെ ആളുകൾ ഉണ്ടായിരുന്നു... ഹാളിന്റെ വാതിലിനടുത്ത് വച്ചിട്ടുള്ള വലിയ നിലവിളക്കിന്റെ അടുത്ത് നിന്ന് അച്ഛനും അച്ചുമാമയും ചെറിയച്ഛനും ഒക്കെ സംസാരിക്കുന്നു.. അടുത്ത് അവർ പറയുന്നത് ശ്രദ്ധിച്ചുകൊണ്ട് അമ്മയും ചെറിയമ്മയും വസുന്ധരചിറ്റയും നിൽക്കുന്നു.. കുറച്ചുമാറി ഭക്ഷണം വിളമ്പുന്നതിനായി സാറ്റിൻ ക്ലോത്ത് വിരിച്ചിട്ടിട്ടുള്ള മേശയ്ക്കരികിൽ രവിയങ്കിളും മാധവേട്ടനും ചില ബന്ധുക്കളും ഇരിക്കുന്നു... ഒപ്പം മുന്നിലെ ടീപ്പോയിയിൽ വച്ചിട്ടുള്ള രാശിപ്പലകയിൽ കവിടി നിരത്തി എന്തൊക്കെയോ കണക്കുകൾ കൂട്ടുകയും ഇടയ്ക്ക് ലാപ്ടോപ്പിൽ നോക്കുകയും ചെയ്യുന്ന ആൾ ജ്യോത്സ്യനാണെന്ന് മനസ്സിലായി.. അയാൾക്കടുത്തു നിന്ന് അനുപമയുടെ ചില ബന്ധുക്കൾ എന്തൊക്കെയോ കുശുകുശുക്കുന്നു.

ഈ കാഴ്ചകളൊക്കെ ഇങ്ങനെ ഒരവസരത്തിൽ പ്രതീക്ഷിച്ചിരുന്നതായിരുന്നെങ്കിലും എന്റെ കണ്ണുടക്കിയത് ഇവരിൽ നിന്നൊക്കെ അൽപ്പം മാറി ഇരുന്ന അനുപമയിലാണ്... അടുത്ത് നിന്ന് തന്റെ ഭാവിയെപ്പറ്റി ആശങ്കപ്പെടുന്ന സ്വന്തം അമ്മയെയോ അമ്മായിമാരേയോ അഞ്ജനയേയോ, കൂട്ടുകാരികളായ ആദിയും, മീനാക്ഷിയും, വാവയും ഉൾപ്പെടുന്നവരെയോ, മാറി നിന്ന് തന്നെ കാണുന്ന സഹതാപത്തിന്റെ കണ്ണുകളോ ശ്രദ്ധിക്കാതെ നിറഞ്ഞ കണ്ണുകൾ തുടയ്ക്കാൻ പോലും ശ്രമിക്കാതെ നിർവ്വികാരയായി അവളിരിക്കുന്നു...

സർവാഭരണ വിഭൂഷിതയായി എഴുന്നള്ളിക്കാൻ ഒരുക്കി വച്ചിരിക്കുന്ന ദേവീവിഗ്രഹം പോലെ ഇരുന്നിരുന്ന അവളുടെ മനസ്സിൽ ഇപ്പോൾ എന്തായിരിക്കും..?? എല്ലാവരും തനിക്ക് വേണ്ടി അനുരൂപനായ മറ്റൊരു വരനെ കണ്ടെത്തുന്ന കാര്യം കൂലംകഷമായി ചർച്ച ചെയ്യുമ്പോഴും അവളുടെ കണ്ണുകൾ നിറഞ്ഞിരുന്നത് അജുവിനെക്കുറിച്ച് ഓർത്തായിരിക്കും എന്നെനിക്ക് തോന്നി... പ്രണയവിരഹം അതിന്റെ എല്ലാ തീവ്രതയോടും കൂടി അറിഞ്ഞ എനിക്ക് അവളുടെ അവസ്ഥ നന്നായി മനസ്സിലാവും... ഒരുപക്ഷേ മറ്റാരെക്കാളും.

അച്ഛനൊക്കെ സംസാരിച്ചുകൊണ്ട് നിന്നിരുന്നത് എന്റെ കാര്യമാണെന്ന് അവരുടെ സംസാരത്തിൽ നിന്നും മനസ്സിലായി.

അപ്പോഴേക്കും ഞാൻ അച്ഛന്റെയൊക്കെ അടുത്തേയ്ക്ക് വരുന്നത് കണ്ട് മാധവേട്ടനും സതീഷും കൂടി അടുത്തേയ്ക്ക് വന്നു.. ഒപ്പം ഏഴുമാസംപ്രായമായ വയറും ചുമന്നുകൊണ്ട് മീനാക്ഷിയും.. ഹാളിൽ പലരും എന്റെ പേര് പറയുന്നതും എന്നെ ചൂണ്ടി എന്തൊക്കെയോ സംസാരിക്കുകയും ചെയ്യുന്നുണ്ടായിരുന്നു..

"...മോനൂ... അവനെക്കുറിച്ച് വിവരമൊന്നും കിട്ടീല്ലാല്ലേ..."

"...ഇല്ലച്ചാ..."

"...ഉം... ഞങ്ങൾ നീ വരാൻ കാത്തിരിക്കുവാരുന്നു... മോനേ... നീ പറഞ്ഞപോലെ മറ്റ് നാല് കല്യാണങ്ങളും ഭംഗിയായി നടന്നു... ഇനി അനുപമയുടെ കാര്യത്തിൽ മാത്രമേ ഒരു തീർമാനം ആവാതുള്ളൂ... അതിനി തീരുമാനിക്കേണ്ടത് നീയാ..."

എന്റെ തോളിൽ പിടിച്ചുകൊണ്ട് അച്ഛൻ പറഞ്ഞത് മനസ്സിലാവാതെ ഞാൻ നിൽക്കുമ്പോൾ ചെറിയച്ഛൻ അടുത്തേയ്ക്ക് വന്ന് കാര്യങ്ങൾ വിശദീകരിച്ചു..

"...ദേവാ... അജുവിനെ കണ്ടുകിട്ടാൻ സാധ്യതയില്ലെങ്കിലും അനുപമയുടെ കല്യാണം മുടങ്ങാതെ നടക്കാൻ ഇവിടെയുള്ള വേറെ ഏതെങ്കിലും പയ്യന്മാരുടെ കാര്യം ആലോചിക്കണമെന്ന് നീ പറഞ്ഞിരുന്നല്ലോ... അപ്പോൾ തന്നെ ജ്യോത്സ്യനെ വിളിച്ചു വരുത്തി ഞങ്ങൾ അവളുടെ മുറച്ചെറുക്കന്മാർ ഉൾപ്പടെ നാലഞ്ചു പയ്യന്മാരുടെ ജാതകം അവളുടെതുമായി ഒത്തുനോക്കി... പക്ഷേ ചേരുന്ന ഒരു ജാതകം നിന്റെതാണ്... പിന്നെയുള്ളത് നമ്മുടെ സജീവന്റെ അളിയന്റെ മകൻ ശരത്തിന്റെയാണ്... പക്ഷേ മുഹൂർത്തത്തിന് മുന്പ് അവർക്ക് എത്താൻ കഴിയില്ല... അതാ നീ കൂടി വന്നിട്ട് ഒരു തീരുമാനം എടുക്കാമെന്ന് കരുതി ഇരുന്നത്..."

"...അതെ മോനൂ... എന്താ നിന്റെ അഭിപ്രായം..." അപ്രതീക്ഷിതമായി കാര്യങ്ങൾ കീഴ്മേൽ മറിയുന്നു.. ഈ സമയത്തിനിടയ്ക്ക് അജുവിനെത്തേടി നടക്കുമ്പോഴും അനുപമയ്ക്ക് വരാനായി എന്റെ പേര് പരിഗണിക്കേണ്ടി വരുമെന്ന് സ്വപനത്തിൽ പോലും ഞാൻ ചിന്തിച്ചിരുന്നില്ല... ആ ഹാൾ മുഴുവൻ നിശബ്ദമായി... എല്ലാ കണ്ണുകളും എന്റെ നേർക്കായി... പരസ്യമായി തുണിയില്ലാതെ നിൽക്കുന്നവന്റെ അവസ്ഥയായി എന്റെത്.

"...നീയെന്താ... ഒന്നും മിണ്ടാത്തെ... നിനക്ക് ഈ കല്യാണത്തിനു സമ്മതമല്ലേ...??" അച്ഛൻ വീണ്ടും എന്റെ കൈപിടിച്ചുകൊണ്ട് ചോദിച്ചു... എനിക്കെന്തൊക്കെയോ പറയണമെന്നുണ്ട്.. പക്ഷേ ഒരു തീർമാനം എടുക്കാനാവാതെ ഞാൻ കുഴങ്ങി നിന്നു... അച്ചുമാമ എന്തോ പറയാനായി വന്നെങ്കിലും അച്ഛൻ തടഞ്ഞു.. ഇതുകണ്ട് അമ്മ എന്റെ അടുത്തു വന്നു.

"..കുട്ടാ... നിന്നെ ആരും നിർബന്ധിക്കുന്നില്ല... നിനക്ക് ഇഷ്ടമാണെങ്കിൽ മാത്രമേ ഈ കല്യാണം നടത്തൂ... അതുകൊണ്ട് മോൻ ആലോചിച്ച് ഒരു തീരുമാനം എടുത്താൽ മതി..." അമ്മയ്ക്ക് ഞാനും ആദിയും തമ്മിലുള്ള വിവാഹം നടത്തണമെന്നാണ് ആഗ്രഹം.. അതുകൊണ്ടാണ് അമ്മയങ്ങനെ പറഞ്ഞതെന്ന് എനിക്ക് മനസ്സിലായി... അനുപമയുടെ സ്ഥാനത്ത് അഞ്ജനയായിരുന്നെങ്കിൽ എനിക്ക് നൂറുവട്ടം സമ്മതമായിരുന്നു... പക്ഷേ മുടങ്ങി നിൽക്കുന്ന കല്യാണം നടത്തി പെൺവീട്ടുകാരുടെ മാനം രക്ഷിക്കാനുള്ള തത്രപ്പാടിനിടയിൽ ഇപ്പോൾ അനുപമയുടെ അവസ്ഥ ആരും ചിന്തിക്കുന്നില്ല... അജുവിനെ സ്നേഹിച്ച്

അവനോപ്പമുള്ള ജീവിതം സ്വപ്നം കണ്ട് കഴിഞ്ഞിരുന്ന പെണ്ണാണ് അനുപമ... അതുകൊണ്ട് തന്നെ അവളെ വിവാഹം കഴിക്കാൻ ഞാൻ തീരുമാനിക്കുന്നത് ആലോചിച്ചുവേണം എന്ന് എന്റെ മനസ്സിലിരുന്ന് ആരോ പറയുന്നപോലെ തോന്നി.

മറുപടിയില്ലാതെ ഞാൻ നിൽക്കുന്ന കണ്ട് മാധവേട്ടനും സതീഷും മീനുവും എന്റെ അടുത്തു വന്നു.

"...മോനേ ദേവാ... നിന്നെ അപേക്ഷിച്ച് സാമ്പത്തികമായിട്ടൊക്കെ അനുപമയ്ക്കും അവളുടെ വീട്ടുകാർക്കും ഒരുപാട് അന്തരമുണ്ട്... പക്ഷേ ഇങ്ങനെ ഒരവസരത്തിൽ അവരെ രക്ഷിക്കാൻ ഇപ്പോ നീ മാത്രമേ ഉള്ളൂ... മുന്പ് അനുമോൾടെ ഒരു വിവാഹം നിശ്ചയം വരെ എത്തി മുടങ്ങിയതാ... പിന്നീട് വന്ന പല ആലോചനകളും ജാതകത്തിന്റെ പേരും പറഞ്ഞു മുടങ്ങി... ഇതും കൂടി മുടങ്ങിയാ ജാതകദോഷമുള്ള പെണ്ണാണെന്നും പറഞ്ഞ് അവൾക്കിനി വേറെ ആലോചനകൾ വരുമോ എന്നും സംശയാണ്... തന്നെയുമല്ല ചീത്തപ്പേര് വേറെയും... അതുകൊണ്ട് നീ സമ്മതിക്ക് മോനേ..."

"...അതെ ദേവാ... മുൻപ് അനുവിന് ആലോചിച്ചിരുന്ന പയ്യന് വേറെ ഒരു അഫയർ ഉണ്ടായിരുന്നു എന്നറിയുന്നത് നിശ്ചയത്തിന്റെ തലേന്നാ... എന്നിട്ടും ജാതകദോഷം എന്ന പഴി മുഴുവൻ കേട്ടത് പാവം അനുവാണ്... ഇതിപ്പോ കല്യാണം വരെ എത്തിയിട്ട് മുടങ്ങിയാ പിന്നെ പറയണോ... അവളൊരു പാവമാടാ... കാശിന്റെ കുറവുണ്ടെന്നെ ഉള്ളൂ... അത് നിനക്കൊരു പ്രശ്നാവില്ലെന്നും എനിക്കറിയാം... നീ ആലോചിക്ക്..." മീനു മാധവേട്ടന്റെ അഭിപ്രായത്തെ പിന്താങ്ങിക്കൊണ്ട് എന്നെ നിർബന്ധിച്ചുകൊണ്ടിരുന്നു... ഇരുപത്തൊന്നാം നൂറ്റാണ്ടിലും ജാതകം നോക്കി കല്യാണം നടത്തുന്ന സമ്പ്രദായത്തെ മൊത്തം എതിർത്തുകൊണ്ട് സതീഷും അവളുടെ ഒപ്പം കൂടി... അവസാനം ഞാൻ മൌനം വെടിഞ്ഞു.

"...മീനൂ നിങ്ങൾ പറഞ്ഞതൊക്കെ ശരി തന്നെയാ... എന്നാൽ അനുപമയുടെ കല്യാണം മുടങ്ങുന്നു എന്നതാണോ ഇപ്പോ ഏറ്റവും വലിയ പ്രശ്നം... അജുവിന് എന്തുപറ്റി എന്നുപോലും അറിയാതെ നിൽക്കുമ്പോൾ ഈ കല്യാണം നടത്തേണ്ടതിനേക്കാൾ അത്യാവശ്യം അവനെ കണ്ടെത്തുക എന്നതല്ലേ..?? ഒരുപക്ഷേ നീതീകരിക്കാവുന്ന ഒരു കാരണം കൊണ്ടാണ് അവൻ മാറിനിൽക്കുന്നതെങ്കിൽ അനുപമയുടെ കല്യാണം മറ്റൊരാളുമായി നടത്തുന്നത്

അവര് രണ്ടുപേരോടും ചെയ്യുന്ന തെറ്റല്ലേ...??" എന്റെ ചോദ്യം കേട്ട് മീനു ഒരു നിമിഷം മൌനമായി.. മറുപടി പറഞ്ഞത് സതീഷാണ്.

"...ഹും.. അവൻ സ്നേഹിച്ച പെണ്ണിനെക്കുറിച്ച് അത്രയധികം കൺസേൺ അവനുണ്ടായിരുന്നെങ്കിൽ... ഈ കല്യാണം മുടങ്ങി അനുപമയും വീട്ടുകാരും എല്ലാവരുടെയും മുൻപിൽ ഇങ്ങനെ നാണംകേട്ട് നിൽക്കുന്ന ഒരവസ്ഥ അവനുണ്ടാക്കുമായിരുന്നോ...?? അതുകൊണ്ട് അതുകള... നിനക്ക് അനുവിനെ കെട്ടാൻ സമ്മതമാണോ ഇല്ലയോ എന്ന് പറ..." സതീഷ് അൽപ്പം ശബ്ദമുയർത്തിയാണ് അത് പറഞ്ഞത്... അവന്റെ രോഷം എനിക്ക് മനസ്സിലായി... അവൻ പറഞ്ഞ കാര്യം ചിന്തിക്കാതെയല്ല ഞാൻ അങ്ങനെ പറഞ്ഞത്... പക്ഷേ...??? മീനു അവന്റെ കൈയിൽ പിടിച്ചു അവന്റെ ചെവിയിൽ എന്തോ പറഞ്ഞു... അവൻ പിന്നെയൊന്നും പറഞ്ഞില്ല..

"...ദേവാ... ഈ കല്യാണത്തിന് ശ്രീമംഗലത്ത് വന്നപ്പോൾ മുതൽ അനുപമ നമ്മുടെ വീട്ടിലെ കുട്ടിയാ... നമ്മുടെ മുത്തിനേയും മാളുവിനേയും പോലാ എനിക്കവളും... അവരിലാർക്കെങ്കിലുമാണ് ഇങ്ങനെ ഒരനുഭവം എങ്കിൽ നമ്മളൊക്കെ എത്രത്തോളം വിഷമിക്കും എന്ന് നിനക്ക് ഞാൻ പറഞ്ഞു തരണ്ട കാര്യമില്ല... അത് നമുക്കുണ്ടാക്കുന്ന മാനക്കേട് എത്രയായിരിക്കുമെന്നും നിനക്കറിയാല്ലോ..?? അതുകൊണ്ടാ ഞാൻ നിന്നെ നിർബന്ധിക്കുന്നത്... മുഹൂർത്തം തീരാൻ അധികം സമയമില്ല... നീ വേഗം ഒരു തീരുമാനം എടുക്കണം..." അച്ഛൻ എന്റെ കൈയിൽ പിടിച്ചുകൊണ്ട് പറഞ്ഞു..

ആ സമയം അരുണിന്റെ കൈയിൽ താങ്ങിപ്പിടിച്ചുകൊണ്ട് മാലിനി മേമ്മ എന്റെ അടുത്തേയ്ക്ക് വന്നു... മേമ്മയുടെ മനസ്സിന്റെ തളർച്ച ശരീരഭാഷയിൽ വ്യക്തമായിരുന്നു..

"...അമ്മയെ ഒന്ന് ഹോസ്പിറ്റലിൽ കാണിക്കണം.. ഞങ്ങള് പോവാ ഏട്ടാ... അജുവേട്ടനില്ലാതെ ഇനി ഇവിടെ നിന്നിട്ടും കാര്യമില്ലല്ലോ..??" ഞാൻ അവന്റെ കൈകൾ കവർന്ന് ശരിയെന്ന അർത്ഥത്തിൽ തലയാട്ടി... ഈ സമയം മേമ്മ എന്റെ കൈയിൽ പിടിച്ചു..

"...മോനേ..!! നിങ്ങൾ ഇവിടെ സമസാരിച്ചതൊക്കെ ഞാൻ കേട്ടു... എന്റെ മോൻ കാരണം അനുമോൾടെ കണ്ണുനിറഞ്ഞാൽ ആ ശാപം അവന്റെ ജീവിതം തന്നെ

ഇല്ലാതാക്കും.. അതിനു നീ ഇടവരുത്തരുത്... നീയും എന്റെ മോനല്ലേടാ... അവളെ നീ വിവാഹം കഴിക്കണമെന്നാ എന്റെയും ആഗ്രഹം..” എന്നെ അനുഗ്രഹിക്കുന്ന പോലെ തലയിൽ പതുക്കെ തലോടി അരുണിന്റെ കൈയും പിടിച്ചു മേമ്മ നടന്നകന്നു..

ഞാൻ അനുപമയുടെ അടുത്തേയ്ക്ക് നടന്നു.. രവിയങ്കിളിനെ കടന്നുപോകുമ്പോൾ അപമാനഭാരംകൊണ്ട് തലകുമ്പിട്ടിരിക്കുന്ന അദ്ദേഹത്തിന്റെ മുഖം കണ്ടപ്പോൾത്തന്നെ എന്റെ മനസ്സിൽ തീരുമാനം എടുത്തു കഴിഞ്ഞിരുന്നു.. ഞാൻ വരുന്നകണ്ട് കസേരയിൽ തലകുനിച്ചിരുന്ന അനുപമയോട് വാവ എന്തോ പറഞ്ഞു... അനുപമ വേഗം എഴുന്നേറ്റ് നിന്നു.. അപ്പോഴും അവൾ എന്റെ നേരെ നോക്കിയില്ല... അടുത്ത് നിന്ന ആദി എന്റെ നേരെ ദയനീയമായി നോക്കി... സമ്മതിക്കല്ലേ എന്നൊരു യാചന അവളുടെ കണ്ണുകളിൽ ഉണ്ടായിരുന്നു..

“...അനൂ... ഇത് നിന്റെ ജീവിതമാണ്... എന്റെ അഭിപ്രായത്തിൽ ഇന്ന് ഈ കല്യാണം നടക്കേണ്ടതിനേക്കാൾ അത്യാവശ്യം അജുവിനെ കണ്ടെത്തുക എന്നതാ... അവന് എന്ത് സംഭവിച്ചു എന്നാ ആദ്യം അറിയേണ്ടത്... ഇനി നിന്നെ വിവാഹം ചെയ്യാൻ താൽപ്പര്യമില്ലാതെയാണ് അവൻ മാറിനിൽക്കുന്നതെങ്കിൽ അതറിഞ്ഞ ശേഷമായാലും നിനക്ക് അനുയോജ്യനായ ഒരാളെ വിവാഹം കഴിക്കാൻ സാധിക്കും... അത് ഞാനാവണമെന്നാണെങ്കിൽ എനിക്ക് സമ്മതമാണ്... പക്ഷേ തീരുമാനം എടുക്കേണ്ടത് നീയാ...” അനു അപ്പോഴും തലകുമ്പിട്ട് നിൽക്കുകയാണ്... ഒരു മണൽത്തരി വീണാൽ പോലും കേൾക്കാൻ കഴിയുന്ന തരത്തിൽ ആ ഹാൾ നിശബ്ദമായി.

“....എനിക്ക് സമ്മതം..” പതുക്കെയാണെങ്കിലും ഉറച്ച സ്വരത്തിൽ അനുപമ എന്റെ കണ്ണുകളിൽ നോക്കി പറഞ്ഞു നിർത്തി... ആ വലിയ പീലിക്കണ്ണുകളിൽ അപ്പോൾ എന്തായിരുന്നു...?? ഒരേ സമയം ഒരുപാട് പേരിൽ നിന്നും ആശ്വാസത്തിന്റെ നെടുവീർപ്പുയർന്നു... എന്നാൽ തുളുമ്പി നിന്നിരുന്ന ആദിയുടെ കണ്ണുകൾ നിശബ്ദമായി നിറഞ്ഞൊഴുകി..

പിന്നീടെല്ലാം പെട്ടന്നായിരുന്നു... എന്റെ ജാതകം ചേരുമെന്ന് കണ്ടപ്പോൾ തന്നെ എനിക്കുള്ള ഡ്രസ്സ് അച്ഛൻ ഹാളിൽ എത്തിക്കുന്നതിന് ഏർപ്പാട് ചെയ്തിരുന്നു... വേഗം ഞാൻ ഇട്ടിരുന്ന കുർത്ത മാറി ആ ഷർട്ട് എടുത്തിട്ട് ഇറങ്ങിയപ്പോഴേക്കും ഹാളിൽ നിന്നിരുന്നവരെല്ലാം അമ്പലത്തിലേയ്ക്ക് പോയിക്കഴിഞ്ഞിരുന്നു... അമ്പലത്തിൽ അജുവിനെ പ്രതീക്ഷിച്ചു നിന്നിരുന്നവർ വരന്റെ വേഷത്തിൽ

ഞാൻ വരുന്നത് കണ്ട് അന്തം വിട്ട് നിൽക്കുമ്പോൾ മണ്ഡപത്തിലേയ്ക്ക് കയറി നിന്ന് അച്ഛൻ എല്ലാവരോടുമായി അജു ഈ വിവാഹത്തിൽ നിന്നും ഒരു പ്രത്യേക സാഹചര്യത്തിൽ പിന്മാറി എന്നും അതിനാൽ ഞാനാണ് വരൻ എന്നും അനൌൺസ് ചെയ്തു...

അച്ഛൻ പറഞ്ഞത് കേട്ട് ആളുകൾക്കിടയിൽ നിന്നും കുശുകുശുപ്പുകൾ ഉയരുമ്പോൾ മുത്ത് വേഗം കഴുത്തിൽ കിടന്ന പൂമാല ഊരി സഞ്ജുവിന്റെ കൈയിൽ കൊടുത്തിട്ട് മണ്ഡപത്തിലേയ്ക്ക് കയറി അനുവിന്റെ ഒപ്പം വന്നു നിന്നു...

വാദ്യമേളങ്ങൾ ഉച്ചസ്ഥായിയിൽ മുഴങ്ങുമ്പോൾ മുഹൂർത്തം തീരാൻ നിമിഷാർത്ഥം മാത്രം ബാക്കി നിൽക്കേ കണ്ണടച്ച് കൈകൂപ്പി നിൽക്കുന്ന ആ അനുപമ സൌന്ദര്യത്തെ പൂജിച്ച ആലിലത്താലി ചാർത്തി ഞാൻ സ്വന്തമാക്കി... പെങ്ങളുടെ ജന്മാവകാശം പോലെ എനിക്ക് താലികെട്ടാനായി മുത്ത് അനുവിന്റെ മുടി പുറകിൽ നിന്നും പിടിച്ച് കഴുത്തിന്റെ ഭാഗത്ത് നിന്നും മാറ്റിത്തന്നു... അനുവിന്റെ അച്ഛൻ അവളെ എന്റെ കൈപിടിച്ച് ഏൽപ്പിക്കുമ്പോഴോ, അഗ്നിയെ വലം വയ്ക്കുമ്പോഴോ ഒന്നും അനു എന്റെ മുഖത്തേയ്ക്ക് നോക്കിയില്ല... തലകുനിച്ച് യാന്ത്രികമായി എല്ലാം അനുസരിച്ചു നിന്നു എന്ന് മാത്രം..

താലികെട്ടു കഴിഞ്ഞ് ഭഗവാന്റെ മുൻപിൽ കൈകൂപ്പി നിൽക്കുമ്പോൾ ഇവൾക്കൊപ്പം ദീർഘകാലം സന്തോഷമായി ജീവിക്കാൻ അനുഗ്രഹിക്കണേ എന്ന് പ്രാർത്ഥിക്കുന്ന ഒപ്പം ഞാൻ ഒന്നുകൂടി പ്രാർത്ഥിച്ചിരുന്നു... ആദി എന്നേം ഇവളേം കൊല്ലാതെ കാത്തോളണേ എന്ന്...

കല്യാണം കഴിഞ്ഞ് കൺവെൻഷൻ സെന്ററിലേയ്ക്ക് എന്റെ കാറിന്റെ പിൻസീറ്റിൽ അനുവിന്റെ ഒപ്പം ഇരിക്കുമ്പോൾ എന്റെ മനസ്സ് പ്രക്ഷുബ്ധമായിരുന്നു... എല്ലാം ശുഭമായി അവസാനിച്ചു എന്ന് ഇനിയും പറയാറായിട്ടില്ല... അജു എപ്പോൾ വേണമെങ്കിലും തിരിച്ചു വരാം... അപ്പോൾ അവന് പറയാനുള്ളത് എന്തായിരിക്കും എന്നത് ഇപ്പോഴും ഒരു സമസ്യയാണ്... അതിനേക്കാൾ ആദി ഇനി എങ്ങനെയായിരിക്കും പ്രതികരിക്കുക എന്നറിയില്ല...

ഇത്രയും ദിവസം എന്റെ സ്നേഹം പിടിച്ചു പറ്റാൻ എനിക്ക് കിടന്നുതരാൻ പോലും മടിയില്ലാതിരുന്ന, ഇന്നലെപ്പോലും എന്റെ കൈകോർത്ത് നടന്നിരുന്ന ആ പാവം പിടിച്ച പെണ്ണ് എന്ന ഭാവം മാറി ആ പഴയ രുദ്രകാളിയുടെ ഭാവത്തിലേയ്ക്ക് അവൾ എത്തിയിട്ടുണ്ടാകും എന്നുറപ്പ്.. എങ്കിലും അവളെക്കുറിച്ച് ഓർത്തപ്പോൾ അറിയാതെ എന്റെ ഉള്ളം നീറി...

കാർ ഓടിക്കുന്നത് മാണിക്യനാണ്... മുൻസീറ്റിൽ പിന്നെയുള്ളത് അഞ്ജനയാണ്... അവൾ വളരെ ഹാപ്പിയായിരുന്നു... ഇടയ്ക്ക് എന്നെയും അനുവിനെയും കിട്ടത്തക്ക രീതിയിൽ ഒരു സെൽഫിയെടുത്ത് എഫ്.ബി.യിൽ ഇടുന്ന തിരക്കിലാണ് അവൾ.. ഇടയ്ക്ക് തിരിഞ്ഞു നോക്കിയ മാണിക്യന്റെ മുഖത്ത് ഒരു വളിച്ച ചിരി ഉണ്ടായിരുന്നു.. തെണ്ടി.. ഇവിടെ എനിക്ക് പ്രാണവേദന അപ്പോഴാണ് അവന്റെ ഇളി...

കൺവെൻഷൻ സെന്ററിൽ എത്തിയ ഉടൻ സാരിമാറി മന്ത്രകോടി ഉടുക്കാനായി അനു ഗ്രീൻറൂമിലേയ്ക്ക് പോയി.. അഞ്ജനയും ആദിയും വാവയും ഒക്കെ അവൾക്കൊപ്പം ഉണ്ടായിരുന്നു... എനിക്ക് പിന്നെ ഡ്രസ്സ് മാറണ്ടായിരുന്നതിനാൽ ഞാൻ മറ്റ് നാല് മണവാളന്മാർക്കൊപ്പം ഹാളിലെ പ്രത്യേകം തയ്യാറാക്കിയ ഇരിപ്പിടങ്ങളിൽ ഒന്നിൽ ഇരുന്നു...

കുറച്ചു കഴിഞ്ഞ് മണവാട്ടികൾ എല്ലാവരും മന്ത്രകോടി ഉടുത്തു വന്നു... കൂട്ടത്തിൽ ഏറ്റവും സുന്ദരി അനുവാണെന്ന് തോന്നി... ആ ചുവന്ന പട്ടുസാരിയിൽ അവൾക്ക് അത്രയേറെ അഴക് തോന്നിച്ചു.. മുത്തും ഒട്ടും മോശമല്ല...

അഞ്ച് കപ്പിൾസും ആ വലിയ സ്റ്റേജിൽ നിരന്നു നിൽക്കുമ്പോൾ നടുക്ക് നിന്നിരുന്നത് മുത്തും സഞ്ജുവും ആയിരുന്നു.. അവരുടെ തൊട്ട് വലതു വശത്തായി ഞാനും അനുവും... മധുരം നൽകുന്ന ചടങ്ങും ഫോട്ടോ സെക്ഷനും ഒക്കെയായി ചടങ്ങുകൾ പുരോഗമിക്കുമ്പോൾ ഞാൻ അനുവിനെ ശ്രദ്ധിച്ചു... എനിക്കൊപ്പം നിൽക്കുന്നുണ്ട് എന്നല്ലാതെ അവളുടെ മനസ്സ് ഇവിടെയില്ല എന്ന് തോന്നി... അവളെന്നെയൊന്നു നോക്കുന്നു പോലുമില്ല... ഇടയ്ക്ക് പരിചയപ്പെടാനും ഒപ്പം നിന്ന് ഫോട്ടോയെടുക്കാനും വന്ന ആളുകൾ അവളോടായി ചോദിച്ചതിനോക്കെ നനുത്ത മൂളൽ മാത്രമായിരുന്നു മറുപടി...

കൂടെയുള്ള മറ്റ് കപ്പിൾസ് വളരെ സന്തോഷത്തോടെ സംസാരിക്കുകയും തമാശകൾ പറഞ്ഞ് ചിരിക്കുകയും ഒക്കെ ചെയ്യുമ്പോൾ ഭാര്യയോട് എന്ത് സംസാരിക്കണം എന്നുപോലും അറിയാതെ ഞാൻ നിന്നു... ചടങ്ങുകൾ കഴിഞ്ഞ് ഭക്ഷണം കഴിക്കാൻ ഇരുന്നപ്പോഴും എന്റെ അടുത്ത് അവൾ ഇരിക്കുന്നു എന്ന് മാത്രമേ ഉള്ളൂ.. എന്നെയൊന്നു നോക്കുകപോലും ചെയ്യാതെ അവൾ വേഗം ഭക്ഷണം കഴിച്ച് തീർത്തു... ഞാനപ്പോഴും കഴിച്ച് കഴിഞ്ഞിട്ടുണ്ടായിരുന്നില്ല... രാവിലെ മുതൽ ഓരോ കാര്യങ്ങൾക്കായി ഓടി നടന്നാതാണെങ്കിലും എനിക്ക് കഴിക്കാൻ തോന്നിയില്ല..

കഴിച്ചു കഴിഞ്ഞിട്ടും മറ്റുള്ളവർ എന്ത് കരുതും എന്ന് തോന്നിയിട്ടാവണം ഞാൻ കഴിച്ചു തീരാൻ വേണ്ടി അനു വെറുതെ വെള്ളം സിപ് ചെയ്തുകൊണ്ടിരുന്നു...

"...കഴിച്ചു കഴിഞ്ഞെങ്കിൽ താൻ എഴുന്നേറ്റോ..." അത് കേൾക്കാൻ കാത്തിരുന്നപോലെ അവൾ വേഗം എഴുന്നേറ്റുപോയി.. അപ്പോഴും എന്നെ നോക്കിയതുപോലുമില്ല... അതെന്നെ ചെറുതായിട്ടെങ്കിലും വേദനിപ്പിച്ചു...

ഉച്ചകഴിഞ്ഞ് മുത്തും സഞ്ജുവും സഞ്ജുവിന്റെ വീട്ടിലേയ്ക്ക് യാത്രയായി... സാധാരണ ഇങ്ങനെ ഒരവസരത്തിൽ മുത്ത് സങ്കടപ്പെടേണ്ടതാണ്... എന്നാൽ അവളുടെ ആഗ്രഹംപോലെ എന്റെ കല്യാണവും അവളുടെ ഒപ്പം നടന്നതുകൊണ്ട് അവൾ വളരെ ഹാപ്പിയായിരുന്നു... നാത്തൂനെ വിശദമായി പരിചയപ്പെടാൻ അടുത്ത ദിവസം തന്നെ എത്തിയെക്കാമെന്നും പറഞ്ഞ് അവൾ എന്നെ ഇറുകെകെട്ടിപ്പിടിച്ച് ഉമ്മയും തന്ന് പോയി... അച്ഛനും അമ്മയും ഒഴികെ ബാക്കി ഞങ്ങളുടെ ബന്ധുക്കളൊക്കെ അവർക്കൊപ്പം സഞ്ജുവിന്റെ വീട്ടിലെ വിരുന്നു സൽക്കാരത്തിൽ പങ്കെടുക്കാൻ പോയി... അവസാനം അനുവിന്റെ വീട്ടുകാർക്കും ബന്ധുക്കൾക്കും ഒപ്പം ഞാൻ മാത്രമായി...

മറ്റ് പെൺകുട്ടികളും അവരുടെ ഭർത്താക്കന്മാരോടൊപ്പം സന്തോഷത്തോടെ യാത്രയായി.. ഞങ്ങളോട് ഒരുപാട് നന്ദിയും പറഞ്ഞാണ് അവരുടെ വീട്ടുകാരൊക്കെ പോയത്...

കൺവെൻഷൻ സെന്ററിൽ നിന്ന് ശ്രീമംഗലത്തെയ്ക്ക് പോകാനായി ഞങ്ങളും ഇറങ്ങിയപ്പോൾ അനുവിന്റെ അച്ഛനും അമ്മയും എന്റെ അടുത്തേയ്ക്ക് വന്നു.. ചടങ്ങനുസരിച്ച് ഇന്നത്തെ ദിവസം പെണ്ണിന്റെ അച്ഛനമ്മമാർ ചെറുക്കന്റെ

വീട്ടിലേയ്ക്ക് പോകാൻ പാടില്ലാത്രേ.. അതുകൊണ്ട് അവർ വരുന്നില്ല നാട്ടിലേയ്ക്ക് പോകുകയാണെന്ന് പറഞ്ഞു...

രവിയങ്കിളിനു എന്നോട് അതുവരെയില്ലാത്ത സ്നേഹം... എന്നെ കെട്ടിപ്പിടിച്ചാണ് പുള്ളിക്കാരൻ അത് പ്രകടിപ്പിച്ചത്... പുള്ളിയെ ഇനിമുതൽ ഞാൻ "അച്ഛാ" എന്ന് വിളിച്ചാൽ മതി എന്നോരുപദേശവും... അനുവിന്റെ അമ്മ രാധമ്മയും എന്നോട് ഒരുപാട് സംസാരിച്ചു... അപ്പോഴാണ് സത്യത്തിൽ ഞാൻ അവരെ കാണുന്നത്.. അനുവിനെപ്പോലെ തന്നെ.. അവരുടെ ഫോട്ടോസ്റ്റാറ്റ് കോപ്പിയാണ് അനു എന്ന് തോന്നും... അവർക്ക് അൽപ്പം കൂടി തടിയുണ്ടെന്ന് മാത്രം... കണ്ടാൽ അനുവിന്റെം അഞ്ചുവിന്റെം ചേച്ചിയാണ് എന്നേ പറയൂ...

യാത്രപറയുമ്പോൾ അനു അവരെ കെട്ടിപ്പിടിച്ചു കരഞ്ഞു... അഞ്ജനയും ആ കൂട്ടത്തിൽ കരയാൻ തുടങ്ങിയപ്പോൾ ഒരു ശോകനാടകത്തിനു അറിയാതെ ടിക്കറ്റ് എടുത്ത് കേറി പെട്ടുപോയ അവസ്ഥയിലായിരുന്നു ഞാൻ...

"...ദേവാ... എന്റെ മക്കള് രണ്ടും കല്യാണം കഴിഞ്ഞാലും വിളിച്ചാൽ വിളികേൾക്കുന്ന ദൂരത്തുണ്ടാവണമെന്നാ ഞാൻ ആഗ്രഹിച്ചിരുന്നത്.. അതുകൊണ്ടാ വീട്ടീന്ന് അധികം ദൂരെയല്ലാത്ത അജുവിന്റെ ആലോചന വന്നപ്പോൾ മറ്റൊന്നും കാര്യമായി നോക്കാതെ ഞങ്ങള് സമ്മതിച്ചത്... ഇതിപ്പോ ഇത്രയും ദൂരം...!! അതിന്റെ വിഷമം ഞങ്ങൾക്കുണ്ട്..." പെണ്ണുങ്ങളുടെ ശോകനാടകത്തിൽ നിന്നും തടിതപ്പി കുറച്ച് മാറി നിന്ന എന്റെ അടുത്തു വന്ന് വളരെ വികാരാധീനനായാണ് രവിയങ്കിൾ സംസാരിച്ചത്.

"...അച്ഛാ.. അനുവിന്റെ ഇപ്പോഴത്തെ അവസ്ഥ എനിക്ക് മനസ്സിലാവും.. അതുകൊണ്ട് കുറച്ചു ദിവസം അഞ്ചു ഇവിടെ നിക്കട്ടെ... പിന്നെ ഞാനും അനുവും തമ്മിൽ ശരിക്ക് പരിചയപ്പെട്ടിട്ട് കൂടിയില്ല... പുതിയ വീടും നാടും ഒക്കെയായി അവളൊന്ന് ഇണങ്ങുന്ന വരെ അഞ്ചുകൂടെയുണ്ടെങ്കിൽ അവൾക്കതൊരു ആശ്വാസമാവും..."

"...അവളുടെ വിഷമം കണ്ടിട്ട് മോൻ പറഞ്ഞത് ശരിയാണെന്ന് എനിക്കും തോന്നുന്നു..." പുള്ളിക്കാരൻ അഞ്ചുവിനെ മാറ്റി നിർത്തി സംസാരിച്ചു... അവൾക്ക് ഇവിടെ നിക്കാൻ സമ്മതമായിരുന്നു... പക്ഷേ സ്റ്റഡി ലീവാണെന്നും വെള്ളിയാഴ്ച്ച എക്സാം ഉണ്ടെന്നും പറഞ്ഞു... അവളുടെ സ്റ്റഡി മെറ്റീരിയൽസ്

വീട്ടിൽ നിന്നും ഇവിടെ എത്തിക്കാനുള്ള ഏർപ്പടുണ്ടാക്കാം എന്ന് പറഞ്ഞപ്പോൾ അവൾക്ക് സന്തോഷമായി... അനുവിന്റെ വീട്ടിലേയ്ക്ക് നാലാം ദിവസം വിരുന്നിന് ഞങ്ങൾ പോകുന്നവരെ അഞ്ചുകൂടി അനുവിന് കൂട്ടായി നിൽക്കട്ടെ എന്ന് തീരുമാനിച്ചു.

അനുവിന്റെ വീട്ടുകാരെ യാത്രയാക്കി ഞങ്ങൾ ശ്രീമംഗലത്തേയ്ക്ക് പുറപ്പെട്ടു... ഇത്തവണ പിൻസീറ്റിൽ എനിക്കും അനുവിനും ഒപ്പം അഞ്ജുവും ഇരുന്നു... മുൻപിൽ മാണിക്യനൊപ്പം പഞ്ചമിയും കുട്ടികളും ഇരുന്നു... ഇരുപത് മിനിറ്റ് യാത്രയുണ്ടായിരുന്നു ശ്രീമംഗലത്തെയ്ക്ക്..

യാത്രയ്ക്കിടയിൽ അഞ്ചു പലപ്പോഴും എന്നോട് സംസാരിക്കാനായി തിരിയുമ്പോഴൊക്കെ എന്റെ അടുത്തിരുന്ന അനുവിന്റെ വാഴത്തടപോലുള്ള തുട എന്റെ തുടയിലമർന്നു... എന്റെ ഇടതുവശത്തിരിക്കുന്ന അവളുടെ തോൾ എന്റെ കൈത്തണ്ടയിൽ മുട്ടുന്നുണ്ടെങ്കിലും സ്ലീവിനു താഴെ നന്ഗ്നമായ കൈത്തണ്ട എന്റെ കൈയിൽ ഉരയാതിരിക്കാൻ അവൾ വലതുകൈ ഇടത്ത് വശത്തേയ്ക്ക് ഒതുക്കി പിടിച്ചിരിക്കുകയായിരുന്നു... ഇടയ്ക്ക് കൺകോണിലൂടെ അവളെന്നെയൊന്നു പാളിനോക്കി... അത് ഞാൻ കണ്ടു എന്ന് മനസ്സിലായപ്പോൾ ആ കവിളുകൾ അരുണാഭമായി... ചുണ്ടുകളിൽ ചെറിയ ഒരു പുഞ്ചിരിയുടെ ലാഞ്ചന... ഈ സമയത്തിനിടയ്ക്ക് പോസിറ്റീവായ ഒരു സൈൻ ഞാൻ കണ്ടത് അത് മാത്രമാണ്... പക്ഷേ നിമിഷാർദ്ധത്തിന്റെ ആയുസ്സുപോലും അതിനുണ്ടായില്ല.. എന്തോ ആലോചിച്ചിട്ടെന്നപോലെ അടുത്ത നിമിഷം അവിടെ ഒരുതരം ഈർഷ്യ സ്ഥാനം പിടിച്ചു.. ഇടയ്ക്ക് അഞ്ചു എന്തോ അവളുടെ ചെവിയിൽ പറഞ്ഞപ്പോൾ ആ വലിയ കണ്ണുകളുരുട്ടി അവൾ അഞ്ചുവിനെ ശാസിക്കുന്ന കണ്ടു...

ഞാനുമായി അധികം പരിചയമില്ലാത്തതിന്റെ ഒരു ചമ്മൽ ഉണ്ടെന്നതൊഴിച്ചാൽ എന്നോടുള്ള അപരിചിതത്വം അവൾക്ക് മാറിയെന്നു തോന്നി... എങ്കിലും സംസാരിക്കാൻ മടിയുള്ളപോലെ... ആ മടി എനിക്കും ഉണ്ടായിരുന്നു...

വീട്ടിലെത്തി ആരതിയുഴിഞ്ഞു സ്വീകരിച്ച അമ്മയുടെ കൈയിൽ നിന്നും നിലവിളക്കും വാങ്ങി വലതുകാൽ വച്ച് അവൾ ശ്രീമംഗലത്തെ മരുമകൾ പദവിലേയ്ക്ക് നടന്നു കയറി... നിലവിളക്ക് പിടിച്ച അവളുടെ കൈയ്ക്ക് പതുക്കെ ഒരു സപ്പോർട്ട് കൊടുത്തുകൊണ്ട് മാളു അവളെ സഹായിച്ചു... മുത്തിനോപ്പം വിരുന്നിൽ പങ്കെടുക്കാൻ അവളും പോകേണ്ടതായിരുന്നു... പക്ഷേ

മുത്തില്ലാത്തതിന്റെ കുറവുണ്ടാകരുതെന്നും പറഞ്ഞ് മുത്ത് തന്നെയാണ് മാളുവിനെ ഇവിടെ നിർത്തിയിട്ടു പോയത്..

അകത്തു കയറി ഞാൻ അവിടെയുണ്ടായിരുന്ന എന്റെ ചില സുഹൃത്തുക്കളുമായി സംസാരിച്ചുകൊണ്ട് നിൽക്കുമ്പോൾ അനു മുകളിലേയ്ക്ക് പോയി... അവളെ എന്റെ മുറിയിലേയ്ക്ക് കൈപിടിച്ചു കോണ്ടുപോകുന്നവരുടെ കൂട്ടത്തിൽ ആദിയുണ്ടായിരുന്നു എന്ന് അപ്പോൾ മാത്രമാണ് ഞാൻ ശ്രദ്ധിച്ചത്... അമ്മാവന്മാരൊക്കെ മുത്തിനൊപ്പം പോയപ്പോൾ അവളും പോയെന്നാണ് ഞാൻ കരുതിയിരുന്നത്... വളരെ സന്തോഷത്തോടെ അനുവിനോടും അഞ്ചുവിനോടും എന്തോ സംസാരിച്ചുകൊണ്ട് നടന്ന അവൾ ഇടയ്ക്ക് എന്നെയൊന്നു തിരിഞ്ഞു നോക്കി... ആ കണ്ണുകളിൽ എന്നെ പച്ചയ്ക്ക് തിന്നാൻ പോന്ന ദേഷ്യമുണ്ടായിരുന്നു... ഞാൻ വേഗം നോട്ടം പിൻവലിച്ചു...

പകൽ കല്യാണത്തിനു വരാൻ കഴിയാതെ പോയ പലരും പെട്ടന്നുള്ള എന്റെ വിവാഹ വാർത്തയറിഞ്ഞ് എന്നെ കാണാൻ എത്തിയിട്ടുണ്ടായിരുന്നു... അതോടൊപ്പം ഞങ്ങളുടെ പാർട്ട്നേഴ്സുമായും സംസാരിച്ചിരുന്ന് അവസാനം അവരെ യാത്രയാക്കി ഞാൻ ഒന്ന് ഫ്രീയാകുമ്പോൾ എഴുമണി കഴിഞ്ഞു...

എന്റെ മുറിയിലേയ്ക്ക് ഞാൻ ചെല്ലുമ്പോൾ ഒരു പെൺപടതന്നെ അവിടെയുണ്ടായിരുന്നു... എന്നെ കണ്ടതും അവരൊക്കെ പുറത്തേയ്ക്കിറങ്ങി... എന്നിട്ടും പോകാതെ നിന്ന അഞ്ചുവിനെയും ആദിയെയും വിളിച്ചുകൊണ്ട് മാളു പുറത്തേയ്ക്ക് പോയി... എന്നെ ദഹിപ്പിക്കുന്നപോലെ നോക്കിക്കൊണ്ടാണ് ആദി പോയത്...

അവളീ വീട്ടിൽ നിൽക്കുന്ന ഓരോ നിമിഷവും ഞാൻ ടെൻഷനടിച്ചു മരിക്കും...

ഞാൻ മുറിയിലേയ്ക്ക് വന്നപ്പോൾ കട്ടിലിൽ ഇരിക്കുകയായിരുന്ന അനു എന്നെ കണ്ടയുടൻ എഴുന്നേറ്റ് നിന്ന നിൽപ്പ് അവരൊക്കെ പോയിക്കഴിഞ്ഞിട്ടും തുടരുകയാണ്... വാർഡ്രോബിൽ നിന്നും മാറാനുള്ള ബനിയനും ട്രാക്ക്പാന്റും എടുക്കുന്നതിനിടയിൽ കണ്ണാടിയിലൂടെ ഞാൻ അവളെ ശ്രദ്ധിച്ചു.. എനിക്കൊപ്പം ആ മുറിയിൽ തനിച്ചു നിൽക്കുന്നതിന്റെ അസ്വസ്ഥത അവളുടെ മുഖത്തുണ്ടായിരുന്നു... അവൾ സാരിമാറി ഒരു ചുവന്ന ചുരിദാരാണ് ഇട്ടിരുന്നത്... സാരിയിൽ കാണുമ്പോൾ തോന്നിയിരുന്ന അത്ര തടി അവൾ

ചുരിദാറിട്ടപ്പോൾ തോന്നുന്നില്ല... എങ്കിലും അരഭാഗത്തിനു സാമാന്യത്തിലധികം വീതിയുണ്ട്... നല്ല വിരിഞ്ഞു കൊഴുത്ത നിതംബമായതിനാലാവും...

"...താൻ കുളിച്ചിട്ടാണോ ഡ്രസ്സ് മാറിയത്...??" മാറാനുള്ള ഡ്രസ്സ് എടുത്ത് തിരിയുന്നതിനിടയിൽ ഞാൻ ചോദിച്ച ചോദ്യം പ്രതീക്ഷിക്കാതെ നിന്നപോലെ ഒരു ഞെട്ടലോടെ അവളൊന്നു മൂളി...

"...എങ്കിൽ ഞാനൊന്ന് കുളിക്കട്ടെ..." അതും പറഞ്ഞ് ഞാൻ ഷർട്ട് ഊരി ഹാങ്ങറിൽ ഇട്ടു... അവൾക്ക് മുന്നിൽ ശരീരപ്രദർശനം നടത്തുക എന്നൊരു ചെറിയ ദുരുദ്ദേശം അപ്പോഴെനിക്കുണ്ടായിരുന്നു... മുണ്ട് ഉടുത്തുകൊണ്ട് തന്നെ ബാത്ത്ടവലും, മാറാനുള്ള ഡ്രസ്സും തോളിലിട്ട് അവൾക്കടുത്തുകൂടി ബാത്രൂമിലേയ്ക്ക് കയറുമ്പോൾ അതുകൊണ്ടുതന്നെ അവൾ നോക്കുന്നുണ്ടോ എന്ന് ഞാൻ ശ്രദ്ധിച്ചു... പക്ഷേ ഫലം നിരാശയായിരുന്നു.. തലകുമ്പിട്ട് അവൾ അതെ നിൽപ്പ് തുടർന്നു...

ബാത്രൂമിന്റെ വാതിലടച്ച് ഒരു നിമിഷം ഞാൻ ശ്വാസമടക്കി ശ്രദ്ധിച്ചു... പുറത്ത് അവളുടെ ദീർഘനിശ്വാസം കേട്ടു.. പാവം..!! വീട്ടിൽ നിന്നും മാറി നിൽക്കുന്നതിന്റെയും, ഭർത്താവാണെങ്കിലും വലിയ മുൻപരിചയമൊന്നും ഇല്ലാത്ത ഒരാണിന്റെ മുൻപിൽ തനിച്ച് നിൽക്കുന്നതിന്റെയും പേടിയായിരിക്കും അവൾക്ക്... എല്ലാം മാറ്റിയെടുക്കണം...

കുളികഴിഞ്ഞ് ഞാൻ പുറത്തിറങ്ങുമ്പോൾ അഞ്ചു മുറിയിലേയ്ക്ക് കടന്നു വന്നു... ഞങ്ങൾ കുറച്ചു സമയം സംസാരിച്ചിരുന്നു... അഞ്ചു അടുത്തുള്ളപ്പോൾ അനുവിന് അത്ര ടെൻഷനൊന്നുമില്ല.. എങ്കിലും അവളൊന്നും സംസാരിച്ചില്ല... ഞങ്ങളെ അത്താഴം കഴിക്കാൻ താഴെ എല്ലാവരും വിളിക്കുന്നുണ്ട് എന്ന് മാളു വന്ന് പറയുന്ന വരെ സംസാരത്തിനിടയ്ക്ക് അനുവിനോട് ഞാൻ പലതും ചോദിച്ചെങ്കിലും മറുപടി നനുത്ത മൂളൽ മാത്രമായിരുന്നു... അതുകൊണ്ട്തന്നെ അവളെ ശെരിക്കൊന്നു നോക്കാൻപോലും എനിക്ക് പറ്റുന്നുണ്ടായിരുന്നില്ല..

താഴേക്ക് നടക്കുമ്പോൾ അവരുടെ പുറകിൽ നടന്ന ഞാൻ അവളെ ശരിക്കൊന്നു നോക്കിക്കണ്ടു... അവളുടെ ഉരുണ്ടു കൊഴുത്ത വീണക്കുടങ്ങൾ പരസ്പ്പരം ഉരഞ്ഞു കളിക്കുന്ന കാഴ്ച്ചതന്നെ എന്റെ കണ്ണിനു വിരുന്നായിരുന്നു... മുടി അലസമായി അഴിച്ചിട്ടിരിക്കുകയാണ്... അത് നിതംബത്തിന് തൊട്ടുമുകളിൽ എത്തി നിൽക്കുന്നു... ടോപ്പിന്റെ ഇറക്കം കുറഞ്ഞ ഇറുക്കമുള്ള സ്ലീവിനു താഴെ

തുറിച്ചു നിൽക്കുന്ന കൊഴുത്ത മാംസംപോലും അവളുടെ മേയ്ക്കൊഴുപ്പ് വെളിവാക്കുന്നു... എന്നാലും നല്ല ഷെയ്പ്പോത്ത ശരീരം... എല്ലാ അഴകളവുകളും ആവശ്യത്തിലധികമുള്ള പെണ്ണ്... എന്നാൽ ആരെയും ആകർഷിക്കുന്നത് ഒരു കുഞ്ഞിന്റെ നിഷ്കളങ്കത തോന്നിക്കുന്ന അവളുടെ പൂർണെന്ദു തോൽക്കുന്ന മുഖമാണ്... ദേവസുന്ദരികൾ തോൽക്കുന്ന ആ സൗന്ദര്യധാമം എന്റെ ഭാര്യായിരുന്നിട്ടു കൂടി അവളോടൊന്നു മനസ്സറിഞ്ഞു മിണ്ടാൻ എന്റെ ഉള്ളം തുടിക്കുകയായിരുന്നു.

ഭക്ഷണം കഴിക്കുമ്പോഴും അവളെത്തന്നെയാണ് ഞാൻ ശ്രദ്ധിച്ചിരുന്നത്... അവൾക്ക് ആഭരണങ്ങളോടൊന്നും വലിയ പ്രിയമില്ലെന്നു തോന്നുന്നു... ഞാൻ അണിയിച്ച താലിമാലയും കൈയിൽ രണ്ടു വളയും മാത്രം... അജു നിശ്ചയത്തിന് അണിയിച്ച മോതിരം മേമ്മ ഊരി വാങ്ങിയിരുന്നു.. പകരം ഞാൻ ഇട്ട ഇരു ഡയമണ്ട് റിംഗ് പട്ടുപോലുള്ള അവളുടെ വിരലിൽ അഴകോടെ കിടക്കുന്നു... ആ മോതിരമാവാൻ കഴിയുന്നതുപോലും പുണ്യമാണെന്ന് തോന്നി... അലസമായിട്ടിരിക്കുന്ന കോലൻ തലമുടി അവൾ മുന്നിലേയ്ക്ക് എടുത്തിട്ടിട്ടുണ്ട്... കാറ്റിലെന്നപോലെ ആ ചെന്താരമുഖത്തേയ്ക്ക് പറന്നു വീഴുന്ന മുടിയിഴകൾ ഇടയ്ക്കൊതുക്കി അവൾ പതുക്കെ ചാപ്പാത്തി കഴിച്ചുകൊണ്ടിരുന്നു..

"..ഒന്ന് പതുക്കെ നോക്ക് ഏട്ടാ... ഏട്ടത്തി എങ്ങോട്ടും ഓടിപ്പോവുവോന്നും ഇല്ല..." സ്വയം മറന്ന് ഞാൻ അവളെത്തന്നെ നോക്കിയിരിക്കുന്ന കണ്ട് എന്റെ എളിയിൽ ഒരു പിച്ച് തന്നിട്ട് അടുത്തിരുന്ന മാളു എന്റെ ചെവിയിൽ മന്ത്രിച്ചു.. ഞാൻ വേഗം നോട്ടം മാറ്റി ഭക്ഷണത്തിൽ ശ്രദ്ധിച്ചു..

ഞങ്ങൾ കഴിച്ചു കഴിഞ്ഞ പുറകേ മുത്തിന്റെകൂടെ വിരുന്നിനു പോയവരൊക്കെ വന്നു... ആളൊഴിഞ്ഞ അരങ്ങായിരുന്ന ശ്രീമംഗലം വീണ്ടും ശബ്ദകോലാഹലങ്ങളിൽ മുഖരിതമായി... എല്ലാവരും വിശേഷങ്ങളൊക്കെ പറഞ്ഞു പിരിഞ്ഞപ്പോൾ സമയം പതിനൊന്നായിരുന്നു...

ഉറക്കം കൺപോളകളിൽ തഴുകിത്തുടങ്ങിയപ്പോൾ ഞാൻ മുറിയിലേയ്ക്ക് നടന്നു.. പകലുമുഴുവൻ ലൈംലൈറ്റിൽ കാഴ്ചവസ്തുവായി നിന്നതിന്റെ ക്ഷീണത്തിൽ അനു ഉറങ്ങിയിരുന്നു... കട്ടിലിൽ അവളുടെ അടുത്തിരുന്ന് അഞ്ചു എന്തോ പുസ്തകം വായിക്കുന്നു... വീട്ടിൽ സ്റ്റഡിറൂമിൽ ഒരു ലൈബ്രറി തന്നെയുണ്ട്... അവിടെ നിന്നും എടുത്ത ഏതോ ഇംഗ്ലീഷ് നോവലാണ്... അനുവിനൊപ്പം അവളെ ആ മുറിയിൽ കിടക്കാൻ അനുവദിച്ച് ഞാൻ ഒരു

തലയിണയും പുതപ്പും എടുത്ത് സ്റ്റഡിറൂമിലെ സോഫയിൽ പോയിക്കിടന്നു... മറ്റു മുറികളൊക്കെ ഫില്ലായിരുന്നു...

താഴെ ചെന്നാൽ എന്റെ പ്രിയപ്പെട്ട വിസ്കി ഒരു ലാർജെങ്കിലും കഴിക്കാമായിരുന്നു... പക്ഷേ അവിടെ അമ്മാവന്മാർ മുതലുള്ള സകല കുടിയന്മാരും ഉണ്ട്.. ആദ്യരാത്രി ആഘോഷിക്കണ്ട ഞാൻ അങ്ങോട്ട് ചെന്നാൽ അവരെന്നെ പച്ചയ്ക്ക് ഉപ്പിലിടും... അതിലും ഭേദം നമ്മടെ സ്വന്തം ഗോൾഡാ... ഞാൻ ഒരെണ്ണം കത്തിച്ചു വലിച്ചുകൊണ്ട് മലർന്നു കിടന്ന് ആലോചിച്ചു...

ഇന്ന് രാവിലെ കല്യാണത്തിന്റെ തിരക്കുകളിലെയ്ക്ക് കണ്ണും തുറന്നു എഴുന്നേറ്റ് ചെല്ലുമ്പോൾ... അണിഞ്ഞൊരുങ്ങാൻ ബ്യൂട്ടി പാർളറിലെയ്ക്ക് എന്റെ കാറിൽ വന്ന തരുണികളിലൊന്ന് എന്റെ ഭാര്യയാകും എന്ന് സ്വപ്നത്തിൽ പോലും ഞാൻ കരുതിയതല്ല... വിവാഹത്തെക്കുറിച്ച് എനിക്കും ഒരുപാട് സ്വപ്നങ്ങൾ ഉണ്ടായിരുന്നു... അതൊക്കെ വെറുതെയായി... കെട്ടിയ പെണ്ണിനൊപ്പം ആദ്യരാത്രി ആഘോഷിക്കാനുള്ള ഭാഗ്യംപോലും എനിക്കില്ല...

സിഗരറ്റ് തീർന്നിട്ടും ആലോചന തീർന്നില്ല... ആകെ ഒരു ശൂന്യത... ഒന്നാലോചിച്ചാൽ എന്നെക്കാൾ ഇപ്പോൾ വിഷമിക്കുന്നത് അനുവായിരിക്കും... അജുവും ഒത്തുള്ള ഒരു ജീവിതം സ്വപ്നം കണ്ട്... അവനെ സ്നേഹിച്ചു കാത്തിരുന്ന അവൾക്ക്, അവൻ എന്തിന് ഇങ്ങനെയൊക്കെ ചെയ്തു എന്നുപോലും അറിയാൻ കഴിയുന്നതിനു മുൻപ്, മറ്റൊരാളുടെ ഭാര്യായാകേണ്ടി വന്നില്ലേ... അതുകൊണ്ട് എന്നെ ഉൾക്കൊള്ളാൻ മാനസികമായി അവൾ തയ്യാറാകുന്നവരെ അവൾക്ക് നല്ലൊരു ഫ്രാണ്ടായിരിക്കാം എന്ന് തീരുമാനിച്ച് ഞാൻ കണ്ണുകളടച്ചു..

പതിവുപോലെ ആറുമണിക്ക് ഞാൻ ഉണർന്നു.. അനുവും അഞ്ചുവും എഴുന്നേറ്റിട്ടില്ല... അവരു മാത്രമല്ല ആരും എഴുന്നേറ്റിട്ടില്ല... അടുക്കളയിൽ പതിവുപോലെ പഞ്ചമി വെളുപ്പിനെ തന്നെ ഹാജരുണ്ട്... ആദ്യരാത്രിയുടെ വിശേഷം ചോദിച്ച അവളോട് ഞാൻ എന്റെ തീരുമാനത്തെക്കുറിച്ച് പറഞ്ഞു... അവൾക്കും അതെ അഭിപ്രായമായിരുന്നു... അവൾ തന്ന കട്ടനും കുടിച്ച് ഞാൻ ജോഗിങ്ങിനിറങ്ങി...

നേരത്തെ തീരുമാനിച്ച ഒരു മീറ്റിംഗിൽ എനിക്ക് പങ്കെടുക്കേണ്ടിയിരുന്നകൊണ്ട് തിരിച്ചെത്തി ഞാൻ വേഗംതന്നെ പ്രഭാതകൃത്യങ്ങളൊക്കെ തീർത്ത് റെഡിയായി ഓഫീസിലേയ്ക്ക് പോകാനിറങ്ങി... മീറ്റിങ്ങിൽ പങ്കെടുക്കുന്നവർ പലരും മലയാളികൾ അല്ലാത്തതിനാൽ എനിക്ക് പകരം അച്ഛനെയോ മറ്റോ വിടാൻ പറ്റില്ലായിരുന്നു...

ഞാൻ ഒരുങ്ങി വന്നപ്പോഴേക്കും അമ്മാവന്മാരൊക്കെ പോകാൻ തയ്യാറായി നിൽപ്പുണ്ടായിരുന്നു... കൂട്ടത്തിൽ ആദിയും ഉണ്ടായിരുന്നു... എന്നോട് സംസാരമൊന്നും ഇല്ലെങ്കിലും ഒരു കടമ എന്നപോലെ എന്നെ യാത്രയാക്കാൻ അനുവും എനിക്കൊപ്പം ഇറങ്ങി വന്നു... ഇന്നലെ ഇട്ടിരുന്ന അതേ ചുരിദാർ തന്നെയായിരുന്നു അവളുടെ വേഷം... എന്നാൽ മീറ്റിങ്ങിൽ പങ്കെടുക്കേണ്ടതിനാൽ ഞാൻ സ്യൂട്ടാണ് ധരിച്ചിരുന്നത്... അതുകൊണ്ട് ഞാൻ പുറത്തേയ്ക്കിറങ്ങി വന്നപ്പോൾ എല്ലാവരുടെയും മുഖത്ത് ഒരത്ഭുതഭാവം ഞാൻ കണ്ടു... കല്യാണത്തിനു പോലും അവരാരും എന്നെ അങ്ങനെയൊരു വേഷത്തിൽ കണ്ടിട്ടില്ലല്ലോ..

ആദി അനുവിനെ കെട്ടിപ്പിടിച്ചു ചിരിച്ചുകൊണ്ട് യാത്ര ചോദിച്ചെങ്കിലും എന്നെ പുച്ഛത്തോടെ ഒന്ന് നോക്കുക മാത്രമാണുണ്ടായത്... പക്ഷേ അനുവിനോടുള്ള ആദിയുടെ പെരുമാറ്റം എന്നെ അത്ഭുതപ്പെടുത്തി... അല്ലെങ്കിൽതന്നെ ഈ കല്യാണത്തിന്റെ കാര്യത്തിൽ കുറ്റക്കാരി അനുവല്ലല്ലോ... അതുകൊണ്ടായിരിക്കും അവളോട് ആദിയ്ക്ക് ദേഷ്യമൊന്നും ഇല്ലാത്തത്...

അവർ പോയപുറകെ ഞാനും കാറിൽ കയറി... കാറിനടുത്ത് നിന്ന അനുവിന് കാറിലിരുന്നുകൊണ്ട് ഞാനൊരു പുഞ്ചിരി സമ്മാനിച്ചുവെങ്കിലും അവളെന്റെ നേരേപോലും നോക്കിയില്ല... രാവിലെതന്നെ ഒരു ചിരി വെയ്സ്റ്റ്... ഒരു നെടുവീർപ്പോടെ ഞാൻ ആ ദേഷ്യം ആക്സിലറേറ്ററിനോട് തീർത്തു...

എറണാകുളത്തെ ശ്രീമംഗലം കൺസ്ട്രക്ഷൻസിന്റെ ഓഫീസിൽ വച്ചായിരുന്നു മീറ്റിംഗ്... ഹൈദ്രാബാദിൽ നടക്കുന്ന പ്രോജക്റ്റ് സംബന്ധിച്ച മീറ്റിംഗ് ആയിരുന്നു... ഒരു ലാർജ് സ്കെയിൽ മെഷിനറി പാർട്ട്സ് ഫാക്റ്ററി ആയിരുന്നു പ്രോജക്റ്റ്... ഞങ്ങൾ തയ്യാറാക്കി നൽകിയ പ്ലാനിൽ ക്ലൈന്റിന്റെ വക ചില തിരുത്തൽ സജഷൻസ് വന്നതോടെ മീറ്റിംഗ് തീർന്നത് വൈകിട്ട് ആറുമണിക്കാണ്... പ്ലാൻ അവർ അപ്രൂവ് ചെയ്തതോടെ രണ്ടാഴ്ച്ചയ്ക്കകം മുകളിയ്ക്കുള്ള പണികൾ തുടങ്ങാമെന്ന ധാരണയിൽ കാര്യങ്ങൾ തീരുമാനിച്ചാണ് ഞങ്ങൾ പിരിഞ്ഞത്...

എന്റെ പി.എസ് ആയ ശ്രീനിധിയും ഞാനും കൂടി ബാക്കി ചില പേപ്പർ വർക്കുകളും തീർത്ത് ഓഫീസിൽ നിന്നും ഇറങ്ങുമ്പോൾ എട്ടര കഴിഞ്ഞിരുന്നു... നാളെമുതൽ ഒരാഴ്ച ബന്ധുവീടുകളിലെ വിരുന്നുകളും ഒക്കെയായി എനിക്ക് ഓഫീസിൽ വരാൻ കഴിയാത്തതുകൊണ്ട് ചെയ്യേണ്ട ജോലികളൊക്കെ അവളെ പറഞ്ഞേൽപ്പിച്ചിട്ടാണ് ഞങ്ങൾ ഇറങ്ങിയത്... അവൾക്കൊപ്പം പുറത്തൊരു റസ്റ്റോറന്റിൽ നിന്നും ഭക്ഷണം കഴിച്ച്.., അവളെ കമ്പനിവക ഫ്ലാറ്റിൽ കൊണ്ടുപോയി വിട്ടിട്ട് ഞാൻ എറണാകുളത്തു നിന്നും പോരുമ്പോൾ തന്നെ സമയം വൈകി... അതുകൊണ്ട് വീട്ടിലെത്തിയത് പതിനൊന്നര മണിക്കാണ്...

എല്ലാവരും ഉറങ്ങിയിരുന്നു... വാതിൽ തുറന്നു തന്നെത് മാളുവാണ്... അനുവിനോപ്പം എന്റെ മുറിയിൽ അഞ്ചു ഉള്ളതുകൊണ്ട് എനിക്ക് മാറാനുള്ള ഡ്രസ്സും മറ്റും മാളു അവളുടെ റൂമിന്റെ അടുത്തുള്ള ഗസ്റ്റ്റൂമിൽ എടുത്തു വച്ചിരുന്നു... കാര്യം സമയം ഒരുപാട് വൈകിയെങ്കിലും അനു എന്നെ കാത്തിരിക്കാതിരുന്നത്തിൽ എനിക്ക് നല്ല വിഷമം ഉണ്ടായി... കല്യാണം കഴിഞ്ഞ ആദ്യ നാളുകളിലെങ്കിലും ഭാര്യയിൽ നിന്നും അങ്ങനെയൊരു സ്നേഹം ഏതൊരു പുരുഷനും ആഗ്രഹിക്കുന്നതാണല്ലോ... ഞാനൊന്ന് മേല് കഴുകി പുറത്ത് വരുമ്പോൾ മാളു മുറിയിയിൽ ലൈറ്റ് കണ്ടു... അവൾ ഇതുവരെ ഉറങ്ങാത്തതെന്താണെന്നു ചിന്തിച്ച് ഞാൻ അവളുടെ മുറിയിലേയ്ക്ക് ചെന്നു... എന്നെ കണ്ടതും നിറകണ്ണുകളോടെ അവളെന്റെ നെഞ്ചിൽ ചാഞ്ഞു...

"...എന്തുപറ്റി മോളൂ..."

"...മറ്റൊരാളെ സ്നേഹിച്ചിരുന്ന പെണ്ണിനെ എല്ലാരുംകൂടെ എന്റെ ഏട്ടന്റെ തലയിൽ കെട്ടിവയ്ക്കുകയായിരുന്നു അല്ലേ ഏട്ടാ..??

"...ഏയ്... ഞാനങ്ങനെയൊന്നും ചിന്തിച്ചിട്ടില്ല... അതിനാണോ മോളു കരയണേ...??"

"...ഏട്ടന്റെ വിഷമം എനിക്ക് മനസ്സിലാവും ഏട്ടാ... കല്യാണം കഴിഞ്ഞ് ഇതുവരെ ഏട്ടത്തി ഏട്ടനോട് മിണ്ടിയിട്ടില്ല അല്ലേ...??"

"...അതൊക്കെ ശരിയായിക്കോളും... മോള് കിടന്ന് ഉറങ്ങാൻ നോക്ക്..." ഞാനവളുടെ കണ്ണുകൾ തുടച്ച് അവളെ എന്റെ നെഞ്ചിൽ നിന്നും അടർത്തി...

എന്നിട്ടും അവൾ എന്നെ വിട്ടില്ല... കട്ടിലിൽ ഇരുന്ന് കുറെനേരം ഞങ്ങൾ സംസാരിച്ചു... അനു എന്നോട് കാണിക്കുന്ന അകൽച്ച അവൾ ശ്രദ്ധിച്ചിരുന്നു എന്ന് എനിക്ക് മനസ്സിലായി... വീട്ടിലെ മറ്റുള്ള എല്ലാവരോടും അനു സാധാരണപോലെയാണ് പെരുമാറുന്നതെന്നും... അനുവും അഞ്ചുവും അടുക്കളയിലൊക്കെ അമ്മയേം ചെറിയമ്മയേം സഹായിച്ചു എന്നും.. മാളുവിനോടും അവൾ നല്ല കൂട്ടായി എന്നും അവൾ പറഞ്ഞു...

പക്ഷേ എന്നെക്കുറിച്ച് സംസാരിക്കാൻ ശ്രമിച്ചപ്പോഴൊക്കെ ശ്രദ്ധിക്കാതിരിക്കുകയോ.., വിഷയം മാറ്റുകയോ ചെയ്യുകയാണുണ്ടായത് എന്നും പറഞ്ഞു... അതുപോലെ ഞാൻ വരുന്നവരെ അനു കാത്തിരിക്കണം എന്ന് മാളു പറഞ്ഞത് അനുസരിക്കാതെ ക്ഷീണമാണെന്നും പറഞ്ഞ് അവൾ ഉറങ്ങാൻ പോയതും പാവം മാളുവിനെ വേദനിപ്പിച്ചു... അതാണ് അവൾ എന്നെ കണ്ടപ്പോൾ കരഞ്ഞത്... ശ്രീമംഗലത്ത് എല്ലാവരും പരസ്പരം സ്നേഹിക്കുന്നത് മാത്രം കണ്ടു വളർന്ന അവൾക്ക് അനുവിന്റെ പെരുമാറ്റം സഹിക്കാൻ കഴിഞ്ഞില്ല എന്നതാണ് സത്യം...

അവൾ ഉറങ്ങുന്നവരെ അവൾക്കടുത്ത് ഞാൻ ഇരുന്നു... നിഷ്ക്കളങ്കമായി ഉറങ്ങുന്ന അവളുടെ ശ്വാസഗതി താളത്തിലായതറിഞ്ഞ് ഞാൻ പതുക്കെ എഴുന്നേറ്റ് ലൈറ്റ് ഓഫ് ചെയ്ത് വാതിൽ ചാരി ഗസ്റ്റ്റൂമിൽ വന്നു കിടന്നു...

രാവിലെ പതിവ് ജോഗിംഗ് കഴിഞ്ഞ് ഞാൻ തിരികെ വരുമ്പോൾ മാളു എന്നെ കാത്ത് നിൽപ്പുണ്ടായിരുന്നു...

"..ഏട്ടനെന്താ ഫോണെടുക്കാതെ പോയത് ഇവിടത്തെ സി.ഐ. ഒരു ഹമീം സാറ് വിളിച്ചിരുന്നു...."

"....ഓ.. അതോ രാവിലെ ഞാൻ എഴുന്നേറ്റ് നോക്കിയപ്പോൾ ബാറ്ററി ലോ... അതുകൊണ്ട് ചാർജ്ജിലിട്ടിട്ടാ ഞാൻ പോയത്... പുള്ളിക്കാരൻ വല്ലോം പറഞ്ഞോ..."

"..ആ... ഏട്ടനോട് പറ്റിയാൽ ഇന്ന് സ്റ്റേഷൻ വരെ ഒന്ന് ചെല്ലാൻ പറഞ്ഞു... എന്താ ഏട്ടാ കാര്യം...??" അജുവിനെക്കുറിച്ച് അന്വേഷിക്കാൻ കല്യാണ ദിവസം സ്റ്റേഷനിൽ പോയ കാര്യം ഞാൻ അവളോട് പറഞ്ഞു..

"...ഏട്ടാ... എട്ടത്തിയെ എട്ടന് ഒറ്റയ്ക്കൊന്നു കിട്ടാനും, നിങ്ങൾക്ക് തമ്മിൽ സ്വൈര്യമായി മിണ്ടാനും ഞാൻ ഒരു വഴി കണ്ടിട്ടുണ്ട്...."

"...എന്ത് വഴി...??"

"...ഇന്ന് ഇളയമ്മായീടെ വീട്ടിൽ നിങ്ങളോട് വിരുന്നിനു ചെല്ലാൻ പറഞ്ഞിട്ടുണ്ട്... ഉച്ചയൂണിനു കണക്കുകൂട്ടി ചെല്ലാനാ പറഞ്ഞത്... ഏട്ടൻ പകല് ഇവിടെ ഉണ്ടാവില്ലെന്നും അതുകൊണ്ട് രാത്രി അവിടെ കിടക്കാൻ പാകത്തിന് നിങ്ങള് വരൂന്നും ഞാൻ പറഞ്ഞിട്ടുണ്ട്.. അതാവുമ്പോ നിങ്ങൾ ഒരു മുറിയിലാവില്ലേ കിടക്കാ... അപ്പോ നന്നായി മിണ്ടുകേം ഒക്കെ ചെയ്യാല്ലോ..." വളരെ ഉത്സാഹത്തോടെയാണ് മാളു അത് പറഞ്ഞത്. അവൾക്ക് എന്റെ കാര്യത്തിലുള്ള കരുതലോർത്ത് ഞാൻ അവളെ ചേർത്ത് പിടിച്ചു നെറ്റിയിൽ ചുംബിച്ചു... പിന്നെ കുറച്ചു നേരം കൂടി അവളോട് കുശലം പറഞ്ഞിരുന്ന ശേഷം വേഷം എന്റെ മുറിയിലേയ്ക്ക് ചെന്നു...

അഞ്ചു മാത്രമാണ് മുറിയിൽ ഉണ്ടായിരുന്നത്... ഞാൻ അവൾക്കൊരു ഗുഡ് മോർണിംഗ് പറഞ്ഞെങ്കിലും അവളതു കേട്ടില്ല എന്ന് തോന്നി.. അതോ കേൾക്കാത്തപോലെ ഇരുന്നതാണോ... ആർക്കറിയാം...?? അവൾ മൈൻഡ് ചെയ്യുന്നില്ല എന്ന് കണ്ടപ്പോൾ ഞാൻ എനിക്ക് മാറാനുള്ള ഡ്രസ്സും എടുത്ത് ഗസ്റ്റ് റൂമിലേയ്ക്ക് പോകാൻ തീരുമാനിച്ചു... പോകുന്നതിനു മുൻപായി ഞാൻ സ്റ്റേഷനിൽ പോകുന്ന കാര്യം അഞ്ചുവിനോട് പറഞ്ഞു... വായിച്ചുകൊണ്ടിരുന്ന പുസ്തകത്തിൽ നിന്നും തലയുയർത്തി ഒന്ന് നോക്കിയതല്ലാതെ അവളൊന്നും പറഞ്ഞില്ല... ഇന്നലെവരെ എന്നോട് വാ തോരാതെ സംസാരിച്ചിരുന്ന ഇവൾക്കെന്തുപറ്റി എന്ന് ആലോചിച്ചു ഞാൻ പുറത്തേയ്ക്ക് നടന്നു.

"...എന്തിനാ പോലീസ് സ്റ്റേഷനിൽ പോകുന്നത്...??" പെട്ടന്ന് അങ്ങോട്ട് കയറി വന്ന അനുവിന്റെ ചോദ്യം കേട്ട് ഞാൻ ഒന്നമ്പരന്നു... കല്യാണത്തിന് ശേഷം ആദ്യമായാണ് അവൾ എന്നോട് സംസാരിക്കുന്നത്... ആ പകപ്പിൽ ഞാൻ അവളെത്തന്നെ നോക്കി നിൽക്കുമ്പോൾ അവൾ ചോദ്യം ആവർത്തിച്ചു.. പെട്ടന്ന് ബോധം വീണ്ടെടുത്ത് പുഞ്ചിരിച്ചുകൊണ്ട് ഞാൻ മറുപടി നൽകി...

"...അതോ.... അജുവിനെ കാണാതായപ്പോൾ പലയിടത്തും അന്വേഷിച്ചിട്ട് കിട്ടാതെ വന്ന സമയത്ത് ഞങ്ങൾ പോലീസിന്റെ സഹായം തേടിയിരുന്നു... അതിന്റെ എന്തോ കാര്യം സംസാരിക്കാൻ എന്നോട് സ്റ്റേഷൻ വരെ ചെല്ലാൻ പറഞ്ഞ് സി.ഐ. വിളിച്ചു... ഞാൻ അവിടം വരെ ഒന്ന് പോയിട്ട് വരാം..." അത്രയും പറഞ്ഞ് അവളുടെ സുന്ദരമുഖത്തു നിന്നും മടിയോടെ കണ്ണുകൾ പറിച്ച് ഞാൻ പോകാനൊരുങ്ങി.

"...എങ്കിൽ ഞാനും വരുന്നു... വിവരങ്ങൾ എനിക്കും അറിയണം..."

"...വേണ്ട അനൂ.. ഞാൻ പോയിട്ട് വരാം... താൻ വെറുതെ ഈ സ്റ്റേഷനിലൊക്കെ എന്തിനാ... ഞാൻ വന്നിട്ട് വിവരങ്ങൾ പറഞ്ഞാൽ പോരെ...??"

"...അല്ല ഞാനും വരുന്നുണ്ട്... ഞാൻ റെഡിയായി താഴേക്ക് വന്നേക്കാം..." അത്രയും പറഞ്ഞ് അവൾ അലമാരിയിൽ എന്തോ തിരയാൻ തുടങ്ങി... ഞാൻ കൂടുതലൊന്നും പറഞ്ഞില്ല.. ഒരു കണക്കിന് അവൾക്കൊപ്പം തനിച്ച് യാത്ര ചെയ്യാൻ കിട്ടുന്ന ഒരവസരമല്ലേ... എന്തിനാ വെറുതെ കളയുന്നത്..

ഞാൻ ഒരുങ്ങി താഴെ ചെല്ലുമ്പോൾ അവൾ പാദംവരെ ഇറക്കമുള്ള ഒരു കരിനീല ടോപ്പും വെള്ള ചുരിപാന്റും വെള്ള ഷാളും ഇട്ട് എന്നെ കാത്തിരിപ്പുണ്ടായിരുന്നു... മുടി അപ്പോഴും അലസമായി ഒതുക്കി വച്ചിട്ടെ ഉള്ളൂ... അതാണവളുടെ രീതി എന്ന് തോന്നി... ഒരുമിച്ചിരുന്നു ബ്രേക് ഫാസ്റ്റ് കഴിച്ച് അമ്മയോട് പോകുന്നകാര്യം പറഞ്ഞിട്ട് ഞങ്ങൾ ഇറങ്ങി..

കാറിലിരിക്കുമ്പോഴും അവളൊന്നും സംസാരിച്ചില്ല... എന്തെങ്കിലും ഒക്കെ സംസാരിക്കാമെന്ന് കരുതി ഞാൻ ഇന്നലെ വൈകാനുണ്ടായ കാരണവും വന്നപ്പോൾ അവരെല്ലാം ഉറക്കമായിരുന്നു എന്നൊക്കെ പറഞ്ഞു തുടങ്ങി..

"....അജുവേട്ടന് എന്താ സംഭവിച്ചത്...??" ഞാൻ സംസാരിക്കുന്നതിന്റെ ഇടയിൽ പെട്ടന്ന് അവൾ ചോദിച്ചു.

"...എന്താ... താൻ എന്താ ചോദിച്ചേ... ഞാൻ ശരിക്ക് കേട്ടില്ല...??" പെട്ടന്നുള്ള അവളുടെ ചോദ്യം മനസ്സിലാകാതിരുന്നതുകൊണ്ട് ഞാൻ ചോദിച്ചപ്പോൾ എന്റെ

മുഖത്തേയ്ക്ക് നോക്കി അവൾ ചോദ്യം ആവർത്തിച്ചു... അപ്പോൾ അവളുടെ മുഖത്ത് ഞാൻ അതുവരെ കാണാതിരുന്ന ഒരു ഭാവമായിരുന്നു..

"...എന്റെ അജുവേട്ടനെ നിങ്ങൾ എന്താ ചെയ്തതെന്ന്...??"

"...എന്റെ അജുവേട്ടനെ നിങ്ങളെന്താ ചെയ്തതെന്ന്...?

അവളുടെ ആ ചോദ്യത്തിൽ തന്നെ എന്നെക്കുറിച്ച് അവൾക്കെന്തോ തെറ്റിധാരണ ഉണ്ടായിട്ടുണ്ട് എന്നെനിക്ക് മനസ്സിലായി.

"...താൻ എന്താ ഇങ്ങനെയൊക്കെ സംസാരിക്കുന്നത്... അജുവിനെക്കുറിച്ച് മറ്റെല്ലാവർക്കും അറിയുന്നതേ എനിക്കും അറിയൂ...."

"...ഓ...!! അഭിനയിക്കാനും ആളെ പറഞ്ഞു മയക്കാനുമൊക്കെ നിങ്ങൾ മിടുക്കനാണെന്നു കേട്ടിട്ടുണ്ട്... അതെന്റെടുത്ത് വേണ്ട... ന്റെജുവേട്ടനെ നിങ്ങൾ എന്താ ചെയ്തത്..." അവളുടെ വാക്കുകൾക്ക് മൂർച്ചകൂടുന്ന കണ്ട് ഞാൻ വണ്ടി റോഡിന്റെ ഒരം ചേർന്ന് നിർത്തി..

"...നിന്റെ മനസ്സിൽ എന്തെങ്കിലും ഉണ്ടെങ്കിൽ തെളിച്ചു പറ... അല്ലാതെ ഇങ്ങനെ അരേം മുറീം പറഞ്ഞാ എനിക്ക് മനസ്സിലാവില്ല..."

"...ഹും ഞാൻ തന്നെ ഇനി പറയണായിരിക്കും... എങ്കി പറയാം... എന്നെ കല്യാണം കഴിക്കാൻ വേണ്ടി എന്റെ അജുവേട്ടനെ നിങ്ങൾ എങ്ങോട്ടാ മാറ്റിയേ... അതോ അജുവേട്ടനെ നീ കൊന്നു കളഞ്ഞോ...??" ഈശ്വരാ ഈ സാധനത്തിനു വട്ടായിരുന്നല്ലേ.. അതറിഞ്ഞു അജു മുങ്ങിയതായിരിക്കും... അതുകൊണ്ടായിരിക്കും ഇവൾക്ക് വന്ന കല്യാണാലോചനകൾ ഒക്കെ മുടങ്ങിയത്... ദേവീ ഇതൊരുമാതിരി മറ്റേടത്തെ പണിയായിപ്പോയി...?? ഇത്രയും നാൾ ആദിയെ പേടിച്ചാ മതിയാരുന്നു.. ഇപ്പോ ഈ വട്ടിപ്പെണ്ണിനേം പേടിക്കണോല്ലോ ദൈവേ.. എന്തായാലും വളരെ നയത്തിൽ വേണം ഇവളോട് ഇടപെടാൻ..

"...അനൂ... തന്നെ ആരോ തെറ്റിധരിപ്പിച്ചിരിക്കുന്നതാ... അജുവിനു എന്തുപറ്റി എന്നെനിക്കറിയില്ല... അതിനെക്കുറിച്ച് അന്വേഷിക്കാനാ നമ്മളിപ്പോ സ്റ്റേഷനിൽ പോകുന്നത്..."

"...എനിക്കൊരു തെറ്റിധാരണയും ഇല്ല... ഇവിടെ വന്നപ്പോൾ മുതൽ നിങ്ങളുടെ നോട്ടവും ഭാവവും ഒക്കെ ഞാൻ ശ്രദ്ധിക്കുന്നതാ... പെണ്ണുങ്ങളെ കണ്ടിട്ടില്ലാത്ത മാതിരി... എന്നാലും ഒരു രക്ഷകനെപ്പോലെ നിങ്ങളെന്നെ കല്യാണം കഴിക്കാൻ സമ്മതിച്ചപ്പോ അതൊക്കെ എന്റെ വെറും തോന്നലാണെന്ന് കരുതി ഞാൻ സമാധാനിക്കാൻ ശ്രമിച്ചതാ... എന്നാ നിങ്ങളെപ്പറ്റി അറിഞ്ഞപ്പോ എനിക്ക് ബോധ്യായി..." ദേഷ്യപ്പെട്ടു സംസാരിക്കുമ്പോഴും കവിളിൽ നുണക്കുഴിവിരിയുന്ന അവളുടെ സൗന്ദര്യം ഞാൻ നോക്കിയിരുന്നു പോയി... കലിപൂണ്ട്, ചുണ്ടുകൾ വിറച്ച്, മുഖം ചുവന്ന് അവൾ എന്നോട് കയർക്കുമ്പോഴും... ആ നീളൻ മിഴികൾ കുറുകുന്നതും... മേഘാവൃതമായ ആകാശത്ത് തെങ്ങാപ്പൂള് കാണുന്നപോലെ സംസാരത്തിൽ ഇടയ്ക്ക്മാത്രം തടിച്ചചുണ്ടുകളുടെ മറയിൽ കാണുന്ന മുല്ലപ്പൂ പല്ലുകളും ഒരു കൊച്ചുകുഞ്ഞിന്റെ ഭാവം അവൾക്ക് നൽകി...

പണ്ട് മല്ലിമോളെ "കൊത്തമല്ലീന്നു" ഞാൻ കളിയാക്കി വിളിക്കുമ്പോൾ അവൾ കുഞ്ഞിക്കൈകൾ കൊണ്ട് എന്നെ തല്ലാൻ വരുമ്പോഴുള്ള, വാരിയെടുത്ത് ഉമ്മകൾകൊണ്ട് മൂടാൻ തോന്നുന്ന ആ ഭാവം കണ്ട് എനിക്ക് ചിരി വന്നു.. ആ പൊട്ടിക്കാളി എന്നോടെന്തോ സീരിയസ്സായിട്ടുള്ള തെറ്റിധാരണയുടെ പേരിൽ വഴക്കിടുവാണ് എന്നോർക്കാതെ ഞാൻ ചിരിച്ചുപോയി...

"...ചിരിച്ചോ... വലിയ കൊടീശ്വരനാനെന്നുള്ള നിങ്ങളുടെ ഈ അഹങ്കാരം ഞാൻ തീർത്തു തരാം... എന്റെ അജുവേട്ടന് എന്തെങ്കിലും പറ്റിയാൽ ഈ അനുപമ ആരാണെന്ന് നീ അറിയും..." അവൾ പല്ല് കടിച്ചുകൊണ്ട് വീണ്ടും പറഞ്ഞു..

"...താൻ എന്നെക്കുറിച്ച് എന്തറിഞ്ഞെന്നാ... വെറും നാല് ദിവസത്തെ പരിചയമേ നമ്മൾ തമ്മിലുള്ളൂ... അതിനിടയ്ക്ക് താൻ എന്നെപ്പറ്റി അറിഞ്ഞ ആ കാര്യം എന്താണെന്ന് ഞാനൊന്നറിയട്ടെ... താൻ പറ..." ഞാൻ വളരെ കൂളായിത്തന്നെ സംസാരിച്ചു.

"...ഹും... ആദി എന്നോടെല്ലാം പറഞ്ഞു... മുറപ്പെണ്ണായ അവളെ കല്യാണം കഴിക്കാം എന്ന് പറഞ്ഞു പറ്റിച്ച് നാടുനീളെ കൊണ്ടുനടന്ന് അനുഭവിച്ചിട്ട്.. അവസാനം പൂതി മാറിയപ്പോ നിങ്ങൾ വേറെ കല്യാണം കഴിക്കാൻ തീരുമാനിച്ചതും ഒക്കെ... നിങ്ങളൊരു വ്യത്തികെട്ടവനാണെന്നു എന്നേം എന്റെ അഞ്ചുനേം ഒക്കെ നിങ്ങള് നോക്കുന്ന നോട്ടം കണ്ടപ്പോ എനിക്ക് തോന്നിയിരുന്നു... ഇഷ്ടപ്പെട്ട പെണ്ണിനെ കിടപ്പറയിൽ കിട്ടാൻ നിങ്ങളെപോലുള്ള പണക്കാര് എന്തും ചെയ്യുമെന്ന് ഞാൻ കേട്ടിട്ടുണ്ട്... ഇനി എന്നേം എന്റെ അനിയത്തീനേം കിട്ടാൻ നിങ്ങൾ എന്റെ അജുവേട്ടനെ എന്തെങ്കിലും ചെയ്തതാണോ... അല്ലെങ്കിൽ തലേന്ന് വരെ ഒരു പ്രശ്നവും ഇല്ലാതിരുന്ന അജുവേട്ടൻ എന്തിനാ കല്യാണത്തിന്റെ അന്ന് ഒളിച്ചു പോവുന്നേ...??"

അപ്പോ കാര്യങ്ങൾ അങ്ങനെയാണ്... ആദിയാണ് ഇവളെ പറഞ്ഞ് തെറ്റിധരിപ്പിച്ചിരിക്കുന്നത്... അവൾ പൊടിപ്പും തൊങ്ങലും വച്ചു പറഞ്ഞ കാര്യങ്ങൾക്കൊപ്പം ഇവളുടെ ഭാവനകൂടിയായപ്പോ ഞാൻ കഥയിലെ വില്ലനായതാണ്..

എന്തായാലും വീട്ടിലാരോടും ഇവളിതു പറഞ്ഞിട്ടില്ല... അത്രയും ആശ്വാസം... അജുവിനെ കണ്ടെത്തി സത്യാവസ്ഥ എന്താണെന്ന് അറിയുന്നവരെ ഇവളുടെ തെറ്റിദ്ധാരണ മാറില്ല.. അതുകൊണ്ട് എത്രയും വേഗം ആ നാറിയെ കണ്ടെത്തണം... ഇനി അവനെ ആരെങ്കിലും തട്ടിയാൽ അതും എന്റെ തലേലാവൂല്ലോ എന്റെ കാവിലമ്മേ...!! ഞാൻ വണ്ടിയെടുത്തു... അവൾ പിന്നെയും എന്നെ കുറ്റപ്പെടുത്തി എന്തൊക്കെയോ പറഞ്ഞുകൊണ്ടിരുന്നു...

അല്ലെങ്കിലും എനിക്കിത് കിട്ടണം... അതിസുന്ദരിയായ ഒരു പെണ്ണിനെ അപ്രതീക്ഷിതമായി ഭാര്യയായി കിട്ടിയതിൽ ഞാനൽപ്പം അഹങ്കരിച്ചു പോയിരുന്നു... പിന്നെ ആദി... അവളോടും ഞാൻ ചെയ്തത് വലിയ തെറ്റല്ലേ... എന്നോട് ചെയ്തതിനൊക്കെ ഒരായിരം വട്ടമെങ്കിലും അവൾ മാപ്പിരന്നിരുന്നു... എന്നിട്ടും അവളോട് ഒരുതരം അടിമയോടെന്നപോലെയാണ് ഞാൻ പെരുമാറിയത്.. എന്നോടുള്ള സ്നേഹം കൊണ്ട് മാത്രം എനിക്ക് വേണ്ടി കാത്തിരുന്ന അവളെ വർഷങ്ങൾക്ക് ശേഷം കണ്ടിട്ടും ഞാനവളെ മുതലെടുക്കുകയല്ലേ ചെയ്തത്... മുൻപ് അവളുടെ കന്യകാത്വം കവർന്നവൻ എന്ന കുറ്റബോധം പേറി ജീവിച്ചിരുന്ന ഞാൻ ഇത്തവണയും അതേ തെറ്റ് തന്നെ ചെയ്തു...

എന്റെ മനസ്സിന്റെ കലക്കങ്ങൾക്കിടയിൽ അവളുടെ മനസ്സ് കാണാതെ ഞാൻ ചെയ്ത തെറ്റിന്റെ ഫലമാവാം ഇപ്പോൾ ഞാൻ അനുഭവിക്കുന്നത്... പക്ഷേ അവളെ വീണ്ടും എന്റെ പഴയ ആദിയായി കാണാൻ എനിക്ക് കഴിയില്ലാന്നും രണ്ടുപേരുടെം നല്ല ഭാവിക്ക് വേറെ ജീവിതം തിരഞ്ഞെടുക്കുന്നതാ നല്ലതെന്നും എത്ര തവണ ഞാൻ അവളോട് പറഞ്ഞതാണ്... എന്നിട്ടും എനിക്ക് മറ്റൊരു ജീവിതം ഉണ്ടായിട്ടുകൂടി അവളെന്നെ വിടുന്ന ലക്ഷണം ഇല്ല്ലല്ലോ...?? ഹാ... ഇനി എല്ലാം വരുന്നിടത്ത് വച്ചു കാണാം... ഞാൻ ഒന്നും മിണ്ടാതെ ഡ്രൈവിങ്ങിൽ മാത്രം ശ്രദ്ധിച്ചിരിക്കുന്ന കണ്ട് അനു ഇതിനിടയിൽ ശകാരം നിർത്തിയിരുന്നു..

ഞങ്ങൾ സ്റ്റേഷനിൽ ചെല്ലുമ്പോൾ ഹമീം സാർ ഹാഫ് യൂണിഫോമിൽ പുറത്തേയ്ക്കിറങ്ങുകയായിരുന്നു... ബ്ലാക്ക് കളർ സ്കിൻ ഫിറ്റ് ടീഷർട്ടിൽ അദ്ദേഹത്തിന്റെ മസിൽ ബോഡി തെളിഞ്ഞു നിന്നു... അരയ്ക്ക് താഴെ യൂണിഫോമാണ്...

"...ആ... ദേവാ... വാ വാ... ഞാൻ ഇത്രയും നേരം തന്നെ കാത്തിരിക്കുകയായിരുന്നു... കാണാതയാപ്പോ ഞാൻ കരുതി ഇന്ന് വരില്ലായിരിക്കുമെന്നു... ഞാനൊന്ന് പുറത്ത് പോകാനിറങ്ങുകയായിരുന്നു..."

"..സോറി സർ... നേരത്തെ ഇറങ്ങിയതാ ഇടയ്ക്കൊന്നു നിർത്തേണ്ടി വന്നു..." അപ്പോഴേക്കും ഡോർ തുറന്ന് ഇറങ്ങി വന്ന അനുവിന്റെ പാളിനോക്കിക്കൊണ്ട് ഞാൻ പറഞ്ഞു.

"...ഓ.. ഇറ്റ്സ് ഓ.കെ... ഇത്...??" പുള്ളി അനുവിനെ ഉദ്ദേശിച്ചു ചോദിച്ചു..

"...ഇത്.. അനുപമ..."

"...ഓ... അവസാനം അർജുൻ കേട്ടാനിരുന്ന പെണ്ണിനെ ദേവൻ കെട്ടി അല്ലേ... ഞാൻ അറിഞ്ഞിരുന്നു.. ആള് സ്മാർട്ടാണല്ലോ..!! നിങ്ങള് വാ കോർട്ടേഴ്സിൽ ഇരുന്നു സംസാരിക്കാം.." സ്റ്റേഷന്റെ പരിസരത്ത് തന്നെയായിരുന്നു കോർട്ടേഴ്സ്... ഞങ്ങൾ അദ്ദേഹത്തെ അനുഗമിച്ചു..

"...ന്റുമ്മാ ഹോസ്പിറ്റലിലാ... ഒരു സർജ്ജറി... യൂട്രസ് റിമൂവ് ചെയ്തു... ഞാനും വൈഫും കൂടി അങ്ങോട്ട് പോകാൻ നിക്കുവാരുന്നു..." കോർട്ടേഴ്സിലേയ്ക്ക് കയറുന്നതിനിടയിൽ അദ്ദേഹം പറഞ്ഞു.. രണ്ടു ബെഡ്റൂമും, ഹാളും, സിറ്റ്ഔട്ടും, കിച്ചണും, ഒരു കോമൺ ബാത്രൂമുമായി വ്യത്തിയുള്ള ഒരു വാർക്ക കെട്ടിടം..

"...റുക്കീ... മൂന്ന് ചായേട്..." ഹാളിലെ സിങ്കിൾ സോഫകളിൽ ഓരോന്നിൽ ഞങ്ങളിരുന്നപ്പോൾ എതിരെ ഒരു കസേര വലിച്ചിട്ട് ഇരുന്നുകൊണ്ട് അദ്ദേഹം അടുക്കളയിലേയ്ക്ക് നോക്കി വിളിച്ചു പറഞ്ഞു..

"..എന്തായി ദേവാ നിങ്ങളുടെ അന്വേഷണം..?? എന്തെങ്കിലും വിവരം കിട്ടിയോ...??"

"...ഇല്ല സാർ... അവന്റെ ഫോൺ ഇപ്പോഴും സ്വിച്ച് ഓഫാണ്... പിന്നെ ഞങ്ങളെക്കൊണ്ട് ആവുംവിധം ഇപ്പോഴും പലയിടത്തും അന്വേഷണം നടക്കുന്നുണ്ട്... നാട്ടിലുള്ള അവന്റെ സുഹൃത്തുക്കളോടൊക്കെ അന്വേഷിച്ചിരുന്നു... അവരെയാരേം അവൻ കോണ്ടാക്റ്റ് ചെയ്തിട്ടില്ല... പിന്നെ സാറിനെന്തെങ്കിലും വിവരം കിട്ടിയോ എന്നറിയാൻ ഞാനൊന്ന് വന്നു കാണാൻ ഇരിക്കുവാരുന്നു... അപ്പഴാ സാറ് ഇങ്ങോട്ട് വിളിക്കുന്നത്..."

"...ഉം... ഇനിയിപ്പോ അർജുനെ ഓർത്ത് ടെൻഷൻ അടിക്കണ്ട കാര്യമുണ്ടോ ദേവാ... കാരണമെന്താണെങ്കിലും, അറിഞ്ഞിടത്തോളം അയാൾ സ്വന്തം ഇഷ്ടത്തിനു മാറിനിൽക്കുന്നതാണ്... പിന്നെ കല്യാണം മുടക്കം കൂടാതെ നടക്കുകേം ചെയ്തല്ലോ... അതൊക്കെ അറിയുമ്പോ അയാളിങ്ങു തിരിച്ചു വരും... അല്ലാതെ ഇനി ഒരന്വേഷണത്തിന്റെ കാര്യമുണ്ടെന്നു എനിക്ക് തോന്നുന്നില്ല..." അദ്ദേഹം പുറകോട്ടു ചാരി ഇടതുകാലിൽ വലതുകാൽ കയറ്റി വച്ചുകൊണ്ട് പറഞ്ഞു..

അപ്പോഴേക്കും ചായയുമായി അദ്ദേഹത്തിന്റെ ഭാര്യ വന്നു.. അഞ്ചരയടിക്ക് താഴെ പൊക്കമുള്ള സുന്ദരിയായ മുസ്ലീം സ്ത്രീ... അവരിട്ടിരുന്ന മഞ്ഞ ചുരിദാർ അവരുടെ ഒതുക്കമുള്ള ശരീരത്തിന്റെ നിമ്നോന്നതങ്ങളെ നന്നായി മറയ്ക്കുന്നുണ്ടായിരുന്നു... ഹമീം സാർ അവരെ പരിചയപ്പെടുത്തി.. റുക്കിയ എന്നാണ് പേര്... ചായ തരുന്നതിനിടയിൽ സ്ഥാനം മാറിയ വെളുത്ത തട്ടം മൂർദ്ധാവിലേയ്ക്ക് പിടിച്ചിട്ടുകൊണ്ട് അവർ മനോഹരമായി ചിരിച്ചു... അവർ തമ്മിലുള്ള സംഭാഷണത്തിൽ നിന്നും ഞങ്ങളെക്കുറിച്ച് അദ്ദേഹം അവരോടു

പറഞ്ഞിട്ടുണ്ട് എന്ന് മനസ്സിലായി... നല്ല നാടൻ മലപ്പുറം ഭാഷയിൽ അവർ ഞങ്ങളുടെ വിശേഷങ്ങളൊക്കെ ചോദിച്ചു... അനു അവരോട് വളരെക്കാലം പരിചയമുള്ളപോലെ സംസാരിക്കുന്ന കണ്ടപ്പോൾ എനിക്കവരോട് അസൂയ തോന്നി... ഒരിക്കൽപോലും അവൾ എന്നോട് അങ്ങനെ സംസാരിച്ചിട്ടില്ലല്ലോ... പത്ത് മിനിറ്റ് നേരം സംസാരിച്ചു നിന്ന ശേഷം ഹോസ്പിറ്റലിൽ പോകാനുള്ള ഭക്ഷണം പായ്ക്ക് ചെയ്യണം എന്നും പറഞ്ഞ് അവർ അടുക്കളയിലേയ്ക്ക് പോയി.

"...അപ്പോ ദേവാ ഞാൻ പറഞ്ഞു വന്നത് അർജുൻ വരുന്നവരെ നമുക്ക് വെയിറ്റ് ചെയ്യാമെന്നാണ്.."

"...സർ... പക്ഷേ ഇതിലൊരു പ്രശ്നമെന്താന്നു വച്ചാൽ അനുപമയെ ഞാൻ വിവാഹം ചെയ്തതോടെ, അതിനു വേണ്ടി ഞാൻ അജുവിനെ എങ്ങോട്ടെങ്കിലും മാറ്റിയതാണോ എന്ന് വരെ ചിലർക്ക് സംശയമുണ്ട്... അതുകൊണ്ട് അവനെ എത്രയും വേഗം കണ്ടെത്തേണ്ടത് ഇപ്പോൾ എന്റെ ആവശ്യമായി മാറി.." അനുവിന്റെ നേരെ നോക്കാതെയാണ് ഞാനത് പറഞ്ഞത്.. പക്ഷേ അവളതു കേട്ട് കൈകൾ കൂട്ടിത്തിരുമ്മി ഇരുന്നു..

"..അതാർക്കടോ അങ്ങനെ ഒരു സംശയം...?? ങേ..?? അനുപമയ്ക്കാണോ...??" ഞങ്ങളെ രണ്ടുപേരെയും മാറി മാറി നോക്കി പിന്നെ അനുവിനോടായി അദ്ദേഹം ചോദിച്ചു... അതിനു ഞങ്ങൾ രണ്ടാളും മറുപടി പറയാതിരുന്നതുകൊണ്ട് അദ്ദേഹത്തിന്റെ സംശയം സ്ഥിരീകരിച്ചു..

"...ഞാൻ വെറുതേ ഇയാളെ സംശയിച്ചതല്ല സർ... അജുവേട്ടനെ ഞാൻ പരിചയപ്പെട്ട കാലം മുതൽ ഇതുവരെ ഏട്ടന്റെ പെരുമാറ്റത്തിൽ ഒരു സംശയവും എനിക്ക് തോന്നിയിട്ടില്ല... കല്യാണത്തിന്റെ തലേന്നും ബാച്ചിലർ പാർട്ടി കഴിഞ്ഞ് വളരെ സന്തോഷത്തോടെയാണ് ഞങ്ങൾ പിരിഞ്ഞത്... ആ രാത്രി ഏട്ടൻ ഇവരുടെ വീട്ടിലാ കിടന്നത്.. അതും ഇയാളുടെ റൂമിൽ ഇയാൾടെ കൂടെ.. രാവിലെ മുതൽ പിന്നെ എട്ടനെ കാണാനും ഇല്ല... അതൊക്കെകൊണ്ടാ എനിക്കിയാളെ സംശയം..." ഭർത്താവെന്ന യാതൊരു ബഹുമാനവുമില്ലാതെ എന്നെ അയാള് ഇയാള് എന്നൊക്കെ അവള് സംബോധന ചെയ്തപ്പോൾ ഞാൻ ഹമീം സാറിനു മുന്നിൽ അപമാനിതനായപോലെ തോന്നി.. അദ്ദേഹത്തിന്റെ മുഖഭാവത്തിൽ എന്നോടുള്ള ആ സഹതാപം വ്യക്തവുമായിരുന്നു...

"..എന്താടോ ദേവാ.. എന്താ ഇത്.. അനുപമയുടെ സംശയം ന്യായമാണല്ലോ...?? ഇനി താൻ തന്നെ അർജുനെ എന്തെങ്കിലും ചെയ്തിട്ട്... അവസാനം അവനെ അന്വേഷിക്കാൻ മുൻകൈ എടുക്കുന്നപോലെ അഭിനയിക്കുന്നതാണോ..?? അല്ല..!! ചില സിനിമേലൊക്കെ ഇങ്ങനെയുള്ള സീനുകളൊക്കെ ഉണ്ട്..." എനിക്ക് അനുവിനോട് നല്ല ദേഷ്യം തോന്നി... ഈ ഭദ്രകാളി മനുഷ്യനെ കൊലക്കു കൊടുക്കുവല്ലോ ദൈവമേ... ഞാൻ പക്ഷേ ഒരു പുച്ഛച്ചിരിയോടെ അതിനു മറുപടി പറഞ്ഞു..

"..സാർ.. ഇതൊക്കെ അനുപമയുടെ സംശയങ്ങൾ മാത്രമാണ്... അതിൽ സത്യമൊന്നുമില്ല... കല്യാണത്തിന്റെ തലേന്ന് അജൂം, അരുണും ഒക്കെ എന്റെ മുറിയിലാ കിടന്നത്.. അവർക്കൊപ്പം എന്റെ അനിയന്മാരും ഉണ്ടായിരുന്നു... പാർട്ടി കഴിഞ്ഞ് രാത്രി വൈകി എത്തിയ എനിക്ക് അതുകൊണ്ട് കിടക്കാൻ ഇടംകിട്ടാതെ ഞാൻ മാണിക്യന്റെ വീട്ടിലാ അന്ന് കിടന്നത്.."

"...നുണയാണ് സാർ... ഞാൻ വെളുപ്പിന് എണീക്കുമ്പോ ഇയാള് എഴുന്നേറ്റ് മുറീൽ നിന്നും ഇറങ്ങി വരുന്നത് ഞാൻ കണ്ടതാണ്..." എന്റെ ഒരു വലിയ കള്ളത്തരം പൊളിക്കുന്ന ആവേശത്തോടെ അനു പറഞ്ഞു..

"...കണ്ടു എന്നത് ശരിയാ സർ... പക്ഷേ ഇവരൊക്കെ എഴുന്നേൽക്കുന്നതിനു മുൻപ് ഞാനും മാണിക്യനും അവന്റെ ഭാര്യയും ഒക്കെ എന്റെ വീട്ടിൽ എത്തിയിരുന്നു... ഞാൻ വരുമ്പോ എന്റെ മുറിയിൽ അജു ഉണ്ടായിരുന്നു... അവൻ എഴുന്നേറ്റിട്ടുണ്ടായിരുന്നില്ല... പിന്നെ ഞാൻ കല്യാണത്തിന്റെ തിരക്കുകളിലായി... അജുവിനെ പിന്നെ ഞാൻ കണ്ടിട്ടില്ല... അരുണിനോടോ മറ്റോ ചോദിച്ചാ ഈ കാര്യം മനസ്സിലാവും..."

"...അതുപോലെ അനുവിനെ ഞാൻ വിവാഹം കഴിച്ച കാര്യം... അജുവിനെ കാണാതായപ്പോൾ കല്യാണം മുടങ്ങാതിരിക്കാൻ വീട്ടുകാർ അനുവിന് വേണ്ടി ആലോചിച്ച ഏഴു പയ്യന്മാരിൽ ഒരാൾ മാത്രമാണ് ഞാൻ... അതും അനുവിന്റെ മുറച്ചെറുക്കന്മാർ ഉൾപ്പടെ അഞ്ചുപേരുടെ ജാതകം ചേരാതിരിക്കുകേം, ചേരുന്ന ഒരാൾക്ക് മുഹൂർത്തത്തിനു മുൻപ് എത്താൻ പറ്റില്ല എന്ന് പറയുകേം ചെയ്തപ്പോഴാ എന്റെ ജാതകം നോക്കുന്നത്... ആദ്യം നോക്കിയ ആരുടെയെങ്കിലും ജാതകം ചേർന്നിരുന്നു എങ്കിൽ അനുപമ ഇപ്പോൾ അയാളുടെ ഭാരയായിട്ടുണ്ടാകുമായിരുന്നൂ... അപ്പോ പിന്നെ അനുവിനെ വിവാഹം

കഴിക്കാൻ ഞാൻ അജുവിനെ എന്തെങ്കിലും ചെയ്തതാണ് എന്ന് പറയുന്നതിൽ എന്ത് യുക്തിയാണ് സർ ഉള്ളത്...”

“...യുക്തിയുണ്ടല്ലോ ദേവാ... ജാതകം നോക്കിയ ജ്യോത്സ്യനെ നിങ്ങൾ കൊണ്ടുവന്നതല്ലേ... നിങ്ങൾക്ക് വേണ്ടി അയാൾക്ക് ഒരു നുണയുണ്ടാക്കാല്ലോ... ഏഴു ജാതകം നോക്കിയിട്ട് അയാൾ അവിടെ അവൈലബിൾ ആയിരുന്ന ദേവന്റെ മാത്രം ജാതകമേ ചേരൂ എന്ന് പറഞ്ഞതിൽത്തന്നെ ഒരു വശപ്പിശകില്ലേ...??” ഹമീം സർ എന്നെ വീണ്ടും പ്രതിക്കൂട്ടിലാക്കി.. അദ്ദേഹം പറഞ്ഞത് ശരിയാണെന്ന ഭാവത്തിൽ അനു എന്നെ ആ ഉണ്ടക്കണ്ണുകൾ ഉരുട്ടി നോക്കി..

“..ശരി സർ... എന്തായാലും സത്യമെന്നെങ്കിലും തെളിയൂല്ലോ... അന്വേഷണം നടക്കട്ടെ... എന്തെങ്കിലും വിവരം കിട്ടിയാൽ അറിയിച്ചാൽ മതി.. എനിക്ക് കിട്ടുന്ന വിവരങ്ങൾ ഞാനും പറയാം... ഞങ്ങൾ ഇറങ്ങട്ടെ സർ...” നിരാശയോടെ ഞാൻ പോകാനായി എഴുന്നേറ്റു...

“...ദേവാ... ഞാൻ തന്നോട് വരാൻ പറഞ്ഞകാര്യം ഇനിയും പറഞ്ഞില്ല... താൻ ഇരിക്ക്...” ഞാൻ വീണ്ടും സോഫയിൽ ഇരുന്നു...

“...അർജുനെക്കുറിച്ച് ചില വിവരങ്ങൾ കിട്ടിയിട്ടുണ്ട്... അയാൾ ആള് വളരെ ബുദ്ധിമാനാണ്... അയാളെ അന്വേഷിക്കുന്ന ആളുകൾ ഒരിക്കലും അയാളുടെ പുറകെ എത്താതിരിക്കാനുള്ള മുൻകരുതലുകൾ ഒരു ക്രിമിനൽ മൈന്റോടെ അയാൾ എടുത്തിരുന്നു എന്നാ അന്വേഷണത്തിൽ എനിക്ക് മനസ്സിലായത്...” അദ്ദേഹം എന്താ ഉദ്ദേശിക്കുന്നതെന്ന് മനസ്സിലാവാതെ ഞാൻ മുന്നോട്ടാഞ്ഞ് കൂടുതൽ ശ്രദ്ധിച്ചിരുന്നു.. അനുവിന്റെ മുഖത്തും അതേ ജിജ്ഞാസ ഉണ്ടായിരുന്നു.. അദ്ദേഹം പറഞ്ഞു തുടങ്ങി..

“...ദേവാ... നിങ്ങളുടെ കൺവെൻഷൻ സെന്ററിൽ നിന്നും ഇറങ്ങിയ അർജുൻ അരക്കിലോമീറ്റർ അകലെയുള്ള ബസ്റ്റോപ്പിനോട് ചേർന്നുള്ള ഓട്ടോ സ്റ്റാൻഡിൽ നിന്നും ഓട്ടോയിൽക്കയറി പോകുന്നത് ആ സ്റ്റാന്റിന്റെ എതിർവശത്തുള്ള ബേക്കറിയിലെ ക്യാമറയിൽ പതിഞ്ഞിരുന്നു... ആ ഓട്ടോക്കാരനെ ട്രെയ്സ് ചെയ്തപ്പോൾ അവൻ റെയിൽവേ സ്റ്റേഷനിലേയ്ക്കാണ് പോയത് എന്ന് അറിഞ്ഞു... രണ്ടു കിലോമീറ്റർ അകലെ ബസ്റ്റാന്റ് ഉള്ളപ്പോൾ മുപ്പത് കിലോമീറ്റർ അകലെയുള്ള റെയിൽവേ സ്റ്റേഷനിലേയ്ക്കാണ് അവൻ പോയത്.. അതുതന്നെ

അവനെ പിന്തുടർന്ന് ആരെങ്കിലും വരുന്നുണ്ടെങ്കിൽ അവരെ തെറ്റിദ്ധരിപ്പിക്കാനാണ്... എന്നാൽ അവൻ ഓട്ടോയിൽ നിന്നിറങ്ങി ട്രെയിനിനു പോകാതെ അടുത്തുള്ള ബസ്റ്റോപ്പിൽ നിന്നും ബസ്സിനാണ് അവിടന്നു പോയത്... അത് ആ ഓട്ടോക്കാരൻ കണ്ടിരുന്നു... അവിടന്ന് അവൻ മലപ്പുറത്തുള്ള ഒരു ലോഡ്ജിൽ അന്ന് പകലും രാത്രിയും ചിലവഴിച്ചശേഷം ഇന്നലെ രാവിലെ അവിടന്ന് പോയി... നാട് മുഴുവൻ അവനെ അന്വേഷിച്ച് ആളുകൾ നടക്കുമ്പോൾ ആ ലോഡ്ജ് അവനൊരു ഹൈഡ്ഓട്ട് ആക്കുകയായിരുന്നു... ആ ലോഡ്ജിനു മുന്നിലെ എ.റ്റി.എമ്മിൽ നിന്നും അവൻ പണം പിൻവലിച്ചിരുന്നു... അതുകണ്ടെത്തി അന്വേഷിച്ചപ്പോഴാണ് അവൻ ആ ലോഡ്ജിൽ താമസിച്ചിരുന്നതായി അറിയാൻ കഴിഞ്ഞത്... ഞാൻ അവിടത്തെ സ്റ്റേഷനിൽ ബന്ധപ്പെട്ട് പോലീസ് അന്വേഷിച്ചു ചെന്നപ്പോഴേക്കും അവൻ പോയിരുന്നു... അതുകൊണ്ടൊക്കെ വളരെ പ്ലാൻ ചെയ്താണ് അവൻ മുങ്ങിയിരിക്കുന്നത് എന്നാ എനിക്ക് തോന്നുന്നത്...” അദ്ദേഹം പറഞ്ഞു നിർത്തി..

“...ആ ലോഡ്ജിൽ അവൻ താമസിച്ചിരുന്നു എന്ന് എങ്ങിനെയാ സാർ അറിഞ്ഞത്...??”

“...അവൻ സ്വന്തം ഡ്രൈവിംഗ് ലൈസൻസ് ആണ് അവിടെ ഐ.ഡി.പ്രൂഫായി കൊടുത്തിരുന്നത്...” ഞാൻ അദ്ദേഹം പറഞ്ഞ കാര്യങ്ങൾ വിശകലനം ചെയ്യുമ്പോൾ അജുവിനെ ആരെങ്കിലും എന്തെങ്കിലും പറഞ്ഞു തെറ്റിധരിപ്പിക്കുകയോ ഭീഷണിപ്പെടുത്തുകയോ ചെയ്തിട്ടുണ്ടാകാമെന്നും., അല്ലാതെ അവൻ ഇങ്ങനെ ചെയ്യില്ല എന്നുമൊക്കെ ന്യായീകരിക്കാൻ ശ്രമിക്കുകയായിരുന്നു അനുപമ.. എന്നാൽ അതിനൊക്കെ ചിരിച്ചുകൊണ്ട് മറുപടി പറഞ്ഞ് ഹമീം സർ അദ്ദേഹത്തിന്റെ വാദത്തിൽ ഉറച്ചു നിന്നു.

“...സാർ പറഞ്ഞ കാര്യങ്ങളെല്ലാം എനിക്ക് മനസ്സിലായി പക്ഷേ അവനൊരു ക്രിമിനൽ ബുദ്ധിയോടെയാണ് ഇങ്ങനെയൊക്കെ ചെയ്തതെന്ന് ഞാൻ വിശ്വസിക്കുന്നില്ല.. ഒരെടുത്തു ചാട്ടക്കാരാനാണെങ്കിലും അവനൊരിക്കലും ഇതിനു മുൻപ് ഇതുപോലുള്ള പ്രശ്നങ്ങൾ ഉണ്ടാക്കിയിട്ടില്ല... അവന്റെ അച്ഛന്റെ മരണശേഷം തനിക്കും പണക്കാരനാവണം എന്നൊക്കെ ചിന്തിച്ചു നടന്നിരുന്നതാണെങ്കിലും അവനൊരിക്കലും അതിനായി തെറ്റായ മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടില്ല... നന്നായി അധ്വാനിച്ചു പഠിച്ചാണ് അവൻ എൻജിനീയർ ആയതും... വിദേശത്ത് ജോലി നേടിയതും ഒക്കെ.. ആകാര്യത്തിൽ എനിക്ക് അവനോട് വലിയ ബഹുമാനം ഉണ്ട്..” ഹമീം സാറിന്റെ അഭിപ്രായം കേട്ടിട്ടും എന്റെ മനസ്സിൽ തോന്നിയ കാര്യങ്ങൾ ഞാൻ വിശദീകരിച്ചു..

"...അതുകൊണ്ടുതന്നെയാണ് അവൻ ബുദ്ധിമാനാണെന്നു ഞാൻ പറഞ്ഞത്... ആ ബുദ്ധി അവൻ ഈ കാര്യത്തിൽ ഉപയോഗിച്ചു എന്ന് മാത്രം..." ഹമീം സാർ വീണ്ടും പറഞ്ഞു..

"...അങ്ങനെയല്ല സർ... പ്രത്യേകിച്ച് ഒരു മുൻധാരണ ഇല്ലാതെയാണ് അവൻ പോയത് എന്നാ എനിക്ക് തോന്നുന്നത്... അവനെക്കൊണ്ട് പരിഹാരം കാണാൻ കഴിയാത്തതും എന്നാൽ മറ്റാരോടും ഷെയർ ചെയ്യാൻ കഴിയാത്തതുമായ ഒരു പ്രശ്നം അവനുണ്ടായിക്കാണണം... ബസ്സിനു പോകാതെ അവൻ ഓട്ടോ വിളിച്ച് റെയിൽവേ സ്റ്റേഷനിലേയ്ക്ക് പോയത് ഒരുപക്ഷേ എത്രയുംവേഗം മാക്സിമം ദൂരത്ത് എത്താനുള്ള വ്യഗ്രതകൊണ്ടാവും... ഓട്ടോയിൽ ഇരുന്നു ആലോചിച്ചപ്പോൾ ട്രെയിനിനു പോകുന്നത് സെയ്ഫല്ല എന്ന് അവനു തോന്നിക്കാണും... അതുകൊണ്ടാവാം സ്റ്റേഷന്റെ അടുത്ത് ഇറങ്ങിയ അവൻ തീരുമാനം മാറ്റി ബസ്സിനു പോയത്... അതുപോലെ എങ്ങോട്ട് പോകണം എന്നൊരു തീരുമാനം എടുക്കാൻ കഴിയാത്തതുകൊണ്ടാവാം അവൻ ലോഡ്ജിൽ മുറി എടുത്തത്... അവിടിരുന്ന് ആലോചിച്ചപ്പോൾ പോകേണ്ട സ്ഥല്ലത്തെക്കുറിച്ച് അവന് ഒരു ഐഡിയ കിട്ടിക്കാണും..."

എന്റെ മറുപടി കേട്ട് ഹമീം സർ ആലോചനയിലാണ്ടു... അനുവിന്റെ മുഖത്തും ഒരത്ഭുതം പ്രകടമായിരുന്നു..

"...ശരിയാണ് ദേവാ... താൻ പറഞ്ഞ പോസിബിലിറ്റി തള്ളിക്കളയാൻ പറ്റില്ല... എന്തായാലും നമുക്ക് അന്വേഷിക്കാം.." അദ്ദേഹത്തിനു കൈകൊടുത്ത് എഴുന്നേറ്റ് ഞങ്ങൾ അവിടന്നു പോന്നു.

തിരിച്ചു കാറിലിരിക്കുമ്പോൾ ഞങ്ങൾ ഒന്നും സംസാരിച്ചില്ല... പലതും ആലോചിച്ച് ഡ്രൈവ് ചെയ്യുന്നതിനിടയിലാണ് ഞാൻ രാവിലെ മാളു പറഞ്ഞ കാര്യം ഓർത്തത്... എന്നോട് വെറുപ്പ് മാത്രമുള്ള അനുവിനോട് ഇനി വിരുന്നിനു പോകുന്ന കാര്യം എങ്ങനാ പറയുന്നത്... ഡോറിലെ ഹാൻഡ്റെസ്റ്റിൽ കൈകുത്തി താടിയ്ക്ക് കൈയും കൊടുത്ത് അവൾ എന്തോ ആലോചനയിലാണ്... എ.സി.വെന്റിൽ നിന്നുള്ള കാറ്റ് അവളുടെ മുഖത്തേയ്ക്ക് വീണു കിടക്കുന്ന മുടിയിഴകളിൽ കുസൃതി കാണിക്കുന്നു... ആ മനോഹാരിതയിൽ ഒരു നിമിഷം ഞാൻ ലയിച്ചിരുന്നു...

അഴകുള്ള ചക്കയിൽ ചുളയില്ല എന്ന് പഴമക്കാർ പറയുന്ന പോലെ ഇത്ര മനോഹരിയായ ഇവളുടെ സ്വഭാവമോ തനികൂതറ... ഹമീം സാറിനോട് ഇവൾ എന്തൊക്കെയാ എന്നെക്കുറിച്ച് പറഞ്ഞത്...

"...അനൂ..."

"...എന്നെ അനുപമ എന്ന് വിളിച്ചാൽ മതി... അല്ലെങ്കിൽ വിളിക്കണമെന്നില്ല..." അവൾ കലിച്ചു... ഹോ... ഇവളോട് ഒന്നും പറയാൻ പറ്റാത്ത അവസ്ഥയാണല്ലോ.

"...ഞാൻ നിന്നോട് സ്നേഹംകൂടാൻ വന്നതല്ല... മറ്റുള്ളവരുടെ കണ്ണിൽ നമ്മൾ വിവാഹം കഴിഞ്ഞ പുതുമോടികളാണ്.... അതുകൊണ്ട് ബന്ധുക്കൾ പലരും നമ്മളെ അവരുടെ വീടുകളിൽ വിരുന്നിനു ചെല്ലാൻ പറഞ്ഞു വിളിച്ചിട്ടുണ്ട്... ഇന്ന് രാജേശ്വരി അമ്മായിയുടെ വീട്ടിൽ നമ്മൾ ചെല്ലുമെന്ന് എന്റെ വീട്ടുകാർ പറഞ്ഞിട്ടുള്ളതാ... ഇനി എന്തായാലും അതിന്റെ ആവശ്യമില്ലല്ലോ... എന്തെങ്കിലും കാരണം പറഞ്ഞൊഴിയാം.." എന്റെ മുഖത്തേയ്ക്ക് ഒന്നു നോക്കി അവൾ പിന്നെ ദേഷ്യത്തോടെ തല വെട്ടിച്ചു...

ഇവളെന്താ ഇങ്ങനെ.... ആദിയെപ്പോലെ അനുവും ഒരു കോളേജ് പ്രൊഫസറായിരുന്നു... വിവാഹം കഴിഞ്ഞ് അജു വിദേശത്തേയ്ക്ക് കോണ്ടുപോകും എന്ന് പറഞ്ഞിരുന്നതിനാൽ അവൾ ആ ജോലി രാജിവച്ചതാണ്... മുൻപ് സംസാരിക്കുമ്പോഴൊക്കെ ഓമനത്വമുള്ള ഒരു കുഞ്ഞിന്റെ മുഖഭാവമാണെങ്കിലും നല്ല പക്വതയുള്ള പെരുമാറ്റമായിരുന്നെന്നു ഞാൻ ശ്രദ്ധിച്ചിരുന്നു.. എന്നാലിപ്പോ കുട്ടികളെപ്പോലെ പിണങ്ങുക... ദേഷ്യം പിടിച്ചു ചുണ്ടു വക്രിക്കുക... പെട്ടന്ന് മുഖം വെട്ടിക്കുക.. ഇങ്ങനെയൊക്കെ പക്വതയില്ലാത്ത ഒരു പെൺകുട്ടിയെപ്പോലെയാണ് ഈ യാത്ര തുടങ്ങിയപ്പോൾ മുതൽ ഇവളുടെ പെരുമാറ്റം..

"...നമ്മൾ തമ്മിലുള്ള പ്രശ്നങ്ങളൊന്നും ഇയാളുടെ വീട്ടുകാരെ അറിയിക്കണ്ട... നമുക്ക് വിരുന്നിനു പോകാം..." അൽപ്പ സമയം ആലോചിച്ചിട്ട് അവൾ പറഞ്ഞു...

"...ഒലവക്കോടാണ് അമ്മായിയുടെ വീട് രാത്രി അവിടെ തങ്ങേണ്ടി വരും... ഒരു മുറിയിൽ നമ്മൾ കിടക്കേണ്ടിയും വരും... അതാ പോകണ്ടാന്ന് പറഞ്ഞത്..."

"...ഓ... എന്നെ സൂക്ഷിക്കാൻ എനിക്കറിയാം..." അവൾക്ക് പുച്ഛം. പിന്നീട് ഞങ്ങൾ ഒന്നും സംസാരിച്ചില്ല..

വീട്ടിലെത്തിയ പുറകേ പഞ്ചമിയും, ചെറിയമ്മയും കൂടി അനുവിനെയും അഞ്ചുവിനെയും കൂട്ടി ടൌണിൽ ഒക്കെപ്പോയി കുറെ ഷോപ്പിങ്ങും കഴിഞ്ഞാണ് തിരികെ എത്തിയത്.. അനുവിനു അധികം ഡ്രസ്സ് ഒന്നുമില്ലായിരുന്നു.. അതുകൊണ്ടാണ് അവർ ഷോപ്പിങ്ങിനു പോയത്.. അവർ പോയിട്ട് വന്നപ്പോഴേക്കും അമ്മായിയുടെ വീട്ടിൽ പോകാനുള്ള ഡ്രസ്സൊക്കെ ബാഗിലാക്കി ഞാൻ റെഡിയാക്കി വച്ചിരുന്നു... വൈകുന്നേരം ഞങ്ങൾ പുറപ്പെട്ടു... ഒരു റോസ് കളർ ഡിസൈനർ സാരിയായിരുന്നു അനുവിന്റെ വേഷം...

അനു കാറിൽ കയറിയ പുറകെ അഞ്ചു എന്റെ അടുത്ത് വന്ന് ഒരു കാര്യം പറയാനുണ്ടെന്നും പറഞ്ഞ് എന്നെ മാറ്റി നിർത്തി സംസാരിച്ചു..

"...ദേ... എന്റെ വീടുകാർക്ക് വേറെ നിവർത്തിയില്ലാതെയാ ചേച്ചിയെ നിങ്ങൾക്ക് കെട്ടിച്ചു തന്നത്... നിങ്ങളുടെ തനിസ്വഭാവം അറിഞ്ഞ സ്ഥിതിക്ക് ഇനി നിങ്ങളുടെ കൂടെ ജീവിക്കില്ല എന്നാ അവളുടെ തീരുമാനം... അതോണ്ട് അജുവേട്ടൻ തിരിച്ചു വന്നാലുടൻ നിങ്ങൾ അവൾക്ക് ഡിവോഴ്സ് കൊടുക്കണം... എന്റെ ചേച്ചി ഒരു പാവമാ... ഞാനീപ്പറഞ്ഞതൊക്കെ മനസ്സീവച്ചോണ്ട് രാത്രി തനിച്ചു കിട്ടുമ്പോ അവളെ എന്തെങ്കിലും ചെയ്യാമെന്നുള്ള പൂതി മനസ്സിലുണ്ടെങ്കിൽ അതിപ്പോഴേ കളഞ്ഞേരേ... അവളെ നിങ്ങളെന്തെങ്കിലും ചെയ്താൽ...??" അർദ്ധോക്തിയിൽ പറഞ്ഞു നിർത്തിയ അവൾ മറ്റുള്ളവർ കാണും എന്നതിനാൽ എന്റെ മുൻപിൽ ചിരിച്ചുകൊണ്ടാണ് സംസാരിക്കുന്നതെങ്കിലും.. അവളുടെ ശബ്ദത്തിലെ ഭീഷണി വ്യക്തമായിരുന്നു... അപ്പോ ആദി പറഞ്ഞകാര്യങ്ങൾ അനു ഇവളോടും പറഞ്ഞു..

ഇളം നീല ഫുൾസ്ലീവ് ഷർട്ടിന്റെ സ്ലീവ് മുട്ടിനു താഴെ വരെ മടക്കി വച്ച് കറുത്ത ജീൻസും ധരിച്ചിരുന്ന ഞാൻ അവളുടെ സംസാരത്തിനുള്ള മറുപടി കൈകെട്ടി നിന്നുകൊണ്ട് കടവാ വക്രിച്ചുകൊണ്ടുള്ള ഒരു ചിരിയിൽ ഒതുക്കി.. എന്റെ ചിരിയും നോട്ടവും അവളെ ഒന്ന് ചൂളിച്ചു എന്ന് തോന്നി.. എന്റെ താടി വരെയേ അവൾക്ക് പോക്കമുള്ളൂ... അതുകൊണ്ട് എന്റെ മുഖത്തേയ്ക്ക് തലയുയർത്തി നോക്കിയിരുന്ന അവൾ എന്റെ നോട്ടം നേരിടാനാവാതെ കണ്ണുകൾ മാറ്റി അനുവിന്റെ അടുത്ത് ചെന്ന് വിൻഡോയിലൂടെ കുനിഞ്ഞു നോക്കിക്കൊണ്ട് എന്തോ പറഞ്ഞു...

ഞാൻ വേഗം ചെന്ന് ഡ്രൈവിംഗ് സീറ്റിലിരുന്നു കാർ മുന്നോട്ട് എടുത്തു...

അമ്മായിയുടെ വീട്ടിൽ ഞങ്ങൾക്ക് നല്ല സ്വീകരണമാണ് കിട്ടിയത്... മക്കളൊക്കെ വിദേശത്ത് ആയിരുന്നതിനാൽ അമ്മാവനും അമ്മായിയും മാത്രമേ വീട്ടിൽ ഉണ്ടായിരുന്നുള്ളൂ... അമ്മായി ഇടയ്ക്കൊന്നു വീണ് നടുഉളുക്കിയശേഷം വീട്ടുപണിക്ക് ഒരു തള്ളയെ നിർത്തിയിട്ടുണ്ട്... ഞങ്ങൾ ചെല്ലുമ്പോൾ അവർ മൂന്നു പേരും വന്നു ഞങ്ങളെ സ്വീകരിച്ചു..

അമ്മാവൻ നല്ല കഴിപ്പാണ്.. അതുകൊണ്ട് എന്റെ പ്രിയ കൂട്ടുകാരൻ വിസ്കി രണ്ട് ഫുൾ പുള്ളിക്കാരൻ കരുതിയിരുന്നു... അത്താഴം ഒക്കെ കഴിഞ്ഞ് അയൽപക്കത്തുള്ള അമ്മാവന്റെ സ്ഥിരം അടിക്കമ്പനികളുമായി വർത്തമാനം പറഞ്ഞിരുന്നു നേരം പോയതറിഞ്ഞില്ല... ഇടയ്ക്ക് കള്ളുസഭയിലേയ്ക്ക് സ്നാക്സുമായി വന്നിട്ടുപോയ എന്റെ ഭാര്യയുടെ ചുവന്ന ചുരിദാറിനടിയിൽ ഓളം വെട്ടുന്ന അന്നനട നോക്കി അതിൽ ചില തെണ്ടികൾ വെള്ളമിറക്കുന്ന കണ്ടപ്പോൾ എനിക്ക് ചിരിയാണ് വന്നത്... ആ വിശ്വസൌന്ദര്യം കൊതിതീരെ അനുഭവിക്കാൻ ഭാഗ്യം കിട്ടിയവനേ എന്നുള്ള അവന്മാരുടെ എന്റെ നേരെയുള്ള നോട്ടം കണ്ടപ്പോൾ അതൊന്നു രുചിച്ചു നോക്കാൻ പോലും എനിക്ക് ഭാഗ്യമില്ലണ്ണാ എന്ന് പറയണമെന്നുണ്ടായിരുന്നു...

അമ്മായിക്ക് നടുവേദന ഉള്ളകൊണ്ട് അവർ താഴത്തെ നിലയിലെ മുറിയിലാണ് കിടന്നത്... എനിക്കും അനുവിനും മുകളിൽ ബാൽക്കണിയോട് ചേർന്നുള്ള മുറിയും... കള്ളുസഭ പിരിഞ്ഞശേഷം രാത്രി ഞാൻ കിടക്കാനായി മുറിയിൽ ചെല്ലുമ്പോൾ ആദ്യമിട്ടിരുന്ന ചുരിദാർ മാറ്റി അരയിൽ കേട്ടുള്ള ഒരു ക്രീം കളർ നൈറ്റ് ഗൌൺ ധരിച്ച് കണ്ണാടിക്ക് മുൻപിൽ ഇരുന്നു മുടി കോതുകയായിരുന്നു അനു.. ഞാൻ മദ്യപിക്കുന്നത് കണ്ടതുകൊണ്ടാവണം എന്നെ കണ്ടയുടൻ ചാടി എഴുന്നേറ്റ അവളുടെ മുഖത്ത് ഒരു ഭീതി നിഴലിച്ചിരുന്നു... ഇടുപ്പിന്റെ വശങ്ങളിലുള്ള വള്ളികൾ പുറകോട്ട് കെട്ടി വച്ചിരിക്കുന്നതിനാൽ മുലയിൽ നിന്നും താഴെ അരക്കെട്ടിന്റെ ഭാഗത്തെയ്ക്ക് വലിഞ്ഞു നിൽക്കുന്ന ആ ഗൌണിൽ അവളുടെ ശരീര വടിവുകൾ മാത്രമല്ല അകത്തിട്ടിരിക്കുന്ന ബ്രായുടെയും പാന്റിയുടെയും നിഴൽ വരെ കാണാമായിരുന്നു... ചന്തിക്ക് മുകളിൽ വരുന്ന കെട്ടിന്റെ താഴെ രണ്ടു മിഴാവുകൾ പോലെ ഉരുണ്ടു കൊഴുത്തു നിൽക്കുന്ന ജഘനഭാരങ്ങളിൽ ഒന്ന് താളം പിടിക്കാൻ ആരുടേയും കൈ തരിക്കും...

എന്നെ പേടിച്ചു നിൽക്കുന്ന ഇവളെന്തിനാ മനുഷ്യന്റെ കണ്ട്രോൾ കളയുന്ന ഈ ഡ്രസ്സൊക്കെ ഇട്ടിരിക്കുന്നത് എന്ന് ഞാൻ ആലോചിച്ചു... ആദ്യമിട്ടിരുന്ന ചുരിദാർ ഇത്ര കുഴപ്പമുള്ളതായിരുന്നില്ല... മുറിയിൽ ആകമാനം കണ്ണോടിച്ച എനിക്ക് അതിനുള്ള ഉത്തരവും കിട്ടി... ആ ചുരിദാർ ടോപ്പ് ഡ്രസ്സ് സ്റ്റാൻഡിൽ ഉണങ്ങാനിട്ടിരിക്കുന്നു... അടുക്കളയിൽ അമ്മായിയെ സഹായിച്ചപ്പോ നനഞ്ഞതാവണം... ഇങ്ങോട്ട് പോരുന്നതിനു മുൻപ് അനുവിനുള്ള ഡ്രസ്സ് പായ്ക്ക് ചെയ്തത് മാളുവാണ്... അവളെടുത്ത് വച്ചതാവണം ഈ സീത്രൂ ഗൌൺ...

ഈ വലിയ വീടിന്റെ അപ്സ്റ്റെയറിൽ ഇപ്പോൾ ഞങ്ങൾ മാത്രം... പകൽ എന്നെയാ പോലീസ് ഓഫീസറുടെ മുന്നിലിട്ട് ഇവൾ കുറേ വെള്ളം കുടിപ്പിച്ചതാ... അതിന്റെ വാശിക്ക് ഇപ്പൊ ഇവളുടെ മൂലോം പൂരാടോം അടിച്ചൊന്നാക്കുവാ വേണ്ടേ... പുതുമോടി ആയകൊണ്ട് ഞങ്ങളുടെ മുറിയിൽ കിടന്ന് ഇവൾ കാറിക്കൂവിയാലും അതുംകേട്ട് കുണ്ണയും തടവി അമ്മാവൻ കിടന്നുറങ്ങും എന്നല്ലാതെ.. ഇങ്ങോട്ട് തിരിഞ്ഞു നോക്കില്ല... എല്ലാംകൊണ്ടും അനുകൂല സാഹചര്യം... ഒപ്പം ഉള്ളിൽ നുരയുന്ന ലഹരിയും..

ഈ ലഹരിയാണ് രണ്ടു തവണ എന്നെ നിലതെറ്റിച്ച് ആദിയെ പ്രാപിപ്പിച്ചത്... പക്ഷേ അപ്പോഴൊക്കെ ആദിയുടെ മനസ്സിൽ എന്നോട് ഒരുപാട് സ്നേഹം ഉണ്ടായിരുന്നു... ഇവിടെ പക്ഷേ അതല്ലല്ലോ കഥ... ഇവളുടെ മനസ്സ് നിറയെ അജുവാണ്... ഞാനോ...?? ഇവൾക്ക് വെറും സ്ത്രീലമ്പടൻ...!! കല്യാണത്തിന്റെ അന്ന് ഇവളേം വീട്ടുകാരേം പറ്റിച്ചു മുങ്ങിയ ആ തെണ്ടി ഇവൾക്കൊക്കെ ദൈവപുത്രൻ... കല്യാണം മുടങ്ങി നിന്ന് മോങ്ങിയ ഇവളെ കെട്ടാൻ മനസ്സുകാണിച്ച നമ്മള് വെറുക്കപ്പെട്ടവൻ..

എന്തായാലും പെണ്ണിന്റെ സമ്മതമില്ലാതെ, അവൾക്ക് നമ്മളോട് സ്നേഹമില്ലാതെ അവളെ പ്രാപിക്കുന്നതിൽ എന്താ ഒരു ത്രിൽ ഉള്ളത്... അതുകൊണ്ട് മോളേ അനൂ നിനക്ക് സുഖമായുറങ്ങാം... ഞാൻ ഇവിടെ ഈ നിലത്ത് നിന്റെ അനുപമ സൌന്ദര്യത്തിന് കാവൽ കിടക്കും... നിന്റെ അജുവന്ന് നിന്നെ കൊണ്ടുപോകുന്നവരെ എന്നും നിനക്ക് ഞാനൊരു കാവൽക്കാരൻ മാത്രം ആയിരിക്കും... കാരണം നിന്നോട് എനിക്ക് തോന്നുന്ന വികാരം പലപ്പോഴും ഒരു കുഞ്ഞിന്റെ നിഷ്കളങ്കതയോട് തോന്നുന്ന വാത്സല്യമാണ്.. അതെന്തുകൊണ്ടാണ് എന്ന് എനിക്കറിയില്ലെങ്കിൽ പോലും...

മനസ്സിലാണ് അത്രയും ഞാൻ പറഞ്ഞത്... അവളപ്പോഴും എന്റെ അടുത്ത നീക്കം എന്താണെന്ന് അറിയാതെ ഭയത്തോടെ നിൽക്കുകയാണ്... അവളുടെ അടുത്തേയ്ക്ക് ചെന്ന ഞാൻ പെട്ടന്ന് കുനിഞ്ഞ് കട്ടിലിൽ കിടന്ന തലയിണ ഒരെണ്ണം എടുത്തു... അവൾ ഞെട്ടി പിന്നോട്ട് മാറി.. അത് തന്നെയായിരുന്നു എന്റെ ഉദ്ദേശവും... പിന്നെ ബാഗിൽ ഞാൻ ചുരുട്ടി വച്ചിരുന്ന യോഗാ മാറ്റും, ഒരു സിംഗിൾ ബെഡ്ഷീറ്റും എടുത്ത് നിലത്ത് വിരിച്ച്... തലയിണയും വച്ച് മലർന്നു കിടന്നു... അവളോടൊരു വാക്കുപോലും ഞാൻ മിണ്ടിയില്ല... കട്ടിലിന്റെ അപ്പുറത്ത് നിന്നിരുന്ന അവൾ ഞാൻ ഉറങ്ങിയോ എന്നറിയാൻ കട്ടിലിൽ കയറി മുട്ടിൽ നിന്നുകൊണ്ട് ഏന്തി വലിഞ്ഞു നോക്കി... പെട്ടന്ന് കണ്ണ് തുറന്ന് ഞാൻ "..എന്ത്യേ..??" എന്ന് കണ്ണുകൾ കൊണ്ട് ചോദിച്ചപ്പോൾ ഒന്നുമില്ല എന്ന അർദ്ധത്തിൽ തോൾ കുലുക്കി അവൾ പോയി കിടന്നു.. വിളക്കുകൾ അണഞ്ഞു... ഉറക്കം എന്റെ മിഴികളെ തഴുകി..

രാത്രി രണ്ടു മണിക്ക് പതിവുപോലെ ഞാൻ മുള്ളാൻ എഴുന്നേറ്റു... സാധാരണ ഇങ്ങനെ ഇടയ്ക്കുണർന്നാലും ഉറക്കം തൂങ്ങിപ്പോയി മൂത്രമൊഴിച്ചിട്ടു വന്നു കിടക്കാറാണ് പതിവ്... തിരിച്ചു വന്നു ലൈറ്റണച്ച് കിടക്കാൻ തുടങ്ങുമ്പോൾ ഞാൻ അനുവിനെ നോക്കി... ബാൽക്കണിയിലെ വെളിച്ചം മുറിയിലേയ്ക്ക് അരിച്ചു വരുന്നതിൽ അവൾ കിടക്കുന്നത് ഒരു നിഴൽപോലെ എനിക്ക് കാണാം...

ഗ്രീക്ക് ദേവതയായ ഡെഫീദിയുടെ പ്രതിമപോലെ എന്റെ എതിർവശത്തേയ്ക്ക് ചരിഞ്ഞ്, മടക്കിവച്ച വലംകൈത്തണ്ടയിൽ തലവച്ച് കിടന്നുറങ്ങുന്ന അവളെ നോക്കിയിരിക്കുമ്പോൾ വേണ്ടായെന്നു വച്ചിട്ടും എന്റെ ട്രാക്ക്പാന്റിനുള്ളിൽ അനക്കം വയ്ക്കുന്നത് ഞാനറിഞ്ഞു.. ചരിഞ്ഞുള്ള അവളുടെ ആ കിടപ്പ് അത്ര കാമോദ്ധീപകം ആയിരുന്നു... കനംകുറഞ്ഞ ആ ഗൌണിൽ അവളുടെ കൊഴുത്ത ദേഹവടിവ് നന്നായിക്കാണാം... അവളുടെ ശ്വാസഗതി താളത്തിലല്ല എന്ന് തോന്നിയപ്പോൾ ഞാൻ പതുക്കെ എഴുന്നേറ്റ് അവളുടെ അടുത്ത് കട്ടിലിൽ ഇരുന്ന് ശ്രദ്ധിച്ചു... ആസ്മാ രോഗിയെപ്പോലെ അവൾ ശ്വാസോച്ഛ്വാസം ചെയ്യുന്നു...

"...അനൂ...? മോളേ...?" ആദ്യം ഒന്നു മടിച്ചെങ്കിലും അവൾക്ക് എന്തെങ്കിലും അസുഖമാണോ എന്ന് ചിന്തിച്ച് ഞാൻ അവളുടെ കൈത്തണ്ടയിൽ പിടിച്ച് കുലുക്കി വിളിച്ചു... അവളൊന്നു ഞെട്ടി...

"...എന്നെത്തൊടരുത്...!!" അടുത്ത നിമിഷം ചാടി എഴുന്നേറ്റ അവൾ കട്ടിലിൽ നിന്നും ഇറങ്ങി നിന്നു... ബെഡ്സ്വിച്ചമർത്തി ഞാൻ ലൈറ്റിട്ടപ്പോൾ വിയർത്ത്

കുളിച്ച് പേടിച്ചരണ്ട് നിൽക്കുന്ന അവൾ മേശപ്പുറത്തിരുന്ന ചൈനീസ് ക്ലെയുടെ ഫ്ലവർവെയ്സെടുത്ത് ഓങ്ങിക്കൊണ്ട് എന്റെ നേരെ ചീറി..

"...നിങ്ങളുടെ ഉദ്ദേശം നടക്കില്ല... എന്നെ എന്തെങ്കിലും ചെയ്യാൻ വന്നാൽ... ഞാൻ... ഞാൻ... ഞാൻ ചത്തളയും..." അണപ്പോടെ നിന്ന അവളുടെ കണ്ണുകളിൽ ഭയവും... നിരാശയും.. ദേഷ്യവും എല്ലാമുണ്ടായിരുന്നു... ഞാൻ ചിരിച്ചുകൊണ്ട് കട്ടിലിൽ ഇരുന്നു..

"...എന്റമ്മൂ... ഞാൻ നിന്നെ ഒന്നും ചെയ്യില്ല... താൻ ഉച്ചത്തിൽ ശ്വാസം വിടുന്ന കേട്ടപ്പോൾ തനിക്ക് എന്തോ അസുഖമാണെന്ന് കരുതി ഞാൻ നോക്കാൻ വന്നതാ.. അല്ലാതെ താൻ വിചാരിക്കുന്നപോലെ ഒന്നുമില്ല...ഞാൻ അങ്ങനെ പറഞ്ഞിട്ടും വിശ്വാസം വരാത്തപോലെ അവൾ നിൽക്കുന്നത് കണ്ടു ഞാൻ തുടർന്നു...

"...ഒരു കാര്യം ചെയ്.. തനിക്കെന്നെ അത്രയ്ക്ക് വിശ്വാസം ഇല്ലെങ്കിൽ ഞാൻ ദാ ആ ബാൽക്കണിയിലെ ചാരുബഞ്ചിൽ പോയി കിടന്നോളാം.. ഓ. കെ...??" ഞാൻ താഴെക്കിടന്ന എന്റെ മാറ്റും ബെഡ്ഷീറ്റും തലയിണയും എടുത്തുകൊണ്ട് വാതിൽ തുറന്ന് പുറത്തേയ്ക്ക് നടന്നു... ബാൽക്കണിയിലെ ടയിൽ വിരിച്ച ചാരുബഞ്ചിൽ കിടന്നു... അവിടന്ന് നോക്കിയാൽ ജനലിലൂടെ അവൾ കിടക്കുന്നത് എനിക്ക് കാണാം... ഞാൻ നോക്കുന്ന കണ്ടപ്പോൾ അവൾ വേഗം ആ ജനൽ അടച്ചു കുറ്റിയിട്ടു...

അവളുടെ പ്രവർത്തി എന്നിൽ ചിരി ഉണർത്തി.. പുറത്ത് നല്ല തണുപ്പുണ്ടായിരുന്നു...

പിറ്റേന്ന് ഉച്ചയൂണും കഴിഞ്ഞാണ് ഞാനും അനുവും അമ്മായിയുടെ വീട്ടിൽ നിന്നും പോന്നത്... ഇതിനിടയിൽ മുത്ത് എന്നെ വിളിച്ച് വിശേഷങ്ങൾ ചോദിച്ചിരുന്നു... ആദ്യരാത്രി ആഘോഷിക്കാൻ കഴിഞ്ഞിട്ടില്ല എന്ന് മാത്രം പറഞ്ഞു എന്നല്ലാതെ ആദിയാണ് അതിനു പിന്നിൽ എന്ന് ഞാൻ പറഞ്ഞില്ല.. ഹണിമൂൺ ആഘോഷിച്ചു നടക്കുന്ന അവളെക്കൂടി എന്തിനാ ടെൻഷൻ അടിപ്പിക്കുന്നത്...

വീട്ടിലെത്തിയിട്ടും അനുവിന്റെ പെരുമാറ്റത്തിൽ കാര്യമായ മാറ്റമൊന്നും ഉണ്ടായില്ല... അഞ്ചുവും അങ്ങനെ തന്നെ... ദീപുവിനോടും മറ്റും വളരെ

ജോളിയായി സംസാരിക്കുകേം പെരുമാറുകേം ചെയ്യുന്നുണ്ടായിരുന്നു അവർ... അഞ്ചു ദീപുവിനോട് സംസാരിക്കുന്നത് പലപ്പോഴും എന്നെ കാണിക്കാനാണോ എന്നുപോലും എനിക്ക് തോന്നി... പ്രായത്തിൽ അവനേക്കാൾ ഇളയതായകൊണ്ട് അവർ തമ്മിൽ ഒരു ബന്ധം ഉണ്ടായാൽ ഒരുപക്ഷേ വീട്ടുകാർ അംഗീകരിക്കും... അതിനേക്കാൾ എനിക്ക് വേണ്ടി അവളെ ആലോചിച്ചിരുന്ന കാര്യം അവൾക്ക് അറിയാവുന്നതാണ്.. ആ നിലയ്ക്ക് എന്നെ ഒന്ന് അസൂയപ്പെടുത്തുക എന്നൊരു ഉദ്ദേശം കൂടി ദീപുവിന്റെ അടുത്തുള്ള അവളുടെ പെരുമാറ്റത്തിൽ ഉണ്ടെന്നു തോന്നി....

എന്നാൽ അനു അങ്ങനെയല്ലായിരുന്നു.. എന്നോട് അടുപ്പമൊന്നും ഇല്ലെങ്കിലും എന്റെ അനിയന്മാരുടെ അടുത്ത് അവളൊരിക്കലും ഒറ്റയ്ക്ക് നിന്ന് സംസാരിക്കുന്നത് കണ്ടിട്ടില്ല.. ഒരുപക്ഷേ ഭർത്താവായ എന്നോട് കാണിക്കാത്ത അടുപ്പം വീട്ടിലെ മറ്റ് ആൺകുട്ടികളോട് കാണിച്ചാൽ തെറ്റിധാരണകൾക്ക് ഇടയാക്കും എന്നവൾക്ക് തോന്നിക്കാണും... അന്ന് രാത്രിയും ഞാൻ ഗസ്റ്റ് റൂമിലാണ് കിടന്നത്... അഞ്ചു ഉള്ളതുകൊണ്ടാണെന്ന് വീട്ടിലെല്ലാവരും കരുതി...

പിറ്റേന്നു വ്യാഴം.. എന്റെ കല്യാണം കഴിഞ്ഞിട്ട് നാലാം നാൾ... ഇന്ന് ആചാരപ്രകാരം അനുവിന്റെ വീട്ടിൽ വിരുന്നിനു പോകണം... അതുപോലെ മുത്തും സഞ്ജുവും ശ്രീമംഗലത്തെയ്ക്കും വരും... അവർ വന്നിട്ടേ ഞങ്ങൾ പോകാവൂ എന്ന് മുത്ത് രാവിലെ തന്നെ വിളിച്ചു പറഞ്ഞിരുന്നു.. അവർ ഉച്ചയ്ക്ക് മുൻപ് വന്നു... അനുവിന്റെ വീട്ടിലെത്താൻ ഒരുപാട് വൈകാതിരിക്കാൻ അവർ വന്നപ്പോഴേക്കും ഞാനും അനുവും അഞ്ചുവും പോകാൻ ഒരുങ്ങി നിന്നിരുന്നു... വന്നപ്പോൾ മുതൽ മുത്ത് അവളുടെ ചേച്ചിപ്പെണ്ണ് സ്വഭാവം കാണിച്ചു തുടങ്ങി.. സഞ്ജുപോലും അതൊക്കെ ആസ്വദിക്കുന്നു...

ഒരുമിച്ചിരുന്ന് ഊണ് കഴിച്ചു കഴിഞ്ഞപ്പോൾ അവർക്കൊപ്പം വിശേഷം പറഞ്ഞ് കുറെ നേരം ഇരിക്കണം എന്നുണ്ടായിരുന്നെങ്കിലും സമയം വൈകുന്നു എന്ന് പറഞ്ഞ് വീട്ടുകാർ ഞങ്ങളെ യാത്രയാക്കി... രണ്ടു ദിവസം അനുവിന്റെ വീട്ടിൽ നിൽക്കാനുള്ള തയ്യാറെടുപ്പോടെ ആവശ്യമുള്ള സാധനങ്ങളൊക്കെ ഞങ്ങൾ പായ്ക്ക് ചെയ്ത് എടുത്തിരുന്നു... മുത്തിനും അളിയനും ഒപ്പം കുറച്ചു സമയം ചിലവിടാൻ കിട്ടാതിരുന്നതിന്റെ വിഷമം ഉണ്ടായിരുന്നെങ്കിലും ഇന്നത്തോടെ അഞ്ചുവിന്റെ ശ്രീമംഗലത്തെ പൊറുതി അവസാനിച്ചല്ലോ എന്നൊരു സമാധാനമുണ്ടായിരുന്നു... അനു ഒരു ക്രീം സാരിയാണ് ഉടുത്തിരിക്കുന്നത്... അഞ്ചു ചന്ദനനിറത്തിലുള്ള ചുരിദാറും.. ഞാൻ ക്രീം കളർ ഷർട്ടിലും ബ്ലു ജീൻസിലും ആയിരുന്നു...

അഞ്ചു വീട്ടിലെ ഓരോരുത്തരോടും യാത്ര പറഞ്ഞ് ഇനിയും വരാം എന്നൊക്കെ പറയുന്നുണ്ടായിരുന്നു... പ്രത്യേകിച്ച് ദീപുവിനോട്... അവനോട് യാത്രപറയുമ്പോൾ അവളെന്നെയൊന്നു പാളിനോക്കിയത് ഞാൻ ശ്രദ്ധിച്ചു.. അനുവും വളരെ ഹാപ്പി... എനിക്ക് മാത്രം പ്രത്യേകിച്ച് സന്തോഷമൊന്നും ഉണ്ടായില്ല.. എന്റെ വീട്ടിൽ വച്ച് തന്നെ ഈ രണ്ടു പൂതനകളും എനിക്ക് പുല്ലു വിലയാണ് തരുന്നത്... പിന്നെ ഇവളുടെയൊക്കെ വീട്ടിൽ ചെന്നാൽ എന്തായിരിക്കും എന്റെ അവസ്ഥ...?? എന്തായാലും ഞാനൊരു ആണല്ലേ...?? കട്ടയ്ക്ക് കട്ടളപോലെയങ്ങു നിക്കും... അല്ലപിന്നെ...

"...ഏട്ടാ... ഒരു വർഷം കഴിയുമ്പോ നമുക്ക് രണ്ടു പേർക്കും ഓരോ പിള്ളേരെ വേണോട്ടോ... ഞാനും സഞ്ജുവേട്ടനും ഇപ്പോഴേ അധ്വാനിച്ചു തുടങ്ങി... വേഗം തന്നെ എന്റെ നാത്തൂനേ വളച്ചെടുത്തോളണം... ഞങ്ങൾക്ക് ഒരുമിച്ചു പെറ്റുകിടക്കാനുള്ളതാ..." എന്നെ പതുക്കെ തോള് കൊണ്ട് തട്ടിയിട്ട് മുത്തെന്റെ കാതിൽ പറഞ്ഞു ചിരിച്ചു.. ഞാനവളെ ചേർത്ത് പിടിച്ച് നെറുകയിൽ ചുംബിച്ച ശേഷം വണ്ടിയിൽ കയറി..

എന്റെ ഓഡി പതുക്കെ ശ്രീമംഗലം വിട്ട് പുറത്തേയ്ക്ക് കടന്നു... അനു എനിക്കൊപ്പം മുൻസീറ്റിൽ തന്നെയാണ് ഇരിക്കുന്നതെങ്കിലും വർത്തമാനം മുഴുവൻ തിരിഞ്ഞ് അഞ്ചുവിനോടാണ്... അതിനിടയിൽ കാറിൽ ഞാനുണ്ട് എന്ന വിചാരം പോലും രണ്ടിനും ഇല്ല.. ഞാൻ കണ്ട്രോൾപാനലിലെ ബട്ടൺ തിരിച്ച് പാട്ടിന്റെ വോളിയം കൂട്ടി.. തൊണ്ണൂറുകളിലെ ഹിന്ദി പാട്ടുകൾ... അത് രണ്ടെണ്ണത്തിനും രസിച്ചില്ല എന്ന് തോന്നി.. അഞ്ചു മുന്നോട്ടാഞ്ഞ് അനുവിന്റെ ചെവിയിൽ എന്തോ പറഞ്ഞു..

"...ഡോ... വണ്ടി ഒന്ന് നിർത്തിയേ... പുറകിലിരുന്ന അഞ്ചു ഒരു ടാക്സി ഡ്രൈവറോടെന്ന പോലെ എന്നോട് ആജ്ഞാപിച്ചു..." എനിക്കതൊട്ടും ഇഷ്ടപ്പെട്ടില്ലെങ്കിലും ദേഷ്യമടക്കി ഞാൻ വണ്ടി സൈഡ് ഒതുക്കി നിർത്തി... അനു ഡോർ തുറന്ന് പുറത്തിറങ്ങി പുറകിൽ കയറി.. എന്നെ അക്ഷരാർഥത്തിൽ അവരു രണ്ടും ഡ്രൈവറാക്കി...

"..ഇനി വണ്ടി എടുത്തോ.." ആജ്ഞ കിട്ടിയതും ഞാൻ കാർ മുന്നോട്ടെടുത്തു... ഞാൻ അവരെ അനുസരിക്കുന്നു എന്ന് കണ്ടപ്പോൾ അഞ്ചു എന്റെ കാറിനെയും എന്നെയും കുറ്റപ്പെടുത്തി ഓരോന്ന് അനുവിനോടായി പറയാൻ തുടങ്ങി... അനു

അതൊക്കെ കേട്ട് ചിരിക്കാനും... എന്റെ ഗ്രാമം കഴിയുന്ന വരെ അവരുടെ കളിയാക്കൽ ഞാൻ സഹിച്ചിരുന്നു...

ടൌണിൽ എത്തിയപ്പോൾ ഞാൻ നേരെ ഞങ്ങളുടെ ട്രാവൽസിൽ വണ്ടി കൊണ്ടുപോയി നിർത്തി... അവിടെ ട്രാവൽസ് തുടങ്ങിയ കാലത്തുള്ള ഒരു വെള്ള അംബാസഡർ കാർ ഉണ്ട്... ഇപ്പൊ അധികം ഓട്ടം ഒന്നും ഇല്ലെങ്കിലും അത്യാവശ്യം ഓട്ടത്തിന് ആള് പുലിയാണ്... പക്ഷേ എന്തായാലും ഓഡിയിൽ പോകുന്ന യാത്രാ സുഖമുണ്ടാവില്ല... ഞാൻ ഓഫീസിൽ കയറി ആ വണ്ടി റെഡിയാക്കി വരാൻ സ്റ്റാഫിനോട് പറഞ്ഞു.. തിരച്ചു വന്നു എന്റെ കാറിൽ കയറിയ പുറകേ സ്റ്റീഫൻ എന്ന ഡ്രൈവർ പയ്യൻ ആ കാർ റെഡിയാക്കി എന്റെ കാറിനടുത്ത് കൊണ്ടുവന്നു നിർത്തി... ഞാൻ പുറത്തിറങ്ങി അഞ്ചു ഇരുന്ന സൈഡിലെ ഡോർ തുറന്നു പിടിച്ചു..

"...മഹാറാണിമാര് രണ്ടും ഇനി ആ കാണുന്ന രാജകീയരഥത്തിൽ വന്നാമതി ഞാൻ എന്റെയീ പൊട്ടച്ചടാക്ക് വണ്ടിയിൽ പതുക്കെ അങ്ങ് വന്നേക്കാം..." എന്റെ കാറിനെ കുറ്റം പറഞ്ഞപ്പോൾ പോലും അങ്ങനെയൊരു നീക്കം അവരു പ്രതീക്ഷിച്ചതല്ല... അഞ്ചുവിന്റെ മുഖം കടന്നൽകുത്തേറ്റപോലെയായി..

"...ഉം.. എറങ്ങ്..." എന്റെ ശബ്ദം കനത്തപ്പോൾ വേറെ നിവർത്തിയില്ലാതെ രണ്ടുപേരും പുറത്തിറങ്ങി... അഞ്ചു അവളുടെ ബാഗെടുക്കാനായി വീണ്ടും കാറിലേയ്ക്ക് കുനിഞ്ഞു.

"...ബാഗൊക്കെ ഇതിൽ ഇരുന്നോളും... ആ കാറിലാകുമ്പോ ചിലപ്പോ ഡിക്കി തുറന്ന് ബാഗ് റോട്ടിൽ വീണുപോയാലോ... ഇത്രയും ദൂരം പോകേണ്ടതല്ലേ... അതുകൊണ്ട് തമ്പുരാട്ടിമാര് മാത്രം അതിൽ പോയാമതി.. ബാഗൊക്കെ ഞാൻ കൊണ്ടുവന്നോളാം..." അത്രയും നേരം വായാടികളായിരുന്ന രണ്ടിന്റേം വായിൽ പഴം തിരുകിയ അവസ്ഥയായി.. വേറെ നിവർത്തിയില്ലാതെ അവർ ആ കാറിൽ കയറിപ്പോകുന്നത് നോക്കി നിന്നശേഷം ഞാൻ ഒരു മൂളിപ്പാട്ടും പാടി എന്റെ കാറിൽ കയറി... "..റിവഞ്ച് സ്വീറ്റ് റിവഞ്ച്.." അഞ്ചു മിനിട്ട് പോലും തികയുന്നതിനു മുൻപ് എന്റെ കാർ ആ അംബാസഡറിനെ കടന്ന് മുന്നോട്ടു പാഞ്ഞു...

അനുവിന്റെ നാട്ടിൽ എത്തുന്നതിനു കുറച്ചു മുൻപ് ഞാൻ എന്റെ കാർ നിർത്തി അവർ വരാൻ കാത്തിരുന്നു... അരമണിക്കൂറോളം കഴിഞ്ഞാണ് അവർ വന്നത്... എന്റെ കാറിനടുത്ത് അവരെ ഇറക്കി സ്റ്റീഫൻ തിരിച്ചു പോയി... ഒന്നും മിണ്ടാതെ രണ്ടുപേരും വന്ന് കാറിൽ കയറി... ആദിയുടെ കൂട്ടുകാരിയും നാട്ടുകാരിയും ഒക്കെയാണ് അനു എന്നറിയാമെങ്കിലും അവളുടെ വീട് എനിക്കറിയില്ലായിരുന്നു... അതുകൊണ്ടു മാത്രമാണ് അവരെ വഴിയിൽ കാത്തു നിന്നത്.. അല്ലെങ്കിൽ ഞാൻ നേരെ വീട്ടിലേയ്ക്ക് പോയേനെ... അതുകൊണ്ട് അമ്പലത്തിനടുത്തെത്തിയ ശേഷം ഞാൻ അനുവിനോട് തന്നെ വഴി ചോദിച്ചാണ് അവരുടെ വീട്ടിലേയ്ക്ക് കാറോടിച്ചത്...

ഞങ്ങൾ വരുന്ന കാര്യം മുൻകൂട്ടി അറിയാമായിരുന്നതിനാൽ ആദി ഞങ്ങളെ കാത്ത് അവിടെ ഉണ്ടായിരുന്നു... ഇവിടെയും എന്നോടധികം മിണ്ടാൻ നിൽക്കാതെ ആദി അനുവിനോടും അഞ്ചുവിനോടും സംസാരിച്ച ശേഷം എന്നെ നോക്കി ഒന്ന് ചിരിക്കുക മാത്രം ചെയ്തിട്ട് അവളുടെ ഡിയോയിൽ കയറിപ്പോയി... ആ ചിരിപോലും അനുവിന്റെ വീട്ടുകാരെ കാണിക്കാനാണ്...

ഭാര്യ വീട്ടിലെ ആദ്യദിനം... എവടെ... ഒരു മാറ്റവും എനിക്ക് തോന്നിയില്ല... അഞ്ചു എപ്പോ നോക്കിയാലും പഠിത്തമാണ്.. അനു അടുക്കളയിലും മറ്റുമായി അമ്മയെ സഹായിക്കലും... രവിയങ്കിളിനു എന്നെ വലിയ കാര്യമാണെന്ന് ആദ്യ ദിവസം തന്നെ എനിക്ക് ബോധ്യപ്പെട്ടു... രണ്ടു പെൺമക്കളുടെ അച്ഛനായ പുള്ളിക്ക് ഒരു മോനെ കിട്ടിയ സന്തോഷത്തോടെയാണ് എന്നോട് പെരുമാറിയതൊക്കെ...

രാത്രി ഒരു മുറിയിൽ ഉറങ്ങാൻ തയ്യാറെടുക്കുമ്പോൾ.. എന്നോട് കട്ടിലിൽ കിടന്നോളാൻ അനു പറഞ്ഞെങ്കിലും അവൾക്ക് കിടക്കാനായി നിലത്ത് അവൾതന്നെ വിരിച്ച പായയിൽ ഒന്നും മിണ്ടാതെ ഞാൻ കയറിക്കിടന്നു... അവൾക്ക് പെരുത്ത് സന്തോഷം കട്ടിലിൽ കിടക്കാല്ലോ.. ഭാര്യയ്ക്കൊപ്പം രണ്ടാം ദിവസമാണ് ഞാൻ ഒരു മുറിയിൽ ഉറങ്ങുന്നത്... എന്നാൽ ഇതുവരെ അവളോടൊന്ന് മനസ്സ് തുറന്നു സംസാരിക്കാൻ കഴിയാത്തതിന്റെ വിഷമം എന്നെ വല്ലാതെ അലട്ടിയിരുന്നു... എന്നിട്ടും അനുവിന്റെ അമ്മയുണ്ടാക്കിയ രുചികരമായ നാടൻ ഭക്ഷണം മൂക്ക് മുട്ടെ തട്ടിയതിന്റെ ക്ഷീണത്തിൽ ഞാൻ വേഗം ഉറങ്ങി... അന്നും പതിവ് സമയത്ത് ഞാൻ മൂത്രം ഒഴിക്കാൻ എഴുന്നേറ്റപ്പോൾ അനുവും ഉണർന്നിരുന്നു എന്നത് ഞാൻ ശ്രദ്ധിച്ചു... ഞാൻ ഇറങ്ങിയ പുറകേ അവളും ബാത്രൂമിൽ പോയിട്ട് വന്നുകിടക്കുന്ന കണ്ടു...

രവിയങ്കിളിന് ടൌണിൽ ഒരു സൂപ്പർമാർക്കറ്റും, വീട്ടിൽ നിന്നും രണ്ടു കിലോമീറ്റർ അകലെ ഒരു ഫാമും ഉണ്ട്... സൂപ്പർമാർക്കറ്റ് ഒരു സുഹൃത്തിനൊപ്പം ഷെയറിലാണ് നടത്തുന്നത്... രാവിലെ ഫാമിൽ പോയി അവിടത്തെ പശുക്കളുടെ പാൽ സൊസൈറ്റിയിൽ കൊടുത്തിട്ട് വന്നാൽ പ്രാതലും കഴിഞ്ഞ് പുള്ളി സൂപ്പർമാർക്കറ്റിൽ പോകും.. പത്തു മണിവരെ അവിടെയിരുന്ന് അത്യാവശ്യം ബിസ്സിനസ്സൊക്കെ നോക്കിയശേഷം വീണ്ടും ഫാമിലേയ്ക്ക് പോകും... ഉച്ചഭക്ഷണം കൊണ്ടുപോകുന്നതാണ് പതിവ്... പിന്നെ വൈകുന്നേരം സൂപ്പർമാർക്കറ്റ് അടച്ചശേഷം മാത്രമേ തിരിച്ചു വരികയുള്ളൂ... അപ്പോൾ സമയം ഏതാണ്ട് എട്ടു മണിയാകും...

ഇവിടെ വന്നപ്പോൾ മുതൽ അങ്കിളിന്റെ ഫാമിൽ ഒന്ന് പോകണമെന്ന് എന്റെ ആഗ്രഹമായിരുന്നു... ജൈവപച്ചക്കറി കൃഷിയും കന്നുകാലികളും ഒക്കെയായി ഇവിടം സ്വർഗ്ഗമാണ് സിനിമയിലെ ലാലേട്ടന്റെ പുരയിടം പോലെയാണെന്ന് രാധമ്മ പറഞ്ഞു കേട്ടു... എന്നാൽ ഒന്ന് കണ്ടുകളയാം എന്നൊരു പൂതി... ഇവിടത്തെ എന്റെ ബോറടിയും മാറും.. ഫാമും കാണാം...

പ്രാതലും കഴിഞ്ഞ് രാധമ്മയെ സോപ്പിട്ടു വാങ്ങിയ അച്ഛന്റെ ഒരു കാവി മുണ്ടും എന്റെ ബ്ലൂ ഷർട്ടും ഇട്ട് ഫാമിൽ പോകാനായി ഞാൻ കണ്ണാടിക്കു മുന്നിൽ നിന്ന് മുടി ചീകിക്കൊണ്ടിരിക്കുമ്പോഴാണ് അനു എനിക്കുള്ള ചായയുമായി വന്നത്... കല്യാണം കഴിഞ്ഞ ശേഷം അവളെനിക്ക് തരുന്ന ആദ്യത്തെ ചായ... വല്ലോ വിമ്മും കലക്കിയാണോ എന്തോ..

"...ഇതെങ്ങോട്ടാ രാവിലെ ഈ വേഷത്തില്... കാവിമുണ്ടൊന്നും ഉടുത്ത് മുമ്പ് കണ്ടിട്ടില്ലല്ലോ...??" ഒരു ലൂസ് ബനിയനും നീളൻ പാവാടയിലും എളിക്ക് കൈയും കൊടുത്ത് നിന്നുകൊണ്ട് അവൾ ചോദിച്ചു...

"...തന്റെ അച്ഛന്റെ ഫാം ഞാൻ ഇതുവരെ കണ്ടിട്ടില്ലല്ലോ.... തന്റെ അടുത്ത ബന്ധുവീടുകളിലൊക്കെ ഇന്നലെ കറങ്ങിയതല്ലേ... ഇന്നിവിടെ വെറുതേ ഇരിക്കുവാല്ലോ എന്നാ ഒന്ന് ഫാം വരെ പോകാം എന്ന് വിചാരിച്ചു... എന്തേ..??" മുടിചീകി ഒതുക്കുന്നതിനിടയിൽ ഞാൻ മറുപടി നൽകി..

"...ദേവേട്ടാ... അന്നത്തെ കാര്യങ്ങളൊക്കെ വാവയ്ക്കും മീനുവേച്ചിക്കും അറിയാന്ന് പറഞ്ഞത് സത്യാണോ.. അതോ എന്നെ വിശ്വസിപ്പിക്കാൻ ചുമ്മാ പറഞ്ഞതോ..."

"...അവരുടെ വീടിവടടുത്തല്ലേ... താൻ പോയി ചോദിച്ചു നോക്കെടോ... ഇന്ന് ശനിയായകൊണ്ട് വാവ അവടെക്കാണും... പിന്നെ മീനു പ്രേഗ്നന്റല്ലേ... അവളും കാണും..."

"...ദേവേട്ടൻ കാറിനാണോ പോണേ...??"

"...ഇവടന്ന് രണ്ടു കിലോമീറ്ററല്ലേ ഉള്ളൂ... ഞാൻ നടന്ന് പൊക്കോളാം... അതാവുമ്പോ കാഴ്ച്ചേം കാണാം.. രാവിലെ ഒരു നടപ്പുവാകും..."

"...എന്നാ ഒരു പത്ത് മിനിറ്റ് നിക്ക്... ഞാനീ ഡ്രസ്സ് ഒന്ന് മാറ്റീട്ട് വരാം... എന്നിട്ട് എന്റെ ആക്റ്റീവയിൽ പോവാം... എന്നെ വാവേടെ വീട്ടിലിറക്കിയാ മതി..." തലയാട്ടി സമ്മതിച്ച് ഞാൻ അവളെ കാത്ത് ഹാളിൽ പോയിരുന്നു..

"...ഇതെന്താ ഇത്..." അലറുന്ന പോലുള്ള അനുവിന്റെ ചോദ്യം കേട്ടാണ് ഞാൻ വായിച്ചുകൊണ്ടിരുന്ന പത്രത്തിൽ നിന്നും മുഖമുയർത്തി നോക്കിയത്... ഒരു കൈ പുറകിലേയ്ക്ക് ചുരുട്ടിപ്പിടിച്ച്... വലംകൈയിലിരുന്ന ചെക്ക് ലീഫ് എന്റെ നേരെ നീട്ടിക്കൊണ്ട് നിൽക്കുന്ന അവളുടെ മുഖത്ത് എന്നെ കൊല്ലാനുള്ള ദേഷ്യമുണ്ടായിരുന്നു... അവളുടെ അച്ഛന് കല്യാണത്തിനു മുൻപ് ഞാൻ കൊടുത്ത പണത്തിനു പകരം സഹകരണ ബാങ്കിൽ നിന്നും ലോൺ പാസ്സായി അക്കൌണ്ടിൽ പണം വന്നപ്പോൾ അദ്ദേഹം എനിക്ക് തന്ന ചെക്കായിരുന്നു അനുവിന്റെ കൈയിലുണ്ടായിരുന്നത്... ഞങ്ങളുടെ രണ്ടു പേരുടെയും ഡ്രസ്സും മറ്റും ഒരേ ബാഗിലായിരുന്നകൊണ്ട് അതിൽ വച്ചാൽ അനു അത് കാണുമെന്ന് കരുതി ഞാൻ കാറിന്റെ ഡാഷിനകത്ത് വച്ചിരുന്ന ആ ചെക്ക് അവൾക്കെങ്ങനെ കിട്ടി എന്ന് ഞാൻ അത്ഭുതപ്പെട്ടു..

"...ഇതെവിടന്നാ നിനക്ക് കിട്ടിയത്...??"

"...അതല്ലല്ലോ ഞാൻ ചോദിച്ചതിനുള്ള മറുപടി... എന്റെ അച്ഛന്റെ അക്കൌണ്ട് ചെക്ക് നിങ്ങൾക്കെങ്ങാ കിട്ടിയത്... അതും ഒൻപത് ലക്ഷം രൂപയുടെ..."

"... ആ അതൊക്കെ കിട്ടി... തൽക്കാലം അത് തന്നോട് പറയാൻ പറ്റില്ല... താനതിങ്ങു തന്നേരെ.." അവളോട് മറുപടി പറയാൻ താൽപ്പര്യമില്ലാതെ ഞാൻ പറഞ്ഞു..

"...ഇല്ല...!!! അച്ഛനെന്തിനാ ഇത്രയും വലിയൊരു തുക നിങ്ങൾക്ക് തന്നതെന്ന് എനിക്കറിയണം..?? അവളുടെ ശബ്ദമുയർന്നു...

"...അത് ഞാനും തന്റച്ഛനും തമ്മിലുള്ള ഇടപാടാ... താനറിയണ്ട കാര്യമില്ല..."

"...ഓ... അപ്പോ ഞാൻ അറിയാൻ പാടില്ലാത്തതാണല്ലേ...?? മോളെ കെട്ടിയതിനു അച്ഛൻ മരുമോന് തന്ന സ്ത്രീധനമായിരിക്കും...?? നിങ്ങൾക്ക് മനസാക്ഷിയുണ്ടോ...?? ഈ കല്യാണം നടത്താൻ തന്നെ എന്റച്ഛൻ എത്ര കഷ്ടപ്പെട്ടതാന്നു നിങ്ങക്കറിയോ...?? പാവം നാട് നീളെ കടാ... എന്റെ കല്യാണം മുടങ്ങുകകൂടി ചെയ്തിരുന്നേ ആ കടം മേടിച്ചതൊക്കെ വെറുതേ ആയേനെ... അതോർത്ത് എന്റച്ഛന്റെ വിഷമം കണ്ടിട്ട് സഹിക്കാൻ പറ്റാതാ അന്ന് നിങ്ങളെ കെട്ടാൻ ഞാൻ സമ്മതിച്ചത്..." അത്രയും കരഞ്ഞുകൊണ്ട് പറഞ്ഞ അനു കണ്ണുനീർ തുടച്ച് തീക്കണ്ണുകളോടെ എന്നെ നോക്കി തുടർന്നു...

"...അതുകൊണ്ട് ഈ പണം ഞാൻ നിങ്ങൾക്ക് തരില്ല... ആ മോഹം നിങ്ങൾ കളഞ്ഞേരെ... എന്റെ പേരിൽ ഇനിയും അച്ഛനെ കടക്കാരനാക്കാൻ ഞാൻ സമ്മതിക്കില്ല..." അവൾ ആ ചെക്ക് കീറാൻ തുടങ്ങി..

"...അനൂ അത് കീറരുത്... നീയത് കീറിയാലും അച്ഛൻ എനിക്ക് വേറെ ചെക്ക് തരും... കാരണം എനിക്ക് അർഹതപ്പെട്ട പണമാണത്... തന്നെയുമല്ല താൻ കരുതുന്നപോലെയല്ല.. ഇത് വേറെ കാര്യമാണ്.. അതെന്താന്ന് തന്നോട് പറയാൻ പറ്റില്ല.." ഞാനവളെ തടഞ്ഞു..

"...അർഹതയോ..?? എന്റെ കഴുത്തിൽ കിടക്കുന്ന ഈ താലി അല്ലേ നിങ്ങടെ അർഹത... അതില്ലെങ്കിൽ പിന്നെ ഈ പണത്തിനു നിങ്ങൾക്ക് അവകാശമില്ലല്ലോ..."

അവൾ കഴുത്തിൽ കിടന്ന താലി മാല വലിച്ചു പൊട്ടിക്കാൻ ശ്രമിച്ചുകൊണ്ട് അലറി..

"...ശരി വേണ്ട... ഇനി ഇതിന്റെ പേരിൽ ഒരു വഴക്ക് വേണ്ട... താനത് അച്ഛന് തിരിച്ചു കൊടുത്തേരെ..." താലി പൊട്ടിക്കാൻ തുടങ്ങിയ അവളുടെ കൈ തടഞ്ഞുകൊണ്ട് ഞാൻ പറഞ്ഞതിൽ അവളൊന്നടങ്ങി.. എങ്കിലും ഞാൻ കൈയിൽ പിടിച്ചത് ഇഷ്ടപ്പെടാതെ എന്റെ നേരെ തുറിച്ചു നോക്കിയതും ഞാൻ കൈവിട്ടു...

"...അത് വേണ്ട... അച്ഛനു ഞാനിത് തിരിച്ചു കൊടുത്താൽ അച്ഛനിതു നിങ്ങൾക്ക് തന്നെ തരും... അതുകൊണ്ട് ഇത് എന്റെ കൈയിൽ ഇരുന്നോട്ടെ... ഞാനിത് മാറി എന്റെ അക്കൌണ്ടിൽ ഇട്ട് സൂക്ഷിച്ചോളാം... എന്നെങ്കിലും അച്ഛന് ആവശ്യം വരുമ്പോ ഞാൻ കൊടുത്തോളാം..."

"...അത് പറ്റില്ല.. ഞാനീ പണം വേണ്ടാന്നു വെക്കാം... പക്ഷേ താനിത് അച്ഛന് ഇന്ന് തന്നെ തിരിച്ചു കൊടുക്കണം... എന്നിട്ട് തനിക്കിഷ്ടമില്ലാത്തകൊണ്ട് ഞാൻ ഇത് സ്വീകരിക്കുന്നില്ല എന്ന് പറഞ്ഞേരെ... അല്ലങ്കിൽ എനിക്ക് പണം തന്നു എന്ന് കരുതി അച്ഛനിരിക്കും... എനിക്കതൊട്ടു കിട്ടുകേം ഇല്ല..." അവളൽപ്പസമയം ആലോചിച്ചു..

"...ശരി... അച്ഛൻ വരട്ടെ ഞാൻ കൊടുത്തോളാം..."

ഇന്നലെ രാവിലെ ഞാൻ ജോഗ്ഗിംഗ് കഴിഞ്ഞ് വരുമ്പോൾ അനുവിന്റെ അച്ഛൻ എന്നെ കാത്ത് നിന്ന് തന്നതായിരുന്നു ആ ചെക്ക്... കല്യാണത്തിന്റെ ആവശ്യത്തിനു അദ്ദേഹം എന്റെ കൈയിൽ നിന്നും പണം വാങ്ങിയ കാര്യം ഞങ്ങൾ രണ്ടു പേർക്കുമല്ലാതെ മറ്റാർക്കും അറിയില്ലായിരുന്നു.. അതുകൊണ്ട് എനിക്കുതരാനായി വീട്ടിൽ വേറെ ആരെയെങ്കിലും ഏൽപ്പിച്ചിട്ട് പോകാൻ കഴിയാത്തതുകൊണ്ടാണ് ഫാമിൽ പോകേണ്ട സമയം കഴിഞ്ഞിട്ടും പുള്ളിക്കാരൻ എന്നെ കാത്ത് നിന്നത്... രാത്രി വരുമ്പോൾ തന്നാൽ മതിയായിരുന്നു എങ്കിലും അഭിമാനിയായ അദ്ദേഹത്തിനു എനിക്കാ പണം തരാതെ മനസ്സമാധാനം ഉണ്ടാവില്ലെന്നും പറഞ്ഞാ രാവിലെ തന്നെ തന്നതും..

വീട്ടിൽ മറ്റാരും കേൾക്കാതിരിക്കാൻ പുറത്ത് നിന്നാണ് ഞങ്ങൾ സംസാരിച്ചത്... അച്ഛൻ ആ ചെക്ക് എന്നെ ഏൽപ്പിച്ചിട്ട് പോയപ്പോൾ ഞാനത് എന്റെ കാറിന്റെ

ഡാഷിനകത്ത് വച്ചിരുന്നു... ബന്ധുവീടുകളിൽ എവിടെയോ വിരുന്നിനു പോയ സമയത്ത് കാറിലിരുന്നു മുടി ഒതുക്കിയ അനു അവളുടെ ഹെയർക്ലിപ്പ് ഡാഷിനകത്ത് വച്ചിരുന്നത് എടുക്കാൻ കാർ തുറന്നപ്പോഴാണ് ഇന്നലെ വൈകിട്ട് ആ ചെക്ക് കണ്ടത്... അപ്പോൾ തന്നെ എന്നോട് വന്ന് ചോദിച്ചു..

അതിന്റെ പേരിൽ ഞങ്ങൾ തമ്മിൽ നടന്ന തർക്കത്തിനൊടുവിൽ അച്ഛൻ ഇന്നലെ രാത്രി വന്ന സമയത്ത് അവളീക്കാര്യം ചോദിച്ചു... ആ സമയത്ത് അഞ്ചു വീട്ടിൽ ഉണ്ടായിരുന്നില്ല, അടുത്ത വീട്ടിലെ അവളുടെ കൂട്ടുകാരിയെ കാണാൻ പോയിരിക്കുകയായിരുന്നു... ഭാര്യയും മക്കളും അറിയാതിരുന്ന കാര്യം പറയാതിരിക്കാൻ അദ്ദേഹം ശ്രമിച്ചു നോക്കിയെങ്കിലും അവർ തമ്മിലുള്ള സംസാരം കേട്ടുകൊണ്ട് വന്ന അമ്മയും അനുവിനോപ്പം കൂടിയാതോടെ അച്ഛൻ പ്രതിരോധത്തിലായി... അപ്സ്റ്റെയറിൽ അനുവിന്റെ മുറിയിലായിരുന്ന എനിക്ക് താഴെ ഹാളിലിരുന്നുള്ള അവരുടെ സംസാരം വ്യക്തമായി കേൾക്കാമായിരുന്നു...

"...അച്ഛനെന്തൊക്കെ പറഞ്ഞാലും ഈ കാശ് അയാൾക്ക് കൊടുക്കാൻ ഞാൻ സമ്മതിക്കില്ല... അഞ്ചൂനും കല്യാണപ്രായായി വരുവാ... അതോണ്ട് എന്റെ കല്യാണം നടത്തിയപ്പോഴേ ഇത്രയും വലിയ ബാധ്യതയുണ്ടാവാൻ ഞാൻ സമ്മതിക്കില്ല..."

"...അനൂ ഒന്ന് പതുക്കെ... ദേവൻ നിന്റെ ഭർത്താവാ... നീയെന്താ അവനെ അയാളെന്നൊക്കെ വിളിക്കുന്നേ...??" ശബ്ദം താഴത്തി എന്നാൽ ദേഷ്യത്തോടെ അച്ഛൻ ചോദിച്ചു...

"...അച്ഛനെന്നോട് അതൊന്നും ചോദിക്കരുത്... അയാൾടെ ഭാര്യയാവേണ്ടി വന്നത് എന്റെ വിധിയാന്നു ഞാൻ കരുതിക്കോളാം... പക്ഷേ ഈ കാശ് അയാക്ക് കൊടുക്കാൻ പറ്റില്ല..."

"...വിധിയോ... ഇങ്ങനൊക്കെ പറയാൻ മാത്രം ഇവിടിപ്പോ എന്താ ഉണ്ടായേ... ഈ കാശ് അവൻ ചോദിച്ചതാണേത്തന്നെ അതിലെന്താ തെറ്റ്... അവൻ വല്യ വീട്ടിലെ കൊച്ചാ... വല്യ സ്ത്രീധനം വാങ്ങിച്ചു ഒരു പണക്കാരി പെണ്ണിനെ കെട്ടാൻ അവനു പറ്റുവാരുന്നു... എന്നിട്ടും നമ്മടെ അവസ്ഥ കണ്ട് അവനീ കല്യാണത്തിനു

സമ്മതിച്ചത് തന്നെ നിന്റെ ഭാഗ്യാന്നു കരുതിയാ മതി... എന്നിട്ട് അവൾടെ വർത്താനം കേട്ടില്ലേ...??" രാധമ്മ അനുവിനെ ശാസിച്ചു..

"..രാധേ... നീ വേണ്ടാത്തതൊന്നും പറയണ്ട... ദേവൻ എന്നോട് സ്ത്രീധനമൊന്നും ചോദിച്ചിട്ടില്ല... ഇത് വേറെ കാശാ..."

"...വേറെ കാശോ... അപ്പോ കല്യാണച്ചെലവാരിക്കൂല്ലേ... വല്യ ശ്രീമംഗലംകാരാന്നും പറഞ്ഞ് സമൂഹവിവാഹം നടത്തീട്ട്... ഇപ്പോ അതിന്റെ കാശ് ചോദിക്കുന്നോ... നാണമുണ്ടോ അവർക്ക്..." അമ്മ വീണ്ടും ദേഷ്യപ്പെട്ടു..

"..രാധേ... പതുക്കെ... ദേവൻ മോളിലുണ്ട്... അവനിത് കേട്ടാ കുറച്ചിലാ... ഇതതൊന്നുമല്ല..." അമ്മ പറയുന്നതിനെ എതിർക്കുമ്പോഴും സത്യമെന്താണെന്ന് പറയാൻ അച്ഛനു മടിയായിരുന്നു..

"...പിന്നെന്താ അച്ഛാ... അച്ഛനെന്താ ഞങ്ങടെ അടുത്തൂന്ന് ഒളിക്കുന്നെ...??"

"..ഞാനെന്താ ഒളിക്കുന്നേന്നു പറയാം... അതിനു മുന്നേ നീയെന്താ ഞങ്ങളീന്നു ഒളിക്കുന്നെ..?? നിനക്ക് ഈ കല്യാണം ഇഷ്ടമല്ലാരുന്നോ...?? വന്നപ്പോ മുതല് ഞാൻ ശ്രദ്ധിക്കുന്നതാ.. നിങ്ങള് തമ്മിലൊന്നും മിണ്ടുന്നു പോലുമില്ല... എന്താ കാര്യം... അവനീ കല്യാണത്തിനു ഇഷ്ടക്കുറവൊന്നും ഉള്ളതായിട്ട് എനിക്ക് തോന്നുന്നില്ല... നിന്റെ പെരുമാറ്റത്തിലാ എനിക്ക് സംശയം...??"

"...അത്..... അച്ഛാ... അങ്ങനെയൊന്നുമില്ല... പിന്നെ പെട്ടന്ന് അദ്ദേഹത്തെ കല്യാണം കഴിക്കേണ്ടി വന്നപ്പോ... പൊരുത്തപ്പെടാൻ എനിക്ക് കുറച്ച് സാവകാശം വേണം... അല്ലാതെ വേറെയൊന്നുമില്ല..." തന്ത്രപൂർവ്വം അനു മറ്റൊന്നും പറയാതെ ഉരുണ്ടു കളിച്ചു.... "..പക്ഷേ അച്ഛനെന്തിനാ ഈ കാശ് അയാൾക്ക് കൊടുക്കുന്നേന്നു എനിക്കറിയണം..."

"...മോളേ... നീ കരുതുന്നപോലെയല്ല... നിന്നെ അജു തന്നെ കല്യാണം കഴിച്ചിരുന്നെങ്കിലും, ഈ കല്യാണം ശ്രീമംഗലംകാരുടെ ചിലവിലല്ല നടന്നിരുന്നതെങ്കിലും ഈ കാശ് ഞാൻ ദേവന് കൊടുക്കണമായിരുന്നു... കാരണം ഇത് മുൻപ് ഞാൻ അവന്റെ കൈയിൽ നിന്ന് കടം വാങ്ങിയ പൈസയാണ്.."

തുടർന്ന് അന്ന് ഞങ്ങൾ ബാങ്കിൽ വച്ച് കണ്ടത് മുതലുള്ള കാര്യങ്ങൾ അച്ഛൻ പറഞ്ഞു... മുറിയുടെ വാതിൽക്കൽ മറഞ്ഞു നിന്ന് താഴെ നടക്കുന്ന സംഭവങ്ങൾ നോക്കിയിരുന്ന ഞാൻ അച്ഛൻ പറഞ്ഞ കാര്യങ്ങൾ കേട്ട് അത്ഭുതത്തോടെ കേട്ട് നിന്ന അനുവിന്റെ കണ്ണുകൾ നിറയുന്നത് കണ്ടു...

അവസാനം സത്യമറിഞ്ഞു കഴിഞ്ഞ് ആ ചെക്കുമായി എന്റെ മുന്നിലേയ്ക്ക് വന്ന അനുവിന്റെ കണ്ണുകളിൽ സ്നേഹത്തിന്റെ ലാഞ്ചന ഞാൻ ആദ്യമായിക്കണ്ടു... അതിനു ശേഷം എന്നോടുള്ള അവളുടെ പെരുമാറ്റത്തിലും ആ മാറ്റമുണ്ടായിരുന്നു...

"...ദേവേട്ടൻ കട്ടിലിൽ കിടന്നോ ഞാൻ നിലത്ത് കിടന്നോളാം..." വഴക്കും ബഹളവും അവസാനം മാപ്പ് പറച്ചിലും കഴിഞ്ഞ് കിടക്കാൻ തയ്യാറെടുക്കുമ്പോൾ കിടക്ക കുടഞ്ഞു വിരിച്ചുകൊണ്ട് അനു പറഞ്ഞു...

"...ഇതെന്താ ഇത്രേം ദിവസമില്ലാത്ത ഒരു സ്നേഹം...?? ങ്ങ്ഹേ..??"

"...ദേവേട്ടനോട് എനിക്ക് ദേഷ്യമൊന്നുമില്ല... പിന്നെ എന്റെ അപ്പോഴത്തെ അവസ്ഥ എന്താന്ന് ഞാൻ പറയാതെതന്നെ അറിയാല്ലോ... ആദി അങ്ങനൊക്കെ പറഞ്ഞപ്പോ...??" അവൾ പകുതിക്ക് നിർത്തി..

"...ഇതുവരെ എന്നെക്കുറിച്ചോ മറ്റാരെക്കുറിച്ചെങ്കിലുവോ അവള് നിന്നോട് അങ്ങനെ പറഞ്ഞിടുണ്ടോ...??"

"...മ്ച്ചും..." ഇല്ലയെന്ന അർദ്ധത്തിൽ അനു തോൾകുലുക്കി...

"...എന്നിട്ടും നമ്മുടെ കല്യാണം കഴിഞ്ഞപ്പോൾ മാത്രം അവളങ്ങനെ പറയണമെങ്കിൽ അതിനു പിന്നിലെ ഉദ്ദേശം തനിക്ക് ഊഹിക്കാവുന്നതല്ലേ ഉള്ളൂ.. അതുപോലെ അവൾ പറഞ്ഞകാര്യം എത്രത്തോലും സക്സസായി എന്നറിയാനല്ലേ അവളിന്നലെ നമ്മൾ വന്നപ്പോ ഇവടെ വന്നത്..??"

"...അപ്പോ അന്ന് നടന്നു എന്ന് അവൾ പറഞ്ഞതൊക്കെ നുണയാണോ...??"

"...അല്ല... പക്ഷേ അതിനു അവൾ പറഞ്ഞ കാരണങ്ങൾ മുഴുവൻ ശരിയല്ല...?? ഞാൻ അവളെ ഒന്നും ചെയ്തിട്ടില്ല എന്നല്ല... പക്ഷേ അതിനു ചില കാരങ്ങൾ ഉണ്ടായിരുന്നു.."

"...ഞാൻ ആരു പറയുന്നത് വിശ്വസിക്കും... സ്കൂളിൽ പഠിക്കുമ്പോൾ മുതൽ ആദി എന്റെ ബെസ്റ്റ് ഫ്രണ്ടാണ്... ദേവേട്ടനെ എനിക്ക് ഒരാഴ്ച്ചത്തെ പരിചയം പോലുമില്ല..."

"...ഈ കാര്യങ്ങളൊക്കെ മീനുവിനും വാവയ്ക്കും നന്നായി അറിയാം.. തനിക്ക് സംശയമാണെങ്കിൽ അവരോടു ചോദിച്ചു നോക്കിക്കോ..??" അങ്ങനെയാണ് രാവിലെ അച്ഛന്റെ ഫാമിലേയ്ക്ക് പോകാനായി നിന്ന എന്റെയൊപ്പം അവൾ വാവയെക്കാണാൻ ഇറങ്ങിയത്... വെള്ളയിൽ നീല പൂക്കൾ പ്രിന്റ് ചെയ്ത ചുരിദാർ ഇട്ടിരുന്ന അവൾ തന്നെയാണ് ആക്റ്റീവ ഓടിച്ചത്... ഞാനവളുടെ പുറകിൽ കൈയും കെട്ടിയിരുന്നു...

"...ഉച്ചയ്ക്ക് ഊണിന്റെ നേരാവുമ്പോ തിരിച്ചു വന്നോട്ടോ ദേവട്ടാ... അച്ഛന്റെ കയ്യില് ഒരാൾക്കുള്ളതേ കാണൂ... അതിന്റെ പങ്ക് പറ്റാൻ നിക്കണ്ട..." മീനുവിന്റെ വീടിനു താഴെ റോഡിൽ അവളിറങ്ങി, ഞാൻ പോകാനൊരുങ്ങുമ്പോൾ ഒരു ഭാര്യയുടെ കരുതലോടെ അവളങ്ങനെ പറഞ്ഞത് എന്റെ മനസ്സിനെ കുളിരണിയിച്ചു... ഇപ്പോഴും അജുവിനെ പൂർണ്ണമായി മറക്കാൻ കഴിഞ്ഞിട്ടില്ലെങ്കിലും... അവൾക്ക് ഞാനാരോക്കെയോ ആണ് എന്നെനിക്ക് തോന്നി..

ഫാമിലെത്തി അച്ഛന്റെയൊപ്പം മുണ്ടും മുറുക്കിയുടുത്ത് ഞാനും പണികളിൽ സഹായിച്ചതിൽ അച്ഛനു വല്യ സന്തോഷമായി... അജുവുമായി അനുവിന്റെ വിവാഹം തീരുമാനിക്കാനുണ്ടായ സാഹചര്യങ്ങളെക്കുറിച്ച് അച്ഛനിൽ നിന്നും അറിയാൻ കൂടി വേണ്ടിയാണ് ഞാൻ ഫാമിൽ പോയത്... വിളകൾക്കിടയിലെ കളപറിക്കാനും, തെങ്ങിന് തടമെടുക്കാനുമൊക്കെ അച്ഛനെ സഹായിക്കുന്നതിനിടയിൽ ആ കാര്യങ്ങളൊക്കെ ഞാൻ ചോദിച്ചറിയുകയും ചെയ്തു... അവരുടെ കല്യാണംവരെ നടന്ന കാര്യങ്ങൾ അച്ഛൻ പറയുമ്പോഴും അജുവിനെ ഇനി കണ്ടെത്തുന്നതൊന്നും പുള്ളിക്ക് ഒരു വിഷയമേ അല്ല എന്ന് തോന്നി.. അജുവിനു പകരം ഞാൻ അനുവിനെ വിവാഹം ചെയ്തതാണ്

പുള്ളിക്ക് കൂടുതൽ സന്തോഷമായത് എന്ന് അദ്ദേഹത്തിന്റെ വാക്കുകളിൽ വ്യക്തമായിരുന്നു.

എന്നാൽ വിവാഹംവരെ നടന്ന സംഭവങ്ങളെക്കുറിച്ച് അച്ഛൻ പറഞ്ഞ കാര്യങ്ങൾ എന്റെ അതുവരെയുള്ള പല സംശയങ്ങളും പരിഹരിക്കാൻ പോന്നതായിരുന്നു.. എന്നാൽ കല്യാണം മുടക്കി അജു മുങ്ങാനുണ്ടായ കാരണത്തെക്കുറിച്ച് പുതിയ സംശയങ്ങൾ ഉണ്ടാവുകയും ചെയ്തു... അതിൽ എടുത്ത് നിന്നത് അതുവരെ കളത്തിലില്ലാതിരുന്ന, അല്ലെങ്കിൽ ഉള്ളതായി എനിക്കറിയാതിരുന്ന പുതിയ ഒരാളെക്കുറിച്ച് അച്ഛൻ പറഞ്ഞ കാര്യങ്ങളായിരുന്നു... വിവാഹത്തിനു മണിക്കൂറുകൾ മാത്രം ബാക്കി നിൽക്കെ അജു ആരോടും ഒന്നും പറയാതെ ഇങ്ങനെ പോകാനുണ്ടായ കാരണം അവനല്ലാതെ അറിയാൻ സാധ്യതയുള്ളത് അയാൾക്കാവും എന്നെനിക്ക് തോന്നി... കാരണം അതുവരെ ഈ കല്യാണക്കാര്യത്തിൽ പ്രധാനിയായി നിന്ന അയാളും അന്ന് കല്യാണത്തിൽ പങ്കെടുത്തിരുന്നില്ല... അതിന് പ്രത്യേകിച്ചൊരു കാരണം ഉള്ളതായി അച്ഛനും അറിയില്ലായിരുന്നു...

"...താഴെവരെ വന്നിട്ട് നീയെന്താടാ ഇങ്ങോട്ട് കേറാതെ പോയെ...??" ഉച്ചയോടെ ഫാമിൽ നിന്നും മീനുവിന്റെ വീട്ടിൽ ചെന്നു കേറിയ പുറകേ ആ വലിയ വയറുംതാങ്ങി അവളെന്റെ കൈത്തണ്ടയിൽ നല്ലൊരു അടിതന്നു..

"...പെണ്ണൊക്കെ കെട്ടിയപ്പോ നമ്മടെ വീട്ടിലൊക്കെ വരാൻ സാറിനെവെടാ നേരം..." എനിക്ക് കുടിക്കാൻ സ്കാഷുമായി വന്ന വാവയും എന്നെ വാരി.

"...അതിനു എന്റെ പെങ്ങമ്മാരെ കാണാൻ വരുമ്പോ ചുമ്മാ വരാൻ പറ്റുവോടീ... അതുകൊണ്ട് ഞാൻ കുറച്ച് സാധങ്ങളൊക്കെ മേടിക്കാൻ പോയതല്ലേ..." അവർക്കായി ഞാൻ കൊണ്ടുവന്ന പഴങ്ങൾ വാവയുടെ കൈയിൽ കൊടുത്തോണ്ട് ഞാൻ പറഞ്ഞു..

"...ങ്ങ്ഹാ... കണ്ടു പഠിക്കടീ പോത്തേ... ഏട്ടൻ വന്നപ്പോ ഞങ്ങക്ക് എന്തൊക്കെയാ കൊണ്ടോന്നേന്നു... നീയാണേ കൈയും വീശി ഇങ്ങു പോന്നില്ലേ..?? ഇവടൊരാള് വൈറ്റീക്കണ്ണിയായിട്ട് ഇരിപ്പാന്നു വല്ല വിചാരോണ്ടോ നെനക്ക്..." വാവ അതും പറഞ്ഞ് അനുവിനെ പിടിച്ചുന്തി.. വീഴാതിരിക്കാൻ അനു എന്റെ തോളിൽ പിടിച്ചതും അവളുടെ ഇടത്തെ മുല എന്റെ കൈമുട്ടിൽ അമർന്നു...

പഞ്ഞിക്കുടംപോലെയുള്ള ആ മാർക്കുടത്തിന്റെ സ്പർശന സുഖം ഞാനാദ്യമായി അറിഞ്ഞു.. പെട്ടന്നങ്ങനെ സംഭവിച്ചതിൽ വാവയും മീനുവും കേൾക്കാതെ എന്നോട് സോറി പറഞ്ഞ അനുവിന്റെ മുഖം ചെന്താമരയാകുന്നത് ഞാൻ കണ്ടു.. അൽപ്പം ബ്രൌണിഷായ അവളുടെ മരതകമിഴികളിൽ നാണം കൂട് കൂട്ടി... എന്നാൽ പെട്ടന്ന് ഭാവംമാറ്റി അവൾ വാവയെ തല്ലാൻ ഓങ്ങി... വാവ അവൾക്ക് പിടി കൊടുക്കാതെ അപ്പുറത്തേയ്ക്ക് ഓടി.. പുറകെ അനുവും.

"...ദേവാ... അവൾക്ക് നിന്നെക്കുറിച്ച് എന്തൊക്കെയോ തെറ്റിധാരണകൾ ഉണ്ടായിട്ടുണ്ട്.. നീയും ആദിയും തമ്മിലുള്ള ബന്ധത്തെക്കുറിച്ചറിയാനാ അവളിവിടെ വന്നേ.." അനുവും വാവയും കുസൃതിയോടെ മുറികടന്നു ഓടുന്നത് നോക്കിയിരുന്ന മീനു ഒരവസരം കിട്ടിയപോലെ പറഞ്ഞു.

"...ഉം... ആദിയെന്തോക്കെയോ പറഞ്ഞു പിടിപ്പിച്ചിട്ടുണ്ട് അതിന്റെയാ..."

"...അവളുടെ മനസ്സില് ഇപ്പഴും അജുവാണോ..??" മീനുവിന്റെ സംശയം..

"...അതെയെന്ന് തോന്നുന്നു... അവര് പ്രേമിച്ച് വിവാഹം വരെ എത്തിയതല്ലേ... അത്ര പെട്ടന്ന് മറക്കാൻ പറ്റുന്നുണ്ടാവില്ല..."

"...ഞങ്ങളെല്ലാംകൂടെ അവളെ നിന്റെ തലേല് കെട്ടിവച്ചൂന്നു നിനക്ക് തോന്നണുണ്ടാവൂല്ലേ..."

"..ഏയ്... അങ്ങനൊന്നൂല്ല.."

"..ഇനിയെന്താ നിന്റെ പ്ലാൻ..."

"...മീനൂ...!! അനാവശ്യ സംശയങ്ങൾ എന്നും വിവാഹ ജീവിതത്തിൽ പ്രശ്നങ്ങൾ ഉണ്ടാക്കിക്കൊണ്ടിരിക്കും... ആദിയോട് ക്ഷമിക്കാൻ കഴിയുമായിരുന്നിട്ടും അതുകൊണ്ട് മാത്രമാ അവളെ വിവാഹം ചെയ്യാൻ പറ്റില്ലാന്നു ഞാൻ പറഞ്ഞിരുന്നത്... എന്നിട്ടിപ്പോ അനുവിന് എന്നെ സംശയമാണെങ്കിൽ ഇനി അജു വരുന്നവരെ അവൾ കാത്തിരിക്കട്ടെ... അതിനു ശേഷം അവനു സമ്മതമാണെങ്കിൽ

അവരൊന്നിച്ചു ജീവിക്കും... ആദ്യം കേക്കുമ്പോ എല്ലാവർക്കും ഇതംഗീകരിക്കാൻ ബുദ്ധിമുട്ടുണ്ടാവും.. അതൊക്കെ നമുക്ക് പറഞ്ഞു മനസ്സിലാക്കാം... അല്ലാതെ എന്നോടുള്ള സംശയവും വച്ചുകൊണ്ട് അനു എന്റെ കൂടെ ജീവിച്ചാ അതൊരിക്കലും നല്ലൊരു ജീവിതമാവില്ല...”

“...അപ്പോ നീ.. നീയെന്ത് ചെയ്യും...??”

“...ഞാൻ ആദിയെ വിവാഹം കഴിക്കും... എന്നോട് തെറ്റ് ചെയ്തവളാണെങ്കിലും അവളോട് ഞാനും അങ്ങനെയൊന്നും ചെയ്യാൻ പാടില്ലായിരുന്നു... പിന്നെ എന്റെ വീട്ടുകാരും ആദിയെയാണ് എനിക്കായി കണ്ടു വച്ചിരുന്നത്.. അവർക്കൊക്കെ സന്തോഷാവും...” എന്റെ മറുപടി മീനു ഒരു ഞെട്ടലോടെയാണ് കേട്ടത്... കുറച്ചു സമയം ഞങ്ങളൊന്നും മിണ്ടിയില്ല... എനിക്ക് സംഭവിച്ചതിനൊക്കെ അവളാണ് തെറ്റുകാരി എന്നരീതിയിൽ മീനു എന്നെ ദയനീയമായി നോക്കി... അവളുടെ കണ്ണുകളിലെ ആ ഭാവം താങ്ങാനാവാതെ ഞാൻ ജനലിനരികിൽ പോയി പുറത്തേയ്ക്ക് നോക്കി നിന്നു.. എന്റെ പുറകിൽ ചാരുകസേരയിൽ ഇരിക്കുന്ന മീനുവിൽ നിന്നൊരു നെടുവീർപ്പുയർന്നു.

തിരിച്ചു പോരുമ്പോൾ ഞാനാണ് ആക്റ്റീവ ഓടിച്ചത്.. മീനുവിന്റെ വീട്ടിൽ വളരെ സന്തോഷവതിയായിരുന്ന അനു പെട്ടന്ന് സൈലന്റ് ആയപോലെ... മിററിലൂടെ ഞാൻ നോക്കുമ്പോൾ അവൾ കാര്യമായ എന്തോ ആലോചനയിലാണ്.

“..ദേവേട്ടാ... നമുക്കൊന്ന് പുറത്ത് പോണം....” വീട്ടിലെത്തി ഊണും കഴിഞ്ഞ് ലാപ്ടോപ്പിൽ ചില വർക്കുകൾ ചെയ്തുകൊണ്ടിരിന്ന എന്റെയടുത്ത് വന്ന് അനു പറഞ്ഞു... ഞാൻ പറഞ്ഞേൽപ്പിച്ചിരുന്ന ജോലികൾ തീർത്ത് അതൊക്കെ ഞാൻ വെരിഫൈ ചെയ്യുന്നതിനു ശ്രീനിധി അയച്ചുതന്നിരുന്ന ഫയലുകൾ പരിശോധിക്കുകയായിരുന്നു ഞാൻ.. തിങ്കളാഴ്ച്ച മുതൽ എനിക്ക് ഓഫീസിൽ പോകണം..

സ്ക്രീനിൽ നിന്നും മുഖമുയർത്തി നോക്കിയ ഞാൻ അനുവിന്റെ അതിശയസൗന്ദര്യത്തിൽ നിർന്നിമേഷനായി നോക്കിയിരുന്നുപോയി... കുളി കഴിഞ്ഞ് ഈറൻമുടി മുന്നിലേയ്ക്കിട്ട് നീളൻ വിരലുകളാൽ കോതിക്കൊണ്ട് നിന്നിരുന്ന അവൾ ധരിച്ചിരുന്ന മഞ്ഞ വോയിൽ സാരിയിൽ ആ പൊന്മേനി

നിറഞ്ഞു നിന്നു... അവളുടെ ശരീരത്തോട് ഒട്ടിക്കിടക്കുന്ന ആ സാരിയും കാതിൽ തൂങ്ങിയാടുന്ന നീളൻ കമ്മലുകളും, കൈയിലങ്ങിഞ്ഞ മഞ്ഞ വളകളും, കുറുനിരയിലെ സിന്ദൂരത്തിനു താഴെ പുരികക്കൊടികൾക്കിടയിലെ ചെറിയ പൊട്ടുമൊക്കെ അവളുടെ അഴകിനു മാറ്റുകൂട്ടി.

"...ദേവേട്ടാ...!! ഞാൻ പറയുന്ന കേക്കുന്നുണ്ടോ..." അവളെ അങ്കോപാങ്കം നോക്കിയിരുന്ന എന്നെ തോണ്ടി വിളിച്ചുകൊണ്ട് അവൾ ചിരിച്ചു.

"...ങ്ങ്ഹേ... ഉം.. എവിടാ പോണ്ടേ...??"

"...അതൊക്കെപ്പറയാം.. ദേവേട്ടന് ഇടാനുള്ള ഡ്രസ്സ് ഞാൻ കട്ടിലിൽ വച്ചിട്ടുണ്ട്... വേഗം പോയി റെഡിയായി വാ..." ജനലിലെ കണ്ണാടിച്ചില്ലിൽ നോക്കി മുടി കോതിയുണക്കിക്കൊണ്ട് അവൾ പറഞ്ഞതനുസരിച്ച് ഞാൻ ഡ്രസ്സ് മാറി വന്നു... ബ്രൌൺ കളർ ഷർട്ടും അതെ കരയുള്ള മുണ്ടുമായിരുന്നു അവളെനിക്ക് ഇടാനെടുത്ത് വച്ചിരുന്നത്... മുണ്ട് അച്ചന്റെയാണെന്ന് തോന്നി.

അനുവിനെ എനിക്ക് മനസ്സിലാവുന്നില്ല.. ചിലപ്പോൾ എന്നെ ഏറ്റവും വെറുക്കുന്ന പെണ്ണ്... മറ്റുചിലപ്പോൾ സ്നേഹമയിയായ ഭാര്യ... എങ്കിലും മുൻപുള്ള ദേഷ്യം ഇപ്പോഴെന്നോടില്ല... എന്നെ പേരു വിളിക്കുന്നതിൽ പോലും അത് മനസ്സിലാകും..

"...എങ്ങോട്ടാന്നു പറഞ്ഞില്ലല്ലോ...??" കാറിൽ കയറി പത്ത് മിനിറ്റു കഴിഞ്ഞിട്ടും ആലോചനാമഗ്നയായിരുന്നു അവൾ..

"...എങ്ങോട്ടെങ്കിലും... എനിക്ക് ദേവേട്ടനോട് കുറച്ച് സംസാരിക്കാനുണ്ട്..." എനിക്കൊരു പുഞ്ചിരി സമ്മാനിച്ച് അവൾ പറഞ്ഞു..

"...എങ്കിൽ പറഞ്ഞോ.. ഞാൻ ഡ്രൈവ് ചെയ്യാം... അതിനിടയിൽ സംസാരിക്കാല്ലോ..??"

"...പോരാ... നമുക്കെവിടേലും ഇരുന്നു സംസാരിക്കാം..."

"...എങ്കിൽ ഏതെങ്കിലും റെസ്റ്റോറന്റിൽ പോവാം... അവിടാവുമ്പോ വല്ലതും കഴിക്കാം... സ്വസ്ഥമായി ഇരുന്നു സംസാരിക്കാം..."

"..വേണ്ട... പുറത്തെവിടേലും... നമുക്ക് മുനിസിപ്പൽ പാർക്കിൽ പോവാം.." അത്രമാത്രം.. അവൾ വീണ്ടും ചിന്തയിലാണ്ടു... മുഖത്തേയ്ക്ക് പാറി വീഴുന്ന അനുസരണയില്ലാത്ത മുടിയിഴകളെ വിരലുകളാൽ മെരുക്കി, ഓടിമറയുന്ന പുറംകാഴ്ച്ചകളിൽ ലയിച്ചിരുന്ന അനുവിനെ ഇടയ്ക്ക് ശ്രദ്ധിച്ചുകൊണ്ട് ഞാൻ തേർതെളിച്ചു..

"...ആദി ദേവേട്ടനെ ചതിക്കുകയായിരുന്നല്ലേ...??" പുഴക്കരയിലെ പാർക്കിലെ ചരിഞ്ഞ പുൽത്തകിടിയിൽ കാൽനീട്ടിയിരുന്ന്, കൈയിലിരുന്ന മൊബൈൽ വിലരുകൾക്കിടയിലിട്ടു ചുഴറ്റി എന്റെ മുഖത്തേയ്ക്ക് നോക്കിയിരിക്കുന്നതിനിടയിൽ അനു ചോദിച്ചു... വെയിൽ ചാഞ്ഞു തുടങ്ങിയിരുന്നു... പുഴയിൽ നിന്നും ഒഴുകിയെത്തുന്ന മന്ദമാരുതന്റെ കുളിർമ്മയും, പൂത്തു നിൽക്കുന്ന ഇലഞ്ഞിയുടെ കൊഴിഞ്ഞപൂക്കൾ മെത്തയൊരുക്കുന്ന തണലും പകലിന്റെ ചൂടിന് അൽപ്പം ആശ്വാസം പകർന്നു..

"...വാവ എല്ലാം പറഞ്ഞൂല്ലേ..??"

"..ഉം..." അവൾ തലയാട്ടി മൂളി.. "പക്ഷേ അന്ന് ദേവേട്ടൻ ചെയ്തത് അവൾ ചെയ്തതിനേക്കാൾ വലിയ തെറ്റല്ലേ..?? ഒരു പെണ്ണ് തെറ്റ് ചെയ്താൽ അവളുടെ മാനം കവരുക എന്നത് മാത്രമാണോ ശിക്ഷ...??"

"...അന്നത്തെ എന്റെ സാഹചര്യം തനിക്ക് മനസ്സിലാവാഞ്ഞിട്ടാണ്... എന്റെ മനസ്സിൽ അവൾ ഏൽപ്പിച്ച മുറിവ് അത്ര വലുതായിരുന്നു... പിന്നെ അന്ന് അവളെന്നോട് ചെയ്ത ചതി ഞാനറിഞ്ഞില്ലെങ്കിൽപ്പോലും ഞങ്ങൾ തമ്മിൽ അന്ന് രാത്രി ഒരുമിക്കുമായിരുന്നു... രണ്ടാളും അതാഗ്രഹിച്ചിരുന്നു... അപ്പോൾ പിന്നെ അതിലെന്താ തെറ്റ്...??"

"..സ്നേഹത്തോടെ ഒരുമിച്ച് രാത്രി കഴിയുന്നതും... ചതിക്കപ്പെട്ടു എന്നറിഞ്ഞിട്ട് സ്നേഹമില്ലാതെ കഴിയുന്നതും വ്യത്യാസമല്ലേ...??"

"...ശരിയായിരിക്കാം... പക്ഷേ എന്റെ ഉള്ളിലെ മുറിവുണക്കാൻ അന്നത് വേണമായിരുന്നു... തനിക്കത് ആലോചിച്ചാൽ മനസ്സിലാക്കാവുന്നതെ ഉള്ളൂ..."

"..ഉം..." അവൾ വീണ്ടും എന്തോ ആലോചിച്ചിരുന്നു.. ആ പാർക്കിലിരുന്ന എല്ലാവരുടേം മിഴിമുനകൾ നീളുന്നത് എന്റെയടുത്ത് അലസമായിരിക്കുന്ന ദേവശിൽപ്പത്തിലേയ്ക്കാണ് എന്നതിൽ എനിക്ക് ചെറിയൊരഹങ്കാരം തോന്നാതിരുന്നില്ല.

"...അനൂ.. തനിക്ക് ഇപ്പോഴും എന്നോട് ദേഷ്യമാണോ.. അജൂനെ തന്നിൽ നിന്നകറ്റിയത് ഞാനാണെന്നാണോ താൻ ഇപ്പോഴും വിശ്വസിക്കുന്നത്...??"

"...ഒരിക്കലുമില്ല... ദേവേട്ടന് ഇതിൽ യാതൊരു പങ്കുമില്ലാന്നു എനിക്കന്നേ മനസ്സിലായിരുന്നു... പിന്നെ ആദിയും അഞ്ചൂമൊക്കെ അന്ന് ദേവേട്ടനെക്കുറിച്ച് പറഞ്ഞത് ഞാൻ വിശ്വസിച്ചു പോയി എന്നത് സത്യാണ്... എന്നാ ഇപ്പോ എനിക്കാതോന്നലൊന്നൂല്ല... ദേവേട്ടനെ മറ്റാരേക്കാളും എനിക്കിപ്പോ വിശ്വാസാ..."

"...അതെന്താ...??"

"..അത്....!! ദേവേട്ടനറിയോ...?? ആദ്യരാത്രീല് പെണ്ണിനെ കീഴ്പ്പെടുത്തിയാലേ ആജീവനാന്തം അവള് ആണിന്റെ വരുതിക്ക് നിക്കൂ എന്നൊരബദ്ധധാരണ നമ്മുടെ ആണുങ്ങൾക്കുണ്ട്... കല്യാണം കഴിഞ്ഞ് ഭർത്താവിന്റെ വീട്ടിലെ അനുഭവം പറഞ്ഞിട്ടുള്ള എന്റെ എല്ലാ കൂട്ടുകാരികൾക്കും ആ ഒരു കാര്യത്തിൽ സെയിം അനുഭവമായിരുന്നു... അറേഞ്ച് മാരേജാണെങ്കിൽ പറയേം വേണ്ട... ആദ്യായിട്ട് വല്യ പരിചയമൊന്നുമില്ലാത്ത ആണിന്റെ ഒപ്പം രാത്രി ഒരുമിച്ചു കഴിയുന്നതിന്റെ ടെൻഷനിൽ നിക്കുന്ന പെണ്ണിനെക്കുറിച്ചു ഒന്നും ചിന്തിക്കാതെ, അവളെ കീഴ്പ്പെടുത്തുന്ന കാര്യം മാത്രാവും എല്ലാ ആണുങ്ങളും ചിന്തിക്കുക... ചിലരൊക്കെ കൈവാക്കിന് ഒരു പെണ്ണിനെ അടുത്തുകിട്ടിയതിന്റെ ആക്രാന്തം മുഴുവൻ തീർത്തിട്ടാവും അവളോടൊന്ന് മിണ്ടുകകൂടി ചെയ്യാ... ദേവേട്ടനും അങ്ങനെയാവൂന്നാ ഞാൻ കരുതിയേ... അന്ന് അജുവേട്ടൻ ചെയ്തതൊക്കെ ഓർത്തുള്ള വിഷമത്തിനിടയിലും എന്റെ ടെൻഷനും അത് തന്നെയായിരുന്നു... എന്നാ ഒരുമിച്ച് ഒരു മുറിയിൽ കഴിഞ്ഞപ്പോൾപോലും ദേവേട്ടൻ എന്റെ അടുത്ത് ആ ഭർത്താവിന്റെ അധികാരം കാണിച്ചിട്ടില്ല... എന്റെ വിഷമം മാറ്റാനായിട്ടാ നാട്ടുനടപ്പില്ലാതിരുന്നിട്ടും അഞ്ചുനെ എന്റെ കൂടെ നിർത്തീട്ട്

ദേവേട്ടൻ ഗെസ്റ്റ്റൂമിൽ കെടന്നേന്നും എനിക്കറിയാം... അതുകൊണ്ടാ ഞാൻ പറഞ്ഞത് മറ്റാരേക്കാളും എനിക്ക് ദേവേട്ടനെ വിശ്വാസാന്ന്..." അത് പറയുമ്പോൾ അവളുടെ മുഖത്ത് എന്നെ ആശ്വസിപ്പിക്കുന്നപോലെയുള്ള ഭാവമായിരുന്നു.. ഒപ്പം ചെറിയ നാണവും.

"...എന്നിട്ടും താൻ ഇന്നലെവരെ എന്നോടങ്ങനെയല്ലല്ലോ പെരുമാറിയിരുന്നേ..."

"...അതുപിന്നെ...!! അടുപ്പം കാണിച്ചാ എല്ലാ ആണുങ്ങളേം പോലെ ദേവേട്ടനും അതു മുതലെടുത്താലോ എന്ന് ഞാൻ ചിന്തിച്ചു... പിന്നെ ഇപ്പോഴത്തെ എന്റെ വിഷമം വേറെ ചിലതൊക്കെയാണ്..."

"...എനിക്കറിയാമനൂ... അജുവിന് എന്ത് സംഭവിച്ചു എന്നറിയാതെയുള്ള വിഷമം തനിക്കുണ്ടല്ലേ... ഞാനന്ന് പറഞ്ഞല്ലോ.. അവൻ എവിടെയുണ്ടെങ്കിലും ഞാൻ കൊണ്ടുവരും... എല്ലാമറിഞ്ഞു കഴിയുമ്പോ അവൻ തന്നെ സ്വീകരിക്കാൻ തയാറാണേ താൻ ആഗ്രഹിച്ചപോലെ നിങ്ങൾ ഒരുമിച്ച് ജീവിക്കും... ഇതെന്റെ വാക്കാ..." അജുവിനെക്കുറിച്ചുള്ള ഓർമ്മകളിലാവണം അവളുടെ മുഖം വാടി... എങ്കിലും എനിക്കൊരു നനഞ്ഞ ചിരിതന്ന് അവൾ വിദൂരതയിലേയ്ക്ക് നോക്കിയിരുന്നു.

"...തനിക്ക് ഐസ്ക്രീം വേണോ..??"

"..ഉം.." ഞാൻ എഴുന്നേറ്റുപോയി രണ്ടു വാനിലഐസ്ക്രീം വാങ്ങി വന്നു.

"...തനിക്കെന്നോടുള്ള ദേഷ്യം മാറി... പക്ഷേ അഞ്ചൂന് ഇപ്പോഴും എന്നോട് കലിപ്പാണ്..."

"...ഹ ഹ.. അതോർത്ത് ദേവേട്ടൻ പേടിക്കണ്ട.. അവളങ്ങനാ... ഞാൻ കുറേപ്പറഞ്ഞിട്ടും അവക്ക് വിശ്വാസം വന്നിട്ടില്ല.. ആദി പറഞ്ഞതൊക്കെ കേട്ടിട്ടുള്ള ദേഷ്യാ... മാറിക്കോളൂന്നെ... പിന്നേ...!!! അവളെന്റെ അടുത്തേയ്ക്ക് ചേർന്നിരുന്നു സ്വകാര്യംപോലെ പറഞ്ഞു. "..എന്റെം അജുവേട്ടന്റെം കല്യാണം കഴിഞ്ഞാ അവൾക്ക് ദേവേട്ടനെ കല്യാണം കഴിക്കണോന്ന് മോഹോണ്ടാരുന്നു... അവളുടെ ആളെ ഞാൻ തട്ടിയെടുത്തൂന്നാരുന്നു ആദ്യം പരാതി... പിന്നെ ആദി

പറഞ്ഞ കാര്യം കേട്ടപ്പോ ദേവേട്ടനോട് വല്യ ദേഷ്യായതാ...” പറഞ്ഞിട്ട് അനു കുടുകുടെ ചിരിച്ചു... പെട്ടന്ന് ഞങ്ങൾ വളരെ അടുത്തപോലെ... ഞാനും അവളുടെ ചിരിയിൽ പങ്കുകൊണ്ടു.

“...ദേവേട്ടാ...!!!!” ഐസ്ക്രീം നുണഞ്ഞുകൊണ്ടിരുന്ന അനു പെട്ടന്ന് വയറിൽ അമർത്തിപ്പിടിച്ചു വേദനയെടുത്തപോലെ വിളിച്ചു... അസഹനീയമായ വേദനയുള്ളപോലെ അവളുടെ മുഖംവലിഞ്ഞു മുറുകി കണ്ണുകൾ നിറഞ്ഞു വന്നു.

“...എന്താനൂ... എന്ത് പറ്റീ..??”

“...വല്ലാതെ വയറു വേദനിക്കണൂ... ഹമ്മേ..!!” അവളെ ചേർത്ത് പിടിച്ച എന്റെ ഇടത്തെ കൈപ്പത്തിയിൽ വിരൽകോർത്ത് മുറുക്കി അവൾ വേദന സഹിക്കാൻ പറ്റാതെ കരഞ്ഞു..

“...ഐസ്ക്രീം കഴിച്ചേന്റെയാണോ...??”

“...ങ്ഹും.. വേദനയ്ക്കിടയിലും അല്ലാ എന്ന അർത്ഥത്തിൽ അവൾ തലയാട്ടി.. അപ്പോഴും അവൾ വയറിലമർത്തി മറുകൈ എന്റെ കൈപ്പത്തിയിൽ മുറുക്കെപ്പിടിച്ചിരിക്കുകയായിരുന്നു... അവളുടെ നഖമാഴ്ന്ന് എന്റെ കൈപ്പത്തിയിൽ ചോരപൊടിഞ്ഞു.

“...അനൂ... പിരീഡായതാണോ...??”

“...ഉം...” അത്ഭുതത്തോടെയും അതിലേറെ ആശ്വാസത്തോടെയും എന്റെ കണ്ണുകളിലേയ്ക്ക് നോക്കി അവൾ മൂളി.

ഞാനവളെ പിടിച്ചെഴുന്നേൽപ്പിക്കാൻ ശ്രമിച്ചത് അവൾ തടഞ്ഞു.

“...ദേവേട്ടാ... എന്റെ.... സാരി.. കറപറ്റും...” മുക്കി മൂളി അവൾ പറഞ്ഞൊപ്പിച്ചു..

“....പാഡിട്ടിട്ടില്ലേ...??”

“..മ്ച്ചും... വരുമ്പോ ഞാനോർത്തില്ല...”

“...വാ നമുക്കൊരെണ്ണം വാങ്ങാം...” ഞാനവളെ പിടിച്ചെഴുന്നെൽപ്പിച്ച് പാർക്കിനു പുറത്തേയ്ക്ക് നടന്നു... അപ്പോഴും എന്റെ കൈയിൽ പിടിച്ചപിടി അവൾ വിട്ടിട്ടുണ്ടായിരുന്നില്ല... അവളനുഭവിക്കുന്ന വേദന ആ പിടുത്തത്തിൽ ഞാനറിഞ്ഞു... ഇതെന്താ കഥയെന്നു മനസ്സിലാവാതെ പാർക്കിലിരുന്നവർ ഞങ്ങളെ നോക്കുന്നുണ്ടായിരുന്നു.

പിരീഡ് ടൈമിൽ പെണ്ണുങ്ങൾക്ക് അസഹനീയമായ വേദനയുണ്ടാവും എന്നത് ഇന്നുവരെ എനിക്ക് കേട്ടുകേഴ്വി മാത്രമായിരുന്നു... വീട്ടിൽ അനിയത്തിമാർക്കൊക്കെ ഇതുണ്ടാവാറുള്ളതാണെങ്കിലും ആ വേദന ഞാൻ നേരിൽ കണ്ടിട്ടുണ്ടായിരുന്നില്ല.

അവളെ കാറിന്റെ പിൻസീറ്റിൽ കൊണ്ടുപോയിരുത്തി... ഞാൻ അടുത്തുകണ്ട മെഡിക്കൽ സ്റ്റോറിൽ നിന്നും ഒരു പായ്ക്കറ്റ് പാടുവാങ്ങി... ഒപ്പം മെൻസ്ട്രേഷൻ സമയത്ത് വേദനയുണ്ടായാൽ കഴിക്കാനുള്ള പെയിൻകില്ലറും, പിന്നെ അടുത്തുള്ള ഒരു ടെക്സ്റ്റൈൽസിൽ നിന്നും അവളുടെ പാകത്തിനുള്ള ഒരു പാന്റിയും വാങ്ങി... കാറിൽ കയറി അവളുടെ കൈയില് അതൊക്കെ കൊടുത്തപ്പോൾ അവൾക്കൽഭുതം... ഞാനത് ശ്രദ്ധിക്കാതെ വേഗം അടുത്തുള്ള ഒരു ലോഡ്ജിലെയ്ക്ക് വണ്ടി വിട്ടു...

ഭാഗ്യത്തിന് അവിടെ റിസപ്ഷനിൽ ഇരുന്നത് ഒരു സ്ത്രീയായിരുന്നു... അവരോടു കാര്യം പറഞ്ഞപ്പോൾ അവർ താഴെ നിലയിൽ തന്നെയുള്ള ഒരു റൂം തന്നു.. ഞാൻ അനുവിനെ പതുക്കെ താങ്ങിപ്പിടിച്ചു റൂമിലാക്കി പുറത്ത് നിന്നു..

പാഡിട്ട് കഴിഞ്ഞപ്പോൾ പോകാമെന്ന് പറഞ്ഞ് അനു വാതിൽ തുറന്നു വന്നെങ്കിലും അവളുടെ ക്ഷീണം കണ്ടപ്പോൾ, മരുന്ന് കഴിച്ചതുകൊണ്ട് അൽപ്പം റെസ്റ്റെടുത്തിട്ടു പോയാൽ മതിയെന്നും പറഞ്ഞ് നിർബന്ധിച്ച് ഞാൻ അവളെ കട്ടിലിൽ പിടിച്ചു കിടത്തി.

ഞാനടുത്തിരിക്കുന്ന ധൈര്യത്തിൽ അവൾ കിടന്നു... ഒന്നര മണിക്കൂർ നേരം അവളുറങ്ങി.

"...എന്റെ സൈസെങ്ങനാ ദേവേട്ടനറിഞ്ഞത്...??" തിരിച്ചു പോരുന്നവഴി കാറിലിരിക്കുമ്പോൾ അവളുടെ സംശയം.

"...നമ്മടെ രണ്ടുപെരുടെം ഇന്നറടക്കം ഡ്രസ്സ് എല്ലാം ഒരു ബാഗിലല്ലേ കൊണ്ടുവന്നത്... എന്റെ ഡ്രസ്സ് എടുക്കാൻ നോക്കിയപ്പോ ഞാൻ കണ്ടിരുന്നു.. അന്നേരം ഒരു കൌതുകത്തിനു സൈസ് നോക്കിയതാ..."

"..വഷളൻ..!! പെണ്ണുങ്ങടെ ഇന്നറൊക്കെ എടുത്തു നോക്കാൻ നാണവില്ലല്ലോ..?? അവളെന്റെ കൈത്തണ്ടയിൽ പിച്ചി.

"...യ്യോ...!! ദേ എനിക്ക് നൊന്തൂട്ടോ...??" ഞാൻ വേദന അഭിനയിച്ചു.

"...നോവട്ടെ... വൃത്തികേട് കാണിച്ചിട്ടല്ലേ..?? വൃത്തികെട്ടവൻ..!!" അവൾ ചുണ്ടുകോട്ടി പരിഭവിച്ചു.

"...അത് നന്നായില്ലേ... അതല്ലേ ഇപ്പൊ കറക്റ്റ് സൈസ് വാങ്ങാൻ പറ്റിയേ.. തന്നെയല്ല അതു വാങ്ങീല്ലാരുന്നെ താനീ നനഞ്ഞതും ഇട്ടോണ്ട് നടക്കേണ്ടി വന്നനേ..."

"അയ്യേ.. നാണമില്ലാത്ത ജന്തു... എന്നാലും വാങ്ങീത് നന്നായി... അതോണ്ട് ക്ഷമിച്ചേക്കണൂ... അല്ലാ.... അപ്പോ ഈ പെയിൻകില്ലറോ... അതെങ്ങനെയറിഞ്ഞൂ..??"

"...അത് തന്റെ വേദന കണ്ടപ്പോ അതിനു എന്താ ചെയ്യണ്ടെന്നു ഞാനാ മെഡിക്കൽ ഷോപ്പിലെ ചേച്ചിയോട് ചോദിച്ചു... അപ്പോ അവരീ മരുന്ന് തന്നു..."

"...ദേവേട്ടനാള് കൊള്ളാല്ലോ.. ഇതൊക്കെ അറിയാല്ലേ...!! എന്തായാലും നന്നായി... ആ മരുന്ന് കഴിച്ച് ഒന്നുറങ്ങി എഴുന്നേറ്റപ്പോ ആ വേദനകുറഞ്ഞു... താങ്ക്യൂ..!!"

"...ആ... വരവ് വെച്ചിരിക്കണൂ അമ്മിണിയെ..." ഞങ്ങൾ രണ്ടുപേരും ചിരിച്ചു... വീടെത്തുന്നവരെ ഞങ്ങൾ ഒരുപാട് സംസാരിച്ചു... ഞങ്ങൾക്കിടയിലെ മഞ്ഞുരുകി... ഇപ്പോ ഒരു നേർത്തപാളി മാത്രമായി അവശേഷിച്ചു.

"...ഹലോ ദേവാ.. താൻ തിരക്കിലാണോ.." രാത്രി അത്താഴം കഴിഞ്ഞ് ബാൽക്കണിയിലിരുന്ന് ലാപ്ടോപ്പിൽ ഫലയുകൾ നോക്കിക്കൊണ്ടിരുന്നപ്പോൾ ഹമീം സാറിന്റെ ഫോൺ വന്നു..

".ഇല്ലാ... പറഞ്ഞോളൂ സാർ.. എന്താ വിശേഷിച്ച്...??"

"...ദേവാ... ഈ അർജുന്റെ ബാംഗ്ലൂർ കണക്ഷൻ എന്താ... തനിക്കതിനെപ്പറ്റി വല്ലതും അറിയാമോ...??"

"..അത്...!! ഇപ്പോഴത്തെ ജോലി കിട്ടുന്നതിനു മുന്നേ ഒരു ഒന്നരകൊല്ലക്കാലം അവൻ ബാംഗ്ലൂർ ടാറ്റാ സ്റ്റീൽസിൽ ജോലി ചെയ്തിരുന്നു.."

"...ഉം... അവൻ മലപ്പുറത്ത് ഒരു ലോഡ്ജിൽ താമസിച്ചിരുന്ന കാര്യം ഞാൻ പറഞ്ഞിരുന്നില്ലേ... അവിടന്ന് അവൻ പോയത് ചിക്-മാംഗളൂരിലെ ഒരു റിസോർട്ടിലേയ്ക്കാണ്.. അതിന്റെ മാനേജർ അവന്റെ ഫ്രണ്ടാ... ഇവിടന്നു പോയി അവനൊരു പുതിയ സിം എടുത്തിരുന്നു... പക്ഷേ പഴയഫോൺ തന്നെയാണവൻ ഉപയോഗിച്ചത്.. അതുകൊണ്ട് നമുക്ക് ട്രാക്ക് ചെയ്യാൻപറ്റി... അന്വേഷിച്ചപ്പോ അവന്റെ ആ ഫ്രണ്ടും ടാറ്റാ സ്റ്റീൽസിലെ ഫോർമ്മർ എംപ്ലോയിയാണ്... പക്ഷേ ഇപ്പൊ അവനവിടെ ഇല്ല.. നമ്മൾ ട്രാക്ക് ചെയ്യുന്നതറിഞ്ഞ് ആ സിമ്മും അവൻ പിന്നെ ഉപയോഗിച്ചിട്ടില്ല... ആ റിസോർട്ട് മാനേജർ തന്ന വിവരംവച്ച് അവർക്കൊപ്പം അന്നുണ്ടായിരുന്ന അവന്റെ ചില ഫ്രണ്ട്സിനെ കോണ്ടാക്റ്റ് ചെയ്തിരുന്നു... പക്ഷേ ഇതുവരെ വിവരമൊന്നുമില്ല.."

"...ഒകെ.. സർ... ഇനിയിപ്പോ നമുക്ക് കാത്തിരിക്കാമെന്നല്ലാതെ വേറെ വഴിയില്ല അല്ലേ...??"

"..ഉം.. തന്നെയുമല്ല... ഈ കുട്ടികളോ പെണ്ണുങ്ങളോ മിസ്സാവുന്നത്പോലെ നമ്മൾ ആണുങ്ങൾ മിസ്സായാൽ അതിനു വല്യപ്രാധാന്യമൊന്നും ഡിപ്പാർട്ട്മെന്റ് കൊടുക്കാറില്ല ദേവാ ... തന്നെയുമല്ല ഇതവൻ സ്വമേധയാ പോയേക്കുന്നതാണ് എന്നറിയാവുന്നകൊണ്ട് അൺഒഫീഷ്യലാണെങ്കിലും അന്വേഷണത്തിൽ എനിക്ക് ചില പരിമിതികകളുണ്ട്.."

"...മനസ്സിലായി സർ..."

"...പിന്നെ ദേവാ... താൻ പത്രത്തിലൊക്കെ വായിച്ചു കാണും നമ്മടെ നാട്ടുകാരൻ പയ്യൻ ഒരു സിബീഷ് ചാക്കോ കൊല്ലപ്പെട്ട വിവരം..."

"...വായിച്ചിരുന്നു സർ... മുംബൈ ബെയ്സ്ഡ് സെക്സ് റാക്കറ്റുമായി ബന്ധമുണ്ടെന്നു സംശയിക്കുന്ന...???"

"...അതുതന്നെ... ആ... അവന്റെ വീട് എന്റെ സർക്കിളിൽ ആയതുകൊണ്ട് അന്വേഷണചുമതല എനിക്കാണ്... പിന്നെ അവനൊപ്പം ആനി എന്നൊരു പെൺകുട്ടിയും അവന്റെ രണ്ടു സുഹൃത്തുക്കളും മിസ്സിങ്ങാണ്.. അതുകൊണ്ട് ആ കേസ്സിന്റെ തലവേദനകൾക്കിടയിൽ അർജുന്റെ കേസ്സിൽ എത്രത്തോളം ശ്രദ്ധിക്കാൻപറ്റും എന്നറിയില്ല... എന്നാലും എന്തെങ്കിലും വിവരം കിട്ടിയാൽ ഞാൻ അറിയിക്കാം.. പിന്നെ എന്തെങ്കിലും പ്രോഗ്രസ്സുണ്ടയാൽ എന്നെയും അറിയിക്കണം..."

"...ഒഫ് കോഴ്സ് സർ.. താങ്ക്യൂ..." അങ്ങനെ ആ വഴിയും പകുതിയടഞ്ഞു.

രാത്രി പതിവുപോലെ മൂത്രമൊഴിക്കാൻ എഴുന്നേറ്റ ഞാൻ ബാത്രൂമിൽ നിന്നിറങ്ങി വരുമ്പോൾ അനുവും എഴുന്നെറ്റിട്ടുണ്ടായിരുന്നു.

"...എന്താടോ തനിക്ക് ഒറക്കോമില്ലേ..??" അവളൊരു നനഞ്ഞ ചിരി മാത്രം ചിരിച്ചു... മുഖത്ത് നല്ല ക്ഷീണമുള്ളതുപോലെ..

"..എന്താ അനൂ... എന്താ വല്ലാതിരിക്കുന്നെ...??" ഒന്നുമില്ല എന്ന അർദ്ധത്തിൽ അവൾ തോൾ കുലുക്കി.. പിന്നെ വെള്ളം കുടിക്കാനായി മേശപ്പുറത്തിരുന്ന ജഗ്ഗെടുക്കുന്ന കണ്ട് ഞാൻ കിടന്നു..

"...ദേവട്ടാ..." പെട്ടന്ന് ഗ്ലാസ് താഴെ വീഴുന്ന ഒച്ചയും തളർച്ചയോടെയുള്ള അനുവിന്റെ വിളിയും കേട്ട് ഞാൻ ഞെട്ടി എഴുന്നേറ്റതും എന്റെ കൈകളിലേയ്ക്ക് അവൾ തളർന്നു വീണു... എന്തുപറ്റി എന്നു മനസ്സിലാവാതെ ഒരു നിമിഷം പകച്ചുപോയ ഞാൻ അവളെ ബെഡിലേയ്ക്ക് കിടത്തി ജഗ്ഗിൽ ബാക്കിയുണ്ടായിരുന്നു വെള്ളം അവളുടെ മുഖത്ത് തളിച്ച് കുലുക്കി വിളിച്ചു.. അവളൊന്നു ഞരങ്ങി എന്നല്ലാതെ കണ്ണുതുറന്നില്ല.. അവളുടെ ശരീരം ഐസുപോലെ തണുത്തു... പെട്ടന്ന് എനിക്കോർമ്മ വന്നത് അന്ന് അമ്പലമുറ്റത്ത് പട്ടമ്മാൾ തളർന്നു വീണ രംഗമാണ്.

"...ദേവട്ടാ... പ്രഷർ കുറഞ്ഞതാ... എത്രയും പെട്ടന്ന് ഹോസ്പിറ്റലിൽ എത്തിക്കണം.." അന്ന് മുത്ത് പറഞ്ഞ വാക്കുകൾ എന്റെ കാതിൽ മുഴങ്ങി.

അനുവിനെ കട്ടിലിൽ കിടത്തി ഞാൻ മുറിക്കു പുറത്തേയ്ക്കോടി.. അപ്സ്റ്റെയറിൽ തന്നെ ഇടനാഴിയുടെ അങ്ങേയറ്റം അഞ്ചുവിന്റെ റൂമാണ്..

"...അഞ്ചൂ.!! വാതിൽ തുറക്ക്...." ഞാൻ വാതിൽ പൊളിയുന്നപോലെ മുട്ടി വിളിച്ചു.

"...ങ്ങ്ഹേ.. ആരാ... എന്താ...??"

"...മോളെ ഞാനാ ദേവനാ.. വാതിൽ തുറക്ക് അനു തലകറങ്ങി വീണു... അവളെ ആഴുപത്രിയിൽ കൊണ്ടോണം..."

"...ങ്ങ്ഹേ... ഞാൻ വാതിൽ തുറക്കാൻ വേണ്ടി നിങ്ങൾ നുണ പറയുന്നതല്ലേ.. ചേച്ചി കിടക്കുമ്പോ ഒരു കുഴപ്പോം ഇല്ലാരുന്നല്ലോ.. ഉറങ്ങിക്കിടന്ന ചേച്ചി എങ്ങനാ തലകറങ്ങി വീഴുന്നെ...??"

"...മോളെ... ഞാൻ പറഞ്ഞത് സത്യാ.. അവള് തലകറങ്ങി വീണു... നീ വാതിൽ തുറക്ക്.. നമുക്കവളെ ആശുപത്രിയിൽ കൊണ്ടോകാം...??"

"...ഇല്ല... നിങ്ങളെ എനിക്ക് വിശ്വാസമില്ല... അച്ഛനുമമ്മേം ഇല്ലാത്ത തക്കം നോക്കി ചേച്ചി ഉറങ്ങിക്കിടക്കുമ്പോ എന്റെയടുത്ത് വരാനുള്ള നിങ്ങടെ നമ്പരല്ലേ ഇത്... അത് കൈയിൽ വച്ചാ മതി.. ഞാൻ തുറക്കില്ല.. ഇയാള് പോയിക്കിടന്നുറങ്ങ്.." അപ്പോഴാണ് അച്ഛനുമമ്മേം ഇവിടില്ലെന്ന കാര്യം ഞാനോർത്തത്... അച്ഛന്റെ പെങ്ങൾ രമയാന്റി സ്ഥലത്തില്ലാത്തതിനാൽ തളർന്നു കിടക്കുന്ന അച്ഛമ്മയ്ക്ക് കൂട്ടുകിടക്കാൻ തറവാട്ടിൽ പോയതാണ് അച്ഛനുമമ്മയും.. ഇവിടെ ഞാനുള്ളകൊണ്ട് ഒരാൺതുണയുണ്ടല്ലോന്ന് അവര് കരുതി... അഞ്ചുവിനെയിനി നിർബന്ധിച്ചിട്ടു കാര്യമില്ല... സമയം പോകുന്തോറും അപകടമാണ്..

ഞാൻ അനുവിനെ താങ്ങിയെടുത്ത് താഴേയ്ക്ക് നടന്നു... വാതിൽക്കലെത്തി അവളെ സോഫയിൽ കിടത്തി, വാതിൽ തുറന്ന്, വീണ്ടും അവളെ താങ്ങിയെടുത്ത് ഞാൻ കാറിൽ കൊണ്ടുപോയിക്കിടത്തി.. ട്രാക്സും ബനിയനുമാണ് എന്റെ വേഷം, അനു ഒരു നൈറ്റ് ഗൌണും.. അതിൽ അവളുടെ ശരീരവടിവുകൾ എടുത്തു കാണിക്കുന്നുണ്ട്... കാണുന്നവരുടെ കണ്ണുകൾക്ക് വിരുന്നാണ്.. പക്ഷേ ഇപ്പോളതൊന്നും നോക്കിയിട്ട് കാര്യമില്ല.. കാറിൽ കയറിയ ശേഷവും ഞാനവളെ കുലുക്കി വിളിച്ചു നോക്കി.. ഒരു ഞരക്കത്തോടെ അവളെന്റെ തോളിൽ ചാഞ്ഞു... എന്റെ കാറിനു ഭ്രാന്തുപിടിച്ചു.

"...അനുപമയ്ക്ക് ഇതിനു മുൻപ് ഇങ്ങനെയുണ്ടായിട്ടുണ്ടോ..??" സെയിന്റ് മേരീസ് ഹോസ്പിറ്റലിൽ ക്യാഷ്വാലിറ്റി ചാർജ്ജുള്ള ലേഡി ഡോക്ടറുടെ മുൻപിലായിരുന്നു ഞാനപ്പോൾ.

"...അറിയില്ല ഡോക്ടർ... ഞങ്ങളുടെ കല്യാണം കഴിഞ്ഞിട്ട് ഒരാഴ്ചയേ ആയുള്ളൂ..."

"...ഹും... അപ്പൊ അതുതന്നെ കാര്യം... ഭാര്യ സുന്ദരിയാണെന്ന് കരുതി രാത്രിയിൽ ഉറങ്ങാൻ സമ്മതിക്കാതിരുന്നാൽ ഇങ്ങനെയൊക്കെ സംഭവിക്കും.... അതൊരു മനുഷ്യ ജീവിയാണ് ഹേ... ഹണിമൂണാണെന്നു കരുതി അതിനു കുറച്ച് റെസ്റ്റ് കൊടുക്കണം..." ഡോക്ടർ പറഞ്ഞതിലെ പരിഹാസം മനസ്സിലായെങ്കിലും ഞാൻ ഒന്നും മനസ്സിലാവാത്തപോലെ നിന്നു.

"...മിഴുങ്ങസ്യാന്നു നിക്കണ്ട... പ്രഷർ കുറഞ്ഞതാ.. ഉറക്കക്കുറവാണ് കാരണം.. പിന്നെ ആ കുട്ടി പിരീഡായ കാര്യം തനിക്കറിയാവോ...??"

"...ഉം... ഇന്നു പകലാണായത്.. പിന്നെ ഡോക്ടർ വിചാരിക്കുന്നപോലെയല്ല.." ഞാൻ ഞങ്ങളുടെ കല്യാണം നടന്ന സാഹചര്യവും മറ്റും പറഞ്ഞു..

"...ഉം... അപ്പോ... സ്നേഹിച്ചിരുന്നയാൾ നഷ്ടപ്പെട്ടതിന്റെ വിഷമവും, പുതിയ സാഹചര്യത്തോട് പൊരുത്തപ്പെടാൻ പറ്റാത്തതും ഒക്കെക്കാരണമുള്ള ടെൻഷൻ കൊണ്ടാവാം ഉറക്കക്കുറവുണ്ടായത്... പിന്നെ പിരീഡിന്റെ ക്ഷീണവും... എന്തായാലും ഒരു ഇഞ്ചക്ഷൻ കൊടുത്തിട്ടുണ്ട്.. ഡ്രിപ്പ് തീർന്നാൽ പോകാം... പിന്നെ ഇനി ഇതുപോലെയുണ്ടായാൽ ഇമ്മീഡിയേറ്റായി കൊടുക്കാനുള്ള ഒരു ടാബ്ലറ്റ് തരാം... അതിലൊക്കെ പ്രധാനം അനുപമയ്ക്ക് റസ്റ്റ് വേണം... പിന്നെ ഈ സാഹചര്യത്തിൽ അവളെ മനസ്സിലാക്കുന്ന ഒരാളുടെയെങ്കിലും സപ്പോർട്ടും.. ഹോപ് യു അണ്ടർസ്റ്റാന്റ്..."

"...യെസ് ഡോക്ടർ.. ഐ ക്യാൻ.."

അനുവിന്റെ ഡ്രസ്സ് പ്രോപ്പറല്ലാതിരുന്നകൊണ്ട് ആളുകളുടെ കണ്ണുകൊണ്ടുള്ള ഭോഗമൊഴിവാക്കാൻ ക്യഷ്വാലിറ്റിയിൽ കിടക്കുന്നതിനേക്കാൾ നല്ലത് റൂമാണെന്നു തോന്നിയകൊണ്ട് പേവാർഡിൽ ഞാനൊരു റൂമെടുത്തു.. പ്രൈവറ്റ് ഹോസ്പിറ്റലായകൊണ്ട് കുറച്ചു നേരത്തെയ്ക്കാണെങ്കിലും റൂം കിട്ടാൻ ബുദ്ധിമുട്ടുണ്ടായില്ല... ഇഞ്ചക്ഷന്റെ ക്ഷീണത്തിൽ അനു സുഖമായുറങ്ങി... സമയം വെളുപ്പിന് മൂന്നു മണിയായിരുന്നു... ഹാങ്ങിംഗ് ബോട്ടിൽ തീരാൻ ഇനിയും അരമണിക്കൂറോളമെടുക്കും... അത് തീർന്നാൽ ബ്ലഡെടുത്തു തുടങ്ങും എന്നറിയാവുന്നകൊണ്ട് ഞാൻ ഉറങ്ങിയില്ല... ഡ്രിപ്പ് തീർന്നത് മൂന്നരയ്ക്കാണ്... നേഴ്സ് വന്ന് ഡ്രിപ്പ് മാറ്റിയ ശേഷം അനുവിന്റെ ബെഡിൽ തലവച്ച് അടുത്തിട്ട സ്റ്റൂളിൽ ഇരുന്നുകൊണ്ട് ഞാൻ മയങ്ങി.

മുടിയിൽ ഇഴയുന്ന വിരലുകളാണ് എന്നെയുണർത്തിയത്.."...ദേവേട്ടാ... ഇതെവിടാ...??" കണ്ണുതുറക്കുമ്പോൾ തളർച്ചയോടെ ചുറ്റും നോക്കിക്കൊണ്ട് അനു ചോദിച്ചു..

"...ഹാ.. എഴുന്നേറ്റോ അമ്മിണി... പേടിപ്പിച്ചു കളഞ്ഞല്ലോ പെണ്ണേ...??"

"...ഏ..." ആ തളർച്ചയിലും അവളെന്റെ നേരെ കൊഞ്ഞനം കുത്തി. "..നമ്മള് മാത്രേ ഉള്ളോ... അഞ്ചൂനെ വിളിക്കാരുന്നില്ലേ..??" ഉണ്ടായ സംഭവം ഞാൻ പറഞ്ഞു.. അവളുടെ മുഖം വാടി.

"..പോട്ടെ ദേവേട്ടാ.. ക്ഷമിക്ക്... അവള് കൊച്ചല്ലേ.. നമ്മളിവിടാന്നു ഒന്ന് വിളിച്ചു പറയാരുന്നു..."

"..ഉം... അന്നേരത്തെ ടെൻഷനിൽ ഞാൻ ഫോണെടുത്തില്ല... ഇനിയിപ്പോ ചെല്ലുമ്പോ അറിഞ്ഞാമതി... നേരം വെളുക്കുന്നേ ഉള്ളൂ.. താൻ കുറച്ചു നേരം കൂടി ഉറങ്ങ്... ക്ഷീണം മാറട്ടെ.."

"....വേണ്ട ദേവേട്ടാ... നമുക്ക് പോവാം.. വണ്ടീലിരുന്നും വീട്ടിലെത്തിയാലും ഉറങ്ങാല്ലോ.. എനിക്കീ ഡ്രസ്സ് ഒട്ടും കംഫർട്ടബിളല്ല..." ബില്ല് പേചെയ്ത് ഞങ്ങൾ പുറത്തിറങ്ങി... കിഴക്ക് വെള്ളകീറിത്തുടങ്ങുന്നതേ ഉള്ളൂ...

ഞങ്ങൾ വീട്ടിലെത്തുമ്പോൾ ആറുമണിയായിരുന്നു... അച്ഛനുമമ്മയും അഞ്ചുവും ഉമ്മറത്ത് ഞങ്ങളെ കാത്തിരിപ്പുണ്ടായിരുന്നു... അച്ഛനെയും അമ്മയെയും അഞ്ചു വിളിച്ചു വരുത്തിയതാവണം.. കാറിനടുത്ത് ഓടിയെത്തിയ അമ്മ പരിഭ്രമത്തോടെ അനുവിനെ താങ്ങിപ്പിടിച്ച് ഇറങ്ങാൻ സഹായിച്ചു... ഞാൻ ഡോക്ടർ പറഞ്ഞ കാര്യങ്ങൾ വിശദീകരിച്ചു.

"...മോനേ ഇവൾടെ വിവരമില്ലായ്മയ്ക്ക് വല്ലോം പറഞ്ഞിട്ടുണ്ടേ നീ ക്ഷമിച്ചേരെ... ഇളയതായകൊണ്ട് ഇച്ചിരെ ലാളിച്ചാ വളത്തിയെ... അതിന്റെ അഹങ്കാരാ... മോനത് മറന്നള.." അഞ്ചുവിനു വേണ്ടി അമ്മ എന്നോട് ക്ഷമചോദിക്കും പോലെ പറഞ്ഞു... ഇതൊക്കെ കേട്ട് അഞ്ചു ഒന്നും മിണ്ടാതെ തല കുമ്പിട്ടു നിൽക്കുകയായിരുന്നു.. ഞാനൊന്ന് മൂളുക മാത്രം ചെയ്ത് അകത്തേയ്ക്ക് കയറി.. വാതിൽക്കൽ നിൽക്കുന്ന അഞ്ചുവിന്റെ മുഖത്ത് കൈപ്പാട് തിണർത്തു കിടപ്പുണ്ടായിരുന്നു... കാര്യങ്ങറിഞ്ഞപ്പോ അച്ഛന്റെ വീതം സമ്മാനം കിട്ടിയതാവണം.

"...എന്നോട് ക്ഷമിക്ക് ദേവേട്ടാ... ഞാൻ.. ഞാൻ.. ഞാനറിയാതെ... അന്നേരം എനിക്കങ്ങനെയൊക്കെ തോന്നിപ്പോയി..." അകത്തേയ്ക്ക് കയറാൻ തുടങ്ങിയ എന്റെ കാലിൽ കെട്ടി വീണ് അഞ്ചു കരഞ്ഞു... ഞാനവളെ പിടിച്ചെഴുന്നേൽപ്പിച്ച് കണ്ണുനീർ തുടച്ചു സമാധാനിപ്പിച്ചു.. എങ്കിലും അവളോടെനിക്ക് നല്ല ദേഷ്യമുണ്ടായിരുന്നു.. അത് ഞാൻ പുറമേ കാണിച്ചില്ല എന്ന് മാത്രം.

ഞാൻ മുറിയിൽ ചെല്ലുമ്പോൾ അനു ഉറങ്ങിയിരുന്നു... എന്റെ ഉറക്കം പോയി.. ഒന്നു കുളിച്ചു ഫ്രഷായി ഞാൻ ബാൽക്കണിയിൽ നിൽക്കുമ്പോൾ അഞ്ചു എനിക്ക് ചായ കൊണ്ടുവന്നു തന്നു... പിന്നെയും അവളെന്നോട് സോറി പറഞ്ഞു... ഞാനൊന്ന് അമർത്തി മൂളുക മാത്രം ചെയ്തിട്ട് മൊബൈലിൽ നോക്കിക്കൊണ്ടിരുന്നു... അവൾ പറയുന്നത് ഞാൻ ശ്രദ്ധിക്കുന്നില്ല എന്ന് തോന്നിയപ്പോൾ അവൾ വിതുമ്പിക്കൊണ്ട് പോയി.

ഞാൻ മൊബൈലെടുത്ത് മാണിക്യനെ വിളിച്ചു..

"...മാണിക്യാ എനിക്ക് നിന്റെയൊരു സഹായം വേണം..."

"..എന്താ ദേവാ..." ഞാൻ ഹമീം സാറുമായി സംസാരിച്ച കാര്യവും, ഇവിടെ വന്ന ശേഷം അറിഞ്ഞ കാര്യങ്ങളും അവനോടു പറഞ്ഞു.

"...അപ്പോ ഇനി അജുവിനെക്കുറിച്ചറിയാൻ എന്താ വഴി...??"

"...മാണിക്യാ... നീ എനിക്കൊരാളെ പൊക്കിത്തരണം..."

"...നീ ആരെയാ ദേവാ ഉദ്ദേശിക്കുന്നത്.. ആരെയായാലും പറഞ്ഞോ..??

"...ചീമേനി രാഘവനെ..."

"...ങ്ങ്ഹേ.. ബ്രോക്കർ രാഘവനോ...??"

"...അതെ... അവനാ അജുവിനു വേണ്ടി അനുവിനെ കല്യാണം ആലോചിച്ചത്..."

"...അപ്പോ അവനാണോ ഇതിനു പിന്നിൽ കളിച്ചത്...??" മാണിക്യൻ പല്ലിറുമ്മി..

"...എനിക്ക് ചില സംശയങ്ങളുണ്ട്... ഉറപ്പിക്കണേ അയാളെ കിട്ടണം.."

"...ദേവാ... എനിക്ക് രണ്ടു ദിവസത്തെ സമയം താ... ചൊവ്വാഴ്ച്ച നീ ഓഫീസീന്ന് വരുമ്പോ... വേപ്പുംകണ്ടത്തെ നമ്മടെ ഫാമൌസിൽ വന്നാ മതി... അയാളുണ്ടാവും അവടെ... ഇത് മാണിക്യന്റെ വാക്കാ.."

മാണിക്യനോട് സംസാരിച്ചു കഴിഞ്ഞ് മുറിയിൽ തിരിച്ചു ചെല്ലുമ്പോഴും അനു ഉണർന്നിട്ടില്ല... മരുന്നിന്റെയും ഉറക്കം നിന്നതിന്റെയും ക്ഷീണം കാണും... ഞാനവൾ കിടക്കുന്നത് നോക്കി നിന്നു... ഹോസ്പിറ്റലിൽ വച്ച് ഡ്രസ്സ് കംഫർട്ടബിളല്ല എന്നും പറഞ്ഞു പോന്നയാളാ... എന്നിട്ട് വീട്ടിൽ വന്നിട്ടും അതേ ഡ്രസ്സുമിട്ടു സുഖമായുറങ്ങുന്നു... വായൽപ്പം തുറന്ന് അലസനിഷ്കളങ്കമായി ഉറങ്ങുന്ന അവളുടെ അടുത്തിരുന്ന് ആ നീളൻ മുടിയിഴകളിൽ തഴുകിലാളിക്കാൻ കൊതിതോന്നി... പക്ഷേ ഇപ്പോ അവളുടെ മനസ്സിൽ എനിക്കൊരു രക്ഷകർത്താവിന്റെ റോളാണ്... അത് നശിപ്പിക്കുന്ന ചെറിയൊരു പ്രവർത്തിപോലും എന്റെ ഭാഗത്തുനിന്നും ഉണ്ടാവാൻ പാടില്ല.

എന്നാലും ഉറക്കം നിക്കത്തക്ക രീതിയിൽ അജുവിനെയോർത്ത് അത്രയധികം അനു ടെൻഷനടിക്കുന്നുണ്ടോ..?? അവനെവിടെയാണ് എന്നറിയില്ലെങ്കിലും, കുഴപ്പമൊന്നുമില്ല എന്നാണ് ഇതുവരെയുള്ള അറിവ്.. അതുകൊണ്ട് അവളുടെ സംസാരത്തിലോ പെരുമാറ്റത്തിലോ അജുവിനെക്കുറിച്ച് വലിയ ആശങ്കയുള്ളതായി എനിക്ക് തോന്നിയിട്ടില്ല.

ഇനി ഞാൻ അടുത്തുള്ളതാണോ അവളുടെ ഉറക്കമില്ലായ്മയ്ക്ക് കാരണം...?? അങ്ങനെയങ്കിൽ എന്നെയാണ് ഏറ്റവും വിശ്വാസം എന്നവൾ പറയില്ലായിരുന്നല്ലോ...?? ഇന്നലെ അത്രയധികം മനസ്സുതുറന്നു സംസാരിച്ചിട്ടും അതൊന്നും അവൾക്ക് ആശ്വാസമായില്ലെന്നുണ്ടോ...?? അറിയില്ല... എനിക്കവളെ ശരിക്കും മനസ്സിലാക്കാൻ കഴിയുന്നില്ല...

അജുവിനെക്കുറിച്ചുള്ള ടെൻഷനാണ് അവളുടെ ഉറക്കമില്ലായ്മയുടെ കാരണമെങ്കിൽ ഈ ലോകത്ത് ഇതുപോലെയൊരു പെണ്ണിന്റെ സ്നേഹം അനുഭവിക്കാൻ യോഗമുണ്ടായ അവനാണ് ഏറ്റവും ഭാഗ്യവാൻ.

ഇതൊക്കെയാണെങ്കിലും അജുവും അനുവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് എനിക്കുണ്ടായിരുന്ന ധാരണകൾ തിരുത്തുന്ന വിവരങ്ങളായിരുന്നു അനൂന്റെ അച്ഛനിൽ നിന്നറിഞ്ഞത്... അവർ തമ്മിലുള്ള പ്രണയം വീട്ടിലറിഞ്ഞ ശേഷം എല്ലാവരും സമ്മതിച്ച് നല്ല രീതിയിൽ നടത്തിക്കൊടുക്കാൻ തീരുമാനിച്ചതാണെന്നായിരുന്നു ഞാൻ കരുതിയിരുന്നത്... എന്നാൽ അനുവിന്റെ കണ്ട് ഇഷ്ടപ്പെട്ട അജു അവളോടത് തുറന്നു പറഞ്ഞപ്പോൾ വിവാഹം കഴിക്കാനാഗ്രഹിക്കുന്നു എങ്കിൽ വീട്ടിൽ വന്ന് ചോദിക്കാനായിരുന്നു അവളുടെ മറുപടി...

അതുപ്രകാരം അവൻ വന്നു വിവാഹം ആലോചിക്കുകയും, ഇരുവീട്ടുകാരുടെയും സമ്മതത്തോടെ അത് നടത്താൻ തീരുമാനിക്കുകയുമായിരുന്നു... അതിനു ശേഷമാണ് ഫോണിലൂടെയും മറ്റും അവർ തമ്മിലുള്ള ബന്ധം വളരുന്നത്... ചുരുക്കത്തിൽ നടക്കാതെപോയ ഒരറേഞ്ച്ഡ് ലവ് മാരേജ്. എങ്കിലും ഒരുമിച്ചുള്ള ജീവിതത്തെക്കുറിച്ച് അവരൊരുപാട് സ്വപ്നങ്ങൾ കണ്ടിരിക്കും. അതെല്ലാം നഷ്ടപ്പെട്ട വിഷമത്തിനൊപ്പം എന്തിനു അജു അനുവിനെ വേണ്ടന്നു വെച്ചു എന്നറിയാത്തതുമെല്ലാം അനുവിന്റെ ടെൻഷനു കാരണമായതാവാം..

അനുവിനെ ആദ്യം കണ്ടപ്പോൾ മുതൽ തോന്നിയിരുന്ന ആകർഷണം മൂലം അവളെന്റെ ഭാര്യയായി വന്നപ്പോൾ ഞാൻ ഒരുപാട് സന്തോഷിച്ചിരുന്നു... ആദ്യത്തെ ആശങ്കകൾ മാറുമ്പോൾ അവളുമൊരുമിച്ച് സന്തോഷകരമായ ജീവിതമുണ്ടാകുമെന്നു ഞാൻ സ്വപ്നം കണ്ടിരുന്നു... എന്നാൽ ദിവസങ്ങളുടെ ആയുസ്സുപോലുമില്ലാതെ ആ സന്തോഷം നിലച്ചു..

ഫോണിന്റെ നോട്ടിഫിക്കേഷൻ സൗണ്ട് എന്നെ ചിന്തകളിൽ നിന്നുണർത്തി... ഇന്നലെ ഞാൻ പറഞ്ഞ സജഷൻസോടെ ശ്രീനിധി ഫയലുകൾ അയച്ചിരിക്കുന്നു... ഒപ്പം നാളെയെന്തായാലും ഓഫീസിൽ എത്തണം എന്നൊരു റിക്വസ്റ്റും.

ഇന്ന് ശ്രീമംഗലത്തേയ്ക്ക് ഞങ്ങൾ തിരിച്ചു പോകും... ഞങ്ങൾ ചെന്നിട്ടു വേണം മുത്തിനും സഞ്ജുവിനും പോകാൻ... തറവാട്ടിലും കേറിയിട്ടുവേണം

പോകാൻ.. അതുകൊണ്ട് അനു ഉണരുന്നത് കാക്കാതെ ഞാൻ തന്നെ ബാഗൊക്കെ പായ്ക്ക് ചെയ്തു വച്ചിരുന്നു.. അവളുണർന്നപ്പോൾ എട്ടുമണിയായി.

"...ദേവേട്ടാ..!!" പോകാൻ തയാറായി കാറിൽ ബാഗെടുത്തു വയ്ക്കാനായി ഡിക്കി തുറക്കുന്നതിനിടയിൽ പുറകിൽ നിന്നും കേട്ട ആ കിളിമൊഴിയുടെ ഉടമ അഞ്ചുവായിരുന്നു.

"..ഉം.." ഡിക്കിയടച്ചു തിരിയുമ്പോൾ ഷാളിന്റെ അറ്റം തെരുപ്പിടിച്ചുകൊണ്ട് നിന്നിരുന്ന അവളുടെ മുഖത്ത് വലിയൊരു കടലിരമ്പുന്ന ഭാവം.. ഒരുപാടെന്തൊക്കെയോ പറയാനുള്ളപോലെ... പക്ഷേ പറയാൻ മടിച്ചു നിക്കുന്നകണ്ട് ഞാൻ ഡ്രൈവിംഗ് സീറ്റിനടുത്തേയ്ക്ക് നടന്നു... അൽപ്പംമാറി അമ്മയോട് സംസാരിച്ചു നിന്നിരുന്ന അനുവിന്റെ മുഖത്തൊരു ചിരി മിന്നി.

"..ദേവേട്ടാ... എന്നോടൊന്നു ക്ഷമിച്ചൂന്ന് പറഞ്ഞൂടെ...??" തലകുനിച്ചു നിന്ന അഞ്ചുവിൽ നിന്നും മർമ്മരം പോലെ ആ ചോദ്യം വന്നു..

"...നീ ചെയ്തകാര്യം കേട്ടപ്പോ അനു പറഞ്ഞത്.. പോട്ടേ അവള് കൊച്ചല്ലേന്നാ... അവക്ക് നീ കൊച്ചാ... എന്നാ അനുവിന്റെ അനിയത്തിയ്ക്ക് എന്റെ മാളുവിനുമുള്ള സ്ഥാനമാണ് മനസ്സിൽ... നിനക്ക് മനസ്സിലായിക്കാണൂല്ലോ...?? ഞങ്ങള് പോയിവരാം.." അവളുടെ നിറഞ്ഞ മിഴികൾ വിടർന്നു... അപ്പോഴേക്കും അനുവന്നു കാറിൽക്കയറി.

തിരിച്ചുപോകുമ്പോൾ ക്ഷേത്രത്തിനടുത്ത് ഞാൻ കാർ നിറുത്തി..

വർഷങ്ങൾക്ക് മുൻപ് ഇഹലോകത്തിലെ സ്വർഗ്ഗമായി ഞാൻ കണ്ടിരുന്ന നാട്... എന്റെ പെണ്ണിനെയെന്നപോലെ ഞാൻ പ്രണയിച്ചിരുന്ന എന്റെ ഗ്രാമസുന്ദരി... ഇവളുടെ വശ്യഭംഗിയുടെ ആകർഷണീയതയിൽ ഓരോ അവധിക്കാലം വരുന്നതിനും നോമ്പുനോറ്റ് ഞാൻ കാത്തിരുന്നു... അതിലേറെ കടലിൽപ്പോയ മുക്കുവനെ അരയപ്പെണ്ണെന്നപോലെ എന്നെ കാത്തിരിക്കാറുണ്ടായിരുന്ന എന്റെ മുറപ്പെണ്ണ്... ഇന്നതെല്ലാം ഓർമ്മകളാണ്.

ആദിയെപ്പോലെ ഈ ഗ്രാമത്തിന്റെ നിഷ്കളങ്കമുഖത്തിനും മാറ്റം വന്നിരിക്കുന്നു... ഗ്രാമീണപ്പെൺകൊടിയെ നഗരത്തിന്റെ പരിഷ്കാരവസ്ത്രം ധരിപ്പിക്കാനുള്ള വിഡ്ഢിയായ മനുഷ്യന്റെ ശ്രമങ്ങൾ അവളുടെ സൗന്ദര്യത്തെ നശിപ്പിച്ചു തുടങ്ങിയിരിക്കുന്നു.. കൃത്രിമച്ചായങ്ങൾപൂശി അരങ്ങുകളിൽ പ്രത്യക്ഷയാകുന്ന പെണ്ണിന്റെ മുഖത്തു ബാക്കിയാകുന്ന കറുത്ത വടുക്കൾപോലെ നഗരത്തിന്റെ എച്ചുകെട്ടുകൾ ഇവിടെയും കാണാം... ഈ നാടിന്റെ അന്നപൂർണ്ണേശ്വരി ആയിരുന്ന ചെല്ലമ്മയുടെ ഒറ്റമുറിപ്പീടിക ഇന്നില്ല.. പകരം അവിടെയൊരു ബേക്കറി വന്നിരിക്കുന്നു... അങ്ങനെ മാറ്റങ്ങൾ ഒരുപാട്..

"..ദേവേട്ടാ.. എന്താ സ്വപ്നം കാണുവാണോ...?? അനുവിന്റെ ചോദ്യം എന്നെയുണർത്തി... നെഞ്ചിലെടുത്തുവച്ച കരിങ്കല്ലിന്റെ ഭാരം വർഷങ്ങൾക്കിപ്പുറവും എന്നെ ഞെരിക്കുന്നമ്പോൾ, പെയ്യാനൊരുങ്ങിയ കണ്ണുകൾ അവൾ കാണാതിരിക്കാൻ ഞാൻ കാറിൽ നിന്നും പുറത്തിറങ്ങി.. പെട്ടന്നുള്ള എന്റെയീമാറ്റം അനുവിന്റെ മനസ്സിൽ ചോദ്യതാരാവലി തന്നെ തീർക്കും... പണ്ടും അഭിനയിക്കാനറിയാത്ത എനിക്ക് ഇന്നും എന്റെ നഷ്ടപ്രണയത്തെ ഓർത്ത് ഞാൻ നീറുന്നു എന്നവളോട് പറയേണ്ടി വരും... പാടില്ല...!!

എനിക്കെന്തുപറ്റി എന്നറിയാൻ ഡോർ തുറന്നു പുറത്തുവന്ന അനുവിന് മുഖം കൊടുക്കാതിരിക്കാൻ ഞാൻ ഷർട്ടഴിച്ച് അമ്പലത്തിലേയ്ക്ക് നടന്നു... ആർത്തവരക്തം പുരണ്ട അടിവസ്ത്രവുംപേറി അവളെന്നെ പിൻതുടരില്ല എന്ന ഉറപ്പോടെ... നേദ്യം തുടങ്ങാനുള്ള ഒരുക്കങ്ങൾ നടക്കുന്നു.. ഒരു നിമിഷം ഭഗവാന് മുന്നിൽ ഞാൻ അഞ്ജലികൂപ്പി നിന്നു... പറയാൻ പരിഭവങ്ങൾ ഒരുപാടുണ്ട്... എനിക്ക് മാത്രം എന്താണ് ഇങ്ങനെയൊരു വിധി തന്നത് എന്നെനിക്ക് ചോദിക്കണമെന്നുണ്ടായിരുന്നു... ചുറ്റുംനിൽക്കുന്ന ഒരുപാടാളുകൾ എന്റെ ജീവിതത്തെക്കുറിച്ച് അഭിപ്രായം പറയുന്നു... ആ അഭിപ്രായങ്ങൾ തീരുമാനങ്ങളാവുന്നു... പക്ഷേ എന്റെ ജീവിതത്തിൽ എനിക്ക് മാത്രം തീരുമാനങ്ങളെടുക്കാൻ കഴിയുന്നില്ല.

ചുറ്റമ്പലത്തിനു പ്രദക്ഷിണം വയ്ക്കുമ്പോൾ ചുണ്ടിൽ അമ്മ പഠിപ്പിച്ച ഭഗവൽസ്തോത്രങ്ങൾ ഉരുക്കഴിക്കുമ്പോഴും, മനസ്സ് അനന്തവിഹായസ്സിൽ കൈവല്യം തേടി അലയുകയായിരുന്നു... ചിന്തകളുടെ ഭാരം എന്നെ വീണ്ടും അന്തർമുഖനാക്കുന്നു എന്നൊരു തോന്നൽ... വർഷങ്ങൾക്ക് മുൻപ് മുത്തെന്ന ദിവ്യൗഷധം സുഖപ്പെടുത്തിയ എന്റെ മനസ്സിന്റെ താളവട്ടങ്ങൾ എന്നിലേയ്ക്ക് തിരിച്ചു വരുന്നുവോ...??

ഇന്നലെ മീനുവിന്റെ ചോദ്യത്തിനു മുന്നിൽ ആദിയെ ഞാൻ വിവാഹം കഴിക്കുമെന്ന് പറയുമ്പോഴും മനസ്സിൽ അങ്ങനെയൊന്ന് ചിന്തിക്കാൻപോലും എനിക്കാവില്ലായിരുന്നു.. എന്നാൽ അനുവിനേം അജുനേം ഒന്നിപ്പിക്കാൻ ചിലപ്പോൾ അങ്ങനെയൊരു തീരുമാനമെടുക്കേണ്ടി വരും... കാരണം തോറ്റുകൊടുക്കുമ്പോഴും അതെങ്കിലും എന്റെ തീരുമാനമാകണം എന്നൊരു കൊതി.

"...ദേവേട്ടാ...!! ചെവിയുടെ തൊട്ടരികെ മർമ്മരം പോലെയാ വിളി.. ഞെട്ടിത്തിരിഞ്ഞു നോക്കുമ്പോൾ കുസൃതിച്ചിരിയുമായി നിൽക്കുന്ന അശ്വതി. ഓറഞ്ചുകളറിൽ ഒരു വശത്ത് മാത്രം സ്വർണ്ണനൂലുകൾ കൊണ്ട് നോൺ സിമെട്രിക്കൽ ഡിസൈൻ ചെയ്ത ചുരിദാറും രണ്ടറ്റത്തും അലുക്കുകൾ തൂങ്ങുന്ന അതേ കളർ ഷാളുമാണ് അവളുടെ വേഷം.. അത്ര എക്സ്പോസിംഗ് അല്ലെങ്കിലും എപ്പോഴും പുതിയ ഡിസൈനുകളിലുള്ള ചുരിദാർ ധരിക്കാൻ അച്ചു എപ്പോഴും ശ്രദ്ധാലുവാണ്... അതെങ്ങനാ മുത്തിന്റെ ശിഷ്യയല്ലേ.. മോശാവുവോ..??

"...ഇതെന്താ മാഷേ... സ്വപ്നലോകത്താണോ...?? അതോ ഭക്തികൂടി വട്ടായതാണോ...??" കണ്ണുകളിൽ വിരിയുന്ന കുസൃതിയോടെ അച്ചുവിന്റെ കൊഞ്ചൽ.. അവളെന്താ ഉദ്ദേശിക്കുന്നത് എന്നറിയാതെ ഞാൻ എന്താണെന്ന് പുരികം വളച്ച് ചോദ്യഭാവത്തിൽ നിൽക്കുമ്പോൾ അവൾ വീണ്ടും പുഞ്ചിരിയോടെ തുടർന്നു..

"..അല്ലാ..!! ഞാൻ കുറച്ചു നേരമായി ദേവേട്ടനെ നോക്കുന്നു.. ചുറ്റുള്ളതൊന്നും ശ്രദ്ദിക്കാതെ നിലാവത്തഴിച്ചുവിട്ട കോഴിയെപ്പോലെ.. ങ്ങ്ഹേ...? പുതുപ്പെണ്ണ് വട്ടാക്കിയോ..??

"...മോളെ വേണ്ടാ...!! ആ... നീ വന്നട്ട് ഒരുപാട് നേരായോ...??"

"..ഉം.. കുറച്ച്... ഞാൻ ദേവേട്ടനെ ശ്രദ്ധിക്കുവാരുന്നു... എന്തോ കാര്യമായ ആലോചനയാരുന്നൂന്നു തോന്നണൂല്ലോ...??"

"..ഏയ്... ഞാൻ ചുമ്മാ... "

"..ങ്ഹും... പുറത്ത് കാറ് കണ്ടു... അനുചേച്ചീനേം... തൊഴുതെറങ്ങീട്ട് മിണ്ടാന്നു കരുതി ഞാനകത്ത് കേറീപ്പഴാ ദേവേട്ടനെ കണ്ടത്..." പ്രസാദം വാങ്ങി പുറത്ത് കടന്നു ഞങ്ങൾ സർപ്പക്കാവിനടുത്തെയ്ക്ക് നടന്നു..

"...ഏട്ടനെ ഇവിടെവച്ച് കണ്ടത് നന്നായി... വീട്ടിലെത്തീട്ടു ഒന്ന് വിളിക്കണോന്നു ഇപ്പൊ ഞാൻ വിചാരിച്ചേ ഉള്ളൂ..!!"

"...എന്താ മോളൂ കാര്യം...??"

"...കല്യാണം കഴിഞ്ഞ് ഇത്രേം ദിവസായിട്ടും ഏട്ടനും അനുചേച്ചീം ജീവിതം തുടങ്ങീട്ടില്ലാല്ലേ..??" ഇവളിതൊക്കെ എങ്ങനറിഞ്ഞൂന്ന് ഞാൻ ചിന്തിക്കുമ്പോൾ അവൾ പറഞ്ഞുകൊണ്ടിരുന്നു.

"...ഏട്ടാ... ആദിചേച്ചീനെപ്പോലെ ഞാനും ഏട്ടന്റെ മുറപ്പെണ്ണാണേലും നമ്മള് ഒരിക്കലും അങ്ങനെയൊന്നും ചിന്തിച്ചിട്ടില്ല... ഏട്ടൻ എനിക്കെന്നും എന്റെ സ്വന്തം ഏട്ടൻ തന്നെയാ... അതുപോലെ എട്ടന് ഞാനും അമ്മൂം (അമൃത-അശ്വതിയുടെ അനിയത്തി) സ്വന്തം അനിയത്തിമാര് തന്നെയാന്ന് എനിക്കും അറിയാം... ആ സ്നേഹം ഉള്ളോണ്ടാല്ലോ അച്ഛന്റെ സാമ്പത്തിക പ്രശ്നങ്ങളൊന്നും ഞങ്ങടെ പഠിപ്പിനെ ബാധിക്കാതിരിക്കാൻ ഏട്ടനും വല്യേച്ചീം (മുത്ത്) ഞങ്ങടെ പഠിപ്പിന്റെ മുഴുവൻ ചെലവും നോക്കണത്..??"

"..അതിനിപ്പോ എന്താ മോളൂ... അതൊക്കെ ഏട്ടന്റെ കടമയല്ലേ... തന്നെയുമല്ല അച്ചുമാമേം, അനിമാമേം പോലല്ലല്ലോ മോൾടെ അച്ഛന്റെ ബിസിനസ്സൊക്കെ നഷ്ടം വന്നോണ്ടും, ഇടയ്ക്ക് സുഖല്യാതെ കിടപ്പായി പോയോണ്ടും ഒക്കെയല്ലേ... അപ്പോ മറ്റുള്ളോരെപ്പോലെ സഹതപിച്ചു മാറി നിക്കാൻ പറ്റ്വോ ഏട്ടനും മുത്തിനും ഒക്കെ.. എന്നുവച്ച് അതൊക്കെ ഇപ്പൊ പറയണ്ട കാര്യമെന്താടീ...??"

"...അനുചേച്ചീം ഏട്ടനും വല്യ താമസല്ലാതെ പിരിയൂന്നും അപ്പോ ഏട്ടനെക്കൊണ്ട് എന്നെ കെട്ടിക്കാന്നും ഒക്കെ ആലോചിച്ചിരിക്കാ അച്ഛനുമമ്മേം...?? "

"..ങ്ഹേ... നീയെന്തോക്കെയാ മോളെ ഈ പറയണേ...?? അങ്ങനെയൊക്കെ ആലോചിക്കാൻ മാത്രം ഇവിടിപ്പോ എന്താണ്ടായേ..??" ഈ പ്രശ്നങ്ങൾക്കൊക്കെ ഇടയിലും അമ്മാവന്മാരുടെയൊക്കെ മനസ്സിൽ ഇങ്ങനെയുള്ള കണക്കുകൂട്ടലുകൾ നടക്കുനുണ്ട് എന്ന് ഞാനൊരിക്കലും വിചാരിച്ചിരുന്നതല്ല..

"..ആദ്യം കേട്ടപ്പോ എനിക്കും ഇത് ഷോക്കാരുന്നു... പിന്നല്ലേ ഇതിനു പിന്നിലെ കാരണം മനസ്സിലായേ...??" സർപ്പക്കാവിലെ കൽവിളക്കിൽ എണ്ണയൊഴിച്ച് തിരി തെളിയിച്ച് അവൾ കുറച്ചുനേരം കൈകൾ കൂപ്പി മിഴിയടച്ചു തൊഴുതു നിന്നു.. ഞാനും.. കാവിൽ വളർന്നു നിൽക്കുന്ന ഏഴിലംപാലയുടെയും സർപ്പഗന്ധിയുടെയും സമ്മിശ്രഗന്ധംപേറി കുളിർമാരുതൻ ഞങ്ങൾക്ക് ചുറ്റും വട്ടമിട്ടു പറന്നു..

ഏഴുതലയുള്ള നാഗരാജാവിഗ്രഹത്തിനും ഉപദൈവങ്ങളുടെ ബിംബങ്ങൾക്കും മുകളിൽ കൈയിലിരുന്ന മഞ്ഞൾപ്പൊടി വിതറി, അതിൽ നിന്നും ഒരു നുള്ളെടുത്ത് പുരികക്കൊടികൾക്കിടയിടെ ചന്ദനക്കുറിക്ക് മുകളിലും എന്റെ നെറ്റിയിലും തൊടുവിച്ച ശേഷം അച്ചു തുടർന്നു..

"...ആദി ചേച്ചീം ഏട്ടനും തമ്മിൽ ഇഷ്ടത്തില്ലാന്നും വല്യേച്ചീടെ കല്യാണം കഴിഞ്ഞാൽ നിങ്ങടെ കല്യാണം നടത്തണോന്നും പറഞ്ഞിരിക്കുവാരുന്നു എല്ലാരും..."

"..അതിന്...??" ആകാംഷ അടക്കാനാവാതെ ഞാൻ ചോദിച്ചു..

"...ഏട്ടാ... തോക്കീക്കേറി വെടിവെക്കല്ലേ..?? ഞാൻ മുഴുവൻ പറയട്ടേന്നെ..??"

"..ഉം... പറ.."

"...നിങ്ങള് തമ്മില് മുടിഞ്ഞ പ്രേമമാന്നാ ആദിചേച്ചി എല്ലാരോടും പറഞ്ഞു നടന്നിരുന്നത്.. എന്നാ ഒരു പ്രത്യേക സാഹചര്യത്തിലാണെങ്കിക്കൂടി ആദി ചേച്ചിയെക്കുറിച്ചോർക്കാതെ ഏട്ടൻ അനുചേച്ചിയെ കല്യാണം കഴിക്കാൻ സമ്മതിച്ചപ്പോ എല്ലാർക്കും മനസ്സിലായി ആദിചേച്ചി പറഞ്ഞു നടന്നിരുന്നത് പകുതി പുളുവായിരുന്നെന്നു.." അവൾ വാപൊത്തിച്ചിരിച്ചു.. "...എന്നിട്ടിപ്പോ

അനുചേച്ചീം ഏട്ടനും തമ്മില് ചേരൂല്ലാന്നും, അജുവേട്ടൻ തിരിച്ചു വന്നാ ചേച്ചി ഡിവോഴ്സ് വാങ്ങി അജുവേട്ടന്റെ ഒപ്പം പോവൂന്നും, അന്നേരം ഏട്ടനെക്കൊണ്ട് ആദിചേച്ചിയെ കെട്ടിക്കാന്നും ഒക്കെ വല്യച്ഛനും വല്യമ്മേം പ്ലാനിട്ടിരിക്കുവാ.. അതുകേട്ടപ്പോ.. എന്നാ അങ്ങനൊക്കെ നടന്നാ ആദിചേച്ചീനെയല്ലാ എന്നെയാ ഏട്ടനെക്കൊണ്ട് കെട്ടിക്കാന്നു അച്ഛനുമമ്മേം ആലോചിച്ചു..."

"...അതെങ്ങനാ മോളെ ശരിയാവണേ...?? ആദിയെപ്പോലെയാണോ നീ...??" സർപ്പക്കാവിനുള്ളിൽ അരയാലിന് ചുവട്ടിലിരിക്കുന്ന വനദുർഗ്ഗയ്ക്ക് മുൻപിൽ ഞങ്ങൾ അഞ്ജലികൂപ്പി നിന്നു... പ്രതിഷ്ഠയ്ക്ക് മുൻപിലെ കൽത്തറയിൽ താലത്തിലിരുന്ന കുങ്കുമം നുള്ളിയെടുത്ത് അതും അച്ചു എന്റെ നെറ്റിയിലും കഴുത്തിലും തൊടുവിച്ചു.. അവളും തൊട്ടു.. കുറച്ച് കൈയിലിരുന്ന ഇലച്ചീന്തിൽ നുള്ളിയിട്ട് ഒന്ന് വലം വച്ച്, അവൾ കാവിനു പുറത്തേയ്ക്ക് നടന്നു... ഞാനവളെ അനുഗമിച്ചു.

"...അതന്നെയാ ഏട്ടാ ഞാനും പറഞ്ഞത്... അച്ഛനും അമ്മയ്ക്കും ഒക്കെ ഞാൻ ശ്രീമംഗലത്തെ മരുമകളായാലുള്ള അന്തസ്സും പണവും ഓർത്തുള്ള ചിന്തയാ... എന്നാ ഞാൻ ശ്രീമംഗലത്തെ മരുമോളല്ലല്ലോ... മോളല്ലേ.. ശ്രീമംഗലത്തെ ദേവന്റെ അനിയത്തി.. അല്ലേ ഏട്ടാ..??"

"...പിന്നല്ലാതെ... നീയും അമ്മൂട്ടീം എന്റെ സ്വന്തം അനിയത്തിമാരല്ലേ...??നിന്റെ അച്ഛനുമമ്മയ്ക്കുമൊന്നും ഇപ്പളും ആ ബോധം വന്നിട്ടില്ലെടീ.. അതിന്റെയാ.. "

"..ആദിചേച്ചിപോലും ഏട്ടനെ ഇഷ്ടാന്ന് പറഞ്ഞോണ്ട് മാത്രല്ലേ ഏട്ടൻ തിരിച്ചും ഇഷ്ടപ്പെട്ടത്... അല്ലേല് ചേച്ചീനേം ഏട്ടൻ അനിയത്തിയായെ കാണുവാരുന്നുള്ളൂന്ന് എനിക്കറിയാം.. എന്നാലും ഏട്ടനും അനുചേച്ചീം തമ്മീ പിരിയൂന്ന് കേട്ടപ്പോ എനിക്ക് സങ്കടായി.. അതാ ഏട്ടനെ കണ്ടു സംസാരിക്കണോന്നു എനിക്ക് തോന്നീത്..."

"...അതിപ്പോ.. നീയല്ലാം അറിഞ്ഞ സ്ഥിതിയ്ക്ക് നിന്നോടെന്തിനാ മറച്ച് വക്കണേ.. അനൂം അജൂം പരസ്പ്പരം സ്നേഹിച്ചിരുന്നതല്ലേ...??അപ്പോ അവര് തമ്മിലല്ലേ ഒന്നിക്കേണ്ടേ...?? അജു തിരിച്ചുവന്നു അനൂനെ കല്യാണം കഴിക്കാൻ ഇഷ്ടാന്ന് പറഞ്ഞാ അവര് ഒന്നിക്കണന്നു തന്നെയാ എന്റെം ആഗ്രഹം..."

"...അങ്ങനാണേ... ഈ അജുവേട്ടനെന്തിനാ അനുച്ചേച്ചീനെ ഇട്ടേച്ച് പോയേ... അവര് തമ്മിലങ്ങു കല്യാണം കഴിച്ചാൽ മതിയാരുന്നൂല്ലോ... ഇടയ്ക്ക് ദേവേട്ടനെ കൊണ്ടൊന്നു ചാടിക്കണ്ട വല്ല കാര്യോം ഉണ്ടാരുന്നോ..." അരിശത്തോടെ അച്ചുവിന്റെ മുഖം ചുവന്നു.

"...നീ ചൂടാവാതച്ചൂ... അവനെന്തോ പ്രശ്നമുണ്ടായി ഈ കല്യാണത്തീന്നു മാറി നിക്കേണ്ടി വന്നു... അവൻ തിരിച്ചു വരും.. അപ്പോ അറിയാം എന്താ പ്രശ്നന്നു... അല്ലാതെ അനുവിനോട് ഇഷ്ടക്കുറവുണ്ടായിട്ടല്ല അവൻ പോയതെന്നാ അനുവും പറയുന്നത്... അങ്ങനാണേ... ഒരു പ്രശ്നത്തിന്റെ പേരിൽ അവര് തമ്മിൽ പിരിയുന്നതും, ജീവിതകാലം മുഴുവൻ അവന്റെ ഓർമ്മകളുമായി അനു എന്റെ കൂടെ ജീവിക്കുന്നതിലും ഭേദമല്ലേ കുറച്ചു വൈകിയാണെങ്കിലും അവര് ഒന്നിക്കുന്നത്...??"

"..ഏട്ടൻ പറഞ്ഞത് ഞാൻ സമ്മതിച്ചു... അങ്ങനെ അജുവേട്ടൻ തിരിച്ചു വരുവാണേ... എല്ലാർക്കും സമ്മതാണേ... അവര് ഒരുമിച്ചു ജീവിച്ചോട്ടെ... എന്നുവച്ച് ഏട്ടൻ ഒരിക്കലും ആദിചേച്ചിയെ കല്യാണം കഴിക്കരുത്... എനിക്കതേ പറയാനുള്ളൂ..."

"...അതെന്താ മോളൂ... എല്ലാവരുടേം ഇഷ്ടമതാണേ ഞാൻ ആദിയെ കേട്ടുന്നതിലെന്താ പ്രശ്നം...??" അച്ചു പറഞ്ഞ കാര്യങ്ങൾ തന്നെയാണ് എന്റെ മനസ്സിൽ ഉണ്ടായിരുന്നതെങ്കിലും അവളെന്തുകൊണ്ടാ ആദിയെ ഞാൻ കെട്ടുന്നതിനെ എതിർക്കുന്നത് എന്നറിയാൻ ഞാൻ ചോദിച്ചു..

"...ഏട്ടാ... ആദിചേച്ചീടെ സ്വഭാവം ഏട്ടനേക്കാൾ നന്നായി എനിക്കറിയാം... പണ്ട് ഈ നാട്ടിൽ ചേച്ചീടെ കൂട്ടുകാരടക്കം ഒരുപാട് പെണ്ണുങ്ങൾ മോഹിച്ചിരുന്ന ചെക്കനാരുന്നു ദേവേട്ടൻ...

ആ ദേവേട്ടനെ വേറെയാരും സ്വന്തമാക്കാതിരിക്കാനാ ആദിചേച്ചി ഏട്ടനെ ഇഷ്ടാന്ന് പറഞ്ഞത്... വേറെയാരും ഏട്ടന്റെ ഇഷ്ടം പിടിച്ചു പറ്റാതിരിക്കാനുള്ള വാശി... ഏട്ടനും തിരിച്ച് ഇഷ്ടാന്ന് പറഞ്ഞപ്പോ നിങ്ങള് തമ്മില് പ്രേമായി... അങ്ങനെ എല്ലാരുടെം മുന്നില് ഏട്ടന്റെ പെണ്ണായി ചേച്ചി ഞെളിഞ്ഞു നടന്നു... എന്നാ മോനൂട്ടൻ മരിച്ച് ഏട്ടൻ അതിന്റെ വിഷമത്തില് നടന്നപ്പോ കോളേജിലോക്കെ ഏട്ടനെ കൊണ്ടുപോയി കൂട്ടുകാരികളെയൊക്കെ കാണിച്ച് എല്ലാരും ചേച്ചിയെ അസൂയയോടെ നോക്കുന്നത് കാണണം എന്ന ചേച്ചീടെ

മോഹം നടന്നില്ല... പലപ്പോഴും ഏട്ടനോട് നാട്ടിലും കോളേജിലും ഒക്കെ വരാൻ പറഞ്ഞ് ചേച്ചി അന്നൊക്കെ നിർബന്ധിച്ചിരുന്നത് ഏട്ടൻ ഓർക്കണില്ലേ..??

"...ഉം..." ഞാൻ തലയാട്ടി..

"...ആളൊരു കോഴിയാണെങ്കിലും അന്ന് കോളേജിലെ സ്റ്റാറായിരുന്നു വരുൺ... ആ വരുൺ ചേച്ചിയുടെ പുറകേ വന്നപ്പോ, എന്ത് കാരണംകൊണ്ട് ഏട്ടനെ ചേച്ചി ഇഷ്ടപ്പെട്ടുവോ അതെ കാരണംകൊണ്ട് അവനേം ഇഷ്ടപ്പെട്ടു... ഏട്ടനെ ചതിച്ചു..." വലിയൊരു കാര്യം പറഞ്ഞുതീർത്തതിന്റെ ആശ്വാസം പോലെ ശ്വാസമൊന്നു ആഞ്ഞുവലിച്ച് അവൾ അൽപ്പസമയം എന്റെ മുഖത്തേയ്ക്ക് നോക്കിനിന്നു... അന്ന് നടന്ന കാര്യങ്ങളൊക്കെ അച്ചുപറഞ്ഞതിന്റെ കൂടെ കൂട്ടിവായിച്ചുകൊണ്ട് ഞാൻ മുന്നോട്ടു നടന്നു... അവളും... അമ്പലത്തിന്റെ മതിൽക്കെട്ട് കടക്കുമ്പോൾ ശാസ്താവിനു മുന്നിൽ ആരോ നേദിച്ച നീരാഞ്ജനത്തിന്റെ നെയ്മണം ഞങ്ങളെത്തഴുകി അന്തരീക്ഷത്തിൽ പടർന്നു..

"...ഇത്രയും വർഷം ആദിചേച്ചി ഹാപ്പിയായിരുന്നു... എന്നാൽ ഏട്ടനോ..?? ഏട്ടൻ അനുഭവിച്ചതൊക്കെ എനിക്കറിയാം... വല്യേച്ചി ഇല്ലായിരുന്നേൽ ഏട്ടന്റെ അവസ്ഥ എന്തായിരുന്നിരിക്കുമെന്നുമറിയാം.. ഇപ്പോൾ ഏട്ടൻ പഴയതിനേക്കാൾ വല്യയാളാ... ശ്രീമംഗലത്തെ മുഴുവൻ ബിസ്സിനസുകളും നിയന്ത്രിക്കുന്നയാൾ... എന്നാൽ ആ സ്റ്റാർഡത്തിന്റെ വച്ചുകെട്ടുകളൊന്നുമില്ലാത്ത സിംപിൾമാൻ... എല്ലാവർക്കും ഏറ്റവും പ്രിയങ്കരൻ... ഈ കാലത്തിനിടയ്ക്ക് ഏട്ടന് എത്ര കല്യാണാലോചനകൾ വന്നിരുന്നെന്നു എട്ടനറിയോ...? എവിടെച്ചെന്നാലും ബന്ധുക്കൾക്കൊക്കെ ഏട്ടന്റെ വിശേഷങ്ങളാണ് സംസാരിക്കാനുള്ളത്... അങ്ങനെയുള്ള ശ്രീമംഗലത്തെ ദേവന്റെ ഭാര്യയാവുക എന്നതിലൂടെ ചേച്ചിക്ക് കിട്ടുന്ന സ്ഥാനം ചെറുതല്ല... അതിനു വേണ്ടി ചേച്ചി എന്തും ചെയ്യും... ഇപ്പോ ഏട്ടന്റെ കല്യാണം കഴിഞ്ഞിട്ടും അനുചേച്ചിയുമായി ഏട്ടനെ തെറ്റിക്കാനുള്ള കരുക്കൾ നീക്കുവാണ് ആദിചേച്ചി... എന്റെ പ്രതികരണമറിയാൻ അവളൽപ്പം നിർത്തി. എന്നാൽ ഞാൻ ആലോചനയിലായിരുന്നു..

"...കല്യാണം കഴിഞ്ഞ് ഇങ്ങോട്ട് തിരിച്ചുപോരുന്നവരെ അനുചേച്ചീടെ കൂടെത്തന്നെയായിരുന്നു ആദിചേച്ചി.. അന്നേ എനിക്ക് സംശമുണ്ടായിരുന്നു.. എന്തെങ്കിലും ഒക്കെപ്പറഞ്ഞ് നിങ്ങളെ തമ്മിൽ തെറ്റിക്കാൻ ആദിചേച്ചി

ശ്രമിക്കുമെന്ന്... നിങ്ങൾ തമ്മിൽ അകൽച്ചയുണ്ടായതും ആദിച്ചേച്ചി കാരണമല്ലേ..??"

"..ഇതൊക്കെ നീയെങ്ങനെ അറിഞ്ഞു...??"

"..ഏട്ടാ... ഏട്ടന്റെ അമ്മയ്ക്ക് ഏട്ടൻ അനുചേച്ചിയെ കെട്ടിയത് ഒട്ടും ഇഷ്ടായിട്ടില്ല... വല്യമ്മായിക്ക് ഇപ്പോഴും ഏട്ടൻ അനുചേച്ചിയെ ഉപേക്ഷിച്ച് ആദിചേച്ചിയെ കല്യാണം കഴിക്കണമെന്നാ.. പിന്നെ അമ്മായി നാത്തൂന്മാരെ എന്നും വിളിച്ചു സംസാരിക്കാറുള്ളത് ഏട്ടന് അറിയാവുന്നതല്ലേ..?? ശ്രീമംഗലത്ത് നടക്കുന്നതൊക്കെ അപ്പോത്തന്നെ ഇവിടെ അറിയണുണ്ട്.. പിന്നെ ആദിച്ചേച്ചിടെ പരദൂഷണോം..."

"...ഹും.. അപ്പോ ആദി ഒരിക്കലും എന്നെ സ്നേഹിച്ചിരുന്നില്ല എന്നാണോ മോള് പറയണേ..??"

"...എന്നല്ല.. അന്നത്തെ സംഭവം തന്നെ ഏട്ടൻ നോക്കിയേ...?? ഏട്ടനുമായി ഒരിക്കലും കമ്പയർ ചെയ്യാൻപോലും പറ്റാത്ത ആളായിരുന്നില്ലേ വരുൺ...?? അയാളുടെ സർക്കിളിൽ അയാൾ സ്റ്റാറായിരുന്നിരിക്കാം... എന്നിട്ടും ഏട്ടന്റെ ആബ്സൻസിൽ ആദിചേച്ചി അട്രാക്റ്റഡായെങ്കിൽ...?? ഇപ്പോ ഏട്ടനൊരു ബിസിനസ്മാനാ... അതിന്റെ ആവശ്യങ്ങൾക്കായി ആഴ്ചകളോ ചിലപ്പോൾ മാസങ്ങളോ വീട്ടീന്ന് മാറിനിക്കേണ്ടി വരൂല്ലേ...?? അപ്പോ പഴയതൊക്കെ ആവർത്തിക്കില്ല എന്ന് എന്താ ഉറപ്പ്...?? ആദിചേച്ചി മുൻപ് ഏട്ടനെ സ്നേഹിച്ചിരുന്നു... പക്ഷേ ഇപ്പോ ഏട്ടന്റെ ഭാര്യയാവുക എന്നത് വാശി മാത്രാന്നാ എനിക്ക് തോന്നണേ...!!"

"...ശരി... ഇനി അനു പോയാലും ഞാൻ ആദിയെ കെട്ടുന്നില്ലാന്ന് തീരുമാനിച്ചൂന്നു വെച്ചാലും ഞാൻ കെട്ടുന്നവരെ അവളടങ്ങിയിരിക്കില്ല.."

"..ഉം... എന്നാലും നേരിട്ട് ഏട്ടനോടൊരു അങ്കത്തിനു പുള്ളിക്കാരി വരില്ല... കാരണം എല്ലാത്തിനും ഒടുവിൽ ഏട്ടൻ ചേച്ചിയെ സ്നേഹിക്കണം... അതാണല്ലോ ചേച്ചീടെ ആവശ്യം... എന്നാ ഏട്ടന്റെ ജീവിതത്തിൽ ഒരു പെണ്ണുണ്ടായാൽ അവളെ അപകടപ്പെടുത്താണോ, അപകീർത്തിപ്പെടുത്താനോ ശ്രമിച്ചോണ്ടിരിക്കും

അതോണ്ട് സൂക്ഷിക്കണമേട്ടാ...!!" ഞാനൊരു നെടുവീർപ്പോടെ തലയാട്ടി.. അപ്പോഴേക്കും ഞങ്ങൾ കാറിനടുത്തെത്തിയിരുന്നു.

"...ഹാ... അച്ചൂട്ടീ...!! നീയുണ്ടാരുന്നോ അമ്പലത്തിൽ... ഞാനും വിചാരിച്ചു ദേവേട്ടനെന്താ പോയിട്ടിത്രേം താമസിക്കുന്നേന്നു..." ഞങ്ങളെക്കണ്ട് ആശ്ചര്യത്തോടെ അനു ചോദിച്ചു..

"..ഉം.. ഞങ്ങളോരോ കാര്യങ്ങളൊക്കെ സംസാരിക്കുവാരുന്നേട്ടത്തീ... നിങ്ങള് തറവാട്ടിലേയ്ക്കല്ലേ...? ഞാനും അങ്ങോട്ടാ.. അവിടെല്ലാരും നിങ്ങളെ കാത്തിരിക്കുവാരിക്കും.. അനുവിന്റെ ചോദ്യത്തിന് മറുപടി നൽകി അച്ചു ഞങ്ങൾക്കൊപ്പം കാറിൽ കയറി.. കാറ് തറവാട്ടിലേയ്ക്ക് ചലിച്ചു..

കാറിൽ അച്ചു ഉണ്ടായിരുന്നകൊണ്ടാവണം അനു അവളോടാണ് കൂടുതലും സംസാരിച്ചത്... മുഖത്തൊരു പിണക്കം പോലെ... രാവിലെ വരെയുണ്ടായിരുന്ന അടുപ്പം എന്നോടിപ്പോഴില്ലന്നു തോന്നി.. അച്ചു പറഞ്ഞപോലെതന്നെ തറവാട്ടിൽ മൂന്നമ്മാവന്മാരും അവരുടെ കുടുംബവും ഉണ്ടായിരുന്നു... ഞങ്ങൾ വരുന്നതും കാത്ത് ആദിയും അമ്മുവും ഉമ്മറത്ത് തന്നെയുണ്ടായിരുന്നു.. ഞങ്ങളുടെ കാറ് വരുന്ന കണ്ട് അമ്മു ഉറക്കെ വിളിച്ചുപറഞ്ഞുകൊണ്ട് അകത്തേയ്ക്ക് പോയി.

കാറിന്റെ മുൻസീറ്റിൽ നിന്നും എനിക്കൊപ്പം അനു ഇറങ്ങി വന്നത് ആദിയ്ക്ക് ഒട്ടും ഇഷ്ടപ്പെട്ടിട്ടില്ല എന്നെനിക്ക് മനസ്സിലായി.. അതവളുടെ മുഖത്ത് നിന്നും വായിക്കാമായിരുന്നു... തന്നെയുമല്ല അനു ഉടുത്തിരുന്ന കരിനീല കാഞ്ചീപുരം പട്ടുസാരിക്ക് മാച്ച് ചെയ്യുന്ന കരിനീല ഷർട്ടും ഓഫ് വൈറ്റ് ജീൻസുമായിരുന്നു എന്റെ വേഷം... ആദി അത് ശ്രദ്ധിച്ചു എന്നത് ഞങ്ങളെ മാറിമാറി അവൾ നോക്കുന്നതിൽ എനിക്ക് മനസ്സിലായി.. മനസ്സിലെ ദേഷ്യം മുഖത്ത് വരാതിരിക്കാൻ പണിപ്പെട്ട് അവൾ അനുവിനെ സ്വീകരിച്ച് അകത്തേയ്ക്ക് കൊണ്ടുപോയി..

അമ്മായിമാരുടെ പാചക മികവ് മുഴുവൻ പുറത്തെടുത്താണ് അവർ ഞങ്ങൾക്ക് വിരുന്നൊരുക്കിയതെന്നു ഡൈനിംഗ് ടേബിളിലെ വിഭവസമൃദ്ധി കണ്ടപ്പോളെനിക്ക് തോന്നി.. എന്നാൽ സംസാരത്തിൽ ആ സ്നേഹം പലപ്പോഴും കണ്ടില്ല... അജുവിനെ കുറ്റം പറയാനും, ഞാനും ആദിയുമായുള്ള കല്യാണം നടക്കാതിരുന്നതിന്റെ വിഷമവും പറയാൻ കിട്ടിയ ഒരു ചാൻസും വല്യമ്മായിയും അച്ചുവിന്റെ അമ്മയും വെറുതെ കളഞ്ഞില്ല.. പെണ്മക്കൾ

ഇല്ലാത്തതിനാലാവും സുമതിഅമ്മായി മാത്രം ചേച്ചിമാരുടെ ഡയലോഗ് ചിരിച്ചു തള്ളിയതേയുള്ളൂ... അവരുടെ സംസാരം പലപ്പോഴും അനുവിനെ വിഷമിപ്പിച്ചുവെന്ന് അവളുടെ തലതാഴത്തിയുള്ള ഇരിപ്പ് കണ്ടപ്പോളെനിക്ക് മനസ്സിലായി.. അമ്മായിമാരല്ലേ എനിക്കെതിർക്കാനും കഴിയില്ലല്ലോ..

ഇതിനിടയ്ക്ക് അച്ഛന്റെ ഫോൺവന്നു... അച്ഛനും ചെറിയച്ഛനും വൈകിട്ടത്തെ ഫ്ലൈറ്റിനു ചെന്നൈക്ക് പോകണം, അതുകൊണ്ട് അധികം വൈകാതെ ഞങ്ങളോട് ചെല്ലാൻ പറഞ്ഞായിരുന്നു അച്ഛൻ വിളിച്ചത്.. അത് രക്ഷയായി... അമ്മായിമാരുടെ കത്തിയിൽ നിന്നും തടിതപ്പി ഞങ്ങൾ വേഗം അവിടന്നിറങ്ങി... ഈ സമയം മുഴുവൻ ആദി അനുവിന്റെ ചെവി തിന്നുന്നുണ്ടായിരുന്നു.

തിരിച്ചു കാറിലിരിക്കുമ്പോൾ അനുവിന്റെ മുഖം ഒട്ടും പ്രസന്നമായിരുന്നില്ല... കാരണം എനിക്കൂഹിക്കാൻ കഴിയുന്നതായിരുന്നകൊണ്ട് ഞാനൊന്നും ചോദിക്കാൻ പോയില്ല... എന്നാൽ ആദി പുതിയ വല്ല പാരയും വച്ചിട്ടുണ്ടോ എന്നൊരു ടെൻഷൻ എനിക്കുണ്ടായിരുന്നു.. എങ്കിലും ഞാനൊന്നും ചോദിച്ചില്ല..

"...ദേവേട്ടാ...!! ആദിയുമായി പിന്നെയും ബന്ധമുണ്ടായിരുന്നൂല്ലേ... നമ്മടെ കല്യാണത്തിന്റെ തലേന്ന് പോലും..?? വീട്ടിലേയ്ക്ക് പത്തു മിനിറ്റ് യാത്രമാത്രം ബാക്കി നിൽക്കെ അതുവരെ മിണ്ടാതിരുന്ന അനു ചോദിച്ചു.. വളരെ ശബ്ദംതാഴ്ത്തി മർമ്മരം പോലെ... പക്ഷേ അതെന്റെ മനസ്സിന്റെ ആഴങ്ങളിൽ പതിഞ്ഞു... എന്ത് മറുപടി പറയണമെന്ന് എനിക്കറിയില്ലായിരുന്നു.. അവൾ പറഞ്ഞ കാര്യം ഞാൻ സമ്മതിക്കുന്നതോടെ ഇതുവരെ അവൾക്കെന്നോടുണ്ടായിരുന്ന വിശ്വാസം പോലും തകരും... എന്നാൽ നുണപറയാനും പറ്റില്ല... കുറച്ചു നേരം ഞാനൊന്നും മിണ്ടിയില്ല..

"...ദേവേട്ടാ... ഞാൻ പറഞ്ഞത് സത്യല്ലേ..??"

"..ഉം..." ഞാൻ തലയാട്ടി സമ്മതിച്ചു... അവളിലൊരു ഞെട്ടലുണ്ടായി.. പിന്നെയൊരു നനഞ്ഞ പുഞ്ചിരിയോടെ എന്റെ മുഖത്ത് നിന്നും കണ്ണുമാറ്റി വെളിയിലേയ്ക്ക് നോക്കിയിരുന്നു.

"...ദേവേട്ടൻ ഇല്ലായെന്ന് പറയുന്നാ ഞാൻ കരുതിയേ..?? ആദിയീക്കാര്യം പറയുമ്പോഴും അത് സത്യമാവില്ലാന്നാ ഞാൻ വിചാരിച്ചേ... എന്തായാലും

ദേവേട്ടൻ നുണപറഞ്ഞില്ലല്ലോ... എനിക്ക് സന്തോഷായി... എന്നാലും ആ ബന്ധം തുടർന്നിരുന്ന നിലയ്ക്ക് സഹതാപത്തിന്റെ പേരിലാണെങ്കിക്കൂടി എന്നെ കല്യാണം കഴിക്കാൻ സമ്മതിക്കണ്ടായിരുന്നു... വർഷങ്ങൾക്ക് ശേഷം ദേവേട്ടൻ എല്ലാം മറന്നു അവളോടൊപ്പം ഒരുമിച്ചു കഴിഞ്ഞപ്പോ ദേവേട്ടനുമായുള്ള ഒരു ജീവിതം അവള് സ്വപ്നം കണ്ടുതുടങ്ങിയിരുന്നു... പാവം...!! ഇപ്പോ അതൊക്കെ വെറുതേ ആയില്ലേ...?? എത്രയായാലും അവളൊരു പെണ്ണാ ദേവേട്ടാ... മോഹിച്ച പുരുഷൻ കൈക്കുമ്പിളിൽ നിന്നും നഷ്ടപ്പെടുന്ന ഒരു പെണ്ണിന്റെ വേദന എനിക്ക് നന്നായി മനസ്സിലാവും... ഞാനും അതനുഭവിക്കുവാണല്ലോ...?? വേണ്ടായിരുന്നു ദേവേട്ടാ.. ഒന്നും വേണ്ടായിരുന്നു..." കടുത്ത ഹൃദയവേദന അനുഭവിക്കുന്നപോലെ അവൾ പറഞ്ഞു നിർത്തി.. ഒരു കുറ്റവാളിയെപ്പോലെ എല്ലാം കേട്ടിരിക്കാനേ എനിക്ക് കഴിയുമായിരുന്നുള്ളൂ.

വീടിനു തൊട്ടുമുൻപ് മാണിക്യന്റെ വീടിനു മുന്നിലൂടെപ്പോകുമ്പോൾ കവിളിലൂടെ ഒലിച്ചിറങ്ങിയ കണ്ണുനീർ തുടച്ച് അവളൊരു കാര്യം കൂടിപ്പറഞ്ഞു..

"..ദേവേട്ടാ.. എത്രയും വേഗം അജുവേട്ടനെ കണ്ടെത്തണം... ഇനിയും ദേവേട്ടന്റെ ഭാര്യയായിരിക്കാൻ എനിക്ക് സാധിക്കില്ല... ദേവേട്ടനെ സ്നേഹിക്കാനുമെനിക്ക് കഴീല്ല... എന്നായാലും നമ്മൾ പിരിയണം... അതെത്രയും വേഗം വേണം... ഇപ്പോത്തന്നെ ഞാൻ എന്റെ വീട്ടിലേയ്ക്ക് പോകേണ്ടതാണ്... എന്നാൽ പറയാൻ എനിക്കൊരു കാരണമില്ല.. ആരെയും വേദനിപ്പിച്ചുകൊണ്ട് എനിക്കൊരു ജീവിതം വേണ്ടാ... പ്ലീസ്..!! അജുവേട്ടൻ വരുന്നവരെ ഒരഭയാത്രിയെപ്പോലെ ഞാൻ ശ്രീമംഗലത്ത് നിന്നോളാം.. ഇനി അജുവേട്ടന് എന്നെ വേണ്ടാന്നു പറഞ്ഞാലും നമ്മൾ ഒരുമിച്ച് ജീവിക്കില്ല.."

അവൾ പറഞ്ഞതൊക്കെ ഞാൻ സമ്മതിച്ചു... വേറെ നിവർത്തിയില്ലല്ലോ... അവളെപ്പോലൊരു നാടൻ പെണ്ണിന് ഒരിക്കലും അംഗീകരിക്കാൻ കഴിയുന്ന കാര്യമല്ലല്ലോ ഞാൻ ചെയ്തിട്ടുള്ളതൊക്കെ... എന്തൊക്കെ വാദങ്ങൾ നിരത്തിയാലും അതൊന്നും ഞാൻ ചെയ്ത തെറ്റിനെ ന്യായീകരിക്കില്ല.

"..ദേവൂട്ടാ.. താറാവാകുന്നേ ഉള്ളൂ... നിങ്ങള് കുറച്ചുനേരം ആ പിള്ളേരുടെ കൂടെപ്പോയിരുന്നോ... ആവുമ്പോ ഞാൻ വിളിക്കാം.." ചിറ്റ പറഞ്ഞതും ഞങ്ങൾ ഡോർമിറ്ററിയുടെ ഭാഗത്തേയ്ക്ക് നടന്നു.. അനു എന്റെ കൈയിൽ നിന്നും പിടി വിട്ടിരുന്നു.. ഞാൻ ഇരു കൈകളും പോക്കറ്റിലാക്കി.. ഇടയ്ക്ക് പൊട്ടിയും ചീറ്റിയും ആളിക്കത്തുന്ന അന്ഗി ചുറ്റും കസേരകളിൽ ഇരിക്കുന്നവരിൽ ചൂട് പകരുന്നു... ഇരുപത്തഞ്ചോളം ചെറുപ്പക്കാർ.. കപ്പിൾസ്.. വണ്ടി പാർക്ക് ചെയ്യുമ്പോൾ നിരത്തി വച്ചിരുന്ന പതിമൂന്ന് ബുള്ളറ്റുകൾ ഞാൻ ശ്രദ്ധിച്ചിരുന്നു.. ഞങ്ങൾ ചെന്നതും പളനി രണ്ടു ഇരുമ്പ് കസേരകൾ കൊണ്ടുവന്ന് തീക്കുണ്ഡത്തിന് അടുത്തായിട്ടു... ഒരേപോലെയുള്ള വേഷം ധരിച്ച ഞങ്ങളെക്കണ്ട് ക്യാമ്പ് ഫയർ പെട്ടന്ന് നിശബ്ദമായി... എല്ലാ കണ്ണുകളും എനിക്കൊപ്പം വന്ന ദേവസുന്ദരിയിലേയ്ക്ക് നീളുന്നു... അവളാണെങ്കിൽ ചുറ്റുമുള്ളവർ ശ്രദ്ധിക്കുന്നെന്ന യാതൊരു ചിന്തയുമില്ലാതെ ചെന്നപാടെ ജാക്കറ്റിന്റെ സിബ്ബഴിച്ചുവിടർത്തി കൈകൾ തീയിൽ കാണിച്ച് മുന്നോട്ടാഞ്ഞിരുന്ന് തീ കായാൻ തുടങ്ങി..

ഞാൻ ജാക്കറ്റിന്റെ സിബ് ഇട്ടിരുന്നില്ല ടൈറ്റ് ടീഷർട്ടിൽ തെളിഞ്ഞു കാണുന്ന എന്റെ ശരീരവടിവുപോലും അവിടെയിരുന്ന വനിതാരത്നങ്ങൾക്ക് വിരുന്നായിരുന്നപ്പോൾ അനുവിന്റെ കാര്യം പറയണ്ടല്ലോ.. കസേരയിൽ ഇരിക്കാതെ നിലത്ത് മുട്ടുകുത്തിയാണ് അവളിരുന്നത്.. അതുകൊണ്ട് അവളുടെ പാദത്തിൽ നിന്നും മുകളിലേയ്ക്ക് കുറച്ചു വലിഞ്ഞു നിന്ന പാന്റിന്റെ താഴെ അവളുടെ വെണ്ണതോൽക്കുന്ന കണംകാലിൽ ചുറ്റിക്കിടക്കുന്ന സ്വർണ്ണപാദസരം പോലും കാമോദ്ദീപകമായിരുന്നു.. അഗ്നിയുടെ തിളക്കം കുരുനിരയിലണിഞ്ഞ സുന്ദൂരവർണ്ണത്തോടു മത്സരിച്ച് അവളുടെ മുഖകാന്തിക്ക് മാറ്റ് കൂട്ടി.. ലൂസ് ടീഷർട്ടാണെങ്കിലും അവളുടെ വന്മുലകൾ അതിൽ എടുത്ത് പിടിച്ചു നിൽക്കുന്നു.. അവയ്ക്ക് മുകളിൽ അന്ഗിയിൽ തിളങ്ങുന്ന താലിമാല.. അവളുടെ പ്രിയപ്പെട്ട ചെയിൻ ഞാത്തിയിട്ടപോലുള്ള കമ്മലുകൾ.. വളയിടുന്ന ശീലം അവൾക്കില്ല.. നീളൻ വിരലിൽ ഡയമണ്ട് റിംഗ്.. കഴിഞ്ഞു അലങ്കാരങ്ങൾ.. ഇടയ്ക്ക് മുന്നോട്ടാഞ്ഞ് തീയിൽ കൈകാണിക്കുന്ന അവളുടെ വി-നെക്ക് ടീഷർട്ടിനു പുറത്ത് അൽപ്പം മാത്രം കാണുന്ന മുലകൾക്കിടയിലെ ചാലിന്റെ ലാഞ്ചനയിലും, നിവരുമ്പോൾ കാൽമസിലുകളിൽ അമർന്നു മുഴയ്ക്കുന്ന വണ്ണത്തുടകളിലും അവളിരിക്കുന്നതിനു എതിരെയുള്ള കസേരകളിൽ ഇരിക്കുന്നവരുടെ കണ്ണുകൾ മേഞ്ഞു നടന്നു..

അതിൽ മെലിഞ്ഞ പെണ്ണൊരുത്തി ടൈറ്റ് ബനിയൻ ഇട്ടിട്ടും മുഴുപ്പ് തോന്നാത്ത സ്വന്തം മാറിടത്തിൽ നോക്കി അനുവിന്റെ മാറിലെ കൊഴുത്ത എടുപ്പിനെ അസൂയയോടെ നോക്കുന്ന കണ്ട് അടുത്തിരുന്ന അവളുടെ മെലിഞ്ഞ കാമുകൻ ചെവിയിൽ എന്തോ പറഞ്ഞു.. അവൾ പരിഭവിച്ച് എഴുന്നേറ്റ് പോയി വെള്ളം

കുടിക്കുന്ന കണ്ട് എനിക്ക് ചിരി വന്നു.. അനുവിന്റെ അടുത്ത് ഞാൻ കസേരയിൽ ഇരുന്നു..

തിരിഞ്ഞു നോക്കി പുറകിൽ വന്നിരുന്നത് ഞാനാണ് എന്ന് ഉറപ്പു വരുത്തിയ അനു നിലത്തൂന്നിയ എന്റെ ഇടംകാലിൽ ചാരി കാൽ നീട്ടിയിരുന്നു.. പിന്നെ ഷൂ അഴിച്ച് പാദങ്ങൾ നഗ്നമാക്കി തീയ്ക്കടുത്ത് വച്ച് ചൂടാക്കി, നീളൻ മുടി വലതു വശത്തൂടെ മുന്നോട്ടിട്ട് ഇഴകളിൽ വിരലോടിച്ചിരുന്നു.. വീടിനു പുറത്തിറങ്ങി സ്ഥിരമായുള്ള നിസ്സംഗഭാവം അൽപ്പമൊന്നു കുറഞ്ഞാൽ അവളിങ്ങനെതന്നെയായിരുന്നു എന്ന് ഞാനോർത്തു.. സംസാരിക്കാനും എന്റെ അടുത്തിരിക്കാനുമൊക്കെ മടിയൊന്നുമില്ല.. എന്നാൽ വീട്ടിലെത്തിയാൽ പിന്നെ യാതൊരു മൈന്റുമില്ല..

"...സാർ സാപ്പാട് റെഡി..." പളനിയുടെ പുറകേ ഞങ്ങൾ ഭക്ഷണം കഴിക്കാൻ ചെന്നു... കള്ളപ്പവും, ബീഫ് സ്റ്റൂവും, താറാവ് പൊരിച്ചതും.. ഞങ്ങൾ രുചിയോടെ കഴിച്ചു..

ചിറ്റപ്പൻ ആളൊരു കോഴിയാണ്.. വന്നപ്പോൾ മുതൽ അനുവിനെ കോരിക്കുടിക്കുന്നപോലുള്ള അയാളുടെ നോട്ടവും മറ്റും ഞാൻ ശ്രദ്ധിച്ചിരുന്നു... സുന്ദരിയും മാദാലസയുമായ ചിറ്റ മുന്നിൽ നിൽക്കുമ്പോഴും തൊലിയുരിക്കുന്ന പോലുള്ള ചിറ്റപ്പന്റെ നോട്ടം അനുവിനും അസ്വസ്ഥത ഉണ്ടാക്കുന്നുണ്ട്.. ചിറ്റ എനിക്ക് വിളംബിത്തന്നപ്പോൾ അനുവിന് വിളമ്പിക്കൊടുത്തത് ചിറ്റപ്പനാണ്... വിളമ്പുന്നതിനിടയിൽ പലപ്പോഴും പുള്ളി അവളുടെ തോളിലും കൈത്തണ്ടയിലുമൊക്കെ അരക്കെട്ട് ഉരച്ച് കോൾമയിർ കൊണ്ടു.. അപ്പോഴെല്ലാം അവഞ്ജയോടെ മുഖം ചുളിച്ച അനു, ഒരു തവണ കലിപ്പിച്ച് ചിറ്റപ്പനെ നോക്കി... അപ്പോളയാൾ ഊളചിരി ചിരിച്ചതും അനു ദേഷ്യത്തോടെ മുഖം വെട്ടിച്ചു.. അവസാനം അവൾക്ക് ഭക്ഷണം പകുതി വഴിക്കാക്കി എഴുന്നേൽക്കേണ്ടി വന്നു... അവൾ കൈകഴുകാൻ പോയപ്പോൾ അയാളും ഒരു തോർത്തുമെടുത്ത് പുറകെ പോകുന്ന കണ്ട് ഞാൻ വേഗം എഴുന്നേറ്റ് ചെന്നു.. ഇല്ലെങ്കിൽ ചിലപ്പോൾ ഇരുട്ടുവാക്കിന് അവളെ തപ്പാനും അയാൾ മടിക്കില്ലെന്ന് തോന്നി.. എന്റെ ഊഹം തെറ്റിയില്ല വാഷ്ബെയ്സിന് മുന്നിൽ തലകുനിച്ച് കൈകഴുകിക്കൊണ്ടിരുന്ന അവളുടെ പുറകിൽ അയാൾ ചെന്ന് നിന്നതും പുറകെ എത്തിയ ഞാൻ അയാളുടെ തോളിൽ കിടന്ന തോർത്ത് വലിച്ചെടുത്തതും ഒപ്പമായിരുന്നു.. ചിറ്റപ്പൻ ഒരു ചമ്മിയ ചിരി ചിരിച്ചോണ്ട് പോയി.. കൈകഴുകിത്തിരിഞ്ഞ അനു പെട്ടന്ന് പുറകിൽ ഒരാൾ നിൽക്കുന്നത് കണ്ട് ഞെട്ടി.. ഞാനാണെന്ന് മനസ്സിലായപ്പോൾ

ആശ്വാസത്തോടെ നെടുവീർപ്പിട്ട് എന്റെ കൈയിൽ നിന്നും തോർത്ത് വാങ്ങി തുടച്ചു..

"...എന്തൊരു ചരക്കാടാ അവള്... കണ്ടട്ട് കടിച്ചു തിന്നാൻ തോന്നുന്നു... ഹോ.. അവളുടെ ആ കൈത്തണ്ട മാത്രം മതീല്ലോ നല്ലോണം വെള്ളം കളയാൻ... അന്നേരം ആ കുണാപ്പൻ ചെക്കൻ വന്നില്ലാരുന്നേ അവളുടെ കൈയിലെങ്കിലും ഞാൻ പിടിച്ചേനെ... ആ കുണ്ണച്ചാര് തിന്നുവേമില്ല നമ്മളെ തീറ്റിക്കുവേമില്ല... മയിരൻ..!!" അനു ചിറ്റയുടെ അടുത്ത് സംസാരിച്ചു നിൽക്കുന്ന കണ്ട് ഞാൻ ചിറ്റപ്പനെ തിരഞ്ഞ് അടുക്കളഭാഗത്ത് ചെല്ലുമ്പോൾ ആ നാറിയുടെ വായിൽ നിന്നും കേട്ട വർത്തമാനമായിരുന്നു അത്... എന്റെ പെണ്ണിനെ കണ്ണുകൊണ്ട് ഭോഗിച്ചതും പോരാ.. കഴുവേറി അവളെ തപ്പാൻ കിട്ടാത്തതിന് എന്നെ തെറി പറയുന്നു.. അതെല്ലാം കേട്ട് കുണുങ്ങി ചിരിക്കുന്ന മയിരൻ പളനി..

ചിറ്റപ്പന് ചിറ്റയെ പേടിയാണ്.. എന്നാലും സ്വന്തം കഴിവുകേട് മറച്ചുവയ്ക്കാൻ മറ്റുള്ളവരെ കഴിവുകെട്ടവരായി ചിത്രീകരിക്കുന്ന ചില ഞരമ്പൻമാരുടെ സ്ഥിരം നമ്പര് പണിക്കാരന്റെ മുന്നിലിറക്കുവാണ് ആ "ചെറ്റ"പ്പൻ..

"...കല്യാണം കഴിഞ്ഞിട്ട് രണ്ടാഴ്ച്ചയായി... എന്നട്ടും ആ തേവൻ പുല്ലൻ അവളുടെ ഉപ്പ് നോക്കീട്ടില്ലെന്നാ കേട്ടെ... ഹോ അവള് നല്ല കഴപ്പുള്ള എനമാന്നു ആ ചുണ്ടിന്റെ തുടിപ്പ് കണ്ടാ അറിയാം... എന്റെ കൈയിലെങ്ങാനുമായിരുന്നെ പൂറിമോളെ ഷഡ്ഡി ഇടാൻ സമ്മതിക്കാതെ കേടത്തീം മലത്തീം ഊക്കി ചാറെടുത്തേനെ.. ഹും എന്നാ പറഞ്ഞിട്ടെന്നാ... ആ മൈരൻ തിന്നുവേമില്ല നമ്മക്കൊന്നും തിന്നാൻ തരുവേമില്ല..." ഇത്രയും കമ്പി പറഞ്ഞിട്ടും യാതൊരു അനക്കവുമില്ലാത്ത സ്വന്തം ആണത്തത്തെ മുണ്ടിനു മോളിലൂടെ ഉഴിഞ്ഞ് അയാൾ നെടുവീർപ്പിട്ടു.

ഞാൻ ചുറ്റും നോക്കി അടുക്കളപ്പുറത്ത് വേറെയാരുമില്ല.. നിലത്ത് കുന്തിച്ചിരുന്ന് പാത്രം കഴുകുന്ന പളനിയുടെ അടുത്ത് അരമതിലിൽ ഇരുന്ന് കാലാട്ടിക്കൊണ്ട് അനുവിന്റെ കൊഴുത്ത ദേഹഭംഗി വർണ്ണിക്കുന്നത്തിനിടയിൽ ഞാൻ വന്നതൊന്നും പുള്ളി അറിഞ്ഞിട്ടില്ല... അനുവിനെ നോക്കി പളനിയും പലപ്പോഴും വെള്ളമിറക്കിയത് ഞാൻ കണ്ടിരുന്നു... അവരുടെ സംസാരം കേട്ട് എനിക്ക് കാൽവിരലിൽ നിന്നൊരു പെരുപ്പ് കയറി...

"..അമ്മാ..." അടുക്കളപ്പുറത്ത് തളംകെട്ടി കിടക്കുന്ന പാത്രം കഴുകിയൊഴിച്ച വെള്ളത്തിലേയ്ക്ക് പളനി അലച്ചുകെട്ടി വീണു.. എന്താ സംഭവിച്ചതെന്ന് മനസ്സിലാവാതെ ഞെട്ടിത്തിരിഞ്ഞ ചിറ്റപ്പൻ കാണുന്നത് അരമതിലിനറ്റത്തെ തൂണിൽചാരി കൈയും കെട്ടി നിൽക്കുന്ന എന്നെയാണ്.. അയാൾ വേഗം പളനിയെ പിടിച്ചെഴുന്നേൽപ്പിച്ചു..

"..നിനക്കെന്താ ദേവാ പ്രാന്താണോ...?? എന്തിനാ ഇവനെ ചവുട്ടിയെ.." പളനിയുടെ തുളവീണുതുടങ്ങിയ മുഷിഞ്ഞ ബനിയനിൽ എന്റെ ഷൂവിന്റെ പാട് തെളിഞ്ഞു കിടന്നു..

"...ചിറ്റപ്പോ...!! മുതലാളിയുടെ അനന്തിരവന്റെ ഭാര്യാന്നുവെച്ചാ മുതലാളിയെപ്പോലെ തന്നെ ബഹുമാനിക്കേണ്ടതല്ലേ.. പകരം വ്യത്തികേട് കാണിക്കാൻ നോക്കിയാ ഇവനെയൊക്കെ വെച്ചോണ്ടിരിക്കാവോ..??" എന്റെ മുഖത്ത് ചിരി..

"..അതിനിവൻ എന്ത് കാണിച്ചെന്നാ..??"

"...അത്.. ചിറ്റപ്പോ...!! തന്റെ ഈ പുഴുത്ത നാവോണ്ട് എന്റെ പെണ്ണിനെക്കുറിച്ച് അനാവശ്യം പറഞ്ഞത് കേട്ട് ചിരിച്ചതിനു..??" ചിറ്റപ്പൻ ഞെട്ടി.. പുലിയെപ്പോലെ നിന്നിരുന്ന അയാളുടെ ഭാവം മാറി.. പരുങ്ങി..

"..അത്.. ദേവാ.. ഞാൻ .. അത്.. നീ വേറൊന്നും വിചാരിക്കല്ല് ഞാൻ ചുമ്മാ.." അയാൾ തലചൊറിഞ്ഞു..

"..ഡോ ചെറ്റപ്പാ.. ഞാനിവിടെ പണിക്കുകൊണ്ടോന്നു നിർത്തിയ കുഞ്ഞിയെ താൻ ഉപദ്രവിക്കാൻ ശ്രമിച്ചതറിഞ്ഞപ്പോ മുതൽ ഞാൻ ഓങ്ങി വച്ചതാ... അന്ന് മാണിക്യന്റെ കൈയീന്ന് നടുവിന് കിട്ടിയത് ഞാൻ കൊടുത്തയച്ച സമ്മാനാ.. പിതൃസ്ഥാനീയനെ നേരിട്ട് തല്ലാത്തത് എന്റെ മാന്യത.. വല്ലപ്പോഴും ചിറ്റയെ ഒന്ന് പ്രസാദിപ്പിക്കണേപ്പോലും ഞാൻ മലേഷ്യെന്നു കൊണ്ടോന്നു തന്ന സ്പ്രേ അടിക്കണ്ടേ ചിറ്റപ്പോ ഇപ്പോഴും... എന്നട്ടും കൊച്ചു പെണ്ണുങ്ങളെ കാണുമ്പോ കെളവന്റെ എളക്കം.." ഞാനയാളെ ഉഴിഞ്ഞു നോക്കിപ്പറഞ്ഞതും അയാളെന്റെ ഇരുകൈയും കൂട്ടിപ്പിടിച്ച് ചിറ്റയോടു പറയരുതെന്നും പറഞ്ഞു കെഞ്ചി..

"...ഡോ നാറീ... ഈ പെണ്ണെന്നു പറഞ്ഞാ ചുമ്മാ മാംസപിണ്ഡമല്ല.. അതിനും ഒരു മനസ്സും.. അതില് മോഹങ്ങളുമൊക്കെ കാണും.. ഞാൻ കെട്ടിയ പെണ്ണിനെ അവളുടെ സമ്മതോം താൽപ്പര്യോമൊക്കെ നോക്കി ഞാൻ ഊക്കുവോ, ഊക്കാതിരിക്കുവോ ചെയ്യും.. അതെന്റെ ഇഷ്ടം... ഇനി മേലാൽ എന്റെ കഞ്ഞീക്കെടക്കണ ഉപ്പും മൊളകും ചമ്മന്തീം നോക്കി താൻ വെള്ളമിറക്കിയാ... അടിയാത്തി പെണ്ണിനെ തൊട്ടപ്പൊ നടുവേ പോയോള്ളൂ... മറക്കണ്ട..." എന്റെ കൈകളിരുന്ന് ചിറ്റപ്പന്റെ കൈ ഞെരിഞ്ഞു..

"...ഹാ... വിട് ദേവാ.. വിട്.. വിട്... ഹാ... അറിയാതെ പറ്റിയതാ.. നീയിതാരോടും പറയരുത്... മോനേ ഒരബദ്ധം പറ്റി.. ഇനിയുണ്ടാവൂല്ല.."

"..ഉം.. ഉണ്ടായില്ലേ തനിക്ക് കൊള്ളാം.. ഇല്ലേ വല്ലപ്പോഴും ചിറ്റയെ സേവിക്കാൻ പോലും തന്റെ ഈ അണ്ടി കാണൂല്ല... ഞാനിങ്ങു ചെത്തിയെടുക്കും..." ഞാൻ പിടി വിട്ടു..

"...ഇല്ല.. ഇനിയുണ്ടാവൂല്ല... സത്യം... എന്റെ വസുവാണെ സത്യം..." തിരിഞ്ഞ് പളനിയുടെ കരണം പൊത്തി ഒന്നുകൂടി കൊടുത്തിട്ടേ ഞാൻ അവിടന്ന് പോന്നുള്ളൂ..

ഹോ.. പിന്നെ ചിറ്റപ്പന്റെ പെരുമാറ്റം കാണണമായിരുന്നു.. ഓന്ത് തോറ്റുപോകും.. എന്താ ഒരു ഭവ്യത.. എങ്കിലും അനുവിനു സംഭവമൊന്നും അറിയാത്തകൊണ്ട് അവളുടെ മുഖത്ത് അയാളോടുള്ള അവജ്ഞ അപ്പോഴും മാറിയിട്ടില്ല.. കുറച്ചു നേരംകൂടി ചിറ്റയോടു കത്തിവച്ചിരുന്ന് ഞങ്ങൾ കോട്ടേജിലേയ്ക്ക് തിരിച്ചു പോന്നു..

"..ദേവേട്ടാ നമ്മളെന്നാ തിരിച്ചു പോണേ..??" കോട്ടേജിന്റെ മുന്നിലെ ഗാർഡൻ ചെയറിൽ ഇരുന്ന് ആത്മാവിനെ പുകകൊള്ളിക്കുമ്പോൾ പുറകിൽ നിന്നും അനുവിന്റെ ചോദ്യം.

"...എന്താടോ.. തനിക്കിവിടം ഇഷ്ടായില്ലേ... നമ്മള് രണ്ടു ദിവസം ഇവിടെ നിക്കാനല്ലേ വന്നത്.. നമുക്ക് രണ്ടു ദിവസം സ്ഥലങ്ങളൊക്കെ കണ്ട് നടന്നിട്ട് പോയപ്പോരെ..?? നീളൻ ചെയറിന്റെ മറ്റേ അറ്റത്ത് വന്നിരുന്ന അവൾക്ക് നേരെ തിരിഞ്ഞിരുന്ന് സിഗരറ്റ് കളഞ്ഞ് ഞാൻ മറുപടി പറഞ്ഞു... ജാക്കറ്റ് കൂടാതെ

ചെവി മൂടുന്ന കമ്പിളിതൊപ്പിയും കൈയിൽ ഗ്ലൌസുമിട്ട് തണുപ്പിനെ പ്രതിരോദ്ധിക്കാൻ ശ്രമിച്ചിട്ടും കിട്ടിയ വിടവുകളിലൂടെയെല്ലാം അവളുടെ ദേഹത്ത് ഇക്കിളിയുണർത്തുന്ന പ്രകൃതിയുടെ പരിലാളനകളിൽ കുളിരണിഞ്ഞ് അവൾ കൂമ്പിയിരുന്നു..

"...നമുക്ക് നാളെ പോവാം ദേവേട്ടാ.. എനിക്കിവിടം ഒട്ടും കംഫർട്ടബിളല്ല.." അവൾ കൈകൾ കൂട്ടിത്തിരുമ്മി ചൂടാക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു..

"...ചിറ്റപ്പന്റെ പെരുമാറ്റംകൊണ്ടാണെങ്കിൽ അതിനി ഉണ്ടാവില്ല... അതല്ല ക്ലൈമറ്റിന്റെ പ്രോബ്ലമാണെങ്കിൽ രാവിലെ നമുക്ക് പോവാം.."

"..ചിറ്റപ്പന്റെ പെരുമാറ്റം ദേവേട്ടനും ശ്രദ്ധിച്ചൂല്ലേ...?? ചിറ്റപ്പൻ മാത്രല്ല പലരും... എനിക്കെന്തോ പേടിയാവുന്നു ദേവേട്ടാ..."

"..ഞാനടുത്തുള്ളപ്പോ താൻ എന്നെ മാത്രം പേടിച്ചാ മതീടി അമ്മിണീ.."

"...ഉം.. ചിറ്റപ്പന്റെ കൈ ഒടിഞ്ഞു കാണും അമ്മാതിരി പിടിയല്ലേ പിടിച്ചേ.. പിന്നെയാ പളനീടെ രണ്ടു പല്ലും പോയിട്ടൊണ്ട്... പാവം..." നിലത്തു വീണുകിടന്ന ചെമ്പകപ്പൂ പെറുക്കിയെടുത്ത് മണത്തുനോക്കുന്നതിനിടയിൽ എന്റെ മുഖത്ത് നോക്കാതെ പറഞ്ഞ അവളുടെ മുഖത്തൊരു കള്ളച്ചിരി ഒളിഞ്ഞിരിക്കുന്നുണ്ടായിരുന്നു..

"...ങ്ങ്ഹേ...!! നീയിതെങ്ങനെ അറിഞ്ഞു...??"

"...ദേവേട്ടനെ കാണാഞ്ഞ് വിളിക്കാൻ അങ്ങോട്ട് വന്ന ഞാൻ കാണുന്നത് ആ പാവം പളനി ചവിട്ടു കൊണ്ട് വീഴുന്നതാ.. എന്താ സംഭവംന്ന് നിക്കാദ്യം മനസ്സിലായില്ല... പിന്നെ നിങ്ങടെ സംസാരങ്കേട്ടപ്പൊ മനസ്സിലായി.. ന്നാലും ചിറ്റപ്പനല്ലേ... കൈയെങ്ങാനും ഒടിഞ്ഞാരുന്നേ ചിറ്റോട് എന്ത് പറയുവാരുന്നു..??"

"...ഹേയ് ഒടിയുവൊന്നൂല്ല... പിന്നെ അയാക്ക് പെണ്ണുങ്ങളെ കാണുമ്പോ ഈ എളക്കമൊള്ളതാ... പിന്നെ ചിറ്റേനെ പേടീം.. ഒടിഞ്ഞാലും വല്ലോടത്തും തട്ടി

വീണതാന്നു പുള്ളി തന്നെ പറഞ്ഞോളുവാരുന്നു..." രണ്ടാളും ചിരിച്ചു. അവളുടെ മുഖത്തെ ശങ്കാഭാവം ഒഴിഞ്ഞു..

"..ദേവേട്ടാ.. അജുവേട്ടന്റെ എന്തെങ്കിലും വിവരം കിട്ടിയോ...?? ചെമ്പകപ്പൂ ഒരെണ്ണം വിരലുകൾകൊണ്ട് പമ്പരംപോലെ കറക്കിക്കൊണ്ട് അവൾ ചോദിച്ചു..

"..ഉം... ഞാനത് പറയാനിരിക്കുവാരുന്നു.. സത്യത്തിൽ ചിറ്റ വിരുന്നിനെന്നും പറഞ്ഞു വിളിച്ചപ്പോ പോന്നതും അതോർത്താ.. വീട്ടില് വച്ച് ഒന്നും സംസാരിക്കാൻ അവസരമില്ലല്ലോ..??"

"..അജുവേട്ടൻ എവിടെയാ ഉള്ളത്..??" അവളിൽ ആകാംഷ..

"..എവിടെയാണെന്ന് വിവരമൊന്നുമില്ല.. ബട്ട്...!! താൻ ടെൻഷനാവണ്ട.. തന്റെ അജുവേട്ടൻ തിരിച്ചുവരും.. ഇനി മൂന്നാഴ്ച്ച കൂടിയേ അവന് ലീവുള്ളൂ... അത് തീരുന്നതിനു മുൻപ് എന്തായാലുമവൻ വരും.. കാരണം ഇപ്പോഴത്തെ ജോലി വേണ്ടാന്ന് വെയ്ക്കാൻ മാത്രം മണ്ടനല്ലവൻ.. ഞാനറിഞ്ഞതൊക്കെ സത്യമാണെങ്കിൽ അവൻ വരുമ്പോൾ കല്യാണം വേണ്ടന്നു വച്ചിട്ടു പോകുന്നിടത്തു വരെ അവനെകൊണ്ടുചെന്നെത്തിച്ച അവന്റെ പ്രശ്നങ്ങൾ തീർത്ത് നിങ്ങളെ ഞാൻ ഒരുമിപ്പിക്കും.." ഞാൻ പറഞ്ഞത് കേട്ട് അനു തെളിമയില്ലാതെ പുഞ്ചിരിച്ചു.. പിന്നെ ഒരു ദീർഘനിശ്വാസത്തോടെ പറഞ്ഞു..

"..ദേവേട്ടാ...!! അജുവേട്ടൻ തിരിച്ചു വരുമ്പോൾ ഞാൻ പോയിക്കഴിഞ്ഞാൽ ദേവേട്ടൻ ആദിയെ കല്യാണം കഴിക്കുവോ..??" അജുവിന് എന്ത് സംഭവിച്ചു എന്നറിയാനുള്ള ആകാംഷ പ്രതീക്ഷിച്ച ഞാൻ അവളുടെ ചോദ്യത്തിന് മുൻപിൽ മൌനിയായി.. അനുവിനൊപ്പമുള്ള യാത്രയും... ഈ അന്തരീക്ഷവുമെല്ലാം അനുവിനെ നഷ്ടപ്പെടാൻ പോകുന്നുവെന്ന ചിന്ത മറന്ന് മനസ്സിനെ തണുപ്പിച്ചിരുന്നു... അവളുടെ ചോദ്യം വീണ്ടും ഉള്ളിലെ കനലിലേയ്ക്ക് തെള്ളിയെറിഞ്ഞു...

"..ഇല്ല.." ഒറ്റവാക്കിൽ ഉത്തരമൊതുക്കി ഞാൻ വിദൂരതയിലേയ്ക്ക് നോക്കിയിരുന്നു.. അകലെ മലമടക്കുകൾക്കിടയിൽ നിലാവ് പ്രഭചൊരിയുന്നു... താഴെ മഞ്ഞിന്റെ കരിമ്പടത്തിനടിയിൽ നിദ്രയെഭോഗിക്കുന്ന താഴവാരം.. ആ മനോഹര ദൃശ്യങ്ങൾപോലും എന്റെ മനസ്സിലെ തീ കെടുത്തിയില്ല..

ഹമീംസാറിന്റെ മുന്നിൽപ്പോലും എന്നെ കുറ്റവാളിയാക്കിയ അനുവിനോട് ഒരു അന്വേഷണ ഉദ്യോഗസ്ഥന്റെ ചാരിതാർത്ഥ്യത്തോടെ അജുവിനെക്കുറിച്ച് അറിഞ്ഞതെല്ലാം വിവരിച്ച് കേൾപ്പിച്ച്.. അവസാനം അവളുടെ ആഗ്രഹപ്രകാരമുള്ള ഒരു ജീവിതം സമ്മാനിക്കുന്ന ഹീറോ പരിവേഷം സ്വയമണിയാൻ നിന്ന ഞാൻ വാക്കുകളില്ലാതെ ഉരുകി.. കാരണം അനു പോകുന്നതോടെ എന്റെ പഴയ പ്രശ്നങ്ങൾ എനിക്ക് നേരെ വീണ്ടും യുദ്ധത്തിനു വരും.. ആ ബോധം എന്റെ മനസ്സിനെ നേരിപ്പോടാക്കി.. എന്റെ മുഖത്ത് നിരാശ പടരുമ്പോൾ അനു പറഞ്ഞുകൊണ്ടിരുന്നു..

"...ദേവേട്ടന് കഴിയില്ല.. നിക്കറിയാം... കാരണം യാതൊരു തെറ്റും ചെയ്യാതെ, സ്നേഹിച്ച് കാത്തിരുന്നിട്ടും അവൾ ദേവേട്ടനെ ചതിക്കുവാരുന്നു.. എല്ലാവരുടെയും മുന്നിൽ ദേവേട്ടനെ കഴിവ് കെട്ടവനായിക്കാണിച്ച് കുറ്റപ്പെടുത്തി അവൾ സ്വന്തം തെറ്റിനെ ന്യായീകരിക്കുവാരുന്നു.. അല്ലേ...?? മനസ്സിൽ അവളോട് എത്രന്നെ ഇഷ്ടണ്ടായാലും ഒരിക്കൽ ചെയ്ത ചതി ദേവേട്ടനു മറക്കാൻ പറ്റില്ലാല്ലേ.." ഞാൻ തലയാട്ടി..

"..അപ്പോപ്പിന്നെ അജുവേട്ടൻ തിരിച്ചുവന്നാ ഞാൻ പോണോന്ന് ദേവേട്ടൻ എന്തിനാ പറയുന്നേ..?? ആദി ദേവേട്ടനോട് ചെയ്തപോലെ തന്നെയല്ലേ അജുവേട്ടൻ എന്നോടും എന്റെ വീട്ടുകാരോടും ചെയ്തെ..?? സ്വന്തം തെറ്റുകളും പ്രശ്നങ്ങളും മറയ്ക്കാൻ എന്നെയും എന്റെ വീട്ടുകാരെയും, വിളിച്ചു വരുത്തിയ അതിഥികളുടെ മുന്നിൽ നാണം കെടുത്തി ഒളിച്ചോടിയതല്ലേ അജുവേട്ടൻ..?? എന്നാ ദേവേട്ടനോ..?? എന്റെയും വീട്ടുകാരുടെയും വിഷമം കണ്ട് എന്നെ ജീവിതത്തിലേയ്ക്ക് സ്വീകരിച്ചയാളല്ലേ.. കല്യാണം കഴിഞ്ഞ പെണ്ണായിരുന്നിട്ടും ഞാനിപ്പോഴും കന്യകയായിരിക്കണത് എനിക്കിഷ്ടമില്ലാതെയാ ഈ കല്യാണം നടന്നേന്നുള്ള ദേവേട്ടന്റെ തോന്നലുകൊണ്ടല്ലേ..?? സ്വന്തം കാര്യംപോലും മറന്ന് എനിക്ക് വേണ്ടിയല്ലേ ഇത്രയും ദിവസം സ്വന്തം വീട്ടിൽ ഒരഭയാത്രിയെപ്പോലെ ദേവേട്ടൻ ജീവിച്ചത്..?? അങ്ങനെയുള്ള എന്റെ ദേവേട്ടനെ വിട്ട് അയാള് വന്നുവിളിച്ചാൽ ഞാൻ പോവുവോ ദേവേട്ടാ..?? ഇത്രേം ദിവസായിട്ടും ദേവേട്ടനെന്നെ മനസ്സിലായില്ലാല്ലേ..??" എന്റെ മുന്നിൽ വന്നുനിന്ന് എന്റെ മുഖം കൈക്കുമ്പിളിൽ എടുത്ത് അവൾ പറയുന്നത് പൂർണ്ണമായും ഉൾക്കൊള്ളാൻ കഴിയാതെ ഞാനാ കണ്ണുകളിൽ നോക്കി.. മഷിയെഴുതിയ മിഴികളിൽ ഉറവപൊട്ടുന്ന നീർക്കണങ്ങൾ... മനസ്സിൽ രൂപം കൊള്ളുന്ന ആയിരം ചോദ്യങ്ങൾ.. പക്ഷേ നാവിനു വീണ്ടും തളർച്ച.. ഞാൻ അവളുടെ പിടിവിടുവിച്ച് എഴുന്നേറ്റ് നിന്നു..

എന്റെ ഭാവം കണ്ട് അനു എന്റെ മുഖത്ത് നോക്കാതെ ചെമ്പകത്തിന്റെ ചോട്ടിലേയ്ക്ക് മാറി നിന്ന് തുടർന്നു..

"...ദേവേട്ടൻ കരുതുന്നപോലെ ഞാനും അജുവേട്ടനും തമ്മിൽ പ്രണയമൊന്നും ഉണ്ടാരുന്നില്ല.. പക്ഷേ ദേവേട്ടൻ അങ്ങനെ കരുതിയപ്പോൾ തിരുത്താതിരുന്നത് അജുവേട്ടൻ എന്തിനെന്നെ വേണ്ടാന്ന് വെച്ചൂന്ന് എനിക്കറിയണാരുന്നു.. അതിൽ ദേവേട്ടന് ഒരുപങ്കുമില്ലാന്നു എനിക്കുറപ്പാക്കണാരുന്നു.... അജുവേട്ടൻ എന്നെ പ്രണയിച്ചിരിക്കാം... അറീല്ല.. പക്ഷേ എന്റെ ജീവിതത്തിൽ ഇന്നേവരെ ആരോടും അങ്ങനെയൊരു തോന്നൽ നിക്കുണ്ടായിട്ടില്ല.. പേടിയായിരുന്നു നിക്കെല്ലാരേം.. സ്കൂളിലൊക്കെ പഠിക്കുമ്പോൾ പലരും ന്റെ പുറകെ ഇഷ്ടാന്നും പറഞ്ഞു വന്നിട്ടുണ്ട്.. അന്നൊക്കെ ഞങ്ങളെ പട്ടാളച്ചിട്ടയിൽ വളർത്തുന്ന എക്സ്-സർവ്വീസ്മാൻ കൂടിയായ അച്ഛനെപ്പേടിച്ച് ആൺപിള്ളേരെ നോക്കാൻകൂടി പേടിയാരുന്നു.. പിന്നെ പ്ലസ്ടുന് എനിക്കൊപ്പം പഠിച്ചിരുന്ന ന്റെ കൂട്ടുകാരി ശാരിയുടെ ദുരന്തം... അവളെ പ്രണയിച്ച് ആവശ്യം കഴിഞ്ഞപ്പോ വലിച്ചെറിഞ്ഞ വരുൺ എന്ന നിക്രുഷ്ടനോടുള്ള ദേഷ്യം... ഞാൻ ആണുങ്ങളെ വെറുക്കാൻ കാരണായി.. അതോണ്ടാ അജുവേട്ടൻ ഇഷ്ടാണെന്ന് വന്നു പറഞ്ഞപ്പോ വീട്ടുകാരോട് ചോദിക്കാൻ പറഞ്ഞത്.. അതോടെ ശല്യമുണ്ടാവില്ലാന്നു കരുതി.. പിന്നെ വീട്ടീവന്ന് ചോദിച്ച് വീട്ടുകാര് തീരുമാനിച്ചപ്പോ.. എല്ലാ പെൺകുട്ടികളെയുംപോലെ ഞാനും വീട്ടുകാരുടെ ഇഷ്ടത്തിനു സമ്മതിച്ചു... അല്ലാതെ ഞാ.."

"..താൻ ചിന്മയവിദ്യാനികേതനിലാണോ പ്ലസ്ടു പഠിച്ചത്...??" ഞാൻ ഇടയ്ക്ക് കയറി.. അതുവരെയുണ്ടായിരുന്ന തോന്നലുകൾ വിട്ട്.. അവൾ പറഞ്ഞു വരുന്നവയിൽ എന്റെ ജീവിതാനുഭവങ്ങളുമായുള്ള യാദൃച്ചികതയിൽ എന്റെ മനസ്സുടക്കി..

"..അതേ.. എന്താ ദേവേട്ടാ...??"

"..താൻ കോളേജിൽ ആദിക്കൊപ്പമല്ലേ പഠിച്ചത്..??"

"..അല്ല.. ഞാൻ മീനുചേച്ചി പഠിച്ച കോളേജിലാ പഠിച്ചത്.. എന്തേ..??"

"..താനീപ്പറയുന്ന വരുൺ പിന്നീട് ഏത് കോളേജിലാ പഠിച്ചതെന്ന് തനിക്കറിയോ..??"

"..ഇല്ല.. വരുണിനെ ദേവേട്ടനറിയോ..??"

"..ഉം... ആദിയുടെ കാമുകനെപ്പറ്റിപ്പറഞ്ഞപ്പോ മീനുവോ വാവയോ പേര് പറഞ്ഞില്ലേ..??" അപ്പോഴാണ് അവളാക്കാര്യം ഓർക്കുന്നത്.. നീർക്കണങ്ങൾ നിറഞ്ഞ മിഴിവിടർന്നു.. ആശ്ചര്യഭാവം.. ഞങ്ങൾക്കിടയിൽ തണുപ്പിനൊപ്പം മൌനം വന്നു നിറഞ്ഞു..

"..ദേവേട്ടാ... ഞാനൊരു പാവം നാട്ടുമ്പുറത്തുകാരിപ്പെണ്ണാ.. ഒരു സാധാരണ കർഷകന്റെ മോള്.. താലികെട്ടിയ പുരുഷനെ ദൈവമായി കാണണോന്നാ എന്റെ അച്ഛനുമമ്മേം പഠിപ്പിച്ചിട്ടുള്ളത്.. ദേവേട്ടന്റെ താലി ഈ കഴുത്തിൽ വീണ നിമിഷം മുതല് ഞാൻ ദേവേട്ടന്റെ പെണ്ണാ.. ന്നാലും അതിമോഹോന്നൂല്ല.. ശ്രീമംഗലത്തെ ഈ രാജകുമാരന്റെ ഭാര്യയാവാനുള്ള അർഹത നിക്കില്ലാന്നറിയാം.. ന്നാലും ഒരുപാടിഷ്ടാ.. വിശ്വാസാ... ന്നാലും ഞാമ്പൊക്കോളാം.. ദേവേട്ടൻ വേറെ വല്യവീട്ടിന്ന് നല്ലൊരു പെണ്ണിനെ കെട്ടി സുഖായിട്ട് ജീവിച്ചോ..??" നിയന്ത്രിക്കാനാവാതെ നിറഞ്ഞൊഴുകുന്ന കണ്ണുകളെ തുടയ്ക്കാൻപോലും ശ്രമിക്കാതെ എന്റെ മുന്നിൽ തലകുനിച്ചു നിന്ന് അവൾ തുടർന്നു.. ഈ ലോകം മുഴുവൻ കൈപ്പിടിയിലൊതുങ്ങിയ സന്തോഷത്തിനിടയിലും എന്നെ ഇത്രയും ദിവസം വട്ടം കറക്കിയ ഈ കള്ളിപ്പൂങ്കുയിലിന്റെ കുമ്പസാരം ഞാൻ കേട്ട് നിന്നു.. എന്റെ നേരെയൊന്നു മുഖമുയർത്തി നോക്കിയിരുന്നെങ്കിൽ അവളോടുള്ള മുഴുവൻ പ്രണയവും നിറഞ്ഞു നിന്നിരുന്ന എന്റെ മുഖം അവൾക്ക് കാണാമായിരുന്നു.. എന്നാൽ എന്റെ മുഖത്ത് നോക്കാൻ ധൈര്യമില്ലാതെ അവൾ താലിയിൽ പിടിച്ച് മുഖം കുനിച്ചു നിന്നു..

"...എന്നാ ഈ താലിമാത്രം ഞാന്തരില്ല... ഇതുമാത്രം നിക്ക് വേണം..കുറച്ചു ദിവസേലും ന്റെ ദേവേട്ടന്റെ ഭാര്യാരുന്നൂന്നുള്ള ഓർമ്മയ്ക്കെങ്കിലും..." ഞാനവളുടെ താടിയിൽപിടിച്ചുയർത്തി..

"..അങ്ങനെ പോവാൻ ഞാൻ നിന്നെ വിട്ടില്ലെങ്കിലോ..??" കേട്ടത് വിശ്വസിക്കാനാവാതെ അവളൊരു നിമിഷം എന്റെ കണ്ണുകളിൽ നോക്കി നിന്നു..

"..എനിക്ക് വേണം ഈ അമ്മിണിക്കുട്ടിയെ..."

"...ദേവേട്ടാ..." അവൾ പൊട്ടിക്കരഞ്ഞുകൊണ്ട് എന്റെ മാറിൽ വീണു... എന്റെ കണ്ണുകളും നിറഞ്ഞു.. മരംകോച്ചുന്ന തണുപ്പിലും മനസ്സ് വല്ലാതെ ചൂടുപിടിച്ചിരുന്നു... എന്റെ കൈകൾക്കുതാഴെ വട്ടംപിടിച്ച് അനു എന്റെ നെഞ്ചിൽ മുഖമിട്ടുരച്ച് തേങ്ങിക്കരഞ്ഞു... അടർത്തി മാറ്റാനും, ആ മുഖമൊന്നുയർത്താനും സമ്മതിക്കാതെ ഇറുകെ പുണർന്നു നിന്നു... ഞാനവളെയുംകൊണ്ട് ആ മരക്കസേരയിൽ ഇരുന്നു.. അവളെന്റെ മടിയിൽ കനത്ത നിതംബമമർത്തി വിലങ്ങനെയിരുന്ന് ഒരു കുഞ്ഞെന്നപോലെ ഇടത്തേതോളിൽ മുഖമമർത്തിയിരുന്ന് ഏങ്ങലടിച്ചു... ഇടയ്ക്ക് എന്തോ ആലോചിച്ചിട്ടെന്നപോലെ കഴുത്തിന്റെ വശത്ത് ആ പൂവധരങ്ങൾ മുത്തമിട്ടു..

"...അതേ...!! തണുപ്പ് സഹിക്കാൻ പറ്റാതായിതുടങ്ങി... തണുത്തൊരു കാറ്റടിച്ചാൽ നാല് ദിവസം പനിക്കുന്ന ദേഹാ തന്റെ... എണീക്ക് നമുക്കകത്ത് പോവാം..."

"...ന്നെ എടുക്ക്... അന്ന് ആശുത്രീൽ കൊണ്ടോയോലെ..." മുഖമുയർത്താതെ മർമരമായി മൊഴിഞ്ഞിട്ടു വീണ്ടും തോളിൽ മുഖമമർത്തി കണ്ണടച്ചു..

"..ഹും.." ഞാനവളെ എടുത്തുകൊണ്ടുപോയി കട്ടിലിൽ കിടത്തി.. നടക്കുമ്പോൾ എന്റെ കൈകളിൽ മലർന്നു കിടന്ന ആ കള്ളിപ്പെണ്ണിനു നാണം... എന്റെ കണ്ണുകളെ നേരിടാനാവാതെ അവൾ ഇറുക്കിയടച്ചു കിടന്നു.. കട്ടിലിൽ കിടത്തി എഴുന്നേൽക്കാൻ തുടങ്ങിയതും കഴുത്തിൽ ചുറ്റിയ കൈകൾ താഴേക്കു വലിച്ചു.. ആ പവിഴച്ചുണ്ടുകൾ വിറയ്ക്കുന്നു.. കൊതിമൂത്ത് ഞാനാ ചാമ്പക്കകളിൽ ചുണ്ടമർത്താനടുത്തു..

"..ങ്ങ്ഹും.. വേണ്ട.. നിക്കിഷ്ടല്ല.." അവൾ തലവെട്ടിച്ചു.. അധരപാനം ഇഷ്ടമല്ലാത്ത പെണ്ണുങ്ങളും ഭൂമിയിലുണ്ട് എന്നത് പുതിയ പാഠമായിരുന്നു..

എന്റെ ചുടുനിശ്വാസമടിച്ച് ചുവന്നു തുടുത്ത കവിളിൽ ഞാൻ അമർത്തി ചുംബിച്ചു.. ചുണ്ട് തരാത്തതിന്റെ വാശിയിൽ എന്റെ ചുണ്ടുകൾ ആ തുടുത്ത മുഖം മുഴുവൻ മേഞ്ഞു നടന്നു.. കവിളിൽ.. ഇറുക്കിയടച്ച നീളൻകണ്ണുകളിൽ.. നെറ്റിത്തടത്തിലെ കുരുന്നുപൊട്ടിൽ.. കുറുനിരയിലെ കുങ്കുമച്ഛായയയിൽ..

www.thundukadhakal.com

നീണ്ടുരുണ്ട മൂക്കിൻ തുമ്പിൽ.. കുരുന്നുസ്വർണ്ണരോമങ്ങൾ പൊടിച്ചു നിൽക്കുന്ന മീശയിൽ.. ചുണ്ടിനു താഴെ താടിയിൽ... ട്രിംചെയ്ത് നിർത്തിയ എന്റെ താടിമീശരോമങ്ങൾ പോലും ആ പൂർണ്ണേന്ദു മുഖത്തെ ഓരോ കണികയേയും പരിചയപ്പെടാൻ തിടുക്കം കാട്ടി... ചെയ്തതെല്ലാം പിന്നെയും പിന്നെയും ആവർത്തിച്ച് അവളെ പുളകത്തിൽ ആറാടിച്ചിരുന്ന ഞാൻ അവൾക്കിഷ്ടമല്ല എന്ന് പറഞ്ഞ അധരങ്ങളെ മാത്രം ഒഴിവാക്കി..

അവസാനം വീണ്ടും മൂക്കിൻ തുമ്പിൽ നിന്ന് താടിയിലേയ്ക്ക് ചുണ്ടുകൾ ഒട്ടി വിടരുമ്പോൾ അവൾതന്നെ എന്റെ അധരങ്ങളെ വിഴുങ്ങി... വാഴക്കൂമ്പിലെ തേനിന്റെ രുചിയുള്ള ആ റോസാദളങ്ങൾ ഞാൻ കൊതിതീരെ മുത്തിയെടുത്തു.. അവളുടെ മുല്ലപ്പൂ പല്ലുകളിൽ നാവിൻതുമ്പോടി.. അവൾ പല്ലുകളകത്തി ഉമിനീർ നിറഞ്ഞ വായിൽ തെന്നിക്കളിക്കുന്ന നാവിനെ കാട്ടി... എന്റെ മാറിലമരുന്ന കരിക്കുകളുടെ ചൂടുള്ള സുഖത്തിൽ അരക്കെട്ടിൽ തേനിറ്റു തുടങ്ങുമ്പോൾ.. എന്റെ മുടിയിഴകളിൽ വിരലോടിച്ച് അവൾ ആദ്യ ചുംബനത്തിന്റെ ലഹരിയിൽ കണ്ണുകളടച്ച് അവളുടെ ദേവകുമാരന് എല്ലാം സമർപ്പിച്ച് കിടന്നു.. ദീർഘനേരത്തെ അധരപാനം നിറുത്തി എന്റെ ചുണ്ടുകൾ അകലുമ്പോൾ.. കണ്ണുകളടച്ച് അവൾ വീണ്ടും ചുണ്ടുകൾ എന്റെ മുഖത്തേയ്ക്ക് ഉയർത്തിക്കൊണ്ടു വന്നു... വിറയ്ക്കുന്ന ചുണ്ടുകളിൽ നിലയ്ക്കാത്ത കൊതി..

"...യ്യോ... ദേവീട്ടാ... നിക്കിഷ്ടല്ലാട്ടോ.. വീണ്ടാന്നേ.." എന്താ ഞാൻ നിറുത്തിയേന്നറിയാൻ ഇതളുകൾ തുറന്ന അവളെ, മുഖത്തൽപ്പം സ്ത്രൈണഭാവം വരുത്തി ഞാൻ കളിയാക്കി..

"...പോടാ കൊതിയാ... ഇഷ്ടല്ലാന്നു പറഞ്ഞാലും... ന്നെ കൊതിപ്പിച്ച് ന്നെക്കൊണ്ടന്നെ തരീച്ചില്ലേ... കൊതിയൻ..." കഴുത്തിൽ ചുറ്റിയ കൈകൾ വരിഞ്ഞു... അവൾ വീണ്ടും എന്റെ ചുണ്ടുകൾ ചപ്പിത്തുടങ്ങി.. തുറന്നു കിടന്ന വാതിലിലൂടെ ചൂളക്കാറ്റ് ദേഹം തുളച്ചു..

"..ഞാനാ വാതിലൊന്നടയ്ക്കട്ടെടീ പെണ്ണേ..??" അവളുടെ നീരാളിപ്പിടുത്തം വിടുവിച്ച് ഞാൻ പോയി വാതിലടച്ച്, ലൈറ്റ് ഓഫ് ചെയ്ത്, കട്ടിലിൽ വന്നു കിടന്നു... നെരിപ്പോടിൽ നിന്നുള്ള തീനാളങ്ങൾ മുറിയിൽ നിഴലാട്ടം നടത്തുന്നുള്ളതുകൊണ്ട് ലൈറ്റ് ഓഫാക്കിയാലും മുറിയിൽ വെളിച്ചമുണ്ട്.. പിന്നെ ചെറിയ ചൂടും.. അനുവിനോട് ആദ്യം കണ്ടപ്പോൾ മുതൽ തോന്നിയിരുന്ന വാത്സല്യത്തിന് ഇപ്പോഴും ഒരു കുറവുമില്ല... പലപ്പോഴും മുത്തിന്റെ

സംസാരവും പെരുമാറ്റവുമാണ് അനുവിന്... വാത്സല്യം തോന്നാനുള്ള കാരണം ഒരുപക്ഷേ അതായിരിക്കാം.

ഷൂവും സോക്സും അഴിച്ച് ഞാൻ കട്ടിലിൽ കിടന്നതും അവൾ പുതച്ചിരുന്ന കമ്പിളി എന്നെയും പുതപ്പിച്ച് എന്റെ നെഞ്ചിൽ തലവച്ച് അവൾ കിടന്നു... അനു എന്റെതായി എന്ന് ഇപ്പോഴും വിശ്വസിക്കാൻ കഴിയുന്നില്ല..

"...ദേവേട്ടാ.. ഈ ടീഷർട്ട് ഊരിക്കേ..."

"...എനിക്ക് തണുക്കൂടി അമ്മിണീ..."

"...തണുക്കൂല്ലാ... ഞാൻ കെട്ടിപ്പിച്ചോളാം... പ്ലീസ്...!! അവൾ കെഞ്ചി.. ഞാൻ എഴുന്നേറ്റിരുന്ന് ടീഷർട്ട് ഊരിമാറ്റി.. അവൾ അവളുടെ ബനിയനും ഊരി.. അരക്കെട്ട് വരെ മാത്രമെത്തുന്ന തോളത്ത് രണ്ടു വള്ളികൾ മാത്രമുള്ള ക്രീം കളർ ഷിമ്മിയും അടിയിൽ ക്രീം കളർ ബ്രായും... കൈപൊക്കി മുടിയൊന്നു കുടഞ്ഞ് എന്റെ കണ്ണുകളിലേയ്ക്ക് നോക്കി അവൾ വടിച്ചു മിനുക്കിയ, വരകെട്ടി മാംസംതിങ്ങിയ നഗ്നമായ കക്ഷകൾ കാണിച്ച് കൊതിപ്പിച്ചു.. അരക്കെട്ടിലുണർന്ന ആണത്തത്തെ മറന്ന് ഞാൻ മലർന്നു കിടന്നു.. "..കണ്ട്രോൾ മോനേ... കണ്ട്രോൾ.. പയ്യെത്തിന്നാൽ പനയും തിന്നാം.." (മനസ്സിലിരുന്ന് കാർന്നോൻമ്മാരാരോ ഉപദേശിച്ചു) പിന്നെയവൾ നഗ്നമായ ഇടംകൈയാൽ എന്റെ രോമാവൃതമായ നെഞ്ചിൽ വിരലോടിച്ച് തലചായ്ച്ചു കിടന്നു... അവളുടെ മാതളപ്പഴങ്ങൾ എന്റെ നെഞ്ചിന്റെ വശത്തമർന്ന് എനിക്ക് ചൂടുപകർന്നു..

"...ദേവേട്ടന്റെ മനസ്സിൽ ഒരുപാട് ചോദ്യങ്ങൾ ബാക്കിയുണ്ടാവുന്നറിയാം... ഇപ്പൊ അതൊന്നും ആലോചിക്കണ്ട.. ഞാനെല്ലാം പറയാം... അതിനൊക്കെ മുൻപ് അജുവേട്ടന് എന്താ സംഭവിച്ചേന്നു പറ..."

"..അതുപറയാം... ഇന്ന് നമ്മടെ ആദ്യരാത്രിയാ.. ഇങ്ങനെ സംസാരിച്ചിരുന്നാ മതിയോ.. കണ്ട അന്ന് മുതൽ കൊതിക്കുന്നതാ എന്റെയീ പെണ്ണിനെ... ആ കൊതി മാറ്റീട്ടു മതി ബാക്കി..."

"...യ്യോ..!! ഇന്ന് വേണ്ട ദേവേട്ടാ... ഇത്രേം ഞാന്തന്നില്ലേ.. ഇനി ബാക്കിയൊക്കെ നാളെ.."

"..അതെന്തു പണിയാടീ അമ്മിണീ.. മനുഷ്യനൊന്നു ചൂടായി വന്നപ്പോളെയ്ക്കും വെള്ളം കോരിയൊഴിച്ചു കെടുത്താതെ.. ഞാനെന്റെ പെണ്ണിനെ നേരെചൊവ്വേ ഒന്ന് കാണുവെങ്കിലും ചെയ്തോട്ടെ...??"

"..ഒന്നും വേണ്ട.. ന്റെ കുട്ടൻ ഇന്നൂടെ ക്ഷമിക്ക്ട്ടോ...?? അന്ന് രാജിയമ്മായീടെ വീട്ടിൽ രാത്രി കിടന്നപ്പോ എന്റെ പേടി മാറ്റാൻ ദേവേട്ടൻ മുറിക്കു പുറത്ത് തണുപ്പത്ത് പോയി കിടന്നില്ലേ..?? അന്നുമുതൽ പിന്നെ ഞാൻ ഉറങ്ങീട്ടില്ല... ഒരു തെറ്റും ചെയ്യാത്ത എന്റെ ദേവേട്ടനെ വേദനിപ്പിച്ചതോർത്ത്.. അറിയോ..?? അന്നുമുതൽ ഈ കാലിൽ വീണു മാപ്പ് പറഞ്ഞ് എന്റെ എല്ലാം ദേവേട്ടന് തരണോന്നും... ദേവേട്ടന്റെ ചൂടുപറ്റി ഈ നെഞ്ചിൽ ഉറങ്ങണോന്നും കൊതിക്കാത്ത ദിവസമില്ല... ഇന്നെങ്കിലും സമാധായായിട്ട് എന്റെ വാവാച്ചീടെ നെഞ്ചിൽ എനിക്കുറങ്ങണം.. നാളെ മുതൽ ദേവേട്ടൻ എന്നെ എന്ത് വേണേ ചെയ്തോ... ഇന്നൊരു രാത്രി ടെൻഷനില്ലാതെ ഞാനീചൂട്പറ്റി ഒന്നുറങ്ങട്ടെ ദേവേട്ടാ..." പറയുന്നതിനിടയിൽ നിറഞ്ഞൊഴുകിയ അവളുടെ വേദന എന്റെ നെഞ്ചിൽ പടർന്നു... എന്നെ വേദനിപ്പിച്ചതോർത്താണ് അവൾ ഉറക്കമില്ലാതെ രാത്രികൾ കഴിച്ചുകൂട്ടിയത് എന്നോർത്ത് എന്റെ കണ്ണുകളും നിറഞ്ഞു..

"..അനൂ..!! തനിക്കുറക്കം വരുന്നുണ്ടോ..??" അവൾ മിണ്ടാതായപ്പോൾ ഞാൻ നഗ്നമായ കൈയിൽ തഴുകി ചോദിച്ചു.. ഇല്ലാ എന്ന അർദ്ധത്തിൽ അവൾ തോൾ കുലുക്കി.

"..ഞാമ്പറഞ്ഞു വന്ന കാര്യം മുഴുവമ്പറഞ്ഞില്ല.."

"...എന്താ...??"

"..അജൂന്റെ കാര്യം... നമ്മളൊന്നും ഇതുവരെ അറിയാതിരുന്ന വലിയൊരു ചതിയുടെ കഥയുണ്ട് അവന്റെ ഒളിച്ചോട്ടത്തിനു പിന്നിൽ..." കഥകേൾക്കുന്ന കുട്ടിയുടെ ഭാവത്തോടെ വലിയ നീൾമിഴികൾ എന്റെ വാക്കുകളിലൂന്നി അവൾ ശ്രദ്ധിച്ചു..

"..നിങ്ങളുടെ കല്യാണത്തിന് ഇടനിന്ന ഒരു ബ്രോക്കർ രാഘവനെ താനറിയോ..??"

"..ഉം.. ഞാങ്കണ്ടിട്ടുണ്ട്.."

"..എന്നാ അജുവിനെ ചതിച്ചത് അയാളാ.. പക്ഷേ അങ്ങനെയൊരു ചതിയിലേയ്ക്ക് അജു ചെന്ന് പെടാനുണ്ടായ കാരണം താനാദ്യമറിയണം.."

"..ഉം..??"

"...വല്യച്ഛന്റെ മരണശേഷം ഒരുപാട് കഷ്ടപ്പെട്ടിട്ടുണ്ടവൻ... എങ്കിലും പഠിച്ച് എന്ജിനീയറിംഗിൽ മാസ്റ്റർ ഡിഗ്രി എടുത്ത് ബാംഗ്ലൂരിൽ ജോലി കിട്ടിയതോടെ അവന്റെയും അമ്മയുടെയും ഒക്കെ കഷ്ടപ്പാടിനു അൽപ്പം അയവ് വന്നു... പിന്നീടാ അവന് ഗൾഫിൽ ഇപ്പോഴുള്ള ജോലി കിട്ടുന്നേ.. പണ്ടുമുതലേ സ്വന്തം തീരുമാനപ്രകാരം മാത്രം ജീവിച്ചിരുന്നയാളായിരുന്നവൻ.. ആരോടും ഒന്നും പറയുന്ന സ്വഭാവമില്ല.. അതോണ്ട് അവന്റെ അമ്മയ്ക്കോ അനിയനോ അവന്റെ ബാംഗ്ലൂരിലും ഗൾഫിലുമുള്ള ഫ്രണ്ട്സിനെക്കുറിച്ചുപോലും ഒന്നുമറിയില്ലായിരുന്നു... അതുകൊണ്ട് അവനെക്കുറിച്ചറിയാൻ കുറച്ചു കഷ്ടപ്പെട്ടു... ഗൾഫിലുള്ള എന്റെയൊരു ഫ്രണ്ട് വഴി അവന്റെ കൂടെ ജോലി ചെയ്യുന്ന ഒരു റാഷിദിനെ കോണ്ടാക്റ്റ് ചെയ്തപ്പോഴാണ് അവന്റെ അവിടത്തെ ലൈഫിനെക്കുറിച്ചറിയുന്നത്.. നാട്ടിൽ വച്ച് ചിലവുകൾ കഴിഞ്ഞ് മിച്ചംപിടിക്കാൻ ഒന്നുമില്ലാതിരുന്ന അവന് ഗൾഫിലെ ഉയർന്ന ശമ്പളം വലിയ ആർഭാടമായിരുന്നു..."

"..നാട്ടിൽ എന്റെയൊക്കെ ലൈഫിനെ അസൂയയോടെ കണ്ടിരുന്ന അവന് അതുപോലെ ജീവിക്കാൻ അവസരം കിട്ടിയപ്പോൾ അതവനെ ദുർബ്ധനാക്കി... പിന്നെ അവന്റെ കൂട്ടുകെട്ടും.. ആദ്യം കമ്പനിവക അക്കോമൊഡേഷനിൽ താമസിച്ചിരുന്ന അവൻ, പിന്നീട് സ്വന്തമായി ഫ്ലാറ്റെടുത്ത് അവിടെയായി താമസം.. വിലകൂടിയ കാർ വാങ്ങി.. റാഷിദിനെപ്പോലെ നാട്ടിൽ കുടുംബവും ബാധ്യതയുമുള്ള അവന്റെ കൂട്ടുകാർ പലരും അവന്റെ ചിലവുകൾ നിയന്ത്രിക്കണമെന്ന് ഉപദേശിക്കാറുണ്ടായിരുന്നു... എന്നാൽ ഫിലോസഫി പറഞ്ഞ് അവരുടെ വായടയ്ക്കുന്ന അവൻ നന്നാവില്ല എന്ന് മനസ്സിലായതോടെ, അവന്റെ ചിലവിൽ കിട്ടുന്ന സുഖസൗകര്യങ്ങൾ അവരും ആസ്വദിച്ചു.. അതിൽ എല്ലാം പെടും.. കള്ളും, പെണ്ണും എല്ലാം.."

"..ഇതിനിടയിൽ നാട്ടിൽ വീട് പണിക്കും, ആർഭാടജീവിതത്തിനും ശമ്പളം മാത്രം തികയാതെയും വന്നപ്പോൾ അവൻ ചില ലോണുകൾ എടുത്തു... അടവുകൾ മുടങ്ങി അവസാനം അവൻ ഏതാണ്ട് രണ്ടു കോടി ഇന്ത്യൻ മണി കടക്കാരനായി.."

"...അമ്മിണീ...!! ഉറങ്ങിയോ...??" അനുവിന്റെ മൂളൽ നിന്നപ്പോൾ ഞാനവളെ കുലുക്കി വിളിച്ചു.

"..ഉം.. ഇല്ല വാവാച്ചീ... ഞാൻ കേക്കുന്നൊണ്ട്... പറഞ്ഞോ.. ഇനി ഞാൻ ഉറങ്ങിപ്പോയാലും നാളെ ഒന്നൂടെ പറഞ്ഞു തന്നേ...??" എനിക്ക് ചിരി വന്നു.. ഞാനവളുടെ നീളൻ മുടിയിഴകളിൽ വിരലോടിച്ച് തഴുകി.. നെറുകയിൽ മുത്തി... അവളൊന്നുകൂടി എന്നെ ഇറുകെപ്പുണർന്നു... വണ്ണത്തുട എന്റെ തുടയിലേയ്ക്ക് കയറ്റി വച്ച് ഒന്നനങ്ങി കിടന്നു.

"...ജയിലിൽ പോകാതെ പിടിച്ചു നിക്കാൻ അവന് അത്യാവശ്യമായി അൻപത് ലക്ഷം രൂപയോളം വേണമായിരുന്നു.. ഇപ്പോളത് അതിലും കൂടിയിട്ടുണ്ടാകും... അതിന് വഴിയില്ലാതെയിരിക്കുന്ന സമയത്താണ്... അവൻ ലീവിന് നാട്ടിൽ വരുന്നതും തന്നെ കല്യാണമാലോചിക്കുന്നതും... അല്ല.. തനിക്കെങ്ങനാ അവനെ പരിചയം..??"

"...അത്...!! കഴിഞ്ഞ വർഷം നമ്മടെ അമ്പലത്തിലെ ഉത്സവത്തിനാ ഞാൻ അജുവേട്ടനെ ആദ്യായി കാണുന്നേ.." അവൾ മുഖമുയർത്തി എന്റെ നെഞ്ചിൽ കൈകൾ പിണച്ചു വച്ച് മുഖത്തു നോക്കി പറഞ്ഞു തുടങ്ങി... "..മീനുചേച്ചീടെ കല്യാണം കഴിഞ്ഞ പുറകെ ആയിരുന്നോണ്ട് അവരും വന്നിരുന്നു.. അവരുടെ ഒപ്പം ഞാനും ആദിയും അച്ചൂമോക്കെ ഉത്സവപ്പറമ്പിൽ വർത്താനം പറഞ്ഞോണ്ടിരിക്കുമ്പോ.. അജുവേട്ടൻ അങ്ങോട്ടു വന്നു... ആദി ഞങ്ങളെ പരിചയപ്പെടുത്തി.. പിന്നെ അജുവേട്ടൻ പോകുന്നവരെ ഞങ്ങൾക്കൊപ്പം ഉത്സവം കൂടി നടന്നു... ഞാനും ആദിയും അപ്പോ കോളേജിൽ ഗസ്റ്റായി പഠിപ്പിച്ചിരുന്ന സമയാ... ആദീടെ സ്കൂട്ടറിലും കാറിലുമൊക്കെയാരുന്നു ഞാനും പോയിരുന്നത്.."

"..ഒരീസം അവള് ബസ്സിൽ പോവാന്ന് പറഞ്ഞ് ഞങ്ങള് ബസ്സിലാ കോളേജീപ്പോയത്.. അന്ന് വൈകിട്ട് ക്ലാസ് കഴിയണ സമയത്ത് അജുവേട്ടൻ

കോളേജിൽ വന്നു.. ആദിയെക്കാണാനാ വന്നേന്നു പറഞ്ഞു... പിന്നെ ഞങ്ങളെ അജുവേട്ടന്റെ കാറിൽ വീടുവരെ കൊണ്ടാന്നു വിട്ടു.. അമ്പലത്തിന്റെ അവിടെ ഞങ്ങളിറങ്ങിയപ്പോ.. എന്നെ ഇഷ്ടാന്നും എന്നെ കാണാനും സംസാരിക്കാനുമാ കോളെജില് വന്നേന്ന് പറഞ്ഞു.. അത്രേം നേരം നല്ലൊരു ഫ്രണ്ടിനെപ്പോലെ സംസരിച്ചിരുന്നയാള് അങ്ങനെ പറഞ്ഞപ്പോ എനിക്ക് ഷോക്കാരുന്നു.. പ്രേമിക്കാനും കറങ്ങാനുമൊന്നും പറ്റില്ല, കല്യാണം കഴിക്കാൻ ഉദ്ദേശമുണ്ടേ വീട്ടുകാരോട് സംസാരിക്കാൻ ഞാമ്പറഞ്ഞു.. അജുവേട്ടൻ ഒന്നും പറയാതെ പോയി.. അപ്പോഴാണ് ആദി പറഞ്ഞത്, ഉത്സവത്തിന് കണ്ട അന്നുമുതൽ അജുവേട്ടൻ എന്നെ തനിച്ചു കാണാൻ ഒരവസരമുണ്ടാക്കാൻ പറഞ്ഞ് ആദിയെ ശല്യം ചെയ്യുവാരുന്നൂന്നും.. എന്നെ ഒരുപാടിഷ്ടമാണെന്ന് പറഞ്ഞൂന്നും.. അയാക്ക് എന്നോട് സംസാരിക്കാൻ അവസരമുണ്ടാക്കാൻ വേണ്ടി ആദി മനപ്പൂർവ്വം അന്ന് വണ്ടിയെടുക്കാതിരുന്നതാന്നു പറഞ്ഞപ്പോ എനിക്ക് ദേഷ്യം വന്നു... ഞാനവളെ അടിച്ചു...”

“...ങ്ങ്ഹേ... അടിച്ചോ...?? എവിടെ.. കരണത്തടിച്ചോ..??”

“...ഉം.. നല്ലൊരെണ്ണം കൊടുത്തു.. എന്ത്യേ..?? കാമുകിയെ തല്ലിയ കാര്യം പറഞ്ഞപ്പോ കാമദേവനു നൊന്തോ...??”

“...ആ നൊന്തു... യ്യോ പാവം.. എന്റെ ആദിക്കുട്ടിക്ക് വേദനിച്ചു കാണും..” ഞാൻ അനുവിന്റെ കണ്ണുകളിൽ നോക്കി സങ്കടം അഭിനയിച്ചു... നിമിഷനേരംകൊണ്ട് ആ നീൾമിഴികൾ നിറഞ്ഞൊഴുകി.

“...ദേ... ഇനിയേതെങ്കിലും പെണ്ണിനെ നോക്കീന്നറിഞ്ഞാ... ദേവേട്ടൻ പിന്നെയീ അനൂന്റെ ശവേ കാണൂ...” എന്റെ കവിളുകളിൽ കൈത്തലമമർത്തി തേങ്ങിക്കൊണ്ട് അവൾ പറഞ്ഞു..

“...ശ്ശോ.. എന്റെ പെണ്ണേ... നീ ചത്താ പിന്നെ എനിക്കാരാടീ... എപ്പോഴുമിങ്ങനെ കണ്ണ് നിറയ്ക്കണ്ട കാര്യമില്ലാ.. ഞാൻ നിന്റെയാ.. നിന്റെ മാത്രം... നിനക്കറിയാത്ത ഒരു പാസ്റ്റുണ്ട് നിന്റെയീ ദേവേട്ടന്.. അവിടെ വേറെയും പെണ്ണുങ്ങൾ ഉണ്ടായിരുന്നു.. പക്ഷേ നിന്നെ കെട്ടിയ അന്നുമുതൽ ഈ അമ്മിണിപ്പെണ്ണ് മാത്രമേ എന്റെ മനസ്സിലുണ്ടായിട്ടുള്ളൂ.. അതിനി എന്റെ തല

മണ്ണിൽ കുത്തുന്ന കാലംവരെ അങ്ങനെയായിരിക്കും...” ഞാനവളെ എന്റെ നെഞ്ചിൽ ചേർത്ത് നെറുകയിൽ ചുംബിച്ചു.

“...എനിക്കീ വാവാച്ചീനെ വിശ്വാസാ.. പിന്നെ വേറെ പെണ്ണെന്നു പറഞ്ഞത് പഞ്ചമി അക്കയല്ലേ... അക്ക എന്നോടെല്ലാം പറഞ്ഞിട്ടുണ്ട്.. നിങ്ങള് പരിചയപ്പെട്ടകാലം മുതലുള്ളയെല്ലാം.. പിന്നെ ഒന്നൂടെപ്പറഞ്ഞു... സ്നേഹിച്ചാ ജീവൻപോലും തരുന്നയാളാന്നു.. അതോണ്ട് വിട്ടുകളയാതെ പിടിച്ചോളാൻ...” പഞ്ചമി അവളോട് എല്ലാം പറഞ്ഞിരുന്നു എന്നത് എനിക്ക് പുതിയ അറിവായിരുന്നു.. അനു പറഞ്ഞുതന്നെ ഞാനിത് അറിഞ്ഞാമതിയെന്നു അവൾ കരുതിക്കാണും..

“...അനുക്കുട്ടീ വേറെയുമുണ്ടായിരുന്നു പെണ്ണുങ്ങൾ... പഞ്ചമിയിൽത്തുടങ്ങി ആദിയിൽ അവസാനിച്ച ലിസ്റ്റല്ല അത്.. അതാ ഞാൻ പറഞ്ഞത് നിനക്കറിയില്ല എന്ന്... മനപ്പൂർവ്വം വേണമെന്ന് കരുതിയിട്ടല്ല.. നിന്റെ ദേവേട്ടന് മനസാക്ഷി സൂക്ഷിപ്പുകാരിയായിരുന്ന മുത്തുപോലും അറിയാതിരുന്ന ഒരു ജീവിതമുണ്ടായിരുന്നു... ജീവിതമല്ല... ഒരുതരം ഭ്രാന്ത്... എന്നാലും കാശുകൊടുത്ത് പെണ്ണിനെ വാങ്ങി ഉപയോഗിച്ചിട്ടില്ല... ഇങ്ങോട്ട് തേടി വന്നതായിരുന്നു... അതും ഒരുപാടൊന്നുമില്ല.. രണ്ടുപേർകൂടി.. അതിലൊന്ന് അജുവിന്റെ പഴയ കാമുകി താരയായിരുന്നു... മറ്റൊന്ന് ഹിമ, ഹിമ ഡി അൽമേഡ.. ഒരു ബ്രിട്ടീഷ് ഇന്ത്യൻ പെണ്ണ്... ഇനി നീ എന്നെ വെറുത്താലും സാരമില്ല... നീയെല്ലാമറിഞ്ഞിരിക്കണം എന്ന് തോന്നി...” അനു എന്റെ കണ്ണുകളിൽ നോക്കി... ആ മുഖത്തെ ഭാവം എനിക്ക് വായിക്കാൻ കഴിഞ്ഞില്ല... നെരിപ്പോടിലെ തീനാളങ്ങൾ അവളുടെ കണ്ണുകളിൽ പ്രതിഫലിച്ചു..

“..ഹാ.. അനൂ...” അടുത്ത നിമിഷം എന്റെ ഇടത്തേത്തോളിൽ അവളുടെ പല്ലുകളമർന്നു... തോളിലെ മാംസം അവൾ കടിച്ചു പറിച്ചു.. ചോര പൊടിഞ്ഞു.. മുഖമുയർത്തിയ അവളുടെ കണ്ണുകളിൽ കുസൃതി...

“...ഡീ.. പട്ടീ... എനിക്ക് നൊന്തു..”

“..നോവട്ടെ.. ഇനിയേതേലും പെണ്ണിന്റെ പുറകെ പോയാ, തിരിച്ചു വരുമ്പോ ഇതുപോലെ ഞാൻ കടിച്ചു തിന്നും നിന്നെ... പിന്നെ ഞങ്ങള് പെണ്ണുങ്ങൾക്ക് താലീം കുങ്കുമോം ഒക്കേണ്ട് കമ്മിറ്റടാന്നു തിരിച്ചറിയാൻ... ദേവേട്ടന്റെ കൈയിലെ മോതിരത്തീപ്പോലും എന്റെ പേരില്ല.. അതോണ്ട് ഈ പാടു കെടന്നോട്ടെ..

ഇനിയേതേലും പെണ്ണ് പുറകെ വന്നാ ഈ പാട് കാണിച്ച് കൊടുത്താ മതി... എനിക്ക് ഇങ്ങനെയൊരു കൊതിച്ചിപ്പാറു കാത്തിരിപ്പൊണ്ടെന്നു പറഞ്ഞേക്കണം... കേട്ടല്ലോ...” അതും പറഞ്ഞ് കടിച്ചപാടിൽ അവൾ മുത്തി.. പലതവണ..

“...സാരല്ലാട്ടോ... ദേവേട്ടന്റെ അമ്മിണിയല്ലേ കടിച്ചേ...” അവളെന്റെ മുഖം മുഴുവൻ മുത്തം കൊണ്ടുമൂടി... എല്ലാം അനുവിനോട് തുറന്നുപറഞ്ഞു കഴിഞ്ഞപ്പോഴും മനസ്സിൽ വല്ലാത്ത കുറ്റബോധമായിരുന്നു.. എങ്കിലും അനുവിന്റെ സ്നേഹം എന്നെ കീഴ്പ്പെടുത്തിക്കളഞ്ഞു... ഇനി ഇവളല്ലാതെ എന്റെ ജീവിതത്തിൽ മറ്റൊരു പെണ്ണില്ല എന്ന് ഞാൻ പ്രതിജ്ഞ എടുത്തു കഴിഞ്ഞിരുന്നു...

“...എന്നട്ട് ഞാമ്പാക്കി പറഞ്ഞില്ലല്ലോ...?? പറയട്ടെ..??”

“...ഉം.. പറ..” എന്റെ ശബ്ദത്തിന് ബലമില്ലായിരുന്നു... ഈ അമ്പോറ്റിപ്പെണ്ണിന്റെ കളങ്കമില്ലാത്ത സ്നേഹത്തിനു മുന്നിൽ എന്റെ മനസ്സ് ആർദ്രമായി... എന്റെ കണ്ണുകൾ നിറഞ്ഞു..

“..ദേവേട്ടാ.. കരയുവാണോ.. യ്യോ... ഞാൻ കടിച്ചത് വല്ലാതെ വേദനിച്ചൂല്ലേ... സോറി.. ഞാനപ്പോഴത്തെ തോന്നലിന്...!! വേണേ ന്നെ തിരിച്ചു കടിച്ചോ..??”

“...നീയെന്തിനാടീ എന്നെ ഇത്രയധികം സ്നേഹിക്കുന്നേ...?? ഇത്രയൊക്കെ കേട്ടാ ഏത് പെണ്ണും ആ നിമിഷം കളഞ്ഞിട്ടു പോവും.. എന്നിട്ടും.. നീയെന്താടീ ഇങ്ങനെ...??

“...അറീല്ല... ദേവേട്ടനെ വെറുക്കാൻ എനിക്കാവൂല്ല... ഇതെന്റെ വാവാച്ചിയല്ലേ... ഒരു കൊച്ചിനെപ്പോലെ മുത്ത് കൊണ്ടുനടക്കുവാരുന്നു ദേവേട്ടനേന്ന് അക്ക പറഞ്ഞിട്ടൊണ്ട് .. ഇനി മുതല് ഇതെന്റെ കൊച്ചാ... ഇനി പഴയതൊന്നും ആലോചിക്കണ്ട... ഓ.കെ..?? അവളെന്റെ കണ്ണുകളിൽ മുത്തി.. എന്റെ മുഖം മാറിലമർത്തി..

"...ഉം.. എനിക്കുറക്കം വരണൂ.. വാവാച്ചീം ഉറങ്ങിക്കോ.. ബാക്കി കഥയൊക്കെ നാളെപ്പറയാം..." ഇത്രയും ദിവസത്തെ ഉറക്കക്ഷീണം മാറ്റാൻ എന്റെ മാറിലുറങ്ങാനാഗ്രഹിച്ച അനുവിന്റെ മാറിലെ പഞ്ഞിക്കുടങ്ങളുടെ മാർദ്ദവമുള്ള ചൂടുപറ്റി ഞാനവളെ പുണർന്നു കിടന്നു... അവളെന്നെ ഒരു കുഞ്ഞിനെയെന്നവണ്ണം കൈത്തണ്ടയിൽ കിടത്തി.. തല മാറോടടക്കിപ്പിടിച്ച് എന്റെ പുറത്തു തഴുകി ഉറക്കി.. കുറേ നാളുകൾക്ക് ശേഷം ഞാനാദ്യമായി ഇടയ്ക്ക് ഉറക്കമുണരാതെ എന്റെ പെണ്ണിന്റെ സ്നേഹക്കടലിൽ നീരാടി നേരം വെളുക്കുന്ന വരെ സുഖമായുറങ്ങി..

അനുപമ രവീന്ദ്രൻ, അനുപമ ദേവനായി മാറിയിട്ട് ഇന്ന് കൃത്യം രണ്ടാഴ്ച്ച... ഇനി ഏറിയാൽ രണ്ടോ മൂന്നോ ആഴ്ച്ചകൾ കൂടി... അജ്ഞാതവാസം മതിയാക്കി അജു തിരിച്ചു വരുന്നതോടെ അവളുടെ പേരിനറ്റത്തെ ദേവൻ എന്ന പേരിനു മാറ്റം വരും..

മണ്ണാർക്കാട് ടൌണിനടുത്ത് പണി നടക്കുന്ന മൾട്ടിസ്പെഷ്യാലിറ്റി ഹോസ്പിറ്റലിന്റെ സൈറ്റിൽപ്പോയി പ്രോഗ്രസ് വിലയിരുത്തി എൻജിനീയർമാർക്ക് ആവശ്യമുള്ള നിർദ്ദേശങ്ങളൊക്കെ നൽകി ഉച്ചയോടെ തിരിച്ചു പോരുന്നമ്പോൾ മനസ്സ് കലുഷിതമായിരുന്നു.. അനു എന്റെയാരുമല്ല എന്ന് മനസ്സിനെ പറഞ്ഞു പഠിപ്പിക്കാൻ ഞാൻ ശ്രമിച്ചുകൊണ്ടേയിരുന്നു.

പക്ഷേ അവളെ ആദ്യം കണ്ടപ്പോൾ മുതൽ തോന്നിയ ഇഷ്ടം... കന്യാവന്ദനത്തിന്റെ ചടങ്ങുകൾ നടക്കുന്നതിനിടെ അടുത്തു നിന്ന അഞ്ചുവിനോടും മുത്തിനോടുമെല്ലാം ഞാൻ സംസാരിക്കുമ്പോൾ എന്നെത്തന്നെ ശ്രദ്ധിച്ചിരുന്ന അവളുടെ കരിങ്കൂവളമിഴികൾ... ഇടയ്ക്ക് തമ്മിലിടഞ്ഞപ്പോളെല്ലാം ആ നീൾമിഴികളിൽ കണ്ട നാണം.. മനസ്സുകൊണ്ട് അവൾ അജുവിന്റെ പെണ്ണാണ് എന്നു വിശ്വസിക്കാൻ ശ്രമിക്കുമ്പോഴെല്ലാം മനസ്സിൽ തെളിഞ്ഞ ആ പൂർണ്ണേന്ദു മുഖം.. ഞാനറിയാതെ അവളെന്റെ ഖൽബിൽ ചേക്കേറുകയായിരുന്നു.. അവളോട് തോന്നിയ ആ ഇഷ്ടമാകാം അവളുമായി ഏറെ സമാനതകളുള്ള അഞ്ചുവിനെയെങ്കിലും സ്വന്തമാക്കണം എന്ന് മനസ്സിൽ കോറിയിടാൻ കാരണമായത്.

അന്ന് രാത്രി മാണിക്യന്റെ വീട്ടിൽ എന്റെ നെഞ്ചിലുറങ്ങിയിരുന്ന മല്ലിമോളെ അടർത്തിമാറ്റി ജനലിലൂടെ ലക്ഷദീപശോഭയിൽ കുളിച്ചു നിന്ന ശ്രീമംഗലത്തെ ഞാൻ നോക്കിനിന്നത്, അവിടെ ഗസ്റ്റ്റൂമിൽ ഉറങ്ങുന്ന ആ സുരസുന്ദരിയുടെ

നിറതാരുണ്യം പിറ്റേന്ന് രാത്രി അജുവിന്റെ മണിയറയിൽ കുടമുല്ലപ്പൂക്കൾക്കൊപ്പം അവന്റെ കൈകളാൽ ഞെരിച്ചുടയ്ക്കപ്പെടും എന്ന തിരിച്ചറിവ് എന്റെ ഉറക്കം കെടുത്തിയതുകൊണ്ടായിരുന്നില്ലേ..?? രാവിലെ പാർളറിലേയ്ക്കുള്ള യാത്രയിൽ മിററിലൂടെ പിൻസീറ്റിലിരുന്ന അവളെ ഞാൻ ഇടയ്ക്കിയ്ക്ക് നോക്കിയപ്പോഴെല്ലാം എന്റെ നോട്ടം നേരിടാനാവാതെ മുഖം കുനിച്ചിരുന്നപ്പോൾപോലും അവളുടെ കൺകോണിൽ വിരിഞ്ഞ തിളക്കം ഞാൻ ശ്രദ്ധിച്ചിരുന്നു... എന്നിട്ടും അവളെന്റെ ഭാര്യയായപ്പോൾ അവളെയൊന്നു തൊട്ടു നോക്കാൻപോലും എനിക്ക് കഴിയാതിരുന്നത് അവൾക്ക് വേദനിക്കുമോ എന്ന് പേടിച്ചിട്ടായിരുന്നില്ലേ.. അവൾക്ക് വേദനിക്കുന്നത് എനിക്ക് സഹിക്കാൻ കഴിയില്ലായിരുന്നോ..? അത്രയധികം അവളെ ഞാൻ പ്രണയിക്കുന്നുണ്ടോ...? ഇപ്പോൾ നഷ്ടപ്പെടാൻ പോകുന്നു എന്ന തിരിച്ചറിവ് എന്റെയുള്ളിൽ നൂറു നൂറു ചോദ്യങ്ങൾ നിറച്ചു.. ഇത്ര ദിവസം അവളെന്റെ കൂടെയുണ്ടായിരുന്നപ്പോൾപോലും തോന്നിയിട്ടില്ലാത്ത നഷ്ടബോധം എന്നെ കീഴ്പ്പെടുത്താൻ തുടങ്ങുന്നു.

അവൾക്കെന്നോട് സ്നേഹമുണ്ടോ..?? ദേവേട്ടനെയാണ് എനിക്ക് മറ്റാരെക്കാളും വിശ്വാസമെന്ന് പറയുമ്പോൾ അവളുടെ മുഖത്ത് കണ്ടഭാവം.. അതിൽ എന്നോടുള്ള പ്രണയമുണ്ടായിരുന്നോ...?? അവളുടെ വീട്ടിൽ വിരുന്നിനു പോയിട്ട് വന്ന ശേഷമുള്ള ഈ ഒരാഴ്ച്ച... അവളിൽ നിന്നും ഒഴിഞ്ഞുമാറി നടക്കാൻ ഞാൻ ശ്രദ്ദിച്ചിരുന്നു... ഞാൻ സ്റ്റഡി റൂമിൽ ഉറങ്ങാൻ തുടങ്ങിയതിനു ശേഷം ഒരുവാക്കുപോലും തമ്മിൽ മിണ്ടിയിട്ടില്ല.. എന്നിട്ടും എന്റെ കാര്യങ്ങളിൽ ഒരു കുറവും അവൾ വരുത്തിയിരുന്നില്ല... രാവിലെ ഞാൻ ജോഗിംഗ് കഴിഞ്ഞു വരുമ്പോൾ എനിക്കുള്ള ചായയും ഇടാനുള്ള ഡ്രസ്സും മുറിയിൽ റെഡിയായിരിക്കും...

കുളി കഴിഞ്ഞു ഡ്രസ്സുംമാറി വരുമ്പോൾ തീന്മേശയിൽ പ്രാതൽ തയ്യാറായിരിക്കും.. ഒപ്പം ഓഫീസിലേയ്ക്ക് കൊണ്ടുപോകാനായി ഞാൻ എടുത്ത് വച്ചിരുന്ന ബാഗും.. രാത്രി ഞാൻ തിരിച്ചെത്തുമ്പോൾ സ്റ്റഡിറൂമിലെ സോഫയിൽ ഒരു ബെഡ്ഷീറ്റ് വിരിച്ചു തലയിണയും പുതപ്പും വച്ചിട്ടുണ്ടാകും... ഞങ്ങൾ രണ്ടുപെരുമാണ് ഫസ്റ്റ് ഫ്ലോറിൽ ആദ്യം എഴുന്നേൽക്കുന്നവർ.. എന്റെ മുറിയിലല്ല ഞാൻ ഉറങ്ങുന്നത് എന്ന് മറ്റാരും കണ്ടെത്താതിരിക്കാൻ രാവിലെ ഞാൻ ജോഗിങ്ങിനു പോയി വരുമ്പോൾ അതൊക്കെ അവൾ മാറ്റിയിരിക്കും.. എന്റെ മുഖത്തുപോലും നോക്കാറില്ല എങ്കിലും.. മുൻപ് മുത്ത് ചെയ്യാറുണ്ടായിരുന്നപോലെ എന്റെ എല്ലാ കാര്യങ്ങളും അവൾ കണ്ടറിഞ്ഞു ചെയ്തിരുന്നു... ഇതിനിടയിൽ ഞാൻ അവളെ കൂടുതൽ അറിയുകയായിരുന്നു..

വ്യാഴാഴ്ച്ച രാവിലെ ഞാൻ എഴുന്നേൽക്കാൻ വൈകി.. അതുകൊണ്ട് ഉണർന്ന പുറകെ ഞങ്ങളുടെ മുറിയിലേക്കാണ് ആദ്യം പോയത്... വേറൊന്നുമല്ല മുള്ളാൻ മുട്ടിയിട്ടു പാടില്ലായിരുന്നു... സാധാരണ ജോഗിങ്ങിനു പോയി പാടത്തിന്റെ അടുത്തെത്തുമ്പോൾ ഓപ്പണായി നല്ല കാറ്റൊക്കെകൊണ്ട് നീട്ടിപ്പിടിച്ചു നിന്ന് മുള്ളാറാണ് പതിവ്... എന്നാൽ അന്ന് അവിടെ എത്തുന്നത് വരെ സഹിക്കാൻ പറ്റില്ലായിരുന്നു.. മുള്ളിക്കഴിഞ്ഞു ഇറങ്ങിയപ്പോഴാണ് അനു മുറിയിൽ ഇല്ല എന്ന കാര്യം ഞാൻ ശ്രദ്ധിക്കുന്നത്... ഇവളിതെവിടെപ്പോയി എന്നാലോചിച്ചു നിക്കുമ്പോഴാണ് ബാൽക്കണിയുടെ ഭാഗത്ത് നിന്ന് ഒരു പാട്ട് കേൾക്കുന്നത്.. ചെന്ന് നോക്കിയപ്പോൾ മൊബൈലിൽ അധികം ഉച്ചത്തിലല്ലാതെ പാട്ട് വച്ച് നൃത്തം ചെയ്യുന്ന അനു.. വാതിലിന്റെ എതിർവശത്തേയ്ക്ക് തിരിഞ്ഞു നിന്ന് നൃത്തം ചെയ്യുന്ന അവളുടെ അംഗലാവണ്യം ഞാൻ നോക്കി നിന്നു.. പച്ച ചുരിദാറും വെള്ള ലെഗ്ഗിംഗ്സും ധരിച്ച്, വെള്ള ഷാൾ അരയിൽ കെട്ടി, മുടി പിന്നിയിട്ട്, താളത്തിൽ ചുവടുവയ്ക്കുന്ന അവളുടെ താരുണ്യമേനി തുളുമ്പുന്ന കാഴ്ച്ച അത്ര നയനമോഹനമായിരുന്നു..

അനു നൃത്തം ചെയ്യുമെന്നത് എനിക്കൊരു പുതിയ അറിവായിരുന്നു...അവളുടെ വീട്ടിൽ ചെന്നപ്പോൾ പൂജാമുറിയിൽ ഒരു വീണ ഇരിക്കുന്നത് കണ്ടിരുന്നു... സന്ധ്യാസമയത്ത് ദീപം കൊളുത്തിയശേഷം അനുവോ അഞ്ചുവോ അത് മീട്ടി കീർത്തനം പാടാറുണ്ട് എന്നമ്മ പറഞ്ഞിരുന്നു.. അപ്പോഴും അനു ഒരു നർത്തകിയാണ് എന്ന് പറഞ്ഞിരുന്നില്ല... അഞ്ചുവിനേക്കാൾ അൽപ്പം തടിയും കൊഴുപ്പുമുണ്ട് അനുവിന്.. തടിവയ്ക്കുന്ന പ്രകൃതമാണെന്ന് കണ്ടാൽത്തന്നെ അറിയാം.. എന്നിട്ടും ശരീരത്തിന്റെ ഒതുക്കവും അഴകളവുകളും അവൾ നിലനിർത്തുന്നത് സ്ഥിരമായി നൃത്തം ചെയ്യുന്നതുകൊണ്ടാവും.. അവളുടെ വിരിഞ്ഞ നിതംബഭംഗിക്ക് കാരണവും ഈ ശീലമാകും എന്ന് തോന്നി..

മൊബൈൽ പാടിയിരുന്ന കീർത്തനം തീർന്നു.. ഇരു ചൂണ്ടുവിരലുകളും തമ്മിൽ കൊരുത്ത് മുകളിലേയ്ക്കുയർത്തി, വലത് കാലിന്റെ പെരുവിരലിൽ ഉയർന്ന്, തല അൽപ്പം വലത്തോട്ട് ചെരിച്ച്, അവൾ നൃത്തം അവസാനിപ്പിക്കുമ്പോൾ അവളുടെ മോഹന നടനത്തിൽ ലയിച്ച് പുറകിൽ നിന്നിരുന്ന എന്നെ അവൾ കണ്ടു... നാണിച്ച് ചിരിച്ചുകൊണ്ട് മുഖം കുനിച്ച അവളുടെ മുഖത്ത് ആ ഭാവം അറിയാതെ വന്നതാണെന്ന് തോന്നി... അടുത്ത നിമിഷം ആ പഴയ നിസ്സംഗഭാവം തിരികെ വന്നു.. ഞാനൊന്ന് ചിരിച്ച് കൈകൊണ്ട് അസ്സലായി എന്ന് മുദ്രകാണിക്കുമ്പോഴും ആ ഭാവത്തിൽ മാറ്റമില്ല.. ഞാനൊന്നും പറയാതെ ജോഗിങ്ങിനു പോയി.. എന്നാൽ ഗെയിറ്റ് കടന്ന് ഞാൻ പുറത്തേയ്ക്ക് പോകുമ്പോൾ ബാൽക്കണിയിൽ അവൾ എന്നെ നോക്കി നിൽക്കുന്നുണ്ടായിരുന്നു..

യാത്ര വയനാട്ടിലേയ്ക്കായതുകൊണ്ട് ഞാൻ ശ്രീക്കുട്ടന്റെ എൻഡേവർ രാവിലെ ഓഫീസിലേയ്ക്ക് പോകുന്നതിനു മുൻപായി ബുക്ക് ചെയ്തിരുന്നു... പകരം എന്റെ ഓഡി തരാമെന്നു പറഞ്ഞപ്പോഴേ അവൻ സന്തോഷത്തോടെ അവന്റെ കാർ എനിക്ക് തന്നു... ചിറ്റപ്പന്റെ റിസോർട്ടിലേയ്ക്ക് രണ്ടു വഴികളുള്ളതിൽ ഒന്ന് ഓഫ് റോഡ് ഡ്രൈവിന് പറ്റിയ വഴിയാണ്... ഏകദേശം രണ്ടു കിലോമീറ്റർ... അതും സഞ്ചാരികൾക്ക് ഒരു അനുഭവമാകും എന്നതുകൊണ്ട് ആ വഴി നന്നാക്കാതെ ഇട്ടിരിക്കുകയാണ്... എൻഡേവർ എടുക്കാൻ തീരുമാനിക്കാനുള്ള പ്രധാന കാരണം അതായിരുന്നു..

ഉച്ചയൂണും കഴിഞ്ഞ് ഞങ്ങൾ പുറപ്പെടാൻ ഒരുങ്ങി... അനുവിന്റെ മുഖത്ത് എപ്പോഴത്തെയും പോലെ ആ നിസ്സംഗത മാത്രം.. ഒന്ന് ചിരിച്ചു കണ്ടിരുന്നെകിൽ എന്ന് തോന്നി... ഞാൻ മുറിയിൽ ചെല്ലുമ്പോൾ അവൾ ഡ്രസ്സ് മാറി നിൽക്കുന്നു.. കട്ടിലിനടുത്ത് അൽപ്പം കുനിഞ്ഞു നിന്ന്, കൊണ്ടുപോകാൻ ഒരുക്കി വച്ചിരുന്ന ബാഗുകളിൽ എല്ലാം ഉണ്ട് എന്ന് ഉറപ്പുവരുത്തുകയാണ് അവൾ.. കറുപ്പിൽ ശൽക്കങ്ങൾ പോലെ മെറൂൺ ഡിസൈനുള്ള ഫുൾ സ്ലീവ് അനാർക്കലിയാണ് അവളുടെ വേഷം... അതെ ഡിസൈനുള്ള ഷാൾ ഇടത്തെ തോളിൽ മുന്നോട്ടും പിന്നോട്ടുമായി പകുത്ത് ഇട്ടിട്ടുണ്ട്.. മുടി പിന്നിയിടുകയോ കെട്ടിവയ്ക്കുകയോ ചെയ്യുന്ന ശീലം അവൾക്കില്ല.. നിതംബം മുട്ടുന്ന കനത്ത കോലൻമുടി മിക്കവാറും അലസമായിട്ടിരിക്കും.. മുഖത്തേയ്ക്ക് വീണു കിടക്കുന്ന അളകങ്ങൾ ചെവിക്കു പിറകിൽ തിരുകി വയ്ക്കും അത്രമാത്രം.. കുനിഞ്ഞു നിൽക്കുന്ന അവളുടെ വീണക്കുടങ്ങൾക്ക് ഇടയിലേയ്ക്ക് കയറി കിടക്കുന്ന ടോപ്പിന്റെ പിൻഭാഗം ആ മുഴുപ്പ് എടുത്ത് കാണിക്കുന്നു... മുറിയിലേയ്ക്ക് വന്ന എന്നെ വരവേറ്റ ആ കാഴ്ച്ച നോക്കി ഞാൻ കുറച്ചുനേരം വാതിൽക്കൽ തന്നെ നിന്നു..

"..എല്ലാം ഓ.കെ..." ബാഗിൽ എല്ലാമുണ്ടെന്നു ഉറപ്പുവരുത്തി നിവർന്ന അവൾ ദീർഘനിശ്വാസത്തോടെ പറഞ്ഞിട്ട് തിരിഞ്ഞതും വാതിൽക്കൽ നിൽക്കുന്ന എന്നെ കണ്ട് ചമ്മി നിന്നു.. പുറമേ വല്യ ഗൌരവക്കാരിയാണെങ്കിലും അവളുടെ ഉള്ളിൽ ഒരു കുസൃതിക്കുടുക്ക ഒളിച്ചിരുപ്പുണ്ട് എന്ന് ഞാൻ മനസ്സിലാക്കിയിരുന്നു.. അവളെക്കടന്നു ഡ്രസ്സിംഗ് ടേബിളിനടുത്തേയ്ക്ക് നടക്കുമ്പോൾ ആ കണ്ണുകളിൽ ആ കുസൃതി മിന്നി.. ഞാൻ കരിമ്പച്ചയിൽ കറുത്ത സ്ട്രൈപ്സുള്ള ഫുൾസ്ലീവ് ടീഷർട്ടും ബ്ലാക്ക് ജീൻസുംമിട്ടിറങ്ങി.. ബ്ലാക്ക് എൻഡേവർ കുതിച്ചു പാഞ്ഞു..

ചാഞ്ഞു തുടങ്ങുന്ന അസ്തമയ സൂര്യന്റെ കിരണങ്ങൾ നിഴലാട്ടം നടത്തുന്ന വഴികളിലൂടെ ഞാൻ വണ്ടി ഓടിച്ചുകൊണ്ടിരുന്നു.. എന്നെ ശ്രദ്ധിക്കാതെ

പുറത്തെ കാഴ്ച്ചകൾ നോക്കിയിരുന്ന അനു പതുക്കെ ഉറങ്ങി.. മൂന്ന് മണിക്കൂർ യാത്രയുണ്ട്.. ചുരം കയറുന്നതിനു മുൻപായി ഞാൻ അനുവിന് വേണ്ടി കുറച്ച് സെറ്റിംഗ് ഡ്രസ്സുകളും ജാക്കറ്റും മറ്റും വാങ്ങി.. ബാഗിൽ എല്ലാമുണ്ടെന്നു ഉറപ്പു വരുത്തുന്നതിനിടയിൽ അവൾ എടുക്കാൻ മറന്നിരുന്നവ... മറന്നതല്ല അവൾക്ക് അങ്ങനെയുള്ള ഡ്രസ്സുകളൊന്നും ഇല്ലായിരുന്നു... ഞാൻ വണ്ടി നിർത്തിയതും, ഷോപ്പിൽ കയറിയതുമൊന്നും ഉറക്കത്തിലായിരുന്ന അവളറിഞ്ഞിരുന്നില്ല.. ചുരം കയറുന്നതിനിടെ മർദ്ദവ്യത്യാസം അനുഭവപ്പെട്ടുതുടങ്ങിയപ്പോൾ അനു ഉണർന്നു..

ഇരുട്ട് വീണു തുടങ്ങിയ ശേഷമാണ് ഞങ്ങൾ റിസോർട്ടിൽ എത്തിയത്.. കൃഷിക്കായി പണ്ട് ചിറ്റപ്പൻ വാങ്ങിയതായിരുന്നു ഈ എസ്റ്റേറ്റ്... എന്നാൽ കൃഷിക്കൊപ്പം ടൂറിസത്തിനും സ്കോപ്പുണ്ട് എന്ന് മനസ്സിലാക്കി ഇവിടം ഒരു റിസോർട്ട് സെറ്റപ്പിലേയ്ക്ക് പുള്ളിക്കാരൻ മാറ്റുകയായിരുന്നു... വരുന്ന ടൂറിസ്റ്റുകൾക്ക് ഭക്ഷണം ഉണ്ടാക്കാനും മറ്റും ഒരാളെ വേണമെന്നുള്ളതുകൊണ്ട് ചിറ്റയും ഇങ്ങോട്ട് പോന്നു.. മക്കൾ രണ്ടുപേരും നാട്ടിൽത്തന്നെയാണ്.. കാടുപോലെ ഇരുവശവും മരങ്ങൾ നിറഞ്ഞു നിൽക്കുന്ന മൺപാതയിലൂടെ കാറ് ചെന്ന് നിന്നത്, റിസോർട്ടിന്റെ റിസപ്ഷൻ ഉൾപ്പെടുന്ന കെട്ടിടത്തിനു മുന്നിലെ വിശാലമായ പാർക്കിംഗ് ഏരിയയിലേയ്ക്കാണ്..

കോടയിറങ്ങി നല്ല തണുപ്പായിരുന്നു.. കാറിൽ ഓട്ടോമാറ്റിക് ക്ലൈമറ്റ് കണ്ട്രോൾ ഉള്ളതുകൊണ്ട് അകത്ത് അധികം തണുപ്പ് അറിഞ്ഞിരുന്നില്ല.. എന്നാൽ ഡോർ തുറന്നു പുറത്തിറങ്ങിയതും ചൂളക്കാറ്റ് ചെവിതുളച്ചുതുടങ്ങി.. പുറത്തിറങ്ങിയ അനു വിറച്ചുകൊണ്ട് കൈകൾ കൂട്ടിത്തിരുമ്മി ചുറ്റും നോക്കി.. റിസോർട്ടിന്റെ മുറ്റം ഒരു വശം മണ്ണ് ചെത്തിയിറക്കിയ ഭാഗവും മറുവശം ചെരിഞ്ഞ ഗാർഡനുമാണ്... അവിടന്ന് താഴേക്ക് നോക്കിയാൽ കനത്ത കോടമഞ്ഞിലൂടെ ഇടയ്ക്ക് കാണുന്ന വീടുകളിലെ വെളിച്ചങ്ങൾ മിന്നാമ്മിന്നികൾ പോലെ തോന്നിച്ചു.. മണ്ണ് ചെത്തിയിറക്കിയ ഭാഗത്താണ് ഞാൻ കാർ പാർക്ക് ചെയ്തത്.. ബാഗിൽ നിന്ന് ഞാനൊരു ജാക്കറ്റെടുത്ത് ടീഷർട്ടിന്റെ മുകളിൽ ധരിച്ചു..

"..ആ എത്തിയോ രണ്ടും.." അനുവിന് പുതയ്ക്കാൻ ഞാനൊരു ഷാൾ എടുത്ത് വന്നപ്പോഴേക്കും ചിറ്റ വന്ന് അവൾക്കൊരു വൂളൻ ഷാൾ നൽകി..

"..ഇതെന്താടാ നിങ്ങൾ ഇത്ര വൈകിയേ.. ഞാങ്കരുതി ഇന്നിനി നിങ്ങൾ വരില്ലാരിക്കൂന്നു.." എന്റെ നേരെ ചൂടായിട്ട് അനുവിന്റെ കൈയും പിടിച്ച് നടന്ന ആ തടിച്ചിപ്പാറുവിനെ ഞാൻ പുറകിൽ നിന്നും പുണർന്നു.

"...തണുക്കണു ചിറ്റേ...!!" ഞാൻ കവിളിൽ ചുണ്ടമർത്തി സ്നേഹിക്കുമ്പോൾ എന്റെ കുറ്റിത്താടിയിൽ പതുക്കെ ഉഴിഞ്ഞ് ചിറ്റ പതുക്കെ നടന്നു... തുളുമ്പുന്ന ആ സ്ഥൂലദേഹിണിയുടെ ചൂടോട്ടി, അരയിൽ ചുറ്റിപ്പിടിച്ച് ഞാൻ കൂടെ നടന്നു.. ചിറ്റ ചേർത്ത് പിടിച്ചിരുന്ന അനുവിന്റെ വയറിന്റെ വശം ചിറ്റയുടെ അരയിലിരുന്ന എന്റെ പുറംകൈയിൽ അമർന്നു.

"...ഡാ തെമ്മാടീ.. ഇപ്പഴും കുഞ്ഞാന്നാ ഇവന്റെ വിചാരം.. കേട്ടോ മോളേ.. പണ്ട് എന്റെ വീട്ടിൽ വന്നാൽ എന്റെ സാരിത്തുംബേന്നു മറാത്ത ചെറക്കനാ.. ഇപ്പൊ ഇവൻ ഇങ്ങോട്ടൊന്നു വന്നിട്ട് എത്ര നാളായെന്നറിയോ...?? അതെങ്ങനാ വീട്ടിൽത്തന്നെ ഇവനെ കാണാൻ കിട്ടൂല്ലാന്ന് ചേച്ചി വിളിക്കുമ്പോളൊക്കെപ്പറയും.."

"..അതിനു ഞാനിങ്ങു വന്നില്ലേ എന്റെ ചിറ്റപ്പെണ്ണേ..??" ഞാൻ കവിളുരുമ്മി കൊഞ്ചി.. അമ്മയുടെ തനിപ്രകൃതമാണ് ചിറ്റയ്ക്കും.. അൽപ്പം കൂടി ഉയരമുണ്ട്.. കണ്ടാൽ മമ്മൂക്കയുടെ നായികയാവുന്ന കാലത്തെ സീമചേച്ചിയുടെ ഒരു ലുക്കാണ്.. പ്രത്യേകിച്ച് ആ തടിച്ച ചുണ്ടുകൾ... ഈ ചിറ്റയുടെ അപ്പത്തിന്റെ രുചിയോർത്ത് മാത്രം കൌമാരകാലത്ത് ഞാനീ മലകേറിയിട്ടുണ്ട് പലവട്ടം.. തെറ്റിദ്ധരിക്കണ്ട.. ഞാൻ വന്നാൽ ചിറ്റ നല്ല കള്ളപ്പവും തേങ്ങാപ്പാലൊഴിച്ച ബീഫ് സ്റ്റൂവും ഉണ്ടാക്കിത്തരും.. അതിന്റെ ഒരു രുചി.. ൽസൂ... നാവിന്റെ തുമ്പിൽ ഇപ്പോഴുമുണ്ട്..

റിസപ്ഷൻ ഉൾപ്പെടുന്ന ഈ കെട്ടിടമാണ് ചിറ്റപ്പൻ ഇവിടെ കൃഷിതുടങ്ങിയ കാലത്ത് ആദ്യം പണിതത്.. അന്നിത് വീടായിരുന്നു.. പിന്നീട് റിസോർട്ടിനു വേണ്ടി പുറകിൽ കോട്ടേജുകളും ഒരു ഡോർമിറ്ററിയും കൂടിപ്പണിത കാലത്ത് വീടിന്റെ മുൻവശത്തെ തിണ്ണ പൊളിച്ച് ഒരു ഹാളാക്കി റിസപ്ഷനാക്കി മാറ്റിയെടുക്കുകയായിരുന്നു.. ചിറ്റപ്പനും ചിറ്റയും പണിക്കാരുമൊക്കെ ഇപ്പോഴും ഈ കെട്ടിടത്തിൽ തന്നെയാണ് താമസം.. റിസോർട്ടിലെ പാചകപ്പുരയും ഈ കെട്ടിടത്തിലാണ് ..

ഇതിനു പുറകിലായി ഡോർമിറ്ററി.. അതുകഴിഞ്ഞ് മരകൂട്ടങ്ങൾക്കിടയിൽ കോട്ടേജുകൾ.. അവ ഓരോന്നും തമ്മിൽ ആവശ്യത്തിനു അകലമുണ്ട്.. ഞങ്ങൾ അകത്തേയ്ക്ക് കയറിയതും ഉടുമുണ്ടിൽ കൈതുടച്ചുകൊണ്ട് ചിറ്റപ്പൻ അടുക്കള ഭാഗത്ത് നിന്നും വന്നു... ബനിയനു മുകളിൽ സ്വറ്ററും കാലിൽ സോക്സും ഷൂവും ധരിച്ച് വന്ന പുള്ളിക്കാരൻ ഒരു നിറഞ്ഞ ചിരിയോടെ ഞങ്ങളെ വരവേറ്റു..

"..ഡാ.. ചെറുക്കാ നീയീ വഴിയൊക്കെ മറന്നൂല്ലേ.. ഞങ്ങളങ്ങോട്ടു വിളിച്ചു വിരുന്നിനു വരാൻ പറയേണ്ടി വന്നു നിനക്ക് പെണ്ണിനേം കൂട്ടി ഒന്ന് വരാൻ.. അല്ലേടാ..??" വന്നപാടെ എന്റെ വയറിൽ ഒരിടി തന്നുകൊണ്ട് പുള്ളിക്കാരൻ പരിഭവം ഭാവിച്ചു..

"..ഹേയ് അങ്ങനെയൊന്നുമില്ല ചിറ്റപ്പാ.. പിന്നെ ടെയിം കിട്ടണ്ടേ..??"

"..ങ്ഹ്ഹാ.. നീ വല്യ അംബാനിയാണല്ലോ..?? അതുപോട്ടെ നിങ്ങള് പോയി വേഷമൊക്കെ മാറിവാ... വിശേഷമൊക്കെ എന്നിട്ടാവാം..." ഞങ്ങളുടെ കോട്ടേജ് കാണിച്ചു തരാനായി പളനി എന്ന സഹായിയെ കൂടെ വിട്ടു.. ഡോർമിറ്ററിയുടെ അടുത്തു കാണുന്ന കോട്ടേജുകൾ അല്ലാതെ റേറ്റ് കൂടിയ പ്രീമിയം കോട്ടേജുകൾ അഞ്ചെണ്ണം കൂടിയുണ്ട് ഇവിടെ.. പത്ത് മിനിറ്റ് ദൂരം നടക്കണം അങ്ങോട്ടേയ്ക്ക്.. ദൂരം കുറവാണെങ്കിലും കുന്ന് കേറി നടക്കേണ്ടി വരുന്നതുകൊണ്ടാണ് അത്രയും സമയം എടുക്കുന്നത്.. കാറിൽ നിന്നും ബാഗൊക്കെ എടുത്ത് പളനിക്കൊപ്പം ഞങ്ങൾ നടന്നു.. എക്സ്ട്രീം ക്ലൈമറ്റ് റെയിഞ്ചുകളിൽ ഹുമിഡിറ്റി കൂടതലാണല്ലോ.. അതുകൊണ്ട് കുറച്ചു നടന്നു കഴിഞ്ഞപ്പോഴേക്കും അനു അണച്ചു തുടങ്ങി..

എന്നോട് മിണ്ടാതെ നടന്നിരുന്ന അവളെപ്പിന്നെ ഞാൻ കൈയിൽപ്പിടിച്ചു നടക്കേണ്ടി വന്നു.. നരുന്തുപോലിരിക്കുന്ന പളനിക്കിത് നിത്യാഭ്യാസമായതുകൊണ്ട് അവൻ പയറുപോലെ നടക്കുന്നു.. ഒരണപ്പുമില്ല... എനിക്കും ട്രക്കിംഗ് നല്ല പരിചയമായതുകൊണ്ട് പ്രശ്നമില്ലായിരുന്നു... റിസപ്ഷനും കോട്ടേജിനും ഇടയിലുള്ള ഈ ഭാഗം പ്ലാന്റെഷനാണ്.. എങ്കിലും ശരി കാട് തന്നെയായെന്നു പറയാം.. വെളിച്ചവുമില്ല.. പളനിയുടെ കൈയിലെ ടോർച്ചായിരുന്നു ആകെയുള്ള വെളിച്ചം.. ഞാൻ പിന്നെ എന്റെ മൊബൈലിന്റെ ഫ്ലാഷ് ഓണാക്കി അനുവിന്റെ കൈയിൽ കൊടുത്തു.. എന്റെ തോളത്തും കൈയിലും ബാഗുകളും ഒരു കൈയിൽ അവൾ മുറുകെ പിടിച്ചിരിക്കുന്നകൊണ്ടും മൊബൈൽ കൂടി പിടിക്കാൻ പറ്റില്ലായിരുന്നു..

പത്ത് മിനിറ്റ് ദൂരം പതിനഞ്ചു മിനിട്ടുകൊണ്ടാണ് ഞങ്ങൾ നടന്നു കേറിയത്.. കുന്നിന്റെ നെറുകയിലുള്ള കോട്ടേജ്.. കാറ്റാടി മരങ്ങൾ വളർന്നു നിൽക്കുന്ന ഭാഗത്ത് ചുറ്റും ഇലക്ട്രിക് ഫെൻസിംഗ് ഇട്ട ഭാഗത്തായിരുന്നു കോട്ടേജ്.. ഫെൻസിംഗിന്റെ ഇടയ്ക്കുള്ള ഗെയിറ്റ് കടന്നു ചെല്ലുന്നത് കോട്ടേജിന്റെ പുറകു വശത്തേയ്ക്കാണ്.. കാരണം മുൻഭാഗം കീഴ്ക്കാംതൂക്കായ ചരിവാണ്... കനത്തിൽ വേലി കെട്ടിയിട്ടുള്ളതുകൊണ്ട് കാൽതെന്നി വീണാലും വേലിയിൽ തട്ടി നിന്നോളും..

"...സാർ.. യാനെ വറ വായ്പ്പിരുക്ക് അതിനാലെ സാപ്പാട്ക്ക് വരുമ്പോത് ഗെയിറ്റ് മൂടിയിട്ട് അന്ത വെളിയിലെ ഇരുക്കിറ സ്വിച്ച് ഓൺ പണ്ണണോം... സരിയാ...?? ഇന്ത ടോർച്ച് വച്ചുക്കോ സാർ... വരുമ്പോത് ഉതവിയാറുക്കും" കോട്ടേജ് തുറന്നു ലൈറ്റൊക്കെ ഇട്ടുതന്നിട്ട് പോകുന്നതിനു മുൻപായി പളനി തലചൊറിഞ്ഞു നിന്നു..

"..പുരിഞ്ചിത് പളനി.. നാൻ പാത്തിക്കിറെ.. നീ ധൈരിയമാ പോങ്കോ.." അവനു ടിപ്പ് കൊടുത്ത് പറഞ്ഞു വിട്ടു.. കോട്ടേജിൽ സോളാർ ലൈറ്റുകൾ മാത്രമാണുള്ളത്.. അതും രാത്രി മുഴുവൻ കിട്ടില്ല അത്യാവശ്യത്തിനു ഉപയോഗിക്കാം എന്ന് മാത്രം..

ഒരു നീളൻ ഹാളും പുറകിലായി ചെറിയ ഒരടുക്കളയും.. (കുളിക്കാനുള്ള വെള്ളം ചൂടാക്കാനും അത്യാവശ്യം ഒരു ചായയിടാനുമോക്കെയുള്ള സൌകര്യമുണ്ട്) ടോയ്ലറ്റും, മുന്നിൽ മുളകൊണ്ട് ഹാൻഡ് റെയിൽ കെട്ടിയ തിണ്ണയും.. അത്രയുമാണ് കോട്ടേജിന്റെ സൗകര്യം.. ഹാളിൽ തന്നെ പുറകുഭിത്തിയോട് ചേർത്ത് ഒരു ഡബിൾകോട്ട് കട്ടിൽ ഇട്ടിട്ടുണ്ട്.. കട്ടിലിൽ നിന്നും കുറച്ചു മാറി വലതു വശത്ത് നെരിപ്പോട്.. പിന്നെ ഒരു മേശ, കസേര അത്രയുമാണ് സൗകര്യങ്ങൾ.. അല്ലെങ്കിൽ തന്നെ ഹണിമൂൺ കോട്ടേജിനു ഇത്രയും സൗകര്യം തന്നെ ധാരാളം..

ഞാൻ നെരിപ്പോട് കത്തിച്ച് മുറി ഒന്ന് ചൂടാകാൻ വച്ചിട്ട് മുറ്റത്തേയ്ക്കിറങ്ങി.. വലിയൊരു മലയ്ക്ക് മുകളിൽ കയറി നിൽക്കുന്ന പ്രതീതിയാണ് അവിടെ നിന്നും നോക്കിയാൽ.. വേലിക്കരുകിൽ മുളകൊണ്ടുള്ള ഒരു ഇരിപ്പിടവും അതിനടുത്ത് ഒരു തൂണിൽ സോളാർ പാനലും ലൈറ്റും.. ആ ലൈറ്റിന്റെ വെളിച്ചം കഷ്ടി ആ ഇരിപ്പിടത്തിന്റെ ചുറ്റുവട്ടത്ത് മാത്രം കിട്ടും.. അതിനടുത്ത് പൂത്തുനിൽക്കുന്ന ചെമ്പകം.. അതിന്റെ വശ്യസൌരഭ്യം ആ മലയിടുക്കിൽ മുഴുവൻ പരത്തിയോഴുകുന്ന ശീതവായു.. അകലെ പൌർണ്ണമി നിലാവ് ഉദിച്ചു

നിൽക്കുന്നു.. പ്രണയാർദ്രമായ പ്രകൃതി.. അതിന്റെ മാസ്മരിക സൌന്ദര്യം ആസ്വദിച്ചു കൊണ്ട് നിന്നിരുന്ന അനു എന്റെ കാൽപ്പെരുമാറ്റം കേട്ട് തിരിഞ്ഞു.. നിലാവ് തോൽക്കുന്ന അവളുടെ മുഖത്ത് ഒരു നിറഞ്ഞ പുഞ്ചിരി ഉണ്ടായിരുന്നു..

"..ദേവേട്ടൻ നന്നായി തമിഴ് സംസാരിക്കുന്നല്ലോ..?? അയാളെന്താ പറഞ്ഞേ..??" ദൈവമേ ഇവളുടെ വായിൽ നാക്കുണ്ടായിരുന്നല്ലേ.. എനിക്കൽഭുതം.. ഈ കോട്ടേജിന്റെ കുറച്ചുമാറി ഇതുപോലെ തന്നെ കുന്നിൻചെരിവിലേയ്ക്ക് ഫെയ്സ് ചെയ്ത മറ്റ് നാല് കോട്ടേജുകൾ കൂടിയുണ്ട് എങ്കിലും ഏറ്റവും അങ്ങേഅറ്റത്തേതിൽ മാത്രമേ ലൈറ്റുള്ളൂ.. ഇടയ്ക്കുള്ള മൂന്നിലും ഇന്ന് ഗസ്റ്റില്ല.. സത്യം പറഞ്ഞാൽ ഈ ലോകത്ത് ഞാനും അനുവും മാത്രം.. ആ ഒരു ഫീലിങ്ങാവണം അവളുടെ വായ തുറപ്പിച്ചത്... ഇരുകൈകളും മാറത്ത് ഇറുക്കിയണച്ച്, ചിറ്റകൊടുത്ത ഷാളും പുതച്ച് നിൽക്കുന്ന അവളെ തണുത്ത് വിറയ്ക്കുന്നുണ്ട്.. എന്നാലും നാട്ടിലെ ചൂട് കാലാവസ്ഥയിൽ നിന്നും വയനാടിന്റെ കുളിരിലലിയുന്ന സുഖമാസ്വദിച്ച് നിൽക്കുകയാണവൾ.

"..രാത്രിയിൽ ഇവിടെ ആനയിറങ്ങും... അതുകൊണ്ട് ഭക്ഷണം കഴിക്കാൻ നമ്മൾ താഴേക്ക് പോയാലും ഗെയിറ്റടയ്ക്കാൻ മറക്കരുതെന്നാ അവൻ പറഞ്ഞത്.." അനു പേടിക്കുമെന്നറിയാമെങ്കിലും ആ പേടിയുടെ ഭംഗിയൊന്നു കാണാൻ ഞാൻ പറഞ്ഞു..

"..യ്യോ... ആനയോ... ദേവേട്ടാ എനിക്ക് പേടിയാ... നമ്മക്ക് താഴെ ഏതേലും കോട്ടേജിൽ കിടക്കാം..." എന്റെ പ്രതീക്ഷ തെറ്റിയില്ല.. ആ പേടമാൻ കണ്ണുകളിൽ ഭീതി പടർന്നു..

"...പിന്നേ...!! നമ്മൾ കിടന്നുറങ്ങുമ്പോ ആന വന്ന് നിന്നെ തൂക്കി എടുത്തോണ്ട് പോവും..."

"..യ്യോ.. ദേ... ദേവേട്ടാ ചുമ്മാ പേടിപ്പിക്കല്ലേ... എനിക്ക് സത്യായിട്ടും ആനയെ പേടിയാ.." ചുറ്റും നോക്കി എന്നോട് ചേർന്ന് നിന്നുകൊണ്ട് അവൾ ചിണുങ്ങി..

"...ഡി പൊട്ടിക്കാളീ... ആന കോട്ടേജിന്റെ അടുത്ത് വരാതിർക്കാനാ ചുറ്റുമുള്ള വേലി... അത് സോളാർ പവർ ഫെൻസാ.. അതുകൊണ്ട് പേടിക്കണ്ട.. രാത്രി ആനയിറങ്ങിയാലും ആ വേലി വരെയേ വരൂ.." ഞാനവളെ സമാധാനിപ്പിച്ചു..

അവൾ എന്നെ കണ്ണുരുട്ടി പേടിപ്പിച്ച് ഷാളിൽ ഒന്നുകൂടി ദേഹം പൊതിഞ്ഞ് മരംകൊണ്ടുള്ള ഗാർഡൻചെയറിൽ ഇരുന്നു.. സമയമേറുന്തോറും തണുപ്പിനു ശക്തി കൂടി വന്നു..

"..അനൂ.. ദാ ഈ ഡ്രസ്സ് ഇട്ടോ.. ഈ തണുപ്പിനു നല്ലതാ..." അവൾക്ക് വേണ്ടി വാങ്ങിയ ഫുൾസ്ലീവ് കോട്ടൺ ടീഷർട്ടും, പാന്റും, പുറമേ ലെതർ കോട്ടിങ്ങും അകത്ത് ഫൈൻവൂളൻ തുണികൊണ്ടുള്ള ബ്ലാക്ക് ജാക്കറ്റും, ഒരുജോഡി ഹീൽഡ് ഷൂ, സോക്സ്, കോട്ടൺ ഗ്ലൌ, ചെവിമൂടുന്ന ടൈപ്പ് കറുത്ത കംബിളിത്തൊപ്പി എല്ലാം കണ്ട് അവളുടെ കണ്ണുകളിൽ തിളക്കം.. നന്ദിയോടെ എന്റെ നേരെ മിഴിയെറിഞ്ഞ് അവൾ ഡ്രസ്സുമായി അകത്തേയ്ക്ക് പോയി..

വീട്ടിൽ അവൾ സാരിയാണ് പതിവായി ധരിക്കാറുള്ളത്... അതും അമ്മയുടെ താൽപ്പര്യമായിരുന്നു... അതുകൊണ്ട് പലപ്പോഴും അടുക്കളയിലും മറ്റും വച്ച് അവളുടെ വയറിൽ തഴുകുന്നതും മുലയ്ക്ക് പിടിക്കുന്നതും, വീട്ടിലെ ചെറിയ നിഴൽമറകളിൽ വച്ച് അവളെ അപ്രതീക്ഷിതമായി കെട്ടിപ്പിടിച്ച് ചുംബിക്കുന്നതും ഒക്കെ ഞാനും അവളും ശരിക്കും ആസ്വദിച്ചു... ആ കാര്യത്തിൽ മാത്രമാണ് അവൾക്ക് എന്നെ പേടിയുണ്ടായിരുന്നത്.. എന്റെ ഇത്തരം കുസൃതികൾ ആരെങ്കിലും കണ്ടുപിടിക്കുമോ എന്ന്... എന്നാലും ഇങ്ങനെ വീട്ടുകാരറിയാതെ പ്രണയിക്കുന്നതും ഒരു സുഖമായിരുന്നു... മറ്റുള്ളവരുടെ മുൻപിൽ വച്ച് അത്യാവശ്യത്തിനു മാത്രം സംസാരിച്ചിരുന്ന ഞാനും അനുവും രാത്രിയിൽ ഞങ്ങളുടെ മുറിയിൽ പ്രണയലീലകളാടി... ഞങ്ങളുടെ മുറിയിൽ അവൾ ഷിമ്മിയോ ബനിയനോ അല്ലെങ്കിൽ ഞാൻ പകൽ ഇട്ടിരുന്ന ഷർട്ടോ ആണ്

ഇടാറുള്ളത് താഴേക്ക് പാന്റി മാത്രം, അതിനും അധികം ആയുസുണ്ടാവാറില്ല... രാത്രി സാധാരണ ഒരു കളിയെ ഉണ്ടാവാറുള്ളൂ... ചില ദിവസങ്ങളിൽ കളിക്കാറുമില്ല... പകരം കെട്ടിപ്പിടിച്ചും ചുംബിച്ചും പരസ്പരം പൂറും കുണ്ണയും തീറ്റിച്ചും രാത്രികളെ ഞങ്ങൾ പകലാക്കുന്ന ഞങ്ങൾ അവസാനം ഉറങ്ങുമ്പോൾ പാതിരാ കഴിയുമായിരുന്നു... അതല്ലെങ്കിൽ വിശേഷങ്ങൾ പറഞ്ഞും കളിയും ചിരിയും ഇണക്കവും പിണക്കവുമായി നേരം കളയും... അവസാനം നന്ഗ്നയായി എന്റെ മാറിൽ ഒരു പൂച്ചക്കുട്ടിയെപ്പോലെ പറ്റിപ്പിടിച്ചു കിടക്കുന്ന അനുവിന്റെ മുടിയിഴകളിൽ തഴുകി ഉറക്കി ഞാനും നിദ്രയിലാഴും.... വികാരം അണപൊട്ടുന്ന ചില രാത്രികളിൽ അൽപവസ്ത്രധാരികളായി മുറിക്കു പുറത്തെ ബാൽക്കണിയിൽ നിലത്ത് കാർപ്പെറ്റിൽ നിലാവ് നോക്കി കിടക്കുന്നതും അവിടെവച്ച് തുണിയൊക്കെ അഴിച്ചു കളഞ്ഞ് വാശിയോടെ പണ്ണുന്നതും ഞങ്ങളുടെ ശീലങ്ങളായി മാറി...

അങ്ങനെ പ്രണയിച്ചും കാമിച്ചും ദിവസങ്ങൾ പൊയ്ക്കൊണ്ടിരുന്നു... പിന്നെ ശ്രീമംഗലം എന്ന ആ വലിയ വീട്ടിൽ എല്ലാവരും തിരക്കുള്ളവരാണ്... അമ്മയും ചെറിയമ്മയും ഉൾപ്പടെ എല്ലാവരും ജോലിയ്ക്കും പഠിക്കാനും പോകുന്നവരാണ്... വെക്കേഷൻ ആഘോഷിക്കാൻ ദീപുവും സച്ചിയും ശ്രീക്കുട്ടനും നോർത്ത് ഇന്ത്യൻ ടൂറിനും പോയതോടെ വീട്ടിൽ പകൽ സമയത്ത് അനുവും ലക്ഷ്മി ചേച്ചിയും മാത്രമേ ഉണ്ടാവാറുള്ളൂ... ഉച്ചകഴിഞ്ഞ് ലക്ഷ്മിചേച്ചിയും പോയിക്കഴിഞ്ഞാൽ പഞ്ചമി വന്ന് അവൾക്ക് കമ്പനി കൊടുക്കുമെന്നതായിരുന്നു ആകെയുള്ള അവളുടെ ആശ്വാസം... ഞങ്ങൾ തമ്മിലുള്ള ബന്ധത്തെക്കുറിച്ച് പഞ്ചമിയ്ക്ക് അറിയാമായിരുന്നതുകൊണ്ട് അവളോട് അനു എല്ലാം തുറന്നു സംസാരിക്കുമായിരുന്നു...

പകൽ എല്ലാവരും പോയിക്കഴിഞ്ഞാൽ വായനയും ഗാർഡനിങ്ങും പാചകവും ഒക്കെയായാണ് അനു സമയം കളഞ്ഞിരുന്നത്... എന്നാലും ഓഫീസിലെ എന്റെ തിരക്കുകൾകൊണ്ട് ഇടയ്ക്ക് കിട്ടുന്ന ഇടവേളകളിൽ മാത്രമാണ് എനിക്കവളെ വിളിക്കാൻ സാധിച്ചിരുന്നത്... വിളിച്ചാൽ പിന്നെ അനു വാ തോരാതെ സംസാരിക്കും... അവസാനം ഞാൻ നിർബന്ധിച്ചാണ് ഫോൺ വയ്ക്കുക... ഇനി സാധാരാണ വിളിക്കാറുള്ള സമയത്ത് ഞാൻ വിളിച്ചില്ലെങ്കിലോ എന്നെ വിളിച്ചിട്ട് കിട്ടിയില്ലെങ്കിലോ അവൾ ശ്രീനിധിയെ വിളിച്ച് പരാതി പറയും... അങ്ങനെ അവർ തമ്മിൽ ഇപ്പോൾ നല്ല കമ്പനിയാണ്..

ഇങ്ങനെയൊക്കെ ആയിരുന്നെങ്കിലും ഒരു മനസ്സും ശരീരവുമായിക്കഴിഞ്ഞ വയനാടൻ യാത്ര ഞാനും അനുവും ശരിക്കും മിസ് ചെയ്തിരുന്നു... ഒരു ദിവസമെങ്കിലും മുഴുവൻ സമയവും അതുപോലെ അവൾക്കൊപ്പം ഞാൻ നിക്കണമെന്ന അനുവിന്റെ ആഗ്രഹം ശക്തമായപ്പോൾ ഓഫീസിലെ അത്യാവശ്യം തിരക്കുകൾ ഒതുക്കി ഒരു ദിവസം അവളോടൊപ്പം ചിലവിടാൻ ഞാൻ തീരുമാനിച്ചു... അങ്ങനെ വയനാട്ടിൽ നിന്നും തിരിച്ചു വന്നതിന്റെ പത്താം

ദിവസം ബുധനാഴ്ച്ച ഞാൻ ഒരു കള്ളപ്പനി അഭിനയിച്ച് വീട്ടിൽ ഇരുന്നു... അച്ഛനും ചെറിയച്ഛനും ബിസിനസ്സ് ആവശ്യങ്ങൾക്കായി വെളുപ്പിനെ തന്നെ കോയമ്പത്തൂരിനു പോയിരുന്നു... മാളുവിന് ഓപ്പറേഷൻ ഡേ ആയതിനാൽ അവളും രാവിലെ തന്നെപോയി.. അമ്മയും ചെറിയമ്മയും കോളേജിൽ പോകാൻ റെഡിയാവുന്ന സമയത്ത് ഞാൻ ഡോക്ടറെ കാണാനാണ് എന്നും പറഞ്ഞ് അനുവിനേയും കൂട്ടി കാറുമെടുത്ത് മുങ്ങി.. നേരേ ഞങ്ങളുടെ ഫാംഹൌസിലേയ്ക്ക് വണ്ടി വിട്ടു.. പകൽ മുഴുവൻ അവിടെ ചിലവിടാം എന്നായിരുന്നു എന്റെ ഐഡിയ... അതുകൊണ്ട് ഇന്നലെ രാത്രി വരുന്ന വഴി അവിടെക്കയറി വാച്ചറോട് രാവിലെ പൊയ്ക്കൊള്ളാൻ ഞാൻ പറഞ്ഞിരുന്നു...

ഏക്കറു കണക്കിന് പരന്നുകിടക്കുന്ന ആ വലിയ പുരയിടത്തിനു നടുവിലെ ബംഗ്ലാവിനോളം പ്രൈവസി മറ്റെങ്ങും കിട്ടില്ലല്ലോ... ചെന്ന് കയറി മുൻവാതിൽ അടച്ച് ഞാൻ ഫൌണ്ടന് അരികെയുള്ള കൌച്ചിൽ വന്നിരുന്നപ്പോൾ അനു അടുക്കളയിലേയ്ക്ക് പോയിരുന്നു... കുറച്ചു കഴിഞ്ഞ് അവളുടെ പാദപതനം കേട്ട് ഞാൻ നോക്കുമ്പോൾ ഉടുത്തിരുന്ന ചുവന്ന സാരി മാറ്റി, ചുവന്ന ബ്ലൌസിൽ ബ്രായിടാത്തകൊണ്ട് തെറിച്ചു നിൽക്കുന്ന മുലയും കുലുക്കി അടിപ്പാവാടയും മാത്രമിട്ട് കള്ളുഷാപ്പിൽ കറിവിളമ്പാൻ നിക്കുന്ന പെണ്ണിനെപ്പോലെ ഒരു ട്രേയിൽ കൂൾഡ്രിംഗ്സുമായി വന്ന് അവളെന്റെ മടിയിൽ ഇരുന്നു... പിന്നെ പരസ്പ്പരം വാശിയോടെ നഗ്നരാക്കി ഞങ്ങൾ കൌച്ചിലും നിലത്തും ഭിത്തിയിൽ ചാരി നിന്നും ഉഗ്രൻ രതിമേളമായിരുന്നു... അവസാനം അടക്കി നിർത്തിയ കൊതിമുഴുവൻ ഞാൻ അവളുടെ പൂറ്റിൽ അടിച്ചൊഴിക്കുമ്പോൾ എന്റെ അരക്കെട്ടിൽ കാലുകൾ പിണച്ച് എന്റെ കഴുത്തിൽ തൂങ്ങി ഭിത്തിയിൽ ചാരി നിൽക്കുകയായിരുന്നു അനു..

അതുകഴിഞ്ഞ് പൂളിൽ വിസ്തരിച്ച് കുളിക്കുന്നതിനിടെ വെള്ളത്തിൽ പാതി മുങ്ങി നിന്ന് ഒന്നുകൂടി കളിച്ച ശേഷം കുളിച്ചു തോർത്തി ഞങ്ങൾ രണ്ടുപേരും കൂടി അടുക്കളയിൽ കയറി ചോറും കറികളും ഉണ്ടാക്കി... എന്നിട്ടത് ഒരു പാത്രത്തിൽ വിളമ്പി രണ്ടുപേരും പരസ്പ്പരം വാരിക്കൊടുത്ത് തീറ്റിച്ചു..

"...നീയെന്തിനാടി അമ്മിണീ എന്റെയീ ഡയറി എടുത്തോണ്ട് വന്നേ...??" ഉച്ചവരെയുള്ള കളിമേളങ്ങൾ കഴിഞ്ഞ് ബോക്സർ മാത്രമിട്ട് സോഫയിലിരുന്നു റ്റി.വി. കാണുകയായിരുന്ന എന്റെ മടിയിൽ തലവച്ചു കിടക്കുകയായിരുന്നു അനു... എന്റെ ഷർട്ടും പാന്റിയും മാത്രമിട്ട് എന്റെ പഴയ ഡയറിയിയും വായിച്ചാണ് കിടപ്പ്... ഷർട്ടിന്റെ നടുവിലെ രണ്ടു ബട്ടൻ മാത്രമേ അവളിട്ടിരുന്നുള്ളൂ... മുക്കാലും പുറത്തുകാണുന്ന അവളുടെ താഴികക്കുടങ്ങളിലും മാംസളമായ വയറിലെ പൊക്കിൾച്ചുഴിയിലും വിരലോടിച്ചു കൊണ്ട് ഞാൻ റ്റി.വി കണ്ടുകൊണ്ടിരുന്നു..

"...ദേവേട്ടാ...!! ഞാനൊരു കാര്യം ചോദിച്ചോട്ടെ..??" എന്റെ ചോദ്യത്തിന് മറുപടി ഈ ചോദ്യമായിരുന്നു...

"...എന്താടി അമ്മിണീ...??"

"...വർഷങ്ങൾ ഇത്ര കഴിഞ്ഞിട്ടും ദേവേട്ടനെ സ്നേഹിക്കുകയും കാത്തിരിക്കുകയും ചെയ്യുന്ന ആദി അന്ന് ദേവേട്ടനെ ചതിക്കാനുണ്ടായ കാരണമെന്താ... അവളിത്രയധികം ദേവേട്ടനെ സ്നേഹിക്കുന്നുണ്ടേ അന്ന് അങ്ങനെ ചെയ്യാതിരുന്നാ പോരായിരുന്നോ...??"

"...ഈ ചോദ്യം ഒരായിരം തവണയെങ്കിലും ഞാൻ എന്നോട് തന്നെ ചോദിച്ച ചോദ്യാ അനൂ... എന്തിനായിരുന്നു ആദി എന്നെ ചതിച്ചതെന്നു..?? അന്നുമിന്നും എനിക്ക് ഉത്തരമറിയില്ല... അവളോട് ചോദിച്ചപ്പോഴൊന്നും പൂർണ്ണമായും സത്യമാണ് എന്ന് തോന്നുന്ന ഒരുത്തരം അവൾ തന്നിട്ടുമില്ല.." ഞാനൊരു നെടുവീർപ്പോടെ പറഞ്ഞു.. "..അല്ലാ...!! ഇപ്പോ ഇങ്ങനെ ചോദിക്കാൻ എന്താ കാരണം..??"

പൊക്കിളിൽ താഴ്ത്തി വച്ചിരുന്ന എന്റെ കൈയെടുത്ത് മാറ്റി അനു എഴുന്നേറ്റിരുന്നു.. "...ദേവേട്ടാ... മീനുച്ചേച്ചീം വാവേം പിന്നെ ദേവേട്ടനും ആദിയെക്കുറിച്ചു പറഞ്ഞപ്പോ അവൾ ദേവേട്ടനോട് ചെയ്ത ചതി ഓർത്ത് എനിക്കവളോട് ദേഷ്യം തോന്നിയിരുന്നു... എന്നാലും ഉള്ളിൽ അറിയാതെയാണെങ്കിലും അവളാഗ്രഹിച്ച ജീവിതം ഞാൻ തട്ടിയെടുക്കുകയായിരുന്നല്ലോ എന്ന വിഷമവും ഉണ്ടായിരുന്നു... പക്ഷേ ദേവേട്ടന്റെ ഈ ഡയറി വായിച്ചപ്പോ അവളെ നമ്മളൊക്കെ തെറ്റിദ്ധരിച്ചതാണോന്നൊരു തോന്നൽ.."

"...അങ്ങനെ തോന്നാൻ...??"

"...ദേവേട്ടാ... കുഞ്ഞിലേ മുതല് ആദി എന്റെ ഏറ്റവും അടുത്ത കൂട്ടുകാരിയാ.. പത്തുവരെയും ഞങ്ങൾ ഒരുമിച്ചാ പഠിച്ചത്... പിന്നെ പഠിത്തം കഴിഞ്ഞ് ജോലി കിട്ടിയതും ഒരേ കോളേജിൽ ഒരേ ഡിപ്പാർട്ട്മെന്റിൽ... അത്രയ്ക്ക് അടുപ്പമുണ്ടായിരുന്നിട്ടും ദേവേട്ടനുമായുള്ള അവളുടെ ബന്ധം ഞാൻ അറിയുന്നത് നമ്മടെ കല്യാണം കഴിഞ്ഞ ശേഷമാ... വീട്ടുകാർ പണ്ടേ പറഞ്ഞുറപ്പിച്ച ബന്ധമായിരുന്നിട്ടു കൂടി നിങ്ങൾ തമ്മിൽ സ്നേഹത്തിലായിരുന്നതും പിന്നീട് പിണങ്ങിയതും ഒക്കെ അറിയാമായിരുന്നത് മീനുച്ചേച്ചീനേം വാവേം പോലെ കുറച്ച് പേർക്ക് മാത്രാ..."

"...താനെന്താടോ പറഞ്ഞു വരുന്നേ...??" എനിക്കാകാംഷയായി.. എപ്പോഴും എന്നോട് കൊഞ്ചിക്കൊണ്ട് സംസാരിക്കുന്ന അനുവിന്റെ സംസാരത്തിൽ ഒരു കോളേജ് പ്രൊഫസ്സറിനു ചേരുന്ന ഗൌരവം കടന്നുവന്നിരുന്നു..

"...അതായത് ദേവേട്ടനുമായുള്ള പ്രണയം ആദിയുടെ സ്വകാര്യതയായിരുന്നു... എന്നാ ഈ ഡയറി വായിച്ചപ്പോ തോന്നീത് ദേവേട്ടനെ കൂട്ടുകാരികളുടെ കാമുകന്മാരുമായി കമ്പയർ ചെയ്തിരുന്ന, അവരെപ്പോലെ റൊമാന്റിക് അവാത്തതിനു ദേവേട്ടനെ കുറ്റപ്പെടുത്തിയിരുന്ന ആളാ ആദിയെന്നാ... അതൊരു തെറ്റിധാരണയല്ലേ...??" അനു പറഞ്ഞത് ശരിയാണെന്ന് എനിക്കും തോന്നി.. ഞാൻ അതാലോചിക്കുന്നതിനിടയിൽ അനു ഒരു കാര്യം കൂടിപ്പറഞ്ഞു..

"...അതുപോലെ ദേവേട്ടാ... ശങ്കരത്തെ അച്യുതൻ അങ്കിളിന്റെ ഒറ്റമോളായിരുന്നിട്ടുകൂടി അത്രയും പണക്കാരിയാണ് എന്നതിന്റെ ഒരഹങ്കാരവും ആദിക്കില്ലായിരുന്നു... അവൾ വിലകൂടിയ ഡ്രസ്സ് ഇടാറില്ല.., ബ്യൂട്ടിപാർളറിലും ഒന്നും പോയി കാശ് കളയാറില്ല... എല്ലാരോടും ദയയും സ്നേഹവുമുള്ള, ആളുകളുടെ കഷ്ടപ്പാടുകൾ അറിഞ്ഞ് സഹായിക്കുന്ന ആളാ ആദി... പിന്നെ മീനുചേച്ചീം കൂട്ടുകാരും തുടങ്ങിയ ഒലീവ് കെയർ എന്ന വോളണ്ടിയർ പ്രോഗ്രാമിന്റെ ആക്റ്റീവ് മെമ്പറുമാണ് അവൾ.. അങ്ങനെയുള്ള ആദി ശ്രീമംഗലത്തെ സ്വത്തും സൗഭാഗ്യങ്ങളും മാത്രം മോഹിച്ചാണ് ദേവേട്ടന്റെ പുറകെ നടക്കുന്നത് എന്ന് പറയാൻ പറ്റുവോ... അവളുടെ അച്ഛന്റെ സ്വത്തിൽപോലും അവൾക്ക് യാതൊരു താൽപര്യവുമില്ല... കിട്ടുന്ന ശമ്പളമൊക്കെ ഒലീവ് കെയറിന്റെ പ്രവർത്തങ്ങൾക്കാ അവള് ചെലവിടുന്നെ..." അനു പറഞ്ഞ കാര്യങ്ങളൊക്കെ എനിക്ക് പുതിയ അറിവുകളായിരുന്നു... കാരണം തമ്മിൽ പിരിഞ്ഞതിനു ശേഷം ഞാൻ കണ്ടിട്ടുള്ളപ്പോഴൊക്കെ ആദി അത്യാവശ്യം ഒരുങ്ങിയാണ് നടന്നിരുന്നത്... ഞാനത് ചിന്തിക്കുമ്പോൾ അനു തുടർന്നു..

"...കോളേജിലൊക്കെ വരുമ്പോൾ പോലും സാരിയാണ് വേഷമെങ്കിലും സ്വർണ്ണമൊന്നും അവളിടാറില്ല... വളയും മാലയും കമ്മലും എല്ലാം ചുമ്മാ ഫാഷൻ മെറ്റീരിയലായിരിക്കും.. ആകെ ഇടാറുള്ള സ്വർണ്ണം ഹാർട്ട് ഷേയ്പ്പിലുള്ള ഒരു മോതിരം മാത്രമാ.." അത് കേട്ടപ്പോൾ ഞാനൊന്ന് ഞെട്ടി... കാരണം മോനൂട്ടൻ മരിക്കുന്നതിന്റെ ഒരുമാസം മുൻപ് ആദിയുടെ പിറന്നാളിന് ഞാൻ വാങ്ങിക്കൊടുത്തതായിരുന്നു ആ മോതിരം... അതൊരിക്കലും അവൾ അഴിച്ചു വയ്ക്കാറില്ല... പിന്നീട് അനു പറഞ്ഞ കാര്യം അതിലും ഷോക്കിംഗ് ആയിരുന്നു..

"...ആ... അതുപോലെ അവളുടെ പേഴ്സിൽ ഒരിക്കൽ കോളേജിൽ വച്ച് ഞാനൊരു ഫോട്ടോ കണ്ടിരുന്നു... എന്തോ കാര്യത്തിന് എടുത്തപ്പോ കണ്ടതാ... പെട്ടന്ന് ശ്രദ്ധിക്കാത്ത വിധമാ അവളാ ഫോട്ടോ വച്ചിരുന്നത്... ചോദിച്ചപ്പോ അവളുടെ മരിച്ചുപോയ കസിന്റെ ഫോട്ടോ ആണെന്ന് പറഞ്ഞു... അത് പറയുമ്പോ അവളുടെ കണ്ണ് നിറഞ്ഞിരിന്നു... പിന്നെ ശ്രീമംഗലത്ത് വന്നപ്പോളാണ് അത് മോനൂട്ടന്റെ ഫോട്ടോ ആണെന്ന് ഞാൻ മനസ്സിലാക്കിയത്..." കുറച്ചു

നേരത്തേയ്ക്ക് എന്റെ ശബ്ദം നിന്നതുപോലെയായി... അത് മനസ്സിലാക്കിയ അനു എന്റെ തോളിൽ തല ചായ്ച്ചിരുന്നു..

"...ദേവേട്ടനെപ്പോലെ തന്നെ മോനൂട്ടനെ നഷ്ടപ്പെട്ടതിൽ വിഷമിച്ചിരുന്ന അവള് ദേവേട്ടന്റെ അവസ്ഥ മനസ്സിലാക്കാതെ, വെറും ശരീരസുഖത്തിനു മാത്രമായി മറ്റൊരാളുമായി റിലേഷൻഷിപ്പിലായതിന്റെ കാരണം എത്ര ആലോചിച്ചിട്ടും എനിക്ക് മനസ്സിലാവുന്നില്ല അതാ ഞാൻ ചോദിച്ചത്..." എനിക്കുത്തരമില്ലായിരുന്നു... എന്റെ മുഖഭാവം കണ്ടിട്ട് അനു എന്നെ മടിയിലേയ്ക്ക് തലവച്ചു കിടത്തി മുടിയിൽ തഴുകിയിരുന്നു... എന്റെ മനസ്സിലൂടെ പല ചിന്തകളും കടന്നുപോയി... ആദിയെക്കുറിച്ച് എനിക്കുണ്ടായിരുന്ന ധാരണ പലതും തെറ്റായിരുന്നു എന്നത് കുറെ ദിവസങ്ങൾക്ക് ശേഷം എന്റെ പഴയ പ്രണയത്തിന്റെ ഓർമ്മകളിലെയ്ക്ക് എന്നെ കൊണ്ടുപോയി... ഈ സമയമെല്ലാം അനു ഇടയ്ക്ക് റ്റി.വിയിൽ പറക്കുന്ന തൂവനത്തുമ്പികളിലും എന്റെ മുഖത്തുമായി നോക്കിക്കൊണ്ട് എന്റെ മുടിയിൽ തഴുകിയിരുന്നു.. അവളുടെ മറ്റേ കൈയുടെ വിരലുകളിൽ തെരുപ്പിടിച്ചുകൊണ്ട് ഞാൻ കിടന്നു... ചിന്താഭാരം തൂങ്ങിയ എന്റെ മുഖം അവൾക്ക് വിഷമമുണ്ടാക്കി എന്നെനിക്ക് മനസ്സിലായി... അവളുടെ കണ്ണുകളിലേയ്ക്ക് നോക്കിക്കിടന്ന് ഞാൻ ആദിയെ പതുക്കെ മറന്നു... പിന്നെ എനിക്കൊരു കുസൃതി തോന്നി..

"...അനു...!!"

"...ഉം...??"

"...ഞാൻ ആദിയെക്കൂടെയങ്ങ് കെട്ടിയാലോ...??" അനുവിന്റെ പൂന്തിങ്കൾ മുഖംവാടി... സീരിയസ് ഭാവത്തിൽ പറഞ്ഞ എന്റെ മുഖത്ത് പതുക്കെ ചിരി വിരിയുന്ന കണ്ടതും അവളുടെ മുഖം ചുവന്നു... ഇപ്പോ ഈ പറഞ്ഞതിന്റെ ശിക്ഷകൂടി ഏറ്റുവാങ്ങാൻ എന്റെ തോളിൽ സ്ഥലമില്ലാത്തതിനാൽ ഞാൻ എഴുന്നേറ്റ് ഓടി..

"...നിക്കടാ തെമ്മാടീ... വിളിച്ചു പറഞ്ഞുകൊണ്ട് അവളെന്റെ പുറകെ വന്നു... അവസാനം പൂളിന്റെ മറുവശത്ത് ബോഗൺവില്ലയുടെ ചുവട്ടിലെ പുൽത്തകിടിയിൽ വച്ച് പിടിവീണു..

"...ന്റെ ദേവേട്ടനെ ഞാനാർക്കും വിട്ടുകൊടുക്കൂല്ല... ദേവേട്ടൻ ന്റെ മാത്രാ... മറിച്ചായാ ഈ ഞാണ്ടാവില്ലാ... അറിയാല്ലോ...?? ..പറ ദേവേട്ടാ.. ദേവേട്ടൻ ന്റെ മാത്രാന്നു പറ..." ഉരുണ്ടുപിരണ്ട് അവസാനം എന്നെ മലർത്തിക്കിടത്തി കുതിരസവാരി ചെയ്ത് തളർന്നു, എന്റെ മാറിൽ വീഴുമ്പോൾ എന്റെ ചെവിയിൽ പവിഴച്ചുണ്ടുകൾ ചേർത്ത് അവൾ കിതച്ചുകൊണ്ട് പറഞ്ഞത് അതായിരുന്നു.. മറുപടിയായി ഞാനവളുടെ ചുണ്ടുകൾ നുകർന്ന് നെറ്റിയിൽ ചുണ്ട് ചേർക്കുമ്പോൾ നിറഞ്ഞ എന്റെ കണ്ണുകൾ അവൾക്കുള്ള ഉത്തരമേകി...

കവിളിൽ കവിളുരുമ്മി ബോഗൺവില്ലയുടെ തണലിൽ മയങ്ങുന്ന ഞങ്ങളുടെ കണ്ണുകളിൽ നിന്നും ഒഴുകിയിറങ്ങിയ ആനന്ദകണ്ണീർ ഒരുമിച്ചു ചേർന്ന് പുല്ലിൽ മഞ്ഞു തുള്ളികളായി..

അനുവുമായി ഒന്നിച്ചു കഴിയുന്നതിന്റെ സന്തോഷത്തിൽ ഞാൻ മറന്നുപോയിരുന്ന പലതിനേയും ഓർമ്മപ്പെടുത്താൻ അവൾ ആദിയെക്കുറിച്ച് പറഞ്ഞ വാക്കുകൾക്കായി... അതുകൊണ്ട് പിറ്റേന്ന് തന്നെ ഓഫീസിലെ ഇടവേളയിൽ ഞാൻ ഹാമീം സാറിനെ വിളിച്ച് അജുവിനെക്കുറിച്ച് അറിഞ്ഞ കാര്യങ്ങൾ പങ്കുവച്ചു... പകരം അജു പിന്നീട് ഉപയോഗിച്ചിരുന്നതും പലപ്പോഴും ആക്റ്റീവ് ആയിരുന്നതുമായ ഒരു മൊബൈൽ നമ്പർ അദ്ദേഹം എനിക്കും തന്നു..

അതുപോലെ റാഷിദിന്റെയും പ്രവീഷിന്റെയും സഹായത്തോടെ അജുവിന്റെ ബാധ്യതകളെക്കുറിച്ച് അവന് ലോൺ അനുവദിച്ച ബാങ്കുകളിൽ നിന്ന് വിവരം ശേഖരിച്ച് സോഫ്റ്റ്കോപ്പിയായി എന്റെ കൈയിൽ ഞാൻ സൂക്ഷിച്ചു... അവൻ തിരിച്ചു വരുമ്പോൾ ഒരു മുൻകരുതലായി ആ വിവരങ്ങൾ എനിക്ക് വേണമായിരുന്നു... ഒപ്പം റാഷിദിൽ നിന്ന് ചില കാര്യങ്ങൾകൂടി അറിയാൻ കഴിഞ്ഞു... ഈ ആഴ്ച്ച തീരുമായിരുന്ന അജുവിന്റെ ലീവ് അവൻ കമ്പനി എച്ച് ആറിൽ വിളിച്ച് മെഡിക്കൽ എമർജൻസി കാണിച്ച് എക്സ്റ്റന്റ് ചെയ്തു എന്ന്... കമ്പനി അവനു രണ്ടാഴ്ച കൂടി ലീവ് അനുവദിച്ചിട്ടുണ്ട്... റാഷിദിനെ അജു കോണ്ടാക്റ്റ് ചെയ്യുകയും ചെയ്തിരുന്നു... അവന്റെ സംസാരത്തിൽ നിന്നും അവൻ ഏത് സമയത്തും നാട്ടിൽ തിരിച്ചെത്തുമെന്ന സൂചനയുണ്ടായിരുന്നു എന്നും റാഷിദ് പറഞ്ഞു... ഇതൊക്കെ അറിഞ്ഞ ശേഷം അവൻ അനുവിനെ വിളിക്കാൻ സാധ്യതയുണ്ട് എന്ന് തോന്നിയതുകൊണ്ട് ഹമീം സാർ തന്ന അവന്റെ പുതിയ നമ്പർ ഞാൻ അനുവിനും കൊടുത്തിരുന്നു..

ഈ രീതിയിൽ അജുവിന്റെ തിരിച്ചുവരവിന് ഒരുങ്ങി ഞങ്ങൾ ദിവസങ്ങളെണ്ണി കാത്തിരുന്നു... അങ്ങനെയിരിക്കെ വെള്ളിയാഴ്ച്ച ഞാൻ എറണാകുളത്തെ ഓഫീസിൽ ജോലികളിൽ മുഴുകി ഇരിക്കുന്ന സമയത്ത് അനു വീഡിയോ കോൾ ചെയ്തു... ഈ സമയം ശ്രീനിധിയും ഞാനും കൂടി പുതിയതായി തുടങ്ങാനിരിക്കുന്ന ഒരു പ്രോജക്റ്റിന്റെ പ്ലാൻ വെരിഫൈ ചെയ്യുകയായിരുന്നു... സ്ക്രീനിൽ അനുവിന്റെ സുന്ദരമുഖം തെളിഞ്ഞതും മനസ്സിൽ കുളിർമഴ പെയ്ത ഫീലായിരുന്നു... ഞാൻ പുഞ്ചിരിയോടെ കോൾ അറ്റന്റ് ചെയ്തു...

"...വാവാച്ചീ... തെരക്കാണോ...??" അനുവിന്റെ കിളിക്കൊഞ്ചൽ..

...അതേല്ലോ...?? ഇച്ചിരെ തെരക്കൊണ്ട് എന്നാലും പറ... എന്താ എന്റെ ശ്രീമതി വീഡിയോകോളൊക്കെ ചെയ്യാൻ... പതിവില്ലാത്തതാണല്ലോ..??

"...നിക്കെന്റെ ദേവേട്ടനെ കാണാൻ തോന്നീട്ടാ... ഇഷ്ടായില്ലേ ഞാൻ വെച്ചേക്കുവാ.." കള്ളപരിഭവം... ഞാൻ റിവോൾവിംഗ് ചെയറിലേയ്ക്ക് ഇരുന്നു...

"...ങ്ങ്ഹാ വെക്കല്ലേ... നമ്മക്ക് കുറച്ചു നേരം ചുമ്മാ സോള്ളാഡീ..."

"...അപ്പോ വാവാച്ചിക്ക് ജോലിയോന്നൂല്ലേ...??"

"...ഉണ്ടല്ലോ... പുതുമോടിയാന്നും പറഞ്ഞ് നീയിങ്ങനെ എപ്പോഴും വിളിച്ചോണ്ടിരുന്നാ ശ്രീമംഗലം കൺസ്ട്രക്ഷൻസ് പൂട്ടിപ്പോവും മോളെ..." അനുവിന്റെ ചോദ്യത്തിന് ഉത്തരം പറഞ്ഞത് ശ്രീനിധി ആയിരുന്നു.. അപ്രതീക്ഷിതമായി ശ്രീനിധി എന്റെ കൈയിൽ നിന്നും ഫോൺ വാങ്ങിയതുകൊണ്ട് എനിക്കവളെ തടയാനും പറ്റിയില്ല...

"..പിന്നേ ഇവിടെ ഒരുപാട് ജോലിയുണ്ട് അല്ലേത്തന്നെ നിന്റെ ദേവേട്ടൻ ഇവിടെ വന്നാലും നിന്നേം സ്വപ്നം കണ്ടിരിപ്പാ പണി... അതുകൊണ്ട് മോള് വേഗം കെട്ടിയോനെ കൊഞ്ചിച്ചേച്ച് പോക്കൊ... ഞാനൊരു ചായകുടിച്ചിട്ടു വരാം അതുവരെയേ പെർമിഷൻ ഉള്ളൂ കേട്ടോ..." എനിക്ക് ഫോൺ തിരിച്ചുതന്ന് ചിരിച്ചുകൊണ്ട് ശ്രീനിധി ക്യാബിനിൽ നിന്ന് പോയി... എനിക്കും ചായ എടുത്തോ എന്ന് വിളിച്ച് പറഞ്ഞിട്ട് ഞാൻ സ്ക്രീനിൽ നോക്കുമ്പോൾ എന്നെ കൊല്ലാനുള്ള ദേഷ്യത്തോടെ നിൽക്കുന്ന അനു... അവൾ ദേഷ്യപ്പെട്ട് ഫോൺ കട്ട് ചെയ്തു... പിന്നെ ഞാൻ വിളിച്ചിട്ട് എടുത്തില്ല... ഇന്ന് എന്റെ തോളിലെ ഇറച്ചികൊണ്ട് അവൾ മപ്പാസ് വെക്കുവല്ലോ കർത്താവേ എന്നലോചിച്ച് ഞാൻ കിളിപോയിരുന്നു...

അന്നുച്ചയ്ക്ക് ലിഷർടൈം കഴിഞ്ഞ് ഞാൻ ശ്രീനിധിയ്ക്ക് ഒരു പ്രോജക്ട് ഡോക്യുമെന്റിനൊപ്പം ക്ലൈന്റിനു കൊടുക്കേണ്ട പ്രിഫെയ്സ് പറഞ്ഞു കൊടുത്തുകൊണ്ട് എന്റെ ക്യാബിനിൽ ഇരിക്കുമ്പോൾ വാതിൽ തുറന്നു വന്ന ആളെക്കണ്ട് ഞാനും ശ്രീനിധിയും ഒരുപോലെ അത്ഭുതപ്പെട്ടു..

വാതിൽക്കൽ ദേഷ്യംകൊണ്ട് വിറച്ചു നിൽക്കുന്ന അനു... അവളുടെ കണ്ണുകളിലെ ആ ഭാവം എനിക്കപരിചിതമായിരുന്നു..

ഓഫീസ് ടേബിളിന്റെ മറുവശത്തിരുന്ന് ഞാൻ പറയുന്ന മാറ്റർ ഷോർട്ട്ഹാൻഡിൽ പകർത്തിക്കൊണ്ടിരുന്ന ശ്രീനിധി അനുവിന്റെ ഭാവം കണ്ട് അറിയാതെ ഇരുന്നിടത്തു നിന്ന് എഴുന്നേറ്റ് പോയി..

"..ശ്രീനിധി ഒന്ന് പുറത്ത് പൊയ്ക്കെ.. എനിക്ക് ദേവേട്ടനോട് ഒന്നു സംസാരിക്കണം..." അനുവിന്റെ കണ്ണുകളിലെ തീ വാക്കുകളിലും പ്രതിഫലിച്ചു.. അതുകേട്ട് അത്ഭുതത്തോടെ എന്റെ നേരെ നോക്കിയ ശ്രീനിധിയോട് ഞാൻ പുറത്ത് പോകാൻ കണ്ണുകാണിച്ചു.. അവൾ കടന്ന്

പോകുന്നത് നോക്കി നിൽക്കുന്ന അനുവിന്റെ മുഖത്ത് കത്തുന്ന ദേഷ്യം... അവളുടെ നോട്ടത്തിന്റെ ചൂട് താങ്ങാനാവാതെ പരിഭ്രമത്തോടെ പുറത്തേയ്ക്ക് പോകുമ്പോൾ ശ്രീനിധി ഒന്നുകൂടി എന്റെ നേരെ തിരിഞ്ഞു നോക്കി.. പക്ഷേ ഞാൻ അനുവിനെത്തന്നെ നോക്കിയിരിക്കുകയായിരുന്നു.. ഗ്ലാസ് ഡോർ അനുവിന്റെ പിന്നിൽ തനിയെ അടഞ്ഞു... അവളുടെ കൈകളിൽ തൂങ്ങിയ ട്രാവൽബാഗും, വാനിറ്റിയും നിലംതൊട്ടു... അനുവിന്റെ ഭാവം കണ്ട ഞാൻ ചെയറിൽ നിന്നും എഴുന്നേറ്റു നിന്നു... അവൾ ക്യാബിനിലേയ്ക്ക് കടന്നു വന്ന നിമിഷത്തെ പകപ്പ് മാറി ഞാൻ പുഞ്ചിരിക്കാൻ ശ്രമിച്ചു... പക്ഷേ അപ്പോഴും അവളുടെ ഭാവം എന്നിലുണർത്തിയ ആശങ്കകൾ അവസാനിച്ചിരുന്നില്ല... അനു ഒരു നിമിഷം എന്നെത്തന്നെ തുറിച്ചു നോക്കി നിന്നു.. ഞങ്ങളുടെ കണ്ണുകൾ തമ്മിലിടഞ്ഞു.. കണ്ണിലെ കനൽ കെട്ടിട്ടില്ല...

അവളുടെ കാലുകൾ ചലിച്ചു തുടങ്ങി.. എന്റെ നേരെ നടന്നു വരുന്തോറും കണ്ണുകളിലെ ക്രോധം അയഞ്ഞ് മിഴികൾ നിറയാൻ വെമ്പി... മഷിയെഴുതിയ നീൾമിഴികളിലെ പരിഭവം കണ്ട് എന്റെ മുഖത്ത് വാത്സല്യം നിറയുമ്പോൾ അവളുടെ കാലുകൾക്ക് വേഗത കൂടി... തേങ്ങലോടെ ഓടി വന്ന് എന്റെ മാറിൽ വീണതും കാർമേഘങ്ങൾ പേമാരിയായി പെയ്തിറങ്ങി... ശക്തിയായി അവൾ നെഞ്ചിൽ വീണതിന്റെ ആഘാതത്തിൽ ഞാനൽപ്പം പുറകോട്ടു നീങ്ങിപ്പോയി.. അവൾ എന്റെ മാറിൽ മുഖമിട്ടുരുട്ടി പൊട്ടിക്കരയുമ്പോൾ ഞാൻ മുടിയിലും പുറത്തും തഴുകി അവളെ ചേർത്തു പിടിച്ചു നിന്നു.. അവളുടെ മനസ്സിലെ വേദനയുടെ കാരണം അന്യമായിരുന്നെങ്കിലും മാറിൽ തട്ടുന്ന ശ്വാസത്തിന്റെ ചൂടിൽ ഉള്ളിലെരിയുന്ന കനലിന്റെ ആഴം ഞാൻ തൊട്ടറിഞ്ഞു... നിമിഷങ്ങളോളം നീണ്ട കരച്ചിൽ... കാർകൂന്തൽ വശത്തേയ്ക്ക് വകഞ്ഞ് ബ്ലൌസിന്റെ പുറംകഴുത്തിനു മുകളിൽ ആശ്വസിപ്പിക്കാൻ താളമിടുന്ന കൈകൾ, നേർത്ത് വരുന്ന തേങ്ങലിനു ശ്രുതി ചേർത്തു..

നീണ്ട കരച്ചിലിനൊടുവിൽ അവൾ എന്റെ നേരെ മുഖമുയർത്തി.. എന്റെ കവിളുകളിൽ കൈത്തലം ചേർത്ത് പെരുവിരലിൽ ഉയർന്ന അനുവിന്റെ ചുണ്ടുകൾ അടുത്തു വരുന്നത് കണ്ട് ഞാനവളുടെ കൈയിൽ പിടിച്ച് റൂമിന്റെ മൂലയിലെ ഷെൽഫിനടുത്തെയ്ക്ക് മാറ്റി നിർത്തി..

പെട്ടന്നുള്ള എന്റെ പ്രവർത്തിയുടെ കാരണം മനസ്സിലാവാതെ എന്റെ മുഖത്തേയ്ക്ക് നീളുന്ന മിഴികൾ.. ഞാനവളെ നെഞ്ചിൽ ചേർത്ത് പുണർന്നു..

"...എന്തുപറ്റി എന്റെ അമ്മിണിക്ക്.. എന്തിനാ എന്റെ മോള് കരഞ്ഞേ.??" അവൾ ഒന്നും മിണ്ടാതെ എന്റെ നെഞ്ചിൽ കൈത്തലമമർത്തി ഹൃദയതാളത്തിനു ചെവിയോർക്കുന്നപോലെ ചേർന്നു നിന്നു.. അപ്പോഴും തേങ്ങലുകൾ അടങ്ങിയിരുന്നില്ല... ഞാൻ മുടിയിൽ അരുമയായി തഴുകി.. നെറ്റിയിൽ ചുണ്ടുകൾ ചേർത്തു..

"..എന്താടാ.. എന്താ നിനക്ക് പറ്റിയെ.. എന്തെങ്കിലും ഒന്ന് പറ പെണ്ണേ..??" അൽപ്പം കഴിഞ്ഞിട്ടും ഇടയ്ക്കുള്ള ചെറിയ തേങ്ങലല്ലാതെ അവളൊന്നും പറയാതിരുന്നപ്പോൾ ഞാൻ അവളുടെ മുഖം പിടിച്ചുയർത്തി... മഷിയെഴുതിയ കലങ്ങിയ മിഴികളിൽ ഉള്ളിലൊളിപ്പിച്ച വേദന ഞാൻ കണ്ടു.. നീണ്ട കരച്ചിൽ കാരണം ജലദോഷം വന്നപോലെ മൂക്കിൽ അടിഞ്ഞ നനവ് അവൾ അകത്തേയ്ക്ക് വലിച്ചു.. സാരിത്തുമ്പുയർത്തി മൂക്ക് തുടച്ചു.. അപ്പോഴും എന്റെ മാറിൽ നിന്ന് അകന്നില്ല.. മറുപടി പറയാൻ ചുണ്ടുകൾ വിടരുന്നത് കണ്ട് ഞാനവളുടെ മുഖം കൈക്കുമ്പിളിൽ കോരി..

"..ഒന്നൂല്ല.. പെട്ടന്ന് ശ്രീനിധി ദേവേട്ടന്റെ ഫോൺ പിടിച്ചു വാങ്ങി അധികാരത്തോടെ എന്നോടങ്ങനെ പറഞ്ഞപ്പോ... ഞാൻ ആരും അല്ലാണ്ടായപോലെ... വീട്ടീ ഇരുന്നട്ട് ഇരുപ്പൊറച്ചില്ല.. അതോണ്ടാ.." കവിളുകളിൽ അമർത്തിയ എന്റെ കൈയിൽ അവൾ പതുക്കെ തഴുകി നിന്നു.. അവളുടെ വാക്കുകളിൽ വിഷമത്തോടൊപ്പം സ്നേഹംകൊണ്ട് സ്വാർത്ഥയായ ഭാര്യയെ ഞാൻ കണ്ടു.. എനിക്ക് ചിരി പൊട്ടി..

"...അയ്യേ... നീയിങ്ങനെ സില്ലിയാവല്ലേ പെണ്ണേ.. അവള് ചുമ്മാ തമാശയ്ക്ക്.. നിങ്ങള് നല്ല കൂട്ടല്ലേ.. ആ സ്വാതന്ത്ര്യത്തിൽ പറഞ്ഞതല്ലേ അവള്... അല്ലാതെ ഒന്നൂല്ലടാ.." മറുപടിയായി കൊച്ചുകുഞ്ഞിനെപ്പോലെ പരിഭവിച്ച് ചുണ്ടുകൾ കൂർപ്പിച്ചു നിന്ന അവളുടെ നെറ്റിയിൽ ഞാൻ മുത്തി... മുഖം എന്റെ നെഞ്ചിൽ ചേർത്ത് നിർത്തി..

"..ഞാൻ പറഞ്ഞിട്ടില്ലേ അനുക്കുട്ടാ.. ആവശ്യമില്ലാതെ ഓരോ കാര്യങ്ങൾ ഓർത്ത് ടെൻഷൻ അടിക്കരുതെന്ന്.. ഈ ടെൻഷൻ അടിച്ച്, ടെൻഷൻ അടിച്ച് നീ കുറച്ച് മെലിഞ്ഞു പോയി.."

അവൾ മുഖമുയർത്തി "...ആണോ ഞാൻ മെലിഞ്ഞു പോയോ വാവാച്ചീ..??" നനഞ്ഞ കണ്ണുകളിൽ ആകാംഷയുടെ തിളക്കം... അവളുടെ പിണക്കമൊക്കെ ഇത്രയേ ഉള്ളൂ... ഞാൻ ഉള്ളാലെ ചിരിച്ചു..

"...പിന്നല്ലാതെ കെട്ടിക്കൊണ്ട് വന്നപ്പോ തടിച്ചിയല്ലാരുന്നോ..?? ഇപ്പോ ഉണക്കച്ചുള്ളിയായി..." എന്റെ കൈകൾ വിടുവിച്ച് അൽപ്പം അകന്ന് നിന്ന് അവൾ സ്വയം ഒന്നുഴിഞ്ഞു നോക്കി... സാരിയുടെ ഞെറി കുടഞ്ഞ് ഒതുക്കി.. വയറിൽ നിന്ന് മാറി എന്റെ കണ്ണുകൾക്ക് വിരുന്നാക്കിയിരുന്ന ആഴമുള്ള പൊക്കിൾ സാരി നേരയിട്ട് മറച്ച് അവൾ സ്വയം വിലയിരുത്തി..

"...പോ ദേവേട്ടാ... ഞാൻ അത്രയ്ക്ക് മെലിഞ്ഞിട്ടൊന്നൂല്ല..." ഞാൻ ചിരിച്ചു.. കളിയാക്കിയതാണെന്ന് മനസ്സിലായതും അവൾ കണ്ണുരുട്ടി എന്റെ നെഞ്ചിൽ പതുക്കെ ഇടിച്ചു.. വീണ്ടും മാറിൽ ചാഞ്ഞു..

"..പിന്നേ..!!"

"...ഉം...??"

"...ദേവേട്ടനെന്തിനാ ന്നെ ഇങ്ങോട്ട് മാറ്റി നിർത്തിയേ..??" എന്നോട് ചേർന്ന് നിന്നുകൊണ്ട് നെഞ്ചിൽ ചൂടുപകരുന്ന ശ്വാസം.. ഞാനവളെ തിരിച്ചു നിർത്തി പുറകിൽ ചേർന്ന് നിന്നു.. അവളുടുത്തിരുന്ന കരിമ്പച്ച നിറമുള്ള പട്ടുസാരിയ്ക്കിടയിൽ അഴകോടെ കാണുന്ന വെളുത്ത വയറിൽ തഴുകി അമർത്തി... വിരിഞ്ഞ നിതംബം എന്റെ അരക്കെട്ടിലേയ്ക്ക് ചേർത്തു.. ബോക്സറിനുള്ളിൽ അനുസരണയില്ലാത്ത കൂടപ്പിറപ്പ് അനക്കം തുടങ്ങി... അവളുടെ മുഖത്തേയ്ക്ക് പാറി വീഴുന്ന മുടിയിഴകൾ ഒരു കൈകൊണ്ട് ഒതുക്കി ഞാൻ വാതിലിനു നേരെ കൈചൂണ്ടി..

"...എന്റെ മണ്ടിപ്പെണ്ണേ... നീയത് നോക്കിയേ... അതിനെ സെക്യൂരിറ്റി ക്യാമറ എന്ന് പറയും.. വരുന്നപടി എന്റെ നെഞ്ചിലേയ്ക്ക് തല്ലിയലച്ച് വീഴാനാ നീ വരുന്നേന്ന് എനിക്ക് മനസ്സിലായി.. നമ്മള് തമ്മില് സ്നേഹം കൂടുന്നത് എന്തിനാ സെക്യൂരിറ്റി റൂമിലിരിക്കുന്നവരെ കാണിക്കുന്നേന്ന് വിചാരിച്ചു... മനസ്സിലായോ മണ്ടുസേ...??" പറഞ്ഞതും ഞാനവളുടെ കവിളിൽ വിരൽകൊണ്ട് നോവിക്കാതെ കുത്തി..

"..അപ്പോ ഇവിടെ നിന്നാ നമ്മളെ ക്യാമറേല് കിട്ടൂല്ലേ..??" എന്റെ കൈത്തലം കവിളിൽ ചേർത്ത്, തല ചരിച്ച് അവൾ എന്റെ മുഖത്തേയ്ക്ക് നോക്കി..

"..ഇല്ല.. ഇത് ആ ക്യാമറയുടെ ബ്ലൈൻഡ് സ്പോട്ടാ.. അതല്ലേ ഞാൻ നിന്നെ ഇങ്ങോട്ട് മാറ്റി നിർത്തിയെ.." കവിളിൽ തണുത്ത മുത്തം.. പിന്നെ തിരിഞ്ഞ് എന്നെ പുണർന്നു... അവളുടെ ദേഹത്ത് നിന്നും വമിക്കുന്ന സ്വിസ് പെർഫ്യൂമിന്റെയും മുടിയിൽ ചൂടിയ തുളസിക്കതിരിന്റെയും സമ്മിശ്ര സുഗന്ധം ആസ്വദിച്ച് ബ്ലൌസിനും സാരിക്കുമിടയിൽ നഗ്നമായ പുറംഭാഗത്തും മുടിയിലും തഴുകി ഞാനവളെ ചേർത്ത് നിർത്തി.. അവളിൽ നിന്നൊരു നിശ്വാസമുയർന്നു...

"...എന്തുപറ്റി അമ്മിണീ.. ഇനിയും നിന്റെ വിഷമം മാറിയില്ലേ...??" മറുപടിയായി അവൾ പതുക്കെ മൂളി..

"...ഉച്ചയ്ക്ക് വല്ലതും കഴിച്ചാരുന്നോ താൻ..??"

"...മ്ച്ചും... എങ്ങനേലും ദേവേട്ടന്റെ അടുത്ത് എത്തണന്നേ ഉണ്ടാരുന്നുള്ളൂ.. അതോണ്ട് കഴിക്കാൻ ഓർത്തില്ല.."

"...എന്നാ.. വാ... എന്തെങ്കിലും കഴിക്കാം.." അവളെ നെഞ്ചിൽ നിന്നും അടർത്തി..

"...ദേവേട്ടൻ കഴിച്ചോ..??" പെരുവിരലിൽ ഉയർന്ന് അവൾ ഒന്ന് കൂടി എന്നോട് ചേർന്നു.. എന്റെ കവിളിൽ പവിഴച്ചുണ്ടുകൾ ചേർത്ത് മുത്തി... പിന്നെ മുഖത്തേയ്ക്ക് വീണ അളകങ്ങൾ ചെവിക്കു പിറകിലേയ്ക്ക് മാടിയൊതുക്കി നാണത്തിൽ പുഞ്ചിരിച്ചു.. മുഖം കുനിച്ചു..

"..ഞാൻ കഴിച്ചു...??" എന്റെ മറുപടി കേട്ട് അവൾ കൊഞ്ഞനം കുത്തി പിണക്കം നടിച്ചു.. എന്നിട്ട് എന്റെ കവിളിൽ കടിച്ചു.. ചെറിയ വേദനയിലും അവളുടെ കുസൃതി ആസ്വദിച്ച് ഞാൻ പുഞ്ചിരിക്കുന്ന കണ്ട് അവൾ കടിച്ച ഭാഗത്ത് ഇളംകാറ്റുപോലെ ഉമ്മവച്ചു.. "...പിന്നെ എനിക്ക് വിശക്കൂല്ലേ..?? സമയം എത്രായായീന്നാ...??" വിറകൊള്ളുന്ന അധരങ്ങളുടെ ചുംബനത്തിന്റെ ചൂടിൽ

ലയിച്ചു നിന്ന ഞാനവളെ അകലാൻ അനുവദിക്കാതെ ചേർത്ത് നിർത്തി... എന്റെ ചോദ്യം കേട്ട് അവൾ ചുമരിലെ ക്ലോക്കിലേയ്ക്ക് നോക്കി.

"...യ്യോ രണ്ടര... നിക്ക് നന്നായി വിശക്കണുണ്ട്ട്ടോ..??"

"...എന്നാ വാ ലഞ്ച് വാങ്ങിത്തരാം... ഈ ആന വയറിയ്ക്ക് ഒരു പറ ചോറ് വാങ്ങണ്ടി വരൂല്ലോ ദേവീ..??" കുസൃതിയോടെ അവളുടെ വയറിൽ സാരിക്കുമുകളിലൂടെ ഉഴിഞ്ഞ് ഞാൻ പറഞ്ഞതും അവളെന്നെ നോക്കി കൊഞ്ഞനം കുത്തി.. പുറത്തേയ്ക്ക് പോകാനായി തിരിഞ്ഞപ്പോഴാണ് അവൾ വാനിറ്റിക്കൊപ്പം കൊണ്ടുവന്ന ട്രാവൽബാഗ് ഞാൻ ശ്രദ്ധിച്ചത്..

"..അല്ലാ... ഇതെന്താ ബാഗൊക്കെ ആയിട്ട്...??" അവളൊന്നു ഞെട്ടി.. മുഖത്ത് വീണ്ടും കരിനിഴൽ പടർന്നു... മറുപടിയില്ലാതെ ഒരു നിമിഷം എന്റെ മുഖത്തേയ്ക്ക് നിർന്നിമേഷയായി നോക്കി നിന്നു..

"..അനൂ... തന്നോടാ ചോദിച്ചേ.. എന്തിനാ ഈ ബാഗൊക്കെ കൊണ്ട് വന്നതെന്ന്...??" ഞാൻ തോളിൽ പിടിച്ചു കുലുക്കി ചോദിച്ചതും എന്റെ മുഖത്ത് തന്നെ നോക്കിയ മിഴികൾ മാറ്റി മുഖം വെട്ടിച്ചു.. കൃഷ്ണമണികൾ പരൽമീനുകളെപ്പോലെ പിടച്ചു... പതുക്കെ മുഖഭാവം മാറി... അവളുടെ ഉള്ളിലെ എനിക്കജ്ഞമായ വേദന മറയ്ക്കാൻ ശ്രമിക്കുന്നപോലെ മുഖത്ത് ചിരി വരുത്തി..

"...ഉം... നിക്കേ ഒരു വീടൊണ്ട്... അങ്ങനെ വല്ല വിചാരോണ്ടോ ദേവേട്ടന്..." അവൾ ചുണ്ടുകൾ കൂർപ്പിച്ച് എന്റെ നെഞ്ചിൽ പതുക്കെ തല്ലി.. അരക്കെട്ടിൽ കൈകൾ ചുറ്റിയ എന്നോട് ചേർന്ന് അൽപ്പം പുറകോട്ടു നടുവളച്ചു നിന്നു..

"..വിരുന്നിന് പോയേച്ചു വന്നേപ്പിന്നെ അങ്ങോട്ടൊന്നു പോയിട്ടില്ല... അതെങ്ങനാ ദേവേട്ടന് എന്നും തെരക്കല്ലേ...?? വല്യ വീട്ടിലെ ചെക്കനെ കിട്ടീപ്പോ ഞാനും അവരെ മറന്നൂന്നു വിചാരിക്കൂല്ലേ... അതോണ്ട് ഞാനേലും വീട്ടിലൊന്നു പോവാന്ന് വച്ചു... പിന്നെ അമ്മേം അഞ്ചൂം ഒക്കെ കുറെയായി ചെല്ലാൻ പറഞ്ഞു വിളിക്കണൂ... നിക്കും അവരെയൊക്കെ കാണാൻ കൊതീണ്ട്..." മുഖത്തെ ഭാവം ഞാൻ വായിക്കാതിരിക്കാൻ എന്നോണം എന്റെ മുടിയിഴകൾ ചീകിയൊതുക്കുന്ന പോലെ തഴുകി മുഖത്ത് നോക്കാതെ പറഞ്ഞു.. അപ്പോഴെല്ലാം എന്റെ നോട്ടം അവളുടെ മുഖത്ത് തറഞ്ഞു നിന്നു..

"...ഇങ്ങനെ നോക്കി പേടിപ്പിക്കണ്ട... ഇയാളോട് പിണങ്ങി പോകാൻ നോക്കിയതൊന്നുവല്ല... പെട്ടന്ന് തോന്നിയപ്പോ ബാഗും എടുത്തു പോന്നു അത്രേ ഉള്ളു... ഉണ്ടക്കണ്ണാ..." എന്റെ നോട്ടത്തിന്റെ തീക്ഷ്ണത കണ്ട് അവൾ പറഞ്ഞതും ഞാൻ ചിരിച്ചു.. ചെറിയൊരു പേടി നിഴലിച്ചിരുന്ന അവളുടെ മുഖം വിടർന്നു..

"...ഞാനതോർത്തില്ലഡാ... നീ പറഞ്ഞപോലെ എന്നും തിരക്കല്ലേ...??" എത്ര ഒതുക്കി വച്ചാലും അവളുടെ ഇന്ദുമുഖത്തിന് അഴക് കൂട്ടാൻ പാറിവീഴുന്ന മുടിയിഴകളെ ഒതുക്കി ഞാൻ നെറുകയിൽ ചുംബിച്ചു... ചുംബനം അകലുമ്പോൾ നിർവൃതിയിൽ കണ്ണുകളടച്ച അവളുടെ കൺകോണിൽ പൊഴിയാൻ വെമ്പി ഒരുതുള്ളി കണ്ണുനീർ പൊടിച്ചു നിന്നു..

"...ഉം.." അവൾ പതിയെ മൂളി.. പിണക്കം അപ്പോഴും മാറിയിട്ടില്ല എന്ന് തോന്നി.. സാരിത്തുമ്പുയർത്തി അവൾ കണ്ണുകൾ തുടച്ചു..

"...എന്തായാലും വീട്ടിലേയ്ക്കായിട്ടു പോന്നതല്ലേ...?? ഇന്നെന്തായാലും നമ്മൾ ഒരുമിച്ച് അങ്ങോട്ട് പോവുന്നു.. അതിനു മുന്നേ എന്റെ പ്രിയഭാര്യയുടെ പിണക്കം മാറ്റാൻ നമ്മളിപ്പോ ലുലുവിൽ പോയി ഒരുമിച്ച് ലഞ്ച് കഴിക്കുന്നു, പിന്നെയൊരു സിനിമ, അൽപ്പം ഷോപ്പിംഗ്.. എല്ലാം കഴിഞ്ഞ് വൈകുന്നേരം തന്റെ വീട്ടിലേയ്ക്ക്... അന്ന് വിരുന്നിനു ചെന്നപ്പോ തന്റെ ബെഡ് കണ്ടപ്പോൾ മുതലുള്ള ആഗ്രഹാ നിനക്കൊപ്പം അതിൽക്കിടന്നു കെട്ടിമറിയുന്നത്.. ഇന്നെന്തായാലും ആ മോഹം തീർക്കണം.." കള്ളച്ചിരിയോടെ ഞാൻ പറഞ്ഞതും അവളെന്റെ കവിളിൽ നുള്ളി..

"...അയ്യടാ.. എപ്പോഴും ഈ ചിന്തയെ ഉള്ളൂ... കൊതിയൻ...!!" അവളെന്റെ കൈത്തണ്ടയിൽ പതുക്കെ നുള്ളിവലിച്ചു... നിമിഷാർദ്ധംകൊണ്ട് കരയുകയും അതിലും വേഗം പുഞ്ചിരിക്കുകയും, കുസൃതി കാണിക്കുകയും ചെയ്യുന്ന ഒരത്ഭുത ജന്മമാണ് അനു എന്ന് പലപ്പോഴും എനിക്ക് തോന്നിയിട്ടുണ്ട്.. പക്ഷേ ഈ ഭാവപ്രകടനങ്ങളൊക്കെ എന്റെയടുത്ത് മാത്രമേ ഉള്ളൂ... മറ്റുള്ളവരുടെ മുൻപിൽ ഒരു പാവം മിണ്ടാപ്പൂച്ച.. എന്റെയടുത്ത് കള്ളിപ്പൂച്ചയും..

"...അല്ലാ അപ്പോ എനിക്ക് മാറാൻ ഡ്രസ്സ് എടുത്താരുന്നോ..??" ട്രാവൽബാഗും വാനിറ്റിയും എടുത്ത് കൊണ്ട് ഞാൻ ചോദിച്ചു.. അവൾ വാനിറ്റി എന്റെ കൈയിൽ നിന്ന് വാങ്ങി ഇടത്തെ തോളിൽ തൂക്കി..

"...ഇല്ല... തനിച്ചു പോവാന്നു വിചാരിച്ചാ പോന്നേ... വേണോങ്കി ഒന്നോ രണ്ടോ ജോഡി വാങ്ങിയപ്പോരേ..??" അവൾ എനിക്കൊപ്പം നടന്നു... വിരലുകൾ എന്റെ ഇടത്തേ കൈവിരലുകളിൽ കൊരുത്തു പിടിച്ചിരുന്നു... പിണക്കമൊക്കെ മാറി അവൾ ചിരിച്ചുകൊണ്ട് എനിക്കൊപ്പം ക്യാബിനു പുറത്തേയ്ക്ക് വരുന്ന കണ്ട് അക്കൌണ്ട് സെക്ഷനിൽ നിന്ന ശ്രീനിധിയുടെ മുഖത്ത് പുഞ്ചിരി വിരിഞ്ഞു... അവൾ കൈയ്യിൽ പിടിച്ചിരുന്ന ഫയൽ കണ്ടപ്പോഴാണ് ചെയ്തുകൊണ്ടിരുന്ന ജോലിയെപ്പറ്റി ഞാനോർത്തത്.. അനുവിനോട് ഒരു നിമിഷത്തേയ്ക്ക് അനുവാദം വാങ്ങി, ബാഗ് കൈയിൽകൊടുത്ത് ഞാൻ ശ്രീനിധിയുടെ അടുത്തേയ്ക്ക് ചെന്നു... അവളിൽ പ്രതിഫലിച്ച ആശങ്കാഭാവം എന്റെയും അനുവിന്റെയും ചിരിക്കുന്ന മുഖം കണ്ടപ്പോൾ മാറിയിരുന്നു..

ശ്രീനിധി തന്ന ഫയലിൽ ഞാൻ പറഞ്ഞുകൊടുത്ത മാറ്റർ ടൈപ്പ് ചെയ്ത് പ്രിന്റ് എടുത്ത് വച്ചിരുന്നു.. ഗ്ലാസിട്ട അക്കൌണ്ട് സെക്ഷനിൽ നിന്നുകൊണ്ട് ആ ഫയൽ വെരിഫൈ ചെയ്യുമ്പോൾ ഇടയ്ക്ക് ഞാൻ അനുവിനെ നോക്കി.. എന്റെ ക്യാബിനു മുന്നിൽ "ദേവൻ രാജശേഖരൻ" എന്ന് സ്വർണ്ണലിപിയിൽ എഴുതിയിരുന്നതിൽ വിരലോടിച്ചു നിൽക്കുകയായിരുന്നു അവൾ.. ഇംഗ്ലീഷിൽ എഴുതിയ ഓരോ അക്ഷരത്തിനു മുകളിലൂടെയും വിരലോടിച്ച് അവൾ ഓരോന്നും ചുണ്ടുകൾ ചലിപ്പിച്ചു പറയുന്നത് കണ്ട എനിക്ക് ചിരി വന്നു.. ഞാൻ ചുറ്റും നോക്കുമ്പോൾ ഓഫീസിലെ സ്റ്റാഫിൽ പലരും കുട്ടിത്തം നിറഞ്ഞ അനുവിന്റെ പ്രവർത്തി നോക്കി നിൽക്കുകയിരുന്നു... അവരുടെയെല്ലാം ചുണ്ടുകളിൽ ചിരി...

ഗ്ലാസിട്ട ക്യാബിനുകൾക്ക് അകത്തു നിൽക്കുന്ന ഞാനുൾപ്പടെ ഉള്ളവർക്ക് അവൾ പറയുന്നത് കേൾക്കാൻ കഴിയില്ലെങ്കിലും ചുണ്ടുകളുടെ ചലനം കൊണ്ട് അവൾ പറയുന്നത് മനസ്സിലാക്കാമായിരുന്നു.. എന്നാൽ മറ്റുള്ളവർ തന്നെ ശ്രദ്ധിക്കുന്നുണ്ട് എന്നതൊന്നും അറിയാതെ അനു അവളുടെ ജോലിയിൽ വ്യാപ്രുതയായിരുന്നു... പേരിനടിയിൽ ഒന്ന് വിരൽകൊണ്ട് നീട്ടി വരച്ച് എന്റെ പേര് ഈണത്തിൽ ഉരുവിടുന്നത് കണ്ട് ശ്രീനിധിയും ചിരിച്ചു...

കരിമ്പച്ച കാഞ്ചീപുരം പട്ടുടുത്ത ഒരു അഞ്ചു വയസ്സുകാരിയാണ് അനു എന്ന് തോന്നി അവളുടെ ചേഷ്ടകൾ കണ്ടപ്പോൾ.. ഞാൻ നിൽക്കുന്നതിന് അടുത്ത

സീറ്റുകളിൽ ഇരുന്ന പലരും എന്നെ നോക്കിയും ചിരിയടക്കുന്ന കണ്ടു.. ഞാനൊന്ന് മുരടനക്കി.. അത് കേട്ട് എല്ലാവരും തിരിഞ്ഞ് അവരവരുടെ ജോലികളിൽ ശ്രദ്ധിക്കാൻ തുടങ്ങി.. ഈ സമയം ശ്രീനിധി ഡോർ തുറന്നു അനുവിന്റെ അടുത്തേയ്ക്ക് ചെന്നു..

അവർ സംസാരിച്ചു ചിരിക്കുന്നതും ഇടയ്ക്ക് ശ്രീനിധി പറയുന്നത് കേട്ട് അനു ചമ്മുന്നതും, നാണത്തോടെ സ്വയം തലയിൽ തല്ലുന്നതും കണ്ടപ്പോൾ അവരെന്തായിരിക്കും സംസാരിച്ചിരിക്കുക എന്ന് ഞാനൂഹിച്ചു... ഒപ്പം ശ്രീനിധിയെ കൊല്ലാനുള്ള ദേഷ്യത്തോടെ വന്ന അനുവിന്റെ ഭാവമാറ്റം എന്നിൽ അത്ഭുതം നിറച്ചു... ഇടയ്ക്ക് അവരെന്റെ നേരെയും നോക്കുന്നുണ്ടായിരുന്നു... ഞാനവരെ ശ്രദ്ധിക്കുന്നു എന്ന് മനസ്സിലാക്കാതിരിക്കാൻ മുഖം മാറ്റി ഞാൻ ഫയലിൽ ശ്രദ്ധിച്ചു..

ഇന്ന് ചെയ്ത് തീർക്കേണ്ട ജോലികളെപ്പറ്റി സ്റ്റാഫിന് നിർദ്ദേശം നൽകി ഞാൻ പുറത്ത് വരുമ്പോൾ ശ്രീനിധിയ്ക്കടുത്ത് അനു ഉണ്ടായിരുന്നില്ല.. അവൾ വാഷ്റൂമിൽ പോയതാണ് എന്ന് പറഞ്ഞു.. ഞങ്ങൾ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ അവൾ വന്നു... കരഞ്ഞതുകൊണ്ട് മഷി പടർന്ന കണ്ണുകളും മുഖവും കഴുകി, കണ്ണുകളിൽ വീണ്ടും മഷിയെഴുതി, മാഞ്ഞ നെറ്റിയിലെ സിന്ദൂരവും തൊട്ട്, ഉലഞ്ഞ സാരി അഴിച്ചുടുത്ത് നേരെയാക്കി വന്ന അനുവിന്റെ മുഖത്ത് ആദ്യത്തെ സങ്കടഭാവം ഉണ്ടായിരുന്നില്ല... ഞങ്ങൾ ശ്രീനിധിയോട് യാത്രയും പറഞ്ഞ് പുറത്തേയ്ക്കിറങ്ങി..

നേരെ ലുലുമാളിൽ പോയി ഹൈപ്പർമാർക്കറ്റിൽ നിന്ന് ചൂട് ചപ്പാത്തിയും ചിക്കനും പാർസൽ വാങ്ങി ടോപ് ഫ്ലോറിൽ പോയിരുന്നു കഴിച്ചു.. ചിക്കൻ കടിച്ചു പറിക്കുന്നതിനിടയിൽ അവൾ വിശേഷങ്ങൾ പറഞ്ഞുകൊണ്ടിരുന്നു.. ഇമ്പമുള്ളൊരു കീർത്തനം കേൾക്കുന്നപോലെ അവൾ പറയുന്നതിനെല്ലാം ഞാൻ തലയാട്ടിയും ഇടയ്ക്ക് മൂളിയുമിരുന്നു... മല്ലിമോളുടെ പല്ലുവേദനയിൽ പല്ലവി പാടിത്തുടങ്ങിയ ആ കീർത്തനം രണ്ടാം ചരണത്തിൽ പാടി അവസാനിപ്പിക്കുമ്പോൾ ചെല്ലമ്മയുടെ കടയിൽ നിന്നും നാരങ്ങാമിട്ടായി തിന്നുന്നതിൽ എത്തി നിന്നു..

ഭക്ഷണം കഴിഞ്ഞ് എന്റെ കൈയിൽ തൂങ്ങി ചാടിത്തുള്ളി നടക്കുന്ന അവളും ഞാനും മാൾമുഴുവൻ കറങ്ങി നടന്ന് കാഴ്ച്ചകൾ കണ്ടു.. അങ്ങനെ

നടക്കുന്നതിനിടയിലാണ് എതിരെ വന്ന പെൺകുട്ടികളിൽ ചിലർ എന്നെ നോക്കി കളിയാക്കുന്നതുപോലെ ചിരിയടക്കുന്നത് അവൾ ശ്രദ്ധിച്ചത്..

"...കണ്ടോ ദേവേട്ടാ... ആ പെണ്ണുങ്ങള് ദേവേട്ടനെ നോക്കി ചിരിക്കുന്നേ... എനിക്കിതൊന്നും ഇഷ്ടപ്പെടുന്നില്ലാട്ടോ..??"

"...കാണാൻ കുറച്ച് ഗ്ലാമറുണ്ടായിപ്പോയത് എന്റെ കുറ്റമല്ലല്ലോ..??" ഞാൻ ചിരിച്ചു..

"...വേ... ഒരു ചുന്ദരൻ..." അവളെന്നെ നോക്കി കൊഞ്ഞനം കാണിച്ച് കൈത്തണ്ടയിൽ പിച്ചി..

"...ഹാ... നിന്റെ ഈ നഖം ഞാൻ പിടിച്ച് വെട്ടും നോക്കിക്കോ... പൂച്ചേ...!! പിന്നെ ദേ നിന്നെയും നോക്കി ചില വായിനോക്കികള് വെള്ളമിറക്കുന്നുണ്ട്..." അവളെ നോക്കുന്ന ചിലരെ ഞാനും അവൾക്ക് കാണിച്ചു കൊടുത്തു... എന്നാൽ എന്നെ നോക്കി ചിരിക്കുന്നവരുടെ എണ്ണം കൂടിയതേ ഉള്ളൂ.. ചിലരൊക്കെ ഞങ്ങളെ കടന്ന് പോയപ്പോൾ അവർ കാണാതെ അനു കൊഞ്ഞനം കുത്തി..

"...പിശാചുക്കള്... ന്റെ ദേവേട്ടനെ നോക്കി ആരും കൊതിക്കണ്ട..." അവൾ അരിശത്തോടെ മുഖം വെട്ടിച്ച് പറഞ്ഞു.. പിന്നെ വിരൽ കൊരുത്തു പിടിച്ചിരുന്ന കൈ എന്റെ കൈയിൽ ചുറ്റിപ്പിടിച്ച് ഒന്നുകൂടി ചേർന്ന് നടന്നു.. എന്നാൽ പിന്നീട് കണ്ടവരും ഇതാവർത്തിച്ചപ്പോൾ അനുവിന് എന്തോ സംശയം തോന്നി അവളെന്നെ പിടിച്ചു നിർത്തി അടിമുടി ഉഴിഞ്ഞു നോക്കി...

"..യ്യേ.. ഛെ... ആകെ നാണക്കേടായി..." അവൾ ഒരു കണ്ണടച്ച് ചമ്മിക്കൊണ്ട് പറഞ്ഞു..

"...എന്താടീ.. എന്തുപറ്റി..??"

"...ദേ നോക്കിയേ.. ന്റെ കൺമഷീം കുങ്കുമോം ഒക്കെ ദേവേട്ടന്റെ ഷർട്ടില് പറ്റിയേക്കണൂ... യ്യേ..." അപ്പോഴാണ് ഞാനും അത് ശ്രദ്ധിക്കുന്നത് എന്റെ ലൈറ്റ്

ബ്ലൂ ഷർട്ടിൽ പലയിടത്തും കുങ്കുമവും കൺമഷിയും പറ്റിയിരുന്നു... അപ്പോൾ തന്നെ അടുത്തു കണ്ട വിൽസ് ലൈഫ് സ്റ്റൈലിൽ നിന്ന് ഒരു ഷർട്ട് വാങ്ങി ഇട്ടു...

"...ഞാങ്കാരണം ആകെ നാണക്കേടായീല്ലേ ദേവേട്ടാ..." കറപറ്റിയ ഷർട്ട് പൊതിഞ്ഞെടുക്കുന്നതിനിടയിൽ സെയിൽസിൽ നിന്ന പെണ്ണും അർഥം വച്ച് ചിരിക്കുന്നകണ്ട് അനുവിന് സങ്കടം വന്നു..

"...ഏയ് എന്ത് നാണക്കേട്..?? ഇത്രയും സുന്ദരിയായ പെണ്ണിന്റെ സ്നേഹത്തിന്റെ അടയാളം എന്റെ ദേഹത്ത് കണ്ട് അവരൊക്കെ അസൂയപ്പെടുവല്ലേ ചെയ്തേ.. അല്ലാതെ കളിയാക്കീതല്ലന്നേ.."

"...ആണോ..??" വിശ്വാസം വരാത്തപോലെ അവൾ വീണ്ടും ചോദിച്ചു.

"...പിന്നല്ലാതെ...!! പിന്നെ നീയല്ലേ പരാതി പറഞ്ഞത് എന്റെ ദേഹത്ത് കമ്മിറ്റഡാന്നറിയാൻ അടയാളം ഒന്നൂല്ലാന്നു... ഇപ്പോ ആ പരാതി തീർന്നില്ലേ..?? എന്റെ ഷർട്ടിലെ കുങ്കുമത്തിന്റെ കറ കണ്ടവർക്കെല്ലാം ഞാൻ കമ്മിറ്റഡാന്നു മനസ്സിലായിക്കാണും...?? അല്ലേ കൊച്ചേ..??" ഞാൻ സെയിൽസ് ഗേളിനോടായി ചോദിച്ചു നിർത്തിയപ്പോൾ ചിരിച്ചുകൊണ്ട് ആ പെണ്ണ് തലയാട്ടി..

"..അത് ശരിയാ.. എന്നാ ഇതുംകൂടി ഇരുന്നോട്ടെ.." അവളാ സെയില്സ് ഗേളിന്റെ മുന്നിൽ വച്ച് എന്റെ നെഞ്ചിൽ മുഖമിട്ടുരുട്ടി... പുതിയ ലൈറ്റ് ഗ്രീൻ കളർ ഷർട്ടിലും കുങ്കുമം പറ്റി.

"...ഇപ്പോ ശരിയായി..." എങ്ങനെയുണ്ട് എന്ന അർദ്ധത്തിൽ പുരികം വളച്ച് അനു എന്റെയും ആ പെണ്ണിന്റെയും നേരെ നോക്കി... അവൾ ചിരിച്ചുകൊണ്ട് ഷോപ്പിംഗ് കവറും ബില്ലും അനുവിന്റെ നേരെ നീട്ടി..

അവിടെ നിന്നിറങ്ങുമ്പോൾ പഴയപോലെ എന്റെ കൈയിൽ ചുറ്റിപ്പിടിച്ച് തലയുർത്തി ചട്ടമ്പിയെപ്പോലെ നടക്കുന്ന അനുവിനെ ചേർത്ത് പിടിച്ച് നടക്കുമ്പോൾ അവളുടെ കുസൃതിയോർത്ത് എന്റെ ചുണ്ടിൽ ഒരു ചിരിയുണ്ടായിരുന്നു... പിന്നെയും വേറെ ചില ഷോപ്പുകളിലും കയറി.. അവൾക്ക് ഒന്ന് രണ്ട് സാരിയും ഇന്നറുകളടക്കം മറ്റ് ഡ്രസ്സുകളും, എനിക്ക് രണ്ട്

ടീഷർട്ടും ജീൻസും ഇന്നറുകളും, അവളുടെ അച്ഛനും അമ്മയ്ക്കും അഞ്ചുവിനും രണ്ടു ജോഡി വീതം ഡ്രസ്സുകളും വാങ്ങി അവിടന്നിറങ്ങി... അപ്പോഴേക്കും സമയം നാലുമണി കഴിഞ്ഞിരുന്നു... സിനിമകൂടി കാണുമ്പോഴേക്കും സമയം വൈകുമെന്ന് തോന്നിയതുകൊണ്ട് വീട്ടിലേയ്ക്ക് പോകാൻ തീരുമാനിച്ചു.

കാറിലിരിക്കുമ്പോൾ അവൾ മൌനമായിരുന്നു... ഇത്രയും നേരം വാ തോരാതെ സംസാരിച്ചത് ഇവളല്ലേ..?? എനിക്ക് സംശയം.. ഇടയ്ക്ക് ഞാൻ നോക്കുന്നു എന്ന് തോന്നുമ്പോൾ ഒന്ന് പുഞ്ചിരിക്കാൻ ശ്രമിച്ചു.. പിന്നെയും പുറത്തെ കാഴ്ച്ചകളിൽ മിഴിയൂന്നിയിരിന്നു... അപ്പോഴും എന്റെ ഇടംകൈ മടിയിൽ എടുത്തു വച്ച് തഴുകുന്നുണ്ടായിരുന്നു.. സാധാരണ അനുവിനൊപ്പം യാത്ര ചെയ്യുമ്പോളാണ് മ്യൂസിക് പ്ലെയറിന് റെസ്റ്റ് കിട്ടുന്നത്.. എന്നാലിപ്പോൾ മുഹമ്മദ് റാഫിയും, ലതാമ്മയും പണിയെടുത്ത് മരിക്കുന്നു..

അവളുടെ മൌനം എന്നെ ചെറുതായെങ്കിലും വേദനിപ്പിച്ചു.. ശ്രീനിധി ഫോൺ പിടിച്ചു വാങ്ങി സംസാരിച്ചത് മാത്രമല്ല പ്രശ്നം എന്ന് തോന്നി...

കുറച്ചു ദിവസങ്ങളായി അവളിങ്ങനെ ചിന്താധീനയായിരുന്നു... രാത്രി മുറിയിലെത്തിയാലും പഴയതുപോലയുള്ള ഉത്സാഹം ഒന്നിലും ഇല്ലായിരുന്നു.. ഒരുപരിധിവരെ അവളുടെ അവസ്ഥയിൽത്തന്നെ ആയിരുന്നു ഞാനും.. സമീപഭാവിയിൽത്തന്നെ ഞങ്ങൾ നേരിടേണ്ടി വരാവുന്ന പ്രശ്നങ്ങളെക്കുറിച്ചുള്ള ചിന്തകളും, ഓഫീസിലെ ടെൻഷനും എല്ലാം എന്നെയും കുഴപ്പിച്ചിരുന്നു... എന്നാൽ അതെല്ലാം മറന്ന് അവളെയൊന്നു സ്നേഹിക്കാനും, പ്രണയത്തിന്റെ ലഹരിയിൽ എല്ലാം മറന്ന് സുഖമായുറങ്ങാനും കൊതിച്ചു വരുന്ന ഞാൻ ഓഫീസിലെ വിശേഷങ്ങളും പഴയ കാര്യങ്ങളും ഒക്കെ പറഞ്ഞ് അവളുടെ മൂഡ് മാറ്റാൻ നോക്കിയാലും കുറച്ചു കഴിയുമ്പോഴേക്കും എന്റെ നെഞ്ചിൽ കിടന്ന് അവൾ ഉറങ്ങിയിട്ടുണ്ടാകും... അതുകൊണ്ട്തന്നെ കഴിഞ്ഞ ആഴ്ച്ച ഫാംഹൌസിൽ പോയി വന്നശേഷം രണ്ടു തവണ മാത്രമാണ് ഞങ്ങൾ പൂർണ്ണമായും ബന്ധപ്പെട്ടതുപോലും..

ഇപ്പോഴും കഴിഞ്ഞ ദിവസങ്ങളുടെ ബാക്കിയെന്നോണം അവൾ വീണ്ടും ചിന്തകളിൽ മുഴുകിയിരിക്കുന്നു... ഡ്രൈവിങ്ങിനിടയിൽ അവളുടെ തുടയിലും ഇടുപ്പിന്റെ വശത്തും നുള്ളിയും ഇക്കിളിയിട്ടും ഞാൻ മൂഡ് മാറ്റാൻ നോക്കി.. അവളെന്റെ കൈ പിടിച്ചുമാറ്റി ശാസിക്കുന്നപോലെ നോക്കിയതല്ലാതെ മൂഡിൽ മാറ്റമൊന്നും ഉണ്ടായില്ല..

“.എന്താഡോ..!! എന്താ നിനക്ക് പറ്റിയേ..?? കുറച്ചു ദിവസമായി ഞാനിത് ശ്രദ്ധിക്കുന്നു.. ഒരു മ്ലാനത..??

“...ഒന്നൂല്ല...??” എന്റെ കളിയാക്കൽ കേട്ടിട്ടും ഒരു മാറ്റവുമില്ലാതെ അവളിരുന്നു..

“...അത് നുണ... എന്തോ കാര്യമുണ്ട്.. പറയടി അമ്മിണീ..??” മടിയിലിരുന്ന ഇടത്തെ കൈകൊണ്ട് ഞാൻ വീണ്ടും തുടയിൽ നുള്ളി... അവൾ കൈതട്ടി മാറ്റി.

“..ഒന്നൂല്ലാന്നു ഞാമ്പറഞ്ഞൂല്ലോ... ദേവേട്ടന് ചുമ്മാ തോന്നണതാ...” അങ്ങനെ പറഞ്ഞെങ്കിലും വീണ്ടും തട്ടിമാറ്റിയ കൈയെടുത്ത് മടിയിൽ വച്ച് വിരലുകൾ കോർത്ത് പിടിച്ചു..

“...ഒന്നുമില്ലാഞ്ഞിട്ടാണോ ഇങ്ങനെ മൂഡിയായിരിക്കുന്നത്..? ങ്ഹേ..??” ഞാനൽപ്പം ദേഷ്യത്തോടെ ചോദിച്ചു..

“...ഞാ എന്തിനാ മൂഡിയാവണേ..?? നിക്കെന്താ കുറവ്.. ശ്രീമംഗലത്തെ ദേവന്റെ ഭാര്യ.., എല്ലാ സൗഭാഗ്യങ്ങളും അനുഭവിച്ചുള്ള ജീവിതം.., എ.സി റൂമീന്നു പുറത്തിറങ്ങിയാ എ.സി. കാറിലേയ്ക്ക്.., ജോലിയൊക്കെ ചെയ്യാൻ വേലക്കാര്.., ചുമ്മാ തിന്നും കുടിച്ചും രസിച്ചിരുന്നാ മതീല്ലോ.., നിക്കൊരു കുറവൂല്ലാ.. എല്ലാം ഇച്ചിരെ കൂടിപ്പോയോന്നെ ഇപ്പോ തോന്നണുള്ളൂ..” അനു ആരോടെന്നില്ലാതെ മുഖത്ത് നോക്കാതെ പറഞ്ഞു... വാക്കുകളിൽ പതിവില്ലാത്ത ദേഷ്യം.. ഞാൻ കാറ് സൈഡൊതുക്കി നിർത്തി..

“..നീയെന്തൊക്കെയാ അനൂ ഈ പറയണേ..?? മനസ്സിലെന്തെങ്കിലും ഉണ്ടെങ്കിൽ അത് പറ.. അല്ലാതെ ഇങ്ങനെ പടർപ്പിൽ തല്ലണ്ട..” ഞാനവളുടെ താടിയിൽ പിടിച്ച് മുഖം എന്റെ നേരെ തിരിച്ചുകൊണ്ട് ചോദിച്ചു... അവളുടെ കണ്ണുകൾ നിറഞ്ഞിരുന്നു..

“...നിക്കൊന്നൂല്ലാന്ന് പറഞ്ഞില്ലേ..?? ദേവേട്ടനെന്തിനാ കാറ് നിർത്തിയേ.. വണ്ടിയെടുക്ക് പോവാം..” നിറഞ്ഞ കണ്ണുകൾ തുടച്ച് അവൾ എന്റെ മുഖത്ത് നോക്കിപ്പറഞ്ഞു.. സ്വതവേ റോസാപ്പൂനിറമുള്ള അവളുടെ മുഖം കൂടുതൽ ചുവന്നു.. മൂക്കിന്റെ അറ്റത്ത് നിന്നും ചോരപോടിയും എന്ന് തോന്നി... അവൾ

പറഞ്ഞ ഓരോ വാക്കും ആരോടോ ഉള്ള ദേഷ്യം തീർക്കുന്നപോലെയായിരുന്നു... അവളുടെ ഈ ഭാവം എന്റെയും സമനില തെറ്റിച്ചു തുടങ്ങിയിരുന്നു..

"...പറയാൻ ഉദ്ദേശമില്ലല്ലേ..?? വേണ്ട...!! നമ്മള് രണ്ടും ഒന്നാണെന്നാ ഇതുവരെ ഞാൻ കരുതിയിരുന്നത്.. എന്നിട്ടിപ്പോ എന്നോട് മറയ്ക്കാനും നിനക്ക് കാര്യങ്ങളുണ്ടെങ്കിൽ അത് പറഞ്ഞിട്ട് മതി ഇനി മുന്നോട്ട്.. അല്ലാതെ എങ്ങോട്ടും പോവണ്ട.. ഇവിടെ ഇരിക്കാം.." ഞാൻ എഞ്ചിൻ ഓഫ് ചെയ്ത് കൈകെട്ടി ഇരുന്നു... ഞങ്ങൾക്കിടയിൽ മൌനം വന്നു നിറഞ്ഞു... അവളുടെ മുഖത്ത് നോക്കാതെ റോഡിലെ കാഴ്ച്ചകളിലേയ്ക്ക് ഞാൻ കണ്ണെറിഞ്ഞു... പക്ഷേ ദേഷ്യത്തോടെയുള്ള എന്റെ സംസാരം കേട്ട് അവൾ എന്റെ മുഖത്തേയ്ക്ക് തന്നെ തുറിച്ചു നോക്കി... കുറച്ചു കഴിഞ്ഞിട്ടും ഞാനവളെ ശ്രദ്ധിക്കുന്നില്ല എന്ന് കണ്ട് അവൾ എന്റെ മുഖം പിടിച്ച് അവളുടെ നേരെ തിരിച്ചു..

"...ഞാനാല്ലേ എല്ലാം മറച്ചു വച്ച് അഭിനയിക്കുന്നേ...?? അപ്പോ ദേവേട്ടനോ...?? ഉള്ളിലുള്ള വിഷമം മറച്ചുവച്ച് എന്റെ മുൻപിൽ അഭിനയിച്ചാ നിക്ക് മനസ്സിലാവില്ലാന്നു കരുതിയോ..??"

"...ഞാനെന്തു മറച്ചു വച്ചൂന്നാ അനൂ..?? എന്റെ ശബ്ദമുയർന്നു..

"...അന്ന് ഫാമൌസീന്നു വന്നപ്പോ മുതൽ ഞാനും ശ്രദ്ധിക്കണുണ്ട് ദേവേട്ടനെ... ആദിയെക്കുറിച്ച് ഞാമ്പറഞ്ഞ കാര്യങ്ങൾ കേട്ടപ്പോ അവളെ വേണ്ടായെന്നു വെച്ചതോർത്ത് ദേവേട്ടന് കുറ്റബോധണ്ട്.. നിക്കറിയാം... ന്നാ.. ന്നെ വേദനിപ്പിക്കാതിരിക്കാൻ സന്തോഷിക്കുന്നതായിട്ടു അഭിനയിക്കുവാ.. അല്ലേ...?? പറ... ഞാമ്പറഞ്ഞത് ശരിയല്ലേ..??" അവളുടെ വാക്കുകൾ എന്റെ മനസ്സിൽ ആഴത്തിലിറങ്ങി... നെഞ്ചുപിടച്ചു.. ശരിയാണ്.. ഫാംഹൌസിൽ വച്ച് അവൾ പറഞ്ഞ കാര്യങ്ങൾ രണ്ടു ദിവസത്തോളം എന്റെ മനസ്സിനെ കലുഷിതമാക്കിയിരുന്നു... പക്ഷേ അപ്പോഴും ആദിയെക്കുറിച്ചറിഞ്ഞ കാര്യങ്ങൾ അനുവിനെ വേദനിപ്പിക്കുമോ എന്നായിരുന്നു എന്റെ വിഷമം... കുറച്ചു നേരം ഞാൻ അവളുടെ മുഖത്തേയ്ക്ക് നോക്കിയിരുന്നു..

എന്റെ മറുപടിയ്ക്കായി കാത്തിരിക്കുന്ന അനുവിന്റെ സുന്ദരവദനത്തിൽ ഓളങ്ങൾ നിലച്ച പുഴയുടെ ശാന്തത ഞാൻ കണ്ടു... അപ്പോഴും ആദിയെ ഞാനിന്നും സ്നേഹിക്കുന്നുവെന്നും, അവളെ നഷ്ടപ്പെടുത്തിയതോർത്ത് ഞാൻ

വേദനിക്കുന്നുവെന്നും, ഞാൻ കുറ്റസമ്മതം നടത്താൻ പോകുന്നു എന്നോർത്ത് വേദനയുടെ അടിയൊഴുക്കിൽ നിലതെറ്റുന്ന ഹൃദയം കണ്ണുകളിൽ വായിക്കാമായിരുന്നു... എന്റെ മൌനം നീളുന്ന ഓരോ നിമിഷവും താളം തെറ്റുന്ന അവളുടെ നെഞ്ചിലെ പിടപ്പ് ഞാനറിഞ്ഞു... ഞാനവളുടെ കൈയെടുത്ത് എന്റെ നെഞ്ചിൽ ചേർത്തു വച്ചു..

"...അനുക്കുട്ടീ... നീ ആദിയെക്കുറിച്ച് പറഞ്ഞ കാര്യങ്ങൾ പലതും എനിക്ക് പുതിയ അറിവുകളായിരുന്നു.. ശരിയാണ്.. പക്ഷേ അവളെക്കുറിച്ചോർത്തല്ല ഞാൻ വിഷമിച്ചിരുന്നത്... നമ്മളെക്കുറിച്ചോർത്താ...??" ചോദ്യരൂപത്തിൽ അവളുടെ നെറ്റി ചുളിഞ്ഞു..

"...ആദിയെ ഞാൻ സ്നേഹിച്ചിരുന്നു.. അതുകൊണ്ട് നഷ്ടപ്പെട്ടപ്പോൾ വേദനയും ഉണ്ടായിരുന്നു... നീ പറഞ്ഞതുപോലെ അവളെപ്പറ്റി ഞാനറിയാത്ത പലതും ഇനിയും ഉണ്ടാവാം.. അതൊക്കെ അറിയുമ്പോൾ തെറ്റുകാരൻ ഒരുപക്ഷേ ഞാനായിരിക്കാം... എന്നാലും എന്റെ കൺമുൻപിൽ ഞാൻ കണ്ട കാഴ്ച്ച... അതെന്റെ മനസ്സിൽ ഉണ്ടാക്കിയ ഉണങ്ങാത്ത മുറിവ്... എന്നോട് ചെയ്തതിനൊക്കെ അവൾക്ക് പറയാനുള്ള കാരണം എന്തായാലും അതൊന്നും ആ മുറിവുണക്കാൻ പര്യാപ്തമല്ല.." ഞാൻ തുടരുമ്പോഴും നിറകണ്ണുകളോടെ അനു എന്റെ മുഖത്ത് തന്നെ നോക്കിയിരുന്നു..

"...പക്ഷേ അവൾക്ക് അർഹതപ്പെട്ട ജീവിതം തട്ടിയെടുത്തവൾ എന്ന ചിന്തയിൽ നീയിങ്ങനെ നീറുന്നത് മാത്രം എനിക്ക് കണ്ട് നിൽക്കാൻ കഴിയില്ല... എന്നോട് ക്ഷമിച്ചു എന്നും, എന്നെ വിശ്വാസമാണ് എന്നും പറയുമ്പോഴും.. എന്റെ ഇന്നലെകളിൽ ഉണ്ടായിരുന്ന പ്രണയം ആദിയാണ് എന്ന തിരിച്ചറിവ് നിന്നെ വേദനിപ്പിക്കുന്നുണ്ട്.. അതാണ് എന്റെ പ്രശ്നം..." എന്റെ വാക്കുകൾക്ക് കാതോർത്ത് നിർന്നിമേഷയായി നോക്കിയിരുന്ന അനുവിന്റെ കണ്ണുകൾ നിറഞ്ഞൊഴുകി... കവിളിൽ കണ്ണുനീരിന്റെ ചൂടുള്ള നനവറിഞ്ഞപ്പോഴാണ് താൻ കരയുകയാണ് എന്ന് അവൾ അറിഞ്ഞത്... പെട്ടന്ന് മിഴികൾ തുടക്കാനെന്ന വ്യാജേന അവൾ ടവലെടുത്ത് മുഖംമറച്ചു..

"...ഏയ്... ഞാനങ്ങനെയൊന്നും ചിന്തിച്ചിട്ടില്ല... ദേവേട്ടന് വെറുതെ തോന്നുന്നതാ...??" എനിക്ക് മുഖംതരാതെ പറഞ്ഞ അവളുടെ കവിളിൽ കൈത്തലം ചേർത്ത് ഞാനെന്റെ നേരെ തിരിച്ചു..

"...ഒളിക്കാൻ ശ്രമിക്കണ്ട നീയ്... മറ്റേതെങ്കിലും പെണ്ണായിരുന്നു എന്റെ മുൻകാമുകി എങ്കിൽ നിനക്കിത്ര നോവില്ലായിരുന്നു... പക്ഷേ ഇവിടെ ആദി നിന്റെ ആത്മാർത്ഥ കൂട്ടുകാരിയാണ്...?? പോരാത്തതിന് എന്നെ തിരികെക്കിട്ടാൻ അവൾ നിന്നെ ഓരോന്ന് പറഞ്ഞ് വിശ്വസിപ്പിക്കാൻ ശ്രമിക്കുന്നുമുണ്ടല്ലോ...?? അതുകൊണ്ടാണ് പഞ്ചമി ഉൾപ്പടെ മറ്റ് പല പേരുകളും ഞാൻ പറഞ്ഞിട്ടും ആദിയുമായി എനിക്കുണ്ടായിരുന്ന ബന്ധത്തെക്കുറിച്ച് അറിയാൻ മാത്രം നീയിത്ര താൽപ്പര്യം കാണിച്ചത്... ശരിയല്ലേ..??" അവൾ വീണ്ടും എന്റെ കൈകൾ പിടിച്ചുമാറ്റി എനിക്കെതിരെ മുഖം തിരിച്ചു..

"...എന്റെ മുഖത്ത് നോക്കനൂ... അതല്ലേ ഇത്രയും ദിവസം എനിക്കൊപ്പം ഉറങ്ങുമ്പോഴും നിന്റെ നെഞ്ചിലെ താളപ്പിഴകളിൽ ഞാനറിഞ്ഞ കുറ്റബോധത്തിന് കാരണം..?? അതിന്റെ കൂടെ നിന്നെ ഒഴിവാക്കി ആദിയെ ആ സ്ഥാനത്ത് അവരോധിക്കാൻ ആഗ്രഹിക്കുന്ന അമ്മയുടെ പ്രവർത്തികളും നിന്നെ വേദനിപ്പിക്കുന്നുണ്ട്... ശരിയല്ലേ...??" അവളുടെ ആമ്പൽപ്പൂമുഖം കൈക്കുമ്പിളിൽ താങ്ങുന്ന എന്റെ കൈപ്പത്തിയിൽ കൈത്തലം ചേർത്ത് അവൾ പതുക്കെ തലയാട്ടി...

"...നിന്നെ ഞാനെത്രത്തോളം സ്നേഹിക്കുന്നുണ്ട് എന്നും, നിന്റെ കൂടെ ഒരു ജീവിതം എത്രത്തോളം സ്വപ്നം കാണുന്നുണ്ട് എന്നും നിനക്ക് പറഞ്ഞാൽ മനസ്സിലാവില്ലനൂ... അത് നീ മനസ്സിലാക്കിയിരുന്നെങ്കിൽ ഇങ്ങനെ നീയെന്നോട് പെരുമാറില്ലായിരുന്നു..." അരുതാത്തതെന്തോ ഞാൻ പറഞ്ഞതുപോലെ അവൾ ദയനീയമായി എന്നെ നോക്കി...

"...ഒരുമിച്ചൊരു ജീവിതം തുടങ്ങിയ ശേഷം പ്രണയിച്ചു തുടങ്ങിയവരാ നമ്മൾ... നിന്നോട് എനിക്ക് തോന്നിയ ഇഷ്ടം തന്നെ നിനക്ക് എന്നോടും ഉണ്ടായിരുന്നു എന്നറിഞ്ഞ നിമിഷം ഞാൻ മനസ്സിലാക്കുകയായിരുന്നു ചുരുങ്ങിയ ദിവസങ്ങൾകൊണ്ട് നമ്മൾ എത്രത്തോളം അടുത്തു കഴിഞ്ഞിരുന്നു എന്ന്..

എന്നിട്ടും രണ്ടുപേരും എല്ലാം തുറന്നു പറഞ്ഞുതന്നെയല്ലേ ശരീരംപോലും പങ്കിട്ട് സ്നേഹിച്ചു തുടങ്ങിയത്..?? അതുപോലെ എന്റെ ഭൂതകാലം അറിഞ്ഞിട്ടും നീയെന്നെ സ്നേഹിച്ചപ്പോൾ ആ ഇന്നലെകൾ മറന്നു തന്നെയാണ് ഞാനും നിന്നെയും സ്നേഹിച്ചത്... അത് നിനക്കും അറിയാവുന്നതല്ലേ അനൂ.. എന്നിട്ടും എന്തിനാ ആവശ്യമില്ലാത്ത കാര്യങ്ങളുടെ പേരിൽ ഈ അകൽച്ച...??" എന്റെ ശബ്ദം ഇടറിയിരുന്നു... അപ്പോഴും ഉത്തരം മൌനമായിരുന്നു... എങ്കിലും അവളുടെ കണ്ണുകൾക്ക് ഒരുപാട് എന്തൊക്കെയോ എന്നോട്

പറയാനുള്ളപോലെ... അത് ഞാൻ മനസ്സിലാക്കുന്നു എന്ന് തോന്നിയതിനാലാവാം അവൾ കണ്ണുകളടച്ചു... തളംകെട്ടി നിന്ന വേദന അവളുടെ പൂങ്കവിളിലൂടെ ഒലിച്ചിറങ്ങി.. പക്ഷേ എന്റെ കണ്ണുനീർ വറ്റിയിരുന്നു... നെഞ്ചിനുള്ളിൽ ആർത്തലയ്ക്കുന്ന കടൽ കൺപീലികളിൽ തട്ടി പുറത്തേയ്ക്ക് ഒഴുകാതെ നിന്നു... മനസ്സിൽ പൂവിട്ട മോഹങ്ങളൊക്കെ കൊഴിയുന്നപോലെ എനിക്ക് തോന്നി..

"...ഇനിയും നിനക്ക് ഞാൻ പറയുന്നതൊന്നും വിശ്വാസമല്ലെങ്കിൽ വേണ്ട... നിന്റെ സ്നേഹത്തിന് ഞാൻ യോഗ്യനല്ല അനൂ... ആരെയും എന്റെ ജീവിതത്തിൽ ഞാൻ പിടിച്ചു നിർത്താറില്ല... അതുകൊണ്ട് നിനക്ക് എന്നെ വിട്ടു പോകണമെങ്കിലും ആവാം.. പക്ഷേ അതിനു ശേഷം എനിക്കെന്ത് സംഭവിക്കും എന്ന് പറയാൻ പറ്റില്ല... അങ്ങനെയൊരു വിധിയാണ് നീയെനിക്ക് സമ്മാനിക്കുന്നതെങ്കിൽ എനിക്കെന്ത് സംഭവിച്ചാലും നീയെന്നെ തേടി വരരുത്..." സങ്കടംകൊണ്ട് എന്റെ തൊണ്ടയിൽ ഉമിനീർവറ്റി.. ആരോ കഴുത്തിൽ കുത്തിപ്പിടിച്ചപോലെ തോന്നി എനിക്ക്... ഹൃദയം നുറുങ്ങുന്ന വേദനയോടെ അത്രയും പറഞ്ഞതും എന്റെ കണ്ണുകൾ നിറഞ്ഞൊഴുകിയിരുന്നു... ഞാനവളെ വിട്ട് മുഖം എതിർ വശത്തേയ്ക്ക് തിരിച്ചു..

"...ദേവേട്ടാ..." എന്റെ കൈകൾ വിട്ടതും ഉറക്കത്തിൽ നിന്നും ദു:സ്വപ്നം കണ്ട് ഞെട്ടിയുണർന്നപോലെ അവൾ വിളിച്ചു... ഗുഹാമുഖത്ത് നിന്നും പുറപ്പെട്ടതുപോലെ അവ്യക്തമായ തേങ്ങലോടെയുള്ള അവളുടെ വിളി കേട്ടിട്ടും എന്റെ കണ്ണുനീർ അവളിൽ നിന്നും മറച്ചു പിടിക്കാൻ ഞാൻ മുഖം തിരിച്ചിരുന്നു..

"...ഇങ്ങോട്ട് നോക്കിയേ..??" അവൾ സീറ്റിൽ നിന്നും എഴുന്നേറ്റ് ബലം പിടിച്ച് എന്റെ മുഖം അവൾക്ക് നേരെ തിരിച്ച് കരഞ്ഞുകൊണ്ട് വിളിച്ചു..

"...അയ്യോ... ന്റെ വാവാച്ചീ... കരയല്ലേ... ന്റെ വിഷമംകൊണ്ട് ഞാമ്പറഞ്ഞു പോയതാ..." നിറഞ്ഞൊഴുകിയ എന്റെ കണ്ണുകളിൽ അവൾ മുത്തി... എന്റെ മുഖം കൈകളിൽ വാരിയെടുത്ത് മുഖം മുഴുവൻ ഉമ്മ വച്ചു..

"..വാവാച്ചിനെ നിക്ക് വിശ്വാസാ... ഒരുപാടിഷ്ടാ... വാവാച്ചീടെ മനസ്സ് കാണാതെ ഞാൻ അറിയാതെ എന്തോ പറഞ്ഞു പോയതാ... ന്റെ പോന്നെ... യ്യോ.. ഞാൻ എന്തൊക്കെയോ പറഞ്ഞല്ലോ ദേവീ... ന്റെ വാവാച്ചീനെ ഞാൻ

കരയിപ്പിച്ചൂല്ലോ...” എന്റെ മുഖം മുഴുവൻ ഭ്രാന്തമായി ചുംബിക്കുന്നതിനിടയിൽ അവളെന്തൊക്കെയോ പതം പറഞ്ഞു കരഞ്ഞുകൊണ്ടിരുന്നു... ഹെവേയുടെ സൈഡിൽ നിർത്തിയ കാറിലിരുന്നാണ് ഈ സ്നേഹപ്രകടനം എന്നൊന്നും അപ്പോൾ ഞങ്ങൾ ചിന്തിച്ചിരുന്നില്ല... കുറച്ചു ദിവസമായി പരസ്പ്പരം പറയാതെ ഉള്ളിലൊതുക്കിയ വിഷമങ്ങൾ മുഴുവൻ രണ്ടുപേരും കരഞ്ഞു തീർക്കുകയായിരുന്നു... മുഖം മുഴുവൻ ചുംബിച്ചു തീർത്ത് അവളെന്റെ മുഖം മാറിൽ അമർത്തി കരഞ്ഞുകൊണ്ടിരുന്നു...

അവളുടെ പഞ്ഞിക്കുടങ്ങളിൽ മുഖമർത്തി മനസ്സിലെ വിഷമങ്ങൾ പെയ്തൊഴിക്കുന്നതിനിടയിൽ ഞാൻ മറ്റൊന്നുകൂടി മനസ്സിലാക്കി... ആദിയെ നഷ്ടപ്പെട്ട ആ രാത്രിയ്ക്ക് ശേഷം ഞാനാദ്യമായി കരഞ്ഞത് ഈ നിമിഷമായിരുന്നു എന്ന്.. മരണത്തിൽപ്പോലും ഞാൻ എനിക്കൊപ്പം കൂടെക്കൂട്ടും എന്ന് തീരുമാനിച്ചിരുന്ന എന്റെ പ്രാണൻ എന്നെ വിട്ടുപോകും എന്ന് തോന്നിയ ഈ നിമിഷം...

അവൾ സീറ്റിലേയ്ക്കിരുന്ന് എന്റെ തോളിൽ ചാഞ്ഞു... “..ഞ്ഞി ന്റെ ദേവേട്ടനെ ഞാനൊരിക്കലും അവിശ്വസിക്കില്ലാട്ടോ... ഇപ്പോഴും വിശ്വാസമില്ലാഞ്ഞിട്ടല്ല... നഷ്ടപ്പെടുമോന്നുള്ള പേടികൊണ്ടാ... ഒന്ന് പരാതി പറയാനാണേലും നിക്ക് ന്റെ വാവാച്ചീടെ അടുത്തല്ലേ സ്വാതന്ത്ര്യള്ളൂ... അതുകൊണ്ട് പറഞ്ഞുപോയതാ... വാവാച്ചീ ന്നോട് ക്ഷമിക്ക്ട്ടോ...” ഞാൻ അവളുടെ നെറുകയിൽ ചുംബിച്ചു...

“...എനിക്കറിയാടി അനുക്കുട്ടീ... ഞാമ്പറഞ്ഞിട്ടില്ലേ...?? എന്ത് കാര്യമുണ്ടായാലും എന്നോട് തുറന്നു പറയണന്ന്... എന്റെ അമ്മിണി ഒന്നും തനിച്ച് സഹിക്കണ്ട... എല്ലാം നമുക്ക് ഒരുമിച്ചാവാം.. അത് സന്തോഷായാലും സങ്കടായാലും... ഇത്രേം നാളും എല്ലാം നീ ഉള്ളിലൊതുക്കിയിട്ടേ ഉള്ളൂ... എനിക്കറിയാം.. ഇനി എല്ലാത്തിനും ഞാനില്ലേ എന്റെ പെണ്ണിന്.. ഉം..??” കണ്ണുനീരിനിടയിലും നുണക്കുഴിവിരിയിച്ച് അവൾ അഴകോടെ ചിരിച്ചു... വീണ്ടും തോളിൽ മുഖമൊളിപ്പിച്ചു..

“..അതേ എഴുന്നേറ്റെ... നമ്മളെ രണ്ടിനേം കണ്ടാൽ കരഞ്ഞതാന്നു ആർക്കും മനസ്സിലാവും.. ഈ കോലത്തിൽ നിന്റെ വീട്ടിലേയ്ക്ക് ചെല്ലാൻ പറ്റില്ല...??” അവൾ കണ്ണുകൾ തുടച്ച് അകന്നു മാറി.. ഞാൻ ഡോറിലെ ഹോൾഡറിൽ ഇരുന്ന മിനറൽ വാട്ടർ എടുത്ത് പുറത്തിറങ്ങി മുഖം കഴുകി... കൂടെ അനുവും ഇറങ്ങി അവളുടെ മുഖവും കഴുകി... അവൾ തന്നെ ടവൽകൊണ്ട് എന്റെ മുഖം തുടച്ചു തന്നു... ഞാൻ തിരിച്ചു കാറിൽ കയറി... അവൾ കയറി ഡോർ അടച്ചതും

ഞാനവളെ ചേർത്ത് പിടിച്ച് ചുണ്ടുകൾ ബന്ധിച്ചു... പെട്ടന്ന് ഞാനങ്ങനെ ചെയ്തതിന്റെ ഞെട്ടൽ മാറിയതും അവളും എന്നെ തിരിച്ചു പുണർന്ന് അധരങ്ങൾ നുണഞ്ഞു... കരഞ്ഞതിന്റെ ക്ഷീണം തീർക്കാനെന്നപോലെ കൊതിയോടെ പരസ്പ്പരം ഉമിനീർ കൈമാറിക്കുടിച്ച്, നാവുകൾ നീട്ടി നുണഞ്ഞ് പരിസരം മറന്ന് ഞങ്ങൾ ആലിംഗനബദ്ധരായിരുന്നു..

ഞാൻ അകലാൻ ശ്രമിച്ചിട്ടും വിടാതെ അവളെന്നെ വീണ്ടും ചുംബിച്ചുകൊണ്ടിരുന്നു... അവസാനം അവളുടെ ഇടുപ്പിലിരുന്ന കൈകൊണ്ട് വയറിന്റെ നഗ്നമായ വശത്ത് നുള്ളണ്ടി വന്നു അവൾ പിടിവിടാൻ..

"...നടുറോഡാഡീ കൊതിച്ചീ... ബാക്കി നിന്റെ വീട്ടിൽ ചെന്നട്ട്..."

"...പോടാ തെമ്മാടീ... എന്ത് പിച്ചാ പിച്ചിയെ...?? ന്റെ ജീവൻ പോയി... നോക്കിയേ..??" അവൾ സാരിമാറ്റി വയറിൽ ചുവന്നു കിടക്കുന്ന നഖക്ഷതം കാണിച്ചുകൊണ്ട് പറഞ്ഞു..

"...സഹിച്ചോ... ഒരു കാര്യോമില്ലാതെ എന്നോട് അടിയുണ്ടാക്കിയകൊണ്ടല്ലേ... ഇനി അടിയുണ്ടാക്കിയാ ഇനീം മേടിക്കും നീ..." ഞാൻ ചിരിച്ചുകൊണ്ട് പറഞ്ഞു... പക്ഷേ അതിനുള്ള ശിക്ഷ അടുത്ത സെക്കന്റിൽ എന്റെ തോളിൽ കിട്ടി.. കടിച്ചു കഴിഞ്ഞ് തോളിലും കഴുത്തിന്റെ വശത്തും ചപ്പുന്നപോലെ ഒരു ചുംബനവും കിട്ടി.. സകലവേദനയും മറക്കാൻ ആ മരുന്ന് മതി..

ഞാൻ കാർ സ്റ്റാർട്ട് ചെയ്ത് മുന്നോട്ടെടുത്തു... നിമിഷങ്ങൾക്കുള്ളിൽ ഓഡി ശരവേഗം പൂണ്ട് ഹൈവേയിലൂടെ പാഞ്ഞുതുടങ്ങി.. എന്റെ തോളിൽ തലചായ്ച്ച് ഇടത്തെ കൈ മടിയിലെടുത്തു വച്ച് തഴുകി അനു പിന്നെയും വിശേഷങ്ങളുടെ ഭാണ്ഡമഴിച്ചു... ഇടയ്ക്ക് കുസൃതിയോടെ എന്റെ മീശയിലും താടിയിലും വിരലോടിച്ചും, പിടിച്ചു വലിച്ചും.. കള്ളപ്പരിഭവത്തിനിടയിൽ മാന്തിയും കടിച്ചും അവളെന്റെ പൂച്ചക്കുട്ടിയായി..

അങ്ങനെ ഇനിയൊരിക്കലും പരസ്പ്പരം അവിശ്വസിക്കില്ല എന്ന് തീരുമാനിച്ച് വാക്കുകളിലും തലോടലുകളിലും പ്രണയത്തിന്റെ മാധുര്യം നുണഞ്ഞ് ഞങ്ങൾ യാത്രതുടർന്നു.. അനു അപ്പോഴും എന്റെ തോളിൽ ചാഞ്ഞിരിക്കുകയായിരുന്നു... അവളുടെ നാട്ടിലെത്താൻ പത്ത് കിലോ മീറ്റർ ദൂരം ബാക്കി നിക്കുമ്പോൾ

അവളുടെ കൈയിലിരുന്ന എന്റെ ഫോണിൽ ശ്രീനിധിയുടെ ചിരിക്കുന്ന മുഖം തെളിഞ്ഞു... ഒഫീഷ്യൽ കാര്യങ്ങൾക്ക് മാത്രം ഉപയോഗിക്കാനുള്ള നമ്പരിൽ നിന്നാണ് അവൾ വിളിച്ചത്... അതുകൊണ്ട് ആ നമ്പർ ഞാൻ പി.എസ്. എന്നാണ് സേവ് ചെയ്തിരുന്നത്..

"...പി.എസോ... എന്നുവച്ചാ എന്താ...??" അനുവിന്റെ സംശയം..

"...എന്നുവച്ചാ പേർസണൽ സെക്രട്ടറി... ഇതുപോലും അറിയില്ലെടീ പൊട്ടിക്കാളീ..??" കോൾ അറ്റന്റ് ചെയ്യാനായി കാർ റോഡിന്റെ സൈഡിലേയ്ക്ക് ഒതുക്കുന്നതിനിടയിൽ ഞാൻ മറുപടി പറഞ്ഞു..

"...ഓ അതാണോ..?? ഞാങ്കരുതി അവളൊരു അടാർ പീസാന്നൊക്കെ നിങ്ങള് ആണുങ്ങള് പറയാറില്ലേ... അവളൊരു അഡാറു പീസാന്നു... പിന്നെ ശ്രീ ആളൊരു കിടിലൻ പീസല്ലേ... ഈ കള്ളക്കണ്ണൻ ആ ഉദ്ദേശ്യത്തിൽ സേവ് ചെയ്താന്നു ഞാൻ വിചാരിച്ചു.." കള്ളച്ചിരിയോടെ അവൾ പറഞ്ഞത് കേട്ടപ്പോൾ എന്നെ ഊതിയതാണെന്ന് മനസ്സിലായി..

"...നീയാ ഫോൺ തന്നെ പെണ്ണേ കളിക്കാതെ..." ഞാൻ കൈ നീട്ടിയെങ്കിലും എനിക്ക് തരാതെ കുറച്ചു നേരം അങ്ങോട്ടും ഇങ്ങോട്ടും ഫോൺ മാറ്റി മാറ്റിപ്പിടിച്ച് അവളെന്നെ കളിപ്പിച്ചുകൊണ്ടിരുന്നു... അവസാനം എന്റെ കൈയിൽ നിന്നും ഇടുപ്പിൽ നുള്ള് കിട്ടിയപ്പോഴാണ് അവൾ ഫോൺ തന്നത്.. റിംഗ് തീരുന്നതിനു സെക്കന്റുകൾ മുൻപ് കോൾ എടുക്കുമ്പോൾ അനുവിനോപ്പം കൂടി ഞാനും കുട്ടികളെപ്പോലെ പിച്ചാനും മാന്താനും പഠിച്ചല്ലോ എന്നോർത്ത് എനിക്ക് ചിരിവന്നു..

"...ഹലോ ശ്രീ..." വീണ്ടും എന്നെ ഫോൺ ചെയ്യാൻ സമ്മതിക്കാതെ തലമുടിയിൽ പിടിച്ചു വലിച്ചും, ഇക്കിളി കൂട്ടാൻ ശ്രമിച്ചും ശല്യം ചെയ്യുന്ന അനുവിനെ കണ്ണുരുട്ടി ശാസിച്ച് അവളുടെ കൈകളിൽ നിന്ന് രക്ഷനേടാൻ ഒഴിഞ്ഞു മാറുന്നതിനിടയിൽ കൈതട്ടി ലൌഡ് സ്പീക്കർ ഓണായി..

"...സാർ.. ഡ്രൈവിങ്ങിലാണോ..??" അവളുടെ സംസാരത്തിൽ ഒരു തിടുക്കം പ്രകടമായിരുന്നു.. അത് ശ്രദ്ധിച്ച അനു അടങ്ങിയിരുന്ന് സംസാരത്തിനു കാതോർത്തു..

"...അതെ... ബട്ട് ഇറ്റ്സ് ഓ.കെ.. കാർ നിർത്തി.. താൻ പറഞ്ഞോ... എനിതിംഗ് അർജന്റ്..??"

"...യെസ് സാർ... നമ്മുടെ കൺസ്ട്രക്ഷൻ സൈറ്റിൽ ഒരാക്സിഡന്റ് നടന്നു..."

"...എവിടെ...??" ചോദ്യഭാവത്തിൽ എന്റെയും അനുവിന്റെയും കണ്ണുകൾ തമ്മിലിടയുന്നതിനിടയിൽ ഞാൻ ചോദിച്ചു..

"...ഡ്രീം ബേയുടെ സൈറ്റിൽ..." ഫോർട്ട്കൊച്ചി റൂട്ടിൽ കൺസ്ട്രക്ഷൻ നടക്കുന്ന അപ്പാർട്ട്മെന്റ് പ്രോജക്ടായിരുന്നു ഡ്രീം ബേ..

"...എന്നിട്ടെന്ത് സംഭവിച്ചു...??"

"...അത് സാർ... പണിക്കാരികളിൽ ഒരാൾ ഒന്നാം നിലയിൽ നിന്ന് കാല് തെന്നി താഴേക്ക് വീണു... ഇപ്പോ ആസ്റ്ററിൽ അഡ്മിറ്റ് ചെയ്തിരിക്കുവാ..."

"...എന്താ കണ്ടീഷൻ...?? ഈസ് ഇറ്റ് സീരിയസ്..??"

"...നോ സർ ...ബട്ട്.. കാലിനും കൈക്കും ഫ്രാക്ച്ചറുണ്ട്... പിന്നെ കുറച്ചു ബ്ലഡ് പോയി... ഇപ്പോ ഐ.സി.യുവിലാണ്... 24 മണിക്കൂർ ഒബ്സർവേഷനിൽ... പേടിക്കാനില്ല.. ബട്ട് ബോധം വന്നിട്ടില്ല.." വ്യക്തമായും എന്നാൽ ചുരുക്കിയും അവൾ സിറ്റുവേഷൻ അവതരിപ്പിച്ചു..

"...താനിപ്പോ എവിടെയാ... ഹോസ്പിറ്റലിൽ ആണോ...??

"...അതേ സാർ... ഇവിടെയത്തി കണ്ടീഷൻ എന്താണെന്ന് അറിഞ്ഞിട്ട് സാറിനെ വിളിക്കാമെന്ന് കരുതി..."

"...കൂടെ വേറെ ആരൊക്കെയുണ്ട്...??"

"...ഷാഹുലും.., രമ്യയും.., നവീനുമുണ്ട്.. പിന്നെ ശിവേട്ടനും.. പിന്നെ സൈറ്റിലെ ചില വർക്കേഴ്സും ഉണ്ട്.." ശിവേട്ടൻ ഡ്രൈവറാണ്.. മറ്റുള്ളവർ സൈറ്റിന്റെ ചാർജുള്ള എൻജിനീയറും, ഓഫീസ് സ്റ്റാഫും..

"...ഓ.കെ താൻ അവിടെത്തന്നെ കാണണം.. ഞങ്ങൾ അനുവിന്റെ വീട്ടിൽ എത്താറായി... ഞാനവളെ വീട്ടിലാക്കിയിട്ട് വന്നേക്കാം.. ഓ.കെ..?? പിന്നെ അവരുടെ റിലേറ്റീവ്സിനെ അറിയിച്ചോ...??" ഇടയ്ക്ക് അനുവിനെ നോക്കിയപ്പോൾ അവൾ ചിന്താധീനയായി ഞങ്ങളുടെ സംസാരം ശ്രദ്ധിച്ചിരിക്കുകയായിരുന്നു..

"...ഇല്ല.. ലേബർ സപ്ലയർ കൊണ്ടുവന്ന വർക്കേഴ്സിൽ ഒരാളാണ് ആക്സിഡന്റായ സ്ത്രീ... ഡീറ്റെയിൽസ് അന്വേഷിക്കാൻ ഏർപ്പാട് ചെയ്തിട്ടുണ്ട്..."

"...ഓ.കെ... എന്തെങ്കിലും പ്രോഗ്രസ് ഉണ്ടായാൽ വിളിക്കണം... ഞാൻ ഉടനെത്താം..."

"...ഓഫ്കോഴ്സ് സാർ... ഐ വിൽ വെയിറ്റ് ഹിയർ..."

കോൾ കട്ട് ചെയ്ത് ഞാൻ കാർ മുന്നോട്ടെടുക്കാൻ തുനിഞ്ഞതും അനു എന്റെ കൈയിൽ പിടിച്ചു...

"...ദേവേട്ടൻ തിരിച്ച് ഹോസ്പിറ്റലിലേയ്ക്ക് പൊക്കോ... എന്നെ അടുത്ത കവലയിൽ ഇറക്കിയാൽ മതി..."

"...ഏയ് ഇനി കുറച്ച് ദൂരമല്ലേ ഉള്ളൂ..?? ഞാൻ തന്നെ വീട്ടിൽ വിട്ടിട്ട് പൊക്കോളാം..."

"...അതന്നെയാ ഞാനും പറഞ്ഞേ.. ഇനി കുറച്ചു ദൂരല്ലേ ഉള്ളൂ... അടുത്ത കവലയിൽ നിന്ന് ഓട്ടോ കിട്ടും ഞാനതിൽ പൊക്കോളാം ദേവേട്ടാ..."

"...അത് ശരിയാവില്ലനൂ... കുറെ നാൾകൂടി നമ്മൾ തന്റെ വീട്ടിൽ ചെല്ലുന്നതല്ലേ... ഞാൻ കൂടെയില്ലാതെ താൻ മാത്രം ചെന്നാൽ അവർക്കത് വിഷമമാവും..." അവളുടെ നേരെ തിരിഞ്ഞിരുന്നു സംസാരിച്ചിരുന്ന ഞാൻ വീണ്ടും വണ്ടിയെടുക്കാൻ തിരിഞ്ഞെങ്കിലും അവളെന്റെ കൈയിൽ പിടിച്ച് തടഞ്ഞു..

"...ന്റെ വീട്ടുകാരല്ലേ ഞാമ്പറഞ്ഞു മനസ്സിലാക്കിക്കോളാം... ദേവേട്ടൻ രാത്രീല് വരൂല്ലോ... പിന്നെ അവർക്കെന്ത് വിഷമം തോന്നാനാ..."

"...ഈ സംസാരിച്ചിരിക്കണ നേരം വേണ്ടല്ലോ അനൂ തന്നെ വീട്ടിലാക്കീട്ടു പോവാൻ.. താൻ കൈയെടുക്ക് ഞാൻ വണ്ടിയെടുക്കട്ടെ..." ഞാൻ വീണ്ടും തിരിഞ്ഞതും അവളെന്റെ കവിളുകളിൽ കൈത്തലം ചേർത്ത് എന്റെ കണ്ണുകളിലേയ്ക്ക് നോക്കി... പ്രക്ഷുബ്ധമായ മനസ്സിനെ പെട്ടന്ന് തണുപ്പിക്കാൻ ആ നോട്ടം ധാരാളമായിരുന്നു... എന്നോടുള്ള പ്രണയവും കരുതലും നിറഞ്ഞു നിന്നിരുന്ന ആ കരിങ്കൂവളമിഴികളിൽ ഞാൻ നോക്കിയിരിക്കുമ്പോൾ അവൾ ധൃതിയില്ലാതെ പറഞ്ഞു..

"...ദേവേട്ടാ... ഇപ്പൊ തെരക്കിട്ടു ന്നെ വീട്ടീ കൊണ്ടാക്കീട്ടു ദേവേട്ടൻ പോയാ അതാവും ന്റെ വീട്ടുകാർക്ക് വിഷമാവാ... പിന്നെ അതിന്റെ കാരണം എന്തോരം വിശദീകരിച്ചാലും അവരുടെ തലേല് കേറുവേമില്ല... തന്നേമല്ല വീടുവരെ പോയേച്ചു ദേവേട്ടൻ തിരിച്ചു പോവുമ്പോളേക്കും പിന്നേം നേരം വൈകും..."

"...എന്നാലും എന്റമ്മിണീ നിന്നെ തനിച്ചു വിടാൻ മനസ്സ് സമ്മതിക്കണില്ല പെണ്ണേ... അതല്ലേ..??" അവൾ എന്റെ കവിളിൽ പതുക്കെ ചുണ്ടുകൾ ചേർത്തു മുത്തി.. ഞാൻ കണ്ണുകളടച്ച് ഒരു നിമിഷം അതാസ്വദിച്ചിരുന്നു..

"...ഇനിയിപ്പോ ന്റെ നാടല്ലേ വാവാച്ചീ... ഞാമ്പൊക്കോളാം.. പിന്നെ ദേവേട്ടൻ തന്നെ പറയാറില്ലേ നമ്മൾ കൺസ്ട്രക്ഷൻ ഫീൽഡിൽ പുതുമുഖാ... നല്ല കോമ്പറ്റീഷൻ ഉള്ള ഫീൽഡാ... അതോണ്ട് നല്ല ശ്രദ്ധ വേണോന്നൊക്കെ... ഇപ്പോ ഈ ആക്സിഡന്റ് കാര്യം നമ്മുടെ ശത്രുക്കൾ അറിഞ്ഞാൽ അവരിതിന് മീഡിയാ അറ്റെൻഷൻ കൊടുക്കാൻ നോക്കും... അവസാനം അത് നമ്മുടെ കൺസ്ട്രക്ഷനിലെ പിഴവാന്നു വരെ വരുത്തിത്തീർക്കാൻ ശ്രമമുണ്ടാവും... അത് ഉണ്ടാവാതെ നോക്കാൻ ദേവേട്ടൻ അവിടെ ചെന്ന് വേണ്ടതെന്താന്നു വച്ചാ ചെയ്യണം... അതിന്

എത്രേം പെട്ടന്ന് ദേവേട്ടൻ അവിടെ ചെല്ലണ്ടേ.. അതിനാ ഞാമ്പറഞ്ഞേ ന്നെ അടുത്ത ഓട്ടോ കിട്ടുന്ന കവലയിൽ ഇറക്കിയാ മതീന്ന്... കേട്ടോ മണ്ടച്ചാരേ...”

അവളുടെ ദീർഘവീക്ഷണത്തോടെയുള്ള സംസാരം കേട്ട് അന്തം വിട്ടിരുന്ന എന്റെ കവിളിൽ അവൾ പതുക്കെ തട്ടി ഉണർത്തി... എന്നെ സ്നേഹിക്കുന്ന കാര്യത്തിൽ മാത്രമല്ല... കാര്യപ്രാപ്തിയോടെ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിലും അനുവിന് മുത്തിന്റെ പാടവം ഉണ്ടെന്ന് ഞാൻ മനസ്സിലാക്കുകയായിരുന്നു... കാരണം ഞാൻ ചിന്തിക്കുകപോലെ ചെയ്യാത്ത ഒരു പോസ്സിബിലിറ്റിയെപ്പറ്റിയാണ് അവൾ പറഞ്ഞത്..

“...അന്തം വിട്ടിരിക്കാതെ വണ്ടിയെടുക്ക് വാവാച്ചീ...” അവളെക്കുറിച്ചുള്ള ചിന്തകളിൽ സ്വയം മറന്നിരുന്ന ഞാൻ തലകുടഞ്ഞ് പുഞ്ചിരിയോടെ കാറ് മുന്നോട്ടെടുത്ത് അരക്കിലോമീറ്റർ അപ്പുറത്തുള്ള ഓട്ടോ സ്റ്റാന്റിനടുത്ത് നിർത്തി... ആദ്യം കിടന്നിരുന്ന ഓട്ടോ തന്നെ അവൾക്ക് പരിചയമുള്ള ഒരു നാട്ടുകാരന്റെയായിരുന്നു..

“...ങ്ങ്ഹാ... ഇത് തോമാച്ചേട്ടനാല്ലോ...” അറുപത് വയസ്സ് പ്രായം തോന്നിക്കുന്ന മെലിഞ്ഞ ഓട്ടോക്കാരന്റെ അടുത്തേയ്ക്ക് നടക്കുന്നതിനിടയിൽ അനു പറഞ്ഞു... ട്രാവൽബാഗും ഷോപ്പിംഗ് കിറ്റുകളും എടുത്ത് ഞാൻ പുറകെ ചെന്നു.. ഞങ്ങളെ കണ്ടതും സീറ്റിലിരുന്നു കൊന്തചൊല്ലുകയായിരുന്ന തോമാച്ചേട്ടൻ എഴുന്നേറ്റ് വന്നു... അനു എനിക്ക് അദ്ദേഹത്തെ പരിചയപ്പെടുത്തി..

“...ദേവൻ മോനെ എനിക്കറിയത്തില്ലയോ മോളെ... ഇവിടെ വരുമ്പോഴൊക്കെ മാധവന്റെ വീട്ടിൽ ഇവൻ വരാറുള്ളതല്ലിയോ...?? ഞാൻ മാധവന്റെ തൊട്ട് അയലോക്കാ മോനേ... ഞാങ്കണ്ടിട്ടുണ്ട്... മോനെന്നെ അറിയത്തില്ലാന്നെ ഒള്ളു...” പറഞ്ഞു വന്നപ്പോൾ മീനാക്ഷിയുടെ അയൽക്കാരനാണ് തോമാച്ചേട്ടൻ... എന്റെ കൈയ്യിൽ നിന്ന് ബാഗും ഷോപ്പിംഗ് കവറുകളും വാങ്ങി സീറ്റിൽ എടുത്ത് വച്ച് ഓട്ടോയിൽ കയറുന്നതിനിടയിൽ അവളെന്റെ കൈയ്യിൽ പിടിച്ചു.

“...പിന്നേ...!! തിരക്കുണ്ടെന്നും പറഞ്ഞു ഒരുപാട് സ്പീഡ് വേണ്ടാട്ടോ...??” ഞാൻ ചിരിച്ചു കൊണ്ട് തലയാട്ടി.

"...അവിടെയെത്തീട്ടു വിളിക്കണേ...??" തല വെളിയിലേയ്ക്കിട്ടു തിരിഞ്ഞു നോക്കി വിളിച്ചു പറയുന്ന എന്റെ സുന്ദരിക്കുട്ടിയ്ക്ക് നേരെ ഞാൻ പുഞ്ചിരിയോടെ കൈവീശി... അവളെയും കൊണ്ട് ഓട്ടോ പോകുന്നത് നോക്കി നിൽക്കുമ്പോൾ ഞാനൊരു ശിലയായി മാറുന്നപോലെ തോന്നി... പ്രാണൻ വിട്ടകന്ന നിർജ്ജീവമായ ശില... ഓട്ടോ എന്റെ കൺ മുന്നിൽനിന്നും മറയുന്നവരെ പരിസരം മറന്ന് ഞാൻ നിന്നു... കാറിൽ കയറി ഇരുന്നപ്പോഴും അനുവിന്റെ കളിചിരികളും കള്ളപ്പരിഭവവും അവൾ മുടിയിൽ ചൂടാറുള്ള ചെമ്പകത്തിന്റെയോ തുളസിക്കതിരിന്റെയോ സുഗന്ധവും കാറിനുള്ളിൽ നിറഞ്ഞു നിൽക്കുന്നതായി എനിക്ക് തോന്നി..

ഇടതുവശത്തെ സീറ്റിലേയ്ക്ക് നോക്കുമ്പോൾ നുണക്കുഴിച്ചിരിയോടെ അവൾ അവിടെ ഇരിക്കുന്നു... അവളുടെ മുഖത്തേയ്ക്ക് പാറി വീഴുന്ന മുടിയിഴകളെ തഴുകാൻ ഞാൻ അറിയാതെ കൈനീട്ടി... കൈ ശൂന്യതയിൽ തെന്നി ഡാഷ്ബോഡിൽ ഇടിച്ചു നിന്നു... എന്റെ പൊട്ടത്തരമോർത്ത് ചിരിയോടെ തലകുടഞ്ഞ് കാറ് മുന്നോട്ടെടുക്കുമ്പോഴും മനസ്സ് "ഗിഫ്റ്റ് ഓഫ് ഗോഡ്" എന്നെഴുതിയ ഓട്ടോയുടെ പിന്നാലെ സ്വർണ്ണമാനിനെത്തേടി പാഞ്ഞുകൊണ്ടിരുന്നു..

ഹോസ്പിറ്റൽ ലക്ഷ്യമാക്കിയുള്ള ഡ്രൈവിംഗ് തുടങ്ങിയിട്ട് അരമണിക്കൂർ പിന്നിടുമ്പോഴും, പ്ലെയറിൽ പ്രിയഗാനങ്ങൾ പലതും പാടിഒഴിയുമ്പോഴും പാതിവഴിയിൽ പ്രിയപ്പെട്ടതെന്തോ നഷ്ടപ്പെട്ടപോലെ ഒരു നീറ്റലായിരുന്നു മനസ്സിൽ..

എന്നോടുള്ള പ്രണയവും പരിഭവവും ഇണക്കങ്ങളും പിണക്കങ്ങളുമായി കൂടെക്കൂടുന്ന നിമിഷങ്ങളിലും എന്റെ ജോലിയിലെ ഉത്തരവാദിത്വങ്ങളെക്കുറിച്ചുപോലും ശ്രദ്ധാലുവായ അനുവിനെ അഭിമാനത്തോടെ ഓർത്തുകൊണ്ടാണ് ഞാൻ പാർക്കിംഗ് എരിയയിലേയ്ക്ക് കാർ ഓടിച്ചു കയറ്റിയത്... അപ്പോഴും പാതിവഴിയിൽ എന്റെ പ്രാണനെ ഇറക്കി വിട്ട് കടമകളുടെ ഭാണ്ഡവും പേറിയുള്ള എന്റെയീ യാത്രയും, കൺസ്ട്രക്ഷൻ ബിസ്സിനസ്സിൽ സാധാരണമെന്ന് കരുതാവുന്ന അപകടവും എനിക്ക് മുന്നിൽ തിരിച്ചറിവുകളുടെ പുതിയ വാതായനങ്ങൾ തുറന്നിടുമെന്നു ഞാനൊരിക്കലും കരുതിയിരുന്നില്ല..

*****

"...ചീച്ചീ.., ചീച്ചീ... ജേ ഞോച്ചിയേ... വാവേജെ കാലു ഒച്ചി ഓയി... ജേ ഞോച്ചിയെ..??" തന്റെ മുൻപിൽ നിന്ന് കാലൊടിഞ്ഞ പാവയെ നീട്ടി പരാതി പറയുന്ന കുട്ടിക്കുറുമ്പിയെ മടിയിലേയ്ക്ക് എടുത്ത് വച്ച് ശ്രീനിധി മൊബൈൽ കവിളിനും തോളിനും ഇടയിൽ തിരുകി..

"..ഇല്ലമ്മേ... ദേവേട്ടൻ അനുവിനെ കൊണ്ടാക്കാൻ പോയതാ.. ഇപ്പോ വരും.."

"...അതെ ഇത്രയും നേരം അവരിവിടെ ഉണ്ടായിരുന്നു... ഞാൻ വരുന്നതിനു തൊട്ടു മുൻപാ അനുവിനെ കൊണ്ടാക്കാൻ പോയത്..." ശ്രീനിധി ഫോണിൽ സംസാരിച്ചുകൊണ്ട് പാവയുടെ കാൽ നന്നാക്കാൻ ശ്രമിച്ചു..

"..മോളേ... ചേച്ചി ഫോൺ ചെയ്യുവല്ലേ.. ശല്യം ചെയ്യല്ലേട്ടോ..." സ്ലിങ്ങിൽ ഇട്ട വലത്തേകൈ താങ്ങാതെ ഇടത്തെ കൈകുത്തി കട്ടിലിൽ എഴുന്നേറ്റിരിക്കാൻ ശ്രമിച്ചുകൊണ്ട് സീതേച്ചി ശിവാനി മോളെ ശാസിച്ചു... പ്ലാസ്റ്ററിട്ട കാൽ വേദനിച്ചു എന്ന് തോന്നി.. സീതേച്ചിയുടെ മുഖത്ത് വേദന പ്രകടമായിരുന്നു.. ഇതൊന്നും ശ്രദ്ധിക്കാതെ തന്റെ പാവയുടെ ഒടിഞ്ഞ കാലിലേയ്ക്ക് നോക്കി വിതുമ്പാൻ വെമ്പി നിൽക്കുന്ന കുഞ്ഞു ശിവാനി..

ഈ കാഴ്ച്ചകൾ കണ്ടുകൊണ്ടാണ് ഞാനാ മുറിയിലേയ്ക്ക് ചെന്നത്...

"..അമ്മേ.. ദേവേട്ടൻ വന്നു.. ഞാൻ വെച്ചേക്കുവാണേ...?" ശ്രീനിധി ശിവാനിമോളെ എടുത്തുകൊണ്ട് കസേരയിൽ നിന്നും എഴുന്നേറ്റു.. അവളുടെ മടിയിൽ ഇരുന്ന ശിവാനിയുടെ പാവ താഴെ വീണു.. ഇതുകണ്ടതും കുഞ്ഞുശിവാനി കുതറി.. ശ്രീനിധി അവളെ താഴെ നിർത്തിയതും അവൾ പാവയെ എടുത്തുകൊണ്ട് എന്റെയടുത്തെയ്ക്ക് ഓടി വന്നു... ഞാനവളെ വാരിയെടുത്തു..

"..മാമാ... ചീച്ചി വാവജെ കാലു ഒജിച്ചു.. ഞാ ചീച്ചോട് മിഞ്ചൂല്ല..." കൊമ്പ് പോലെ ഇരുവശത്തും മുകളിലേയ്ക്ക് കെട്ടി വച്ച മുടിയാട്ടി തലവെട്ടിച്ച് അവൾ ശ്രീനിധിയെ കൊഞ്ഞനം കുത്തി..

"...ആ.. മാമനെ കിട്ടിയപ്പോ നിനക്ക് ചേച്ചീനെ വേണ്ടാല്ലേടി കള്ളി..."

"...പോ.. ചീച്ചോദ് മിഞ്ചൂല്ല.. മാമേം മിഞ്ചഞ്ചാച്ചോ..??" കുഞ്ഞിക്കൈകൊണ്ട് ശ്രീനിധിയെ തല്ലാനോങ്ങി അവൾ പരിഭവിച്ചു..

"..ഇല്ല.. മാമനും മിണ്ടുല്ല..."

"...ദേ ചേച്ചിയോട് കൂട്ടുകൂടിയാ ചേച്ചി വാവയ്ക്ക് വേറെ പാവ വാങ്ങിത്തരാല്ലോ...??" അത് കേൾക്കാൻ കാത്തിരുന്നപോലെ ശിവാനി ശ്രീനിധിയുടെ നേരെ കൈ നീട്ടി.. അവൾ അടുത്ത് വന്നതും കുഞ്ഞുശിവാനി വേഗം ശ്രീനിധിയുടെ കൈയിലേയ്ക്ക് ചാടി... പിണക്കവും മാറി... അവളുടെ കുറുമ്പ് കണ്ട് ഞങ്ങൾ മൂന്നും ചിരിച്ചു..

"...അനു എങ്ങനാ പോയേ...??" മറ്റൊരു പാവയെ ബാഗിൽ നിന്നെടുത്ത് ശിവാനിക്ക് കളിക്കാൻ കൊടുത്ത് അവളെ സീതേച്ചിയുടെ അടുത്ത് കട്ടിലിൽ ഇരുത്തി ശ്രീനിധി പോകാനായിറങ്ങി...

"...അവളെ ഞാൻ ബസ്സിൽ കയറ്റി വിട്ടു..."

"...അവൾക്ക് കൂടി ഇന്നിവിടെ നിൽക്കായിരുന്നു.. അല്ലേ..??"

"...അതെങ്ങനാ പറഞ്ഞാ കേക്കണ്ടേ... ഇന്നലെ എന്നോട് തിരിച്ചു ചെല്ലണ്ട ഇവിടെ നിൽക്കാൻ വേറെ ആരും ഇല്ലല്ലോന്ന് പറഞ്ഞയാളാ... എന്നിട്ട് ഇന്നിവിടെ നിൽക്കാൻ പറഞ്ഞപ്പോ അവൾക്ക് വീട്ടിൽ പോണം... എന്നാ ഞാൻ കൊണ്ടുവന്നു വിടാമെന്ന് പറഞ്ഞപ്പോ അതും സമ്മതിച്ചില്ല... നാളെ രാവിലെ വന്നേക്കാമെന്നും പറഞ്ഞാ പോയത്..." ഞാൻ പറഞ്ഞത് കേട്ട് ശ്രീനിധി ഒന്ന് മൂളുകമാത്രമാണ് ചെയ്തത്... പെട്ടന്ന് അവളുടെ മുഖംവാടിയപോലെ..

"...അല്ല നീയെപ്പോഴാ വന്നത്...??"

"...വന്നതേ ഉള്ളു... വീട്ടിലേയ്ക്കായിട്ടു പോയതാ.. പിന്നെ ഇവിടെ ഒന്ന് കേറീട്ടു പോവാന്ന് വിചാരിച്ചു..."

"...ശരണ്യമോളും ശ്യാമും എന്ത്യേ..??"

"...അവര് രാത്രി കഴിക്കാനുള്ള ഭക്ഷണം വാങ്ങാൻ ശിവേട്ടന്റെ ഒപ്പം പോയതാ ദേവാ... ഇപ്പൊ വരും..." സീതേച്ചിയാണ് മറുപടി പറഞ്ഞത്..

"...എന്നാ ഞാനിറങ്ങട്ടെ ദേവേട്ടാ..." ശ്രീനിധി അത് പറയുമ്പോൾ മുഖത്ത് ഒരു വിഷാദച്ഛായ പടർന്നിരുന്നു... ഞാൻ ചിരിച്ചുകൊണ്ട് തലയാട്ടി... അവൾ കട്ടിലിൽ ഇരുന്നു കളിക്കുന്ന ശിവാനി മോൾക്ക് ഉമ്മ കൊടുത്ത്, സീതേച്ചിയോട് യാത്രയും പറഞ്ഞ് പോകാനിറങ്ങി.. അപ്പോഴും മനസ്സിലെന്തോ ഭാരമുള്ളതുപോലെയായിരുന്നു അവളുടെ മുഖഭാവം..

"...ശ്രീ... ഒന്ന് നിന്നേ.." അവൾ വാതിൽ വരെയത്തിയതും എന്റെ പിൻവിളി കേട്ട് തിരിഞ്ഞു... സീതേച്ചിയോട് ഉടനെ വരാമെന്നും പറഞ്ഞ് ഞാൻ ശ്രീനിധിയുടെ അടുത്തേയ്ക്ക് ചെന്നു...

"...വണ്ടിയുടെ അടുത്ത് വരെ ഞാനും വരാം..." അവൾ പുഞ്ചിരിച്ചുവെന്നു വരുത്തി.. സീതേച്ചിയെ അഡ്മിറ്റ് ചെയ്തിരിക്കുന്ന മുറിയ്ക്ക് പുറത്തിറങ്ങി വരാന്തയിലൂടെ ഞങ്ങൾ നടന്നു... അവളുടെ മുഖത്ത് കണ്ട വിഷമത്തിനു കാരണം അനുവിന്റെ ഇന്നലത്തെ പെരുമാറ്റമാണ് എന്ന് തോന്നിയിരുന്നു... കുറച്ചു മുന്പ് വരെ സന്തോഷത്തോടെ ശിവാനിമോളെ കളിപ്പിച്ചുകൊണ്ടിരുന്ന ശ്രീനിധി അനുവിന്റെ കാര്യം പറഞ്ഞപ്പോൾ മുതലാണ് മൌനിയായത്.. മുന്നോട്ട് നടക്കുമ്പോഴും കുറച്ചു നേരത്തേയ്ക്ക് അവളൊന്നും മിണ്ടിയില്ല..

"...ശ്രീ...!! ഇന്നലെ അനു ഓഫീസിൽ വച്ച് ദേഷ്യപ്പെട്ട് പെരുമാറിയതിൽ നിനക്ക് വിഷമമുണ്ടെന്നറിയാം... എന്റെ കാര്യത്തിൽ അവള് കുറച്ച് പോസ്സസീവാ.. അതിന്റെയാ.. താനത് കാര്യാക്കണ്ട..." ഒരു പരിഹാസച്ചിരിയായിരുന്നു മറുപടി.. വീണ്ടും മൌനം..

"...ഈ പുണ്യം ചെയ്ത ജന്മം എന്ന് കേട്ടിട്ടുണ്ടോ..??" അപ്രതീക്ഷിതമായ അവളുടെ ചോദ്യം മനസ്സിലാവാതെ നടക്കുമ്പോൾ അവൾ ചോദ്യം ആവർത്തിച്ചു.. ഞാൻ കൈമലർത്തി.. വീണ്ടും അതേ ചിരി.. മൌനം.. എന്തിനാണവൾ അങ്ങനെ ചോദിച്ചത് എന്ന് ആലോചിച്ച് മുന്നോട്ട് നടക്കുമ്പോൾ ഞാൻ ഇടയ്ക്ക് അവളുടെ

മുഖത്തേയ്ക്ക് നോക്കി... അവളീ ലോകത്തൊന്നും ആയിരുന്നില്ല... അടുത്ത ഫ്ലോറിലേയ്ക്കുള്ള പടികൾ ഇറങ്ങുന്നതിനിടയിൽ അവൾ വീണ്ടും അടുത്ത ചോദ്യം ചോദിച്ചു...

"...രണ്ടു വർഷങ്ങൾക്ക് മുന്പ് ഈ നഗരത്തിലെ ഒരു കോഫീപബ്ബിൽ വെയിസ്ട്രസിന്റെ വേഷത്തിൽ നിങ്ങളുടെ മുൻപിൽ നിന്ന് കരഞ്ഞ ഒരു പെൺകുട്ടിയെ ദേവേട്ടൻ ഓർക്കുന്നുണ്ടോ..??" ഇപ്പോൾ എന്തിനാണ് ഇങ്ങനെയൊരു ചോദ്യം എന്ന് മനസ്സിലായില്ലെങ്കിലും അവളെത്തന്നെ ഉദ്ദേശിച്ചാണ് പറഞ്ഞതെന്ന് അറിയാവുന്നതുകൊണ്ട് ഞാൻ തലയാട്ടി... കോളേജിൽ എന്റെ ജൂനിയറായിരുന്ന ശ്രീനിധിയെ ഞാൻ പിന്നീട് കണ്ടത് അങ്ങനെയൊരു സാഹചര്യത്തിലായിരുന്നു..

"..അന്നെന്റെ കൈയ്യിൽ ഒരു ഡിഗ്രി സർട്ടിഫിക്കറ്റും കുറേ കണ്ണീരും മാത്രമേ സമ്പാദ്യമായി ഉണ്ടായിരുന്നുള്ളൂ... ഒരു പെണ്ണാണെന്ന മര്യാദപോലും തരാതെ എനിക്ക് നേരെ അസഭ്യം പറഞ്ഞ ആ ഷോപ്പിന്റെ ഉടമയുടെ മുന്നിൽ നിന്ന് എന്നെ ചേർത്ത് പിടിച്ചുകൊണ്ട് ദേവേട്ടൻ പോന്നത് ഇപ്പോഴും ഞാനോർക്കുന്നുണ്ട്.. എന്റെ മാനത്തിന് വിലപറഞ്ഞ് കഴുകൻ കണ്ണുകളുമായി കാത്തിരിക്കുന്ന എന്റെ ചേച്ചിയുടെ ഭർത്താവിനെ പേടിച്ച് സ്വന്തം വീട്ടിൽ പോലും പോകാൻ കഴിയാതിരുന്ന എനിക്ക് ദേവേട്ടൻ ഒരു ജോലി തന്നു... അതും സ്വപ്നം കാണാൻ പോലും സാധിക്കാത്ത സാലറിയുമായി... ആരെയും പേടിക്കാതെ അന്തിയുറങ്ങാൻ ഇടം തന്നു... അന്നൊക്കെ ഞാൻ ദേവേട്ടനെ അറിയാതെ സ്നേഹിച്ചിരുന്നു.. പക്ഷേ ബിസിനസ് ടൂറിനിടയിൽ ഒരുമിച്ച് ഒരു ഹോട്ടലിൽ ഉറങ്ങിയപ്പോഴും എന്റെ ചൂട് തേടി വരാതിരുന്നപ്പോൾ ഈ മനസ്സിൽ എനിക്കുള്ള സ്ഥാനം ഞാൻ മനസ്സിലാക്കി.. അത് മുത്തിനും മാളുവിനും ഒപ്പമാണെന്ന്... ഞാൻ പറയാതെ തന്നെ എന്റെ പ്രശ്നങ്ങൾ മനസ്സിലാക്കി ഒരേട്ടന്റെ സ്ഥാനത്ത് നിന്ന് ദേവേട്ടൻ എന്നും സ്നേഹിച്ചിട്ടുണ്ട്.. ഈ നിമിഷം വരെ..." ഇവളെന്തിനാ ഇതൊക്കെ ഇപ്പൊ പറയുന്നതെന്ന് മനസ്സിലാവാതെ എന്റെ ചിന്തകൾ കാട് കയറുമ്പോൾ അവളൊന്നു നിർത്തി..

"...അങ്ങനെ ഒന്നും പറഞ്ഞു തരാതെതന്നെ മനസ്സിലാക്കാൻ കഴിവുള്ള ദേവേട്ടൻ എന്തുകൊണ്ടാ ദേവേട്ടനെ മാത്രം സ്നേഹിച്ച്... ദേവേട്ടന് വേണ്ടി മാത്രം ജീവിക്കുന്ന അനുവിന്റെ പ്രശ്നങ്ങൾ മനസ്സിലാക്കാതെ പോകുന്നത്... അതോ മനസ്സിലാക്കിയിട്ടും ഇല്ലായെന്ന് നടിക്കുന്നതാണോ..??" ഇന്നലെ അനുപറയാതെ ബാക്കി വച്ചത് പലതും ശ്രീനിധിയ്ക്കറിയാം എന്ന് മനസ്സിലായി.. കുറച്ച്

നേരത്തേയ്ക്ക് എനിക്കൊന്നും സംസാരിക്കാൻ കഴിഞ്ഞില്ല.. എന്റെ മനസ്സ് സ്വർണ്ണമാനിന്റെ പുറകെ പായാൻ തുടങ്ങിയിരുന്നു...

"...നിനക്കും വളച്ചുകെട്ടിയല്ലാതെ പറയാൻ അറിയില്ലേ ശ്രീ..?? അവളെപ്പോലെ..??" അവൾ മറുപടി പറയാതെ ദൂരേയ്ക്ക് നോക്കി... ഞാനും... പുറത്ത് പുൽത്തകിടിയോടു ചേർന്നുള്ള പാർക്കിങ്ങിൽ പന്ത് തട്ടിക്കളിക്കുന്ന ഒരു കുട്ടിപ്പാവാടക്കാരിയിലേയ്ക്കും നിറവയറുമായി അവൾക്കൊപ്പം സായാഹ്ന സവാരിക്കിറങ്ങിയ അവളുടെ അമ്മയിലേയ്ക്കും എന്റെ കണ്ണുകൾ നീണ്ടു... പക്ഷേ മനസിനെ കുളിർപ്പിക്കുന്ന ആ കാഴ്ച്ച ഞാൻ കാണുന്നുണ്ടെങ്കിലും അത് മനസ്സ് കൊണ്ടായിരുന്നില്ല... ശ്രീനിധിയുടെ വാക്കുകളിൽ എന്റെ മനസ്സ് നഷ്ടപ്പെട്ടു തുടങ്ങിയിരുന്നു..

ഞങ്ങൾ നടന്ന് പാർക്കിങ്ങിൽ എത്തി... ആ കുട്ടിപ്പാവടക്കാരി തട്ടിവിട്ട പന്ത് എന്റെ കാൽക്കൽ വന്ന് വീണു... യാന്ത്രികമായി അതെടുത്ത് കൊടുക്കുമ്പോഴും ആ കുരുന്നിനെ നോക്കി ചിരിക്കാൻ ഞാൻ മറന്നു പോയിരുന്നു... അത്രയധികം ശ്രീനിധി പറയാൻപോകുന്നത് എന്തായിരിക്കും എന്ന് ഞാൻ വ്യാകുലപ്പെട്ടു... മൌനം മുറിച്ചുകൊണ്ട് അവൾ സംസാരിച്ചു തുടങ്ങി..

"...ദേവേട്ടാ... ഇന്നലെ അനു ഓഫീസിൽ വന്നത് എന്നെന്നേയ്ക്കുമായി ശ്രീമംഗലത്ത് നിന്ന് ഇറങ്ങി അവളുടെ വീടിലേയ്ക്ക് പോകുന്ന വഴിക്കാണ്...??"

"..ശ്രീ...!!!" കേട്ടത് വിശ്വസിക്കാനാവാതെ ഞാൻ നിന്നുപോയി... എന്റെ ഉച്ചത്തിലുള്ള വിളി കേട്ട് പാർക്കിംഗ് ലോട്ടിലും പുറത്തെ റെസ്റ്റിംഗ് ഏരിയയിലും നിന്നിരുന്നവർ ഞങ്ങളുടെ നേരെ നോക്കി... അപ്പോഴും എന്റെ നോട്ടം ശ്രീനിധിയിൽത്തന്നെ തറഞ്ഞു നിന്നു..

"...അതെ ദേവേട്ടാ... ദേവേട്ടന്റെ അമ്മയുടെ കുത്തുവാക്കുകളും, കുറ്റപ്പെടുത്തലുകളും ഒരുപാട് കേട്ടിട്ടുണ്ടെങ്കിലും അതൊക്കെ ദേവേട്ടനെ ഓർത്ത് അവൾ സഹിച്ചിട്ടേ ഉള്ളൂ.. ഇന്നലെ അതൊക്കെ അതിര് വിട്ടു... അവളുടെ ജാതകദോഷം ദേവേട്ടനെ ജീവൻ അപകടത്തിലാക്കും എന്ന് പറഞ്ഞാൽ പിന്നെ എത്ര ആഗ്രഹമുണ്ടെങ്കിലും അവളവിടെ നിൽക്കുന്നതിനു അർത്ഥമില്ലല്ലോ...??" എന്റെ ശിരസ്സ് കുനിഞ്ഞു... ശരീരം തളരുന്നതുപോലെ തോന്നി... വീണു പോകും എന്ന് തോന്നിയതുകൊണ്ട് അടുത്ത് കണ്ട സിമന്റ് ബഞ്ചിൽ ഞാനിരുന്നു... ഉള്ളിൽ

ഒരു വിറയൽ ബാധിച്ച് തുടങ്ങിയിരുന്നു... കൈകളിൽ മുഖമൊളിപ്പിച്ച് താലതാഴ്ത്തി ഇരുന്ന എന്റെ അടുത്ത് ശ്രീനിധിയും ഇരുന്നു..

"...അതേ ദേവേട്ടാ... അവളായിട്ടു പോന്നതാണ് എങ്കിലും.. ഒരുകണക്കിന് പറഞ്ഞാൽ ദേവേട്ടന്റെ അമ്മ അവളെ ഇറക്കി വിടുകയായിരുന്നു..." പിന്നീട് അവൾ പറഞ്ഞ കാര്യങ്ങൾ അസ്തപ്രജ്ഞനായി കേട്ടിരിക്കാനേ എനിക്ക് കഴിഞ്ഞുള്ളു..

"...കുറെയൊക്കെ ദേവേട്ടനറിയാമെന്നു എനിക്കറിയാം... എന്നാൽ ദേവേട്ടൻ കരുതുന്നപോലെ കാര്യങ്ങൾ അത്ര നിസ്സാരമല്ല... കല്യാണം കഴിഞ്ഞ് ദേവേട്ടന്റെ ഭാര്യയാവാൻ മനസ്സുകൊണ്ട് തയ്യാറെടുത്ത് ആദ്യരാത്രിക്കായി കാത്തിരുന്ന അനുവിനെ ഞെട്ടിച്ചുകൊണ്ടാണ് ആരതി നിങ്ങൾ തമ്മിലുള്ള ബന്ധത്തെക്കുറിച്ച് അവളോട് പറഞ്ഞത്.. അതിനെ ഒന്നുകൂടി ഊട്ടിയുറപ്പിച്ചുകൊണ്ട് പിറ്റേന്ന് രാവിലെ ദേവേട്ടന്റെ അമ്മ ആദിയെ വിവാഹം കഴിക്കാൻ ദേവേട്ടൻ സമ്മതിക്കുന്നവരെ മറ്റുള്ളവരുടെ മുന്നിൽ ഭാര്യാപദവി അഭിനയിക്കുന്ന വെറും ഡമ്മിമാത്രമാണ് അനുവെന്നു പറഞ്ഞപ്പോൾ അവളാകെ തകർന്നുപോയി.. ദേവേട്ടനെ സ്നേഹിക്കാതിരിക്കാൻ അവൾ പിന്നീട് മനപ്പൂർവ്വം ശ്രമിച്ചുകൊണ്ടിരുന്നു... വഴക്കിടാൻ കാരണങ്ങൾ ഉണ്ടാക്കി... അപ്പോഴൊക്കെ അമ്മ പറഞ്ഞതെല്ലാം ദേവേട്ടനും കൂടി അറിഞ്ഞുകൊണ്ടാണെന്നാ അവൾ കരുതിയത്.. എന്നാൽ അവളുടെ വീട്ടിൽ വിരുന്നുപോയ ദിവസങ്ങളിൽ ദേവേട്ടനുമായി സംസാരിച്ചപ്പോഴാണ് ദേവേട്ടന് ഇതിനെക്കുറിച്ച് ഒന്നും അറിയില്ല എന്നവൾ മനസിലാക്കിയത്... അതിനിടയിൽ മറക്കാൻ കഴിയാത്തവിധം അവൾ ദേവേട്ടനെ സ്നേഹിച്ചു തുടങ്ങിയിരുന്നു..."

"...ശ്രീമംഗലത്ത് ദേവേട്ടന്റെ അമ്മയ്ക്കല്ലാതെ മറ്റാർക്കും അവരുടെ ഉദ്ദേശത്തെപ്പറ്റി അറിയില്ലെന്നും അവൾ മനസ്സിലാക്കി... അതുകൊണ്ട് അവരുടെ മുൻപിലൊക്കെ ഉത്തമഭാര്യയായി അവൾക്ക് അഭിനയിക്കേണ്ടിയും വന്നു... ദേവേട്ടന് മറ്റൊരു കാര്യം അറിയോ..??" തളർച്ചയോടെ നോക്കിയ എന്റെ മുഖത്തെ ചോദ്യഭാവം കണ്ട് അവൾ തുടർന്നു..

"...നിങ്ങളുടെ കല്യാണത്തിന്റെ എല്ലാ ചടങ്ങുകളും ഇതുവരെ കഴിഞ്ഞിട്ടില്ല..."

"...ഇനിയെന്ത് ചടങ്ങാ ഉള്ളത്..??" എന്റെ ശബ്ദം എനിക്ക്പോലും തിരിച്ചറിയാൻ കഴിയാത്ത വിധം നേർത്ത് പോയിരുന്നു.

"...അനുവിന്റെ വീട്ടിൽ നിന്നും ദേവേട്ടന്റെ വീട്ടിലേയ്ക്ക് അവളുടെ അച്ഛനും അമ്മയുമൊക്കെ വിരുന്നു വരുന്ന ഒരു ചടങ്ങുണ്ട്... അതിനിയും കഴിഞ്ഞിട്ടില്ല... എന്നാൽ മുത്തിന്റെ കാര്യത്തിൽ ആ ചടങ്ങ് നടക്കുകയും ചെയ്തു..."

"..ഏയ്.. ഇല്ല.. മുത്തിന്റെ വീട്ടിലേയ്ക്ക് വീട്ടിൽ നിന്നാരും പിന്നെ ചടങ്ങായി പോയിട്ടില്ല.." എനിക്കുറപ്പുണ്ടായിരുന്ന കാര്യമായതുകൊണ്ടാണ് ഞാൻ പറഞ്ഞതെങ്കിലും അതുകേട്ട് ശ്രീനിധി ചിരിക്കുകയാണ് ചെയ്തത്..

"...ദേവേട്ടാ അതാ ഞാൻ പറഞ്ഞത് ദേവേട്ടന് പലതും അറിയില്ല എന്ന്... ആ ചടങ്ങ് നടന്നു... നിങ്ങള് രണ്ടാളും വയനാട് പോയിരുന്ന ആ ഞായറാഴ്ച്ച..." ഞാൻ അന്തിച്ചിരുന്നുപോയി.. അവൾ വീണ്ടും ചിരിച്ചുകൊണ്ട് പറയാൻ തുടങ്ങി..

"..നിങ്ങളുടെ ഹണിമൂൺ കഴിഞ്ഞ് ചടങ്ങ് നടത്തിയാൽ മതിയെന്ന് അമ്മ പറഞ്ഞത് എല്ലാവരും സമ്മതിച്ചു.. ആ കാരണം കൊണ്ട് മാത്രമാണ് നിങ്ങളെ വയനാടിനു പോകാൻ അമ്മ സമ്മതിച്ചത്... ആ ചടങ്ങിന്റെ കാര്യം ദേവേട്ടൻ അറിയാതിരിക്കാൻ.. കാരണം അനുവിന്റെ വീട്ടുകാർ ശ്രീമംഗലത്ത് വരുന്നത് അമ്മയ്ക്ക് ഇഷ്ടമല്ല... എന്നാൽ കുറച്ചു ദിവസം കഴിഞ്ഞപ്പോൾ മുതൽ ഈ ചടങ്ങിനു എന്നാണ് വരേണ്ടതെന്നും ചോദിച്ച് അനുവിന്റെ അമ്മ ദേവേട്ടന്റെ അമ്മയെ വിളിക്കാൻ തുടങ്ങി... അനുവിന്റെ അമ്മേടെ സ്വഭാവം അവള് പറഞ്ഞിട്ടുണ്ടല്ലോ അല്ലേ..??" ഞാൻ തലയാട്ടി..

"...അങ്ങനെ അവര് ഒരു തവണ വിളിച്ചപ്പോൾ ദേഷ്യം വന്ന ദേവേട്ടന്റെ അമ്മ എന്തൊക്കെയോ പറഞ്ഞു... അവര് തിരിച്ചും പറഞ്ഞതോടെ ആ ഫോൺവിളി ഒരു സംഭവമായി... അന്ന് മുതൽ ശ്രീമംഗലം സത്യത്തിൽ അനുവിനൊരു നരകമായി മാറി.. വീട്ടിലെ എല്ലാ പണിയും ഇപ്പോൾ അവളെക്കൊണ്ടാണ് അമ്മ ചെയ്യിക്കുന്നത്... മുല കുടിക്കുന്ന കുഞ്ഞുള്ളതല്ലേ എന്ന പേരും പറഞ്ഞ് പഞ്ചമി അക്കയോട് രാവിലെ മാത്രം വന്നാൽ മതിയെണ്ണ് പറഞ്ഞ് അമ്മ വിലക്കി.. അത് അനുവിനെക്കൊണ്ട് പണിയെടുപ്പിക്കാനാണ് എന്ന് അക്കയ്ക്ക് മനസ്സിലായും ഇല്ല... ശ്രീമംഗലത്തെ ബാക്കി എല്ലാരും ജോലിക്ക് പോയാലും അനു

പണിയെടുക്കുന്നുണ്ടോ എന്നറിയാൻ സി.ഐ.ഡി ആയി ലക്ഷ്മിചേച്ചിയും... പാവം അനു... ഒരുപാട് അനുഭവിക്കുന്നുണ്ട് അവൾ...”

“...എന്നിട്ട് ഇതൊന്നും അവളെന്നോട് പറഞ്ഞില്ലല്ലോ..??” തികട്ടി വന്ന വേദന പുറത്ത് കാണിക്കാതിരിക്കാൻ ഞാൻ മുഖം കുനിച്ചു... എന്റെ കണ്ണുകൾ പുകയുന്നപോലെ തോന്നി..

“...അതെങ്ങനാ നിങ്ങളീ ആണുങ്ങൾക്ക് അമ്മ എന്ന് പറഞ്ഞാൽ ജീവനല്ലേ... തന്നെയുമല്ല.. എന്നും അവൾ അമ്മയെ കുറ്റം പറഞ്ഞാൽ ദേവേട്ടൻ അവളെ ഒരു ഏഷണിക്കാരിയായി കാണുമോന്ന് അവള് ഭയന്ന് കാണും.. ദേവേട്ടനുള്ളതാ അവളുടെ ആകെയുള്ള ആശ്വാസം... ആ ദേവേട്ടനെയും കൂടി വെറുപ്പിക്കണ്ട എന്ന് കരുതിക്കാണും.. പാവം കുട്ടി...”

“..പക്ഷേ അമ്മ ഇങ്ങനെയൊന്നും അല്ലായിരുന്നല്ലോ ശ്രീ..??” എന്റെ അമ്മ ഇങ്ങനെയൊക്കെ പെരുമാറും എന്ന് എനിക്കിപ്പോഴും വിശ്വസിക്കാൻ കഴിയുന്നുണ്ടായിരുന്നില്ല..

“...അമ്മയെ ഞാൻ കുറ്റപ്പെടുത്തിയതല്ല ദേവേട്ടാ... ചില മാതാപിതാക്കൾ മക്കള് അവരുടെ ഇഷ്ടാനുസരണം ജീവിക്കണം എന്നാഗ്രഹിക്കുന്നവരാ... അവരെടുക്കുന്ന തീരുമാനങ്ങൾ എല്ലാം മക്കളുടെ നന്മയ്ക്കാണ് എന്ന് കരുതും.. അവരുടെ സ്നേഹം പലപ്പോഴും ഇങ്ങനെ സ്വാർത്ഥമാണ്... അധികാരങ്ങൾ കൊണ്ട് അവകാശം മാത്രമേ നേടാൻ കഴിയൂ എന്നും.. സ്നേഹം നേടാൻ സ്നേഹം തന്നെ വിതയ്ക്കണമെന്നും അവർ പലപ്പോഴും മറന്നു പോകും.. പക്ഷേ ഇവിടെ ദേവേട്ടന്റെ അമ്മയേക്കാൾ പ്രശ്നങ്ങൾ ഇവിടെവരെ കൊണ്ടുവന്നെത്തിച്ചത് അനുവിന്റെ അമ്മയാ... ദേവേട്ടന്റെ അമ്മ കരുതിയിരുന്നത് അനു അജുവേട്ടനെ സ്നേഹിച്ച് കാത്തിരിക്കുന്നു, അതുകൊണ്ട് അജുവേട്ടൻ വരുന്നവരെ എങ്ങനെയെങ്കിലും കാര്യങ്ങൾ ഇതുപോലെ മുന്നോട്ടു കൊണ്ടുപോയാൽ പ്രശ്നങ്ങളില്ലാതെ തീർക്കാം എന്നായിരുന്നു... എന്നാൽ അനുവിന്റെ അമ്മയുടെ ദേഷ്യം കാരണം അമ്മയ്ക്ക് വാശിയായി.. അതാണ് അനുവിനോട് തീർക്കുന്നത്...”

“..ഞാൻ പോലും പലതും അനുവിന്റെ തോന്നലുകളാണെന്ന് കരുതിയത് അവസാനം ഇവിടെ വരെ വന്നെത്തി അല്ലേ ശ്രീ..??” കുറ്റബോധം എന്നെ കാർന്നു തിന്നു തുടങ്ങിയിരുന്നു...

"...അതെ.. ചടങ്ങിന്റെ പേരിൽ ദേവേട്ടന്റെ അമ്മയുമായി വഴക്കുണ്ടായ ശേഷം അനുവിന്റെ അമ്മ ഡെലി അവളെ വിളിച്ച് കുറ്റപ്പെടുത്തുമായിരുന്നു... പിന്നെ ഇന്നലെ ദേവേട്ടന്റെ അമ്മ കോളേജിൽ ആയിരുന്നപ്പോൾ അനുവിന്റെ അമ്മ ഫോൺ വിളിച്ചിരുന്നു.. ദേവേട്ടന്റെ കുടുംബത്തിനെതിരെ കേസ്സ് കൊടുക്കുമെന്നൊക്കെ പറഞ്ഞത്രേ.. ആ വാശിക്ക് ദേവേട്ടന്റെ അമ്മ അനുവിനെ വിളിച്ച് കുറെ വഴക്ക് പറഞ്ഞു.. അവസാനം അനുവിന്റെ ജാതകദോഷം കാരണം ദേവേട്ടന് എന്തെങ്കിലും സംഭവിക്കുമെന്ന് പേടിയുണ്ട്, അവളോട് ദേവേട്ടന്റെ ജീവിതത്തിൽ നിന്ന് ഒഴിവായിത്തരണം എന്ന് പറഞ്ഞപ്പോ അവള് സങ്കടം കൊണ്ട് ഇറങ്ങിപ്പോന്നതാ.."

"...എന്നെ ഇന്നലെ രാവിലെ വിളിച്ച്, ദേവേട്ടനെ അവള് ഫോൺ ചെയ്യുമെന്നും അപ്പോൾ ഞാൻ ഇടയ്ക്ക് കയറി സംസാരിക്കണമെന്നും... അപ്പോൾ അവള് പോയാലും അതിന്റെ പേരിൽ പിണങ്ങിപ്പോയതാന്നു ദേവേട്ടൻ കരുതിക്കോളും എന്നും പറഞ്ഞു... ഞാനതനുസരിച്ചു.. അങ്ങനെ പറഞ്ഞ അവൾ പിന്നെ ഓഫീസിൽ വന്നപ്പോൾ എനിക്കൽഭുതമായിരുന്നു.. പിന്നെ ആലോചിച്ചപ്പോൾ തോന്നി പിരിയുന്നതിനു മുൻപ് അവസാനമായി ദേവേട്ടനെ ഒന്ന് കാണാൻ വന്നതായിരിക്കുമെന്നു... അവളെ ഓർത്ത് എനിക്ക് പേടിയുണ്ടായിരുന്നു.. ഇന്നവൾ ഇവിടെ പകൽ മുഴുവൻ ദേവേട്ടനോടൊപ്പം ഉണ്ടായിരുന്നു എന്നറിഞ്ഞപ്പോഴാ എനിക്ക് സമാധാനമായത്..." എന്റെ ശരീരമാകെ വലിഞ്ഞു മുറുകി...

"...അവളൊരു പാവാ ദേവേട്ടാ... ദേവേട്ടന്റെ നല്ല ഭാവിക്ക് വേണ്ടി അവള് ചിലപ്പോ...!!!" അവളുടെ മുഖത്ത് ഭയം നിഴലിച്ചു... "..കാരണം വിട്ടുപോകാൻ സമ്മതിക്കാതെ ദേവേട്ടൻ അവളെ തേടി ചെല്ലുമെന്ന് അവൾക്കറിയാം... എന്നാൽ അവളില്ലാതായാൽ കുറച്ച് കാലം കഴിഞ്ഞെങ്കിലും ദേവേട്ടന് നല്ലൊരു ജീവിതം ഉണ്ടാകും എന്ന് കരുതിക്കാണും... ഇപ്പോഴെങ്കിലും ഇത് പറയണമെന്ന് തോന്നി.. ഇല്ലെങ്കിൽ വൈകിപ്പോയാലോന്ന്..!!"

ശ്രീനിധി പിന്നീട് പറഞ്ഞതൊന്നും ഞാൻ കേട്ടില്ല... എന്റെ കൈകാലുകൾ തളരുന്നപോലെ തോന്നി... കണ്ണിൽ ഇരുട്ട് കയറുന്നു... കൈകളിൽ തലതാങ്ങി ഞാൻ താഴേക്ക് നോക്കിയിരുന്നു... ഇന്നലെ അനു പൊട്ടിക്കരഞ്ഞത് ഞാനോർത്തു... ഓടി വന്ന് എന്റെ നെഞ്ചിൽ വീണത് ആർത്തലച്ചു വന്ന ഒരു കടലായിരുന്നെന്ന് ഞാൻ തിരിച്ചറിഞ്ഞു.. മനസ്സിൽ എത്രത്തോളം വിഷമം ഉണ്ടായിട്ടാവും എന്റെ അനു..!! അവൾക്കെന്തെങ്കിലും സംഭവിച്ചാൽ എനിക്കത് സഹിക്കാൻ കഴിയില്ലെന്ന്

ചിന്തിച്ചപ്പോഴാവും അവൾ ഓഫീസിലേയ്ക്ക് വന്നത്... ഇന്നലെ കാറിൽ വച്ച് സംസാരിച്ച കാര്യങ്ങൾ കേട്ടപ്പോൾ അവളെപ്പിരിഞ്ഞ് എനിക്കൊരു ജീവിതമില്ലെന്നും എന്ത് വന്നാലും ഞാനവൾക്കൊപ്പം ഉണ്ടാവും എന്ന് മനസ്സിലായിട്ടുണ്ടാവും.. അതായിരിക്കാം ഇന്ന് എന്റെ കൂടെയുണ്ടായിരുന്നത് പഴയ അനുവായിരുന്നു... എന്റെ പൂച്ചക്കുട്ടി..

എത്രനേരം ഞാനവിടെ ഇരുന്നു എന്നറിയില്ല... സീതേച്ചിയുടെ മൂത്തകുട്ടികളായ ശരണ്യമോളെയും ശ്യാംകുട്ടനെയും കൊണ്ട് ഭക്ഷണം വാങ്ങാൻ പോയിരുന്ന ശിവേട്ടൻ ഞങ്ങളുടെ അടുത്തേയ്ക്ക് വന്നതും, ഓഫീസിലെ ഡ്രൈവറായ പുള്ളിക്കാരന്റെ ഒപ്പം ശ്രീനിധി യാത്ര പറഞ്ഞു പോയതുമെല്ലാം അവ്യക്തമായി ഞാനറിഞ്ഞിരുന്നു... ഇരുട്ട് വീണു തുടങ്ങിയത് പ്രകൃതിയിൽ മാത്രമായിരുന്നില്ല എന്റെ ഉള്ളിലുമായിരുന്നു... പാർക്കിങ്ങിൽ വാഹനങ്ങൾ വന്നും പോയുമിരുന്നു... ഇടയ്ക്ക് ആരുടെയോ ജീവന്റെ നിമിഷങ്ങളെണ്ണി ആംബുലൻസ് ഇരമ്പി വന്നു നിന്നിരുന്നു... പക്ഷേ ഞാറ്റുവേലക്കടലിനു മുന്നിലെ അന്ധനായ പഥികനായി ഞാനിരുന്നു... കണ്ണിനു മുന്നിൽ എന്റെ സ്വർണ്ണമാനിന്റെ നിഷ്കളങ്കമായ ചിരി മാത്രം... കാതിൽ അവളുടെ അടക്കിപ്പിടിച്ച തേങ്ങൽ... നെഞ്ചുപൊട്ടുന്ന "ദേവേട്ടാ" എന്ന വിളി..

അനുവിനെ കാണണം... എന്തിനുവേണ്ടി എല്ലാം എന്നിൽ നിന്ന് മറച്ച് വച്ച് സ്വയം ഉരുകി എനിക്ക് വെളിച്ചം പകർന്നു എന്ന് ചോദിക്കണം... ആഗ്രഹം കലശലായതും ഫോണെടുത്ത് ഞാൻ അവളെ വിളിച്ചു.. കോൾ കണക്ടാവാൻ എടുക്കുന്ന സമയം പോലും അസഹനീയമാണ്... യുഗങ്ങൾ നീളമുള്ളതുപോലെ..

"...ദേവസംഗീതം നീയല്ലേ നുകരാൻ ഞാനാരോ..."

"...വാവാച്ചീ...!!" കോളർ ട്യൂണിന്റെ അവസാനം ഈണത്തിലുള്ള അനുവിന്റെ വിളി കേട്ട നിമിഷം എന്റെ കണ്ണുകൾ നിറഞ്ഞൊഴുകി... വാക്കുകൾ തൊണ്ടയിൽ കുരുങ്ങി..

"...എന്തുപറ്റി ന്റെ വാവാച്ചിക്ക്... ന്താ ഒന്നും മിണ്ടാത്തെ... ഇന്നവിടെ നിക്കാത്തതിനു ന്നോട് പെണക്കാ..?? ഞാൻ മാറാനുള്ള ഡ്രസ്സൊന്നും എടുത്തില്ലാത്തോണ്ടല്ലേ.." സത്യത്തിൽ നീയെന്റെ ആരാ അനൂ...?? ഭാര്യയോ..??

അതോ അമ്മയോ...?? ചോദിക്കാൻ തോന്നിയത് അതായിരുന്നു എങ്കിലും പറഞ്ഞത് മറ്റൊന്നാണ്..

"...ഡി അമ്മിണീ...!! നിന്റെ ചൂട് പറ്റി കിടക്കാത്തകൊണ്ട് ഇന്നലെ ഞാൻ ഒരുപോള കണ്ണടച്ചിട്ടില്ല... ഇന്നും നീയന്നെ പറ്റിച്ചു... നാളെ നീയിങ്ങു വാട്ടോ നിനക്ക് ഞാൻ വച്ചിട്ടുണ്ട്..." എങ്ങനെയോ ഞാൻ പറഞ്ഞൊപ്പിച്ചു.. ഉള്ളിലെ വേദന വാക്കുകളിൽ വരാതിരിക്കാൻ പാടുപെട്ടു... എന്നാൽ അവളുടെ പളുങ്കുമണികൾ ചിതറുന്ന ചിരി എന്റെ ഉള്ളിൽ മഞ്ഞുകണമായിറങ്ങി പെയ്തിറങ്ങി... വരണ്ട പ്രകൃതിയിൽ വേനൽമഴ പെയ്ത സുഖം... എനിക്ക് ചുറ്റും പുതുമണ്ണിന്റെ സുഗന്ധം നിറയുന്നപോലെ..

"...ന്റെ പൊന്നേ... ഞാൻ രാവിലെ തന്നെ വന്നേക്കാമേ...?? ഉമ്മ..!! ഇപ്പൊ തൽക്കാലം ഇതുകൊണ്ട് അഡ്ജസ്റ്റ് ചെയ്യ് ന്റെ മോൻ... ഞാൻ വെക്കുവാ... എനിക്കിറങ്ങാനുള്ള സ്റ്റോപ്പെത്തി..." കുറച്ചു സമയം ഫോണിലൂടെ ഒഴുകിയത്തിയ കുളിർമഴയിൽ ഉള്ളം നനഞ്ഞ് ഞാനാ ചാരുബഞ്ചിൽ ഇരുന്നു... പിന്നെ മുഖമൊന്നു അമർത്തിത്തുടച്ച് എഴുന്നേറ്റ് നടന്നു..

മനസ്സിൽ അപ്പോൾ എന്റെ പെണ്ണിന്റെ കണ്ണുകൾ ഇനിയും നിറയാതെ ഇരിക്കാനുള്ള തീരുമാനങ്ങൾ ഞാൻ എടുത്തു കഴിഞ്ഞിരുന്നു.. പക്ഷേ... അവസാനമായി ഒരിക്കൽക്കൂടി അവൾ എന്റെ നെഞ്ചിൽ ചേർന്ന് നിന്ന് കരയണം... അവളെ ഞാൻ എത്രത്തോളം സ്നേഹിക്കുന്നു എന്ന് എനിക്കവളെ ബോധ്യപ്പെടുത്തണം.. ഈ ലോകത്ത് ദേവന് അനുപമയേക്കാൾ വലിയ സ്വത്തോ... അവളുടെ പ്രണയത്തേക്കാൾ വലിയ ബന്ധങ്ങളോ ഇല്ലെന്ന് അവൾ മനസ്സിലാക്കണം... അതിന് ഒരു നിമിഷമെങ്കിലും മരണത്തിന്റെ വക്കിൽ നിന്ന് അവൾ തന്നെ എന്നെ തിരിച്ചു കൊണ്ടുവരണം.. എന്നെ വിട്ട് മരണത്തിൽ അഭയം തേടാൻ അവൾ തീരുമാനിച്ചത് എന്റെ കൂടി മരണമായിരുന്നു എന്ന് അവൾ തിരിച്ചറിയണം..

എന്നെ കാണാത്തകൊണ്ട് കൊണ്ട് തേടിയിറങ്ങിയ പന്ത്രണ്ടു വയസ്സുകാരിക്കും എട്ടു വയസ്സുകാരനുമൊപ്പം സീതേച്ചിയുടെ മുറി ലക്ഷ്യമാക്കി ഞാൻ നടന്നു.. ഒറ്റ ദിവസം കൊണ്ട് ഇവരെന്റെ ആരൊക്കെയോ ആയതുപോലെ.. അതിനുകാരണവും അനുവാണല്ലോ...

*****

കാർ ശങ്കരപ്പടിയിൽ വച്ച് ഹൈവേയിൽ നിന്ന് തിരിഞ്ഞത് അനു അറിഞ്ഞതേ ഇല്ല... എന്റെ തോളിൽ ചാഞ്ഞിരുന്ന് കൈവിരലുകളിൽ തഴുകുന്ന അവളുടെ മിഴിവുള്ള കണ്ണുകളിൽ പുറത്തെ കാഴ്ച്ചകളൊന്നും പതിയുന്നുണ്ടായിരുന്നില്ല... കളരിക്കലേയ്ക്ക് പോകാതെ ശ്രീമംഗലത്തേയ്ക്ക് പോകാനായി കാർ തിരിഞ്ഞപ്പോൾ മുതൽ അവൾ മൌനമായിരുന്നു... വീണ്ടും ശ്രീമംഗലത്തെയ്ക്ക് ചെല്ലുമ്പോൾ അമ്മയുടെ പ്രതികരണം എന്തായിരിക്കുമെന്ന് ഓർത്ത് അവൾ ഉള്ളിൽ കരയുന്നത് എനിക്ക് അറിയാൻ കഴിഞ്ഞിരുന്നു... പക്ഷേ ഒന്നുമറിയാത്തവനായി ഞാനൊരു മുഖംമൂടി അണിഞ്ഞിരുന്നു..

കാർ വീണ്ടും ഇടത്തേയ്ക്ക് തിരിഞ്ഞു... വളർന്നു നിൽക്കുന്ന കൊന്നത്തെങ്ങുകൾക്ക് നടുവിലൂടെ ചാലുകീറി നടുക്ക് പുല്ല് വളർന്ന മൺപാതയിലൂടെ ഓഡി ഒഴുകി നീങ്ങുമ്പോൾ ചക്രവാളത്തിന്റെ നെറുകയിൽ കുങ്കുമം ചാർത്തി സൂര്യദേവൻ ഹംസതൂലികാ ശയ്യയിൽ നിദ്രപ്രാപിച്ചിരുന്നു..

"...ഹലോ... ഇതെവിടാ... ഇറങ്ങുന്നില്ലേ...??" പുഞ്ചിരിയോടെയുള്ള എന്റെ ചോദ്യം കേട്ട് ഞെട്ടി ഉണർന്ന അനു പകപ്പോടെ ചുറ്റും നോക്കി... അവളുടെ കണ്ണുകളിലെ ചോദ്യങ്ങൾക്ക് ഉത്തരം കൊടുക്കാതെ ഞാൻ പുറത്തിറങ്ങി ബാക്ക് സീറ്റിൽ നിന്ന് ബാഗുകൾ എടുത്ത് നിവർന്നതും ഫാംഹൌസിന്റെ സിറ്റ്ഔട്ടിൽ നിന്നിരുന്ന ചെക്കൻ ഓടി വന്നു..

"...സാർ താക്കോൽ...??" അവൻ നീട്ടിയ താക്കോൽ വാങ്ങി ഞാൻ വാതിലിനടുത്തേയ്ക്ക് നടക്കുമ്പോൾ അനു മുറ്റത്തെ പൂന്തോട്ടത്തിൽ വളർന്ന് നിൽക്കുന്ന പൂച്ചെടികളിൽ തഴുകിയും മണത്തും നടന്നു... മണിച്ചിത്രപൂട്ടുള്ള വലിയ വാതിൽ തുറന്ന് അകത്തെ വിശാലമായ ഹാളിലേയ്ക്ക് ഞാൻ നടന്നു... സ്റ്റെയർ കയറി മുകളിലെ മിനി ബാറിനോട് ചേർന്നുള്ള മുറിയിൽ ബാഗുകൾ വച്ചു.. ബാൽക്കണിയിലേയ്ക്ക് തുറക്കുന്ന ചില്ലു വാതിൽ തുറന്ന് താഴേക്ക് നോക്കി... താഴെപൂന്തോട്ടത്തിൽ ആ ചെക്കനോട് സംസാരിച്ച് ചിരിക്കുന്ന അനുവിനെ ഞാൻ നോക്കി നിന്നു... ഇവളിത്ര പെട്ടന്ന് അവനുമായി കൂട്ടായോ..

ചെക്കൻ അവൾ പറഞ്ഞിട്ടായിരിക്കണം ചാമ്പയിൽ വലിഞ്ഞു കയറി ചുവന്ന ചാമ്പയ്ക്കകൾ നോക്കിപ്പറിയ്ക്കാൻ തുടങ്ങി... ഏഴിലോ എട്ടിലോ പഠിക്കാൻ പ്രായമുള്ള ആ നരുന്ത് ചെക്കൻ ചാമ്പയിൽ അള്ളിപ്പിടിച്ച് കയറിയിരിക്കുന്നത് കണ്ട് എനിക്ക് ചിരി വന്നു... താഴെ നിൽക്കുന്ന അനു അവനെ പഴുത്ത

ചാമ്പയ്ക്കകൾ ചൂണ്ടിക്കാണിച്ച് കൊടുക്കുന്നു... ഇടയ്ക്ക് താഴെയുള്ള ആകാശമുല്ലയിൽ നിന്നും വെളുത്ത പൂക്കൾ പറിച്ച് അവൾ കൈക്കുമ്പിളിൽ നിറയ്ക്കുന്നു...

മഞ്ഞ വോയിൽ സാരിയിൽ അവളെത്ര സുന്ദരിയാണ്... ആ സാരിയുടുത്ത് അവളെ ആദ്യമായി കണ്ട ദിവസം എനിക്കോർമ്മ വന്നു... പുഴക്കരയിലെ പാർക്കിൽ ഇരുന്ന അവളുടെ ചിത്രം... ദേവേട്ടനെയാണ് മറ്റാരെക്കാളും വിശ്വാസം എന്ന് പറഞ്ഞ് എന്നോടുള്ള പ്രണയം അവളാദ്യമായി പറയാതെ പറഞ്ഞ ദിവസം... അന്നും ഇന്നത്തെപ്പോലെ മഞ്ഞവളകളും കാതിൽ ചെയിൻപോലെയുള്ള കമ്മലും തന്നെയായിരുന്നു അലങ്കാരങ്ങൾ..

ഒരു പിടുത്തം ചാമ്പയ്ക്കകൾ അനുവിന് പറിച്ച് കൊടുത്ത് ആ ചെക്കൻ തന്റെ സൈക്കിളും എടുത്ത് പോകുന്ന കണ്ട് ഞാൻ അകത്തേയ്ക്ക് കയറി ഡ്രസ്സ് മാറി... ചാരനിറമുള്ള ടീഷർട്ടും, ട്രാക്സും ഇട്ടു തിരിഞ്ഞതും അനു വന്ന് എന്നെ പുണർന്നു... നെഞ്ചിൽ മുഖം ചേർത്ത് അവൾ കുറച്ചു നേരം അനങ്ങാതെ നിന്നു... ഞാനവളെ ചുറ്റിപ്പിടിച്ച് മൂർദ്ധാവിൽ മുകർന്ന് ഇടത്തെ കാതിൽ ചുണ്ട് ചേർത്ത് പതുക്കെ പറഞ്ഞു...

"...ഇന്നെന്തായാലും ശ്രീമംഗലത്തേയ്ക്ക് പോകണ്ട... രണ്ട് ദിവസം ഇവിടെ നിന്നിട്ട് പോകാം.. കുറച്ചു ദിവസത്തെ വിശപ്പും ദാഹവും തീർക്കാനുണ്ട്..." അവൾ മുഖമുയർത്തി... പെരുവിരലിൽ ഉയർന്നു... ടീഷർട്ട് ഇടത്തേതോളിൽ നിന്ന് മാറ്റി ഉണങ്ങാത്ത മുറിവിൽ പല്ലുകളാഴ്ത്തി.. സുഖമുള്ള വേദന... ഞാൻ കണ്ണുകൾ ഇറുക്കിയടച്ചു... അനുവിന്റെ തളിർവിരലുകൾ കവിളിലെ രോമങ്ങളിൽ തഴുകുന്ന സുഖത്തിൽ കണ്ണുകൾ തുറന്നു... നീൾമിഴികളിൽ കുസൃതി... ശ്രീമംഗലത്തേയ്ക്ക് പോകുന്നില്ല എന്നറിഞ്ഞതോടെ അവളുടെ പിരിമുറുക്കം അയഞ്ഞു..

ഒരു നിമിഷം അവളുടെ മിഴികളിൽ നോക്കി നിന്നു... പിന്നെ അവളെ കൈകളിൽ കോരിയെടുത്തുകൊണ്ട് പുറത്തേയ്ക്ക് നടന്നു... മിനി ബാറിലെ കൌണ്ടറിനു മുന്നിൽനിർത്തി..

"...മി ലേഡി... ഫിക്സ് മി എ ഡ്രിങ്ക്.."

"...ഹേയ് ബാദുഷ.. ടെൽ മി.. വിച്ച് ഈസ് യുവർ പോയിസൻ...??" ലാസ്യഭാവത്തിൽ സാരിത്തുമ്പ് എടുത്ത് എളിയിൽ തിരുകി.. ഇടുപ്പിൽ ഇടത്തേകൈകുത്തി ചരിഞ്ഞു നിന്ന് അവൾ അതേ നാണയത്തിൽ തിരിച്ചടിച്ചു..

"...വിസ്കി..!! നീറ്റ്..!!" പുഞ്ചിരിയോടെ മറുപടി നൽകി..

അവൾ എന്റെ മൂക്കിൻ തുമ്പിൽ പിടിച്ചൊന്ന് ആട്ടി കുശുമ്പ് കുത്തി... പിന്നെ കൌണ്ടറിനു മുകളിലൂടെ കൈയിട്ട് വിസ്കി ബോട്ടിൽ എടുക്കുമ്പോൾ ഞാനവളുടെ ഓരോ ചലനവും നോക്കിക്കൊണ്ട് കൌച്ചിൽ പോയി കൈകൾ വിരിച്ച് വിശാലമായി ഇരുന്നു... റിമോട്ട് എടുത്ത് പ്ലെയറിന്റെ വോളിയം ബട്ടൺ അമർത്തി...

ദേവന്റെ ദർബാറിൽ ഗസലിന്റെ ശീലുകൾ ഒഴുകിനടന്നു.. പുറത്ത് അവസാനത്തെ പക്ഷിയും കൂടണഞ്ഞിരുന്നു... മഴമേഘങ്ങൾ നിലാവിനെ മറച്ച് ഇരുട്ട് പരത്തി...

അനു വിസ്കിയുമായി എന്റെയടുത്ത് വന്ന് കവച്ചുവച്ച കാലുകൾക്കിടയിൽ കയറി നിന്ന് ഗ്ലാസ് നീട്ടി..

"...അല്ലയോ ഭവതീ... ഇന്ദ്രസഭയിൽ ഇന്ന് മധു മാത്രമേ ഉള്ളോ.. മദിരാക്ഷി ഇല്ലേ..??"

"...ഉണ്ടല്ലോ ദേവരാജൻ... അങ്ങേയ്ക്ക് നുകരാനുള്ള മധുവും മദിരാക്ഷിയും ഇതാ അങ്ങയുടെ കൺമുന്നിൽ..." അവൾ കൈകൾ വിരിച്ച് ചിരിച്ചുകൊണ്ട് പറഞ്ഞു..

"...അയ്യടാ നീയാര് രംഭയോ..?? അതോ ഉർവ്വശിയോ..??"

"...അല്ല... ഇന്ദ്രാണി... ഈ ദേവരാജന്റെ പ്രിയപത്നി.. പിന്നെ വേണേൽ ദേവദാസീന്നും വിളിക്കാം... ദേവന്റെ ദാസി..!!"

"...ഓഹോ... എങ്കിൽ ഈ അടിമപ്പെണ്ണിനെ നാമൊന്ന് കാണട്ടെ..." ഗ്ലാസ് അടുത്തുള്ള ടീപ്പോയിൽ വച്ച് ഞാനെഴുന്നേറ്റു.. അവൾക്ക് ചുറ്റും നടന്ന് മൊത്തം ഉഴിഞ്ഞു

നോക്കി.. എന്റെ മിഴിമുന അവളെ കൊത്തി വലിക്കുമ്പോൾ.. ഇടത്തെകൈ ഇടുപ്പിൽ കുത്തി വലത്തെകൈ അർദ്ധപദ്മമുദ്രയിൽ മുകളിലേയ്ക്ക് ഉയർത്തി ഒരു നർത്തകിയുടെ ഭാവത്തിൽ അവൾ ചരിഞ്ഞു നിന്നു..

രണ്ടു വട്ടം അവളെ ചുറ്റി നടന്ന് നോക്കി ഞാൻ അവൾക്കു മുന്നിൽ മുട്ടുകുത്തി ഇരുന്നു... എളിയിൽ കുത്തിയിരുന്ന മുന്താണി എടുത്ത് മാറ്റി അണിവയറിൽ നിന്ന് സാരി മാറ്റി.. പൊക്കിളിൽ ചുണ്ട് ചേർത്തു.. ചൂടുള്ള ചുംബനം നാഭിചുഴിയിൽ കിട്ടിയ പുളകത്തിൽ വയർ അകത്തേയ്ക്ക് ചുഴിഞ്ഞു... എന്റെ ചുണ്ടുകൾക്ക് ഭ്രാന്ത് പിടിച്ചു... അവളുടെ നാഭീ പ്രദേശം മുഴുവൻ അത് ഒഴുകി നടന്നു... ഇടുപ്പിന്റെ വശങ്ങളിൽ ഇറുക്കിപ്പിടിച്ച എന്റെ കൈക്കരുത്തിൽ അനു നിന്നുരുകി...

"..ദേവേ....ട്ടാഹ്.." ഇടമുറിഞ്ഞ തേങ്ങലോടെ അവളെന്റെ മുടിയിൽ വിരലുകൾ മുറുക്കി... അവളുടെ തേൻപുഷ്പത്തിൽ മധുകിനിഞ്ഞ മണം ഞാൻ മൂക്ക് വിടർത്തി ആസ്വദിച്ചു... അൽപ്പനേരത്തെ ആക്രാന്തം അയഞ്ഞ് ചുഴിവിരിഞ്ഞ പാൽക്കടലിൽ താടിയമർത്തി താഴികക്കുടങ്ങൾക്കിടയിലൂടെ മുകളിലേയ്ക്ക് നോക്കുമ്പോൾ സ്വയം മറന്ന് കണ്ണുകളടച്ച് നിർവൃതിയിൽ നിൽക്കുന്ന അനു... ഇറക്കമുള്ള മാലയിലെ ആലിലത്താലി എന്റെ മുഖത്ത് മുട്ടി നിന്നു.. അവളെന്റെ മാത്രം സ്വന്തമാണ് എന്നതിന്റെ അടയാളം.. എന്റെ മാത്രം ദേവസുന്ദരി..

ഞാൻ പതുക്കെ സാരിയിൽ പിടിച്ചു വലിച്ചു... അവൾ കണ്ണ് തുറന്നു... തോളിൽ ബ്ലൌസ് ചേർത്ത് സാരി കുത്തിയ പിന്നഴിച്ചു... അടുത്ത വലിയിൽ മാറിൽ നിന്ന് സാരിത്തലപ്പ് ഊർന്നു വീണു... അവൾ വാത്സല്യത്തോടെ കടാക്ഷിച്ച് എന്റെ മുടിയിഴകളിൽ വിരലോടിക്കുമ്പോൾ ഞാനൊന്നുകൂടി ചുഴിയിൽ മുത്തി.. നാക്ക് കൂർപ്പിച്ച് ആ താക്കോൽ ദ്വാരം തുറക്കാൻ നോക്കി..

മുകളിൽ നിന്നുള്ള സീൽക്കാരത്തിൽ അവൾ വീണ്ടും കണ്ണുകൾ അടച്ച് ആസ്വദിച്ച് നിൽക്കുകയാണ് എന്നൂഹിച്ച ഞാൻ കോട്ടൺ ട്രാക്സിന്റെ പോക്കറ്റിൽ കൈകടത്തി.. ചെറിയ ചെപ്പ് പുറത്തെടുത്തു... അപ്പോഴും നാവിന്റെ പണി തുടർന്നുകൊണ്ടിരുന്നു..

ചുവന്ന ജ്വല്ലറി ബോക്സ് തുറന്ന് പിങ്ക് പേപ്പറിൽ പൊതിഞ്ഞു വച്ചിരുന്ന സുവർണ്ണഓഡ്യാണം പുറത്തെടുത്തു.. അപ്പോഴും കണ്ണുകളടച്ച് സുഖലഹരിയിൽ

നിൽക്കുന്ന അനുവിന്റെ ആലില വയറിൽ ചുറ്റിവച്ചു... അരക്കെട്ടിൽ ലോഹത്തിന്റെ തണുപ്പറിഞ്ഞ അനു അത്ഭുതത്തോടെ കണ്ണ് തുറന്ന് നോക്കി.. അവളുടെ വയറിൽ ചേർന്നിരിക്കുന്ന എന്റെ മുഖം പിടിച്ചുയർത്തി... ഞാൻ വീണ്ടും അരക്കെട്ടിൽ മുഖം ചേർത്ത് അരഞ്ഞാണത്തിന്റെ കൊളുത്തിട്ടു.. പിന്നെ പല്ലുകൾ കൊണ്ട് കടിച്ച് കൊളുത്ത് മുറുക്കുമ്പോൾ എന്റെ കുറ്റിത്താടി വയറിൽ ഉരഞ്ഞ ഇക്കിളിയിൽ അവൾ പുളഞ്ഞു ചിരിച്ചു.. സ്വർണ്ണനാഗത്തെപ്പോലെ അവളുടെ അരക്കെട്ടിൽ ചുറ്റിക്കിടക്കുന്ന അരഞ്ഞാണം ചേർത്ത് ഒന്നുകൂടി ആ മാംസളതയിൽ മുകർന്ന് ഞാൻ എഴുന്നേറ്റു നിന്നു... അവളുടെ ഇടുപ്പിൽ പിടിച്ച് ചേർത്ത് നിർത്തി... സന്തോഷത്തിന്റെ പൂത്തിരി കത്തുന്ന കണ്ണുകൾ..

"...എന്തിനാ ഇതൊക്കെ വാങ്ങിയേ... ന്റെ ദേവേട്ടന്റെ സ്നേഹം തിരിച്ചറിയാൻ നിക്കിതിന്റെ ഒന്നും ആവശ്യല്ല..." എത്ര സന്തോഷം തോന്നിയാലും ആ നുണക്കുഴി കവിളിൽ പരിഭവം ചാലിച്ചില്ലെങ്കിൽ ഇവൾക്ക് സമാധാനമില്ല... ഞാനവളുടെ ഇടുപ്പിൽ ചേർത്ത് പിടിച്ച് ബാർ കൌണ്ടറിന്റെ വശത്ത് ഭിത്തിയിൽ ഒട്ടിച്ചിരിക്കുന്ന വലിയ കണ്ണാടിക്ക് മുന്നിൽ കൊണ്ട് ചെന്ന് നിർത്തി... പുറകിൽ ചേർന്ന് നിന്ന് തോളിൽ താടിയമർത്തി... അവൾ കൈയുയർത്തി എന്റെ കവിളിൽ തഴുകി..

"...ഇപ്പോഴല്ലേ നിന്റെ അരക്കെട്ടിന്റെ അഴക് പൂർണ്ണമായത്... നോക്കിയേടി കള്ളിപ്പെണ്ണേ...??"

"..ഉം.." അവൾ നാണിച്ചു തലയാട്ടി മൂളി..

"...പിന്നെ ഇത് വേറെയാർക്കും കാണാനും ആരെയും ബോധ്യപ്പെടുത്താനും അല്ല... എനിക്ക് മാത്രം കാണാനാ.. കണ്ട് ആസ്വദിക്കാൻ... നല്ല കളിയൊക്കെ കഴിഞ്ഞ് നീയെന്റെ നെഞ്ചിലെ വിയർപ്പിൽ ചേർന്ന് കിടക്കുമ്പോ നിന്റെ അരക്കെട്ടിലെ വായിൽ എന്റെ കൊലുമിട്ടായി തിരുകി വക്കാറില്ലേ... ഇത് അവനുള്ള ആഭരണമാ.. ഇട്ടോണ്ട് നടക്കുന്നത് നീയാന്നു മാത്രം.."

"..ഹരീ..." അവൾ നാണിച്ച് തിരിഞ്ഞ് എന്റെ മാറിൽ മുഖമൊളിപ്പിച്ചു.. കഴുത്തിൽ കൈകൾ വലയം ചെയ്തു... അവളെ നെഞ്ചിൽ ചേർത്ത് പിടിച്ച് ഞാൻ പതുക്കെ കൌച്ചിനടുത്തേയ്ക്ക് നടന്നു... നിലത്തൂടെ ഇഴയുന്ന സാരിയുടെ തുമ്പെടുത്ത് മാറിലിട്ടശേഷം അവൾ എന്നെ കൌച്ചിലേയ്ക്ക് തള്ളിയിട്ടു... പിന്നെ എന്റെ

വാമത്തുടയിൽ ഇരുന്നു... ഗ്ലാസിലെ വിസ്കി കൈനീട്ടിയെടുത്ത് എന്റെ ചുണ്ടോടടുപ്പിച്ചു.. ഞാനത് പതുക്കെ സിപ്പ് ചെയ്ത് കുടിച്ചു... ഒഴിഞ്ഞ ഗ്ലാസ് അവൾ മാറ്റി വച്ച് എന്റെ തോളിൽ മുഖം ചേർത്തു കിടന്നു... പതുക്കെ മയങ്ങി..

ഇന്ന് രാത്രിയിൽ അനുവിനോട് എല്ലാം തുറന്നു സംസാരിക്കാൻ കൂടി വേണ്ടിയാണ് ഞാൻ ഇങ്ങോട്ട് വന്നത്... പക്ഷേ സംസാരിക്കുന്ന ഓരോ കാര്യവും അവളെ വേദനിപ്പിക്കുമെന്ന് ഓർത്തപ്പോൾ ഞാൻ അശക്തനാവുന്നത് എനിക്കറിയാൻ കഴിഞ്ഞു... എന്റെ മടിയിലിരിക്കുന്ന അവളുടെ ദേഹത്തിന്റെ സൗന്ദര്യത്തേക്കാൾ എന്നും എന്നെ മോഹിപ്പിച്ചിട്ടുള്ളത് എന്നോടുള്ള സ്നേഹം നിറഞ്ഞു തുളുമ്പുന്ന അവളുടെ ഹൃദയ നൈർമ്മല്യമായിരുന്നു.. അതുകൊണ്ട് തന്നെ ആ ഹൃദയത്തെ ഒരിക്കലും ഞാൻ മുറിവേൽപ്പിക്കുകയില്ല എന്ന് പ്രതിജ്ഞ എടുത്തിരുന്നതുമാണ്... പക്ഷേ മറ്റുള്ളവരുടെ കുത്തുവാക്കുകൾ കേട്ട് എന്നെ വിട്ടു പോകാൻ ഒരുങ്ങിയ അവൾ ചിലപ്പോൾ എനിക്ക് വേണ്ടി മരിക്കാൻ തയ്യാറായേക്കും എന്ന ശ്രീനിധിയുടെ മുന്നറിയിപ്പ് എന്നെ വല്ലാതെ അസ്വസ്ഥമാക്കുന്നു...

നിഷ്കളങ്കമായി ഉറങ്ങുന്ന അവളുടെ നെറുകയിൽ മുകർന്ന് ഞാൻ അവളോട് എങ്ങനെ കാര്യങ്ങൾ അവതരിപ്പിക്കണം എന്ന് ആലോചനയിലാണ്ടു... എന്റെ ചുണ്ടിന്റെ ചൂട് നെറുകയിൽ അറിഞ്ഞ അനു ഒന്നങ്ങി..

"..ദേവേട്ടാ.." മയക്കത്തിൽ പതുക്കെ വിളിച്ച് അവൾ എന്നെ പുണരുന്ന കൈകൾ ഒന്നുകൂടി മുറുക്കി... ഞാനവളെ വിട്ടുപോകാതിരിക്കാൻ എന്നപോലെ... വീണ്ടും ശ്രീനിധി പറഞ്ഞ ഓരോ കാര്യങ്ങളിലേയ്ക്കും എന്റെ മനസ്സ് പറന്നു... മരണം കൊണ്ടാണെങ്കിൽ പോലും ഞാൻ വിട്ടുപോയാൽ എന്റെ അനു അനാഥയായിപ്പോകും എന്നോർത്തപ്പോൾ അറിയാതെ എന്റെ കണ്ണുകൾ നിറഞ്ഞു... ഒരു തെറ്റിധാരണയുടെ പേരിൽപ്പോലും എന്നെപ്പിരിയേണ്ടി വരുന്ന സാഹചര്യം ഉണ്ടായാൽ അത് അവൾ അതിജീവിക്കില്ല എന്നോർത്തപ്പോൾ പെരുവിരലിൽ നിന്നും ഒരു വിറയൽ ശരീരമാകെ ബാധിക്കുന്നത് ഞാനറിഞ്ഞു...

എത്ര സമയം ഞാനങ്ങനെ ഇരുന്നു എന്നറിയില്ല... പുറത്ത് മഴപെയ്യാൻ ഒരുങ്ങുന്നതിന്റെ ലക്ഷണങ്ങൾ കണ്ടു തുടങ്ങി... തണുത്ത കാറ്റ് ജനൽ കർട്ടനുകളെ ഉലച്ച് മുറിയിലേയ്ക്ക് കടന്നു വന്നു.. ഞാൻ അനു ഉണരാൻ കാത്തിരുന്നു...

കടുത്ത വേനലിലെ ആദ്യ മഴയ്ക്ക് മുന്നോടിയായി മാനത്ത് ഇടിവെട്ടി.. ഭൂമിയിൽ പുതുനാമ്പുകൾ മുളച്ചു കാണും..

അനു ഞെട്ടിയുണർന്നു... അവളുടെ വെപ്രാളം നോക്കി ഞാൻ ചിരിച്ചത് ഇഷ്ടപ്പെടാതെ എന്റെ കവിളിൽ ഒരു കുത്ത് തന്ന് അവൾ വീണ്ടും എന്റെ തോളിൽ മുഖം ചേർത്ത് മയങ്ങാൻ തുടങ്ങി..

"...എണീക്കെടി അമ്മിണീ... ബാക്കി രാത്രീല് ഉറങ്ങാം..." അവൾ ചിണുങ്ങിക്കൊണ്ട് എന്റെ കഴുത്തിലെ ചുറ്റ് മുറുക്കി... ഞാനവളുടെ വയറിൽ നുള്ളി... അവൾ ഞെട്ടിപ്പിടഞ്ഞെഴുന്നേറ്റു... അവൾക്കൊപ്പം എഴുന്നേൽക്കാൻ തുടങ്ങിയ എന്നെ തിരികെ കൌച്ചിലേയ്ക്ക് തന്നെ തള്ളിയിട്ട്, കൊഞ്ഞനം കുത്തി മുഖം വീർപ്പിച്ച് മുറിയിലേയ്ക്ക് പോയി... അവളുടെ കുസൃതി നോക്കിയിരുന്നപ്പോഴുണ്ടായ സന്തോഷം അവൾ കൺമുന്നിൽ നിന്ന് മറഞ്ഞപ്പോൾ എങ്ങോപോയി.. മനസ്സിൽ വീണ്ടും ഉത്തരമില്ലാത്ത ചോദ്യങ്ങൾ ഉയർന്നു വന്നു.. എവിടെത്തുടങ്ങണം എന്നറിയാത്ത ഒരു കലക്കം..

മാനത്ത് ചെറിയ മിന്നൽ പിണറുകൾ പാഞ്ഞു... പുറകെ ഇടി കുടുങ്ങി.. വലിയ ശബ്ദമില്ലാതെ... എങ്കിലും ആ ശബ്ദം എന്റെ ഉള്ളിലേയ്ക്ക് ആഴ്ന്നിറങ്ങി... പുറത്ത് മഴ പെയ്യാൻ തുടങ്ങി... മരണത്തിനും ജീവിതത്തിനും ഇടയിലെ നൂൽപാലത്തിലൂടെ എന്റെ പ്രാണനെ ചേർത്ത് പിടിച്ച് നടക്കാൻ തീരുമാനിച്ചുകൊണ്ട് ഞാൻ എഴുന്നേറ്റു...

അനുവിനെ തിരഞ്ഞ് ഞാൻ മുറിയിലേയ്ക്ക് ചെന്നു... പുതുമഴ കണ്ട മയിൽപ്പേടയായി അവൾ ബാൽക്കണിയിൽ നിൽക്കുന്നു... കൈനീട്ടി റൂഫിൽ നിന്ന് വീഴുന്ന വെള്ളത്തുള്ളികൾ തട്ടിത്തെറിപ്പിച്ച് കളിക്കുന്ന അവളെ നോക്കി ഞാൻ അൽപ്പ സമയം നിന്നു... അവളുടെ മഞ്ഞസാരി കാറ്റിൽ പറന്നു കളിക്കുന്നു... കാറ്റിൽ ചിതറിവീണ മഴത്തുള്ളികൾ അവളുടെ സാരിയിൽ നനവ് പടർത്തിയിരുന്നു... ഞാനവളെ പുറകിൽ നിന്നും പുണർന്നു... എന്റെ നേരെ നോക്കി നിറവോടെ പുഞ്ചിരിച്ച് അവൾ വീണ്ടും നൂലുപോലെ ഒഴുകിയിറങ്ങുന്ന മഴയിലേയ്ക്ക് കൈനീട്ടി... എന്റെ മനസ്സ് തേങ്ങുകയായിരുന്നു..

പെട്ടന്ന് അവൾ കുറുമ്പോടെ മഴത്തുള്ളിൽ എന്റെ മുഖത്തേയ്ക്ക് തട്ടിത്തെറുപ്പിച്ചു... എന്റെ മുഖം മുഴുവൻ നനഞ്ഞു... അവൾ

പൊട്ടിച്ചിരിച്ചുകൊണ്ട് എന്നെ കളിയാക്കി... ഒരു കപടദേഷ്യം മുഖത്തണിഞ്ഞ് ഞാനവളെ വാരിയടുത്തു... മുറിക്കകത്തേയ്ക്ക് കയറി.. അവളെ ഞാൻ ബെഡ്ഡിലേയ്ക്കിടാൻ പോകുകയാണ് എന്ന് കരുതി നാണിച്ച് ചുവന്ന മുഖത്തോടെ എന്റെ കഴുത്തിൽ കൈകൾചുറ്റി അവളെന്റെ കൈകളിൽ കിടന്നു.. എന്നാൽ ഞാൻ അവളെയും കൊണ്ട് സ്റ്റെയർ ഇറങ്ങി പുറത്തേയ്ക്ക് നടന്നു..

വാതിൽ കടന്ന് പുറത്തേയ്ക്കിറങ്ങാൻ തുടങ്ങിയ എന്റെ കൈയിൽ കിടന്ന് അവൾ കുതറി..

"..വേണ്ട ദേവേട്ടാ... മഴയത്തേയ്ക്കിറങ്ങണ്ട.." ഞാനവളെ കുസൃതിയോടെ നോക്കി ഒരു നിമിഷം സിറ്റ്ഔട്ടിൽ നിന്നു..

"...പുതുമഴ നനയുന്നത് ഒരു സുഖമല്ലേ ഇന്ദ്രാണീ.. മഴയുടെ ദേവനായ ഇന്ദ്രന്റെ പ്രിയപത്നിയ്ക്ക് മഴ നനയാൻ പേടിയാണോ...??" അർദ്ധശങ്കയിൽ അവളുടെ നീളൻ മിഴികൾ കുറുകി... പക്ഷേ എനിക്കൊരു ശങ്കയും ഇല്ലായിരുന്നു... ഞാനവളെയും എടുത്തുകൊണ്ട് പുറത്ത് കനത്തു തുടങ്ങുന്ന മഴയിലേയ്ക്ക് ഇറങ്ങി... ദേഹത്ത് മഴവെള്ളം വീണപ്പോൾ അവൾ കണ്ണുകൾ ഇറുക്കിയടച്ച് എന്റെ മാറിൽ മുഖം പൂഴ്ത്തി.. മുറ്റത്തിന്റെ അരികിൽ നട്ട പൂച്ചെടികളെയും കടന്ന് വ്യത്തത്തിൽനടുക്ക് ചെറിയ ഫൌണ്ടനും അതിനു ചുറ്റും സിമന്റ് ചാരുബഞ്ചുകളും ഉള്ള വിശാലമായ ലോണിലേയ്ക്ക് ഞാൻ നടന്നു കയറി... തുറസ്സായ ആ പുൽത്തകിടിയിൽ നിന്നുകൊണ്ട് ഞാൻ എന്റെ പ്രാണപ്രേയസിയെ കൈയിൽ മലർത്തിക്കിടത്തി ആകാശത്തിന്റെ വരദാനത്തിൽ കുതിർന്നു നിന്നു... അവളുടെ നേരെ ഞാൻ നോക്കുമ്പോൾ മുഖത്ത് വീഴുന്ന മഴത്തുള്ളികളിൽ കണ്ണ് തുറന്നു പിടിക്കാൻ കഴിയാതെ ഇടയ്ക്ക് ചിമ്മിയടച്ചും ഇടത്തെ കൈകൊണ്ട് മുഖം തുടച്ചും അവളെന്റെ കണ്ണുകളിലേയ്ക്ക് പ്രേമപൂർവ്വം കടക്ഷിച്ചു..

ഞാനവളെയും കൊണ്ട് ഒന്ന് വട്ടം കറങ്ങി.. എന്റെ കഴുത്തിനു പുറകിൽ വലത്തെ കൈ മുറുക്കിപ്പിടിച്ച് ഇടത്തെ കൈ നീട്ടി അവൾ മഴത്തുള്ളികളെ ചിതറിച്ചു... രണ്ടു തവണ വട്ടം കറങ്ങിയ ഞാൻ നിന്നു.. വീണ്ടും അവളുടെ കണ്ണുകളിലേയ്ക്ക് നോക്കി... എന്റെ നോട്ടത്തിന്റെ ചൂട് സഹിക്കാനാവാതെ അവൾ കുസൃതിയോടെ മഴത്തുള്ളികൾ എന്റെ മുഖത്തേയ്ക്ക് തെറിപ്പിച്ചു... ഞാൻ ചിരിച്ചു... ഉറക്കെ ചിരിച്ചു.. എന്റെ ചിരി അവളിലേയ്ക്കും പടർന്നു... പുതുമഴ നനയുന്ന ലഹരിയിൽ ഞങ്ങൾ ഉറക്കെ ഉറക്കെ ചിരിച്ചു...

ചിരിച്ച് ചിരിച്ച് ഞങ്ങളുടെ നനഞ്ഞ ദേഹങ്ങൾ ചൂട് പിടിച്ചു തുടങ്ങി... അപ്പോഴും മഴ യാതൊരു ദാക്ഷിണ്യവുമില്ലാതെ ഞങ്ങൾക്ക് മേൽ വീണുകൊണ്ടിരുന്നു... എന്റെ ടീഷർട്ടും അവളുടെ സാരിയുമെല്ലാം നനഞ്ഞു കുതിർന്ന് ദേഹത്തോട് ഒട്ടി... ഞാനവളെയും കൊണ്ട് ഫൌണ്ടന് അടുത്തുള്ള ചാരുബഞ്ചിൽ ഇരുന്നു.. അവളെന്റെ മടിയിൽ മലർന്നു കിടന്നു.

ഞാനെന്റെ നീളൻമുടി പുറകോട്ടു വകഞ്ഞു വച്ച് അവളെ നോക്കിയിരുന്നു... കണ്ണുകൾ തമ്മിലിടഞ്ഞു... നോക്കിയിരിക്കുന്തോറും മുഖം ചുവന്നു തുടുത്തു... കണ്ണുകളിൽ പരസ്പ്പരം ഭോഗിക്കാനുള്ള അഭിനിവേശം തിരയിളകി... കാഴ്ച്ച മറയ്ക്കുന്ന മഴവെള്ളം കൈകൾകൊണ്ട് തുടച്ചു നീക്കി കണ്ണുകൾ ചിമ്മി അവളെന്റെ മടിയിൽ മലർന്നു കിടന്നു... തകർത്തു പെയ്യുന്ന മഴയെ ഞങ്ങൾ മറന്നിരുന്നു... എന്റെ നോട്ടം അവളെ ചുട്ടുപൊള്ളിക്കുന്നുവെന്ന് തോന്നിയ നിമിഷം അവൾ മഞ്ഞ വളകൾകിലുക്കി എന്റെ മുഖത്ത് പതുക്കെ തട്ടി... ആ നിമിഷം അവസാന നിയന്ത്രണവും നഷ്ടപ്പെട്ട് ഞാനവളെ വരിഞ്ഞു മുറുക്കി... ചുണ്ടുകൾ വാശിയോടെ നുകർന്നു... മഴവെള്ളത്തിനൊപ്പം പരസ്പ്പരം ചുണ്ടുകളിലെ തേൻ കുടിച്ചു..

അവളെഴുന്നേറ്റ് എന്റെ മടിയിൽ കാലുകൾ നീട്ടിയിരുന്നു... നെറ്റിയിൽ നെറ്റി മുട്ടിച്ച് ഒരു നിമിഷം കണ്ണുകൾ തമ്മിലിടഞ്ഞു... നീൾമിഴിപ്പീലികൾ എന്റെ കൺപീലികളിൽ കൊരുത്തു.. പരസ്പ്പരം പ്രണയം മറന്നു രണ്ടു ശരീരങ്ങൾ മാത്രമായി... വലിഞ്ഞു മുറുകിയ സുന്ദരമുഖത്ത് ഭോഗതൃഷ്ണ.. ഒപ്പം പരസ്പ്പരം വിട്ടുകൊടുക്കില്ലെന്ന കരുതലും... നീയെന്റെ മാത്രമാണെന്ന് ഇരുവരും പറയാതെ പറഞ്ഞു..

അവളെന്റെ മുഖം ഉമ്മ വെച്ചുണർത്തി... ഇടയ്ക്കൊന്നയഞ്ഞ് മാറിൽ നിന്നും അവൾ തന്നെ സാരി വലിച്ചു.. നനഞ്ഞു ദേഹത്തോടൊട്ടിയ സാരി മാറാൻ കൂട്ടാക്കാതെ നിന്നു.. എന്നാൽ കാമച്ചൂടിൽ ഉരുകിത്തുടങ്ങിയ അനുവിന്റെ വന്യമായ കരുത്തിൽ സാരി അകന്നു മാറി... ഒരു നിമിഷം അകന്ന ദേഹം അവൾ വീണ്ടും വാരിപ്പുണർന്നു... എന്റെ കൈകൾ അവളെ വരിഞ്ഞു മുറുക്കി... പരസ്പ്പരം പക തീർക്കുന്നപോലെയുള്ള ചുംബനത്തിൽ ചുണ്ടുകളിൽ ചോരപൊടിഞ്ഞു... എന്നിട്ടും നിണത്തിന്റെ ചവർപ്പിനൊപ്പം മഴവെള്ളം കൂട്ടി തേനുണ്ടു... നാവുകൾ നാഗങ്ങളായി ഇണ ചേർന്നു... അവൾ ഒന്ന് കൂടി പിടുത്തം വിട്ടു.. സാരിയും അടിപ്പാവാടയും മുട്ടിനു മുകളിൽ തെറുത്ത് കയറ്റി എന്റെ മടിയിൽ കവച്ചിരുന്നു... ഇതിനിടയിൽ നനഞ്ഞ് ദേഹത്തിൽ പറ്റിക്കിടന്ന എന്റെ ടീഷർട്ട് തലയിലൂടെ ഊരാൻ നോക്കിയിട്ടു കഴിയാതെ ഞാൻ വലിച്ചു

കീറിയെറിഞ്ഞു... ഒരു നിമിഷം എന്റെ പ്രവർത്തി അവൾ കണ്ണിമയ്ക്കാതെ നോക്കിയിരുന്നു... ഞാനെന്തോ പറയാൻ വെമ്പി... സമ്മതിക്കാതെ അവളെന്റെ ചുണ്ടുകൾ കടിച്ചു കുടഞ്ഞു... അല്ലെങ്കിലും പേമാരിയിലും ചുട്ടുപൊള്ളിക്കുന്ന മാരതാപത്തിൽ വാക്കുകൾക്ക് സ്ഥാനമില്ലായിരുന്നു... ഞങ്ങൾക്ക് പറയാനുള്ളതെല്ലാം മഴ പറയുന്നുണ്ടായിരുന്നു.

അവളുടെ ചുണ്ടുകൾ താഴേക്കിറങ്ങി എന്റെ കഴുത്തിൽ ഒഴുകി നടന്നു... മുടിയിൽ അവളുടെ വിരലുകൾ മുറുകി... തല ഇരുവശത്തെയ്ക്കും ചരിച്ച് കഴുത്തിന്റെ വശങ്ങളിൽ ചുംബിച്ചു നക്കി.. ഈ സമയം നനഞ്ഞു കുതിർന്ന ട്രാക്സിനുള്ളിൽ എന്റെ കളിവീരൻ ഉഗ്രരൂപം പൂണ്ടിരുന്നു... അവളുടെ പരാക്രമങ്ങൾക്കിടയിൽ തോറ്റുകൊടുക്കാൻ കഴിയാതെ ഞാനവളുടെ നിതംബം താങ്ങി ഉയർത്തി എന്റെ പരുക്കൻ കൈകൾ കൊണ്ട് ഉടച്ചു പിഴിഞ്ഞു... അവൾ വേദനയോടെ മുരണ്ടു.. എന്റെ തോളിൽ പല്ലുകൾ ആഴ്ന്നു... തോളിലെ മുറിവിൽ നിന്നും ചോര കിനിഞ്ഞു... മുറിവിൽ നിന്നും പനിച്ച ചോരത്തുള്ളികൾ മഴ ആവാഹിച്ചു.. എന്റെ നെഞ്ചിലൂടെ അത് ചാല് കീറി ഒഴുകി... അത് കണ്ട അനു ഒരു നിമിഷം നിശ്ചലമായി.. അവളുടെ പുറത്തെ മാംസത്തിൽ തഴുകി നടന്ന എന്റെ കൈകൾ പിടിച്ചു കെട്ടിയപോലെ നിന്നു...

കണ്ണുകളിൽ ഒരു മാപ്പപേക്ഷ ഞാൻ കണ്ടു... എന്റെ കണ്ണുകളിൽ ഒരു കുസൃതിച്ചിരി മിന്നി.. അവളുടെ മുഖത്തേയ്ക്ക് രക്തം ഇരച്ചു കയറി.. പൂർവ്വാധികം ശക്തിയോടെ അവൾ എന്റെ കഴുത്തിൽ ചുണ്ടുകൾ അമർത്തി... ഞാനവളുടെ ഇരു തോളിലും പിടിച്ച് അകത്തി... ഒരു നിമിഷം ചോദ്യഭാവം ഉയർന്ന, മഴയിൽ നനഞ്ഞ മിഴികളിൽ നോക്കി.. മഴവെള്ളം ഇറ്റുവീഴുന്ന കൺപീലികൾ... ഞാൻ ബ്ലൌസിന്റെ ഹുക്കഴിക്കാൻ തുടങ്ങി.. എന്റെ കൈകൾക്ക് വേഗത പോരെന്നു തോന്നി അവളും സഹായിച്ചു.. ഞാൻ ബ്ലൌസ് അഴിച്ചു വിടർത്തിയതും അവൾ പുറകിലേയ്ക്ക് കൈയിട്ട് ബ്രായുടെ വള്ളി വിടുവിച്ചിരുന്നു... തുറസ്സായ സ്ഥലത്തുള്ള ഇണ ചേരൽ ആയതുകൊണ്ട് ഒന്നും അഴിച്ചു മാറ്റാൻ നിന്നില്ല.. പകരം ബ്രാ മുലകൾക്ക് മുകളിൽ ഉയർത്തി വച്ചു... അവൾ വീണ്ടും എന്റെ തലയിൽ ഇരുകൈകൾകൊണ്ടും ഇറുകെപ്പുണർന്ന് എന്റെ നഗ്നമായ മാറിൽ മുലകൾ ഇട്ടുരച്ചു... മഴവെള്ളം ആർത്തിയോടെ അവളുടെ പൊൻമുലകളിൽ വീണു ചിതറി... അവളെന്റെ ഇടത്തെ കാതിൽ കടിച്ചു..

"...ദേവാ.. നിന്റെ ഇന്ദ്രാണിയ്ക്ക് നിന്നെ വേണം... നീ നീ എന്റെ മാത്രാ..." അവൾ കിതച്ചു.. അധരങ്ങളെ വന്യമായ കരുത്തോടെ വലിച്ചു ചപ്പി... ചുണ്ടിലൂടെ

അവളെന്റെ ജീവൻ ഊറ്റുകയാണ് എന്ന് തോന്നി.. ഒരു നിമിഷം ചുണ്ടുകൾ അകന്നു... പ്രണയം കത്തുന്ന കണ്ണുകളിൽ വാക്കുകൾക്ക് വിശേഷിപ്പിക്കാനാവാത്ത നിസ്സഹായത.. "...നിന്നെ എന്നിൽ നിന്ന് പിരിക്കാൻ യമന് പോലും കഴിയില്ല... നിന്റെ ഇന്ദ്രാണിയെ കടിച്ചു തിന്ന് ദേവാ.. നിന്റെ കൈകൊണ്ട് എന്നെ... എന്നെ... കൊ.." പറഞ്ഞു മുഴുവിക്കാൻ വിട്ടില്ല... വിറയ്ക്കുന്ന അവളുടെ പേലവാധരങ്ങൾ ഞാൻ വിഴുങ്ങിയിരുന്നു... ചുണ്ടുകൾ നുകർന്നുകൊണ്ട് അവൾ മുതുക് വളച്ചു... അവളുടെ പുറത്തെ മാംസത്തിൽ ബ്ലൗസിനുള്ളിലൂടെ വന്യമായ കരുത്തിൽ മേഞ്ഞു നടന്നിരുന്ന എന്റെ കൈകളെ അവൾ പിടിച്ചെടുത്ത് മുലകളിൽ വച്ചു... അവളുടെ കൈകൾ എന്റെ കൈപ്പത്തികൾക്ക് മുകളിൽ വച്ച് അമർത്തി.. വീശിയടിക്കുന്ന തെന്നൽ കൊണ്ടുവന്ന പൂങ്കുളിരിൽ കല്ലിച്ചു നിന്ന മാമ്പൂമൊട്ടുകൾ എന്റെ കൈക്കരുത്തരിഞ്ഞു... മാറിലെ മാതളപ്പഴങ്ങളെ ഉടച്ചു പിഴിയുന്ന കൈകൾ... അവൾ തേങ്ങി...

എന്നിട്ടും പോരായെനു തോന്നിക്കാണും... അവൾ ഒരു നിമിഷം കൊണ്ട് ഒരഭ്യാസിയെപ്പോലെ വെട്ടിതിരിഞ്ഞു... മടിയിൽ തിരിഞ്ഞിരിക്കാൻ അവൾക്ക് ഒരു നിമിഷാർദ്ധം മാത്രം മതിയായിരുന്നു... അടുത്ത നിമിഷം അവൾ തന്നെ എന്റെ കൈകൾ എടുത്ത് മാറിൽ വച്ചു... പിന്നെ തേങ്ങലോടെ നെഞ്ചിൽ ചാരിയിരുന്നു കിതച്ചു... മാറിൽ പെരുമാറുന്ന പരുക്കൻ കൈകൾ നൽകുന്ന സുഖത്തിൽ നടുവളച്ച് അവൾ കൈകൾ പുറകിലേയ്ക്കിട്ട് എന്റെ നനഞ്ഞൊട്ടിയ മുടിയിഴകളിൽ വിരൽ മുറുക്കി... അവൾ നാഗത്തെപ്പോലെ ചീറി... എന്റെ ചുണ്ടുകൾ അവളുടെ കഴുത്തിൽ അമർന്നു... ശംഖൊത്ത കഴുത്തിലൂടെ ഒഴുകിയിറങ്ങുന്ന മഴനീരിനെ മുത്തിക്കുടിച്ചു..

മഴയ്ക്ക് ശക്തികൂടി... തുള്ളിക്കൊരുകുടം എന്ന രീതിയിൽ മേഘങ്ങൾ ഞങ്ങളുടെ കാമതപസ്സിളക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു... എന്നാൽ അവളോ ഞാനോ ഇതൊന്നും ശ്രദ്ധിക്കുന്നുണ്ടായിരുന്നില്ല... എന്റെ കൈക്കരുത്തിൽ അവളുടെ പൊൻമുലകൾ ചുവന്നു.. നഖക്ഷതങ്ങളിൽ ചോരകിനിഞ്ഞു... മുകളിലേയ്ക്ക് തലയുർത്തി സുഖിച്ചിരുന്ന അവളുടെ വായിൽ മഴവെള്ളം നിറഞ്ഞു.. അവളെന്റെ കൈകളിൽ കയറിപ്പിടിച്ചു.. കൈകൾ അയഞ്ഞു... അവൾ വീണ്ടും വെട്ടിത്തിരിഞ്ഞു... എനിക്കഭിമുഖമായി ഇരുന്നു... കണ്ണുകളിലേയ്ക്ക് കത്തുന്ന നോട്ടമെറിഞ്ഞു.. പിന്നെ കുസൃതിയോടെ വായിൽ നിറഞ്ഞ മഴവെള്ളം സ്വന്തം മുലകളിലേയ്ക്ക് തുപ്പി.. എന്റെ തുടയിൽ മുട്ടുകുത്തി ഉയർന്ന് മുലഞ്ഞെട്ടു എന്റെ വായിലേയ്ക്ക് തിരുകി... ആർത്തിയോടെ ഞാനാ ചുവന്ന മുലകൾ ചപ്പിക്കുടിച്ചു.. ഞെട്ടുകളിൽ വേദനിപ്പിക്കാതെ കടിച്ചു വലിച്ചു... എന്റെ നഖമാഴ്ന്ന പോറലുകളിൽ നിന്നും പൊടിഞ്ഞ ചോരയുടെ ചവർപ്പ് ഞാൻ

ചപ്പിയെടുത്തു... മുട്ടുകൾ തുടയിലെ മാസത്തിൽ അമർന്നു വേദനിച്ചുതുടങ്ങി... ശരീരത്തിന്റെ വേദനയേക്കാൾ ദാഹത്തിന്റെ തട്ട് താഴ്ന്നു നിന്നു...

നനഞ്ഞ ട്രാക്സിനുള്ളിൽ ഉദ്ദരിച്ചു നിന്ന എന്റെ വെടിവീരന്റെ അഗ്രചർമ്മം തൊലിമാറി കോട്ടൺ തുണിയിൽ ഉരഞ്ഞു വേദനിച്ചു തുടങ്ങിയിരുന്നു... എന്നാൽ കാമച്ചൂടിൽ അതൊന്നും പ്രശ്നമായിരുന്നില്ല.. ഞാൻ വീണ്ടും അവളുടെ മുലകൾ ഉടച്ചു കുടിച്ചു... മഴയിൽ നനയുന്ന അവളുടെ മുലഞെട്ടിൽ നിന്നും പാലിന് പകരം മഴവെള്ളം എന്റെ വായിൽ നിറഞ്ഞു കൊണ്ടിരുന്നു... അവളുടെ മുലചുരത്തുന്ന അമൃതം കണക്കെ മഴവെള്ളം ഞാൻ കറന്നു കുടിച്ചു കൊണ്ടിരുന്നു... ഇടയ്ക്കുള്ള ഇടിയിലും മഴയുടെ ആർത്തനാദത്തിലും ഞങ്ങളുടെ സീൽക്കാരങ്ങൾ മുങ്ങിപോയി..

അവളുടെ വോയിൽ സാരി നനഞ്ഞു കുതിർന്ന് ചില്ലുഭരണിയിലെ നെയ്യപ്പം പോലെ അവളുടെ അംഗലാവണ്യം തെളിഞ്ഞു നിന്നു... രോമാവൃതമായ എന്റെ കരുത്തുറ്റ കൈകൾ അവളുടെ വയറിൽ ചുറ്റിപ്പിടിച്ച് എന്റെ ദേഹത്തോട് ചേർത്തു... അരക്കെട്ടിലെ മുഴുപ്പ് അവളുടെ നിതംബത്തിൽ അമർത്തി... അവളൊന്നു ഞരങ്ങി... തല ചരിച്ച് കൊല്ലുന്ന നോട്ടമെറിഞ്ഞു...

പിന്നെ എന്റെ ദേഹത്ത് നിന്നും ചാടിയിറങ്ങി... എന്റെ കൈയിൽ പിടിച്ച് വലിച്ചെഴുന്നെൽപ്പിച്ചു... നിന്നുകൊണ്ട് ഇരുകൈകളും എന്റെ കവിളിൽ അമർത്തി.. തലച്ചരിച്ച് എന്റെ ചുണ്ടുകളിൽ മുത്തി.. ഇംഗ്ലീഷ് പോൺസ്റ്റാറുകൾ തോറ്റ്പോവുന്ന രീതിയിൽ ചുണ്ടുകൾ ചപ്പി കുടിച്ചു.. എന്റെ കൈകൾ അവളുടെ ഇടുപ്പിലെ മാംസളതയിൽ പിതുക്കി...

നീണ്ട ചുംബനം വിടുവിച്ച് എന്റെ കണ്ണുകളിലേയ്ക്ക് നോക്കി... ചെമ്പരത്തിക്കണ്ണുകൾ... അടുത്ത നിമിഷം കുസൃതിവിരിയുന്ന ആ നീൾമിഴികളെ കൊതിയോടെ ഞാൻ നോക്കുമ്പോൾ അവളെന്നെ നനഞ്ഞ പുല്ലിലേയ്ക്ക് തള്ളി വീഴ്ത്തി... അപ്പോൾ ആകാശത്ത് വെളിച്ചം മിന്നി... ഒരു നിമിഷം യക്ഷിക്കഥകളിലെ സുന്ദരി എന്റെ മുന്നിൽ അർദ്ധനഗ്നയായി നിൽക്കുന്നു... അടുത്ത നിമിഷത്തിൽ അവളെന്റെ ദേഹത്തേയ്ക്ക് ചാടിക്കയറി... വയറിൽ കവച്ചിരുന്നു... പിന്നെ പ്രേമപൂർവ്വം എന്റെ മുടിയിഴകളിലും കവിളിലും വിരലോടിച്ചു കൊതിയോടെ നോക്കി... ചുണ്ടുകളിൽ തഴുകിയ വിരലുകളെ ഞാൻ കടിക്കാൻ നോക്കി... അവൾ പിടിതരാതെ ആ നീളൻ വിരലുകൾ എന്റെ മുഖമാകെ ഇഴച്ചു.. ഞാൻ കൈയിൽ കയറിപ്പിടിച്ച് വിരൽ വായിലിട്ടു ഊമ്പി... അവൾ ഇക്കിളിയിൽ ചിരിച്ചു...

പുല്ലിൽ മലർന്നു കിടക്കുന്ന എന്റെ മുഖത്ത് ശക്തിയായി മഴവെള്ളം വീണുകൊണ്ടിരുന്നു.. വായിൽ വെള്ളം നിറഞ്ഞു... അരക്കെട്ടിൽ നിന്നും നനഞ്ഞ പുല്ലിൽ വെള്ളത്തിൽ കിടക്കുന്ന സാരിയുടെ തുമ്പെടുത്ത് അവൾ എന്റെ മുഖത്തിനു മുകളിൽ മഴവെള്ളം വീഴാതെ വിടർത്തിപ്പിടിച്ചു.. പിന്നെ ചിരിച്ചുകൊണ്ട് അത് മാറ്റി... കുനിഞ്ഞ് എന്റെ കവിളിൽ മുത്തി.. താടിരോമം കടിച്ചു വലിച്ചു... പിന്നെ ഒന്നുയർന്ന് വലത്തെമുല വായിൽ തിരുകിത്തന്നു... അവൾ തന്നെ സ്വന്തം മുലയിൽ ഞെക്കി ഞെട്ട് തുറുപ്പിച്ചു.. അതെന്തിനാണ് എന്ന് അനുഭവം കൊണ്ടറിയാവുന്ന ഞാൻ ഞെട്ടിൽ വേദനിപ്പിക്കാതെ കടിച്ചു.. പിന്നെ വേദനിപ്പിച്ചു കടിച്ചു.. പലവട്ടം... സുഖം കൊണ്ടവൾ കണ്ണടച്ചു കുറുകി... ഒരു കൈ എന്റെ ഉറച്ച നെഞ്ചിൽ ഊന്നി.. അടുത്ത മുലയും എന്നെ ഊട്ടി... ഞാൻ മുലഞെട്ടിൽ നാക്കിട്ടു തുഴഞ്ഞ് നക്കിക്കുടിക്കുമ്പോൾ നിർവൃതിയിൽ പുഞ്ചിരിച്ചു... പിന്നെ മാറിടം മാറ്റി.. എഴുന്നേറ്റ് നിന്നു... സാരിയും പാവാടയും ഉയർത്തി.. അവളുടെ തേനിലും മഴവെള്ളത്തിലും നനഞ്ഞ പാന്റീസ് വെണ്ണതോൽക്കുന്ന കാലുകളിലൂടെ ഊരിയെടുത്തു... വലത്തെ കൈയിൽ തലതാങ്ങി ഉയർത്തി ഞാനവളുടെ ചെയ്തികൾ നോക്കിക്കിടന്നു... കണ്ണുകളിൽ നിറയുന്ന മഴവെള്ളം പലപ്പോഴും കാഴ്ച്ച മറച്ചു...

അവൾ സാരിയും പാവാടയും പൊക്കിപ്പിടിച്ച് എന്റെ മുഖത്തേയ്ക്ക് ഇരിക്കാനായി താഴ്ന്നു... ഞാനവളെ തള്ളി മാറ്റി... അവളെ മലർത്തിക്കിടത്തി അവളിൽ അമർന്നു കിടന്നു... അവളുടെ കണ്ണുകളിൽ വിരിഞ്ഞ ചോദ്യം കണ്ട് കാതിനരുകിലേയ്ക്ക് ചുണ്ട് ചേർത്തു...

"...എല്ലാ പ്രാവശ്യവും ഞാൻ നിനക്കല്ലേ നക്കിത്തരുന്നേ.. എന്റെ കുട്ടനെ നീ ഗൌനിക്കാരില്ലല്ലോ...??" കണ്ണുകളിൽ പരിഭവം...

"...നീയവനെ ചുമ്മാ ഒന്ന് സ്നേഹിച്ചു നോക്കെഡീ ചക്കരെ..??" ചുണ്ട് കൂർപ്പിച്ച് വീണ്ടും പിണക്കം... അഴകുള്ള മടി... ഞാൻ ചിരിച്ചു കണ്ണടച്ചു കാണിച്ചു... അവളെന്നെ തള്ളിമാറ്റി.. ഞാൻ മലർന്നു കിടന്നു... അവൾ വെള്ളമൊഴുകുന്ന പുല്ലിൽ ഒരുവശം ചെരിഞ്ഞിരുന്നു.. അവളെന്റെ മുഴച്ചു നിന്ന കുട്ടനെ ട്രാക്സിനു മുകളിലൂടെ ഒന്ന് ഞെക്കി... പിന്നെ ട്രാക്സിന്റെ ഇലാസ്റ്റിക്കിൽ പിടിച്ച് താഴേക്ക് ഊർത്തി.. ഞാൻ ഇടുപ്പ് പൊക്കി സഹായിച്ചു... സ്വാതന്ത്ര്യം കിട്ടിയ കുട്ടൻ തലയുയർത്തി നോക്കി മഴനനഞ്ഞു നിന്നു... അവൾ അവനെ കൈകൊണ്ട് ഒന്നുഴിഞ്ഞു... മഴയിൽ ആ അസുലഭസുന്ദരമായ കാഴ്ച്ച മറയാതിരിക്കാൻ വലത്തെ കൈപ്പത്തി നെറ്റിയിൽ മറയായി വച്ച് ഞാൻ തലയുർത്തി നോക്കി...

അവളൊന്നു കൂടി കടക്കണ്ണുകൊണ്ട് എന്നെ നോക്കി കേണു.. "..വേണ്ണോ.." ഞാൻ ചിരിച്ചു...

അവൾ തോൾ ചെരിച്ച് തുള്ളി പരിഭവിച്ചു.. ചുണ്ടുകൂർപ്പിച്ചു... പിന്നെ പതുക്കെ കുട്ടന്റെ തക്കാളിത്തലയിൽ നിന്നും തൊലി ഉരിഞ്ഞ്... കുനിഞ്ഞ് ഒന്ന് മുത്തി.. മഴയിൽ ഒളിച്ചുപോവാതെ പനിച്ചു നിന്ന പ്രീകമിന്റെ വഴുവഴുപ്പ് ചുണ്ടിൽ പറ്റി എന്ന് തോന്നി.. അവളൊന്നു നാക്ക് നീട്ടി നുണഞ്ഞു നോക്കി... പ്രത്യേകിച്ച് ഒരു രുചിയും തോന്നിക്കാണില്ല... കണ്ണുകളിൽ ഒരാശ്വാസം... പിന്നെ അവനെ വീണ്ടും കുനിഞ്ഞു ചുംബിച്ചു... പലതവണ ഇതാവർത്തിച്ചു... പിന്നെ ചുണ്ടുകൾ താഴേക്കിറങ്ങി... കടമുതൽ തലവരെ ചുംബിച്ചു കൊണ്ടിരുന്നു.. ഞാൻ കൈ നീട്ടി അവളുടെ തുടയിൽ തട്ടി... അവൾ എഴുന്നേൽക്കാൻ തുനിഞ്ഞതും വീണ്ടും പിടിച്ചിരുത്തി കാലിൽ പിടിച്ച് അവളെ എന്റെ മുഖത്തിരുത്തി... അവൾ സാരി പൊക്കി മദനപുഷ്പ്പം എന്റെ ചുണ്ടിൽ മുട്ടിച്ചു.. തവളയിരിക്കുന്നപോലെ എന്റെ മുഖത്തിരിക്കുന്ന അവളുടെ വിടർന്ന നെയ്ക്കുണ്ടികളെ അമർത്തിപ്പിഴിഞ്ഞ് ഞാൻ അവളുടെ തേനരുവിയിൽ നാക്കിട്ടു തുഴഞ്ഞ് അവളെ ഹരം പിടിപ്പിച്ചുകൊണ്ടിരുന്നു... അവൾ അപ്പോഴും എന്റെ കുട്ടനെ വിട്ടു വിട്ടു ചുംബിക്കുകയും കൈകൊണ്ട് ഉഴിയുകയും ചെയ്തുകൊണ്ടിരുന്നു... വായിലെടുക്കാൻ അവൾക്കറിയില്ല...

ഞാനവളുടെ പൂറിൽ ഒരു വിരൽ കയറ്റി ഇളക്കി... കന്ത് പല്ലിൽ കൊരുത്തി വലിച്ചു... അവൾ അരക്കെട്ടനക്കി.. മുഖത്തിട്ടുരച്ചു.. സാരി മുഴുവനായി പൊക്കി കുണ്ടികളെ നഗ്നമാക്കി.. തലപൊക്കി മാർദ്ധവമുള്ള മദ്ധളക്കുണ്ടികളെ ചുംബിച്ചു... മഴവെള്ളം ആ വെണ്ണക്കുടങ്ങളിൽ വീണു ചിതറി... ഈ സമയം അവൾ എന്റെ കുട്ടനെ ഒന്ന് ചുണ്ടുകൾ കൊണ്ട് ചുറ്റിപ്പിടിച്ചു നോക്കി.. അത് കാത്തിരുന്ന ഞാൻ അരക്കെട്ട് പൊക്കി വായിലെ ചൂടിലേയ്ക്ക് അവനെ ഇടിച്ചു കയറ്റി.. അവളുടെ തൊണ്ടക്കുഴി വരെ അവൻ ഇടിച്ചു കയറി നിന്നു... അവൾ വായ മാറ്റി ശ്വാസം കിട്ടാതെ ചുമച്ചു...

ഞാൻ ചിരിച്ചുകൊണ്ട് അവളുടെ കൂതിത്തുളയിൽ ചൂണ്ടു വിരൽ കയറ്റി... കന്തിൽ ചപ്പി വലിച്ചു.. അവൾ സുഖത്തിൽ ഒന്ന് ഞരങ്ങി... കൈകൾ എന്റെ കുട്ടനെത്തഴുകുന്നത് ഞാനറിഞ്ഞു.. വീണ്ടും അവളുടെ ചൂടുള്ള ശ്വാസം കുട്ടന്റെ തുമ്പിൽ ഞാനറിഞ്ഞു... പൂറുതീറ്റ സുഖിച്ചെന്നു മനസ്സിൽ പറഞ്ഞ നിമിഷം അവളുടെ പല്ലുകൾ എന്റെ തുടയിൽ ആഴ്ന്നിറങ്ങി... അവൾ കടിച്ചു പിടിച്ചിരുന്നു... വേദനകൊണ്ട് ഞാൻ വിറച്ചുപോയി... പല്ലുകൾ അയഞ്ഞു... മുറിപ്പാടിൽ മഴവെള്ളം വീണു നീറി.. അപ്പോഴും എന്റെ ചുണ്ടുകളും നാവും അവളുടെ തേൻ ഊറ്റിക്കുടിച്ചുകൊണ്ടിരുന്നു...

അവളിൽ നിന്നൊരു തേങ്ങൽ കേട്ടു... തുടയിലെ മുറിവിൽ ഒരു മഞ്ഞുതുള്ളി വീണ സുഖം ഞാനറിഞ്ഞു... വീണ്ടും വീണ്ടും അവളുടെ ചുണ്ടുകൾ അവിടെ മുത്തി... അവളുടെ കൈകളിൽ അപ്പോഴും എന്റെ കുട്ടനിരുന്നു വിങ്ങി... അടുത്ത നിമിഷം സുഖത്തിന്റെ പാരമ്യതയിൽ ഞാൻ അരക്കെട്ട് പോക്കിപ്പോയി.. അവളുടെ ചുണ്ടുകൾ അവനെ വലയം ചെയ്തിരുന്നു... അവൾ സ്വമേധയാ അവനെ തൊണ്ടവരെ കയറ്റി വച്ചു.. പിന്നെ ഊരി.. നക്കിയും ചുംബിച്ചും അവനെ കൊഞ്ചിച്ചു.. ഇടയ്ക്ക് വായിൽ കയറ്റി.. അപ്പോഴെല്ലാം പല്ലുകൾ കൊണ്ട് നീറി... എങ്കിലും എന്നെ സുഖിപ്പിക്കാൻ അവൾ പരമാവധി ശ്രമിച്ചുകൊണ്ടിരുന്നു...

പലപ്പോഴും വായിലെടുക്കുന്ന കാര്യത്തിൽ മാത്രമാണ് അവൾ ഇതുവരെ സമ്മതിക്കാതിരുന്നിട്ടുള്ളത്... എന്നാൽ ഇന്ന് എല്ലാ സുഖവും എനിക്ക് നൽകണമെന്ന് അവൾ തീരുമാനിച്ചത് പോലെയാണ് പെരുമാറ്റം...

അവളുടെ വാഴപ്പിണ്ടി തുടകളിൽ ചുറ്റിപ്പിടിച്ച് പൂറിൽ ഞാൻ നാക്കിട്ടു തുഴഞ്ഞു... മലർന്നു കിടക്കുന്ന എന്റെ വായിൽ നിറയുന്ന മഴവെള്ളം ഓരോ തവണയും തുപ്പിക്കളഞ്ഞും ഇടയ്ക്ക് അവളുടെ മദരസം ചേർത്ത് കുടിച്ചിറക്കിയും ഞാനെന്റെ പെണ്ണിന്റെ യോനീനാളിയിൽ സുഖത്തിന്റെ വെടിമരുന്നു നിറച്ചു... അവൾ വായിലെടുക്കുന്ന സുഖത്തിൽ ആർത്തലച്ച് പെയ്യുന്ന മഴയിലും ഞാൻ കനമില്ലാതെ ആകാശത്ത് പറക്കുകയാണ് എന്ന് തോന്നി... ഇതുവരെ ആരുടെ വായിൽ നിന്നും ഇങ്ങനെയൊരു സുഖം അറിഞ്ഞിട്ടില്ല... എന്റെ ജീവന്റെ ജീവനാണ് എന്നെ സുഖിപ്പിക്കുന്നത് എന്ന ചിന്ത അനിർവ്വചനീയ സുഖം പകർന്നു...

അവളുടെ അരക്കെട്ടിന്റെ വിറയൽ കൂടി... ആകാശത്തെ മേഘഗർജ്ജനത്തോടൊപ്പം അവളുടെ സുഖഞരമ്പുകൾ പൊട്ടിത്തകർന്നു... അരക്കെട്ട് എന്റെ മുഖത്ത് അമർത്തി വച്ച് അവൾ കിതച്ചു... വായ മുഴുവൻ അവളുടെ യോനീമാംസം നിറഞ്ഞു നിന്നു.. മൂക്കിൽ മഴവെള്ളം വീണ് എനിക്ക് ശ്വാസം മുട്ടി... ഞാനവളുടെ നിതംബത്തിനുള്ളിൽ ഇരുന്ന വിരൽ ഒന്ന് കറക്കി... അവൾ വേദനയെടുത്ത് അരക്കെട്ട് പൊക്കി...

ഞാൻ അവളെതള്ളി മാറ്റി എഴുന്നേറ്റു.. മൂക്ക് ചീറ്റി വെള്ളം കളഞ്ഞ് ശ്വാസം ആഞ്ഞു വലിച്ചു.. മുഖത്തേയ്ക്ക് വീണ നനഞ്ഞ മുടിയിഴകൾ പുറകിലേയ്ക്ക് വകഞ്ഞ് മാറ്റി.. അവളുടെ മുഖത്തേയ്ക്ക് നോക്കി... ചുവന്നു തുടുത്ത

വെള്ളമൊഴുകുന്ന മുഖത്ത് കാമക്കടൽ ഇരമ്പുന്നു... പരസ്പ്പരം കിതച്ചു കൊണ്ട് നോക്കി ചിരിച്ചു... ഞാൻ കൈനീട്ടി അവളുടെ ഉയർന്ന് താഴുന്ന മുലകളിലൊന്നിൽ പിടിച്ചുടച്ചു... പിന്നെ നഗ്നമായ ഇടുപ്പിൽ പിടിച്ച് എന്റെ ദേഹത്തേയ്ക്ക് വലിച്ചിട്ടു... അവൾ എന്റെ തോളിൽ ചാഞ്ഞ് കിതച്ചു...

"...പഠിച്ചു.. എന്റെ ഇന്ദ്രാണി..." കാതിലെ കമ്മലടക്കം വായിൽ കയറ്റി ചപ്പിയെടുത്ത് ഞാൻ പറഞ്ഞു...

"...ദേവരാജന്റെ വജ്രായുധം കൊള്ളാം... പക്ഷേ ഇത് ഞാനിന്നൊടിക്കും ദേവാ... ഇന്ദ്രാണിയിൽ ഇന്നൊരു കാമപ്പിശാച് കൂടിയിട്ടുണ്ട്.." അവളെന്റെ ചെവിയിൽ മുരണ്ടു.. കാതിന്റെ തൂക്കം ചപ്പി വലിച്ചു... പിന്നെ പുരികമാകുന്ന ഇന്ദ്രധനുസ്സ് വളച്ച് നെഞ്ചുതുളയ്ക്കുന്ന കാമബാണമെയ്തു... കൺപീലികൾ തമ്മിലിടഞ്ഞു... ഞാൻ അവളെ ചുറ്റിപ്പിടിച്ച് ഒന്നു മറിഞ്ഞ് അവളെ അടിയിലാക്കി... ചെഞ്ചുണ്ടുകൾ ചപ്പിക്കുടിച്ചു... അവളുടെ പൂവുടലിൽ എന്റെ ദേഹം അമർത്തി... കാതിലേയ്ക്ക് ചുണ്ട് ചേർത്തു..

"...രാധ രമിച്ചിട്ടുണ്ടോ...??" അവൾ എന്നെ ഇറുകെപ്പുണർന്ന് ഒന്ന് മറിഞ്ഞു.. ഞാനടിയിലും അവൾ മുകളിലുമായി... അവളുടെ അരക്കെട്ടിൽ നിന്ന് മുകളിലേയ്ക്കുള്ള സാരിയുടെ ഭാഗം അഴിഞ്ഞു കിടന്നിരുന്നത് പെരുമ്പാമ്പിനെ പോലെ ഞങ്ങളെ രണ്ടുപേരെയും ചുറ്റി... അവളെന്റെ മൂക്കിൻ തുമ്പിൽ കടിച്ചു... കാതിൽ ചുണ്ടുകൾ ചേർത്ത് മുത്തി..

"...ഉണ്ടല്ലോ ഗജേന്ദ്രാ... ഈ രാധ ഒരു ഗന്ധർവ്വനുമായി രമിച്ചുകൊണ്ടിരിക്കുകയാണ്..."

"...മാതുലാ..!! അല്ല അമ്മാവാ.. ഞാനറിയാതെ എന്റെ രാധ ഒരു ഗന്ധർവ്വനുമായി രമിച്ചുവെന്നോ...?? അസ്സംഭവ്യം...??" അവളെന്റെ കവിളിൽ രോമം കൂട്ടിക്കടിച്ചു..

"...സിനിമാ ഡയലോഗ് അടിക്കാതെ നിന്റെ ഇന്ദ്രാണിയുടെ വിശപ്പ് മാറ്റിത്താ ദേവേന്ദ്രാ.." എന്റെ ഞരമ്പുകൾക്ക് തീ പിടിച്ചു.. ഞാനവളെയും കൊണ്ട് ഒന്ന് മറിഞ്ഞു... ചുണ്ടുകൾ കടിച്ചു നുകരുന്നതിനിടയിൽ കൈ അവളുടെ കഴുത്ത് മുതൽ താഴേക്ക് തഴുകി ഇറക്കി യോനിക്കുഴിയിൽ വിരലിട്ടു... അവൾ

സ്വർണ്ണമത്സ്യത്തെപ്പോലെ പിടച്ചു... യോനിയിലിരുന്ന വിരലൂരി കാമരസംകൂട്ടി കുട്ടനെ ഒന്നുഴിഞ്ഞു...

ചുബനം വിടുവിച്ച് അവളുടെ കണ്ണുകളിലേയ്ക്ക് നോക്കി.. മദനകവാടത്തിൽ അവന്റെ തുമ്പ് മുട്ടിച്ചു വച്ചു... അവൾ കണ്ണുകളടച്ചു.. ഞാൻ സർവ്വശക്തിയും അരക്കെട്ടിൽ ആവാഹിച്ച് ആഞ്ഞു തള്ളി കടവരെ അവളുടെ തേൻനാളിയിൽ ഇടിച്ചു കയറ്റി... മഴവെള്ളം നനഞ്ഞ് ലൂബ്രിക്കന്റ്സ് നഷ്ടപെട്ടിരുന്ന കുട്ടനിലൂടെ ഒരു കത്തി കയറ്റിയപോലെ എനിക്ക് വേദനിച്ചു... അവളും ഞാനും ഒരുപോലെ അലറി വിളിച്ചു..

പിന്നെയൊരു യുദ്ധമായിരുന്നു.. പരസ്പ്പരം തോറ്റുകൊടുക്കാതെ മൃഗങ്ങളെപ്പോലെ ഇണചേർന്നു... അവളുടെ പല്ലും നഖവും ആഴ്ന്ന് എന്റെ ദേഹത്ത് പലയിടത്തും ചോരപൊടിച്ചു... ഇത്രയും നാൾ പരസ്പ്പരം ലാളിച്ചും കൊഞ്ചിച്ചും പ്രണയത്തിൽ ചാലിച്ചു മാത്രം രതിസുഖം നുകർന്നിരുന്ന ഞങ്ങൾ അതൊക്കെ മറന്ന് വന്യമായ ഭോഗത്തിൽ ഏർപ്പെട്ടു... ആരോടോ ഉള്ള വാശിയും ദേഷ്യവും തീർക്കുന്നപോലെ.. എപ്പോഴോ എന്റെയും അവളുടെയും ഞരമ്പുകൾ പൊട്ടിയൊഴുകി ഒഴുകിപ്പരക്കുന്ന മഴവെള്ളത്തിൽ കലർന്നു..

ഒരിക്കൽ രതിമൂർച്ചവന്നിട്ടും പിന്നെയും വാശിയോടെ ഭോഗിച്ചു... അവസാനം മഴയുടെ കലാശക്കൊട്ടിനു മുൻപ് ആസുരമായി പെയ്തിറങ്ങിയ മഴയിൽ നിന്നുകൊണ്ട് പരസ്പ്പരം വാരിപ്പുണർന്നു കാമസായൂജ്യമടഞ്ഞു... പുല്ലിനുമുകളിൽ പാദം മുങ്ങാൻ മാത്രമുള്ള വെള്ളത്തിലേയ്ക്ക് തളർന്നു വീണു... കുതിപ്പും കിതപ്പും അടങ്ങി അവളെന്റെ നെഞ്ചിൽ തല ചായ്ച്ചു കിടന്നു...

"...ദേവേന്ദ്രാ..." അവൾ ഈണത്തിൽ വിളിച്ചു..

"..ഉം.. എന്താ ഇന്ദ്രാണീ..??"

"..വജ്രായുധത്തിനുള്ള താഡനമേറ്റ് ഇന്ദ്രാണിയിൽ ആവേശിച്ച കാമാപ്പിശാച് ബാധയൊഴിഞ്ഞു പോയിട്ടോ... ഇപ്പോ ഞാനെന്റെ ദേവേട്ടന്റെ പാവം അമ്മിണിയാ..."

ഞാൻ ചിരിച്ചു.. അവളും മനോഹരമായി നുണക്കുഴി വിരിയിച്ചു ചിരിച്ചു... എന്റെ ചിരി കണ്ട് അവൾ നാണിച്ചു പൂത്തുലഞ്ഞു... കപോലങ്ങളിൽ ശോണിമ പടർന്നു.. അവളെഴുന്നേറ്റ് മലർന്നു കിടക്കുന്ന എനിക്ക് നേരെ വളയിട്ട കൈകൾ നീട്ടി... ആ കൈകവർന്ന് ഞാൻ എഴുന്നേറ്റു.. അവളുടെ പുറകിൽ ചേർന്ന് നിന്ന് ബ്രായും ബ്ലൌസുമെല്ലാം പിടിച്ചിട്ടു... മഴവെള്ളം തെറിപ്പിച്ച ചെളി പുരണ്ട സാരി അവളെ ചുറ്റിയുടുപ്പിച്ചു.. എന്റെ നേരെ തിരിച്ചു നിർത്തി... അരഞ്ഞാണം ചേർത്ത് ഇടുപ്പിലെ മാംസളതയിൽ പിടിച്ച് നിന്നു... നനഞ്ഞൊട്ടിയ ട്രാക് പാന്റ് മാത്രമേ എന്റെ ശരീരത്തുണ്ടായിരുന്നുള്ളൂ..

"..ദേവേട്ടാ..." ദീർഘനിശ്വാസത്തോടെ വിളിച്ചുകൊണ്ട് അവളെന്റെ മാറിൽ മുഖം പൂഴ്ത്തി... ഇറുകെപ്പുണർന്നു... ഞാൻ അവളെയും... ഈറൻ ഒഴുകുന്ന മുടിയിഴകളിൽ തഴുകി ലാളിച്ചു നിന്നു.. കുറച്ചു നിമിഷം മുൻപ് വരെയുണ്ടായിരുന്ന കാമറാണി രൂപം വെടിഞ്ഞ് അവളെന്റെ പൂച്ചക്കുട്ടിയായി.. മാതളപ്പഴങ്ങൾ നെഞ്ചിൽ അമർന്നു ഞെരിഞ്ഞു... മഴയ്ക്ക് തണുപ്പിക്കാൻ കഴിയാത്ത സ്നേഹച്ചൂടിൽ ഞങ്ങൾ ഉരുകി നിന്നു... അപ്പോഴും ആകാശം ആയിരം കൈകൾ നീട്ടി ഞങ്ങളെ തഴുകുന്നുണ്ടായിരുന്നു...

ഇടയ്ക്ക് ഒരു മിന്നലുണ്ടായി... കനത്ത മിന്നലിൽ അനു പേടിച്ച് എന്നെ ഇറുകെപ്പുണർന്നു... അപ്പോഴാണ് ഞങ്ങൾ മഴനനഞ്ഞാണ് നിൽക്കുന്നത് എന്ന ബോധം അവൾക്ക് വന്നതെന്ന് തോന്നി... പുറകെ ചക്രവാളത്തെ കിടുക്കിക്കൊണ്ട് ഇടിശബ്ദം വന്നു... അനു മുഖമുയർത്തി എന്റെ കൈയിൽ പിടിച്ചു വലിച്ചു..

"...വാ ദേവേട്ടാ... നല്ല മിന്നലുണ്ട്..." ഞാൻ ചെല്ലാൻ കൂട്ടാക്കാതെ മഴയത്ത് കൈകൾ വിരിച്ച് നിന്നു...

"...യ്യോ...!! മതി മഴ നനഞ്ഞത്... വല്ല പനീം പിടിക്കൂന്നെ... തന്നേല്ലാ... ഈ വേനൽമഴയുടെ കൂടേള്ള മിന്നൽ അപകടാ... അപ്പൊ തുറസ്സായ സ്ഥലത്ത് നിക്കരുതെന്നാ.. വാന്നേ.." അവളെന്റെ കൈയിൽ പിടിച്ചു വലിച്ച് നനഞ്ഞൊട്ടിയ സാരി ഒരു കൈകൊണ്ട് ഉയർത്തിപ്പിടിച്ച് വേഗത്തിൽ നടന്നു.. ഇത്രയും നേരം ഇവളിത് ഓർത്തില്ലല്ലോന്ന് ചിന്തിച്ച് ചിരിച്ചുകൊണ്ട് ഞാനും അവൾക്കൊപ്പം നടന്നു..

പെട്ടന്ന് ഇടിയോടു കൂടി അധികം ശക്തിയിലല്ലാതെ ഒരു മിന്നലുണ്ടായി.. എന്റെ ചിരി മാഞ്ഞു.. ഹോസ്പിറ്റലിൽ നിന്നും അനുവിനെയും കൂട്ടിയിറങ്ങിയ നിമിഷത്തിലേയ്ക്ക് മനസ്സ് പറന്നു..

നാളെ രാവിലെ സീതേച്ചിയെ ഡിസ്ചാർജ്ജ് ചെയ്യും.. ഇന്ന് രാത്രി ശ്രീനിധിയും അമ്മയുംകൂടി നിന്നോളാമെന്നും എന്നോടും അനുവിനോടും വീട്ടിലേയ്ക്ക് പൊക്കോളാനും പറഞ്ഞപ്പോൾ അതുവരെ അനുവിന്റെ മുഖത്തുണ്ടായിരുന്ന സന്തോഷം മങ്ങിയത് ഞാൻ ശ്രദ്ധിച്ചിരുന്നു.. അത് ശ്രീനിധിയും കണ്ടു എന്ന് അവളുടെ മുഖഭാവത്തിൽ നിന്നും എനിക്ക് മനസ്സിലായി.. ഇറങ്ങാൻ നേരം മറ്റുള്ളവരോട് അനു യാത്ര പറയുന്ന സമയത്ത് എന്റെ അടുത്ത് വന്ന ശ്രീനിധി പറഞ്ഞ കാര്യങ്ങൾ എന്റെ മനസ്സിൽ അലയടിച്ചു..

"...ദേവേട്ടാ.. അനു എന്തോ തീരുമാനിച്ചുറപ്പിച്ച പോലെയാ... ദേവേട്ടനോടൊപ്പമുള്ള ഓരോ നിമിഷവും ആസ്വദിക്കുന്നപോലെ എനിക്ക് തോന്നി... അവളെന്തോ മനസ്സിൽ കണ്ടിട്ടുണ്ട്.. എല്ലാ പ്രശ്നങ്ങളും അവസാനിച്ച് ദേവേട്ടന്റെ ജീവിതം വീട്ടുകാർ ആഗ്രഹിക്കുന്നപോലെ ആവാൻ അവൾ സ്വയം ഒഴിഞ്ഞു തരാൻ തീരുമാനിച്ചപോലെ.. സൂക്ഷിക്കണം ദേവേട്ടാ.. ഒരു നിമിഷം പോലും അവളെ തനിച്ചാക്കരുത്..."

ആ വാക്കുകൾ എന്റെ കാതിൽ പല തവണ മുഴങ്ങി... മനസ്സ് ആളിക്കത്തുന്നു.. കാലുകളുടെ വേഗം കുറഞ്ഞു... അടുത്ത നിമിഷം എന്റെ മനസ്സ് വയനാട്ടിലെ കോട്ടേജിനു മുന്നിലെ തണുപ്പിലേയ്ക്ക് പാഞ്ഞു... അനു അവളുടെ പ്രണയം വെളിപ്പെടുത്തിയ നിമിഷത്തിലേയ്ക്ക്...

"..ദേവേട്ടാ... ഞാനൊരു പാവം നാട്ടുമ്പുറത്തുകാരിപ്പെണ്ണാ.. ഒരു സാധാരണ കർഷകന്റെ മോള്.. താലികെട്ടിയ പുരുഷനെ ദൈവമായി കാണണോന്നാ എന്റെ അച്ഛനുമമ്മേം പഠിപ്പിച്ചിട്ടുള്ളത്.. ദേവേട്ടന്റെ താലി ഈ കഴുത്തിൽ വീണ നിമിഷം മുതല് ഞാൻ ദേവേട്ടന്റെ പെണ്ണാ.. ന്നാലും അതിമോഹോന്നൂല്ല.. ശ്രീമംഗലത്തെ ഈ രാജകുമാരന്റെ ഭാര്യയാവാനുള്ള അർഹത നിക്കില്ലാന്നറിയാം.. ന്നാലും ഒരുപാടിഷ്ടാ.. വിശ്വാസാ... ന്നാലും ഞാമ്പൊക്കോളാം.. ദേവേട്ടൻ വേറെ വല്യവീട്ടിന്ന് നല്ലൊരു പെണ്ണിനെ കെട്ടി സുഖായിട്ട് ജീവിച്ചോ..??"

എനിക്ക് ചെവി പൊത്തണമെന്ന് തോന്നി... അന്ന് നിർവ്യതിയോടെ കേട്ട് നിന്ന വാക്കുകൾ ഇന്നെന്റെ നെഞ്ചിൽ തീകോരിയിടുന്നു...

ദേവാ ഇതാണ് നീ കാത്തിരുന്ന അവസരം... എന്റെ അന്തരംഗം മന്ത്രിച്ചു.. ഞാൻ ഒപ്പം വേഗത്തിൽ നടക്കുന്ന കണ്ട് അനു എന്റെ പിടിവിട്ട് ഓടി പോർച്ചിലേയ്ക്ക് കയറി നിന്നു..

ഞാൻ പോർച്ചിന്റെ അടുത്ത് വരെ എത്തി കയറാതെ പുറത്ത് മഴയിൽ നിന്നു... പോർച്ചിൽ നിന്നും സിറ്റ്ഔട്ടിൽ നിന്നുമുള്ള വെളിച്ചം വീഴുന്ന മുറ്റത്ത് അവൾക്ക് കാണാൻ പാകത്തിന് ഒരു പതിനഞ്ചടി ദൂരത്തിൽ... നനഞ്ഞ സാരി കുടഞ്ഞ് നേരെയാക്കി തലയുർത്തിയ അനു കാണുന്നത് മഴ നനഞ്ഞ് കൈകൾ വിടർത്തി നിൽക്കുന്ന എന്നെയാണ്... മഴ കനത്ത് പെയ്തുകൊണ്ടിരുന്നു..

"...ദേവേട്ടാ.. കളിക്കാതെ ഇങ്ങോട്ട് കേറിവാ..." അവൾ ഉറക്കെ വിളിച്ചു പറഞ്ഞു.. ഞാൻ നിഷേധാർത്ഥത്തിൽ തലയാട്ടി ചിരിച്ചു..

"...ഒന്നു വാ ദേവേട്ടാ..." അവൾ കൈകൾ കൊണ്ട് വരാൻ ആംഗ്യം കാണിച്ച് വിളിച്ചു.. ഞാൻ വീണ്ടും ചിരിച്ചു കൈകൾ വിടർത്തി മാനത്തേയ്ക്ക് നോക്കി നിന്ന് മഴ നനഞ്ഞു... കാറ്റ് വീശിയടിച്ചു.. മരങ്ങൾ ആടിയുലഞ്ഞു...

ഇരുട്ടിനെ തകർത്തെറിഞ്ഞ് അടുത്ത മിന്നലുണ്ടായി... കണ്ണഞ്ചുന്ന മിന്നൽ.. അതെന്നെ മൂടി അനുവിന്റെ കാഴ്ച്ച മറച്ചു... പോർച്ചിലെ ലൈറ്റ് മിന്നലിൽ പൊട്ടിത്തകർന്നു...

"...ദേവേട്ടാ..." അവൾ ഉറക്കെ നിലവിളിച്ചുകൊണ്ട് ചെവിപൊത്തി കണ്ണുകൾ ഇറുക്കിയടച്ചു... നിമിഷങ്ങൾ കഴിഞ്ഞു മിന്നലിനു പുറകെ ചെവിപൊട്ടുമാറ് ഉച്ചത്തിൽ ഇടി മുഴങ്ങി..പേടിച്ചു കുനിഞ്ഞു പോയ അനു തലയുർത്തി നോക്കി... പോർച്ചിലെ ലൈറ്റ് പോയെങ്കിലും സിറ്റ്ഔട്ടിൽ നിന്നുള്ള വെളിച്ചം മുറ്റത്തും പോർച്ചിലും കിട്ടുന്നുണ്ടായിരുന്നു... മുന്നിൽ മഴയിൽ ചിരിച്ചു കൊണ്ട് നിൽക്കുന്ന എന്നെ അവൾ കണ്ടു... അവൾ കരഞ്ഞുകൊണ്ട് ഓടി വന്ന് എന്റെ മാറിൽ തല്ലിയലച്ചു വീണു... എന്റെ മാറിൽ അവളുടെ ഹൃദയതാളം പഞ്ചാരികൊട്ടുന്നത് ഞാനറിഞ്ഞു... പെട്ടന്ന് എന്തോ ഓർത്തപോലെ അവൾ മുഖമുയർത്തി..

"...എന്തിനാ ന്നെ ഇങ്ങനെ പേടിപ്പിക്കണേ... വാ ദേവേട്ടാ... മിന്നലേക്കും... നിക്ക് പേടിയാ..." ഉള്ളിലെ ഹൃദയം നുറുങ്ങുന്ന വേദന മറച്ചു വെച്ചുകൊണ്ട് ഞാൻ ചിരിച്ചു.. അവളുടെ മിഴികൾ തുടച്ചു... മുഖത്തേയ്ക്ക് വീണ മുടിയിഴകൾ വകഞ്ഞു മാറ്റി.. ആ പനിമതിമുഖം കൈക്കുമ്പിളിൽ കോരി..

"...അനൂ... നീയെന്തിനാ എന്നെ വിട്ടു പോകാൻ നോക്കിയേ...??"

"...നിക്ക് മിന്നല് പേടിയാ.. ദേവേട്ടൻ പുറകെ വരൂന്നു കരുതിയല്ലേ ഞാൻ വേഗം പോയേ... ഇപ്പോ വാ... വാ ദേവേട്ടാ..." അവൾ പേടിയോടെ ചുറ്റും നോക്കി എന്റെ കൈയ്യിൽ പിടിച്ചു വലിച്ചു... ഞാൻ അവളെ വീണ്ടും വലിച്ച് എന്റെ ദേഹത്തേയ്ക്ക് ചേർത്ത് ഇറുകെപ്പുണർന്നു..

"...ഇപ്പോഴല്ല കഴിഞ്ഞ ദിവസം... നീയെന്നെയും ശ്രീമംഗലവും വിട്ട് എന്തിനാ പോകാൻ നോക്കിയേ...??" അനുവിന്റെ മുഖത്ത് ഭീതി പടർന്നു.. ഉത്തരമില്ലാതെ കുറച്ചു നേരം അവളെന്റെ കണ്ണിൽത്തന്നെ നോക്കി നിന്നു... ഒരു നിമിഷം..

അടുത്ത മിന്നലുണ്ടായി.. അവളെന്നെ വരിഞ്ഞു മുറുക്കി... മിന്നലിന്റെ പുറകെ ഇടി ഡെസിബെല്ലിൽ അളക്കാൻ കഴിയാത്തത്ര ശബ്ദത്തിൽ ദിക്കുകളെ വിറപ്പിച്ചു.. അനുവിനെ വിറയ്ക്കുന്നുണ്ടായിരുന്നു.. അവളുടെ നെഞ്ചു ശക്തമായി ഉയർന്നു താഴുന്നത് ഞാനറിഞ്ഞു..

"...ഞാൻ എല്ലാം പറയാം ദേവേട്ടാ.. ഇപ്പോ വാ.. നമുക്ക് അകത്തേയ്ക്ക് പോകാം.." അവൾ കരച്ചിലിനിടയിൽ എങ്ങനെയോ പറഞ്ഞൊപ്പിച്ചു... പക്ഷേ ഈ നിമിഷങ്ങളെ നേരിടാൻ ഞാൻ മനസ്സുകൊണ്ട് തയാറെടുത്ത് കഴിഞ്ഞിരുന്നു... അവളുടെ കണ്ണീരിൽ ആർദ്രമാകുന്ന മനസ്സിനെ നിയന്ത്രിച്ച് ഞാൻ ചിരിച്ചു... എന്റെ ചിരി കണ്ട് ആദ്യമായി അനു പേടിക്കുന്നത് ഞാൻ കണ്ടു..

"...നീയൊന്നും പറയണ്ട അനൂ... ശ്രീനിധി എല്ലാം എന്നോട് പറഞ്ഞു... നിനക്ക് എന്നെ വിട്ടു പോണം അല്ലേ...??" എന്നെ പുണരുന്ന അവളുടെ കൈകൾ ഞാൻ ബലമായി വിടുവിച്ചു.. അവൾ എന്റെ കൈകൾ കൂട്ടിപ്പിടിച്ച് മുഖം പൊത്തിക്കരഞ്ഞു... "..നിനക്കെന്നെ വിട്ടു പോണം അല്ലേ... പൊക്കോ... നീ പൊക്കോ..." എന്റെ കാലുകൾ പുറകോട്ടു ചലിച്ചു തുടങ്ങി... എന്ത് ചെയ്യണം,

പറയണം എന്നറിയാതെ പൊട്ടിക്കരഞ്ഞുകൊണ്ട് നിന്നിരുന്ന അനു എന്റെ കൈകൾ അവളെ വിട്ടതറിയാതെ സ്വന്തം കൈകളിൽ മുഖം പൊത്തി കരഞ്ഞുകൊണ്ടിരുന്നു..

ഉള്ളിൽ തിങ്ങി നുരയുന്ന വേദനയിൽ മുഖത്തെ നിർവ്വികാരത നിലനിർത്താൻ പാടുപെട്ടുകൊണ്ട് ഞാൻ പുറകിലേയ്ക്ക് അടിവെച്ചു... ഏതോ ഒരു നിമിഷം ഞാൻ അടുത്തില്ല എന്ന് മനസ്സിലാക്കിയ അനു ഞെട്ടിപ്പിടഞ്ഞ് മുഖമുയർത്തി... കണ്ണുനീർമൂടി അവളുടെ കാഴ്ച്ച മങ്ങിയിരിക്കണം... അവൾ ധൃതിയിൽ കണ്ണുകൾ അമർത്തിത്തുടച്ച് എന്റെ നേരെ നോക്കി... ഞാൻ പുറകോട്ട്.. ആർത്ത് പെയ്യുന്ന പേമാരിയിലേയ്ക്ക്.. ഇരുട്ടിലേയ്ക്ക് ചുവടുവയ്ക്കുന്നത് അവൾ കണ്ടു... അടുത്ത നിമിഷം അവളുടെ കാലുകൾ ആസുരവേഗം പൂണ്ടു... എന്റെ നെഞ്ചിൽ അവൾ വീണ്ടും വന്നു വീണു..

"...എന്തിനാ എന്നോടിങ്ങനെ... ഞാൻ എല്ലാം പറയാന്നു പറഞ്ഞൂല്ലോ..." തൊണ്ടയിലെ ഉമിനീർ വറ്റി അവൾ ഒന്ന് നിർത്തി.. "..വാ.. എന്റെ പൊന്നല്ലേ.. ഞാൻ എല്ലാം പറയാം ദേവേട്ടാ..." പിന്നെ ഉറക്കെ കരഞ്ഞു...

"...വേണ്ടനൂ... എനിക്കെല്ലാം മനസ്സിലായി... എന്നെ വിട്ട് ഒരു ജീവിതമില്ല എന്ന് പറയാറുള്ള നീ കഴിഞ്ഞ ദിവസം എന്നെന്നേയ്ക്കുമായി ശ്രീമംഗലം വിട്ടിറങ്ങിയത് നിന്റെ മരണത്തിലേയ്ക്കാണെന്ന് മനസ്സിലാക്കാൻ എനിക്കൊരുപാട് ബുദ്ധിയൊന്നും വേണ്ട..."

"..അത്.. അത് ഞാൻ..." അവളുടെ കണ്ണുകൾ പിടഞ്ഞു... "..ദേവേട്ടന്റെ കൂടെ ഞാൻ ജീവിച്ചാ ദേവേട്ടൻ മരിച്ചു പോവൂന്നു പറഞ്ഞപ്പോ..." അവൾ വീണ്ടും കരഞ്ഞു... അവളെ വിറയ്ക്കുന്നുണ്ടായിരുന്നു... അവൾ ഒന്ന് ഉമിനീരിറക്കി... "..അമ്മയങ്ങനെ പറഞ്ഞപ്പോ.. നിക്ക് വേറെ വഴിയില്ലാരുന്നു ദേവേട്ടാ... ഞാൻ മരിച്ചാലും ന്റെ ദേവേട്ടനെങ്കിലും സമാധായിട്ടു ജീവിക്കൂല്ലോന്നു ഓർത്തപ്പോ ഞാൻ...!!" അവളുടെ വാക്കുകൾ കേട്ട് എന്റെ മിഴികൾ നിറഞ്ഞൊഴുകിയ കണ്ണുനീർ മഴവെള്ളം സമർഥമായി മറച്ചു..

"...അങ്ങനെ നീ മരിച്ചാൽ ഞാൻ സന്തോഷായിട്ട് ജീവിക്കൂന്നു നീ കരുതിയല്ലേ...??" ദേഷ്യവും സങ്കടവും എല്ലാം കൊണ്ട് എന്റെ സമനില തെറ്റിയിരുന്നു.. ഞാനവളുടെ ഭുജങ്ങളിൽ പിടിച്ച് ഉലച്ചുകൊണ്ട് അക്ഷരാർത്ഥത്തിൽ

അലറുകയായിരുന്നു... "..അങ്ങനെ നീ കരുതിയെങ്കിൽ അതെന്റെ പരാജയമാണ്... മരണത്തിൽപോലും നിന്നെ തനിച്ചാക്കാൻ എനിക്കാവില്ലയെന്ന് നിന്നെ ബോധ്യപ്പെടുത്താൻ എനിക്ക് കഴിഞ്ഞിട്ടില്ല എന്നല്ലേ..??" മറുപടി പറയാൻ അവൾക്ക് വാക്കുകൾ നഷടപ്പെട്ടിരുന്നു... ഞാനവളെ ബലമായി എന്റെ ദേഹത്ത് നിന്നടർത്തി..

"...നിനക്ക് പോണം അല്ലേ... നിന്നെ പ്രാണനായി കരുതി സ്നേഹിച്ച എന്നെ വിട്ട് നിനക്ക് പോണമല്ലേ...?? നീ പൊക്കോ അനൂ.. പക്ഷേ നിനക്ക് മുൻപേ ഈ ലോകത്ത് നിന്ന് ഞാൻ പോയിരിക്കും... നീയില്ലാത്ത ലോകത്ത് എനിക്ക് മാത്രമായി ജീവിക്കണ്ട... എന്നെ തനിച്ചാക്കിപ്പോവാൻ നീ തീരുമാനിച്ചപ്പോത്തന്നെ ഞാൻ മരിച്ചു.. നീ കൊന്നു എന്നെ.." ഞാനവൾക്ക് നേരെ വിരൽചൂണ്ടി അലറി... വേഗത്തിൽ പുറകോട്ട് അടിവച്ച് നടന്നു...

"...അയ്യോ പോവല്ലേ ദേവേട്ടാ... പോവല്ലേ.." അവൾ നിലവിളിച്ചു കൊണ്ട് ഓടി വന്ന് എന്നെ കെട്ടിപ്പിടിച്ചു... എന്റെ കണ്ണുകളിൽ നിന്ന് ചോരയാണ് ഒഴുകുന്നത് എന്ന് തോന്നി..

"...എല്ലാം എന്റെ തെറ്റാ.. ഞാൻ തനിച്ചായപോലെ തോന്നി... എന്റെ ദേവേട്ടന്റെ ഭാര്യായിരുന്നോണ്ട് തന്നെ മരിക്കണോന്നു തോന്നി.. അയ്യോ... എല്ലാം എന്റെ തെറ്റാ.. ആആആആആ..." അവൾ വാവിട്ടു കരഞ്ഞു.. എന്റെ കൈകളെടുത്ത് സ്വയം മുഖത്ത് തല്ലിക്കൊണ്ട് ഭ്രാന്തിയെപ്പോലെ അലറിക്കരഞ്ഞുകൊണ്ടിരുന്നു... ഞാൻ ബലം പിടിച്ചു നിന്നു.. അനുവിന്റെ കണ്ണുനീർ കണ്ട് പ്രകൃതി പോലും വാവിട്ടു നിലവിളിച്ചു...

അവൾ പിന്നെയും എന്തൊക്കെയോ പറഞ്ഞു കരഞ്ഞു അവസാനം വാക്കുകൾ മുറിഞ്ഞ് അവൾ ബലം നഷ്ടപ്പെട്ട് എന്റെ നെഞ്ചിലൂടെ ഊർന്നു വീണു.. ഞാനവളെ താങ്ങി... ദയനീയമായി തളർച്ചയോടെ എന്നെ നോക്കി എന്റെ കവിളുകളിൽ വിറയ്ക്കുന്ന കൈത്തലം അമർത്തി അവൾ തേങ്ങി... അരുതെന്ന കണ്ണുകളുടെ യാചന എനിക്ക് അവഗണിക്കേണ്ടി വന്നു... എനിക്കെല്ലാം അവളോട് പറയണമായിരുന്നു... മഴയുടെ ശക്തി കുറഞ്ഞിരുന്നു... പ്രകൃതിപോലും വല്ലാതെ നിശബ്ദമായി അവൾക്കൊപ്പം എന്റെ വാക്കുകൾക്ക് കാതോർത്തു..

"...ഈ ലോകത്ത് ഈ ദേവന് ഒരു സ്വത്തുണ്ടെങ്കിൽ അത് നീ മാതമാണനൂ... ആ നീയെന്നെ വിട്ടു പിരിയുന്ന നിമിഷം ഞാൻ അതിജീവിക്കുമെന്നു നിനക്ക് തോന്നുന്നുണ്ടോ..?? മറ്റുള്ളവരുടെ വാക്ക് കേട്ട് എന്നെ വിട്ടു പോകാൻ തീരുമാനിച്ചപ്പോൾ നീയത് ഓർത്തില്ലല്ലോ മോളേ..." മറുപടി മൌനമായിരുന്നു... അതെന്നെ ഒരുപാട് വേദനിപിച്ചു... എന്റെ ഹൃദയം കഷ്ണങ്ങളായി നുറുങ്ങുകയായിരുന്നു... നിറഞ്ഞൊഴുകിയ എന്റെ കണ്ണുകൾ ഞാൻ തുടച്ചു.. കണ്ണുകളും മുഖവുമെല്ലാം വിങ്ങുന്നപോലെ എനിക്ക് തോന്നി.. മഴനേർത്ത് ചാറ്റൽ മാത്രമായി...

"...എന്തായാലും നീ മരിക്കാൻ തീരുമാനിച്ചതല്ലേ... നമുക്ക് ഒരുമിച്ചു മരിക്കാം... എന്റെയും നിന്റെയും ശരീരത്തിൽ ആഭരണങ്ങളുണ്ട്... നീ പറഞ്ഞപോലെ അതുകൊണ്ട് വേഗം മിന്നലേൽക്കും... പ്രകൃതിയൊരുക്കുന്ന ഈ ചിതയിൽ നമുക്ക് ഒരുമിച്ച് വെന്ത് വെണ്ണീറാവാം... അതോടെ എല്ലാവരുടേം പ്രശ്നങ്ങൾ തീരുമല്ലോ... ജീവിച്ചിരുക്കുന്ന നമ്മളെയല്ലേ എല്ലാരും പിരിക്കാൻ നോക്കുന്നെ... നമുക്ക് മരണത്തിലെങ്കിലും ഒരുമിക്കാം.." അവൾ എന്റെ കണ്ണുകളിലേയ്ക്ക് നിർന്നിമേഷയായി നോക്കി.. വേദനയോടെ.. എപ്പോഴും കുസൃതി ഒളിപ്പിക്കാറുള്ള അവളുടെ കരിങ്കൂവളമിഴികൾ നിർജ്ജീവമായിരുന്നു... പിന്നെ മുഖം കുനിച്ച് അവൾ താലി കൈയ്യിലെടുത്ത് അതിലേയ്ക്ക് അൽപ്പസമയം നോക്കി നിന്നു... അവളുടെ മനസ്സ് താളം തെറ്റുന്നത് പോലെ തോന്നി... എന്റെ ഉള്ളു പിടഞ്ഞു... അവൾ താലിയെടുത്ത് ഒന്നു മുത്തി.. കണ്ണുകളിൽ നിന്നും ഒരു തുള്ളി അടർന്നു താലിയിൽ വീണു... പിന്നെ അവളാ നീളൻ താലിമാല എന്റെയും കഴുത്തിലൂടെ ഇട്ടു... ആ മാല ഞങ്ങളുടെ രണ്ടുപേരുടെയും കഴുത്തുകളിലായി തിളങ്ങിക്കിടന്നു... അവൾ എന്റെ വാക്കുകൾ സമ്മതിക്കുന്നപോലെ എന്നെ കെട്ടിപ്പിടിച്ച് തോളിലെ അവൾ ഉണങ്ങാൻ സമ്മതിക്കാത്ത മുറിവിൽ ചുണ്ട് ചേർത്ത് നിന്നു..

ഞാനൊന്ന് ദീർഘമായി നിശ്വസിച്ചു.. പിന്നെ അവളുടെ മുടിയിഴകളിൽ തഴുകി പതുക്കെ പറഞ്ഞു.. "...അതെയനൂ നമുക്ക് മരിക്കാം... എന്നിട്ട് വരും ജന്മങ്ങളിൽ ആരും തേടി വരാനില്ലാത്ത വനാന്തരങ്ങളിൽ വേഴാമ്പലുകളായി പിറവിയെടുക്കാം.. ജീവിതകാലം മുഴുവൻ ഒരിണ മാത്രമുള്ള വേഴാമ്പലുകൾ... വാശിയോടെ ഇണചേരുന്ന മലമുഴക്കികൾ.. എന്നിട്ട് ആരും എത്തിപ്പിടിക്കാത്ത ഉയരമുള്ള മരങ്ങളിൽ കൂട് വയ്ക്കാം... അവിടെ നീയെന്റെ കുഞ്ഞുങ്ങൾക്ക് ജന്മം നൽകും... നിങ്ങൾക്കായി ഞാൻ ഇരതേടിപ്പോകുമ്പോൾ എന്റെ വഴിക്കണ്ണും നോക്കി നമ്മുടെ കുഞ്ഞുങ്ങളെ മാറോടടക്കി നീ കാത്തിരിക്കണം... പോകുന്ന വഴിയിൽ ഞാൻ മരിച്ചുപോയാലും നീയും കുഞ്ഞുങ്ങളും എനിക്കൊപ്പം മരിക്കും.. അവിടെയും നിങ്ങളെ ഞാൻ തനിച്ചാക്കില്ല..."

പെട്ടന്ന് അനു ഉറക്കത്തിൽ നിന്നെന്നപോലെ ഞെട്ടി.. എന്റെ നെഞ്ചിൽ നിന്ന് മുഖമുയർത്താതെ പതുക്കെ പറഞ്ഞു... നേർത്ത സ്വരത്തിൽ എന്നാൽ ദൃഡമായി ഓരോ വാക്കും എണ്ണിക്കൊണ്ട് പറയുന്നപോലെ..

"...നമുക്ക് മരിക്കണ്ട ദേവേട്ടാ... എനിക്കീ ജന്മത്തിൽത്തന്നെ എന്റെ ദേവേട്ടന്റെ കൂടെ ജീവിക്കണം... ദേവേട്ടന്റെ കുഞ്ഞുങ്ങളെ പ്രസവിക്കണം.. പാലൂട്ടി വളർത്തണം... ദേവേട്ടന്റെ സ്നേഹം അനുഭവിച്ച് ദീർഘായുസ്സോടെ ജീവിക്കണം... അവസാനം മരിക്കുമ്പോൾ ഒരേ മണ്ണിൽ ഒരുമിച്ച് അന്ത്യവിശ്രമം കൊള്ളണം..." വളരെപ്പതുക്കെ അവൾ പറഞ്ഞു തീർന്നതും ഞാൻ പൊട്ടിക്കരഞ്ഞു പോയി... എന്റെ കണ്ണീർ അവളുടെ മൂർദ്ധാവിലേയ്ക്ക് ഒഴുകി വീണു.. അവൾ പതുക്കെ മുഖമുയർത്തി എന്റെ കണ്ണുകളിലേയ്ക്ക് നോക്കി... തളർച്ചയിലും അവളുടെ കണ്ണുകളിൽ പഴയ തിളക്കം നിറഞ്ഞു നിന്നു... അവൾ കൈയുയർത്തി എന്റെ കണ്ണുകൾ തുടച്ചു.. എന്നോടുള്ള സ്നേഹസാഗരം അലയടിക്കുന്ന അവളുടെ കണ്ണുകളിൽ ഞാനും മുത്തി... മഴ തോർന്നിരുന്നു...

"...വാ ദേവേട്ടാ... നിക്ക് തണുക്കണൂ..."

"...ഇനി നീയന്നെ വിട്ടു പോവൂല്ലല്ലോ..." ഞാൻ ഒരിക്കൽക്കൂടി ചോദിച്ചു... മറുപടിയായി അവളെന്റെ തോളിൽ കടിച്ചു... ഞാൻ അവളുടെ മാത്രമാണെന്നതിന് അവൾ ചാർത്തിയ അടയാളത്തിൽ... എന്റെ പ്രാണനെ ചേർത്ത് പിടിച്ചുകൊണ്ട് മരണത്തിലും ജീവിതത്തിനും ഇടയ്ക്കുള്ള നൂൽപ്പാലം വിജയകരമായി കടന്ന സന്തോഷത്തിൽ ഞാൻ സംതൃപ്തിയോടെ പുഞ്ചിരിച്ചു... എന്റെ തോളിൽ ചാഞ്ഞു നിൽക്കുന്ന അവളെ ചേർത്ത് പിടിച്ചുകൊണ്ട് ഞാൻ മുന്നോട്ടു നടന്നു.. ജീവിതത്തിൽ ആദ്യമായി ഒരു മഴ മുഴുവൻ നനഞ്ഞതോർത്തപ്പോൾ എനിക്ക് തന്നെ അത്ഭുതം തോന്നി.. അത് ഞങ്ങളുടെ സ്നേഹമഴയായിരുന്നു എന്ന് ആശ്വസിച്ചുകൊണ്ട് മുന്നോട്ട് പാദങ്ങൾ ചലിപ്പിച്ചു... അപ്പോഴും അനുവിന്റെ താലിമാല ഞങ്ങൾ ഇരുവരുടെയും കഴുത്തിലായി കിടന്നു മിന്നുന്നുണ്ടായിരുന്നു...

അടുത്ത നിമിഷം മഴമാറിയ ആകാശത്ത് ഇനിയും ദേഷ്യം തീരാത്ത രണ്ടു മേഘങ്ങൾ ഊക്കോടെ കൂട്ടി മുട്ടി... ആ ഭൂപ്രദേശം മുഴുവൻ കോടിസൂര്യപ്രഭയിൽ കുളിപ്പിച്ചുകൊണ്ട് ആകാശത്ത് നിന്ന് ഒരു മിന്നൽ ഭൂമിയിൽ നിപതിച്ചു...

“...ദേവേട്ടാ...” ദിഗന്തങ്ങളെ പ്രകമ്പനം കൊള്ളിച്ച മേഘഗർജ്ജനത്തിൽ അനുവിന്റെ നെഞ്ചുപൊട്ടിയുള്ള ആർത്തനാദം മുങ്ങിപ്പോയിരുന്നു..

ഒരു കുറിപ്പ് :

""കാലമിനിയും ഉരുളും

വിഷുവരും,വർഷം വരും,തിരുവോണം വരും

പിന്നെയോരോ തളിരിലും --പൂ വരും, കായ് വരും.

അപ്പോഴാരെന്നും എന്തെന്നും ആർക്കറിയാം...""

സഫലമീ യാത്രയിലെ വരികൾ പോലെ... ദിവസങ്ങൾ കൊഴിഞ്ഞു പോയി..... വാക്കുകൾ ഒന്നും പാലിക്കാനും ആയില്ല....എങ്കിലും ആദ്യമായി എഴുതി തുടങ്ങിയൊരു കഥയുടെ അവസാന ഭാഗം നിങ്ങൾക്കായി സമർപ്പിക്കുകയാണ്....ഓർത്തിരിക്കാൻ തക്ക വണ്ണം ഉള്ളൊരു സൃഷ്ടി അല്ല എന്നറിയാം... എങ്കിലും കാത്തിരുന്നവർക് വേണ്ടി..... ദേവരാഗം ഞാൻ സമർപ്പിക്കുന്നു... ഒരുപാടു ക്ഷാമാപണത്തോടെ..... ❤️

നിങ്ങളുടെ സ്വന്തം

❤️ദേവൻ ❤️

“...ഇനി നീയന്നെ വിട്ടു പോവൂല്ലല്ലോ...” ഞാൻ ഒരിക്കൽക്കൂടി ചോദിച്ചു...

മറുപടിയായി അവളെന്റെ തോളിൽ കടിച്ചു... ഞാൻ അവളുടെ മാത്രമാണെന്നതിന് അവൾ ചാർത്തിയ അടയാളത്തിൽ...

എന്റെ പ്രാണനെ ചേർത്ത് പിടിച്ചുകൊണ്ട് മരണത്തിലും ജീവിതത്തിനും ഇടയ്ക്കുള്ള നൂൽപ്പാലം വിജയകരമായി കടന്ന സന്തോഷത്തിൽ ഞാൻ സംതൃപ്തിയോടെ പുഞ്ചിരിച്ചു...

എന്റെ തോളിൽ ചാഞ്ഞു നിൽക്കുന്ന അവളെ ചേർത്ത് പിടിച്ചുകൊണ്ട് ഞാൻ മുന്നോട്ടു നടന്നു.. ജീവിതത്തിൽ ആദ്യമായി ഒരു മഴ മുഴുവൻ നനഞ്ഞതോർത്തപ്പോൾ എനിക്ക് തന്നെ അത്ഭുതം തോന്നി.. അത് ഞങ്ങളുടെ സ്നേഹമഴയായിരുന്നു എന്ന് ആശ്വസിച്ചുകൊണ്ട് മുന്നോട്ട് പാദങ്ങൾ ചലിപ്പിച്ചു... അപ്പോഴും അനുവിന്റെ താലിമാല ഞങ്ങൾ ഇരുവരുടെയും കഴുത്തിലായി കിടന്നു മിന്നുന്നുണ്ടായിരുന്നു...

അടുത്ത നിമിഷം മഴമാറിയ ആകാശത്ത് ഇനിയും ദേഷ്യം തീരാത്ത രണ്ടു മേഘങ്ങൾ ഊക്കോടെ കൂട്ടി മുട്ടി... ആ ഭൂപ്രദേശം മുഴുവൻ കോടിസൂര്യപ്രഭയിൽ കുളിപ്പിച്ചുകൊണ്ട് ആകാശത്ത് നിന്ന് ഒരു മിന്നൽ ഭൂമിയിൽ നിപതിച്ചു...

"...ദേവേട്ടാ..." ദിഗന്തങ്ങളെ പ്രകമ്പനം കൊള്ളിച്ച മേഘഗർജ്ജനത്തിൽ അനുവിന്റെ നെഞ്ചുപൊട്ടിയുള്ള ആർത്തനാദം മുങ്ങിപ്പോയിരുന്നു..

തുടരുന്നു.....

എന്നെ കെട്ടി പിടിച്ചു നിന്ന എന്റെ പ്രാണന്റെ കയ്യിൽ നിന്നും ഞാൻ നിലത്തേക് ഊർന്നു പോകുന്നത് പോലെ എനിക്ക് തോന്നി.....

""ദേവേട്ടാ...."

ഇടി ശബ്ദം കേട്ടായിരുന്നില്ല ആ നിലവിളി എന്ന് എനിക്ക് മനസ്സിലാവാൻ വലിയ താമസം ഉണ്ടായിരുന്നില്ല....ഇടനെഞ്ചിൽ പ്രാണൻ പോകുന്ന വേദന.... ഇടം കൈ നെഞ്ചിലേക്കു നീങ്ങിയ ഇടം കൈ നനച്ചു കൊണ്ട് ചുവന്ന നിറം....

ഉള്ളിലേക്കു എന്തോ തുളഞ്ഞു കയറിയ പോലെ തോന്നി....

തോന്നലായിരുന്നില്ല സത്യം ആയിരുന്നു എന്നു മനസ്സിലാക്കാൻ നിമിഷങ്ങളെ വേണ്ടിയിരുന്നുള്ളു...

തുളഞ്ഞു കയറിയ ലോഹം പുറത്തേക്കു രക്തം തെറിപ്പിച്ചിരുന്നു....

അനു വിറയലോടെ എന്റെ നെഞ്ചിൽ അള്ളി പിടിച്ചു... നെഞ്ചിലേക് വെച്ച അവളുടെ കൈ വിരലുകളിൽ ആകെ രക്തം പടരുന്നത് ഞാൻ കണ്ടു....

വെളുത്തു കൊലുന്നനെ ഉള്ള വിരലുകൾ വിറയ്ക്കുന്നു ....

വേദന കൊണ്ട് പുളഞ്ഞെങ്കിലും അനുവിന്റെ നോട്ടം പോയ ഭാഗത്തേക്ക് എന്റെ കണ്ണുകൾ പാഞ്ഞു.....

ഞാൻ മരിച്ചാലും എന്റെ പെണ്ണിന് ഒന്നും പറ്റരുത്..... .... അല്പം മുൻപ് ഞങ്ങൾ ചേർന്നെടുത്ത തീരുമാനങ്ങൾ ഒക്കെ ഒരു നിമിഷം കൊണ്ട് വ്യധവിൽ ആകാൻ പോവുകയാണോ എന്നുള്ള ചിന്ത മനസ്സിലേക്ക്... ശീഗ്രം വന്നു...

ആ ഒരു നിമിഷത്തിന്റെ കരുത്തിൽ എന്റെ അനുവിനെ ഞാൻ ചേർത്തു പിടിച്ചു....

ഞാൻ വീഴാതെ നിക്കുന്നത് കണ്ടാണോ എന്നറിയില്ല എന്റെ നേരെ തോക്ക് നീട്ടി പിടിച്ചു നിന്നയാൾ ഒന്ന് പതറി എന്ന് തോന്നി...

ഞാൻ അവനു നേരെ നോക്കി അലറി....

"എടാ...."

എന്റെ ശബ്ദം മുഴങ്ങിയതും അവൻ അനുവിനെ ലക്ഷ്യം വെച്ച് തോക്ക് ചൂണ്ടി...

പെട്ടെന്ന് ഞാൻ അനുവിനെയും കൊണ്ട് നിലത്തേക് മറിഞ്ഞു... അപ്പോളും ഞങ്ങളുടെ കഴുത്തിലൂടെ ഇട്ട മാല വേർപെട്ടിരുന്നില്ല...

അനുവിനെയും നെഞ്ചിൽ ചേർത്തു പിടിച്ചു കൊണ്ട് ഞാൻ നിലത്തു ഒന്ന് കറങ്ങി...

ആ കൂട്ടത്തിൽ തന്നേ കാലെത്തിച്ചു മുൻപിൽ നിന്നയാളുടെ കാലിനു ഒരു ചവുട്ടു കൊടുത്തു...

പ്രതീക്ഷിക്കാത്ത എന്റെ നീക്കത്തിൽ അയാൾ ബാലൻസ് തെറ്റി താഴേക്കു വീണു....

ആ ഒരു നിമിഷം മതിയാരുന്നു എനിക്ക്... കഴുത്തിലെ മാല ഊരി അനുവിന്റെ കഴുത്തിൽ ഇട്ടു...

""അനു നീ ഓടി വീടിനുള്ളിലേക് പോ...""

""ഇല്ല ദേവേട്ട... ദേവട്ടനെ വിട്ടു എങ്ങോട്ടും പോവില്ല ഞാൻ..."" അവൾ ഭീതിയോടെ എന്റെ നെഞ്ചിലേക് അള്ളി പിടിച്ചു...

നിലത്തു വീണു കിടക്കുന്നവൻ പിടഞ്ഞെണീക്കാൻ ശ്രമിക്കുന്നത് ഞാൻ കണ്ടു...

കണ്ണുകളുടെ മുകളിലേക്കു എന്തോ ഭാരം എടുത്തു വെച്ചത് പോലെ അടഞ്ഞു പോകുന്നു...

നിലത്തേക് കൈ കുത്തി എണീക്കാൻ ശ്രമിച്ചപ്പോൾ ഇട നെഞ്ചിൽ കൊള്ളിയാൻ മിന്നുന്ന പോലെ വേദന...

പക്ഷെ വീണു പോയാൽ എന്റെയും അനുവിന്റെയും മരണം ആണെന്ന് ഉള്ളിൽ നിന്നു ആരോ പറയുന്ന പോലെ തോന്നി...

ഇല്ല പാടില്ല... ജീവിക്കണം എനിക്കും എന്റെ അമ്മിണിക്കും ജീവിക്കണം..

ഒരിക്കലും സ്നേഹിച്ചു മതി വരാതെ...

ആരും ഇതുവരെ സ്നേഹിക്കാത്ത പോലെ എനിക്കെന്റെ വാവയെ സ്നേഹിക്കണം....

എന്റെ ഹൃദയം അവൾക്കു വേണ്ടി മാത്രം മിടിക്കണം...

ഓരോ പുലരിയിലും അവൾക്കു വേണ്ടി ഉണരണം ഓരോ നിലാവിലും അവളുടെ മുഖം കൈകുമ്പിളിൽ കോരിയെടുത്തു ഉമ്മകൾ കൊണ്ട് മൂടണം..

മുന്നിൽ എണീക്കാൻ ശ്രമിക്കുന്നവൻ മുഖം ഒരു കറുത്ത തുണി കൊണ്ട് മൂടിയിട്ടുണ്ട്.....

വീഴ്ചയിൽ തെറിച്ചു പോയ അവന്റെ തോക്കാണ് അവന്റെ കണ്ണുകൾ തേടുന്നതെന്നു ഒരു നിമിഷം കൊണ്ട് മനസ്സിലായി....

എന്റെ ഒരു കൈ അകലത്തിൽ വീണു കിടക്കുന്ന അവന്റെ തോക്ക്...ഒന്ന് മലക്കം മറിഞ്ഞതും അതെന്റെ കയ്യിലായി..

തോക്കെടുത്തു കിടന്ന കിടപ്പിൽ ഞാൻ തിരിഞ്ഞു നോക്കിയതും അവന്റെ കണ്ണിലെ ഭീതി ഞാൻ കണ്ടു....മറ്റൊന്നു കൂടെ ഞാൻ മനസ്സിലാക്കി അതെനിക് അറിയുന്ന കണ്ണുകൾ ആണെന്നു...

അടഞ്ഞു പോകുന്ന എന്റെ കണ്ണുകളെ വലിച്ചു തുറന്നു വിശ്വാസം വരാത്ത പോലെ ഞാൻ വീണ്ടും ആ മുഖത്തേക് നോക്കി... കറുത്ത മുഖം മൂടി മുഖത്തെ മറച്ചെങ്കിലും എന്റെ നോട്ടത്തെ താങ്ങാനുള്ള ത്രാണി അവന്റെ മനസ്സിനില്ല എന്ന് മനസ്സിലായത്... അവൻ എണീറ്റു ഓടിയപ്പോൾ ആണ്.....

മഴപെയ്തു തളം കെട്ടി കിടക്കുന്ന മണ്ണിലൂടെ അവൻ ഓടി പോകുന്നതും നോക്കി ഞാൻ തറയിലേക് അമർന്നു... അടഞ്ഞു പോകുന്ന കണ്ണുകൾക്കിടയിലൂടെ ഞാനെന്റെ പ്രാണനെ കണ്ടു.....

"വാവേ..."" എന്റെ വാക്കുകൾ പകുതിയിൽ മുറിയുന്നത് ഞാനറിഞ്ഞു....ഒരു ആർത്ത നാതത്തോടെ അനു എന്റെ ശിരസ്സെടുത്തു അവളുടെ മടിയിലേക്ക് എടുത്തു വെച്ചു..

""ദേവേട്ട...."അവൾ എന്നെ കുലുക്കി വിളിച്ചു... നീർതുള്ളികൾ അവളുടെ കവിളിലൂടെ ഒഴുകി എന്റെ മുഖത്തേക്ക് ഇറ്റ് വീണു....അവളുടെ മുടിയഴിഞ്ഞു എന്റെ നെഞ്ചിലേക്ക് വീണിഴയുന്നത് ഞാനറിയുന്നുണ്ടായിരുന്നു...

""വാവേ..... എനിക്ക്... എനിക്ക്....ഒരുമ്മ തരുമോ....അവസാനമായിട്ട്...."വാവിട്ടു കരയുന്ന അവളുടെ മുഖത്തേക്ക് നോക്കി അത് ചോദിക്കാനാണ് തോന്നിയതു....എന്റെ വേദനകൾ മറക്കാൻ അവളുടെ അധരത്തേക്കാൾ വലുതായൊരു മരുന്നും ഇല്ല എന്ന് എനിക്ക് തോന്നി....അവളുടെ വിരലുകൾ എന്റെ മുഖത്താകെ പരതി.... അവളുടെ രണ്ടു കൈ കൊണ്ടും ശിരസ്സുയർത്തി... അവളുടെ വിതുമ്ബുന്ന ചുണ്ടുകൾ എന്റെ ചുണ്ടോടു ചേർത്തു...

"ദേവേട്ട... കണ്ണ് തുറക് ദേവേട്ട... ദേവേട്ടന്റെ വാവയാ വിളിക്കുന്നെ ദേവേട്ട.... ദേവേട്ടനില്ലാതെ വാവയും ഇല്ല ഏട്ടാ....എന്നെ ഒറ്റക് ആക്കി പോകല്ലേ ദേവേട്ടാ.... ദേവേട്ടന്റെ കൂടെ ജീവിച്ച് കൊതി തീർന്നില്ല ദേവേട്ടാ.."അവളെന്റെ മുഖമാകെ ഉമ്മകൾ കൊണ്ട് മൂടുന്നതു ഞാൻ അറിഞ്ഞു....

നനഞ്ഞ മണ്ണിലേക് എന്റെ ഹൃദയ രക്തം കിനിഞ്ഞിറങ്ങി കൊണ്ടിരുന്നു...

കണ്ണുകളുടെ മുകളിൽ നനുത്ത പാട കാഴ്ചയെ മറക്കുമ്പോളും... അനുവിന്റെ മുഖം മാത്രമായിരുന്നു കണ്ണിൽ.....പതിയെ പതിയെ അനുവിന്റെ നിലവിളി നേർത്തു നേർത്തു ഇല്ലാതാവുന്നത് പോലെ എനിക് തോന്നി .... മുന്നിൽ വലിയൊരു ശൂന്യത മാത്രം .....

ഞാൻ എവിടെയാണ്.....കണ്ണുകൾ വലിച്ചു തുറക്കാൻ ശ്രമിച്ചു...

കണ്ണിനു മുന്നിൽ പുക മറ പോലെ എന്തോ വന്നു മൂടിയിരിക്കുന്നു…..

ആ മറയ്ക്കപ്പുറത്തു അവ്യക്തമായ രൂപങ്ങൾ...താൻ ഇതെവിടെ ആണു…… തനിക്കെന്താണ് സംഭവിച്ചത്… ഓർത്തെടുക്കാൻ ശ്രമിച്ചു… തല പൊട്ടി പിളരുന്ന വേദന….കൈ അനക്കുമ്പോൾ നെഞ്ചിൽ എന്തോ കൊളുത്തി വലിക്കുന്നത് പോലെ തോന്നി...

""ദേവേട്ടാ…"" പരിചിതമായൊരു ശബ്ദം… അത് മുത്തിന്റെ ശബ്ദം ആണെന്ന് ഞാൻ തിരിച്ചറിഞ്ഞു...

മുത്തിന്റെ ശബ്ദം….പതിയെ കണ്ണുകൾ വലിച്ചു തുറന്നു…

""ദേവേട്ട അനങ്ങല്ലേ… " മുത്തിന്റെ ശബ്ദം ഗുഹയിൽ എന്നോണം ഞാൻ കേട്ടു..

""ദേവേട്ട മുറിവിൽ സ്റ്റിച്ചു ഉണ്ട് കൈ അനക്കല്ലേ.... ""

നെറ്റിയിലൂടെ പതിയെ തഴുകുന്ന വിരലുകൾ മുത്തിന്റെ ആണെന്ന് എനിക് മനസ്സിലായി ....

കിടക്കുന്നതു ഒരു ഹോസ്പിറ്റലിൽ ആണെന്നും …

അരികിൽ ഏതൊക്കെയോ യന്ത്രങ്ങളുടെ നേർത്ത മുരളൽ .... കയ്യിലും നെഞ്ചിലുമൊക്കെ എന്തൊക്കെയോ ട്യൂബുകൾ .....

"മുത്തേ ഞാൻ ...ഞാനെങ്ങനാ.... "സംസാരിക്കുമ്പോൾ നെഞ്ചിൽ എന്തോ കൊളുത്തി വലിക്കുന്നു…ശബ്ദം പുറത്തേക് വരുന്നില്ല...

"എല്ലം പറയാം എട്ടാ... ഇപ്പോ മിണ്ടണ്ട കേട്ടോ....." അവൾ കുനിഞ്ഞു എന്റെ നെറ്റിയിൽ ഒരുമ്മ തന്നു ... അവളുടെ കണ്ണുകൾ നിറഞ്ഞിരിക്കുന്നത് ഞാൻ കണ്ടു …

" പുറത്തു എല്ലാരും കാത്തു നീക്കുക ആണ് .... രണ്ടു ദിവസായിറ്റു... ഞാൻ അമ്മയോട് പോയി പറയട്ടെ ദേവേട്ടൻ ഉണർന്നു എന്നു "' എന്റെ കവിളിൽ തഴുകി കൊണ്ട് അവൾ പറഞ്ഞു ...

"...അപ്പോ രണ്ടു ദിവസം ....രണ്ടു ദിവസായിട്ടു ... താൻ താനിവിടെ..."

" മുത്തേ എന്റെ വാവ... അനു.... "ചിതറിയ അക്ഷരങ്ങൾ പുറത്തേക് ഒരു ചോദ്യമായി വന്നു...എന്റെ ചോദ്യം കേട്ട അവളുടെ കണ്ണുകളിലെ ഭാവം എന്താണെന്ന് എനിക് മനസ്സിലായില്ല.....

"എല്ലാവരെയും ഇവിടേയ്ക്ക് കയറ്റാൻ പറ്റില്ലല്ലോ ... " ഒരു ഒഴുക്കൻ മട്ടിൽ പറഞ്ഞിട്ടു അവൾ ഐസിയു വിന്റെ ഡോർ തുറന്നു പുറത്തേക് പോയി ....

കുറച്ചു കഴിഞ്ഞപ്പോൾ അമ്മയും ചെറിയമ്മയും ഉള്ളിലേക് വന്നു .... രണ്ടുപേരും രണ്ടു ദിവസങ്ങൾ കൊണ്ട് ഒരുപാട് പ്രായം വർധിച്ച പോലെ എനിക്കു തോന്നി ... അമ്മ സാരിയുടെ തലപ്പ് കൊണ്ട് വാ പൊത്തി പിടിച്ച് വിതുമ്പൽ അടക്കി നീക്കുക ആണെന്ന് എനിക് മനസ്സിലായി ... ഞാൻ അവരെ നോക്കി പതിയെ ചിരിച്ചു ... അവരുടെ പിന്നിലായി മുത്തും നടന്നു വന്നു ...

" ഇനി പേടികണ്ട അമ്മ ... ദേവേട്ടന് കുഴപ്പം ഒന്നുമില്ല ..പെട്ടെന്നു തന്നെ റൂമിലെക് മാറ്റാം...." മുത്ത് പറഞ്ഞു ...

"ദേവാ മോനേ നീ ഞങ്ങളെ തീ തീറ്റിച്ചല്ലോടാ.... "മുടിയിൽ പതിയെ തഴുകി കൊണ്ട് ചെറിയമ്മ പറഞ്ഞു.... അമ്മ ഒന്നും പറയാതെ എന്നെ തന്നെ നോക്കി ഒരേ നിൽപ്പ് നീക്കുക ആയിരുന്നു ... എന്റെ മോനൂട്ടൻ മരിച്ചപ്പോൾ ആണ് അമ്മയെ ഞാൻ ഇതുപോലെ തകർന്നു കണ്ടത് .... എന്റെ മനസ്സിലെക് വന്നതും ആ ചിന്തയാണ് ....

""ഞാനും മോനൂട്ടന്റെ അടുത്തേക് പോയെന്ന് വിചാരിച്ചോ അമ്മ ... ""ഞാൻ ചിരിച്ചു കൊണ്ടാണ് ചോദിച്ചതെന്കിലും .... അമ്മയുടെ ഉള്ളിൽ നിന്നും പുറത്തേക് വന്ന വിങ്ങൽ ഞാൻ തിരിച്ചറിഞ്ഞു ...

അമ്മയുടെ കണ്ണുകൾ തോരാതെ പെയ്തു തുടങ്ങിയപ്പോൾ മുത്ത് വന്നു അമ്മയെയും ചെറിയമ്മയെയും കൂട്ടി കൊണ്ട് പുറത്തേക് പോയി ....

സമയം എത്ര ആയി കാണും... രാത്രിയോ പകലോ.... ചുവരിലെ ഘടികാരത്തിന്റെ സൂചികൾ സമയത്തെ സൂചിപ്പിച്ചു എങ്കിലും....രാത്രിയോ പകലോ എന്ന് വ്യക്തമായില്ല....അല്ലെങ്കിലും ജീവിതത്തിൽ ഇരുട്ട് ബാധിക്കുമ്പോൾ ആണല്ലോ ICU വിന്റെ നാലു ചുവരുകൾക്കുള്ളിലേക് കടന്നു വരേണ്ടി വരുന്നത്....ഡോർ തുറന്നപ്പോൾ പുറത്തു നിന്നെത്തിയ വൈദ്യത ലൈറ്റിന്റെ പ്രകാശം... രാത്രി തന്നെയാണെന്ന് ഉറപ്പിച്ചു....ഈ രാത്രിയുടെ ദൈർഘ്യമെത്രയാണ്? അറിയില്ല. പക്ഷേ ഓരോ നിമിഷത്തിനും ഒരു യുഗത്തോളം ദൈർഘ്യം തോന്നി. സമയം നീങ്ങാത്തതുപോലെ. പതിവില്ലാതെ ഇരുട്ട് നീണ്ടു നിൽക്കും പോലെ...

ഒന്ന് ഫോൺ കിട്ടിയിരുന്നെങ്കിൽ അനുവിനെ വിളിക്കാമായിരുന്നു....

എവിടെ..?? എവിടെയാണെന്റെ പെണ്ണ്...?? എന്റെ ജീവൻ... കരഞ്ഞു കരഞ്ഞു തളർന്നു... എവിടെയെങ്കിലും കിടക്കുന്നുണ്ടാകുമോ...

""ഞാൻ ഉണർന്നത്... അവൾക്കു വേണ്ടി ജീവിതത്തിലേക്കു തിരിച്ചു വന്നത്... അറിഞ്ഞിട്ടുണ്ടാകുമോ...??

മനസ്സ് എന്ന തോണി ചിന്തകളുടെ ഓളങ്ങളിൽ ആടിയുലഞ്ഞു കൊണ്ടിരുന്നു.... അവളുടെ ശബ്ദത്തിന് മാത്രമേ എന്റെ മനസ്സിനെ ഉലയ്ക്കാതിരിക്കാൻ ആകുമായിരുന്നുള്ളു...

ആ രാത്രി മുഴുവൻ ആശുപത്രിയിലെ ശീതീകരിച്ച മുറിയുടെ തണുപ്പിൽ ഒന്നും ചെയ്യാനാകാതെ കിടന്നു.....രാത്രിയിൽ നിന്ന് പകലിലേക്കുള്ള ദൂരം....അതിന്റെ ദൈർഗ്യം കൂടി കൂടി വന്നു... ആർത്തലച്ചു കരയുന്ന ഒരു മുഖം ആണ് മനസ്സിൽ....ഇപ്പോളും .... ഐസിയു വിന്റെ ഡോർ ഓരോ തവണ തുറന്ന് അടയുമ്പോളും ഞാൻ പ്രതീഷിച്ചു അതെന്റെ വാവ ആയിരിയ്ക്കും എന്നു ....പക്ഷേ .....നിരാശ ആയിരുന്നു ഫലം

ഇടക് എപ്പോളൊക്കെയോ മുത്തു വന്നു നോക്കി....ഞാൻ അനുവിനെ കുറിച്ച് ചോദിക്കാൻ ഒരുങ്ങുമ്പൊൽ ഒക്കെയും മുത്ത് അധികം സംസാരിക്കണ്ട എന്നു പറഞ്ഞു ഒഴിഞ്ഞു മാറി ...

"മുത്തേ ... അനു എവിടെ..." ഈ വട്ടം കുറച്ചു ദേഷ്യത്തിൽ ത്തന്നെയാണ് മുത്തിനോഡ് ചോദിച്ചതു ... എന്റെ മുഖ ഭാവം മാറിയത് അവൽക്കും മനസ്സിലായി...

അവൾ ഒന്നും പറയാതെ എന്റെ മുഖത്തേക് ഒന്നു നോക്കി ....

"ഏട്ടനെ കൊല്ലാൻ നോക്കിയവനെ കാത്തിരിക്കുന്നവളെ .. ഏട്ടന് വേണോ ?? ഏട്ടന്റെ അഭിനയം മതിയാക്കാനായില്ലെ ഏട്ടാ ...." അത്രയും ഗൌരവമുള്ള മുത്തിന്റെ ശബ്ദം എനിക് അപരിചിതമായിരുന്നു ...

"മുത്തേ നീ നീയെന്താ ഈ പറയുന്നതു ..."

അവൾ ഒന്നും മിണ്ടാതെ ഏതോ മരുന്ന് സിറിഞ്ഞിൽ നിറച്ചു എന്റെ കയ്യിൽ കുത്തിയിരുന്ന കാനുലയിലേക് ഇഞ്ജെക്ട് ചെയ്തു ...

വീണ്ടും ഞാൻ പറയാൻ ഒരുങ്ങിയതും മരുന്നിന്റെ ശക്തിയിൽ ഞാൻ ഉറക്കത്തിലെക് വഴുതി വീണു ...

♦♦♦♦♦♦♦♦♦♦♦♦♦♦

""ദേവാ ആദി താൻ എന്നെ കൂപ്പിട്ടെ... ഉനക്കെന്തോ അപകടം വരപ്പോറെ എന്നു സൊന്നാച്ചു.."

""ആദിയോ... ""ഞാൻ സംശയത്തോടെ മാണിക്യനെ നോക്കി.

""ങ്ങാ... ആദിയുടെ കാൾ വന്തുടൻ ഉന്നെ ഞാൻ കാൾ പണ്ണിട്ടെ ആന മൊബൈൽ സ്വിച് ഓഫ്...."" അതുക്കപ്പുറം ശ്രീനിധിയെ കാൾ പണ്ണിട്ടെ... അവൾ താൻ സോന്നെ നീ അനു കൂടെ ആയിരിക്കും ന്നു... "

എന്നിട്ട് നീ അനുവിനെ വിളിച്ചോ..

""ങ്ങും നിറയെ വാട്ടി ബെൽ പോയി ആനാ ആരും അറ്റൻഡ് പണ്ണേല ""

ആ മഴയിൽ ഞങ്ങൾ ഒന്നായി തീരുന്ന നിമിഷങ്ങളിൽ എന്റെ ഫോൺ ഓഫായിരുന്നു... ആരും വിളിക്കാതിരിക്കാൻ... ഒരു ശല്യവും ഉണ്ടാവാതിരിക്കാൻ ഞാൻ ഫോൺ ഓഫ് ചെയ്തു കാറിൽ തന്നേ വെച്ചിരുന്നു.... അനുവിന്റെ ഫോണും ബാഗിൽ ആയിരുന്നിരിക്കണം...

""ഒരു അഞ്ചു മിനിറ്റുക്കപ്പുറം അനു വിന്റെ കാൾ വന്തേ ...ശീഗ്രം ഫാം ഹോസ്സിക്കിട്ടെ വര സോന്നെ കൂടുതൽ ഒന്നുമേ സൊല്ലേല.. അളുതിട്ടെ ഇരുന്തേ..."

അനു ഒരിക്കൽ മാണിക്യനെ കുറിച്ച് ചോദിച്ചപ്പോൾ പറഞ്ഞു കൊടുത്തത് എനിക്ക് ഓർമ വന്നു..

""അനു രക്ത ബന്ധത്തേക്കാൾ ഞാൻ വില കല്പിക്കുന്ന എന്റെ ഏറ്റവും വലിയ സൗഹൃദം ആണ് മാണിക്യൻ... എന്റെ കൂടപ്പിറപ്പുകൾ പോലും ഒരു പക്ഷെ എനിക്ക് വേണ്ടി ജീവൻ കളയില്ല... പക്ഷെ എന്റെ മാണിക്യൻ അവൻ എനിക്ക് വേണ്ടി എന്തും ചെയ്യും..."

എന്നാ ദേവാ ഇപ്പടി പാക്കരുത്... അവന്റെ ചോദ്യം കേട്ടപ്പോൾ ആണ് ഞാൻ അവന്റെ മുഖത്തേക് തന്നേ നോക്കി കിടക്കുക ആയിരുന്നു എന്ന് ഞാൻ ഓർത്തത്...

""ഹേയ് ഒന്നുമില്ല... "

പിന്നീട് മാണിക്യനിൽ നിന്നും ഞാൻ അറിഞ്ഞ കാര്യങ്ങൾ എന്റെ ഹൃദയം തകർക്കാൻ കെല്പുള്ളവ ആയിരുന്നു.....

മാണിക്നു ഫോൺ വന്നതും...അവന്റെ ജീപ്പിൽ അവൻ നേരെ ഞങ്ങളുടെ ഫാം ഹൗസിലേക് പാഞ്ഞു വന്നു....അനുവിന്റെ മടിയിലേക് ശിരസ്സ് വെച്ചു കിടക്കുന്ന എന്നെയാണ് അവൻ കണ്ടത്... അനുവും പിന്നിലോട്ടു മറിഞ്ഞു കിടന്നിരുന്നു..... മാണിക്യനും ആ കാഴ്ച കണ്ടു പേടിച്ചു പോയി... അവൻ ഓടി വന്നു എന്നെയും അനുവിനെയും നോക്കി....കയ്യിൽ പിടിച്ചു നോക്കിയതും ഞങ്ങൾക്ക് രണ്ടു പേർക്കും ജീവനുണ്ടെന്നു മനസ്സിലായി പെട്ടെന്ന് തന്നെ എന്നെയും അനുവിനെയും ജീപ്പിൽ കയറ്റി... ഹോസ്പിറ്റലിലേക് പാഞ്ഞു.... അനു വിനു ബിപി കുറഞ്ഞു ബോധം നഷ്ടമായതു ആയിരുന്നു... എന്നെ നേരെ കൊണ്ട് വന്നു ICU വിലേക്കാണ് കയറ്റിയത്... നെഞ്ചിൽ ബുള്ളറ്റ് തറച്ച മുറിവിൽ നിന്നും ഒരുപാടു രക്തം പോയിരുന്നു....

എന്നെ കൊണ്ട് വരുമ്പോൾ മുത്തു ഹോസ്പിറ്റലിൽ തന്നേ ഉണ്ടായിരുന്നു... അവൾ തന്നേ ആണ് വീട്ടിലേക്കു വിളിച്ചറിയിച്ചതും... അമ്മ ഹോസ്പിറ്റലിൽ വരുമ്പോളേക്കും അനുവിന്റെ അമ്മയും.. അച്ഛനും ഹോസ്പിറ്റലിൽ എത്തിയിരുന്നു...

അവർ പരസ്പരം കണ്ടതും... മുൻപ് ഫോണിൽ വിളിച്ചു വഴക്ക് കൂടിയത് മുഴുവൻ നേരിട്ടായി...

""നിന്റെ മോളെ താലി കെട്ടിയതു മുതൽ എന്റെ മോന്റെ കണ്ടക ശെനി തുടങ്ങി "" അമ്മ യുടെ ആവലാതികൾ അനുവിന്റെ അമ്മയുടെ നേരെ ആയിരുന്നു

""എൻറെ മോൾക്ക് പിന്നെ ശുക്ര ദശയാണല്ലോ...."" അനുവിന്റെ അമ്മയും തിരിച്ചു പറഞ്ഞു... അനുവിന്റെ അച്ഛൻ അവളുടെ അമ്മയെ പിടിച്ചു മാറ്റി

കൊണ്ട് പോകുന്നത് വരെ അവർ പരസ്പരം വാക്കേറ്റം നടത്തി കൊണ്ടിരുന്നു...

അനുവിന് ബോധം വന്നപ്പോൾ എന്നെ കാണണം എന്ന് വാശി പിടിച്ചു.. പക്ഷെ അവളുടെ അമ്മ സമ്മതിച്ചില്ല...എന്നെ കാണാൻ അലറി കരഞ്ഞു ബഹളം വെച്ച അനുവിനോട് നീ ഒരിക്കലും എന്റെ മകന്റെ ജീവിതത്തിലേക്കു വരരുത്.... ഇനിയും ഒരു ഭാഗ്യ പരീക്ഷണത്തിന് ഒരുക്കം അല്ല എന്നും അവളുടെ മുഖത്തു നോക്കി എന്റെ അമ്മ പറഞ്ഞു... എന്നറിഞ്ഞപ്പോൾ.... എന്റെ ഹൃദയം ചീന്തി എറിഞ്ഞ പോലെ ആണ് തോന്നിയത് അപ്പോൾ എന്റെ പെണ്ണിന്റെ അവസ്ഥ

എന്തായിരിക്കും..... ഹോസ്പിറ്റലിന്റെ കോറിഡോറിലൂടെ ഒരു ഭ്രാന്തിയെ പോലെ അലറി കരഞ്ഞോടിയ അനു മാണിക്യന്റെ മുൻപിലേക്കാണ് എത്തിയത്... അവൻ അവളെയും അച്ഛനെയും കൂട്ടി വീട്ടിൽ കൊണ്ട് ചെന്നാക്കി.... ജീപ്പിൽ നിന്നും ഇറങ്ങി എല്ലാം തകർന്നവളെ പോലെ നടന്നു പോയ അനുവിനെ ഞാൻ എന്റെ മനസ്സിൽ കണ്ടു....

മണിക്യാ എന്റെ വാവ.... നിറഞ്ഞ കണ്ണുകൾക്കപ്പുറം മാണിക്യന്റെ രൂപം അവ്യക്തമാകുന്നത് പോലെ എനിക്ക് തോന്നി...തല പൊട്ടി പിളരുന്നു ... നെഞ്ചിനുള്ളിലെ വിങ്ങൽ പുറത്തേക് തെറിച്ചു പൊട്ടുമെന്ന് തോന്നി.....ഇടം കൈ മടക്കി നെറ്റിയിലേക് വെച്ച് കണ്ണുകൾ ഇറുക്കി അടച്ചു....

പിന്നീട് മാണിക്യൻ പറഞ്ഞ കാര്യങ്ങൾ ഒക്കെയും ഒരു അശരീരി പോലെയാണ് ഞാൻ കേട്ടത്....

പിറ്റേ ദിവസം ഐ സി യു വിൽ നിന്നു മുറിയിലേക് ഷിഫ്റ്റ് ചെയ്തതും.,, എനിക്ക് ഡിസ്ചാർജ് വേണമെന്ന് ഞാൻ ആവശ്യപ്പെട്ടു....സഞ്ജുവും മുത്തും അടക്കം എല്ലാവരും മിനിമം ഒരാഴ്ചയെങ്കിലും കഴിഞ്ഞേ വിടാൻ പറ്റു എന്നു ശടിച്ചു....

ചാടിയെണീറ്റു....സൈഡിൽ ഉണ്ടായിരുന്ന ഗ്ലൂക്കോസ് സ്റ്റാൻഡ് ചവുട്ടി മറിചിട്ടാണ് ദേഷ്യം തീർത്തത്.... കയ്യിൽ കുത്തിയിരുന്ന ക്യാനുല വലിച്ചു പറിച്ചു ഡെസ്റ്റ് ബിന്നിലേക് ഇട്ടു....

""""മണിക്യാ കാറെടുക്.,,.""

ഇനി ആര് പറഞ്ഞിട്ടും കാര്യമില്ല എന്നറിയാവുന്ന മാണിക്യൻ കാറിന്റെ കീയും എടുത്തു എന്റെ കൂടെ ഇറങ്ങാൻ തയ്യാറായി...

മുത്തു വന്നെന്നെ തടയാൻ ശ്രമിച്ചു...

ദേവേട്ട... ദേവേട്ടനെ ഞാൻ വിടില്ല...മുത്തു വന്നെന്നെ ചുറ്റി പിടിച്ചു...."മുത്തേ മാറി നിക്ക്... "" അലറുക ആയിരുന്നു ഞാൻ...

അമ്മയും മുറിയിൽ തന്നേ ഉണ്ടായിരുന്നു...

എന്തിനാ എന്നെ തടയുന്നെ.... ഇനി ആരുടേയും ജാതക ദോഷം കൊണ്ട് ദേവൻ ചാകാൻ ഒന്നും പോകുന്നില്ല.... അവളെന്റെ ജീവിതത്തിൽ ഉണ്ടെങ്കിലല്ലേ....ദേവന് ആപത്തു സംഭവിക്കൂ.... അമ്മയെ നോക്കിയാണ് ഞാൻ പറഞ്ഞതും അമ്മയുടെ മുഖം കുനിയുന്നത് ഞാൻ കണ്ടു.... പുച്ഛവും സങ്കടവുമൊക്കെ കൊണ്ട് എന്റെ കവിളുകൾ വിറച്ചു...

അമ്മയും ഒരു പെണ്ണല്ലേ അമ്മേ... അമ്മയ്ക്കും പെൺ മക്കളില്ലേ.... ഈ മുത്തിന്റെ ജാതക ദോഷം കൊണ്ടാണോ... കല്യാണം കഴിഞ്ഞു രണ്ടു മാസം

കഴിഞ്ഞപ്പോ സഞ്ജുവിന് ആക്സിഡന്റ് ഉണ്ടായതു....അത് മുത്തിനെ കല്യാണം കഴിച്ച കൊണ്ടാണെന്നു പറഞ്ഞു സഞ്ജുവിന്റെ വീട്ടുകാർ മുത്തിനെ കൊണ്ട് വീട്ടിലാക്കിയിരുന്നേൽ അമ്മ എന്ത് പറഞ്ഞേനെ....

അതൊക്കെ പോട്ടെ അമ്മയുടെ ജാതക ദോഷം കൊണ്ടായിരുന്നോ അമ്മേ നമ്മുടെ മോനൂട്ടൻ പോയത്.... അതും പറഞ്ഞു അച്ഛൻ അമ്മയെ ഉപേക്ഷിച്ചോ...?? എന്റെ ഉള്ളിലെ ദേഷ്യം കൊണ്ട് പുറത്തു വന്ന വാക്കുകളൊക്കെയും അമ്മയെ വേദനിപ്പിക്കുന്നവ ആണെന്ന് എനിക്കറിയാമായിരുന്നു.... പക്ഷെ... എന്റെ അനു വേദനിച്ചതിനു... വേദനിപ്പിച്ചതിനു അത്രയെങ്കിലും എനിക്ക് ചോദിക്കണമെന്ന് തോന്നി...

""പറഞ്ഞു കഴിഞ്ഞോ ദേവാ നീയ്...എന്നെ വേദനിപ്പിച്ചു തൃപ്തി ആയോ നിനക്ക്... അമ്മയുടെ ഇടറിയ ശബ്ദം... നിറഞ്ഞ കണ്ണുകൾ...."""മനസ്സ് നീറുന്നു....ഇല്ല അതിനും മുകളിൽ അനുവിന്റെ അലറിയുള്ള കരച്ചിൽ... രണ്ടു സ്ത്രീകൾ... ഏതൊരു പുരുഷന്റെയും ജീവിതത്തിന്റെ ഭാഗമായ രണ്ടു സ്ത്രീകൾ... ഒരാൾ ജീവൻ തന്നു ഭൂമിയിലേക്ക് അയക്കുന്നു... അവരുടെ മുല പാലിലൂടെ ജീവൻ പകർന്നു വളർത്തുന്നു....അടുത്തയാൾ...

ജനിച്ചതിന്റെയും ജീവിക്കുന്നതിന്റെയും അവസ്ഥാന്തരങ്ങളിൽ താങ്ങായി കൂടെ നിൽക്കേണ്ടുന്നവൾ... ജീവനെ സംരക്ഷിക്കുന്നവൾ... പുതിയൊരു ജീവനന്റെ സൃഷ്ടിക്കായി ... സ്വന്തം ജീവിതം പകുത്തു തരുന്നവൾ.... രണ്ടു തട്ടിലല്ല സ്ഥാനം ഒരേ തട്ടിൽ.....

"""മറ്റൊരുവനായി കണ്ടെത്തിയ പെണ്ണിനെ... അവനെ സ്നേഹിച്ചു കൊണ്ടിരുന്ന പെണ്ണിനെ... അവനുപേക്ഷിച്ചു പോയപ്പോൾ കുടുംബത്തിന്റെ അഭിമാനത്തിന് വേണ്ടി... സ്വന്തം മകനെ കൊണ്ട് കല്യാണം കഴിപ്പിക്കേണ്ടി വരുന്ന ഒരു അമ്മയുടെ അവസ്ഥ നീ ആലോചിച്ചിട്ടുണ്ടോ..."""

""നിന്റെ മനസ്സ് നീറുകയാണെന്നു കരുതി എരിഞ്ഞു തീർന്ന ഒരു അമ്മയുടെ മനസ്സ് നീ എന്നെങ്കിലും കണ്ടുട്ടുണ്ടോ ദേവാ.... """

എന്റെ മകന്റെ കൈ പിടിച്ചു വരുന്ന പെണ്ണിനെ റാണിയെ പോലെ നോക്കണം എന്നായിരുന്നു എന്റെ ആഗ്രഹം... അത് തന്നേ ആയിരുന്നു എന്റെ ഇഷ്ടവും....ആരതി ഉഴിഞ്ഞു എന്റെ മകന്റെ വധുവായി ശ്രീമംഗലത്തേക് കൈ പിടിച്ചു കയറ്റിയ പെണ്ണിനെ മരുമകൾ ആയല്ല മകൾ ആയി തന്നെയാണ് ഞാൻ കണ്ടതും.... പക്ഷെ അവൾ അജുവിനെ കാത്തിരിക്കുക ആണെന്നും അവൻ വന്നാൽ അവൾ പോകും എന്നും ഞാൻ അറിഞ്ഞപ്പോൾ... എന്റെ മകനെ ഓർത്താണ് എന്റെ നെഞ്ച് തകർന്നത്....അങ്ങനെ ഒരു വിഴുപ്പു എന്റെ മകൻ ചുമക്കേണ്ട എന്നു തന്നെയാണ് ഞാൻ തീരുമാനിച്ചതും... പിന്നീട് അവളോട് പെരുമാറിയതൊക്കെയും അത് മനസ്സിൽ വെച്ചിട്ട് തന്നെയാണ്.... പിരിയാൻ പോകുന്ന നിങ്ങളുടെ വിവാഹ ചടങ്ങുകൾ പോലും മുഴുവനാക്കേണ്ട എന്നു ഞാൻ ആണ് തീരുമാനിച്ചത്... അനുവിന്റെ അമ്മയുമായി മുഖം കറുത്ത് സംസാരിക്കേണ്ടി വന്നതും അത് കൊണ്ടാണ്..

""ഞാൻ എപ്പോളെങ്കിലും പറഞ്ഞോ അമ്മേ... ഞാൻ അവളെ ഉപേക്ഷിക്കും എന്നു... ""

നീ പറഞ്ഞില്ല... പക്ഷെ അനു പറഞ്ഞു...

അമ്മ പറഞ്ഞത് കേട്ടു ഇപ്പോൾ ഞെട്ടിയത് ഞാനാണ്...

അനു... അനുവോ...

അതേ നിങ്ങളുടെ വിവാഹം കഴിഞ്ഞു ഒരു ദിവസം നീയും അനുവും കൂടെ സ്റ്റേഷനിൽ പോയ് വന്നില്ലേ...അന്ന് ഞാൻ അനുവിനോട് ചോദിച്ചപ്പോൾ അവളാണ് പറഞ്ഞത്... അജു മടങ്ങി വന്നാൽ അവൾ പോകും എന്നു....

www.thundukadhakal.com

ഞാൻ ഓർത്തു.. ഞാൻ അജുവിനെ അപയപെടുത്തി എന്നാണല്ലോ അനു അന്ന് വിചാരിച്ചു കൊണ്ടിരുന്നത്... പിന്നെ ആദി എന്നെ കുറിച്ച് അവളോട് പറഞ്ഞു കൊടുത്ത കാര്യങ്ങളും എല്ലാം മനസ്സിലുള്ള ഏതേലും നിമിഷം ആയിരിക്കണം അമ്മ ചോദിച്ചിട്ടുണ്ടാവുക അവൾ അങ്ങനെ ഒരു മറുപടി പറഞ്ഞിട്ടും ഉണ്ടാകും...

പക്ഷെ അമ്മേ ഞാൻ വിവാഹം ചെയ്തവൾ ആണവൾ.... ഒന്ന് കെട്ടി... പിന്നെ വലിച്ചു പൊട്ടിച്ചു കളയാൻ മാത്രമുള്ള മഹത്വമേ താലിക്കുള്ളോ.... അല്ലെങ്കിൽ കെട്ടിയ പെണ്ണിനെ മറ്റൊരാൾക്ക് വിട്ടു കൊടുക്കാൻ മാത്രം അധഃപതിച്ചവൻ ആണോ അമ്മേ ഞാൻ....

നീ എങ്ങനെയുള്ളവൻ എന്നതിനേക്കാൾ മുഖ്യം സാഹചര്യങ്ങൾ ആയിരുന്നു ദേവാ.. മകൻ കെട്ടി കൊണ്ട് വന്ന പെണ്ണ് മനസ്സിൽ മറ്റൊരുവന് വേണ്ടി കാത്തിരിക്കുക ആണെന്നും... അവൻ വന്നാൽ തിരിച്ചു പോവും എന്നും ഞാൻ അറിഞ്ഞപ്പോൾ ഞാൻ പിന്നെ എന്ത് ചെയ്യണമായിരുന്നു ദേവാ...

അത് മാത്രം ആയിരുന്നില്ലല്ലോ അമ്മേ.... അമ്മയുടെ മനസ്സിൽ ആദി എന്റെ വധുവായി വരണം എന്ന ആഗ്രഹം ഉണ്ടായിരുന്നു... ഞാൻ അനുവിനെ ഉപേക്ഷിച്ചാലു ആദിയെ ഞാൻ വിവാഹം കഴിക്കുമെന്ന് അമ്മ ആഗ്രഹിച്ചു... അല്ലെങ്കിൽ ആദി അമ്മയെ തെറ്റി ധരിപ്പിച്ചു... അതല്ലേ അമ്മേ സത്യം... ആദിയെ സ്നേഹിച്ചിരുന്ന ഇഷ്ടപ്പെട്ടിരുന്ന ജീവിതത്തിലേക്കു അവളെ താലി കെട്ടി കൂട്ടണം എന്നുണ്ടായിരുന്ന... ഒരു ദേവൻ ഉണ്ടായിരുന്നു അമ്മേ... പക്ഷെ... പക്ഷെ...

ങ്ങും എന്നോട് മുത്തു പറയും വരെ എനിക്കൊന്നും അറിയില്ലായിരുന്നു... അതല്ലെങ്കിൽ.. ആദി യെ കുറിച്ച് മനസ്സിൽ പോലും അങ്ങനെ ഒന്നും ചിന്തിക്കാത്ത വിധം ആയിരുന്നു അവളുടെ പെരുമാറ്റം...

പക്ഷെ എല്ലാം എന്റെ ധരിപ്പിച്ചതാണെന്ന് അറിയാൻ ഞാൻ വൈകി പോയി... എന്റെ ആങ്ങളയുടെ മകൾ... നിന്നെ പോലെ തന്നേ ഞാൻ സ്നേഹിച്ചവൾ.. എന്റെ മരുമകളായി വരണമെന്ന് ഞാൻ ആഗ്രഹിച്ചവൾ... എന്റെ മുന്നിൽ കരഞ്ഞു പറഞ്ഞപ്പോൾ... നിനക്ക് ഒരിക്കലും അനുവിനെ സ്നേഹിക്കാൻ കഴിയില്ലെന്നും നീ അവളെ ഓർത്തു നീറി നീറി നിന്റെ ജീവിതം കളയുമെന്നും ആദി പറഞ്ഞപ്പോൾ.. ഞാൻ അത് വിശ്വസിച്ചു..പിന്നെ ഒരിക്കൽ മാളുവിന്റെ

സങ്കടം കണ്ടു അവളോട് ചോദിച്ചപ്പോൾ അവളും എന്നോട് പറഞ്ഞു.. അവളുടെ ദേവേട്ടന്റെ ജീവിതം എല്ലാവരും കൂടെ നശിപ്പിക്കുക ആണെന്ന്... മറ്റൊരുവനെ മനസ്സിലിട്ടു നടക്കുന്നവളെ എന്റെ മകന്റെ പെണ്ണായി കാണാനും മാത്രം വിശാല മനസ്കതയൊന്നും നിന്റെ അമ്മയ്ക്കില്ല ദേവാ....

""പക്ഷെ അമ്മേ..."" ഞാൻ സംസാരിക്കാൻ തുടങ്ങിയതും അമ്മ കയ്യെടുത്തു എന്നെ വിലക്കി..

അമ്മയുടെ സംസാരത്തിൽ നിന്നു എനിക്ക് കാര്യങ്ങളുടെ കിടപ്പു മനസ്സിലായെങ്കിലും... സത്യാവസ്ത എങ്ങനെ ബോധ്യപ്പെടുതണമെന്നുകത്തായിരുന്നു എന്റെ ആശങ്ക....

ഞാൻ കുറ്റ പെടുത്തിയപ്പോളും അറിഞ്ഞു കൊണ്ട് തന്നേ എന്റെ മകന്റെ ജീവിതത്തിൽ നിന്നു ഇറങ്ങി പോകാൻ പറഞ്ഞപ്പോളും ഒന്നും പറയാതെ നിശബ്ദമായിരുന്നത്... അവളുടെ അഹങ്കാരം എന്നു തന്നെയാണ് വിചാരിച്ചതു...

എല്ലാം അവൾ എനിക്ക് വേണ്ടി സഹിക്കുക ആയിരുന്നമ്മേ.... എന്നുറക്കെ പറയണം എന്നു തോന്നി..... എല്ലാം ഉള്ളിലൊതുക്കി സ്വയം മാറി തന്നവൾ ആണവൾ....

അമ്മ പറഞ്ഞു കൊണ്ടിരുന്നത് തുടർന്നു....

പക്ഷെ ഇന്നലെ ഈ കൊറിഡോറിലൂടെ കരഞ്ഞു കൊണ്ട് പോയത്.... അതെന്റെ മകനെ സ്നേഹിക്കുന്ന അനുവാണെന്നു ആരും പറയാതെ തന്നേ എനിക്ക് ബോധ്യമായി.... അവളുടെ കണ്ണുകളിൽ കണ്ട വേദന അതെന്റെ മകന് വേണ്ടി ആണെന്ന് ഞാൻ അറിഞ്ഞു...അതെനിക് മനസ്സിലാക്കാൻ പറ്റിയില്ലെങ്കിൽ... ഞാൻ ഒരു അമ്മയോ സ്ത്രീയോ ആണെന്ന് പറഞ്ഞിട്ട് കാര്യമില്ലല്ലോ... ആ കണ്ണുകളിലെ യാജന... അത് ഞാൻ മനസ്സിലാക്കിയപ്പോളേക്കും .....തിരിച്ചു വിളിക്കാൻ ഞാൻ ഒരുങ്ങിയതാണ് പക്ഷെ അപ്പോളാണ് മുത്തു വന്നു നിനക്ക് ബോധം വീണെന്ന് പറയുന്നത്... പിന്നെ ഞാൻ ഒന്നും കേട്ടില്ല നിന്നെ കാണാൻ ആയിരുന്നു ധ്യതി....ഇതിനിടയിൽ കോടി ഈശ്വരന്മാരോട് പ്രാർഥിച്ചിരുന്നു... പേരറിയാത്ത എത്രയോ ദൈവങ്ങളെ വിളിച്ചു എത്ര നേർച്ചകൾ നേർന്നു എന്നൊന്നും തിട്ടം ഉണ്ടായിരുന്നില്ല....നിനക്ക് ബോധം വീണു എന്നു കേട്ടപ്പോൾ എല്ലാം

മറന്നു....നിന്നെ ഒരു നോക്ക് കണ്ടാൽ മാത്രം മതിയാരുന്നു... നിന്റെ ചുണ്ടിൽ നിന്നു അമ്മേ എന്നൊരു വിളി കേൾക്കണം അത് മാത്രമായിരുന്നു ആഗ്രഹം....ഓരോ വാക്കിലും വിതുമ്പലടക്കാൻ അമ്മ പണിപ്പെടുന്നത് ഞാൻ കണ്ടു...

ഞാൻ അടുത്തേക് ചെന്നതും... അമ്മ എന്റെ നെഞ്ചിലേക് വീണു... അമ്മയുടെ കണ്ണുനീർ കൊണ്ട് എന്റെ നെഞ്ച് നനയുന്നത് ഞാൻ അറിഞ്ഞു....ഉടനെ മുത്തും ഓടി എന്റെ അടുത്തേക് വന്നു... ഇടം കൈ കൊണ്ട് അവളെയും ചേർത്തു പിടിച്ചു.....

ദേവാ....മോൻ എന്നോട് ക്ഷമിക്കണം... നിന്റെ പെണ്ണിനെ ഞാൻ ഒരുപാടു വേദനിപ്പിച്ചിട്ടുണ്ട്... എനിക്കതു തിരുത്തണം.... എനിക്കെന്റെ അനു മോളെ കാണണം....എന്തോ തീരുമാനിച്ചുറപ്പിച്ച പോലെ അമ്മ പറഞ്ഞു....

♦♦♦♦♦♦♦♦♦♦♦♦♦♦

""ഇല്ല സാർ എനിക്കു പരാതി ഒന്നുമില്ല..... അജുവിനെ വിടണം "പുറത്തു അരുണിന്റെ കൈ പിടിച്ചു കരഞ്ഞു കൊണ്ട് നിക്കുന്ന മേമ്മയുടെ മുഖം ആയിരുന്നു എന്റെ മനസ്സിൽ...

ദേവാ നിന്നെ കൊല്ലാൻ ശ്രമിച്ച കേസിൽ നിന്നും ഇവനെ ഒഴിവാക്കാൻ നീ വിചാരിച്ചാൽ സാധിക്കും.... പക്ഷെ ഇവൻ ചെയ്ത കുറ്റം എന്താണെന്നു അറിയ്യോ നിനക്ക്.... ഓർമ്മയുണ്ടോ അന്ന് അജുവിനെ അന്വേഷിച്ചു നിങ്ങൾ വന്നപ്പോൾ

ഞാൻ പറഞ്ഞത്... ഞാൻ മറ്റൊരു കേസിന്റെ പുറകിൽ ആണെന്ന്.... ആനി എന്ന കുട്ടിയെ കാണാതായ കേസ്... കൂടെ രണ്ടു പേരെയും... അതിന്റെ പിന്നിൽ ഇവനും കൂട്ടുകാരും ആണ്.... ആ കേസിന്റെ പുറകിൽ ഈ അർജുന്റെ പിന്നിൽ ഞാൻ ഉണ്ടായിരുന്നു.... ആ കേസിനു പിന്നാലെ പോയപ്പോൾ മറ്റൊന്ന് കൂടി ഞാൻ അറിഞ്ഞു... പണമുണ്ടാക്കാൻ എന്ത് നെറികെട്ട പണിയും ചെയ്യാൻ ഒരു മടിയും ഇല്ലാത്തവൻ ആണ് ഇവനെന്നു..

ശ്രീമംഗലത്തെ ദേവന്റെ സൗഭാഗ്യങ്ങളോടുള്ള അടങ്ങാത്ത അസൂയ ആയിരുന്നു ഈ അർജുന് ...പണം ഉണ്ടാക്കാനുള്ള കുറുക്ക് വഴികൾ തേടിയ ഇവന് കുറെ സൗഹൃദങ്ങളും കിട്ടി... കള്ളും പെണ്ണും കഞ്ചാവും... എല്ലാം ചേർന്നുള്ള

ലൈഫ്.....ആരുമറിയാത്ത ഇവന്റെ ബാംഗ്ലൂർ കണക്ഷൻസിനെ കുറിച്ചും എനിക്ക് അറിവ് കിട്ടിയത് അവിടെ നിന്നാണ്.... ബാംഗ്ലൂർ ഒരു വൻ തോക്കിന്റെ മകളെ പ്രേമിച്ചു അവളെ ഹോട്ടലിൽ കൊണ്ട് പോയി ഇവനും ഇവന്റെ ഫ്രണ്ട്സും കൂടെ നശിപ്പിച്ചു....അത് വീഡിയോ എടുത്തു ആ പെണ്ണിന്റെ അച്ഛനെ ബ്ലാക്ക് മെയിൽ ചെയ്തു കുറച്ചു പണം തട്ടി പക്ഷെ ആ പെണ്ണ് കേറി സൂയിസൈഡ് ചെയ്തു... അതിൽ പോലീസ് പിടിക്കുമെന്ന് കണ്ടപ്പോൾ ഇവൻ ഗൾഫിലേക്ക് കടന്നു... അവനെ കുറിച്ച് നിങ്ങൾ ആരും അന്വേഷിച്ചു ചെല്ലാതിരിക്കാൻ അവൻ വീട്ടിലെ കാര്യങ്ങൾ ഒന്നും ഒരു മുടക്കവും കൂടാതെ നടത്തി കൊണ്ടിരുന്നു...

അങ്ങനെ കുറച്ചു മാസങ്ങൾ അവൻ ഗൾഫിൽ നിന്നു.. അപ്പോളും അവന്റെ ഇവിടെയുള്ള വരുൺ അടക്കമുള്ള ബന്ധങ്ങളുമായി അടുപ്പത്തിൽ തന്നെ ആയിരുന്നു...ഇവിടെ വരുമ്പോൾ ഒക്കെ അവരുടെ കൂടെ കൂടി..... പിന്നെ അറിയാല്ലോ... പണം എറിയാൻ ഉണ്ടെങ്കിൽ സൗഹൃദങ്ങൾക്കു പഞ്ഞം ഉണ്ടാവില്ലല്ലോ... അവന്റെ പണത്തിനും പാർട്ടികൾക്കും വേണ്ടി അവനെ അറിയുന്ന കൂട്ടുകാർ... വരുൺ അടക്കം നിന്റെ പേര് പറഞ്ഞു എരി കേറ്റി കൊടുത്തു കൊണ്ടിരുന്നു....

കാരണം അവന്റെ മനസ്സിലെ വലിയൊരു എതിരാളി ദേവൻ തന്നേ ആയിരുന്നു... നിങ്ങളുടെ വളർന്നു വരുന്ന ബിസ്സിനെസ്സുകൾ... സമ്പാദ്യം എല്ലാം അവനിൽ കൂടുതൽ വൈരാഗ്യം വർധിപ്പിച്ചു കൊണ്ടിരുന്നു... നിങ്ങളെ തകർക്കാൻ പല വഴികൾ തേടുന്നതിനിടയിൽ യാദൃശ്ചികമായി കണ്ടതാണ് അനുപമയെ.... അവന്റെ മനസ്സിൽ ഉറങ്ങി കിടന്ന പഴയ അസുരൻ വീണ്ടും ഉണർന്നു... കൂടെ വരുൺ കൂടെ ആയപ്പോൾ... അവർ പുതിയ പ്ലാനുകൾ ഉണ്ടാക്കി...അറിഞ്ഞോ അറിയാതെയോ അനുവിനെ അർജുന്റെ കാമുകി ആക്കാൻ ആദിയും ഒരു കാരണമായി....പക്ഷെ അവരുടെ ആവശ്യങ്ങൾ പലതായിരുന്നു.. ഒന്ന് ദേവനെ തളർത്തുക, രണ്ടു പണം, മൂന്നു ശ്രീമംഗലം തറവാടിനെ നാട്ടുകാരുടെ മുൻപിൽ അപമാനിക്കുക....

തറവാടിനെ അപമാനിച്ചിട്ടെന്തു കാര്യം സാർ... അവന്റെയും കൂടെ തറവാട് അല്ലെ...

അവൻ പറയുന്നത് അവനും കൂടെ അനുഭവിക്കേണ്ടുന്ന സ്വത്തുക്കൾ ആണ് നിങ്ങൾ അനുഭവിച്ചു കൊണ്ടിരിക്കുന്നതെന്നാണ്...

ഇല്ല സാർ അതിനു... ഞങ്ങളുടെ കുടുംബ സ്വത്തു ഭാഗം വെച്ചതാണ്... അച്ഛനെക്കാളും ചെറിയച്ഛനെക്കാളും സ്വത്തു കയ്യടക്കിയത് ഈ അജുവിന്റെ അച്ഛൻ തന്നെയാണ്... എന്റെ ചെറുപ്പത്തിൽ അതിനു വേണ്ടി അച്ഛന്റെ കുടുംബക്കാർ പരസ്പരം... പ്രേശ്നങ്ങളും ഉണ്ടായിട്ടുണ്ട്... ആ പ്രേശ്നങ്ങൾ ഒന്നും എന്നെ ബാധിക്കാതിരിക്കാൻ ആണ് ചെറുപ്പത്തിൽ.. എന്നെ അമ്മ വീട്ടിൽ നിർത്തിയത് പോലും...

ആ പ്രേശ്നങ്ങൾ ദേവനെ ബാധിക്കരുത് എന്നു കരുതി ദേവന്റെ അച്ഛൻ ദേവനെ മാറ്റി നിർത്തി... പക്ഷെ അർജുൻ ആ പ്രേശ്നങ്ങൾ എല്ലാം കണ്ടാണ് വളർന്നത്.... ആ മനസ്സിൽ ഓരോ നിമിഷവും ശ്രീമംഗലത്തെ ഓരോരുത്തരോടും ഉള്ള പക ആയിരുന്നു.... എല്ലാവരും ശ്രീമംഗലത്തെ ദേവനെ സ്നേഹിക്കാൻ മത്സരിച്ചപ്പോൾ... അവനു ദേവനൊടുള്ള പക കൂടി.. ശ്രീമംഗലത്തെ സന്തോഷം ഓരോന്നായി കെടുത്താൻ ആയിരുന്നു അവന്റെ പദ്ധതി.... അതിന്റെ ഭാഗം ആയിരുന്നു നിങ്ങളുടെ മോനൂട്ടന്റെ മരണം പോലും....

ഹമീം സാർ പറയുന്നത് കേട്ട് ഞെട്ടി തരിച്ചു പോയി ഞാൻ... കസേരയുടെ കയ്യിൽ എന്റെ പിടി മുറുകി... ചെന്നിയിലെ ഞരമ്പുകൾ പിടഞ്ഞു വന്നു... കേട്ടത് വിശ്വസിക്കാനാവാതെ ഞാൻ തല അനക്കി...

